പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - 30

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

ജനുവരി 2026

പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - 30

ചീഫ് എഡിറ്റർ

ശ്രീ നിസാമുദ്ദീൻ ഐ.എ.എസ്,
ഡയറക്ടർ ജനറൽ, കില

എഡിറ്റർമാർ

ശ്രീ സുമേഷ് കെ. ആർ,
രജിസ്ട്രാർ, കില

ഡോ. കെ. പി. എൻ. അമൃത,
അസിസ്റ്റന്റ് ഡയറക്ടർ (ട്രെയിനിങ്ങ്), കില

അസോസിയേറ്റ് എഡിറ്റർമാർ

ശ്രീ. സി. പി. സുനിൽ, കൺസൽട്ടന്റ്, ഹെൽപ്ഡെസ്ക്, കില
ശ്രീ. ബാലഗംഗാധരൻ, കൺസൽട്ടൻറ്, ഹെൽപ്ഡെസ്ക്, കില
ശ്രീ. സി. എസ്. സന്തോഷ്, റിസോഴ്സ് പേഴ്സൺ, കില
ശ്രീ. കെ. ബി. ബാബുകുമാർ, റിസോഴ്സ് പേഴ്സൺ, കില
ശ്രീ കണ്ണൻ നായർ എം, കൺസൽട്ടൻറ്, ഹെൽപ്ഡെസ്ക്, കില

ലേഔട്ട് & കവർ

ഫോർസൈറ്റ് ഡിസൈൻസ്, തൃശ്ശൂർ

പ്രസാധനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ- 680581
ഫോൺ - 0487 2207000, 0487 2201062 (ഫാക്സ്)
E-mail : info@kila.ac.in, Website : www.kila.ac.in

2026 ജനുവരി

ആമുഖം

നിസാമുദ്ദീൻ എ, ഐ.എ.എസ്
ഡയറക്ടർ ജനറൽ, കില

സദ്ഭരണത്തിന്റെ അടിസ്ഥാന ശിലകളിലൊന്നായ നിയമവാഴ്ച്ച ഉറപ്പ് വരുത്തുന്നതിന് ആക്ടുകൾ, ചട്ടങ്ങൾ അവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ മുതലായവ എളുപ്പത്തിൽ ലഭ്യമാവുന്നു എന്നത് അനിവാര്യമാണ്. ഒട്ടനവധി വികസനക്ഷേമ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് അവയൊക്കെയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് കില പരിശ്രമിച്ച് വരുന്നുണ്ട്. കേരളത്തിൽ അധികാര വികേന്ദ്രീകരണം ആരംഭിച്ചതിന് ശേഷം ഇപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും 29 വോള്യങ്ങളായി കില ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് 2018 മുതൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും വിഷയമേഖലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് 30, 31, 32, 33, 34, 35, 36 എന്നീ വോള്യങ്ങളായി കില പ്രസിദ്ധീകരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും തദ്ദേശസ്വയംഭരണ വകുപ്പിനും ഈ പ്രസിദ്ധീകരണങ്ങൾ ഏറെ പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു.

ഈ സംരംഭത്തിന് മുൻകൈ എടുത്ത കില ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ, കിലയുടെ റിസോഴ്സ് പേഴ്സൺമാർ മുതലായവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കില
30.12.2025

എ. നിസാമുദ്ദീൻ ഐ.എ.എസ്
ഡയറക്ടർ ജനറൽ, കില

പ്രസാധക കുറിപ്പ്

അധികാരവികേന്ദ്രീകരണ പ്രക്രിയ ആരംഭിച്ചത് മുതൽ തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും 'അധികാരവികേന്ദ്രീകരണം- സർക്കാർ ഉത്തരവുകളും സർക്കുലറുകളും' എന്ന പേരിൽ ക്രോഡീകരിച്ച് കില പ്രസിദ്ധീകരിച്ചു വരികയാണ്. ഇതിന്റെ 29 വോള്യങ്ങളാണ് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുള്ളത്.

30 മുതൽ 36 വരെയുള്ള വാള്യങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളുമാണ് 30, 31, 32 വോള്യങ്ങളായി സമാഹരിച്ചിട്ടുള്ളത്.

പതിനാലാം പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 മുതൽ 2025 മെയ് മാസം വരെ പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ആണ് 33, 34, 35, 36 വോള്യങ്ങളായി സമാഹരിച്ചിട്ടുള്ളത്. റഫറൻസിനുള്ള സൗകര്യത്തിനായി പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ വിഷയക്രമത്തിൽ തന്നെയാണ് അവ ക്രമീകരിച്ചിട്ടുള്ളത്. ഓരോ വാള്യങ്ങളിലുമുള്ള വിഷയമേഖലകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2018-19 മുതൽ 2021-22 വരെ)

വോള്യം - 30

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

വോള്യം - 31

2) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC Grant)
3) മെയ്ന്റനൻസ് ഗ്രാന്റ്
4) സദ്ഭരണം
5) ഡെപ്പോസിറ്റ് പ്രവൃത്തികൾ
6) പൊതുമരാമത്ത്
7) Plan Fund/Joint Venture Projects - Fund
8) സബ്സിഡി/ധനസഹായം
8.1 കൃഷി
8.2 മൃഗസംരക്ഷണം/ക്ഷീരവികസനം
8.3 മത്സ്യബന്ധന മേഖല
8.4 ചെറുകിട വ്യവസായം
8.5 മണ്ണ്-ജലസംരക്ഷണം
8.6 കുടിവെള്ളം
8.7 വീട് / വീട് പുനരുദ്ധാരണം/വീട് വയറിംഗ്
ലൈഫ് ഭവന നിർമ്മാണ പദ്ധതി
എ) ലൈഫ് ഭവന പദ്ധതി -മാർഗ്ഗരേഖകൾ

വോള്യം - 32

ബി) ലൈഫ് ഭവന പദ്ധതി-ഉത്തരവുകൾ
8.8 മാലിന്യ സംസ്കരണം
9. ധനസഹായങ്ങൾ
9.1 സാമൂഹ്യ നീതി
9.2 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ
9.3 വിദ്യാഭ്യാസം
9.4 വനിതാ വികസനം, ശിശു വികസനം

9.5 പൊതുജനാരോഗ്യം
9.6 കലാ-സംസ്കാരിക-കായിക വികസനം
9.7 ദാരിദ്ര്യ ലഘൂകരണം
9.8 തെരുവു വിളക്ക്

പതിനാലാം പഞ്ചവത്സര പദ്ധതി (2022-23 മുതൽ 2025 മെയ് വരെ)

വോള്യം - 33

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

വോള്യം - 34

1) പദ്ധതി രൂപീകരണം (തുടർച്ച)

വോള്യം - 35

2) വിവിധ ഗ്രാന്റുകളുടെ വിനിയോഗം - എ) **CFC Grant**, ബി) **Health Grant**, സി) മെയ്ന്റനൻസ് ഗ്രാന്റ്
3) സദ്ഭരണം
4) ഡെപ്പോസിറ്റ് പ്രവൃത്തികൾ
5) മരാമത്ത് പ്രവൃത്തികൾ
6) അക്രഡിറ്റഡ് ഏജൻസികൾ - എ) ധനകാര്യ വകുപ്പിന്റെ അക്രഡിറ്റേഷൻ ബി) തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന അക്രഡിറ്റേഷൻ
7) സബ്സിഡി-അനുബന്ധ ഉത്തരവുകൾ
7.1 കൃഷി
7.2 മണ്ണ്-ജലസംരക്ഷണം
7.3 മൃഗസംരക്ഷണം/ക്ഷീരവികസനം

വോള്യം - 36

7.4 മത്സ്യ മേഖല
7.5 പ്രാദേശിക സാമ്പത്തിക വികസനം
7.6 കുടിവെള്ളം
7.7എ) ഭവന നിർമ്മാണം-പുനരുദ്ധാരണം-വയറിംഗ്
7.7ബി)ലൈഫ് ഭവന നിർമ്മാണം - മാർഗ്ഗരേഖകൾ
7.7സി)ലൈഫ് ഭവന നിർമ്മാണം - ഉത്തരവുകൾ
7.8 സഹകരണം
8. സാമൂഹ്യ നീതി
9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ
10. മത്സ്യത്തൊഴിലാളി ക്ഷേമം
11. വിദ്യാഭ്യാസം
12. വനിതാ വികസനം-ശിശു വികസനം
13. പൊതുജനാരോഗ്യം
14. കലാ-സംസ്കാരിക-കായിക വികസനം
15. പരിസ്ഥിതി സംരക്ഷണം
16. ദാരിദ്ര്യ ലഘൂകരണം
17. തെരുവു വിളക്ക്
18. വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2018 ഏപ്രിൽ മുതൽ 2025 മെയ് മാസം വരെയുള്ള ഉത്തരവുകളും സർക്കുലറുകളും പൂർണ്ണമായും സമാഹരിക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇത് ഫലപ്രദമാകുമെന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.

കില, തൃശ്ശൂർ

പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - 30

ഉള്ളടക്കം

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സർക്കുലർ നം. ഡി.എ1/441/ 2018/ത.സ്വ.ഭ.വ	28-04-2018	2018-19-വാർഷിക പദ്ധതിയുടെ നിർവ്വഹണം-നിർദ്ദേശം	11
2	സ.ഉ(സാധാ)നം.2137/2018/ത. സ്വ.ഭ.വ	03-8-2018	ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റിയുടെ സാമ്പത്തിക പരിധി 20 ലക്ഷമാക്കി ഉയർത്തി.	14
3	സ.ഉ(സാധാ)നം.2313/2018/ത. സ്വ.ഭ.വ	23-8-2018	ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും മെയ്ന്റനൻസ് പ്രവൃത്തികളും 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി.	16
4	സർക്കുലർ നം.ഡിഎ1/653/ 2018/തസ്വഭവ	17-09-2018	2019-20 വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച്.	20
5	സ.ഉ(സാധാ)നം.2462/2018/ത. സ്വ.ഭ.വ	19-09-2018	2019-20 വാർഷിക പദ്ധതി തയ്യാറാക്കൽ-നിർദ്ദേശങ്ങൾ	22
6	സ.ഉ(സാധാ)നം.2710/2018/ത. സ്വ.ഭ.വ	23-10-2018	2019-20 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം നിശ്ചയിച്ചു.	25
7	G.O(Rt)No.3277/218/LSGD	31-12-2018	കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതിനൽകുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനിയർ കൺവീനറായി സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി.	30
8	സർക്കുലർ നം.ഡിഎ1/23/ 2019/തസ്വഭവ	25-01-2019	ലോകബാങ്ക് വിഹിതം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ-നിർദ്ദേശം	32
9	സർക്കുലർ നം.ഡിഎ1/72/ 2019/ തസ്വഭവ	23-02-2019	കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റ പ്പണി എന്നിവയുടെ പ്രോജക്ട്-അപേക്ഷ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കൽ-നിർദ്ദേശം	33
10	സ.ഉ(സാധാ)നം.3002/2019/ ധന	12-04-2019	2018-19ലെ ട്രഷറി ക്യൂവിലുള്ള ബില്ലുകളിലെ തുക മാറുന്നതിനും സ്പിൽഓവർ പദ്ധതികൾക്കുള്ള തുക അനുവദിക്കുന്നതിനുമുള്ള ഉത്തരവ്.	34
11	സ.ഉ(സാധാ)നം.990/2019/ തസ്വഭവ	15-05-2019	2019-20 ലെ വാർഷിക പദ്ധതി-സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കൽ-ഭേദഗതി ഉത്തരവ്.	35

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
12	സ.ഉ(സാധാ)നം.1209/2019/ തസ്വഭവ	12-06-2019	2019-20 ലെ വാർഷിക പദ്ധതി-ബജറ്റ് വിഹിതത്തിന്റെ 30% വരെ സ്പിൽ ഓവർ സാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തി നിർത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പ റേഷനുകൾക്കും അനുമതി നൽകി.	40
13	സർക്കുലർ നം.ഡിഎ1/221/ 2019/തസ്വഭവ	10-07-2019	പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിത വുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.	42
14	സർക്കുലർ നം.ഡിഎ1/222/ 2019/തസ്വഭവ	10-07-2019	2019-20 ലെ വാർഷിക പദ്ധതി-പ്രവർത്തന കലണ്ടർ.	44
15	സർക്കുലർ നം.ഡിഎ1/223/ 2019/തസ്വഭവ	10-07-2019	സാമൂഹ്യ നീതിയുടെയും വനിതാശിശു വികസനത്തി ന്റെയും പ്രോജക്ടുകളുടെ നിർവ്വഹണവും വെറ്റിം ഗ്രം-ഓഫീസർമാരെ നിശ്ചയിച്ചു.	46
16	സർക്കുലർ നം.ഡിഎ1/219/ 2019/ സ്വഭവ	10-07-2019	2019-20 മികവിന്റെ വർഷമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.	48
17	സ.ഉ(സാധാ)നം.8228/2019/ ധന	19-10-2019	2018-19ൽട്രഷറിയിൽ സമർപ്പിച്ചതുംക്യൂ സിസ്റ്റത്തിൽ നിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള വിവിധ ഫണ്ടുകൾ അനുവദിച്ചു.	50
18	സ.ഉ(കൈ)നം.156/2019/ തസ്വഭവ	04-12-2019	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കു ന്നതിനു ള്ള നിർദ്ദേശം.	60
19	സ.ഉ(കൈ)നം.157/2019/ തസ്വഭവ	05-12-2019	2020-21 ലെവാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗനി ർദ്ദേശങ്ങൾ.	66
20	സ.ഉ(സാധാ)നം.2864/2019/ തസ്വഭവ	17-12-2019	ഹരിതകേരളം മിഷൻ-നീർച്ചാലുകളും അതിന്റെ കൈവഴികളും പുനരുജ്ജീവിപ്പിച്ച് ജലസംരക്ഷണം സാധ്യമാക്കൽ-തുക വിനിയോഗിക്കുന്നതിന് അനുമതി.	72
21	സ.ഉ(സാധാ)നം.170/2019/ തസ്വഭവ	23-12-2019	പ്രളയബാധിത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക വിഹിതം അനുവദിക്കുന്ന തിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു.	74
22	കുറിപ്പ് നം.10/18/SRG/LSGD/CC	27-12-2019	2019-20 ലെ വാർഷിക പദ്ധതി-ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങൾ.	81
23	സ.ഉ(സാധാ)നം64/2020/ തസ്വഭവ	06-01-2020	കുടുംബശ്രീ തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി.	83
24	ഡയറക്ടറുടെ സർക്കുലർ നം.PAN/17316/2019-J8(DP)	20-01-2020	പതിമൂന്നാം പഞ്ചവത്സര പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്-ദുരന്ത നിവാരണ പദ്ധതി നടപ്പാക്കൽ-മാർഗ്ഗനിർദ്ദേശങ്ങ ൾ.	85

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
25	G.O.(Rt)No.345/2020/LSGD	10-02-2020	2020-21 മുതൽ നഗരസഭകൾ പ്ലാൻ ഫണ്ടിൽ നിന്ന് മാലിന്യ സംസ്കരണ ത്തിനായി നീക്കി വയ്ക്കുന്ന തുക വിനിയോഗിച്ച് പദ്ധതികൾ നടപ്പാക്കൽ-നിർദ്ദേശങ്ങൾ	100
26	സ.ഉ(സാധാ)നം.400/2020/ തസ്വഭവ	17-02-2020	പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക വിനിയോഗിച്ച് യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കൽ-നിർദ്ദേശങ്ങൾ	102
27	സ.ഉ(കൈ)നം.39/2020/ തസ്വഭവ	20-02-2020	ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി-നിർദ്ദേശങ്ങൾ	105
28	സർക്കുലർ നം.129/ഡിസി1/ 2020/തസ്വഭവ	25-02-2020	ആവശ്യമായ സ്ഥലത്ത് വൃത്തിയുള്ള പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കൽ-നിർദ്ദേശങ്ങൾ	107
29	സ.ഉ(കൈ)നം.45/2020/ തസ്വഭവ	06-03-2020	2020-21ലെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി - മാർഗ്ഗ രേഖ അംഗീകരിച്ചു.	109
30	സർക്കുലർ നം.ഡിഎ1/83-2020/തസ്വഭവ	20-03-2020	പന്ത്രണ്ടിന പരിപാടി ഉൾപ്പെടുന്ന 2020-21 ലെ വാർഷിക പദ്ധതി-ഡി.പി.സി അംഗീകരിക്കുന്നതിനുള്ള ചെക്ക് ലിസ്റ്റ്.	133
31	സ.ഉ(കൈ)നം.59/2020/ തസ്വഭവ	31-03-2020	2020-21ലെ വാർഷിക പദ്ധതി-അടിയന്തിര സ്വഭാവമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി.	157
32	സ.ഉ(സാധാ)നം.724/2020/ തസ്വഭവ	31-03-2020	2019-20 വാർഷിക പദ്ധതിയിൽ നിർവ്വഹണം പൂർത്തിയാക്കാത്ത പ്രോജക്ടുകൾ 2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ-നിർദ്ദേശങ്ങൾ.	160
33	സർക്കുലർ നം.116/ഡിഎ-1/ 2020/തസ്വഭവ	03-04-2020	2020-21-വിവിധ ശീർഷകങ്ങളിൽ ധനകാര്യവകുപ്പ് അനുവദിച്ച ഒന്നാം ഗഡു ഉപയോഗിക്കൽ-നിർദ്ദേശം	162
34	സ.ഉ(കൈ)നം.62/2020/ തസ്വഭവ	11-04-2020	2020-21ലെ വാർഷിക പദ്ധതി-അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.	164
35	സ.ഉ(സാധാ)നം.794/2020/ തസ്വഭവ	29-04-2020	2020-21ലെ വാർഷിക പദ്ധതി-കാർഷിക മേഖലയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ.	172
36	സ.ഉ(കൈ)നം.14/2020/ആ. സാ.വ	18-05-2020	കോവിഡ്-19-സുഭിക്ഷകേരളം-ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള മഹായജ്ഞം-മാർഗ്ഗരേഖ	175
37	സ.ഉ(സാധാ)നം.1219/2020/ തസ്വഭവ	22-06-2020	പ്രളയബാധിത സ്ഥാപനങ്ങൾ പ്രത്യേക വിഹിതം വകയിരുത്തി 2019-20 ൽ ഏറ്റെടുത്ത പ്രോജക്ടുകൾ 2020-21 ൽ സ്പിൽ ഓവർ ആക്കുന്നതിന് അനുമതി.	191

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
38	സ.ഉ(സാധാ)നം.104/2020/ തസ്വഭവ	01-07-2020	2020-21ലെ വാർഷിക പദ്ധതി-വികസന വിഹിതം പുതുക്കിയതിന് അനുസൃതമായി പദ്ധതി പരിഷ്കരിക്കുന്നതിന് അനുമതി.	193
39	സ.ഉ(സാധാ)നം.1382/2020/ തസ്വഭവ	21-07-2020	2020-21ലെ വാർഷിക പദ്ധതി-കോവിഡ് പ്രതിരോധത്തിന്റെ മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തിര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി.	197
40	സ.ഉ(സാധാ)നം.1401/2020/ തസ്വഭവ	27-07-2020	2020-21ലെ വാർഷിക പദ്ധതി-പന്ത്രണ്ടിന പരിപാടി-പൊതു ടോയ്‌ലറ്റുകളും ടേക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും - മാർഗ്ഗനിർദ്ദേശങ്ങൾ	202
41	സ.ഉ(സാധാ)നം.1450/2020/ തസ്വഭവ	04-08-2020	2020-21ലെ വാർഷിക പദ്ധതി-കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഉത്പാദന മേഖലയിലെ ഗുണഭോക്താ ക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരുന്ന നടപടിക്രമങ്ങൾ സേവന മേഖലയ്ക്ക് കൂടി ബാധകമാക്കി.	220
42	G.O.(Rt)No.1898/2020/LSGD	14-10-2020	വികസന ഫണ്ട്, തനത് ഫണ്ട്, ഇതര ഗ്രാന്റുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, സി.എസ്.ആർ ഫണ്ട് വകയിരുത്തി തയ്യാറാക്കുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം പുതുക്കി നിശ്ചയിച്ചു.	222
43	സ.ഉ(സാധാ)നം.1953/2020/ തസ്വഭവ	19-10-2020	സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിലെ നിബന്ധനകളിൽ താത്കാലിക ഇളവ് അനുവദിച്ചു.	227
44	സ.ഉ(സാധാ)നം.63/2021/ തസ്വഭവ	10-01-2021	2020-21ലെ വാർഷിക പദ്ധതി-നിർവ്വഹ ണം ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	229
45	സ.ഉ(കൈ)നം.04/2021/ തസ്വഭവ	11-01-2021	2021-22ലെ വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	232
46	G.O.(Rt)No.174/2021/LSGD	22-01-2021	സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ) പദ്ധതി-പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റിന്റെ ഉപയോഗം-അധിക നിർദ്ദേശങ്ങൾ.	251
47	സ.ഉ(സാധാ)നം.210/2021/ തസ്വഭവ	26-01-2021	2021-22ലെ വാർഷിക പദ്ധതി-അടങ്കൽ സംബന്ധിച്ച വിശദീകരണം.	254
48	സ.ഉ(സാധാ)നം.311/2021/ തസ്വഭവ	05-02-2021	2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതും കൃവിലാവുകയും ചെയ്തിട്ടുള്ള ബില്ലുകൾ മാറുന്നതിന് 2020-21 ൽ ധനവിനിയോഗത്തിനായി അനുമതി നൽകി.	257

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
49	സ.ഉ(സാധാ)നം.340/2021/ തസ്വഭവ	08-02-2021	പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതി രൂപീകരണ പുരോഗതി അവലോകനം-ജില്ലാതല ത്തിൽ കമ്മിറ്റി രൂപീകരിച്ചു.	259
50	സർക്കുലർ നം.ഡിഎ1/46/2021-തസ്വഭവ	09-02-2021	തദ്ദേശഭരണ സ്ഥാപന തലത്തിലെ ആസൂത്രണ സമിതികളും വിഷയമേഖലാ വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കൽ-നിർദ്ദേശം.	261
51	സ.ഉ(സാധാ)നം.591/2021/ തസ്വഭവ	25-02-2021	2021-22ലെ വാർഷിക പദ്ധതി-കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധ തി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	263
52	സ.ഉ(സാധാ)നം.911/2021/ തസ്വഭവ	26-04-2021	2021-22ലെ വാർഷിക പദ്ധതി-കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തിര പ്രോജക്ടു കൾ ഏറ്റെടുക്കുന്നതിന് അനുമതി.	268
53	സ.ഉ(സാധാ)നം.622/2021/ തസ്വഭവ	26-02-2021	2020-21ലെ വാർഷിക പദ്ധതി-സ്പിൽഓവർ പ്രോജക്ടുകൾക്ക് ക്യാരി ഓവർ വിഹിതം അനുവദിക്കു ന്നതിനുള്ള നടപടിക്രമങ്ങൾ.	272
54	സ.ഉ(സാധാ)നം.2247/2021/ ധന	12-03-2021	നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതം പൂ ർണ്ണമായും ചെലവഴിച്ച പ്രാദേശിക സർക്കാരുകൾക്ക് അധിക തുക അനുവദിക്കൽ-ഉത്തരവ്,.	275
55	സർക്കുലർ നം.ഡിഎ1/599/ 2018-തസ്വഭവ	20-04-2021	വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് അനിവാര്യമാക്കുന്നത്-സ്പഷ്ടീകരണം.	277
56	സ.ഉ(സാധാ)നം.925/2021/ തസ്വഭവ	28-04-2021	2021-22ലെ വാർഷിക പദ്ധതി-അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേ ശങ്ങൾ.	279
57	സ.ഉ(സാധാ)നം.973/2021/ തസ്വഭവ	07-05-2021	2020-21ലെ വാർഷിക പദ്ധതി-അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തിയതി ദീർഘിപ്പിച്ചു നൽകി.	284
58	സ.ഉ(സാധാ)നം.1169/2021/ തസ്വഭവ	18-06-2021	2021-22ലെ വാർഷിക പദ്ധതി-ഗുണഭോക്താ ക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമ ങ്ങൾ.	287
59	സ.ഉ(കൈ)നം.79/2021/ധന	15-07-2021	ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ കളിന്മേൽ സർക്കാർ കൈക്കൊണ്ട നടപടി പ്രകാര മുള്ള നിർദ്ദേശങ്ങൾ-ഉത്തരവ്.	290
60	G.O.(Rt)No.1375/2021/LSGD	22-07-2021	2020-21 വർഷത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി സംസ്ഥാന ത്ത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	292

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
61	G.O.(P)No.10/2021/P&EA	01-08-2021	ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളും കേരള പുനർനിർമ്മാണ പദ്ധതിയും ((RKI) ഉൾപ്പെടുത്തി നവകേരളം കർമ്മ പദ്ധതി-II രൂപീകരിച്ചു.	300
62	സ.ഉ(സാധാ)നം.1456/2021/ തസ്വഭവ	02-08-2021	2021-22ലെ വാർഷിക പദ്ധതി-സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പൂർണ്ണമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	303
63	സ.ഉ(സാധാ)നം.1563/2021/ തസ്വഭവ	13-08-2021	ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുന്നതിന് ജില്ലാതല ഫെസിലിറ്റേറ്റർമാരെ നിയമിക്കൽ-ഉത്തരവ്.	309
64	സ.ഉ(അച്ചടി)നം.11/2021/ പ്ലാനിംഗ്	28-09-2021	SCP/TSP പദ്ധതികളുടെ ജില്ലാതല കമ്മിറ്റി പുന:സംഘടിപ്പിച്ചു.	312
65	സ.ഉ(സാധാ)നം.2284/2021/ തസ്വഭവ	16-11-2021	2021-22ലെ വാർഷിക പദ്ധതി നിർവ്വഹ ണം ത്വരിതപ്പെടുത്തുന്നതിനും വാതിൽപ്പടി സേവനം പോലുള്ള മുൻഗണനാ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ.	317
66	G.O.(Rt)No.2314/2021/LSGD	18-11-2021	നിലവിലുള്ള പദ്ധതി ഭേദഗതി ചെയ്തോ അല്ലെങ്കിൽ ജി.ഒ പ്രോജക്ടുകളാക്കി മാറ്റിയോ ടേക്ക് എ ബ്രേക്ക് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി.	322
67	സ.ഉ(കൈ)നം.272/2021/ തസ്വഭവ	24-11-2021	നഗരസഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗരേഖ.	324
68	സർക്കുലർ നം.ഡിഎ1/317/ 2021-തസ്വഭവ	30-11-2021	CC ടി.വിക്യാമറ സ്ഥാപിക്കുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നത്-നിർദ്ദേശങ്ങൾ.	336
69	സ.ഉ(സാധാ)നം.114/2022/ തസ്വഭവ	15-01-2022	2021-22 ലെ വികസന ഫണ്ട് വിഹിതം പുതുക്കിയതിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	338
70	സ.ഉ(സാധാ)നം.179/2022/ തസ്വഭവ	24-01-2022	2022-23 ലെ വാർഷിക പദ്ധതിയിലെ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം-ഉപ പദ്ധതി തയ്യാറാക്കുന്നത്-ഡി.പി.സിയുടെ അംഗീകാരത്തിനു മുമ്പായി ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ അപ്‌ലോഡ് ചെയ്യുന്നതിന് അനുമതി.	344
71	സ.ഉ.(അച്ചടി)നം.01/2022/ PIE&MD	11-02-2022	നവകേരളം കർമ്മ പദ്ധതി-II ന്റെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകി-ഉത്തരവ്.	348
72	സ.ഉ(സാധാ)നം.474/2022/ LSGD	26-02-2022	2021-22ലെ വാർഷിക പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.	423
73	സർക്കുലർ നം.ഡി.എ1/ 55/2022-തസ്വഭവ	02-03-2022	വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിഷയങ്ങൾ നൽകൽ-നിർദ്ദേശങ്ങൾ.	428

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

കേരള സർക്കാർ

നം.ഡി.എ1/441/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, 28.04.2018

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- 2018-19 വാർഷിക പദ്ധതിയുടെ നിർവ്വഹണം - നിർദ്ദേശം - സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.04.2018ലെ യോഗ തീരുമാനം.

2018-19 വാർഷിക പദ്ധതിയുടെ നിർവ്വഹണം താഴെപ്പറയും പ്രകാരം ചിട്ടപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1)	**പ്രോജക്ട് അംഗീകാര നടപടിക്രമങ്ങൾ**	
(i)	സാക്ഷ്യപത്രം ആവശ്യമായ പ്രോജക്ടുകൾ -	30.04.2018
(ii)	വെറ്റിംഗ് ആവശ്യമായ പ്രോജക്ടുകൾ -	15.05.2018
(iii)	വെറ്റിംഗും സാങ്കേതികാനുമതിയും ആവശ്യമായ പ്രോജക്ടുകൾ -	30.05.2018
(iv)	വെറ്റിംഗ് ഓഫീസർമാർ ഭേദഗതി നിർദ്ദേശിച്ച പ്രോജക്ടുകൾ -	30.05.2018
(v)	നൂതന പ്രോജക്ടുകൾ -	30.05.2018
(vi)	സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി അന്തിമമാക്കി ഡി.പി.സി.യ്ക്ക് സമർപ്പിക്കേണ്ട തീയതി -	31.05.2018
2)	**ഗുണഭോക്തൃ നിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള കലണ്ടർ**	
I	ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് സംരംഭങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനു കൈമാറേണ്ട തീയതി	15/05/18

II	അപേക്ഷ വിതരണം ചെയ്യൽ	20.05.2018
III	അപേക്ഷ തിരികെ വാങ്ങൽ	25.06.2018
IV	അപേക്ഷ പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ വാർഡ്തല കരട് പട്ടിക തയ്യാറാക്കൽ	05.06.2018
V	ഗുണഭോക്തൃ നിർണ്ണയ ഗ്രാമസഭ/വാർഡ് സഭ/ വാർഡ് കമ്മിറ്റി	30.06.2018
VI	തദ്ദേശഭരണ സ്ഥാപനതല ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം	30.06.2018
3)	ക്വട്ടേഷൻ/ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കേണ്ട തീയതി	15.06.2018
4)	സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ഫണ്ട് നൽകേണ്ട തീയതി	30.06.2018
5)	**ജില്ലാ പദ്ധതിയുടെ ഭാഗമായ സംയോജിത പരിപാടികൾ (ജില്ലാ ആസൂത്രണ സമിതി ചെയ്യേണ്ടവ)- (വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലോ - ഉൾപ്പെടുത്തിയ പദ്ധതിയിൽ ഭേദഗതി ആവശ്യമെങ്കിലോ)**	
(i)	2018-19-ൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സംയോജിത പരിപാടികൾ ഏതൊക്കെയെന്ന് നിശ്ചയിക്കൽ	20.04.2018
(ii)	പങ്കാളികളുടെ സംയുക്തയോഗം വിളിച്ചുചേർത്ത് അഭിപ്രായ സമന്വയം ഉണ്ടാക്കൽ	25.04.2018
(iii)	വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ	10.05.2018
(iv)	പങ്കാളികൾ വകയിരുത്തേണ്ട വിഹിതം നിശ്ചയിക്കുന്നതിനുള്ള രണ്ടാമത് യോഗം	15.05.2018
(v)	തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾ, ഡി.പി.സി.യ്ക്ക് സമർപ്പിക്കൽ	20.05.2018
(vi)	പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി അംഗീകാരം നേടൽ	31.05.2018
(vii)	തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾ ഡി.പി.സി. അംഗീകാരത്തോടെ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കേണ്ട തീയതി	15.06.2018

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇലക്ട്രിക് വർക്കുകളുടെ സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സാമ്പത്തിക പരിധി 20 ലക്ഷമായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2137/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 03/08/2018

പരാമർശം :- 1. ആലപ്പുഴ നഗരസഭാ ചെയർമാൻറെ 20/1/2018-ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2018-ൽ കൂടിയ യോഗ നടപടികുറിപ്പ്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.2018 ൽ കൂടിയ യോഗ നടപടികുറിപ്പിലെ 2.2 ലെ ഖണ്ഡിക 4.29 -ലെ തീരുമാനം.

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ഇലക്ട്രിക് വർക്കുകളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം അഡ്വാൻസായി സെന്റേജ് ചാർജ് ഡിമാന്റ് ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം(2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.. അതിൻപ്രകാരം ഇത്തരം പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സാമ്പത്തിക പരിധി 20 ലക്ഷമായി ഉയർത്താവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 18.07.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി, പ്രസ്തുത ജില്ലാതല കമ്മിറ്റിക്ക് 20 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അനുമതി നൽകാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.. 18.07.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3) - ലെ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക് വർക്കുകളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് 20 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ ആലപ്പുഴ നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷനുകൾക്കും / മുനിസിപ്പാലിറ്റികൾക്കും. (നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയം ഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

തദ്ദേശസ്വയം ഭരണ വകുപ്പ്- കാലവർഷക്കെടുതി – ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും മെയിന്റനൻസ് പ്രവൃത്തികളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ).നം.2313/2018/തസ്വഭവ തിരുവനന്തപുരം, തീയതി: 23-08-2018

പരാമർശം:
1. 10.08.2018 ലെ സ.ഉ (സാധാ) നം.2221/2018/ത.സ്വ.ഭ.വ
2. 16.08.2018 ലെ സ.ഉ (സാധാ) നം.2262/2018/ത.സ്വ.ഭ.വ
3. 17.08.2018 ലെ സ.ഉ (സാധാ) നം.2267/2018/ത.സ്വ.ഭ.വ
4. 19.08.2018 ലെ സ.ഉ (സാധാ) നം.2288/2018/ത.സ്വ.ഭ.വ
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുട 13.08.2018 ലെ യോഗ തീരുമാനം
6. ബഹുതദ്ദേശസ്വയംഭരണ വകുപ്പ് മന്തിയുടെ അദ്ധ്യക്ഷതയിൽ 21/08/2018 ന് ചേർന്ന യോഗതീരുമാനം

ഉത്തരവ്

മഴക്കെടുതിയെ തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ തനത്ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം 1, 2 എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കൂടാതെ, പ്രളയബാധിത പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികളും ഉപയോഗയോഗ്യമല്ലാതായി തീർന്ന വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചിയാക്കി ഉപയോഗയോഗ്യ മാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും വിശദമാക്കി പരാമർശം 3, 4 എന്നിവ പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

2) പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ അവയുടെ നടപ്പ് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകേണ്ടതുണ്ടെന്ന് 2018 ആഗസ്റ്റ് 21-ന് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

1. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളിൽ പ്രളയക്കെടുതി കാരണം അറ്റകുറ്റപ്പണിയോ പുനർനിർമ്മാണമോ വാങ്ങലോ ആവശ്യമായ എല്ലാ ആസ്തികളുടെയും വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, വികസന

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബന്ധപ്പെട്ട എഞ്ചിനീയർ, സെക്രട്ടറി എന്നിവർ സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

2. ഇപ്രകാരം തയ്യാറാക്കുന്ന പ്രവൃത്തികളുടെ പട്ടികയിൽ നിന്നും അടിയന്തിര സ്വഭാവത്തോടെ നടപ്പാക്കേണ്ട പ്രവൃത്തികൾ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതും അതിന് നടപ്പ് വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്നതുമാണ്. റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയ്ക്കുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ കേടായ ഉപകരണങ്ങൾ/ സാമഗ്രികൾ റിപ്പയർ ചെയ്യുന്നതിനും പുതിയവ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ് (ഉദാ: അംഗൻവാടികളിലെ കളിക്കോപ്പുകൾ, മറ്റ് ഉപകരണങ്ങൾ മുതലായവ). പുതിയ റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

3. അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ മാത്രം ഇപ്പോൾ ഏറ്റെടുക്കേണ്ടതും അല്ലാത്തവ അടുത്ത വർഷത്തേക്ക് മാറ്റേണ്ടതുമാണ്.

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അതത് തലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ, ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ട വിഹിതം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതാണ്. മതിയായ വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമല്ലെങ്കിൽ, ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടുകൂടി മാത്രം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ റോഡ് ഉൾപ്പെടെയുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ അടങ്കൽ തുകയ്ക്ക് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരിധിയും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന റോഡ് പ്രവൃത്തികൾക്ക് ഉണ്ടാകേണ്ട വീതി സംബന്ധിച്ച കുറഞ്ഞ പരിധിയും ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ ബാധകല്ല.

5. ഖണ്ഡിക 2-ൽ പ്രതിപാദിച്ചിട്ടുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് താഴെ പറയുന്ന മാർഗങ്ങളിലൂടെ ലഭ്യമാകുന്ന വിഹിതം മേഖലാ നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കണം.

   (i) ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതോ വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചതോ സാങ്കേതികാനുമതി ലഭിക്കാത്തതോ ആയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം

   (ii) സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെയുള്ള പ്രോജക്ടുകൾ ഒഴിവാക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

   (iii) ടെണ്ടർ സേവിംഗ്സ്

   (iv) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പിയുടെ പ്രത്യേക വികസന പരിപാടി, എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട്, കേന്ദ്ര/ സംസ്ഥാന പദ്ധതികൾ തുടങ്ങിയ മറ്റ് പരിപാടികളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുകയാണെങ്കിൽ പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

(v) സ്ഥലം ലഭിക്കാതിരിക്കുകയോ കോടതി കേസുകൾ കാരണമോ നിർവഹണം ആരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

(vi) മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്രത്യേക ധനസഹായം (പൊതു വിഭാഗം വികസനഫണ്ട് വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള ഈ തുകയ്ക്ക് മേഖലാ നിബന്ധനകൾ ബാധകമല്ല.)

(vii) അനിവാര്യമായി നടപ്പാക്കേണ്ടതും കരാറിൽ ഏർപ്പെട്ടതുമായ പ്രോജക്ടുകൾ ഒഴികെ തൽക്കാലം നടപ്പാക്കേണ്ടതില്ലെന്ന് ഭരണസമിതി കണ്ടെത്തുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലൂടെയോ പ്രോജക്ടുകളുടെ അടങ്കൽ തുക കുറവ് ചെയ്യുന്നതിലൂ ടെയോ ലഭിക്കുന്ന വിഹിതം.

6. പൂർണ്ണമായും തകർന്ന കെട്ടിടങ്ങളുടെ പുനർനിർമ്മാണത്തിന് ഇപ്പോഴത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുവാൻ പ്രത്യേക അനുമതി നൽകുന്നു. അതുപോലെ പൂർണ്ണമായും തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് റോഡ് മെയിന്റനൻസ് ഫണ്ടും ഉപയോഗിക്കാവുന്നതാണ്.

7. പ്രളയക്കെടുതി കാരണം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണിക്കും പുനർനിർമ്മാണ ത്തിനും ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ആവശ്യമെങ്കിൽമാത്രം എല്ലാ തലത്തിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 40 ശതമാനം വരെ റോഡ് മെയിന്റനൻസിന് ഉപയോഗിക്കാ വുന്നതാണ്.

8. മേൽപറഞ്ഞ മാർഗങ്ങളിലൂടെ മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പശ്ചാത്തല മേഖലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് 40 ശതമാനം വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 35 ശതമാനം വരെയും ജില്ലാ പഞ്ചായത്തുകൾക്ക് 50 ശതമാനം വരെയും നഗര സഭകൾക്ക് 55 ശതമാനം വരെയും തുക ഈ വർഷത്തേയ്ക്ക് മാത്രം വകയിരുത്താവു ന്നതാണ്. ഉല്പാദന മേഖലയുടെ കുറഞ്ഞ വിഹിതം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ 20 ശതമാനമായും ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ 25 ശതമാനമായും കുറവ് ചെയ്യാവുന്നതാണ്.

9. അടിയന്തിര പ്രവൃത്തികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുവേണ്ടി നടത്തുന്ന ഭേദഗതിയോടൊപ്പം താഴെ പറയുന്ന കൂട്ടിച്ചേർക്കലുകളും ഭേദഗതികളും കൂടി വാർഷിക പദ്ധതിയിൽ വരുത്താവുന്നതാണ്.

(i) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം, ഇ.എം. എസ് ഭവന പദ്ധതി വായ്പാ തിരിച്ചടവ്, അമൃത് (AMRUT) പദ്ധതിക്കുള്ള തിരിച്ചടവ് എന്നിവയുമായി ബന്ധപ്പെട്ട ട്രാൻസ്ഫർ ക്രെഡിറ്റുകൾ ചെലവ് കണക്കിനത്തിൽ ഉൾപ്പെടുത്തൽ [സ.ഉ(സാ.ധാ)നം.6345/2018/ധന; തീയതി 25.07.2018].

(ii) എസ്.സി.എസ്.പി, ടി.എസ്.പി പ്രോജക്ടുകൾക്ക് സോഷ്യൽമാപ്പും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ലഭിക്കാതെ വന്നാൽ പകരം പുതിയ പ്രോജക്ട് (പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ് റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം)

(iii) കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ തദ്ദേശഭരണ സ്ഥാപനം വിഹിതം വകയിരുത്തു ന്നതിനുള്ള പ്രോജക്ട് (നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുകയും ആകാം)

(iv) അഗതി രഹിത കേരളം പ്രോജക്ടിന് മതിയായ വിഹിതം വകയിരുത്തുക

(v) സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: ശുചീകരണ പ്രവർത്തനങ്ങൾ)

(vi) 02.05.2018 ലെ ഡി.എ 1/439/2018/തസ്വഭവ സർക്കുലർ പ്രകാരം കാറ്റഗറി-2 ൽ വരേണ്ട സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക, കാറ്റഗറി 1 ൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ കാറ്റഗറി 2 ലേക്ക് മാറ്റുക മുതലായവ

(vii) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കൽ

(viii) സ്വച്ഛ് ഭാരത് മിഷൻ അഭിയാൻ പ്രകാരം ശുചിത്വ മിഷനിൽ നിന്നും ലഭിച്ച വിഹിതം ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ (ശുചിത്വ പ്രോജക്ടുകൾക്ക് വിനിയോഗിക്കേണ്ടതാണ്)

10. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഈ ഉത്തരവ് പ്രകാരമുള്ള വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും (പ്രോജക്ട് വെറ്റിംഗ് ഉൾപ്പെടെ) പൂർത്തിയാക്കി പരിഷ്കരിച്ച വാർഷിക പദ്ധതി 2018 സെപ്റ്റംബർ 15 -നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

1 പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമ വികസന കമ്മീഷണർ
4. എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
14. ഡയറക്ടർ, ഐ&പി.ആർ.ഡി/വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി)

പകർപ്പ്

1 ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
4. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/653/2018/ തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി :17.09.2018

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-2019- 20 വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി തയ്യാറാക്കുന്നത് -സംബന്ധിച്ച്

സൂചന:- 1 കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം സെക്രട്ടറിയുടെ 13.08.2018- ലെ 14016/02/2018 പി.സി. നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.7

==========

2018 ഒക്ടോബർ 2-ാം തീയതിയോടെ 2019- 20 വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിന്റെ ആരംഭം കുറിക്കണമെന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം സൂചന (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം ഈ നേട്ടം 20 വർഷം മുമ്പ് കൈവരിച്ചതാണെന്നും ജനപങ്കാളിത്തത്തോടെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക വികസന പദ്ധതി തയ്യാറാക്കുന്നുണ്ടെന്നും സൂചന (2) ലെ യോഗം വിലയിരുത്തുകയും കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ കത്തിലെ നിർദ്ദേശ പ്രകാരം ഗ്രമസഭാ/വാർഡുസഭാ യോഗങ്ങൾ ചേരുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

2019- 20- ലെ വാർഷിക പദ്ധതി നവംബർ ഡിസംബർ മാസത്തിൽ തയ്യാറാക്കി 31-ാം തീയതിക്കകം ജില്ലാ ആസൂത്രണസമിതി അംഗീകരിക്കത്തക്ക രീതിയിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ കേന്ദ്ര പഞ്ചായത്തു രാജ് മന്ത്രാലയത്തിന്റെ സൂചന (1) കത്തിലെ നിർദ്ദേശപ്രകാരം ഗ്രാമസഭാ/വാർഡു സഭാ യോഗങ്ങൾ ചേരുന്നതടക്കമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് കാലപരിധിക്കകം പൂർത്തീകരിക്കാനുള്ള നടപടികൾ വകുപ്പുമേധാവികളും തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
} (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
} (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. **2462/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം 19.09.2018**

പരാമർശം :- 1. 29.01.2018 ലെ സ.ഉ (എം.എസ്) നം. 11/2018/ ത.സ്വ.ഭ.വ
2. 02.02.2018 ലെ സ.ഉ (എം.എസ്) നം. 17/2018/ ത.സ്വ.ഭ.വ
3. 14.02.2018 ലെ സ.ഉ (എം.എസ്) നം. 22/2018/ ത.സ്വ.ഭ.വ

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തേക്കുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ സമയമായിരിക്കുകയാണ്. ഈ സാമ്പത്തിക വർഷാവസാനം പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കാൻ സാധ്യതയുണ്ട് എന്നതുകൊണ്ട് 2018 ഡിസംബർ മാസം അവസാനത്തോടുകൂടി പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടാൻ കഴിയുന്ന രൂപത്തിലുള്ള സമയക്രമത്തെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം പതിമൂന്നാം പദ്ധതിക്കാലത്തേക്ക് പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലോ സബ്സിഡി മാർഗരേഖയിലോ വലിയ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നില്ല എന്ന കാര്യം വ്യക്തമാക്കുന്നു. താഴെത്തട്ടിൽ നിന്നും സൂചിപ്പിച്ച ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും മാത്രം ശ്രമിക്കുന്നതാണ്. ഇത്തരത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിക്കൊണ്ടും പദ്ധതി രൂപീകരണത്തിന്റെ സമയക്രമം നിശ്ചയിച്ചുകൊണ്ടും വൈകാതെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. എന്നാൽ, അതിനു മുൻപു തന്നെ പുതിയ വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്. ആയതിനാൽ സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് സെപ്റ്റംബർ 28-ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്. സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ 'ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന മേഖലയ്ക്ക് എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതാണ്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റും (നഗരസഭകളിൽ ചെയർ പേഴ്സൺ/മേയർ) കൺവീനർ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ആയിരിക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും കോർപ്പറേഷനുകളിൽ നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും വേണം വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പിൽ, ബന്ധപ്പെട്ട മേഖലകളിൽ പരിചയവും പ്രാവീണ്യവുമുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ജൈവവൈവിദ്ധ്യ പരിപാലന കമ്മിറ്റിയിലെയും ദുരന്തനിവാരണ സമിതിയിലെയും അംഗങ്ങളുടെ പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകണം. അതുപോലെ മഹാപ്രളയം അതിജീവിക്കുന്നതിന് സ്വമേധയാ സേവനം നൽകാൻ സന്നദ്ധരായ യുവാക്കൾ അടക്കമുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) പുതിയ വാർഷിക പദ്ധതിയെ (2019-20) പറ്റിയുള്ള ചർച്ചയ്ക്കു തുടക്കം കുറിയ്ക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും 2018 ഒക്ടോബർ രണ്ടാം തീയതി ഗാന്ധിജയന്തി ദിനത്തിൽ ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർക്കേണ്ടതാണ്. ഈ യോഗത്തിൽ 2018-19 ലെ

പദ്ധതി നടത്തിപ്പിന്റെ പുരോഗതിയും, പ്രളയംമൂലം ഉണ്ടായ നഷ്ടങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒപ്പം, 2018-19 വാർഷിക പദ്ധതിയിൽ സർക്കാർ അനുവദിച്ച പ്രകാരം വരുത്തിയ മാറ്റങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൊടിയ വരൾച്ച, മഴക്കെടുതി, ഉരുൾപൊട്ടൽ, പ്രളയം, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ അടുത്ത വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക ചർച്ച നടത്തുകയും വേണം. പദ്ധതി രൂപീകരണത്തിനുള്ള ഗ്രാമ/വാർഡ് സഭകൾ ജനപങ്കാളിത്തത്തോടെ നവംബർ പകുതിക്ക് മുമ്പായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കേണ്ട കർമ്മപരിപാടി യോഗത്തിൽ ആവിഷ്കരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4) കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan-GPDP) എന്ന പേരിൽ വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു എന്നത് കേരളത്തിന് അഭിമാനകരമായ ഒരു കാര്യമാണ്. കേന്ദ്ര സർക്കാർ ജനകീയാസൂത്രണം എല്ലാ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പദ്ധതി പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും പദ്ധതി ആസൂത്രണവും നിർവഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളും സ്ഥിതി വിവരക്കണക്കുകളും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന വിവരശേഖരണ സംവിധാനത്തിന് നൽകണം. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി രൂപീകരണ-നിർവഹണ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും സംബന്ധിച്ച നാം നൽകുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകളെ കേന്ദ്ര സർക്കാർ റാങ്ക് ചെയ്യുന്നതാണ്. കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മൊബൈൽ ആപ്ലിക്കേഷനിലേക്ക് ഡാറ്റാ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ വിശദമാക്കിക്കൊണ്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഭരണ സമിതികളെയും ഇതിന് ചുമതലപ്പെടുത്തിക്കൊണ്ടുമുള്ള ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്.

5. പദ്ധതി ആസൂത്രണം സംബന്ധിച്ച് കേരളത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയ്ക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ തന്നെ കേന്ദ്ര ഗവൺമെന്റിന്റെ 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയുമായി' ബന്ധപ്പെട്ട വിവരശേഖരണ സംവിധാനത്തിലേക്ക് നൽകാവുന്നതാണ്. ഇതിന് സുലേഖ സോഫ്റ്റ് വെയറിൽ നിന്നും കേന്ദ്ര സർക്കാരിന്റെ പ്ലാൻ പ്ലസ് സോഫ്റ്റ് വെയറിലേക്ക് വിവര കൈമാറ്റം സാധ്യമാക്കുന്നതിനുള്ള സംവിധാനം പ്രാവർത്തികമാക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
മെമ്പർ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സംസ്ഥാന പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, ഗവ.സെക്രട്ടറിയേറ്റ്
ഡയറക്ടർ, ഐ&പി.ആർ.ഡി/വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി)

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം. 2710/2018/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 23/10/2018

പരാമർശം:- 1. 29.01.2018 ലെ സ.ഉ (എം.എസ്) നം. 11/2018/ ത.സ്വ.ഭ.വ
2. 02.02.2018 ലെ സ.ഉ (എം.എസ്) നം. 17/2018/ ത.സ്വ.ഭ.വ
3. 14.02.2018 ലെ സ.ഉ (എം.എസ്) നം. 22/2018/ ത.സ്വ.ഭ.വ
4. 19.09.2018 ലെ സ.ഉ (സാധാ) നം. 2462/2018/ ത.സ്വ.ഭ.വ

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകി പരാമർശം നാല് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന് തുടർച്ചയായി, വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടും മാർഗനിർദ്ദേശങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിക്കൊണ്ടും ചുവടെ വിവരിക്കുന്ന പ്രകാരം സർക്കാർ ഉത്തരവാകുന്നു.

2. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും പരാമർശം ഒന്ന് പ്രകാരമുള്ള മാർഗരേഖ പാലിച്ചും എല്ലാ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പരാമർശം രണ്ട് പ്രകാരമുള്ള മാർഗരേഖ പാലിച്ചും 2019-20 വാർഷിക പദ്ധതി തയ്യാറാക്കി ഡിസംബർ 31-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2019-20 ൽ പ്രധാന പരിഗണന നൽകേണ്ടത് പുതിയ കേരളത്തിന്റെ സൃഷ്ടിക്കാണ്. മഹാപ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ഇത് സംബന്ധിച്ച സർക്കാരിന്റെ നിർദ്ദേശം കണക്കിലെടുത്തുകൊണ്ടും പുതിയ കേരളം എന്ന ലക്ഷ്യം നേടിയെടുക്കത്തക്ക നിലയിൽ വേണം 2019-20 വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. ഈയൊരു ലക്ഷ്യത്തോടെ വേണം സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ പരിഷ്കരണ ഘട്ടം മുതലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്.

4. കൊടിയ വരൾച്ച, മഴക്കെടുതി, ഉരുൾപൊട്ടൽ, പ്രളയം, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിന് ശ്രമിക്കണം. ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുന്നതിന് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യുകയും ഇങ്ങനെയുള്ള ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും വേണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിന് സഹായകമായ രീതിയിൽ സ്പേഷ്യൽ പ്ലാൻ (സ്ഥലപരാസൂത്രണം) തയ്യാറാക്കാൻ കഴിയുന്ന ഇടങ്ങളിൽ അതിന് മുൻകയ്യെടുക്കേണ്ടതാണ്.

5. മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് 2019-20 ൽ ബന്ധപ്പെട്ട പ്രദേശങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണം. അതുപോലെ പ്രളയത്തിൽ നശിച്ചതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും ഉള്ള പ്രോജക്ടുകൾക്കും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

6. ജില്ലാപദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചു വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ, കഴിവതും വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മുമ്പായി ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരണത്തിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് ജില്ലാ ആസൂതണ സമിതി പുറപ്പെടുവിക്കേണ്ടതാണ്. മഹാപ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വേണം ജില്ലാ ആസൂത്രണ സമിതി നിർദ്ദേശങ്ങൾ നൽകേണ്ടത്.

7. പതിമൂന്നാം പദ്ധതിയിലെ ആദ്യ രണ്ട് വർഷങ്ങളിലെ ഒരു പ്രധാന ഊന്നൽ ആസൂത്രണവും നിർവഹണവും സമയബന്ധിതമാക്കുക എന്നതിനായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതിയുടെയും പ്രോജക്ടുകളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്. നിർവഹണ ഉദ്യോഗസ്ഥർ പലപ്പോഴും പ്രോജക്ട് ഫോറങ്ങൾ തയ്യാറാക്കുന്നത് അവശ്യവിവരങ്ങൾ ഉൾക്കൊള്ളിക്കാതെയാണ് എന്ന വിമർശനം പരിഹരിക്കുന്നതിനുള്ള ശ്രമം 2019-20-ൽ ഉണ്ടാകണം. ഇക്കാര്യത്തിൽ നിർവഹണ ഉദ്യോഗസ്ഥരും വെറ്റിംഗ് ഓഫീസർമാരും ജില്ലാ ആസൂത്രണ സമിതിയും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

8. മികച്ച പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അവസരമില്ല എന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിമർശനം ഉൾക്കൊണ്ടു കൊണ്ടാണ് ഒട്ടേറെ പുതിയ പ്രോജക്ട് ആശയങ്ങൾ പതിമൂന്നാം പദ്ധതിയിലെ സബ്സിഡി മാർഗരേഖയുടെ ഭാഗമാക്കിയത്. അതുപോലെ നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള അവസരവും ലഭ്യമാക്കി. എന്നാൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ അനുഭവം വ്യക്തമാക്കുന്നത് ഇത്തരത്തിലുള്ള മികച്ച ആശയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് ശ്രമിക്കുന്നില്ല എന്നാണ്. മികച്ച പ്രോജക്ടുകൾ ഏറ്റെടുത്ത് വാർഷിക പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

9. മേഖലാ വകയിരുത്തൽ, പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കൽ എന്നിവയ്ക്ക് പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

10. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ 2018-19 വാർഷിക പദ്ധതിക്ക് അനുവദിച്ച അത്രയും തുക തന്നെ അടുത്ത വർഷത്തേക്ക് ലഭ്യമാകും എന്ന് കണക്കാക്കി 2019-20 വാർഷിക പദ്ധതി ഇപ്പോൾ തയ്യാറാക്കേണ്ടതാണ്. സംസ്ഥാന ബജറ്റ് അവതരണത്തെ തുടർന്ന് യഥാർത്ഥ വിഹിതം എത്രയെന്ന് വ്യക്തമാകുമ്പോൾ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്താവുന്നതാണ്.

11. ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പുനസംഘാടനം ആവശ്യമായ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അത് ചെയ്തിട്ടില്ലെങ്കിൽ അടിയന്തിരമായി

പുനസംഘടിപ്പിച്ച് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടേണ്ടതാണ്. സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ പരാമർശം നാലിലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും "ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം" എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.

1.11ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്:-

1) ജൈവ വൈവിദ്ധ്യ രജിസ്റ്റർ സമകാലികമായി തയ്യാറാക്കുന്നതിന് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ സഹായിക്കുക
2) ജൈവവൈവിദ്ധ്യ പരിപാലനത്തിനുള്ള തദ്ദേശഭരണ സ്ഥാപനതല പദ്ധതി തയ്യാറാക്കുന്നതിന് നേതൃത്വം നൽകുക
3) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, സാമൂഹ്യ സംഘടനകളുടെ സ്ഥലങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക
4) അധിനിവേശ സസ്യങ്ങൾ, മറ്റ് ജീവജാലങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക

11.2 കാലാവസ്ഥാ വ്യതിയാനം:-

1) കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങൾ (Green house Gases) പരമാവധി കുറയ്ക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.
2) ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന്/ലഘൂകരിക്കുന്നതിന് ദേശീയ, സംസ്ഥാന സർക്കാരുകൾ ചെയ്തു വരുന്ന പ്രവർത്തനങ്ങളുടെ ചുവടു പിടിച്ച് പ്രാദേശിക കർമ്മ പദ്ധതിക്ക് രൂപം നൽകുക .
3) പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ സംവിധാനങ്ങൾ സ്വീകരിക്കുന്നതിനും സഹായകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക.
4) ക്ലൈമറ്റ് റെസിലിയന്റ് കേരള എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുക.

11.3 പരിസ്ഥിതി സംരക്ഷണം

1) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക
2) കാർബൺ ന്യൂട്രൽ തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുക
3) പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി പരിഹാര നടപടികൾ നിർദ്ദേശിക്കുക.

11.4 ദുരന്ത നിവാരണം:-

1) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തടസ്സമായേക്കാവുന്ന നിർമ്മിതികൾ പരമാവധി കുറയ്ക്കുന്നതിന് സഹായകരമാകുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2) ദുരന്തത്തെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്ക് മുഖ്യ പരിഗണന നൽകിക്കൊണ്ട് ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക

3) ദുരന്ത നിവാരണ വകുപ്പ് നിർദ്ദേശിച്ച തരത്തിൽ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയേഴ്സിനെ പരിശീലിപ്പിച്ച് ഗ്രൂപ്പ് രൂപീകരിക്കുക.

12. വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് ഇവിടെ നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

ക്രമ നം.	പ്രവർത്തനം		പൂർത്തിയാക്കേണ്ട അവസാന തീയതി
1	ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കൽ	:	ഒക്ടോബർ 25
2	ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡി.പി.സി തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ	:	ഒക്ടോബർ 25
3	കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ	:	ഒക്ടോബർ 31
4	ഗ്രാമ/വാർഡ്സഭായോഗങ്ങൾക്ക്മുമ്പുള്ള കൂടിയാലോചനകൾ	:	നവംബർ 05
5	ഗ്രാമ/വാർഡ് സഭായോഗങ്ങൾ	:	നവംബർ 20
6	സംയുക്ത പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗം	:	നവംബർ 25
7	വികസന സെമിനാർ	:	ഡിസംബർ 01
8	വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ	:	ഡിസംബർ 05
9	പ്രോജക്ടുകൾ തയ്യാറാക്കൽ	:	ഡിസംബർ 15
10	വാർഷിക പദ്ധതി സമർപ്പണം	:	ഡിസംബർ 17
11	ജില്ലാ ആസൂത്രണ സമിതി അംഗീകാരം	:	ഡിസംബർ 31
12	ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഗ്രാമ/വാർഡ് സഭയുടെ അംഗീകാരത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറൽ	:	2019 ജനുവരി 20
13	അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ	:	2019 മാർച്ച് 15

13. പരാമർശം മൂന്ന് പ്രകാരമുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയ്ക്കുള്ള കൂട്ടിച്ചേർക്കലുകൾ പ്രത്യേകം ഉത്തരവായി പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി കോർപ്പറേഷനിലെ സൂപ്രണ്ടിങ് എൻജിനീയർ കൺവീനർ ആയി കോർപ്പറേഷൻതല സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt)No.3277/2018/LSGD തീയതി,തിരുവനന്തപുരം, 31/12/2018

പരാമർശം:- 1 സ ഉ (സാധ) നം. 2996/2018/തസ്വഭവ തീയതി 25/11/2018

2 30/11/18-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പൊതുവിഷയങ്ങളിലെ തീരുമാനം 3.12

ഉത്തരവ്

പരാമർശം(1) ഉത്തരവ് പ്രകാരം, സൂപ്രണ്ടിംഗ് എൻജിനീയർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി ജില്ലാതല കമ്മിറ്റിക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലാ തലത്തിൽ അല്ലാതെ മറ്റു തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതില്ല എന്നും ഉത്തരവായിരുന്നു.

കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ അധികമുള്ളതിനാൽ കോർപ്പറേഷന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി കോർപ്പറേഷൻ തലത്തിലും ഇത്തരം കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണെന്നും ഇതിന്റെ കൺവീനർ കോർപ്പറേഷനിലെ സൂപ്രണ്ടിങ് എൻജിനീയർ ആയിരിക്കണമെന്നും 30/11/18-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം(2) പ്രകാരം തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ തലത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി കോർപ്പറേഷനിലെ സൂപ്രണ്ടിങ് എൻജിനീയർ കൺവീനർ ആയി കോർപ്പറേഷൻതല സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
മിഷൻ ഡയറക്ടർ, അമൃത്
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിൻറെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Amritha

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/23/2019/ തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 25.01.2019

സർക്കുലർ

വിഷയം:-ലോക ബാങ്ക് വിഹിതം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ-സംബന്ധിച്ച്

സൂചന:-വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ ചേർന്ന യോഗത്തിന്റെ 3.3 നമ്പർ തീരുമാനം

ലോക ബാങ്ക് വിഹിതം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ ചില ബില്ലുകൾ 2018 മാർച്ച് അവസാനം ക്യൂ ലിസ്റ്റിലായി. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ക്യൂ ബില്ലുകൾക്ക് അനുസൃതമായി അധികമായി ലോക ബാങ്ക് വിഹിതം ധനവകുപ്പിൽ നിന്നു നൽകി. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ലോക ബാങ്ക് വിഹിതം ലഭിക്കുന്നതിനു മുമ്പ് ഇതിന്റെ ബിൽ തുക തനത് ഫണ്ട് ഉപയോഗിച്ചു നൽകി. കൂടാതെ ക്യൂ ബില്ലിലുള്ള തുകയേക്കാൾ അധികമായി ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലോക ബാങ്ക് വിഹിതമായി ലഭിച്ചു. ഇങ്ങനെ മിച്ചമുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച് സൂചന (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശം നൽകുന്നു.

1). ലോക ബാങ്ക് വിഹിതം ലഭിക്കുന്നതിനുമുമ്പ് ബിൽ തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകിയെങ്കിൽ മിച്ചം ലഭ്യമായ തുക ലോക ബാങ്കിന്റെ ഉപയോഗം സംബന്ധിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന പുതിയ പദ്ധതികൾക്കോ ഇതേ ഗണത്തിൽപ്പെട്ട സ്പിൽ ഓവർ പ്രോജക്ടുകൾക്കോ ഉപയോഗിക്കാവുന്നതാണ്.

2). ലോക ബാങ്ക് വിഹിതം അധികമായി ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മുകളിൽ പറഞ്ഞ ഗണത്തിൽപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഈ തുക 31.03.2019- നകം ചെലവഴിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, തദ്ദേശമിത്രം, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/72/2019/ തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 23.02.2019

സർക്കുലർ

വിഷയം:- തസ്വഭവ - കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപ്പണി എന്നിവയുടെ പ്രോജക്ട്/ അപേക്ഷ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.19 ൽ ചേർന്ന യോഗത്തിന്റെ 3.4 നമ്പർ തീരുമാനം

കൊച്ചി കോർപ്പറേഷൻ ഒഴികെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും ODF ആയി പ്രഖ്യാപിച്ചതാണ്. പല തദ്ദേശഭരണ സ്ഥാപനങ്ങളും പുതിയ കക്കൂസ് നിർമ്മാണത്തിനും കക്കൂസ് അറ്റകുറ്റപ്പണിക്കും പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാനായി കോ ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി പല തദ്ദേശഭരണ സ്ഥാപനങ്ങളും തേടുന്നുണ്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് സമർപ്പിക്കുന്ന കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപ്പണി എന്നിവയുടെ പ്രോജക്ട്/ അപേക്ഷയോടൊപ്പം ഇതിന്റെ ആവശ്യകത, മറ്റു വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തേണ്ടതാണ്. ഇതുൾപ്പെടുത്താതെ സമർപ്പിക്കുന്നവ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്നതല്ല.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.സി.)വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 – 2018-19 ലെ ട്രഷറി ക്യൂവിലുള്ള ബില്ലുകളുടെ തുക മാറുന്നതിനും സ്പിൽ ഓവർ പദ്ധതികൾക്കുമുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് . ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്

സ.ഉ.(സാധാ) നം. 3002/2019/ധന. തീയതി, തിരുവനന്തപുരം, 12 ഏപ്രിൽ 2019

പരാമർശം : 1) സ.ഉ(സാധാ)നം.2725/2019/ധന തീയതി 01.04.2019
2) സ.ഉ(സാധാ)നം.2772/2019/ധന തീയതി 03.04.2019

ഉത്തരവ്

പ്രാദേശിക സർക്കാരുകൾക്ക് 2019-20 സാമ്പത്തിക വർഷത്തെ സംരക്ഷണ ഫണ്ടിന്റേയും വികസന ഫണ്ടിന്റേയും ഒന്നാം ഗഡു യഥാക്രമം പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം മാർച്ച് അവസാനത്തിൽ സമർപ്പിച്ച ബില്ലുകളിൽ ചിലത് ക്യൂ ലിസ്റ്റിലായതിനാൽ അവ മാറാൻ കഴിഞ്ഞില്ല.

മേൽ സാഹചര്യത്തിൽ പരാമർശം (1),(2) എന്നീ ഉത്തരവുകൾ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള സംരക്ഷണ ഫണ്ടിന്റേയും വികസന ഫണ്ടിന്റേയും ഒന്നാം ഗഡു തുകയിൽ നിന്നും 2018-19 ലെ ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറുന്നതിനും 2018-19 ൽ പൂർത്തീകരിക്കാൻ കഴിയാതെ 2019-20 ൽ സ്പിൽ ഓവർ ആയിട്ടുള്ള പദ്ധതികൾക്കുള്ള തുക ചെലവഴിക്കുന്നതിനും സർക്കാർ അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ധനകാര്യ ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-1155113)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 ലെ വാർഷിക പദ്ധതി – സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ഭേദഗതി വരുത്തി അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.990/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 15.05.2019

പരാമർശം: 1. 29.01.2018-ലെ സ.ഉ (എം.എസ്) നം.11/2018/ത.സ്വ.ഭ.വ
2. 02.02.2018-ലെ സ.ഉ (എം.എസ്) നം.17/2018/ത.സ്വ.ഭ.വ
3. 14.02.2018-ലെ സ.ഉ (എം.എസ്) നം.22/2018/ത.സ്വ.ഭ.വ
4. 06.08.2018-ലെ സ.ഉ.(എം.എസ്) നം.106/2018/തസ്വഭവ
5. 23.10.2018-ലെ സ.ഉ (സാധാ) നം.2710/2018/ത.സ്വ.ഭ.വ
6. 15.05.2019 ലെ സ.ഉ (സാധാ) നം. 988/2019/ത.സ്വ.ഭ.വ

ഉത്തരവ്

സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും 2019-20 വർഷത്തേക്കുള്ള വികസന പദ്ധതികൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് വളരെ മുമ്പ് തന്നെ തയ്യാറാക്കിയിരുന്നു. 2019-20 വർഷത്തെ ബജറ്റ് വിഹിതം എത്രയാണെന്ന് അറിയുന്നതിന് മുമ്പാണ് പദ്ധതി തയ്യാറാക്കിയത്. 2018-19 വാർഷിക പദ്ധതിക്ക് അനുവദിച്ച അത്രയും തുക തന്നെ 2019-20 വർഷത്തേക്കും ലഭ്യമാകും എന്ന് കണക്കാക്കിയാണ് വാർഷിക പദ്ധതിക്ക് രൂപം നൽകിയത്. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2019-20 വർഷത്തിൽ ലഭിക്കാവുന്ന വിഹിതത്തെ സംബന്ധിക്കുന്ന കണക്കുകൾ ഇപ്പോൾ വ്യക്തമാണ്. ഈ സാഹചര്യത്തിൽ 2019-20-ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതുണ്ട്. ഒപ്പം, സ്പിൽ ഓവർ പ്രോജക്ടുകൾ ഏതൊക്കെയാണ് എന്നത് സംബന്ധിച്ച തീരുമാനമെടുത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 6 ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി താഴെപ്പറയും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

2. സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ

2.1 എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും, മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ച് ഭരണ സമിതി തീരുമാനമെടുക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതിയിലെ ഭൗതികവും സാമ്പത്തികവും ആയി നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളെ സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്താവുന്നതാണ്. നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാം. ഭാഗീകമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ

നിർവ്വഹണം പാഴ്ച്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാവുന്നതാണ്. 2019 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും പെയ്മെന്റ് നൽകാൻ കഴിയാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തേണ്ടതാണ്.

2.2 നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമില്ലാത്തവ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം തുടർന്ന് നടപ്പിലാക്കാവുന്നതാണ്. ഭേദഗതി ആവശ്യമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടെയോ ജില്ലാ ആസൂത്രണ സമിതിയുടെയോ അംഗീകാരം ആവശ്യമില്ല. ഇത്തരത്തിൽ നിർവ്വഹണം തുടരുന്ന എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ക്യൂ ബില്ലുകളുടെയും ഭേദഗതി ആവശ്യമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകളുടെയും പേയ്മെന്റ് ആദ്യഗഡു തുകയിൽ നിന്നും നൽകാവുന്നതാണ്.

2.3 സ്പിൽ ഓവറായി തുടരേണ്ട ഒരു പ്രോജക്ടിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണ സമിതി അംഗീകരിച്ചശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പരിഷ്കരിച്ച വാർഷിക പദ്ധതിയോടൊപ്പം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമാക്കി വെറ്റിംഗ് ഓഫീസറുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരം നേടിയതിനുശേഷം മാത്രമെ തുടർന്ന് നിർവ്വഹണം നടത്താനും പെയ്മെന്റ് നൽകാനും പാടുള്ളൂ.

3. വാർഷിക പദ്ധതി അടങ്കൽ

3.1 സ്പിൽ ഓവർ ബാധ്യത, ലഭ്യമാകുന്ന ബജറ്റ് വിഹിതത്തിനുള്ളിൽ ക്രമപ്പെടുത്തുകയാണ് വേണ്ടത്. എന്നാൽ അപ്രകാരം ചെയ്യണമെങ്കിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതിയിലെ പുതിയ പ്രോജക്ടുകൾ പലതും ഒഴിവാക്കേണ്ടി വരും. നിലവിലുള്ള സാഹചര്യത്തിൽ മിക്ക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും അതിന് കഴിയുകയില്ല. ആയതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് താഴെ പറയുന്ന പ്രത്യേക ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

3.2 എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളും ബജറ്റ് വിഹിതത്തിനുള്ളിൽ കൊണ്ടു വരേണ്ടതില്ല. ഓരോ വിഭാഗത്തിലും പരമാവധി ഇരുപത് ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്താവുന്നതാണ്. ഉദാഹരണത്തിന്; 2019-20 ലെ ബജറ്റിൽ പൊതുവിഭാഗം വിഹിതമായി 230 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന് 46 ലക്ഷം രൂപ (230 ന്റെ 20 ശതമാനം) വരെയുള്ള സ്പിൽ ഓവർ ബാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി പൊതുവിഭാഗത്തിൽ പ്രത്യേകം മാറ്റി നിർത്താവുന്നതാണ്. വികസന ഫണ്ടിലെ ഓരോ വിഭാഗത്തിലും (പൊതുവിഭാഗം, എസ്,സി എസ്.പി, ടി.എസ്.പി, കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്) ഇപ്രകാരം പരമാവധി ഇരുപതു ശതമാനം വരെ പ്രത്യേകം മാറ്റി നിർത്താവുന്നതാണ്. അതുപോലെ മെയിന്റനൻസ് ഫണ്ടിലെ റോഡ്, റോഡിതരം എന്നിവയിൽ ഓരോന്നിലും ഇരുപതു ശതമാനം വരെ സ്പിൽ ഓവർ ബാധ്യത മാറ്റിനിർത്താവുന്നതാണ്. ഇരുപത് ശതമാനത്തിൽ കൂടുതൽ തുകയ്ക്ക് സ്പിൽ ഓവർ ബാധ്യത

വരുന്ന ഓരോ വിഭാഗത്തിലും 20 ശതമാനത്തിൽ കൂടുതലുള്ള തുക 2019-20-ലെ ബജറ്റ് വിഹിതത്തിനുള്ളിൽ മേഖലാതല നിബന്ധനകൾക്ക് വിധേയമായി ഉൾക്കൊള്ളിക്കേണ്ടതാണ്.

3.3 ബജറ്റ് വിഹിതത്തിനുള്ളിൽ കൊണ്ടുവരുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിഹിതം കഴിച്ച് ബാക്കിയുള്ള തുകയ്ക്ക് അനുസൃതമായി പുതിയ പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.

4. മറ്റ് നിർദ്ദേശങ്ങൾ

4.1 ഖണ്ഡിക 3.3 പ്രകാരമുള്ള തുകയ്ക്ക് അനുസൃതമായി പുതിയ പ്രോജക്ടുകൾ ക്രമപ്പെടുത്തുന്നതിന്, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുകയോ പ്രോജക്ടുകളുടെ അടങ്കൽ തുകയിൽ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്. വിഹിതം ബാക്കിയുണ്ടെങ്കിൽ മാത്രം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. പുതിയ പ്രോജക്ടുകൾക്ക് സാധ്യതയു ണ്ടെങ്കിൽ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുതിയ കേരളം എന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും അനിവാര്യ പ്രോജക്ടുകൾക്ക് വിഹിതം വകയിരുത്തുന്നതിനും ആകണം മുൻഗണന നൽകേണ്ടത്.

4.2 അവശ്യം വേണ്ട വിവരങ്ങൾ ഉൾക്കൊള്ളിക്കാതെ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടു ണ്ടെങ്കിൽ അവയ്ക്ക് വെറ്റിംഗ് ഓഫീസറിൽ നിന്നും അംഗീകാരം ലഭിക്കുകയില്ല. അത്തരം സാഹചര്യം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട പ്രോജക്ടുകൾ നിർബന്ധമായും ഭേദഗതി ചെയ്ത് വിവരങ്ങൾ പൂർണ്ണമാക്കേണ്ടതാണ്.

4.3 വാർഷിക പദ്ധതി ഇപ്രകാരം പരിഷ്കരിക്കുമ്പോൾ അനിവാര്യ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണ സമിതിയും ഉറപ്പാക്കേണ്ടതാണ്. അതുപോലെ, ജില്ലാ ആസൂത്രണ സമിതി വിളിച്ച ചേർത്ത യോഗത്തിൽ ധാരണയായത് പ്രകാരം ഏറ്റെടുക്കുന്ന സംയുക്ത പ്രോജക്ടുകൾക്കു വേണ്ട വിഹിതവും നിർബന്ധമായും വകയിരുത്തേണ്ടതാണ്. ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപം നൽകിയതും പരാമർശം 4 പ്രകാരം പ്രത്യേക ധനസഹായത്തിന് അർഹതയുള്ളതുമായ സംയോജിത പരിപാടികളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

4.4 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതാനും പ്രോജക്ടുകൾ (ജി.ഒ. പ്രോജക്ടുകൾ) പുതുതായി ഏറ്റെടുത്തിട്ടുണ്ട്. സർക്കാർ അനുമതിയോടെയാണ് ഇവ ഏറ്റെടുത്തത്. ഈ പ്രോജക്ടുകൾ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ നടപടി ഉത്തരവ് നൽകേണ്ട ആവശ്യമില്ലെന്ന് വ്യക്തമാക്കുന്നു.

4.5 ഭേദഗതി വരുത്തുന്ന പുതിയ പ്രോജക്ടുകളും പുതുതായി കൂട്ടിച്ചേർക്കുന്ന പ്രോജക്ടുകളും, വെറ്റിംഗ് ഓഫീസറുടെ പരിശോധനയും അംഗീകാരവും കൂടാതെ തന്നെ, പരിഷ്കരിച്ച വാർഷിക പദ്ധതിയോടൊപ്പം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാവുന്നതാണ്. പരിഷ്കരിച്ച വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർക്ക് അയച്ച് അംഗീകാര നടപടികൾ പൂർത്തിയാക്കിയാൽ മതിയാകും. വെറ്റിംഗ് ഓഫീസറിൽ നിന്നും ഇതിനകം അംഗീകാരം വാങ്ങിയ പുതിയ പ്രോജക്ടുകളിൽ ഭേദഗതി ഉണ്ടെങ്കിൽ, ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിൽ നിന്നും ഭേദഗതിക്ക് പ്രാഥമിക അനുമതി വാങ്ങി ഭേദഗതി നടത്തേണ്ടതാണ്.

4.6 എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി ഇപ്രകാരം പരിഷ്കരിച്ച് 2019 ജൂൺ 12-നകം ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഈ രീതിയിൽ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് സമാന്തരമായിതന്നെ, നടപ്പുവർഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതിയിലെ പുതിയ പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമില്ലാത്തവ

വെറ്റിംഗ് ഓഫീസർക്ക് അയച്ച് അംഗീകാര നടപടികൾ പൂർത്തിയാക്കുകയും തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

4.7 2018 ഓഗസ്റ്റിലെ മഹാപ്രളയം കാര്യമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക ധനസഹായം നൽകുന്നതിന് 2019-20-ലെ സംസ്ഥാന ബജറ്റിൽ 250 കോടി രൂപ പ്രത്യേകം മാറ്റിവച്ചിട്ടുണ്ട്. ഈ തുക അർഹതയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പ്രത്യേക ധനസഹായം വിനിയോഗിക്കു ന്നതിനുള്ള മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മിഷണർ മുഖേന)
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള തിരുവനന്തപുരം
കരുതൽ ഫയൽ
ഓഫിസ് കോപ്പി

പകർപ്പ്:
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി. എസിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി (അർബൻ) ന്റെ സി എക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി - ബജറ്റ് വിഹിതത്തിന്റെ 30 ശതമാനം വരെ സ്പിൽ ഓവർ സാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ.(സാധാ) നം.1209/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/06/2019

പരാമർശം:- 15/05/2019-ലെ സ. ഉ. (സാധാ) നം 990/19/തസ്വഭവ

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം സ്പിൽ ഓവർ ബാധ്യതയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിലെ ഓരോ വിഭാഗത്തിലും, ബജറ്റ് വിഹിതത്തിന് ഉപരിയായി 20 ശതമാനം വരെ സ്പിൽ ഓവർ ബാധ്യത മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്പിൽ ഓവർ ബാധ്യത കൂടുതലായതിനാൽ 20 ശതമാനം എന്ന പരിധി വർദ്ധിപ്പിച്ച് നൽകണമെന്ന് ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും ആവശ്യപ്പെട്ടിട്ടുണ്ട്.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി.ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും ഏറ്റെടുക്കുന്ന പ്രോജക്ടുകളിൽ കൂടുതലും വലിയ അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ്. ഇത്തരത്തിൽ വലിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ പലപ്പോഴും ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ പൂർണ്ണമായി നിർവ്വഹണം നടത്താൻ കഴിയാറില്ല. മാത്രമല്ല കഴിഞ്ഞ രണ്ട് വർഷമായി സ്പിൽ ഓവർ ബാധ്യത പൂർണ്ണമായി ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമമാക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ കാരണങ്ങളാൽ ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറഷനുകളുടെയും സ്പിൽ ഓവർ ബാധ്യത താരതമ്യേന കൂടുതലാണ്. ഈ സാഹചര്യത്തിൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിലെ ഓരോ വിഭാഗത്തിലും ബജറ്റ് വിഹിതത്തിന്റെ പരമാവധി 30 ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകി ഉത്തരവാകുന്നു .

3. പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/221/2019/ തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 10.07.2019

സർക്കുലർ

വിഷയം:- - പദ്ധതി നിർവഹണം കാര്യക്ഷവും സമയബന്ധിതവുമാക്കുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.19 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.5

പദ്ധതി നിർവഹണം കാര്യക്ഷവും സമയബന്ധിതവുമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(i) നിർവഹണ കലണ്ടർ കൃത്യമായി പാലിച്ച് കഴിവതും 70 ശതമാനമെങ്കിലും പദ്ധതിച്ചെലവ് ഡിസംബർ 31-നകം വരുത്തണം. ഈ ലക്ഷ്യം നേടുന്നതിന് ജൂൺ മാസം 30-ന് 15 ശതമാനവും സെപ്റ്റംബർ 30-ന് 45 ശതമാനവും പദ്ധതി ചെലവ് കൈവരിക്കണം.

(ii) പ്രവൃത്തികളുടെ പാർട്ട് ബിൽ, പ്രത്യേകിച്ച് നിർമ്മാണ പ്രവൃത്തികളുടെ, തയ്യാറാക്കി നൽകണം. എഞ്ചിനീയർമാരെ ഇക്കാര്യത്തിൽ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ സഹായം നൽകണം.

iii) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി തുക നേരത്തേ നൽകുകയും പ്രോജക്ടുകൾ ഈ വർഷം തന്നെ പൂർത്തിയാക്കുകയും ചെയ്യണം.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ചീഫ് വികേന്ദ്രീകൃതാസൂത്രണം മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ചീഫ് വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/222/2019/ തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 10.07.2019

സർക്കുലർ

വിഷയം:- - പദ്ധതി നിർവഹണ പ്രവർത്തന കലണ്ടർ-സംബന്ധിച്ച്

സൂചന: - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.19 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.8

2019-20-ലെ പരിഷ്കരിച്ച വാർഷിക പദ്ധതി സമർപ്പിക്കാനുള്ള അവസാന തീയതി 12.06.2019 ആയിരുന്നു. ആയത് 29.06.2019 ആയി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിന്റെ മറ്റു പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരം പൂർത്തിയാക്കേണ്ടതാണ്.

	വാർഷിക പദ്ധതി അന്തിമമാക്കി ഡി.പി.സിയ്ക്ക് സമർപ്പിക്കൽ	ജൂൺ 29
	വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം നൽകൽ	ജൂലൈ 2
	സാങ്കേതികാനുമതി വേണ്ടാത്ത സാധാരണ പ്രോജക്ടുകൾക്ക് അംഗീകാരം നേടൽ	ജൂലൈ 10
	എസ്റ്റിമേറ്റ് വേണ്ട പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി/അംഗീകാരം നേടൽ	ജൂലൈ 15
	ടെണ്ടറിംഗ്	ജൂലൈ 22
	ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തിയാക്കൽ (ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് ലിസ്റ്റ് കൈമാറൽ ഉൾപ്പെടെ)	ജൂലൈ 22
	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുക അടയ്ക്കൽ, മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്കു തുക കൈമാറൽ തുടങ്ങിയവ.	ആഗസ്റ്റ് 9

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ചീഫ് വികേന്ദ്രീകൃതാസൂത്രണം മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ചീഫ് വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/223/2019/ തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 10.07.2019

സർക്കുലർ

വിഷയം:- - സാമൂഹ്യനീതിയുടേയും വനിതാ ശിശു വികസനത്തിന്റേയും പ്രോജക്ടുകളുടെ നിർവഹണവും വെറ്റിംഗും -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.19 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.9

വനിതാ ശിശു വികസന പ്രോജക്ടുകൾ സാമൂഹ്യനീതി വകുപ്പാണ് നിർവഹണം നടത്തിയിരുന്നത്. എന്നാൽ വനിതാ ശിശു വികസനത്തിന് പ്രത്യേക വകുപ്പ് ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതിയുടേയും വനിതാ ശിശു വികസനത്തിന്റേയും പ്രോജക്ടുകൾ നിർവഹണം നടത്താനും വെറ്റിംഗ് നടത്താനുമുള്ള ചുമതല താഴെ പറയും പ്രകാരം നിശ്ചയിച്ചു.

തദ്ദേശഭരണസ്ഥാപനങ്ങളിലെ വനിതാ ശിശു വികസനം, സാമൂഹ്യ ക്ഷേമം എന്നീ മേഖലകളിലെ പ്രോജക്ട് നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് വെറ്റിംഗ് ഓഫീസർമാരും

ക്രമ നം	തദ്ദേശഭരണ സ്ഥാപനം	വനിതാ ശിശു വികസനം		സാമൂഹ്യ നീതി	
		നിർവഹണ ഉദ്യോഗസ്ഥൻ	വെറ്റിംഗ് ഓഫീസർ	നിർവഹണ ഉദ്യോഗസ്ഥൻ	വെറ്റിംഗ് ഓഫീസർ
1	ഗ്രാമപഞ്ചായത്ത്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	സി.ഡി.പി.ഒ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	സി.ഡി.പി.ഒ
2	ബ്ലോക്ക് പഞ്ചായത്ത്	സി.ഡി.പി.ഒ	ജില്ലാ ഓഫീസർ വനിതാ ശിശു വികസനം	സി.ഡി.പി.ഒ	ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ്
3	ജില്ലാ പഞ്ചായത്ത്	ജില്ലാ ഓഫീസർ വനിതാ ശിശു വികസനം	ഡയറക്ടർ വനിതാ ശിശുവികസനം	ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ്	ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്
4.1	മുനിസിപ്പാലിറ്റി	ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ	സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ വനിതാ ശിശു വികസനം	ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ	സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ്

5.1	കോർപ്പറേഷൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ	സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ വനിതാ ശിശു വികസനം	ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ	സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ്

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനം ഉണ്ടെങ്കിൽ, ക്ഷേമ സ്ഥാപനത്തിന്റെ സൂപ്രണ്ട്, നിർവഹണ ഉദ്യോഗസ്ഥനും ജില്ലാ സാമൂഹ്യനീതി ഓഫീസർ വെറ്റിംഗ് ഓഫീസറും ആകേണ്ടതാണ്.

സുലേഖ സോഫ്റ്റ് വെയറിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ക്രമീകരണം ഐ.കെ.എം. നടത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ചീഫ് വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഒഫീസർ

കേരള സർക്കാർ

നം.ഡി.എ 1/219/2019/ തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 10.07.2019

സർക്കുലർ

വിഷയം:- - തദ്ദേശഭരണ സ്ഥാപനങ്ങൾ 2019-20 വർഷം മികവിന്റെ വർഷമാക്കുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.19 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.1

തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലെ ഭരണസമിതിക്ക് പദ്ധതി നിർവഹണത്തിന് ലഭിക്കുന്ന അവസാനത്തെ പൂർണ്ണ വർഷമായ 2019-20 മികവിന്റെ വർഷമാക്കണമെന്നും പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റു ഭരണ ചുമതലകളിലും ഇതു പ്രതിഫലിക്കണമെന്നുമാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനായി നികുതി പിരിവ്, ISO സർട്ടിഫിക്കേഷനടക്കമുള്ള മറ്റു ഭരണപരമായ കാര്യങ്ങൾ എന്നിവയിൽ ഇടപെടൽ നടത്തി നടപടികൾ അതത് വകുപ്പു മേധാവികൾ സ്വീകരിക്കേണ്ടതാണ്. സംസ്ഥാന തലത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ) എല്ലാ മാസവും അതതു വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് വകുപ്പു മേധാവികൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകേണ്ടതുമാണ്.

ജില്ലാ തലത്തിൽ പദ്ധതി നിർവഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കാൻ പദ്ധതി അവലോകനം ജില്ലാ ആസൂത്രണസമിതി കൃത്യമായി നടത്തേണ്ടതാണ്. അവലോകനം താഴെപ്പറയുന്ന രീതിയിൽ ചിട്ടപ്പെടുത്തണം.

(i) ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്കു പഞ്ചായത്തുകളുടേയും പദ്ധതി അവലോകനം ബ്ലോക്കുതലത്തിൽ നടത്തണം

(ii) ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയുടെ അവലോകനം ജില്ലാതലത്തിൽ നടത്തണം.

ഈ രീതിയിൽ അവലോകനം ഈ വർഷം കുറഞ്ഞത് 3 പ്രാവശ്യമെങ്കിലും നടത്തണം. ആദ്യഘട്ട അവലോകനം ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെയുള്ള സമയത്ത് പൂർത്തിയാക്കണം. രണ്ടാം ഘട്ടം ഒക്ടോബർ 15 മുതൽ നവംബർ 15 വരെയും മൂന്നാം ഘട്ടം ഡിസംബർ 15 മുതൽ ജനുവരി 15 വരെയുമായി നടത്തണം. പദ്ധതി നിർവഹണ കലണ്ടർ പ്രകാരം നിർവഹണം കാര്യക്ഷമമാക്കുന്നതിനുള്ള ഒരുക്കങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കാൻ അപ്പപ്പോൾ നടപടി

സ്വീകരിക്കണം. സംസ്ഥാനതലത്തിൽ പരിഹരിക്കേണ്ട വിഷയങ്ങൾ ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു നൽകേണ്ടതാണ്. ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങളിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കഴിവതും അവലോകന യോഗങ്ങളിൽ ജില്ലാ കളക്ടർ പങ്കെടുക്കേണ്ടതും സാധിക്കാത്ത സ്ഥലങ്ങളിൽ പ്രതിനിധിയെ ചുമതലപ്പെടുത്തേണ്ടതുമാണ്. ഓരോ ബ്ലോക്ക്തല അവലോകനത്തിനും ജില്ലാ ആസൂത്രണസമിതി മെമ്പർമാർക്ക് ചുമതല വീതിച്ചു നൽകണം.

മുകളിൽ പറഞ്ഞ രീതിയിൽ അവലോകനം ജില്ലാ ആസൂത്രണസമിതി ചിട്ടപ്പെടുത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ചീഫ് വികേന്ദ്രീകൃതാസൂത്രണം മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ചീഫ് വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാര്

സംഗ്രഹം

ധനകാര്യ വകുപ്പ് – ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2019-20 – പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള വിവിധ ഫണ്ടുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്

സ.ഉ.(സാധാ) നം. 8228/2019/ധന തീയതി, തിരുവനന്തപുരം, 19/10/2019

പരാമർശം. (1) സ.ഉ.(അച്ചടി) നം.119/2015/ധന തീയതി 21/03/2015
(2) സർക്കുലർ നമ്പർ 27/2019/ധന തീയതി 23/03/2019
(3) ട്രഷറി ഡയറക്ടറുടെ 28/09/2019 ലെ TRY/12254/2019-E2 നമ്പർ കത്ത്

ഉത്തരവ്

പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം 23/03/2019 തീയതിയ്ക്ക് ശേഷം സമർപ്പിക്കുന്ന ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുന്നതാണെന്ന് പരാമർശം (2) പ്രകാരം സർക്കാർ അറിയിച്ചിരുന്നു.

2. പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ഇനിയും പണമാക്കി മാറ്റാതെ ട്രഷറി ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ സംബന്ധിച്ച് ട്രഷറി ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ഇനിയും പണമാക്കി മാറ്റാതെ ട്രഷറി ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനായി 19,93,56,110/- രൂപ (പത്തൊമ്പത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അമ്പത്താറായിരത്തി നൂറ്റിപ്പത്ത് രൂപ മാത്രം) ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളുടെ ഈ വർഷത്തെ വിഹിതത്തിൽ നിന്നും താഴെ വിശദീകരിച്ചിട്ടുള്ള പ്രകാരം വിവിധ ഇനങ്ങളിൽ അനുവദിച്ച് ഉത്തരവാകുന്നു:

പൊതു ആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട്

(തുക രൂപയിൽ)

പ്രാദേശിക സർക്കാരുകൾ	പൊതു ആവശ്യ ഫണ്ട്		റോഡിതര സംരക്ഷണ ഫണ്ട്		റോഡ് സംരക്ഷണ ഫണ്ട്	
	ശീർഷകം	തുക	ശീർഷകം	തുക	ശീർഷകം	തുക
മുനിസിപ്പൽ കോർപ്പറേഷൻ	3604-00-200-88-(01) NP	**0**	3604-00-200-87-(01) NP	**1915945**	3054-80-191-38 NP	**20638338**
മുനിസിപ്പാലിറ്റി	3604-00-200-88-(02) NP	**2723196**	3604-00-200-87-(02) NP	**3287571**	3054-80-192-38 NP	**0**
ജില്ലാ പഞ്ചായത്ത്	3604-00-200-88-(03) NP	**2551833**	3604-00-200-87-(03) NP	**0**	3054-80-196-38 NP	**0**
ബ്ലോക്ക് പഞ്ചായത്ത്	3604-00-200-88-(04) NP	**0**	3604-00-200-87-(04) NP	**2474914**	3054-80-191-38 NP	**0**
ഗ്രാമ പഞ്ചായത്ത്	3604-00-200-88-(05) NP	**10337928**	3604-00-200-87-(05) NP	**5085380**	3054-80-198-38 NP	**6129783**
ആകെ		**15612957**		**12763810**		**26768121**

വികസന ഫണ്ട്

(തുക രൂപയിൽ)

പ്രാദേശിക സർക്കാരുകൾ	പൊതു വിഭാഗം		എസ്.സി.പി.		ടി.എസ്.പി.		ധനകാര്യ കമ്മീഷൻ ഗ്രാന്റ്	
	ശീർഷകം	തുക	ശീർഷകം	തുക	ശീർഷകം	തുക	ശീർഷകം	തുക
മുനിസിപ്പൽ കോർപ്പറേഷൻ	3604-00-200-86-(01)-35 NP	**0**	3604-00-200-86-(06)-35 NP	**4530682**	3604-00-200-86-(11)-35 NP	**0**	3604-00-200-90-(01)-35 NP	**29240164**
മുനിസിപ്പാലിറ്റി	3604-00-200-86-(02)-35 NP	**12631585**	3604-00-200-86-(07)-35 NP	**1839500**	3604-00-200-86-(12)-35 NP	**847005**	3604-00-200-90-(02)-35 NP	**21836043**
ജില്ലാ പഞ്ചായത്ത്	3604-00-200-86-(03)-35 NP	**839390**	3604-00-200-86-(08)-35 NP	**0**	3604-00-200-86-(13)-35 NP	**0**	-	-
ബ്ലോക്ക് പഞ്ചായത്ത്	3604-00-200-86-(04)-35 NP	**1983328**	3604-00-200-86-(09)-35 NP	**905530**	3604-00-200-86-(14)-35 NP	**462000**	-	-
ഗ്രാമ പഞ്ചായത്ത്	3604-00-200-86-(05)-35 NP	**45291592**	3604-00-200-86-(10)-35 NP	**4522029**	3604-00-200-86-(15)-35 NP	**2817430**	3604-00-200-90-(05)-35 NP	**16464944**
ആകെ		**60745895**		**11797741**		**4126435**		**67541151**

3. പ്രാദേശിക സർക്കാരുകൾ തിരിച്ചുള്ള വിശദാംശങ്ങൾ I മുതൽ V വരെയുള്ള അനുബന്ധത്തിൽ നൽകിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ.ബി.
ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ

അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1281772)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം -I ഗ്രാമപഞ്ചായത്തുകൾ

കോഡ്	ഗ്രാമപഞ്ചായത്ത്	പൊതു ആവശ്യ ഫണ്ട് 3604-00-200-88(05) - NP	സംരക്ഷണ ഫണ്ട്		വികസന ഫണ്ട്			
			റോഡിതരം 3604-00-200-87(05) - NP	റോഡ് 3054-80-198-38-NP	പൊതു വിഭാഗം 3604-00-200-86 (05) -35 NP	എസ്.സി.പി. 3604-00-200-86 (10) - 35 NP	ടി.എസ്.പി. 3604-00-200-86 (15) -35 NP	ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 3604-00-200-90 (05) -35 NP
G010408	മാണിക്കൽ	0	0	0	0	10000	0	0
G010501	ആര്യനാട്	0	0	0	100000	0	0	0
G010506	കുറ്റിച്ചൽ	0	0	0	0	0	0	20000
G010508	കാട്ടാക്കട	0	0	0	0	0	0	268151
G010601	ആനാട്	0	0	0	38227	0	0	0
G010803	മാറനല്ലൂർ	0	0	0	0	0	0	538755
G010805	വിളപ്പിൽ	0	0	0	36223400	0	0	0
G010902	കൊല്ലയിൽ	0	0	0	288000	0	0	0
G010907	വെള്ളടറ	253779	0	0	0	0	0	0
G011004	കോട്ടുകാൽ	0	0	0	0	0	0	27636
G011101	ചെങ്കൽ	0	0	0	554700	456000	0	0
G011104	പാറശ്ശാല	0	0	0	520000	100000	0	235700
G020403	പിറവന്തൂർ	0	0	0	0	0	0	235413
G020506	കരവാളൂർ	0	0	0	0	0	0	157957
G020507	തെന്മല	0	0	0	0	0	0	215500
G020508	ആര്യങ്കാവ്	0	0	0	0	0	0	421209
G021105	വെളിനല്ലൂർ	0	0	0	0	0	0	156703
G030101	ആനിക്കാട്	139639	0	0	0	0	0	0
G030203	നിരണം	0	0	0	128931	0	0	0
G030303	കോയിപ്രം	2020390	0	0	0	0	0	0
G030402	ചെന്നീർക്കര	0	0	0	0	250000	0	0
G030605	വള്ളിക്കോട്	0	0	0	0	600000	0	0
G030704	ആറന്മുള	0	0	0	0	0	0	50000
G040103	പാണാവള്ളി	0	0	524422	47191	0	0	162868

G040605	ചമ്പക്കുളം	0	0	0	10000	0	0	0
G040704	കാവാലം	0	0	0	0	0	0	917540
G040806	ബുധന്നൂർ	0	0	0	0	0	67000	0
G041003	ചെന്നിത്തല തൃപ്പെരുന്തുറ	0	0	0	70400	68810	0	0
G050104	ടി.വി. പുരം	0	0	0	8400	46750	0	0
G050106	ഉദയനാപുരം	0	0	0	0	135000	181500	0
G050205	തലയോലപ്പറമ്പ്	0	0	269954	0	0	0	0
G050306	കുമരകം	0	107273	0	0	0	0	0
G050601	മേലുകാവ്	0	0	0	21420	0	0	0
G050802	പുതുപ്പള്ളി	0	0	0	0	0	0	44576
G050803	പനച്ചിക്കാട്	0	0	0	118720	540000	0	215569
G051001	ചിറക്കടവ്	0	0	0	420058	0	0	0
G051104	മണിമല	0	0	76856	0	0	0	0
G060103	ബൈസൺവാലി	0	0	2660292	0	0	0	0
G060201	മറയൂർ	0	0	1021414	228790	0	0	322924
G060404	ആലക്കോട്	0	0	0	0	0	0	308600
G060605	ഇരട്ടയാർ	262176	0	0	0	0	0	0
G060706	പുറപ്പുഴ	0	0	0	0	0	7663	0
G070402	മുടക്കുഴ	0	0	0	0	0	0	134991
G070403	വേങ്ങൂർ	0	0	0	143421	0	0	0
G070405	കൂവപ്പടി	0	0	0	0	100000	0	0
G070406	ഒക്കൽ	0	0	0	0	0	0	6615
G070504	ചൂർണ്ണിക്കര	0	0	0	25000	0	0	30130
G071206	പാമ്പാകുട	0	0	0	0	0	0	403557
G071301	പുത്തൻവേലിക്കര	0	0	0	0	0	0	65000
G071305	കുന്നുകര	0	0	0	22500	0	0	0
G071406	ആയവന	0	0	0	239594	6838	0	0
G071408	മാറാടി	0	300000	0	0	0	0	0
G080201	ചൂണ്ടൽ	0	0	0	120000	23500	0	0
G080202	ചൊവ്വന്നൂർ	0	0	0	3200	40000	0	0

G080203	കടവള്ളൂർ	0	0	0	0	17000	0	0
G080204	കണ്ടാണശ്ശേരി	0	119434	0	0	0	0	0
G080205	കാട്ടകാമ്പാൽ	0	296835	0	0	0	0	0
G080206	പോർക്കുളം	0	0	0	0	0	0	818160
G080207	കടങ്ങോട്	0	0	0	0	112500	0	932629
G080301	ദേശമംഗലം	684095	0	0	0	0	0	0
G080406	തിരുവില്വാമല	1207483	0	0	0	0	0	0
G080504	പുത്തൂർ	0	0	0	0	0	0	109958
G080606	കോലഴി	896337	0	0	0	0	0	0
G080704	വെങ്കിടങ്ങ്	0	0	0	0	0	0	268870
G080904	മണലൂർ	0	0	0	0	0	0	108685
G081102	കൊടകര	0	0	0	0	0	37000	0
G081107	വരന്തരപ്പിള്ളി	0	0	0	150000	0	0	0
G081301	പടിയൂർ	0	0	0	0	200000	0	0
G081303	പുത്തൻചിറ	0	0	0	0	60000	0	0
G090201	കൊപ്പം	0	0	0	0	13500	0	0
G090207	തിരുവേഗപുരം	0	0	0	0	0	0	283728
G090308	നെല്ലായ	0	0	331172	0	0	0	150000
G090402	കടമ്പഴിപുറം	0	0	0	0	0	0	52838
G090403	കരിമ്പുഴ	0	0	0	0	0	785033	0
G090504	കുമരംപുത്തൂർ	232373	0	0	0	0	0	0
G090509	തെങ്കര	0	0	0	0	0	112000	0
G090603	ഷോളയാർ	0	0	0	548949	0	0	451051
G090801	കോട്ടായി	0	0	0	0	33250	0	838438
G090805	പെരുങ്ങോട്ടുകുറിശ്ശി	766157	0	0	0	0	0	0
G091003	മുതലമട	0	0	0	0	0	0	894880
G091005	വടവന്നൂർ	0	0	0	0	150687	0	0
G091101	അയിലൂർ	0	0	0	0	0	150000	0
G091106	നെന്മാറ	0	0	0	405000	0	0	0
G091301	അകത്തേത്തറ	0	0	0	100000	0	0	0
G091302	മലമ്പുഴ	0	0	0	4236	0	0	0

G100102	ചുങ്കത്തറ	0	0	0	315462	0	0	0
G100207	എടപ്പറ്റ	0	0	0	0	0	16000	0
G100302	പാണ്ടിക്കാട്	0	0	0	25398	0	0	0
G100303	പോരൂർ	0	0	0	0	0	0	54936
G100306	വണ്ടൂർ	601064	0	0	0	0	0	0
G100407	വാഴക്കാട്	0	0	746897	0	0	0	0
G100408	പുളിക്കൽ	0	0	0	0	0	0	210450
G100501	ഊർങ്ങാട്ടിരി	0	0	0	0	23271	0	0
G100901	ആതവനാട്	0	0	0	0	154502	0	0
G100902	എടയൂർ	0	0	0	0	0	0	4000
G101401	തവനൂർ	0	0	0	378140	0	0	0
G101502	മാറഞ്ചേരി	0	0	0	505640	0	0	0
G101504	പെരുമ്പടപ്പ്	0	0	0	50000	0	0	0
G110102	ചോറോട്	0	0	0	119940	0	0	0
G110201	ചെക്കിയാട്	0	91848	0	247300	0	0	0
G110203	പുറമേരി	0	0	0	3000	0	0	0
G110206	വാണിമൽ	0	0	0	287362	0	0	0
G110207	നാദാപുരം	0	0	0	0	91298	0	0
G110304	കുറ്റിയാടി	0	0	498776	0	0	0	0
G110305	മറുതോങ്കര	548968	0	0	0	0	0	0
G110307	നരിപ്പറ്റ	0	0	0	493546	0	0	404998
G110401	ആയഞ്ചേരി	0	0	0	0	0	0	95000
G110601	ചെറുവണ്ണൂർ	0	0	0	15400	0	0	0
G110603	ചങ്ങരോത്ത്	0	333853	0	2747	0	0	0
G110607	ചക്കിട്ടപ്പാറ	0	0	0	0	0	0	1938873
G110705	ഉണ്ണികുളം	0	0	0	0	0	0	972400
G110903	കാക്കൂർ	0	0	0	0	0	0	400000
G111108	പെരുവയൽ	0	1293465	0	0	0	0	0
G111201	കടലുണ്ടി	0	0	0	21000	0	0	138954
G120103	തിരുനെല്ലി	0	0	0	740712	0	500000	0
G120203	മുള്ളംകൊല്ലി	0	0	0	10000	0	0	0

G120205	കണിയാമ്പറ്റ	0	116845	0	0	0	0	
G120301	മീനങ്ങാടി	197650	0	0	0	0	0	
G120404	മുട്ടിൽ	0	0	0	999600	0	0	
G130102	രാമന്തളി	615516	0	0	0	0	0	
G130202	ഏഴോം	0	423510	0	0	0	73000	
G130205	ചെറുകുന്ന്	0	0	0	0	0	89000	
G130302	ചെങ്ങളായ്	0	0	0	0	0	238792	
G130401	എരുവശ്ശി	0	0	0	0	0	0	194
G130402	ഇരിക്കൂർ	0	0	0	0	0	0	350
G130403	മലപ്പട്ടം	0	0	0	70374	0	0	
G130409	ഉളിക്കൽ	0	339293	0	0	0	0	
G130501	ചിറയ്ക്കൽ	0	0	0	0	0	0	32
G130504	വളപട്ടണം	0	0	0	0	0	0	124
G130603	കടമ്പൂർ	0	13413	0	0	0	0	246
G130605	ചെമ്പിലോട്	0	0	0	0	0	0	670
G130703	പിണറായി	168268	0	0	0	0	0	
G130707	വേങ്ങാട്	0	955036	0	0	0	0	
G130801	കതിരൂർ	0	0	0	0	0	0	954
G130806	പന്ന്യന്നൂർ	0	0	0	114084	0	0	
G130903	കുന്നോത്തുപ്പറമ്പ	0	0	0	0	375967	0	
G131003	കീഴല്ലൂർ	0	619794	0	0	0	0	
G140105	മഞ്ചേശ്വരം	0	0	0	0	169434	0	
G140201	ബേളൂർ	0	0	0	336000	303608	0	
G140205	ദേലംപാടി	0	0	0	0	231200	560442	
G140301	ചെങ്കള	383667	0	0	15750	160000	0	
G140304	മോഗ്രാൽ പുത്തൂര്	0	7062	0	0	0	0	
G140305	ബദിയടുക്ക	1360366	67719	0	0	48914	0	
	ആകെ	**10337928**	**5085380**	**6129783**	**45291592**	**4522029**	**2817430**	**16464**

അനുബന്ധം -II ബ്ളോക്ക് പഞ്ചായത്തുകൾ

കോഡ്	ബ്ലോക്ക് പഞ്ചായത്ത്	റോഡിതര സംരക്ഷണ ഫണ്ട് 3604-00-200-87(04) - NP	പൊതു വിഭാഗം 3604-00-200-86 (04) -35 NP	എസ്.സി.പി. 3604-00-200-86 (09) -35 NP	ടി.എസ്.പി. 3604-00-200-86 (14) -35 NP
B010500	വെള്ളനാട്	0	400000	0	0
B020600	കൊട്ടാരക്കര	0	0	0	322000
B030200	പുളിക്കീഴ്	471210	0	0	0
B050600	ഈരാറ്റുപേട്ട	1678955	0	0	0
B050700	പാമ്പാടി	0	1175936	0	0
B080200	ചൊവ്വന്നൂര്	0	4917	365000	0
B080900	അന്തിക്കാട്	0	0	162000	0
B081300	വെള്ളാങ്ങല്ലൂര്	0	0	28500	0
B081500	മാള	324749	381023	350030	0
B120100	മാനന്തവാടി	0	21452	0	0
B120200	പനമരം	0	0	0	140000
	ആകെ	**2474914**	**1983328**	**905530**	**462000**

അനുബന്ധം - III ജില്ലാ പഞ്ചായത്തുകൾ

കോഡ്	ജില്ലാ പഞ്ചായത്ത്	പൊതു ആവശ്യ ഫണ്ട് 3604-00-200-88(03) -NP)	പൊതു വിഭാഗം 3604-00-200-86 (03) -35 NP
D120000	വയനാട്	0	359390
D130000	കണ്ണൂര്	2551833	480000
	ആകെ	**2551833**	**839390**

അനുബന്ധം - IV മുനിസിപ്പാലിറ്റികൾ

കോഡ്	മുനിസിപ്പാലിറ്റി	പൊതു ആവശ്യ ഫണ്ട് 3604-00-200-88 (02) -NP	റോഡിതര സംരക്ഷണ ഫണ്ട് 3604-00-200-87(02) -NP	വികസന ഫണ്ട്			
				പൊതു വിഭാഗം 3604-00-200-86 (02) -35 NP	എസ്.സി.പി. 3604-00-200-86 (7) - 35 NP	ടി.എസ്.പി. 3604-00-200-86 (12) -35 NP	ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 3604-00-200-90 (02) -35 NP
M010300	നെടുമങ്ങാട്	0	0	3540128	0	0	0
M020300	പുനലൂര്	0	30171	0	0	0	0
M030300	പത്തനംതിട്ട	0	0	4229278	320000	0	0
M030400	പന്തളം	0	0	0	0	0	768492
M040400	കായംകുളം	0	0	0	0	476195	5416458
M070200	കോതമംഗലം	0	0	1295238	0	0	8299
M070600	നോർത്ത് പറവൂര്	0	0	777794	0	0	0
M070700	പെരുമ്പാവൂര്	0	0	0	90000	0	355668
M080100	ഗുരുവായൂര്	0	0	0	0	0	199997
M080700	വടക്കാഞ്ചേരി	2723196	0	0	0	0	0
M090100	ഒറ്റപ്പാലം	0	0	0	680000	0	1578829
M090600	ചെർപ്പുളശ്ശേരി	0	0	0	749500	0	0
M100100	പെരിന്തൽമണ്ണ	0	0	0	0	0	3342421
M100300	മഞ്ചേരി	0	2072824	0	0	0	0
M120100	കൽപ്പറ്റ	0	0	0	0	0	486753
M120200	മാനന്തവാടി	0	0	25056	0	0	0
M130100	മട്ടന്നൂര്	0	1134581	0	0	85810	9679126
M130900	പാനൂര്	0	49995	2264091	0	0	0
M140200	കാസർഗോഡ്	0	0	500000	0	285000	0
	ആകെ	**2723196**	**3287571**	**12631585**	**1839500**	**847005**	**21836043**

അനുബന്ധം - V മുനിസിപ്പൽ കോർപ്പറേഷനുകൾ

കോഡ്	മുനിസിപ്പൽ കോർപ്പറേഷന്	റോഡിതര സംരക്ഷണ ഫണ്ട് 3604-00-200-87(01) -NP	റോഡ് സംരക്ഷണ ഫണ്ട് 3054-80-191-38-NP	എസ്.സി.പി. 3604-00-200-86 (06) -35 NP	ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 3604-00-200-90 (01) -35 NP
C080100	തൃശൂര്	0	0	0	29240164
C110100	കോഴിക്കോട്	1915945	20638338	4530682	0
	ആകെ	**1915945**	**20638338**	**4530682**	**29240164**

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.156/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/12/2019

പരാമർശം:- 1 ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൻെറ സ.ഉ. (സാധാ)നം.499/2019/ആ.സാ.വ നമ്പർ ഉത്തരവ്, തീയതി 26.11.2019

ഉത്തരവ്

പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥ വ്യതിയാനവും അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന കേരളത്തിൽ, വെള്ളപ്പൊക്കം, വരൾച്ച, ഉരുൾ പൊട്ടൽ, കടൽക്ഷോഭം എന്നീ പ്രകൃതി ദുരന്തങ്ങൾ ജനങ്ങൾക്ക് വെല്ലുവിളിയാകുകയാണ്. ഈ സാഹചര്യത്തിൽ ഇത്തരം ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രാദേശികവും സമൂഹാധിഷ്ഠിതമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്. ഇതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ദുരന്ത നിവാരണ പദ്ധതി തയ്യാറേക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്തപ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ വർക്കുകൾ ഉൾപെടുത്തേണ്ടതുമാണ്.

3. 'ദുരന്തനിവാരണ പദ്ധതിയിൽ ചുവടെയുള്ള പ്രധാന ഘടകങ്ങൾ ഉണ്ടാകേണ്ടതാണ്.

- തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പൊതുവിവരങ്ങൾ (LSG Profile).
- അപകട സാധ്യത നിറഞ്ഞതും ദുരന്ത ദുർബലത സ്ഥിതി സ്ഥലങ്ങളുടേതുമായ രൂപരേഖ (Hazard and Vulnerability Profile).
- ക്ഷമതയും വിഭവങ്ങളും (Capacity and Resources)
- ദുരന്ത പ്രതികരണ ആസൂത്രണ രേഖ (Response Plan)
- ദുരന്ത അതിജീവന തയ്യാറെടുപ്പുകൾ, ദുരന്ത ലഘൂകരണം, സാമൂഹിക ശാക്തീകരണ പദ്ധതി (Preparedness, mitigation and community resilience plan)

4. അടിയന്തര പ്രതികരണ ടീം (Emergency Response Team) രൂപീകരണം

ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം സിദ്ധിച്ചവരും പ്രദേശത്തെ ഭൂഘടനയെ കുറിച്ച് അറിവുള്ളവരുമായ പ്രാദേശിക സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു അടിയന്തര പ്രതികരണ ടീം, ദേശീയ ദുരന്ത നിവാരണ ആക്ട് പ്രകാരം രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സന്നദ്ധ പ്രവർത്തകർ ദുരന്ത നിവാരണ-പ്രതിരോധ പ്രവർത്തനങ്ങളിൽ അടിസ്ഥാന ജ്ഞാനം ഉള്ളവരും ദുരന്ത മേഖലയിൽ ആവശ്യഘട്ടത്തിൽ അടിയന്തരമായി എത്തിച്ചേർന്ന് പ്രവർത്തനങ്ങൾ നടത്താൻ തയ്യാറുള്ളവരും ആയിരിക്കണം. ഇപ്രകാരമുള്ള 8 പേർ എങ്കിലും അടങ്ങുന്ന ഒരു ടീം ഓരോ വാർഡിലും ഉണ്ടായിരിക്കണം .

കാലേക്കൂട്ടി ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനും, ദുരന്തത്തിൽ ഉൾപ്പെട്ടവരെ കണ്ടെത്തി രക്ഷാപ്രവർത്തനം നടത്തി ദുരന്ത മേഖലയിൽ നിന്നും ഒഴിപ്പിക്കുന്നതിനും ദുരിതാശ്വാസ കേന്ദ്രങ്ങളുടെ നടത്തിപ്പിനും പ്രഥമ ശുശ്രൂഷ, അടിസ്ഥാന ജീവരക്ഷ ഉപാധി നൽകൽ എന്നിവയ്ക്കായി ഒരു തദ്ദേശസ്ഥാപനത്തിലും 4 ERT -കൾ വീതം രൂപീകരിക്കേണ്ടതാണ്.

5. ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങളും ചുമതലകളും

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പദ്ധതി വാർഷിക പദ്ധതിയുമായി ഏകോപിപ്പിക്കണം.
2. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള Incident Response System, അടിയന്തര പ്രതികരണ സേന എന്നിവയുടെ രൂപീകരണവും ശേഷി വർദ്ധിപ്പിക്കലും ഉറപ്പ് വരുത്തണം
3. തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ക്യാമ്പായി പ്രവർത്തിക്കാവുന്നവയുടെ പരിപാലനവും അടിസ്ഥാന സൗകര്യ മെച്ചപ്പെടുത്തലും

ഉറപ്പ് വരുത്തണം.

4. റവന്യൂ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നിവരുമായി ചേർന്ന് ദുരന്ത ബാധിതരെ മാറ്റിപാർപ്പിക്കുന്നതിനു വേണ്ടി കണ്ടെത്തിയിട്ടുള്ള സുരക്ഷിത സങ്കേതങ്ങളിലേയ്ക്കോ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്കോ മാറ്റി പാർപ്പിക്കുന്നതിനുള്ള ക്രമീകരണം ചെയ്യണം.

5.സുരക്ഷിത സങ്കേതങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും ആവശ്യം വേണ്ട കുടിവെള്ളം, ടോയ്‌ലറ്റ്, വെളിച്ചം എന്നിവ ലഭ്യമാക്കണം.

6. സർക്കാരും മറ്റ് ഏജൻസികളും വഴി നടപ്പിലാക്കുന്ന പുനരധിവാസ പ്രവർത്തികളുടെയും ക്ഷേമ പദ്ധതികളെയും സംബന്ധിച്ചുള്ള ബോധവൽക്കരണം ഉറപ്പ് വരുത്തണം.

6. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും അവസ്ഥാ പഠന രൂപരേഖ തയ്യാറാക്കുന്നതിനും 20 അംഗങ്ങൾ അടങ്ങുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരിക്കേണ്ടതാണ്. അവരുടെ പരിശീലനം കില, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവ സംയുക്തമായി നൽകുന്നതായിരിക്കും. ഇതുകൂടാതെ ഓരോ വാർഡ് തലത്തിലും സാമൂഹ്യ സംഘടനകൾ, NGO -കൾ, യുവജന സംഘടനകൾ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരെ -കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 20 പേർ അടങ്ങുന്ന ടീം രൂപീകരിക്കേണ്ടതാണ്.

7. ദുരന്തനിവാരണ പദ്ധതി രൂപീകരണം : നടപടി ക്രമങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിനും ആയത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ചുവടെയുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. പ്രാദേശികമായി ലഭ്യമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച്, പരിശീലനം സിദ്ധിച്ച ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് transect walk നടത്തി അവസ്ഥാ പഠനം നടത്തണം .
2. സ്ഥിതിവിവര കണക്കുകളും അവസ്ഥാ പഠനവും ആസ്പദമാക്കി കരട് ദുരന്തനിവാരണ പദ്ധതി തയ്യാറാക്കണം.
3. ഇപ്രകാരം തയ്യാറാക്കിയ കരട് ദുരന്തനിവാരണ പദ്ധതിയിന്മേൽ ഗ്രാമസഭ യോഗത്തിൽ ചർച്ച നടത്തേണ്ടതാണ്.

4. ഗ്രാമസഭ മുന്നോട്ട് വെയ്ക്കുന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച കരട് ദുരന്തനിവാരണ പദ്ധതി പഞ്ചായത്ത് കമ്മിറ്റി ചർച്ചയ്ക്ക് വയ്ക്കണം.

5. അന്തിമ ദുരന്തനിവാരണ പദ്ധതി ചർച്ച ചെയ്യാൻ പ്രത്യേക വികസന സെമിനാർ, വാർഷിക പദ്ധതി വികസന സെമിനാറിന് മുന്നോടിയായി നടത്തേണ്ടതാണ്.

6 അതിനു ശേഷം ദുരന്തനിവാരണ പദ്ധതി, തദ്ദേശ സ്വയംഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമാക്കണം.

8. ജൈവ വൈവിധ്യ മാനേജ്മെന്റ് – കാലാവസ്ഥ വ്യതിയാന – ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതല

ദുരന്തനിവാരണ പദ്ധതി രൂപീകരണത്തിനായുള്ള ഏകോപനം ഉറപ്പ് വരുത്തുന്നത് ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് ആണ്. ദുരന്തം നേരിടുന്നതിനുള്ള തയ്യാറെടുപ്പ്, പ്രതിരോധം, ലഘൂകരണം, എന്നീ പ്രവർത്തനങ്ങൾക് ഉത്പ്പാദനം, സേവനം, പശ്ചാത്തലം തുടങ്ങിയ മേഖലകളിൽ നിന്നുള്ള നിർദ്ദേശങ്ങളും ഇടപെടൽ പ്രവർത്തനങ്ങളും അനിവാര്യമായതിനാൽ ദുരന്തനിവാരണ പദ്ധതിയെ അടിസ്ഥാനമാക്കി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും ആവശ്യങ്ങൾ നിർണയിക്കുന്നതിനുമുള്ള പ്രൊജക്റ്റ് ആശയങ്ങൾക്ക് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. രൂപം നൽകുക. അന്തിമ ദുരന്തനിവാരണ പദ്ധതി തയ്യാറായി കഴിഞ്ഞാൽ അതത് മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത കുറിപ്പ് തയ്യാറാക്കി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറുന്നത് ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പ് ആണ്. കൂടാതെ, ബോധവൽകരണ പരിപാടികൾ, അടിയന്തര പ്രതികരണ ടീം (ERT) രൂപീകരണം, പരിശീലനം, തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പ്രൊജെക്ടുകൾ ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്.

9. ദുരന്ത നിവാരണ പദ്ധതി അംഗീകരിക്കലും വാർഷിക പദ്ധതിയിൽ ഉൾപെടുത്തലും – ജില്ലാ ആസൂത്രണ സമിതി

വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും, തദ്ദേശസ്വയംഭരണ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി പാലിക്കേണ്ടതാണ്. ദുരന്തനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കരട് വാർഷിക പദ്ധതിയിൽ ഉൾപെടുത്തേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. നിർദ്ദിഷ്ട template –ൽ ഉള്ള ദുരന്ത നിവാരണ പദ്ധതിയ്ക്ക് അംഗീകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൽകേണ്ടത്. ജില്ലാതലത്തിലുള്ള സാങ്കേതിക സമിതി ദുരന്തനിവാരണ പദ്ധതിയുടെ

സൂക്ഷ്മ പരിശോധന നടത്തിയ ശേഷം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്തനിവാരണ പദ്ധതി (LSG-DMP) ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതാണ്. ആയത് അന്തിമ അംഗീകാരത്തിനും റിക്കോർഡിനായും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയ്ക്ക് കൈമാറേണ്ടതാണ്.

ആസൂത്രണ പ്രക്രിയയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ, ജില്ലാ ആസൂത്രണ സമിതികൾ, മണ്ണ് സംരക്ഷണം, കാലാവസ്ഥ വ്യതിയാനം, ജല സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആസൂത്രണ ശില്പശാല ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തണം. ആയതിൽ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങൾ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി പങ്കുവെയ്ക്കേണ്ടതാണ്.

ദുരന്ത മാനേജ്മെന്റ് പ്ലാൻ മുന്നോട്ടു വയ്ക്കുന്ന ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം പരമാവധി കുറയ്ക്കുന്നതിനുമുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ, വിഭവലഭ്യത പരിഗണിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ കരട് രൂപരേഖയുടെ പകർപ്പും ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. അതിൽനിന്നും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പരിശീലനങ്ങളും കിലയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി നടത്തുന്നതായിരിക്കും.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ IKM (ഇൻഫർമേഷൻ കേരള മിഷൻ) വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിന്സിപ്പല് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും കോർപ്പറേഷൻ മേയർമാർക്കും
സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി യുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പതിമൂന്നാം പഞ്ചവത്സര പദ്ധതി - (2017-22) - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശ ഭരണസ്ഥാപനങ്ങൾ അവയുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.157/2019/ത.സ്വ.ഭ.വ **തിരുവനന്തപുരം, തീയതി: 05/12/2019**

പരാമർശം:- 1. 29.01.2018-ലെ സ.ഉ.(എം.എസ്)നം.11/2018/തസ്വഭവ
2. 02.02.2018-ലെ സ.ഉ.(എം.എസ്)നം.17/2018/തസ്വഭവ
3. 14.02.2018-ലെ സ.ഉ.(എം.എസ്)നം.22/2018/തസ്വഭവ
4. 06.08.2018 ലെ സ.ഉ.(എം.എസ്)നം.106/2018/തസ്വഭവ
5. 19.09.2018-ലെ സ.ഉ.(സാധാ)നം.2462/2018/തസ്വഭവ
6. 23.10.2018-ലെ സ.ഉ.(സാധാ)നം.2710/2018/തസ്വഭവ
7. 29.10.2018-ലെ സ.ഉ.(സാധാ)നം.2766/2018/തസ്വഭവ
8. 04.12.2019-ലെ സ.ഉ.(കൈ)നം.156 /2019/തസ്വഭവ

ഉത്തരവ്

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവ്വഹണം ആരംഭിക്കാൻ കഴിയുംവിധം വാർഷിക പദ്ധതി കാലേക്കൂട്ടി തയ്യാറാക്കുന്ന രീതിയിലേക്ക് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാറിക്കഴിഞ്ഞു. ഇപ്പോൾ, 2020-21 വർഷത്തേക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സമയമായിരിക്കുകയാണ്. ഡിസംബർ ആദ്യം പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ച് ജനുവരി അവസാനത്തോടെ ഗ്രാമ/വാർഡ് സഭകളുടെ യോഗം ചേരുന്ന രീതിയിൽ ആസൂത്രണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമെ മാർച്ച് മാസത്തിന്റെ തുടക്കത്തിൽ ആസൂത്രണ പ്രക്രിയ പൂർത്തിയാക്കി വാർഷിക പദ്ധതി നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടാൻ കഴിയുകയുള്ളു. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ചുവടെ വിവരിക്കുന്ന അധിക മാർഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

2020-21 വാർഷിക പദ്ധതി രൂപീകരണം

2. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് ഡിസംബർ ആദ്യവാരം തുടക്കം കുറിക്കേണ്ടതാണ്. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന മാർഗരേഖയായി ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ പരാമർശം 1 പ്രകാരമുള്ള മാർഗരേഖയും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പരാമർശം 2 പ്രകാരമുള്ള മാർഗരേഖയും സ്വീകരിക്കേണ്ടതാണ്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് പരാമർശം 3 പ്രകാരമുള്ള മാർഗരേഖ ബാധകമായിരിക്കും. ആസൂത്രണ മാർഗരേഖയ്ക്കും സബ്സിഡി

ജില്ലാ പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

3. ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശ ഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ, കഴിവതും വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനു മുമ്പായി ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് ജില്ലാ ആസൂത്രണ സമിതി പുറപ്പെടുവിക്കേണ്ടതാണ്.

4. താരതമ്യേന വലിയ പ്രോജക്ടുകൾ ഒറ്റയ്ക്കോ ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്തമായോ ഏറ്റെടുക്കുന്നതിനുള്ള കാര്യമായ പരിശ്രമം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇത്തരം പ്രോജക്ടുകൾ വികസനത്തിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കും. ഇതിന് ജില്ലാ ആസൂത്രണ സമിതിയും മുൻകൈയ്യെടുക്കേണ്ടതാണ്. സംയോജിത പരിപാടികളെയും സംയുക്ത പ്രോജക്ടുകളെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന് ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾക്കും സംയുക്ത പ്രോജക്ടുകൾക്കും പ്രോത്സാഹന ധനസഹായം നൽകുന്നതിന് സംസ്ഥാന സർക്കാർ ബജറ്റിൽ പ്രത്യേകം തുക മാറ്റിവച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ മാർഗരേഖ പരാമർശം 4 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംയോജിത / സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ ധാരണയുണ്ടാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും ഒരു സംയുക്തയോഗം ജനുവരി 20-ന് മുമ്പായി നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്.

പ്രത്യേക പരിഗണന നൽകേണ്ട വിഷയങ്ങൾ

5. തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2020-21 ൽ പ്രധാന പരിഗണ നൽകേണ്ടത് പുതിയ കേരളത്തിന്റെ സൃഷ്ടിക്കാണ്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർ നിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെയുള്ള വിശാല കാഴ്ചപ്പാടാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള പുനർ നിർമ്മാണ പരിപാടി (Rebuild Kerala Initiative) മുന്നോട്ട് വയ്ക്കുന്നത്. ഈ കാഴ്ചപ്പാട് കൂടി ഉൾക്കൊണ്ടുവേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിക്കേണ്ടത്.

6. പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് 2020-21 ൽ ബന്ധപ്പെട്ട പ്രദേശങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

7. കാർഷിക ആനുകൂല്യങ്ങൾ കൃഷി ആരംഭിക്കുന്ന ജൂണിൽ ലഭ്യമാകുന്നില്ല എന്ന വിമർശനം ചിലയിടങ്ങളിലെങ്കിലും ഉണ്ടാകുന്നുണ്ട്. വാർഷിക പദ്ധതി മുൻകൂട്ടി തയ്യാറാക്കുന്ന സമ്പ്രദായത്തിലേക്ക് മാറിക്കഴിഞ്ഞ സാഹചര്യത്തിൽ പ്രോജക്ടുകളുടെ അംഗീകാര നടപടികൾ വേഗത്തിലാക്കി കാർഷിക മേഖലയ്ക്ക് യഥാസമയം സഹായം എത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

8. സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെ കൈമാറിക്കിട്ടിയ ആസ്തികളുടെ അറ്റകുറ്റപ്പണികൾ ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

9. അതിവൃഷ്ടിയും മഴക്കെടുതിയും കാരണം തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്. കുഴികൾ അടയ്ക്കുക, വശങ്ങൾ ബലപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്. പി.എം.ജി.എസ്.വൈ റോഡുകളുടെ ഉടമസ്ഥത ജില്ലാ പഞ്ചായത്തുകൾക്ക് ആയതിനാൽ അത്തരം റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നിറവേറ്റുന്നതിന് ജില്ലാ പഞ്ചായത്തുകൾ പ്രത്യേക പരിഗണന നൽകേണ്ടതാണ്. ഇവയ്ക്കുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏപ്രിൽ 1 ന് നിർവ്വഹണം ആരംഭിക്കാൻ കഴിയുന്ന തരത്തിൽ അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

ദുരന്ത മാനേജ് മെന്റ് പ്ലാൻ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കൽ

10. അടുത്ത വർഷത്തെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒപ്പംതന്നെ, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച ഉത്തരവ് പരാമർശം 8 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ദുരന്ത മാനേജ്മെന്റ് പ്ലാനിന്റെ കരട് രൂപരേഖ അടുത്ത വർഷത്തെ പദ്ധതി ആസൂത്രണത്തിനുള്ള ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പായി തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന കരട് രേഖ ഗ്രാമ/വാർഡ് സഭാ യോഗങ്ങളിൽ ചർച്ചയ്ക്ക് വിധേയമാക്കണം. തുടർന്ന് രേഖ അന്തിമമാക്കുന്നതിനായി വാർഷിക പദ്ധതി വികസന സെമിനാറിനു മുമ്പായി ദുരന്ത നിവാരണ പ്ലാനിന് വേണ്ടി ഒരു പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. ദുരന്ത മാനേജ്മെന്റ് പ്ലാനിലെ പദ്ധതി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുവേണം വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2020-21 ലേക്കുള്ള വാർഷിക പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ "ജൈവവൈവിദ്ധ്യ മാനേജ് മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം" എന്ന വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിച്ച് ദുരന്തമാനേജ് മെന്റ് പ്ലാൻ തയ്യാറാക്കണം. വാർഷിക പദ്ധതിയുമായുള്ള സംയോജനം ഉറപ്പാക്കുന്നതിനുവേണ്ടി ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പായി എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ ഒരു സംയുക്ത യോഗം പ്രസിഡന്റിന്റെ/ചെയർപേഴ്സൺന്റെ/മേയറുടെ അധ്യക്ഷതയിൽ ചേരേണ്ടതാണ്.

11. ദുരന്ത മാനേജ്മെന്റ് പ്ലാൻ മുന്നോട്ടു വയ്ക്കുന്ന ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം പരമാവധി കുറയ്ക്കുന്നതിനുമുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ വിഭവലഭ്യത പരിഗണിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ കരട് രൂപരേഖയുടെ പകർപ്പും ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. അതിൽനിന്നും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

വാർഷിക പദ്ധതി അടങ്കൽ

12. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ 2019-20 വാർഷിക പദ്ധതിക്ക് അനുവദിച്ച അത്രയും തുക തന്നെ അടുത്ത വർഷത്തേക്ക് ലഭ്യമാകും എന്ന് കണക്കാക്കി പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. 2020 ജനുവരിയിൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നതോടെ യഥാർത്ഥ വിഹിതം എത്രയെന്ന് വ്യക്തമാകും. ബജറ്റ് വിഹിതം അറിഞ്ഞുകഴിഞ്ഞാൽ അതിന് അനുസൃതമായിവേണം തുടർന്നുള്ള ആസൂത്രണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടത്. ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി മാത്രമെ അന്തിമ വാർഷിക പദ്ധതി സമർപ്പിക്കാൻ പാടുള്ളു.

13. നടപ്പ് വാർഷിക പദ്ധതിയിൽ നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകളിൽ മാർച്ച് 31-ന് പൂർത്തിയാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ അടുത്ത വർഷം സ്പിൽ ഓവറായി തുടരുമ്പോൾ അവയ്ക്ക് വേണ്ട സ്പിൽ ഓവർ വിഹിതം കണ്ടെത്തുന്നതിന് വേണമെങ്കിൽ ഇപ്പോൾ 2020-21-ലെ വാർഷിക പദ്ധതി രൂപീകരിക്കുന്ന സമയത്ത് തന്നെ ഒരു നിശ്ചിതസംഖ്യ (lumpsum provision) സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ടി മാറ്റി വയ്ക്കാവുന്നതാണ്. എല്ലാ വിഭാഗത്തിലും ഇപ്രകാരം നിശ്ചിത സംഖ്യ പ്രത്യേകം മാറ്റി വയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത സംഖ്യ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾ തന്നെ മാറ്റി വയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും.

പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിയന്ത്രണം

14. നിലവിലുള്ള ഭരണ സമിതിയുടെ അവസാന വർഷമാണ് 2020-21 എന്നതിനാൽ പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ മുമ്പ് ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ, 2020-21 വർഷത്തേക്കുള്ള പ്രോജക്ട് ഘടകം പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

മിഷൻ അന്ത്യോദയ സർവേയും ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയും (Grama Panchayat Development Plan-GPDP)

15. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും 2020-21 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായുള്ള 'മിഷൻ അന്ത്യോദയ സർവ്വെ' ഇപ്പോൾ നടക്കുകയാണ്. ഗ്രാമങ്ങളിലെ വികസന പ്രശ്നങ്ങളും വിടവുകളും (gaps) കണ്ടെത്തി കൃത്യമായ ആസൂത്രണത്തിലൂടെ വികസന പദ്ധതികൾ രൂപപ്പെടുത്തി നടപ്പാക്കുകയാണ് ലക്ഷ്യം. സർവ്വെയിലൂടെ ലഭ്യമാകുന്ന വിവരങ്ങളുടെ വിശദാംശങ്ങൾ ആസൂത്രണ പ്രക്രിയയുടെ തുടക്കത്തിൽ തന്നെ ഗ്രാമപഞ്ചായത്തിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്. സർവ്വെയിലെ കണ്ടെത്തലുകൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും അവ വിശകലനം ചെയ്ത് പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും വേണം. സർവ്വെയിലെ കണ്ടെത്തലുകൾ ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

16. കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan) എന്ന പേരിൽ ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കിവരികയാണ്. കേരളത്തിൽ ഗ്രാമ പഞ്ചായത്തുകളിലെ 2019-20 വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേക്ക് നൽകിയതുപോലെ അടുത്ത വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിശദാംശങ്ങളും നൽകേണ്ടതുണ്ട്. 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച് പരാമർശം 7 പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ 2020-21 വാർഷിക പദ്ധതി രൂപീകരണത്തിന്റെ കാര്യത്തിലും ബന്ധപ്പെട്ടവർ പാലിക്കേണ്ടതാണ്.

സമയക്രമം

17. വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് ഇവിടെ നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

ക്രമ നം	പ്രവർത്തനം		പൂർത്തിയാക്കേണ്ട അവസാന തീയതി
1	ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കൽ	:	2019 ഡിസംബർ 7
2	സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരണം	:	ഡിസംബർ 25
3	ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡി.പി.സി തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ	:	2020 ജനുവരി 1
4	കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ	:	ജനുവരി 6
5	ഗ്രാമ / വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ	:	ജനുവരി 15
6	സംയുക്ത പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗം	:	ജനുവരി 20
7	ഗ്രാമ /വാർഡ് സഭാ യോഗങ്ങൾ	:	ഫെബ്രുവരി 8
8	ദുരന്ത മാനേജ്മെന്റ് പ്ലാനിനുവേണ്ടിയുള്ള പ്രത്യേക വികസന സെമിനാർ	:	ഫെബ്രുവരി 15
9	വാർഷിക പദ്ധതി വികസന സെമിനാർ	:	ഫെബ്രുവരി 19
10	വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ	:	ഫെബ്രുവരി 22
11	പ്രോജക്ടുകൾ തയ്യാറാക്കൽ	:	ഫെബ്രുവരി 29
12	വാർഷിക പദ്ധതി സമർപ്പണം	:	മാർച്ച് 5
	ജില്ലാ ആസൂത്രണസമിതി അംഗീകാരം	:	മാർച്ച് 14
13	അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ	:	മാർച്ച് 20

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ.എ.എസ്

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസനകമ്മീഷണർ,തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

മെമ്പർ സെക്രട്ടറി , സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

ചീഫ്, വികേന്ദ്രീകൃതാസൂത്രണം.

ഡയറക്ടർ, കില, തൃശ്ശൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും .

എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് സെക്രട്ടറി യുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിതകേരളം മിഷൻ - നീർച്ചാലുകളും അതിന്റെ കൈവഴികളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ച് ജല സംരക്ഷണം സാധ്യമാക്കാനുതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.2864/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/12/2019

പരാമർശം:- ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 29/10/2019 ലെ 2115/എ1/എച്ച്.കെ.എം./2018 നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ പ്രധാനപ്പെട്ട നീർച്ചാലും അതിന്റെ കൈവഴികളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ച് ജല സംരക്ഷണം സാധ്യമാക്കാനുള്ള നടപടികളെടുക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01/08/2019 ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന്റെ പരിധിയിലെ ഒരു നീർച്ചാലും അതിന്റെ ഉപനീർച്ചാലുകളും തെരഞ്ഞെടുത്ത് സംസ്ഥാന വ്യാപകമായി പൊതുജന പങ്കാളിത്തത്തോടെ ശുചീകരണ പരിപാടി നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ചില പ്രവൃത്തികൾ യന്ത്രസഹായത്തോടെ നിർവ്വഹിക്കേണ്ടിവരുന്നതിനാൽ ഒരു ലക്ഷം രൂപയോളം ആവശ്യമായി വരുന്നു. ഇത്തരത്തിൽ പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന തുക മാലിന്യ സംസ്കരണത്തിനായി മാറ്റി വയ്ക്കപ്പെട്ടതും ചെലവഴിക്കപ്പെടാത്തതുമായ തുകയിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനായി പൊതുജന പങ്കാളിത്തത്തോടെ ശുചീകരണ പരിപാടി നടത്തുന്നതിനായി, മാലിന്യ സംസ്കരണത്തിനായി മാറ്റി വയ്ക്കപ്പെട്ടതും ചെലവഴിക്കപ്പെടാത്തതുമായ തുകയിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ഒരു ലക്ഷം രൂപ വരെ വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബീനമോൾ കെ ജെ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൻ, ഹരിതകേരളം മിഷൻ

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.)

ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾ (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.170/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/12/2019

പരാമർശം:- 1 സ.ഉ.(സാധാ)നം.1105/2019/ത.സ്വ.ഭ.വ, തീയതി 30.05.2019

2 സ.ഉ.(സാധാ) നം.9823/2019/ധന, തീയതി 12.12.2019

ഉത്തരവ്

2018 ലെ മഹാപ്രളയവും ഉരുൾപൊട്ടലും സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക വിഹിതം നൽകുന്നതിനായി 2019-20-ലെ സംസ്ഥാന ബജറ്റിൽ 250 കോടി രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ നിന്നും വിഹിതം ലഭിക്കുന്നതിന് അർഹതപ്പെട്ട പ്രാദേശിക സർക്കാരുകളെ കണ്ടെത്തുന്നതിന് മാനദണ്ഡങ്ങൾ സമർപ്പിക്കുന്നതിനും അതിൻപ്രകാരം ഓരോ തദ്ദേശസ്ഥാപനങ്ങൾക്കും നൽകേണ്ട തുക സംബന്ധിച്ച് നിർദേശം നൽകുന്നതിനും പരാമർശം (1) പ്രകാരം രൂപീകരിച്ച സമിതി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽപ്രകാരം ബഡ്ജറ്റിൽ മാറ്റിവെച്ചിരുന്ന തുകയിൽ നിന്നും 212.50 കോടി രൂപ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി അർഹതപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ചു നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. മേൽ പ്രകാരം പ്രത്യേക വിഹിതം ലഭിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി അവലംബിക്കേണ്ട അനുബന്ധമായി പ്രതിപാദിക്കുന്ന മാർഗരേഖ അംഗീകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത്

ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും (ചീഫ്, വികേന്ദ്രീകൃതാസൂത്രണം മുഖേന)
ധനകാര്യ (എസ്.എഫ്.സി.- എ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (1394207)

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

പ്രളയ ബാധിത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ

1. ആമുഖം

1.1 2018 ലെ മഹാപ്രളയവും ഉരുൾപൊട്ടലും സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക വിഹിതം നൽകുന്നതിനായി 2019-20-ലെ സംസ്ഥാന ബജറ്റിൽ 250 കോടി രൂപ വകയിരുത്തിയിരുന്നു. ഇപ്രകാരം മാറ്റിവെച്ചിരുന്ന തുകയിൽ നിന്നും 212.50 കോടി രൂപ (പൊതു വിഭാഗം വിഹിതം - 167.49 കോടി രൂപ, പട്ടികജാതി ഉപപദ്ധതി വിഹിതം - 39.14 കോടി രൂപ, പട്ടിക വർഗ ഉപപദ്ധതി വിഹിതം-5.87 കോടി രൂപ) നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി അർഹതപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ചു നൽകിക്കൊണ്ട് 12-12-2019-ലെ സഉ(സാധാ) നം.9823/2019/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രത്യേക വിഹിതം ലഭിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക വിനിയോഗിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന മാർഗരേഖ അവലംബിക്കേണ്ടതാണ്.

1.2 പ്രളയത്തിൽ തകർന്നതോ കേടുപാടുകൾ സംഭവിച്ചതോ ആയ പൊതു ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും വാർഷിക പദ്ധതിയിൽപ്പെടുത്തി നിർവഹിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2018-19 ലെയും 2019-20 ലെയും വാർഷിക പദ്ധതികളിൽ നിന്നും വിഹിതം കണ്ടെത്തി ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ കാര്യമായ പരിശ്രമം നടത്തിയിട്ടുണ്ട്. എന്നിരുന്നാലും, പുനർനിർമ്മാണമോ അറ്റകുറ്റപ്പണിയോ നിർവഹിക്കേണ്ട പ്രവൃത്തികൾ ഇനിയും അവശേഷിക്കുന്നുണ്ടാകാം. അത്തരം പ്രവർത്തികൾക്കുവേണ്ട തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായും അനുവദിക്കുന്നുണ്ട്. ആയതിനാൽ പ്രത്യേക വിഹിതമായി ലഭിക്കുന്ന തുക പരമാവധി ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്.

2. ജീവനോപാധി പരിപാടികൾ

2.1 പ്രകൃതി ദുരന്തത്താൽ ജീവനോപാധി മാർഗം ഇല്ലാതായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുവേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ ബന്ധനം, ചെറുകിട വ്യവസായം, തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ മേഖലകളിൽ ഗുണഭോക്താക്കൾ ഇപ്പോൾ താല്പര്യപ്പെടുന്നതും അവർക്ക് അനുയോജ്യമായതും ആയ ഉപജീവന മാർഗം എതാണോ അത് നിർവഹിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വേണം പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടത്. പ്രകൃതി ദുരന്തത്തിലൂടെ പ്രത്യക്ഷമായോ പരോക്ഷമായോ ജീവനോപാധി മാർഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ഉപജീവന മാർഗങ്ങൾ ഉണ്ടാക്കുകയാണ്

മുഖ്യലക്ഷ്യമെങ്കിലും വിഹിതം ബാക്കിയുണ്ടെങ്കിൽ ഉപജീവനമാർഗങ്ങൾക്ക് ധനസഹായം ആവശ്യമായ മറ്റുള്ളവരെയും പരിഗണിക്കാവുന്നതാണ്.

2.2 സംസ്ഥാന സർക്കാർ കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പ്രത്യേക ജീവനോപാധി പാക്കേജുമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ ജീവനോപാധി പരിപാടികൾ സംയോജിപ്പിച്ച് നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

2.3 ജീവനോപാധി പരിപാടികൾ തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് അപേക്ഷ ക്ഷണിക്കേണ്ടതാണ്. ഇതിന് വ്യാപക പ്രചാരണം നൽകണം. അപേക്ഷാഫോറത്തിൽ, പ്രളയത്തിലൂടെ നഷ്ടമായ ജീവനോപാധിയുടെ വിശദാംശങ്ങൾ, നഷ്ടപ്പെട്ട അതേ ജീവനോപാധിമാർഗം തന്നെയാണോ തുടർന്നും ആഗ്രഹിക്കുന്നത്, മറ്റേതെങ്കിലും ജീവനോപാധി മാർഗമാണ് അഗ്രഹിക്കുന്നതെങ്കിൽ അതിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

2.4 പ്രകൃതി ദുരന്തത്താൽ ജീവനോപാധി മാർഗങ്ങൾ നഷ്ടപ്പെട്ടവരിൽ ഒട്ടേറെപ്പേർക്ക് ഇതിനോടകം വിവിധ വകുപ്പുകൾ മുഖേന ആനുകൂല്യം ലഭിച്ചിട്ടുണ്ട്. അതിനാൽ, ഇത്തരത്തിൽ ആനുകൂല്യം ലഭിച്ചവരുടെ ഒരു പട്ടിക തയ്യാറാക്കുന്നത് ഉചിതമായിരിക്കും. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക വിഹിതമായി ലഭ്യമാകുന്ന പിരമിതമായ വിഭവത്തിന്റെ വിതരണത്തിലെ ഇരട്ടിപ്പും ദുർവ്യയവും ഒഴിവാക്കുന്നതിന് സഹായിക്കും.

2.5 അപേക്ഷകൾ പരിശോധിച്ച് പ്രോജക്ട് ആശയങ്ങൾക്ക് രൂപം നൽകുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും ആസൂത്രണ സമിതി അംഗങ്ങളുടെയും ഒരു സംയുക്ത യോഗം വിളിച്ചു ചേർക്കേണ്ടതാണ്. യോഗത്തിലേക്ക് വിദഗ്ധരെക്കൂടി ക്ഷണിച്ച് പ്രോജക്ട് ആശയങ്ങൾ ചർച്ച ചെയ്യുന്നതിന് ശ്രമിക്കണം. പുതിയ തൊഴിൽ മേഖലകൾ കൂടി പരിഗണിച്ചുകൊണ്ട് അനുയോജ്യമായ രംഗത്ത് ഗുണഭോക്താക്കൾ ഒറ്റയ്ക്കോ ഗ്രൂപ്പായോ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഉപജീവനമാർഗം തെരഞ്ഞെടുക്കുമ്പോൾ കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പ്രോജക്ട് ആശയങ്ങൾക്ക് ഉയർന്ന പരിഗണന നൽകണം.

2.6 മുൻഖണ്ഡികയിൽ പ്രതിപാദിച്ച പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും നടക്കുന്ന യോഗങ്ങളിൽ, കുടുംബശ്രീ മിഷൻ ആവിഷ്കരിച്ച ജീവനോപാധി പാക്കേജിന്റെ ഭാഗമായി അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അവതരിപ്പിക്കുന്നതിന് ആവശ്യമായ നടപടി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സ്വീകരിക്കേണ്ടതാണ്. ഈ യോഗത്തിലേക്ക് സി.ഡി.എസ് ചെയർപേഴ്സണെയും ക്ഷണിക്കേണ്ടതാണ്.

2.7 പ്രോജക്ട് ആശയങ്ങൾ പരിചയപ്പെടുത്തി അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടു ക്കുന്നതിനും ഓരോ ഗുണഭോക്താവിനും അനുയോജ്യമായ ഉപജീവനമാർഗം തെരഞ്ഞെടുക്കുന്നതിനുമായി, അർഹരായ അപേക്ഷകരുടെ ഒരു സംയുക്തയോഗം ചേരാവുന്നതാണ്. യോഗത്തിൽ വച്ച് ഓരോരുത്തരുടെയും താല്പര്യങ്ങൾകൂടി പരിഗണിച്ച് വ്യക്തിഗതവും ഗ്രൂപ്പ് അധിഷ്ഠിതവുമായ വിവിധ പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ രൂപം നൽകേണ്ടതാണ്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ പ്രകൃതി ദുരന്തത്താൽ പ്രത്യക്ഷത്തിലോ പരോക്ഷത്തിലോ ജീവനോപാധി നഷ്ടപ്പെട്ടവരെ ആദ്യം പരിഗണിക്കണം. അതിനുശേഷം മാത്രം അപേക്ഷകരിലെ ഏറ്റവും അർഹരായ മറ്റുള്ളവരെ വ്യക്തമായ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ സുതാര്യമായി കണ്ടെത്തണം.

2.8 അപേക്ഷകരുടെ സംയുക്ത യോഗത്തിൽ വച്ച് പ്രോജക്ടുകൾക്ക് രൂപം നൽകിയതിനുശേഷം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും യോഗം ചേർന്ന് വിഭവ ലഭ്യതയ്ക്കനുസരിച്ച് ജീവനോപാധി പരിപാടികൾക്ക് അന്തിമരൂപം നൽകേണ്ടതാണ്.

2.9 തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ നിശ്ചിത ഫോറങ്ങളിൽ പ്രോജക്ട് വിശദാംശങ്ങൾ തയ്യാറാക്കി 2019-20 വാർഷിക പദ്ധതിയുടെ ഭാഗമാക്കിയതിനുശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

3. വിഭവവും സബ്സിഡി മാനദണ്ഡങ്ങളും

3.1 പ്രത്യേക വിഹിതം, വികസന ഫണ്ട്, തനത് ഫണ്ട്, സ്പോൺസർഷിപ്പ് വിഹിതം, ധനകാര്യ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ ജീവനോപാധി പരിപാടികൾക്കുള്ള വിഭവമായി പരിഗണിക്കേണ്ടതാണ്.

3.2 തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തുള്ള സർവീസ് സഹകരണ ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും വായ്പാ സാധ്യത പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. സബ്സിഡിക്ക് ഉപരിയായി ഗുണഭോക്താവ് കണ്ടെത്തേണ്ട വിഹിതം കുറഞ്ഞ നിരക്കിൽ വായ്പയായി ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കണം.

3.3 ജീവനോപാധി നഷ്ടപ്പെട്ട എല്ലാവർക്കും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജീവനോപാധി പരിപാടികളുടെ ഭാഗമായി ധനസഹായം ലഭ്യമാക്കാൻ കഴിയാതെ വരുന്ന സാഹചര്യമുണ്ടെങ്കിൽ കുടുംബശ്രീ ഉൾപ്പെടെ മറ്റ് ഏജൻസികളും വകുപ്പുകളും മുഖേന ജീവനോപാധി മാർഗങ്ങൾ കണ്ടെത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻകൈയ്യെടുക്കണം.

3.4 പ്രകൃതി ദുരന്തത്താൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് സബ്സിഡി മാർഗരേഖ അനുസരിച്ചുള്ള യൂണിറ്റ് കോസ്റ്റിന്റെ 100 ശതമാനം വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. മറ്റുള്ളവർക്ക് നിലവിലുള്ള സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമായ സബ്സിഡി നൽകാവുന്നതാണ്.

4. ജീവനോപാധി ഇതര പരിപാടികൾ

4.1 ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിനൊപ്പം മുൻഗണന അർഹിക്കുന്നതും അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതുമായ ചുവടെ പ്രതിപാദിക്കുന്ന പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്.

(i) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (ഡി.ഡി.എം.എ) വിജ്ഞാപനം ചെയ്തിട്ടുള്ള ദുരിതാശ്വാസ കേന്ദ്രങ്ങളുടെ (shelters) നവീകരണവും സൗകര്യങ്ങൾ മെച്ചപ്പെടുത്തലും

(ii) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി കൂടിയാലോചിച്ച് പുതിയ ഷെൽറ്ററുകൾ സ്ഥാപിക്കൽ.

(iii) പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ (ഉദാ: നീർച്ചാലുകളുടെ വീതി കൂട്ടൽ, അധിക ജലം ഒഴുകിപ്പോകുന്നതിന് തടസമായി നിൽക്കുന്ന നിർമ്മിതികൾ പുതുക്കിപ്പണിയൽ)

(iv) പ്രളയത്തിൽ തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും

(v) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും പ്രളയത്തിൽ നാശനഷ്ടമുണ്ടായതുമായ ഗ്രന്ഥശാലകളുടെ പുനർനിർമ്മാണ പ്രവൃത്തികളും പുസ്തകങ്ങൾ വാങ്ങി നൽകലും

4.2 നിർമ്മിതികൾ ദുരന്താതിജീവന ശേഷിയുള്ളതായിരിക്കണമെന്നാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുന്നോട്ട് വയ്ക്കുന്ന സമീപനം. ഇതുകൂടി പരിഗണിച്ചുകൊണ്ടുവേണം പ്രോജക്ടുകൾ നടപ്പാക്കേണ്ടത്.

5. മറ്റ് നിർദ്ദേശങ്ങൾ

5.1 പ്രത്യേക വിഹിതമായി ലഭിക്കുന്ന തുകയ്ക്ക് മേഖലാ നിബന്ധനകൾ ബാധകമല്ല.

5.2 സുലേഖ സോഫ്റ്റ് വെയറിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ, പ്രത്യേക വിഹിതമായി ലഭിക്കുന്ന തുകയെ, വികസന ഫണ്ട് വിഹിതത്തിനുള്ളിൽ "പ്രത്യേക വിഹിതം" എന്ന കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

5.3 ഈ മാർഗരേഖ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ, ഇതിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറത്തിൽ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

5.4 ഈ മാർഗരേഖ പ്രകാരം തയ്യാറാക്കുന്ന പ്രോജക്ടുകളുടെ വെറ്റിംഗ് നടപടിക്രമങ്ങൾ പൂർത്തിയാക്കി 2020 ജനുവരി 4-ന് മുൻപ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

****

അനുബന്ധം

പ്രളയ ബാധിത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം (2019-20) വിനിയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ / നഗരസഭയുടെ പേര്.....ജില്ല.....

ക്രമ നം	പ്രോജക്ടിന്റെ പേര്	പ്രോജക്ടിന്റെ ലക്ഷ്യം സംബന്ധിച്ച ലഘുവിവരണം	വിഭാഗം	മേഖല	ഗുണഭോക്താക്കൾ (എണ്ണം)/ ഭൗതിക ലക്ഷ്യം (യൂണിറ്റ് ഉൾപ്പെടെ)	വകയിരുത്തൽ (രൂപയിൽ)				
						വികസന ഫണ്ട് (General/ SCP/TSP)	പ്രത്യേക വിഹിതം (General/ SCP/TSP)	തനത് ഫണ്ട്	മറ്റുള്ളവ	ആകെ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
(എ)	ജീവനോപാധി പരിപാടികൾ									
(ബ)	മറ്റ് പ്രോജക്ടുകൾ									
ആകെ										

നം.10/18/SRG/LSGD/CC

തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം
27.12.2019

കുറിപ്പ്

വിഷയം :- ജനകീയാസൂത്രണം - 2019-20 വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച്

1 12.12.2019-ലെ 9823/2019/ധന നമ്പർ ഉത്തരവ് പ്രകാരം മഹാ പ്രളയം ബാധിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ മാറ്റി വച്ചിരുന്ന തുകയിൽ നിന്ന് അധിക വിഹിതം നൽകിയിട്ടുണ്ട്. ഈ തുകയുടെ ഉപയോഗം സംബന്ധിച്ച് 23.12.2019-ലെ 170/2019/ തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഇതോടൊപ്പം ഇതിനകം അംഗീകരിച്ച നടപ്പ വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അത്യാവശ്യം ഭേദഗതികൾ വരുത്താവുന്നതാണ്.

ഇതിനായി 30.12.2019 മുതൽ 15.01.2020 വരെ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യം ഉണ്ടായിരിക്കും. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 15.01.2020 നകം ഭേദഗതി/ പുതിയ പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട താണ്.

2 വാർഷിക പദ്ധതിയിലെ മറ്റു പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും പുതിയവ കൂട്ടിച്ചേർക്കുന്നതിനും താഴെപ്പറയുന്ന നിബന്ധന പാലിക്കേണ്ടതാണ്. ഇത്തരം ഭേദഗതിക്കും മുകളിൽ പറഞ്ഞ സമയപരിധി ബാധകമാണ്.

2.1 വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അനുമതി നൽകാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്താൽ

2.2 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, സർക്കാർ നിർദ്ദേശപ്രകാരം എടുക്കേണ്ട പ്രോജക്ടുകൾ ഉൾപ്പെടുത്താൻ

2.3 ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയുമുള്ള പ്രോജക്ട് ഒഴിവാക്കുന്നതിന്

2.4 കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ലഭിച്ച തുകയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, അഗതിരഹിത പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തൽ

2.5 2019-20 -ലെ വാർഷികപദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും തലത്തിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടു ണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്

2.6 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.പി/റ്റി.എസ്.പി പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ

വന്നാൽ (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കുന്നതിന്

2.7 ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യേണ്ടതാണ്.

2.8 ധനവകുപ്പിന്റെ 21.12.2019-ലെ 10050/2019/ധന നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ മൂന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അങ്കണവാടി അദ്ധ്യാപകർക്കും സഹായികൾക്കും നൽകേണ്ട അധിക തുക സാമൂഹ്യനീതി ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം. ഈ തുക കണ്ടെത്തുന്നതിനുള്ള ഭേദഗതിയും ഈ തുകയ്ക്കു വേണ്ട പ്രോജക്ടുകളും തയ്യാറാക്കൽ.

3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകളിൽ നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യമായ എൻട്രികൾ വരുത്തിയിട്ടില്ലെങ്കിൽ അവ ഈ സമയത്ത് ഉൾപ്പെടുത്തണം.

4. ഏതെങ്കിലും പ്രോജക്ടുകൾ ഒഴിവാക്കുകയാണെങ്കിൽ ഇങ്ങനെ ലഭിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കോ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മറ്റ് പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനോ ഉപയോഗിക്കേണ്ടതാണ്. തുക മിച്ചം ഉണ്ട് എങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾക്ക് ഉപയോഗിക്കാവൂ. വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ മേഖലാ വിഭജനമടക്കമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം. ഭേദഗതി/പുതിയ പ്രോജക്ടുകൾ വെറ്റിംഗ്/സാങ്കേതികാനുമതിയ്ക്കു ശേഷമാണ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടത്.

5. കാലതാമസം കൂടാതെ മാനദണ്ഡ പ്രകാരമുള്ള ഭേദഗതി/പുതിയ പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതി പരിഗണിച്ച് തീരുമാനമെടുക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടി ജില്ലാ കളക്ടർ ജില്ലാ ആസൂത്രണസമിതി ചെയർമാനുമായി ആലോചിച്ച് സ്വീകരിക്കണം.

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കുടുംബശ്രീ തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.64/2020/തസ്വഭവ തിരുവനന്തപുരം, തീയതി, 06/01/2020

പരാമർശം.-1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.12.2019- ലെ 4189/എം/2010/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019 -ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നം. 4.66.

ഉത്തരവ്

കുടുംബശ്രീ ശൃംഖലയിൽ സംസ്ഥാനത്തൊട്ടാകെ 7000 ലേറെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിലായി ഒരു ലക്ഷത്തിലേറെ അംഗങ്ങൾ ഉള്ളതായും ഊരുതലത്തിൽ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഒരു ജനകീയ പരിപാടി ഡിസംബർ ജനുവരി മാസങ്ങളിൽ കുടുംബശ്രീ നടത്തുന്നുണ്ടെന്നും അതിനാൽ അത്തരത്തിൽ കുടുംബശ്രീ ഊരുസമിതികളും, എഡിഎസുകളും തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ അതത് ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിനു വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി മുൻപാകെ പരാമർശം (1) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

(2) വാർഷിക പദ്ധതിയിൽ പട്ടിക വർഗ്ഗ പദ്ധതികൾ ഊരുകൂട്ടങ്ങളിലെ ചർച്ചകളുടേയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നതെന്ന് 06.12.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം നിരീക്ഷിച്ചു ഇതിനു സഹായകരമായി കുടുംബശ്രീ തയ്യാറാക്കുന്ന പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (2) പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി.
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

PAN/17316/2019-J8(DP) 20/01/2020

സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതി (2017-22) - നവകേരളത്തിന് ജനകീയാസൂത്രണം - മൂല്യാധിഷ്ഠിത ഗ്രാമസഭ സംഘാടനം, ഗുണഭോക്തൃ തെരെഞ്ഞെടുപ്പ്, ദുരന്തനിവാരണ പദ്ധതി നടപ്പിലാക്കൽ - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1 സർക്കാരിന്റെ 10.09.1998 ലെ 37806/എൽ 3/98/തസ്വഭവ നമ്പർ സർക്കുലർ
2 സർക്കാരിന്റെ 03.08.2004 ലെ 22675/എൽ 3/99/തസ്വഭവ നമ്പർ സർക്കുലർ
3 സർക്കാരിന്റെ 18.08.2004 ലെ 37710/ഡി.പി1/2004/തസ്വഭവ നമ്പർ സർക്കുലർ
4 സ.ഉ(കൈ)നം.10/2017/തസ്വഭവ തീയതി 09.01.2017
5 സ.ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.11.2018
6 സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018
7 സ.ഉ(കൈ)നം.156/2019/തസ്വഭവ തീയതി 04.12.2019
8 സ.ഉ(കൈ)നം.157/2019/തസ്വഭവ തീയതി 05.12.2019
9 സ.ഉ(കൈ)നം.09/2020/തസ്വഭവ തീയതി 06.01.2020
10 സ.ഉ(സാധാ)നം.2933/2019/തസ്വഭവ തീയതി 23.12.2019
11 സ.ഉ(കൈ)നം.6/2019/പരി. തീയതി 27.11.2019
12 സ.ഉ(കൈ)നം.7/2019/പരി. തീയതി 17.12.2019

പ്രാദേശിക വികസനത്തിന്റെ ജീവനാഡി ജനപങ്കാളിത്തത്തോടെയുള്ള പദ്ധതി ആസൂത്രണമാണ്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് കരട് പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കി കഴിഞ്ഞാൽ ആയത് ഗ്രാമസഭകൾ മുൻപാകെ സമർപ്പിച്ച് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളതും പ്രോജക്ടുകൾ വിഭാവനം ചെയ്യുന്ന ഗുണഭോക്താക്കളെ നിശ്ചിതമാനദണ്ഡങ്ങൾ പാലിച്ച് ഗ്രാമസഭകൾ തെരെഞ്ഞെടുക്കണമെന്നുള്ളതും ഗ്രാമപഞ്ചായത്തുകളുടെ നിയമപരമായ ബാധ്യതയാണ്. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതി പരിഗണിച്ച 18175/1996 നമ്പർ ഹർജിയിന്മേൽ

04.04.1997 ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിൽ സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടത് നിയമപരമായ ആവശ്യമാണെന്നും പദ്ധതി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന സംഗതിയിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതികൾ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന അധികാരസ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭ തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുന്ന അധികാരസ്ഥാനങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതികളെന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കാണെന്നും ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം സുതാര്യവും അർഹത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായിരിക്കണമെന്നും ഇത് സംബന്ധിച്ച് വിവേചനമോ സ്വേച്ഛാധിപത്യ പ്രവണതയോ ഉണ്ടായാൽ അത് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ മാത്രമല്ല ഇന്ത്യൻ ഭരണ ഘടനയുടെ 14–ാം അനുച്ഛേദം എല്ലാ പൌരന്മാർക്കും ഉറപ്പ് നൽകുന്ന സമത്വാവകാശത്തിന്റെ ലംഘനമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ഗ്രാമസഭകളാണെന്നിരിക്കെ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ഗ്രാമസഭകൾ 1994 ലെ കേരള പഞ്ചയാത്ത് രാജ് ആക്ട് അദ്ധ്യായം രണ്ട്, വകുപ്പ് 3, 3 എ, 3 ബി എന്നിവ അനുശാസിക്കുന്ന രീതിയിൽ കൂടുന്നില്ലെന്നും, ഗ്രാമസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിവിധ പദ്ധതികൾക്ക് വ്യക്തിഗത ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് സുതാര്യമാക്കുന്നതിനും സൂചന(1),(2),(3) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്നും മേൽ കാരണങ്ങളാൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതികളിലൂടെ പൊതുധനം വിനിയോഗിച്ച് നടപ്പിലാക്കുന്ന വികസന പദ്ധതികൾ ഫലവത്താകുന്നില്ലെന്നും ഗ്രാമസഭ സംഘാടനം ശരിയായ രീതിയിയിൽ നടത്താത്തതിനാൽ യാഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നതായും സർക്കാർ വിവിധ മിഷനുകളിലൂടെ നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലം സമൂഹത്തിലെ ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നില്ലായെന്നുമുള്ള അനേകം പരാതികൾ നിലനിൽക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ ജനകീയ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി അധികാര വികേന്ദ്രീകരണ നിയമങ്ങളുടെയും തത്വങ്ങളുടെയും അന്തസത്തക്കനുസൃതമായി ഗ്രാമസഭകൾ

സംഘടിപ്പിക്കുന്നതിനും ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനും താഴെപ്പറയുന്ന പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു . ഇത് എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതും ഇത് സംബന്ധിച്ച് വീഴ്ചകൾ ഉണ്ടായാൽ ആയത് ഗൌരവമായി കണ്ട് കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

1. എല്ലാ ഗ്രാമപഞ്ചായത്തിലും കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കൽ നിർബന്ധമായും ഗ്രാമസഭ ചേരേണ്ടതാണ്. പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടിയോ , കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശത്തിന്റെയോ , പ്രത്യേക സർക്കാർ ഉത്തരവിന്റെയോ അടിസ്ഥാനത്തിൽ ചേരുന്ന ഗ്രാമസഭ യോഗങ്ങളെ ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങളായി കണക്കാക്കേണ്ടതും അവ മേൽപ്പറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുന്നതായി കണക്കാക്കാൻ പാടില്ലാത്തതുമാണ്.
2. ഗ്രാമസഭ യോഗം വിളിച്ചു കൂട്ടുന്നതിനുള്ള ചുമതല ഗ്രാമസഭാ കൺവീനറായ വാർഡ് മെമ്പറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. എന്നാൽ ഒരു മെമ്പർക്ക് ശാരീരിക അസുഖം മൂലമോ മറ്റേതെങ്കിലും നീതീകരിക്കാവുന്ന കാരണങ്ങളാലോ പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിന് സാധിക്കാതെ വന്നാൽ , പ്രസിഡന്റ് തൊട്ടടുത്തുള്ള ഏതെങ്കിലും വാർഡിലെ അംഗത്തെ പ്രസ്തുത ഗ്രാമസഭയുടെ കൺവീനറായി നിയമിക്കേണ്ടതാണ്. (ഒരു വാർഡ് അംഗം താൻ കൺവീനറായിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി മൂന്ന് തവണ വീഴ്ച വരുത്തിയാൽ പ്രസ്തുത മെമ്പർ തൽസ്ഥാനത്ത് തുടരാൻ അയോഗ്യനായി തീരുന്നതാണ്).
3. ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണപരിപാടികൾ ഗ്രാമപഞ്ചായത്തുകളിലുടനീളം സംഘടിപ്പിക്കേണ്ടതാണ്. ഓരോ ഗ്രാമസഭയുടെയും പ്രധാന അജണ്ടയും പ്രത്യേക അജണ്ടയും ഗ്രാമപഞ്ചായത്ത് സമിതി മുൻകൂട്ടി തീരുമാനിക്കേണ്ടതും ആയത് പൊതു ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതുമാണ്.
4. ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ബന്ധപ്പെട്ട ഗ്രാമസഭയുടെ കൺവീനറുമായി കൂടിയാലോചിച്ച് ഗ്രാമസഭയുടെ സ്ഥലവും , തീയതിയും, സമയവും

നിശ്ചയിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങൾ രാവിലെ 8 മണിക്കും വൈകുന്നേരം 6 മണിക്കും ഇടയ്ക്കുള്ള സമയങ്ങളിൽ കൂടേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി യോഗത്തിന്റെ സ്ഥലവും, തീയതിയും, സമയവും ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ ഗ്രാമസഭാ നോട്ടീസ് ഗ്രാമസഭാ പ്രദേശത്തെ പൊതു സ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു വിതരണ കേന്ദ്രങ്ങൾ, അംഗൻവാടികൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ, മാർക്കറ്റുകൾ, പൊതു സ്ഥാപനങ്ങൾ, വാർത്താബോർഡുകൾ, ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവടങ്ങളിൽ പ്രദർശിപ്പിക്കേണ്ടതും ഇത് സംബന്ധിച്ച അറിയിപ്പുകൾ പത്ര ദൃശ്യമാധ്യമങ്ങളിലൂടെ നൽകേണ്ടതുമാണ്. ഗ്രാമസഭ കൂടുന്ന സ്ഥലവും, തീയതിയും, സമയവും ഗ്രാമസഭാംഗങ്ങളെ അറിയിക്കുവാനും അവരെ യോഗത്തിൽ പങ്കെടുപ്പിക്കാനും ബന്ധപ്പെട്ട കൺവീനർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

5. ഗ്രാമസഭ യോഗത്തിലേക്ക് ഗ്രാമസഭ ഉൾപ്പെടുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗത്തെയും , ജില്ലാ പഞ്ചായത്ത് അംഗത്തെയും, ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ഗ്രാമസഭ കൺവീനർ ക്ഷണിക്കേണ്ടതാണ്.
6. ഗ്രാമസഭയിലെ അംഗസംഖ്യയുടെ പത്ത് ശതമാനം അംഗങ്ങൾ ഹാജരായാൽ ഗ്രാമസഭ യോഗത്തിന്റെ ക്വാറം തികയുന്നതാണ്. ക്വാറം തികയാതെ മാറ്റിവെയ്ക്കുന്ന ഗ്രാമസഭ യോഗം വീണ്ടും കൂടുമ്പോൾ പ്രസ്തുത യോഗത്തിന് 50 ഗ്രാമസഭാംഗങ്ങൾ അല്ലെങ്കിൽ ഗ്രാമസഭയിലെ അംഗസംഖ്യയുടെ പത്ത് ശതമാനം ഇതിലേതാണോ ഏറ്റവും കുറഞ്ഞത് അത് ബന്ധപ്പെട്ട ഗ്രാമസഭയുടെ ക്വാറമായി കണക്കാക്കേണ്ടതാണ്.
7. ഗ്രാമസഭ യോഗത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റും രണ്ട് പേരുടേയും അസാന്നിദ്ധ്യത്തിൽ ഗ്രാമസഭ കൺവീനറും അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.
8. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിക്കുന്നതനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥർ ഗ്രാമസഭ യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

9. ഗ്രാമസഭാ യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ച് ഗ്രാമസഭ കൺവീനർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി ആലോചിച്ച് അജണ്ട തയ്യാറാക്കേണ്ടതാണ്. ഏതു പ്രശ്നത്തെ സംബന്ധിച്ചും യോഗത്തിൽ ഭൂരിപക്ഷ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടതാണ്. കഴിയുന്നതും പൊതുസമ്മത പ്രകാരമുള്ള തീരുമാനങ്ങൾ എടുക്കാൻ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭാ യോഗങ്ങളിൽ വാർഡിന്റെ വികസന പ്രശ്നങ്ങൾ തരംതിരിച്ച് ചർച്ച ചെയ്യേണ്ടതും നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളുടെ കൃത്യമായ മുൻഗണന നിശ്ചയിക്കേണ്ടതുമാണ്.

10. ഗ്രാമപഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിപ്പിക്കുന്ന രീതിയിലാണ് ഗ്രാമസഭ യോഗത്തിന്റെ കാര്യ പരിപാടി രൂപപ്പെടുത്തേണ്ടത് . ഗ്രാമസഭ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ / വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ വിശദമായി സംഘടിപ്പിക്കേണ്ടതാണ്.

11. ഗ്രാമസഭക്ക് വേണ്ടി എല്ലാ വാർഡുകളിലേയും ഒരു പൊതു സ്ഥലത്ത് ഒരു സ്ഥിരം വാർത്ത ബോർഡ് സ്ഥാപിക്കേണ്ടതാണ് . വാർത്താ ബോർഡിന് ചുരുങ്ങിയത് 1 മീ x 0.06 മീ വിസ്തീർണ്ണമുണ്ടായിരിക്കേണ്ടതാണ്. വാർത്താബോർഡിൽ ഗ്രാമപഞ്ചായത്തിന്റെ പേര്, വാർഡിന്റെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം. യോഗ നോട്ടീസ്, യോഗത്തിൽ ചർച്ച ചെയ്യുന്ന വിഷങ്ങൾ, യോഗ തീരുമാനങ്ങൾ, ഗ്രാമസഭ അറിയേണ്ട പ്രധാന കാര്യങ്ങൾ എന്നിവ വാർത്താബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്.

12. ഗ്രാമസഭക്ക് ആവശ്യമെങ്കിൽ പത്തിൽ കുറയാത്ത അംഗങ്ങളുള്ള സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

13. ഗ്രാമസഭയിലെ 10 ശതമാനം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ അതിലുന്നയിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി ഗ്രാമസഭയുടെ ഒരു പ്രത്യേക യോഗം 15 ദിവസത്തിനകം കൺവീനർ വിളിച്ചു കൂട്ടേണ്ടതാണ്. ഇത്തരം പ്രത്യേക യോഗം വിളിച്ച് കൂട്ടുന്നത് രണ്ട് സാധാരണ ഗ്രാമസഭാ യോഗങ്ങൾക്കിടയിൽ ഒരിക്കൽ മാത്രം മതിയാകുന്നതാണ്.

14. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ ചേരുന്നതിനു മുമ്പായി പട്ടികവർഗ്ഗ ഊരുകൂട്ടങ്ങളിൽ ഗ്രാമസഭാ യോഗത്തിന്

സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ആകെ വോട്ടർമാരിൽ 50 ശതമാനത്തിൽ അധികം അംഗങ്ങൾ ഊരുകൂട്ടയോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കഴിയുന്നത്ര ഊരുകൂട്ടയോഗങ്ങളിൽ പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതും ബന്ധപ്പെട്ട വാർഡിലെ ഗ്രാമപഞ്ചായത്ത് അംഗം എല്ലാ ഊരുകൂട്ടയോഗങ്ങളിലും നിർബന്ധമായും പങ്കെടുക്കേണ്ടതുമാണ്. ഊരുകൂട്ടങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടേയും, എസ്.റ്റി പ്രൊമോട്ടർമാരുടേയും സേവനം നിർബന്ധമാക്കേണ്ടതും ഉരുകൂട്ടയോഗങ്ങളിൽ ബന്ധപ്പെട്ട എസ് .റ്റി പ്രൊമോട്ടർമാർ പങ്കെടുക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

15. ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിന് മുമ്പ് ഒരോ ഊരിലും വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഊരുകളിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനമായിരിക്കണം ഊരുകൂട്ട യോഗത്തിലെ മുഖ്യ ചർച്ച വിഷയം. ഊരുകളിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ മുൻഗണന അതത് ഊരുകൂട്ടങ്ങളിൽ നിശ്ചയിക്കേണ്ടതാണ്. ഊരുകൂട്ടം നിശ്ചയിക്കുന്ന മുൻഗണനകൾ ഗ്രാമസഭാ യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

16. മത്സ്യ വകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ഊരുകൂട്ടം മാതൃകയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി മത്സ്യസഭകൾ സംഘടിപ്പിക്കേണ്ടതാണ്. കുറഞ്ഞത് 25 മത്സ്യത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭയ്ക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്.

17. ഓരോ ഗ്രാമസഭയിലും നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളുടെ പ്രവർത്തന അവലോകന റിപ്പോർട്ട്, നീർത്തട വികസനം, ജലവിതരണം, വൈദ്യുതി, കൃഷി, ദാരിദ്ര്യ നിർമ്മാർജ്ജനം, പട്ടിക ജാതി, പട്ടിക വർഗ്ഗ വികസനം , വനിത വികസനം, ആരോഗ്യം, വിദ്യാഭ്യാസം മുതലായ വികസന മേഖലകളെക്കുറിച്ച് ഗ്രാമസഭ ചർച്ചക്ക് ആവശ്യമായ വിശദമായ

റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തയ്യാറാക്കി ഗ്രാമസഭാ അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

18. ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , വാർഷിക കണക്കുകളുടെ സ്റ്റേറ്റ് മെന്റ്, വാർഷിക ഭരണ റിപ്പോർട്ട് എന്നിവ ഗ്രാമസഭ യോഗങ്ങളിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങൾ ഗ്രാമപഞ്ചായത്ത് പരിഗണിക്കേണ്ടതുമാണ്.

19. ഒരു വാർഡിനെ സംബന്ധിച്ച് മുൻ വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ വികസന പരിപാടികളും നടപ്പു വർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളും അതിനുവേണ്ടിവരുന്ന ചെലവും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക ബഡ്ജറ്റിന്റെ വിശദാംശങ്ങളും ഓരോ മേഖലക്കുമുള്ള പദ്ധതി വിഹിതം ഉൾപ്പെടെ സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം , നികുതി വിഹിതം എന്നിവയെ സംബന്ധിച്ച വിവരങ്ങളും ഒരു സാമ്പത്തിക വർഷത്തെ ആദ്യത്തെ ഗ്രാമസഭ യോഗത്തിൽ കൺവീനർ അവതരിപ്പിക്കേണ്ടതും ആയത് ഗ്രാമസഭ വാർത്താബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

20. പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പൊതു ജനത്തിന്റെ അഭിപ്രായം സ്വീകരിക്കുന്നതിന് വകുപ്പിന്റെ വെബ് സൈറ്റിൽ ഗ്രാമസഭ വിൻഡോ സൌകര്യം ലഭ്യമാക്കുന്നതാണ്. ഈ വിവരം പത്ര-ദൃശ്യമാധ്യമങ്ങളിലൂടെയും നോട്ടീസിലൂടെയും പരസ്യപ്പെടുത്തേണ്ടതും വെബ് സൈറ്റ് വഴി ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ അർഹമായ പരിഗണന നൽകേണ്ടതുമാണ്.

21. ഇൻഫർമേഷൻ കേരള മിഷൻ വകസിപ്പിച്ചിട്ടുള്ള ഗ്രാമസഭാ ഓൺലൈൻ പോർട്ടൽ സംവിധാനം എല്ലാ ഗ്രാമപഞ്ചായത്തുകളും കുറ്റമറ്റ രീതിയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

22. ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതി തയ്യാറാക്കുന്നത് ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കേണ്ടതാണ്.

23. ഗ്രാമസഭകളുടെ തീരുമാനങ്ങൾക്കും ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും ഗ്രാമപഞ്ചായത്ത് അർഹമായ പരിഗണന നൽകേണ്ടതാണ്. സ്വീകാര്യമല്ലാത്ത നിർദ്ദേശങ്ങളും ശുപാർശകളും ഗ്രാമസഭ നൽകിയാൽ അവ സ്വീകാര്യമല്ലാത്തതിന്റെ കാരണം ബന്ധപ്പെട്ട ഗ്രാമസഭാ കൺവീനർ

ഗ്രാമസഭയെ അറിയിക്കേണ്ടതാണ്.

24. ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരെയോ , ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയോ , ജീവനക്കാരെയോ ഗ്രാമസഭ കോ-ഓർഡിനേറ്റർമാരായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം ഗ്രാമസഭാ കോ - ഓർഡിനേറ്റർമാരായി ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥർ ഗ്രാമസഭാ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിലും , അവയുടെ നടത്തിപ്പിലും, മിനിട്ട്സ് രേഖപ്പെടുത്തുന്നതിലും, തുടർ നടപടികളെടുക്കുന്നതിലും കൺവീനറെ സഹായിക്കേണ്ടതാണ് .ഗ്രാമസഭ കോ-ഓർഡിനേറ്ററായി നിയോഗിക്കുന്ന ഗ്രാമപഞ്ചായത്തുകളിലേയും ഘടക സ്ഥാപനങ്ങളിലേയും ചില ജീവനക്കാർ ഡ്യൂട്ടി ഏറ്റെടുക്കുന്നില്ലെന്നും അത് ഗ്രാമസഭ സംഘാടനത്തിന് തടസ്സമാകുന്നുവെന്നും അനേകം പരാതികൾ ലഭിക്കുന്നുണ്ട്. നിയമാനുസരണം ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ കോ-ഓർഡിനേറ്റർമാരായി നിശ്ചയിക്കുന്ന ജീവനക്കാർ പ്രസ്തുത ചുമതല വീഴ്ചകൂടാതെ നിർവ്വഹിക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച് പരാതികൾ ബോദ്ധ്യപ്പെട്ടാൽ ടി ജീവനക്കാർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ് . (സ.ഉ(സാധാ)നം.3055/2019/ആ.കു.വ തീയതി 19.12.2019 പ്രകാരം ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ ഗ്രാമസഭ കോ -ഓർഡിനേറ്റർമാരായി നിയമിക്കാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്)

25. ഗ്രാമസഭാ കോ- ഓർഡിനേറ്റർ ഗ്രാമസഭാ തീരുമാനങ്ങൾ ഗ്രാമസഭ കഴിഞ്ഞാൽ ഉടൻ തന്നെ എഴുതി തയ്യാറാക്കി ഗ്രാമസഭാ അദ്ധ്യക്ഷൻ , കൺവീനർ, ഉദ്യോഗസ്ഥർ ഗ്രാമസഭാ യോഗത്തിൽ പങ്കെടുത്തവർ എന്നിവരുടെ സാക്ഷ്യപ്പെടുത്തൽ വാങ്ങി തൊട്ടടുത്ത പ്രവൃത്തി ദിവസം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഗ്രാമസഭാ മിനിട്ട്സും, അനുബന്ധ രേഖകളും തിരികെ ഏൽപ്പിക്കേണ്ടതാണ് . ഗ്രാമസഭയുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫുകൾ, ഗ്രാമസഭാ നോട്ടീസുകൾ എന്നിവ മിനിട്ട്സ് ബുക്കിനൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാമസഭ തീരുമാനങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പരിഗണനയ്ക്ക് അയക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭാ യോഗത്തിന്റെ തൊട്ടടുത്ത ദിവസം തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ബന്ധപ്പെട്ട സ്ഥാപന മേലധികാരികൾക്ക് അയച്ചുനൽകേണ്ടതാണ്.

26. സർക്കാർ കാലാകാലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തനുമായി പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പ്രകാരം ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.(സൂചന 4,5,6 മാർഗ്ഗരേഖകൾ കാണുക)

27. ഗ്രാമസഭകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(എ), 3(ബി) വകുപ്പുകൾ പൊതുജനങ്ങൾക്ക് ഉറപ്പ് നൽകുന്ന അധികാരങ്ങളും, ചുമതലകളും, അവകാശങ്ങളും, ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് സെമിനാറുകൾ/ചർച്ച ക്ലാസ്സുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും സംഘടിപ്പിക്കേണ്ടതാണ്.

28. ഏതെങ്കിലും പദ്ധതിക്കോ, പ്ലാനിനോ വേണ്ടി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടി വരുമ്പോൾ അതിനുള്ള അർഹതയും, മുൻഗണന ക്രമവും മാനദണ്ഡങ്ങളും പദ്ധതിയിലോ, പ്രോജക്ടിലോ, പ്ലാനിലോ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി സർക്കാർ നിശ്ചയിച്ച് പരസ്യപ്പെടുത്തിയിട്ടുള്ളത്, കൺവീനർ ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കുന്നതിന് ഗ്രാമസഭാ പ്രദേശത്തുനിന്നും അപേക്ഷിച്ചിട്ടുള്ളവരുടെ മുൻഗണനാക്രമത്തിലുള്ള കരട് ലിസ്റ്റ് അവരെക്കൂടെ ക്ഷണിച്ചുകൊണ്ടുള്ള ഗ്രാമസഭ യോഗത്തിൽ സൂക്ഷ്മ പരിശോധന നടത്തിയ ശേഷം അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിലെ മുൻഗണന ക്രമത്തിന് മാറ്റം വരുത്തുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുള്ളതല്ല.

29. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് ആവശ്യമായി വരുന്ന സംഗതിയിൽ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർവ്വഹണ കലണ്ടറിലെ സമയക്രമം പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ് . പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ്

വരുത്തേണ്ടതും ഇത് സംബന്ധിച്ച സാക്ഷ്യപത്രം സമയബന്ധിതമായി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

30. 2018, 2019 വർഷങ്ങളിൽ കേരളം നേരിട്ട സമാനതകളില്ലാത്ത പ്രളയത്തിന്റെയും മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും, ദുരന്ത നിവാരണത്തിനും, ദുരന്ത മുന്നരുക്കങ്ങൾക്കുമായി **'നമ്മൾ നമുക്കായി'** എന്ന നാമധേയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2020-2021 വാർഷിക പദ്ധതി മുതൽ ദുരന്ത നിവാരണ പദ്ധതി വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതി രൂപീകരണത്തിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക വാർഡ് തല ഗ്രാമസഭായോഗങ്ങൾ കൂടുന്നതിനുമായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (7), (8), (9) ഉത്തരവുകളിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ പ്രളയത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ഫലമായി സംസ്ഥാനത്തുണ്ടായ മരണങ്ങൾ ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ സംഭവിച്ച നാശനഷ്ടങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ ഇത്തരത്തിൽ പ്രകൃതി ദുരന്തങ്ങൾ ഉണ്ടായാൽ ആയത് ലഘൂകരിക്കുന്നതിന് അടിസ്ഥാനപരമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ആണ് എന്ന് കണ്ട് സർക്കാർ ആവിഷ്കരിച്ച ദുരന്ത നിവാരണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും വീഴ്ച കൂടാതെ നിർവ്വഹിക്കേണ്ടതും ഇത് സംബന്ധിച്ച നിശ്ചിത ഗ്രാമസഭകളുടെ സംഘാടനം മേൽ സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിച്ച് നടത്തേണ്ടതുമാണ്.

31. മനുഷ്യവിഭവശേഷി കണ്ടെത്തി പ്രാദേശിക വികസനവും സ്വയംപര്യാപ്തതയും പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനായി ഗ്രാമസഭകൾ മുഖേന പ്രൊഫഷണലുകളുടെ പട്ടിക എല്ലാ ഗ്രാമപഞ്ചായത്തുകളും തയ്യാറാക്കേണ്ടതും ഇവരുടെ സേവനം പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തേണ്ടതുമാണ്. കേരളത്തിലെ എൻജിനീയറിംഗ് വിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കുവാനും അവരുടെ പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിച്ച് തൊഴിൽ അവസരങ്ങൾ

സൃഷ്ടിക്കുവാനും വേണ്ടി സൂചന (10) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് അടിയന്തിര തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

32. സംസ്ഥാനത്ത് 01.01.2020 മുതൽ ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് പൂർണ്ണമായ നിരോധനം ഏർപ്പെടുത്തി സൂചന (11), (12) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്ലാസ്റ്റിക് വസ്തുക്കൾ മണ്ണിനും മനുഷ്യനും പരിസ്ഥിതികളും ഹാനികരമാകുന്നത് സംബന്ധിച്ചും അതിന്റെ ഉപയോഗം നിയന്ത്രിക്കേണ്ടത് സംബന്ധിച്ചും പ്ലാസ്റ്റിക് വസ്തുക്കൾ കത്തിക്കുന്നതിലൂടെ മനുഷ്യനും പരിസ്ഥിതിക്കും ഉണ്ടാകുന്ന ദോഷങ്ങളെ സംബന്ധിച്ചും ഗ്രാമസഭായോഗങ്ങളിൽ പ്രത്യേകം അജണ്ട ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതും പ്ലാസ്റ്റിക് വസ്തുക്കൾ സുരക്ഷിതമായി നീക്കംചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കേണ്ടതുമാണ്.

33. വാർഷിക പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പഞ്ചായത്ത് തല ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നതിന് മുമ്പ് പ്രസ്തുത വാർഷിക പദ്ധതിയിൽ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്നതും ഗുണഭോക്തൃ പട്ടിക ആവശ്യമുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ സെക്രട്ടറി രേഖാമൂലം ബന്ധപ്പെട്ട ജില്ലാപഞ്ചായത്തിനോടും ബ്ലോക്ക് പഞ്ചായത്തിനോടും ആരായേണ്ടതും അത് പ്രകാരം ലഭിക്കുന്ന പദ്ധതികൾക്കും പഞ്ചായത്ത് തല ഗ്രാമസഭാ ഗുണഭോക്തൃ പട്ടിക ഗ്രാമസഭാ തീരുമാനത്തിന് വിധേയമായി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കി ആയത് യഥാവിധി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അയച്ച് നൽകേണ്ടതാണ്. പഞ്ചായത്ത് തല ഗുണഭോക്തൃ പട്ടിക ലഭിക്കാത്തതിനാൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗുണഭോക്തൃ പട്ടിക ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന പരാതി ഉള്ളതിനാൽ ഇത് സംബന്ധിച്ച് സമയബന്ധിത നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കൈക്കൊള്ളേണ്ടതാണ്.

34. കേന്ദ്രവും സംസ്ഥാനവും സ്പോൺസർ ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുശാസിക്കുന്ന അർഹതാ മാനദണ്ഡം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്

പാലിക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ടിൽ നിശ്ചയിട്ടുള്ള അർഹതാ മാനദണ്ഡം നിയതമായ പ്രോജക്ട് ഭേദഗതിയിലൂടെ അല്ലാതെ മാറ്റം വരുത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുള്ളതല്ല.

35. പദ്ധതി ഗുണഭോക്താക്കൾക്ക് ഉണ്ടായിരിക്കേണ്ട അർഹതാ മാനദണ്ഡങ്ങൾ, മുൻഗണന എന്നിവ സംബന്ധിച്ച് ഗ്രാമസഭ കൂടുന്നതിന് മുമ്പ് വ്യാപകമായ പ്രചാരണം ഗ്രാമപഞ്ചായത്തുകൾ നടത്തേണ്ടതാണ്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ, പദ്ധതി ആസൂത്രണ റിസോഴ്സ് പേഴ്സൺസ്, രാഷ്ട്രീയ പാർട്ടികളും അവരുടെ സംയോജിത സംഘടനകളും, സന്നദ്ധ സംഘടനകൾ, ഫീൽഡ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

36. എല്ലാ പദ്ധതികൾക്കും അപേക്ഷാഫാറങ്ങൾ മലയാളത്തിലോ പ്രാദേശിക ഭാഷയിലോ ലളിതമായി അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന തീയതിയും സമയവും നിശ്ചയിച്ച് അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്. സമാനമായ ഒരു കൂട്ടം പദ്ധതികൾക്ക് പൊതുവായ ഒരു അപേക്ഷാഫാറം തയ്യാറാക്കാവുന്നതാണ്. അപേക്ഷാഫാറങ്ങളുടെ പരിശോധന നിലവിലുള്ള പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളും അർഹതാ മാനദണ്ഡങ്ങളും മുൻഗണനയും കർശനമായി പാലിച്ച് ആയിരിക്കേണ്ടതും ഓരോ അപേക്ഷയിലും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ അഭിപ്രായക്കുറിപ്പ് ഉണ്ടായിരിക്കേണ്ടതുമാണ്.

37. വിവിധ പദ്ധതി ആനുകൂല്യങ്ങൾക്ക് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിലുള്ള പട്ടികകൾ ഗ്രാമസഭയിൽ വച്ച തന്നെ തയ്യാറാക്കേണ്ടതും ഓരോ പദ്ധതിയുടെയും യോഗ്യതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും ഗ്രാമസഭാ അദ്ധ്യക്ഷൻ/കൺവീനർ/ഉദ്യോഗസ്ഥർ ഗ്രാമസഭയ്ക്ക് വിശദീകരിച്ചു കൊടുക്കേണ്ടതും അതിനു ശേഷം ഗ്രാമസഭ വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞ് അപേക്ഷകരുടെ മുൻഗണനാ ക്രമം തീരുമാനിക്കേണ്ടതുമാണ്. മുൻഗണന ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകേണ്ടതാണ്. മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും മുൻഗണനയും

രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും ആവശ്യമെങ്കിൽ പുതുക്കിയ കരട് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതുമാണ്. ഓരോ പ്രോജക്ടിനും വേണ്ടിയുള്ള മുൻഗണനാ പട്ടിക ഗ്രാമസഭ തീരുമാനിച്ച് കഴിഞ്ഞാലുടൻ തന്നെ ഗ്രാമസഭ കോ -ഓർഡിനേറ്റർ ആയത് മിനിട്സ് ചെയ്യേണ്ടതും മിനിട്സും അനുബന്ധ രേഖകളും ഗ്രാമസഭ കഴിഞ്ഞ് തൊട്ടടുത്ത പ്രവൃത്തി ദിവസം സെക്രട്ടറിയെ രേഖാമൂലം ഏൽപ്പിക്കേണ്ടതുമാണ്. ഗ്രാമസഭ മിനിട്സുകൾ യഥാവിധി തിരിച്ച് ഏൽപ്പിക്കാത്ത ഗ്രാമസഭാ കോ-ഓർഡിനേറ്റർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

38. പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്ന എണ്ണത്തെക്കാൾ കൂടുതലാണ് ഗുണഭോക്താക്കളുടെ എണ്ണമെങ്കിൽ ഒരോ വാർഡിലെയും അർഹരായ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ആനുകൂല്യം അനുവദിക്കേണ്ടതാണ്. ആയത് താഴെ പറയും പ്രകാരമാണ്.

"മുൻഗണനാലിസ്റ്റ് പ്രകാരം ഒരു വാർഡിലെ അർഹരായ അപേക്ഷകരുടെ എണ്ണത്തെ എല്ലാ വാർഡുകളിലെയും അർഹരായ അപേക്ഷകരുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സംഖ്യയെ പ്രോജക്ട് പ്രകാരം തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുൺഭോക്താക്കളുടെ എണ്ണം ലഭിക്കും" ഈ രീതിയിൽ ഓരോ വാർഡിലും ആനുകൂല്യം നൽകേണ്ട ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്.

*(ഉദാ:- മുൻഗണനാലിസ്റ്റ് പ്രകാരം ഒരു വാർഡിലെ അർഹരായ അപേക്ഷകരുടെ എണ്ണം 20 ഉം എല്ലാ വാർഡുകളിലെയും അർഹരായ അപേക്ഷകരുടെ ആകെ എണ്ണം 200 ഉം പ്രോജക്ട് പ്രകാരം തൻ വർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താ ക്കളുടെ എണ്ണം 100 ആയാൽ ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം 20/200*100 = 10 ആയിരിക്കും)*

39. ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലേയും ഗ്രാമസഭകളും, ഊരുകൂട്ടം ഉണ്ടെങ്കിൽ അതും കഴിഞ്ഞ ഉടൻതന്നെ പഞ്ചായത്ത് തല പദ്ധതി

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിശേഷാൽ യോഗം കൂടേണ്ടതും പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളും ഗ്രാമസഭ തീരുമാനങ്ങളും കർശനമായി പാലിച്ച് പഞ്ചായത്ത് തല പദ്ധതി ഗുണഭോക്താക്കളുടെ കരട് പട്ടിക മേഖലാടിസ്ഥാനത്തിൽ/പ്രോജക്ട് അടിസ്ഥാനത്തിൽ അംഗീകരിക്കേണ്ടതും കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കേണ്ടതുമാണ്. കരട് പട്ടിക പ്രസിദ്ധീകരിച്ച് 10 ദിവസത്തിനുള്ളിൽ ലഭിക്കുന്ന ആക്ഷേപങ്ങൾ നിയമാനുസൃതം പരിശോധിച്ച് അടുത്ത 10 ദിവസത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത് അന്തിമ ഗുണഭോക്തൃ പട്ടികകൾ പ്രസിദ്ധീകരിക്കേണ്ടതും , ആയത് 2 ദിവസത്തിനകം സെക്രട്ടറി ഗ്രാമപഞ്ചായത്ത് തീരുമാനം സഹിതം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ അന്തിമ ഗുണഭോക്തൃ ലിസ്റ്റ് ആവശ്യമായ രേഖകൾ സഹിതം 2 ദിവസത്തിനകം അവർക്ക് അയച്ചു നൽകേണ്ടതും കൈപ്പറ്റ് പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾ കരട്, അന്തിമ ഗുണഭോക്തൃ പട്ടികൾ ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റ് , പഞ്ചായത്ത് നോട്ടീസ് ബോർഡ്, നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസുകൾ, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതും, ടി വിവരം ദൃശ്യ പത്ര മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തേണ്ടതുമാണ്.

40. അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ ഗ്രാമപഞ്ചായത്തുകൾ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുവാൻ പാടുള്ളൂ.തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെങ്കിൽ അത് വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ നടത്തിയ ശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിചേർക്കുകയോ ചെയ്യാവുന്നതാണ് . അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിന് ഗ്രാമസഭയുടെ സാധൂകരണവും അർഹരെ കൂട്ടിച്ചേർക്കുന്നതിന് ഗ്രാമസഭയുടെ അംഗീകാരവും ആവശ്യമാണ്.

41. ഗ്രാമപഞ്ചായത്തുകൾ മുഖേന നൽകുന്ന പദ്ധതി ആനുകൂല്യങ്ങൾക്ക്

ഗുണഭോക്താക്കൾ ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ച് മുൻകൂട്ടി ഗുണഭോക്താക്കളെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിക്കേണ്ടതാണ്. പദ്ധതി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് ഗ്രാമപഞ്ചായത്ത് ഓഫീസിലും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസുകളിലും എത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചെയ്ത് കൊടുക്കേണ്ടതാണ്. പദ്ധതി ആനുകൂല്യങ്ങൾക്കായി വ്യത്യസ്ത രേഖകൾ പലസമയങ്ങളിലായി ആവശ്യപ്പെടുക, അനാവശ്യ കാര്യങ്ങൾ പറഞ്ഞ് പൊതു ജനങ്ങളെ ബുദ്ധിമുട്ടിക്കുക , ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് ഗുണഭോക്താക്കളെ ഒന്നിലധികം തവണ ഓഫീസിൽ വിളിച്ച് വരുത്തുക, ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിയതമല്ലാത്ത രേഖകൾ ആവശ്യപ്പെടുക മുതലായ ക്രമവിരുദ്ധ നടപടികൾ ഉദ്യോഗസ്ഥർ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. പൊതുജനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രവർത്തികൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായി ബോദ്ധ്യപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ സർക്കുലർ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എം.പി.അജിത് കുമാർ
പഞ്ചായത്ത് ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല വഹിക്കുന്ന
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3. എല്ലാ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും (പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
5. ഫയൽ/കരുതൽ/അധി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2020-21 സാമ്പത്തിക വർഷം മുതൽ നഗരസഭകൾ പ്ലാൻ ഫണ്ടിൽ നിന്ന് മാലിന്യ സംസ്ക്കരണത്തിനായി നീക്കി വയ്ക്കുന്ന തുക വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.345/2020/LSGD തീയതി,തിരുവനന്തപുരം, **10/02/2020**

പരാമർശം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.11.2019-ലെ 3719(1)/D1/2016/SM നമ്പർ കത്ത്

ഉത്തരവ്

2020-21 സാമ്പത്തിക വർഷം നഗരസഭകൾ പ്ലാൻ ഫണ്ടിൽ നിന്ന് മാലിന്യ സംസ്ക്കരണത്തിനായി നീക്കി വയ്ക്കുന്ന തുക വിനിയോഗിച്ച് പദ്ധതികൾ രൂപീകരിക്കുമ്പോൾ (സ്പിൽ ഓവർ ഉൾപ്പെടെ) ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഒഴികെ സൗജന്യമായോ സബ്സിഡി നിരക്കിലോ മാലിന്യ സംസ്കരണ സംവിധാനങ്ങൾ / ഉപാധികൾ വാങ്ങി വിതരണം ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എല്ലാ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർക്കും
നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്–

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്–ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 212.50 കോടി രൂപ വിനിയോഗിച്ച് യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി ജീവനോപാധികൾക്ക് പ്രോജക്ട് തയ്യാറാക്കുന്നതിന് - അധിക നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.400/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/02/2020

പരാമർശം:- 1 സ.ഉ.(കൈ)നം.170/2019/തസ്വഭവ, തീയതി 23.12.2019

2 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 21.01.2020 -ലെ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ന് കൂടിയ യോഗത്തിന്റെ 4.50 നമ്പർ തീരുമാനം

ഉത്തരവ്

പ്രളയ ബാധിത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതമായ 212.50 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുക പ്രധാനമായും ജീവനോപാധികൾക്കാണ് ഉപയോഗിക്കേണ്ടത്. ജീവനോപാധികൾ ചിലതിനൊക്കെ മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും പ്രാദേശിക സ്ഥിതിക്ക് അനുസൃതമായ ജീവനോപാധികൾക്ക് പ്രോജക്ട് തയ്യാറാക്കുമ്പോൾ പല ഇനങ്ങൾക്കും യൂണിറ്റ് നിരക്ക് മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ പ്രോജക്ട് തയ്യാറാക്കി വെറ്റ് ചെയ്ത് ജില്ലാ ആസൂത്രണ സമിതിക്ക് നൽകാൻ കഴിയുന്നില്ല എന്നും ഇത് പരിഹരിക്കാൻ നടപടിയെടുക്കണമെന്നും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക വർഷം അവസാനിക്കാറായ ഈ ഘട്ടത്തിൽ ഓരോന്നിനും സർക്കാർ തലത്തിൽ യൂണിറ്റ് നിരക്ക് നിശ്ചയിച്ച് നൽകുന്നതിന് കാലതാമസം നേരിടും എന്നതിനാൽ പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന ക്രമീകരണം ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാത്രമായി നടത്താൻ ഉത്തരവാകുന്നു.

3. പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികളോ അതിനു പകരമായി മറ്റു തൊഴിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ/ മെഷീനറികൾ തുടങ്ങിയവ വാങ്ങുന്നതിനോ ധനസഹായം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ അവ നൽകാവുന്നതാണ്. ഇതിനായി താൽക്കാലിക ക്രമീകരണം എന്ന നിലയിൽ ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. നൂതന പ്രോജക്ടിന് അംഗീകാരം നൽകുന്നതിനുള്ള ജില്ലാതല കമ്മിറ്റി ഇവ പരിശോധിച്ച് ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് അനുമതി നൽകുന്നു. ഇതിന്റെ യൂണിറ്റ് നിരക്കും പരമാവധി നൽകാവുന്ന സബ്സിഡി നിരക്കും ജില്ലാതല നൂതന പ്രോജക്ടുകൾക്കുള്ള കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്. എന്നാൽ സാമാന്യ രീതിക്ക് അപ്പുറമുള്ള ധനസഹായം നൽകുന്നതിന് അനുമതി പരിഗണിക്കാവുന്നതല്ല. കൂടാതെ ചില ജീവനോപാധികൾ നൽകാവുന്നതല്ല എന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ടെങ്കിലും (ഉദാ. തയ്യൽ മെഷീൻ) ഇത്തരം ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

4. വ്യക്തികൾക്ക് മാർഗ്ഗരേഖയിൽ പരാമർശിക്കും പോലെയല്ലാതെ ജീവനോപാധി ഉപകരണങ്ങൾ നൽകുമ്പോൾ അവ ഗ്രാമപഞ്ചായത്ത് തലത്തിൽ മാത്രം നൽകേണ്ടതാണ്. എന്നാൽ സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ ഇത് ബാധകമാക്കേണ്ടതില്ല. നഷ്ടപെട്ട ജീവനോപാധികൾ പുനഃസ്ഥാപിക്കുമ്പോൾ അത് കഴിവതും സമഗ്രവും സംയോജിതവുമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഇപ്രകാരം നൽകുന്ന സഹായം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ജീവനോപാധികൾ നഷ്ടമായവർക്ക് അതിനുള്ള നഷ്ടപരിഹാരം നേരത്തെ നൽകിയിട്ടുണ്ടെങ്കിൽ അവർക്ക് വീണ്ടും ഇപ്രകാരം സഹായം അനുവദിക്കേണ്ടതില്ല.

6. മേൽ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനാവശ്യമായ തുടർക്രമീകരണങ്ങൾ കാലതാമസം കൂടാതെ ജില്ലാ കളക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫിസർമാരും ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(കൈ) നം.39/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/02/2020

ഉത്തരവ്

കേരളത്തിൽ അങ്ങോളമിങ്ങോളം റോഡ് മാർഗം യാത്ര ചെയ്യുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷന്മാർക്കും യാത്രമധ്യേ ഉപയോഗ യോഗ്യമായ പൊതു ശുചിമുറികളുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. പലപ്പോഴും പെട്രോൾ പമ്പുകളിലുള്ള ശുചിമുറികൾ ഉപഭോക്താക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സഹകരിക്കാൻ തയ്യാറുള്ള ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളം 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിനിയോഗം ചെയ്തുകൊണ്ട് പൊതു ശുചിമുറികൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കുറഞ്ഞപക്ഷം വൃത്തിയുള്ള ശുചിമുറികളും സാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യ സാധനങ്ങൾ വിൽക്കുന്ന ബങ്കുകളും ലഘുഭക്ഷണ ശാലകളും തുടങ്ങുവാനുമാണ് ലക്ഷ്യമിടുന്നത്. ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന രീതിയിലായിരിക്കണം പൊതു ശുചിമുറികൾ പ്രവർത്തിക്കേണ്ടത്. പൊതു ശുചിമുറികളുടെ നിർമ്മാണ ചെലവ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. നിർമ്മാണങ്ങളുടെ മേൽനോട്ടവും സമയബന്ധിത പൂർത്തീകരണവും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കും.

2. മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ദേശീയ പാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്നു സെന്റ് സർക്കാർ ഭൂമി പൊതു ശുചിമുറികൾ സ്ഥാപിക്കുന്നതിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

2.വില്ലേജ് ഓഫീസർ ഭൂമിയുടെ ഉടമസ്ഥത കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് അതത് ജില്ലാ കളക്ടർമാർ നൽകേണ്ടതാണ്.

3.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയും വില്ലേജ് ഓഫീസറും സംയുക്തമായി ഭൂമി അടയാളപ്പെടുത്തുകയും ഇക്കാര്യം ബന്ധപ്പെട്ട ജില്ലാതല വകുപ്പ് മേധാവിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

4.തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയുടെ ഇക്കാര്യത്തിലുള്ള നിർദേശം ജില്ലാതല വകുപ്പ് മേധാവിക്ക് സ്വീകാര്യമല്ലെങ്കിൽ ആയത് ജില്ലാ കളക്ടറുടെ തീരുമാനത്തിന് വിടേണ്ടതാണ്.

5.ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാ കളക്ടമാർക്കും
എല്ലാ ഗ്രാമ / ജില്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാതല വകുപ്പ് മേധാവികൾക്കും (ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖേന)
എല്ലാ വില്ലേജ് ഓഫീസർമാർക്കും (ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E& RSA)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ.....തീയതി .....)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം129/ഡി സി.1/2020/ തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: **25/02/2020**

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ആവശ്യമായ സ്ഥലത്ത് വൃത്തിയുള്ള പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്റ്റ് തയാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:- **28.01.2020-ൽ** ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പൊതു വിഷയങ്ങളിലെ തീരുമാനം നമ്പർ **3.7**

ആവശ്യമായ സ്ഥലത്ത് വൃത്തിയുള്ള പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2020-2021 സാമ്പത്തിക വർഷം പ്രോജക്റ്റ് തയ്യാറാക്കേണ്ടതാണ് എന്ന് 28.01.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2020-2021 വർഷം പ്രോജക്റ്റ് തയ്യാറാക്കി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

R S KANNAN
SPECIAL SECRETARY

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്

പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ / ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണസ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി - മാർഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.45/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/03/2020

പരാമർശം:- 1 05.12.2019 ലെ സ.ഉ (കൈ) നം. 157/2019 ത.സ്വ.ഭ.വ

2 04.12.2019 ലെ സ.ഉ (കൈ) നം. 156/2019 ത.സ്വ.ഭ.വ

3 06.01.2020 ലെ സ.ഉ (കൈ) നം. 9/2020 ത.സ്വ.ഭ.വ

4 14.01.2020 ലെ സ.ഉ (കൈ) നം. 14/2020 ത.സ്വ.ഭ.വ

5 23.01.2020 ലെ സ.ഉ (കൈ) നം. 19/2020 ത.സ്വ.ഭ.വ

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരളം അഭിമുഖീകരിച്ച പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവൃത്തികളും ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത്, നഗരസഭാതലങ്ങളിൽ ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും അവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനും ഉള്ള മാർഗനിർദ്ദേശങ്ങൾ മുകളിൽ (2) മുതൽ (5) വരെ പരാമർശിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരവും നൽകിയിരുന്നു. ഈ ഉത്തരവുകൾക്ക് തുടർച്ചയായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി ഏറ്റെടുത്ത് നടപ്പാക്കേണ്ട പന്ത്രണ്ട് പരിപാടികൾ സംബന്ധിച്ച് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, കില
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

തദ്ദേശ ഭരണ സ്ഥാപനങ്ങൾ, 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയെ സംബന്ധിക്കുന്ന മാർഗരേഖ

1. **വിശപ്പുരഹിത കേരളം - ജനകീയ ഹോട്ടൽ**

1.1 സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും ഒന്നു വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന ക്രമത്തിലും 25 രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഒരു പഞ്ചായത്തിൽ ഒന്നിലേറെ ഭക്ഷണശാലകൾ ആരംഭിക്കുന്നതിനുള്ള സ്വാതന്ത്ര്യവും പഞ്ചായത്തുകൾക്കുണ്ടായിരിക്കും.

1.2 10% ഊണ് സൗജന്യമായി നൽകേണ്ടതാണ്. ഇതിന് വേണ്ട തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണം. പൊതുസംഘടനകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ തുടങ്ങിയവരിൽ നിന്ന് കൂടാതെ ജൻമദിനം, വിവാഹം, ഓർമ്മദിനം തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തികളിൽ നിന്നും സംഭാവന, പണമായോ സാധനങ്ങളായോ, സ്വീകരിക്കാവുന്നതാണ്. പണം തന്ന് ഭക്ഷണം കഴിക്കുന്നവർ മറ്റൊരു ഊണുകൂടി സ്പോൺസർ ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സംഭാവനകൾ സ്വീകരിക്കുന്നതിന് പൊതുജനങ്ങൾക്ക് കൂടി ബോധ്യപ്പെടുന്ന തരത്തിൽ സുതാര്യ നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്. സംഭാവനകളും മറ്റും സംരംഭകത്വത്തിന്റെ ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കേണ്ടത്.

1.3 പുതുതായി കെട്ടിടം നിർമ്മിച്ചുകൊണ്ടല്ല, മറിച്ച് അനുയോജ്യമായ സ്ഥലത്ത് കെട്ടിടം വാടകയ്ക്കെടുത്തോ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയോ വേണം ജനകീയ ഹോട്ടലുകൾ ആരംഭിക്കേണ്ടത്. കെട്ടിടത്തിൽ വെള്ളം, വെളിച്ചം, ശുചിത്വ സൗകര്യങ്ങൾ, ഫർണീച്ചർ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതാണ്. അതുപോലെ ജനകീയ ഹോട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിന് കെട്ടിടത്തിൽ ഏറ്റവും അവശ്യമായ അറ്റകുറ്റപ്പണികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർവഹിക്കാവുന്നതാണ്.

1.4 കെട്ടിടത്തിന്റെ വാടക, വൈദ്യുതിചാർജ്ജ്, വാട്ടർചാർജ്ജ് എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭ മുടക്കം കൂടാതെ വഹിക്കേണ്ടതാണ്.

1.5 ജനകീയ ഹോട്ടലിന് ആവശ്യമായ പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ ലഭ്യമാക്കുന്നതാണ്.

1.6 ഗ്രാമ പ്രദേശത്തെ ജനകീയ ഹോട്ടലുകൾക്ക് ഒരു ഹോട്ടലിന് 10,000 രൂപ നിരക്കിൽ ജില്ലാ പഞ്ചായത്തും അതത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഒരു ഹോട്ടലിന് 20,000 രൂപ നിരക്കിൽ ബ്ലോക്ക് പഞ്ചായത്തും റിവോൾവിംഗ് ഫണ്ട് തുടക്കത്തിൽ

തന്നെ നൽകേണ്ടതാണ്. നഗര പ്രദേശത്ത് ഒരു ഹോട്ടലിന് 30,000 രൂപ നിരക്കിൽ എല്ലാ ജനകീയ ഹോട്ടലുകൾക്കും വേണ്ട റിവോൾവിംഗ് ഫണ്ട് ബന്ധപ്പെട്ട നഗരസഭ നൽകണം.

1.7 ഊണിനു വേണ്ടുന്ന അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതാണ്.

1.8 ഊണ് ഒന്നിന് 5 രൂപ വീതം (സൗജന്യമായി നൽകുന്ന ഊണിനടക്കം) സർക്കാർ നൽകുന്ന സബ്സിഡി കുടുംബശ്രീ മിഷൻ വഴി ലഭ്യമാക്കുന്നതാണ്. ഊണിന്റെ എണ്ണം കൃത്യമായി നിശ്ചയിക്കുന്നതിന് ജില്ലാ മിഷൻ തയ്യാറാക്കുന്ന കൂപ്പണുകൾ തന്നെവേണം ഉപയോഗിക്കേണ്ടത്.

1.9 ഒരു ഹോട്ടൽ സംരംഭം എന്ന നിലയിൽ തന്നെയായിരിക്കും ജനകീയ ഹോട്ടലിന്റെയും പ്രവർത്തനം. ആ പ്രദേശത്ത് വില്പന സാധ്യതയുള്ള എല്ലാതരം ഭക്ഷണവും എല്ലാ സമയവും വിൽക്കാവുന്നതാണ്. ഉച്ചയൂണൊഴികെ ഭക്ഷണ സാധനങ്ങളുടെ നിരക്ക് പ്രാദേശിക വില നിലവാരം അടിസ്ഥാനപ്പെടുത്തി യൂണിറ്റിനു തന്നെ തീരുമാനിക്കാവുന്നതാണ്. എന്നാൽ ഇതിന് സബ്സിഡിയോ സൗജന്യ നിരക്കിലുള്ള അരിയോ ലഭിക്കുന്നതല്ല.

1.10 പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകളുടെ ഭക്ഷ്യ സാധനങ്ങൾ, ധാന്യപ്പൊടികൾ, പച്ചക്കറികൾ എന്നിവ വിൽപ്പന നടത്തുന്നതിനുള്ള സൗകര്യം കൂടി ജനകീയ ഹോട്ടലിൽ ഉണ്ടായിരിക്കുന്നത് സംരംഭം കൂടുതൽ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് സഹായിക്കും.

1.11 സംരംഭക യൂണിറ്റിൽ കുറഞ്ഞത് 2–3 പേർ (വനിതകൾ) ഉണ്ടായിരിക്കണം. ആവശ്യമെങ്കിൽ കൂടുതൽ ആളുകളെ നിയോഗിക്കാവുന്നതാണ്. സമീപ പഞ്ചായത്തുകൾക്ക് കേന്ദ്രീകൃത കിച്ചൺ സ്ഥാപിക്കുന്നതിന് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഒരു പഞ്ചായത്തിൽ ഒന്നിലേറെ ഹോട്ടലുകൾ ഉണ്ടെങ്കിലും ഈ രീതി അവലംബിക്കാവുന്നതാണ്.

1.12 സംരംഭക ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സമീപനവും ബോധ്യമാക്കുന്ന തരത്തിലുള്ള സംരംഭക വികസന പരിശീലനവും നടത്തിപ്പിന് ആവശ്യമായ പരിശീലനവും കുടുംബശ്രീ നൽകുന്നതാണ്.

1.13 ജനകീയ ഹോട്ടലിന്റെ പ്രവർത്തനം, സംഘാടനം എന്നിവ സംബന്ധിച്ച നിയമാവലി കുടുംബശ്രീ തയ്യാറാക്കി ലഭ്യമാക്കുന്നതാണ്. കുടുംബശ്രീ നിഷ്കർഷിക്കുന്ന ഏകീകൃതമായ ബോർഡും രീതികളും ഹോട്ടലുകൾ സ്വീകരിക്കേണ്ടതാണ്.

1.14 കിടപ്പു രോഗികൾക്കും വയോജനങ്ങൾക്കും ആവശ്യമായ ഉച്ചഭക്ഷണം വാതിൽപ്പടിയിൽ ജനകീയ ഹോട്ടലിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം ഊണിന്റെ വില നൽകാവുന്നതാണ്. ഭക്ഷണം എത്തിക്കുന്നതിനുള്ള പാത്രവും ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും തദ്ദേശഭരണ സ്ഥാപനത്തിന് ഏർപ്പെടുത്താവുന്നതാണ്.

1.15 മുകളിൽ പ്രതിപാദിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഈ പരിപാടിക്കു വേണ്ട തുക തനത്/വികസന ഫണ്ടുകളിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. തൊഴിൽ സംരംഭത്തിനുള്ള പ്രോത്സാഹനം എന്ന നിലയ്ക്ക് പ്രോജക്ട് ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്.

1.16 പാലിയേറ്റീവ് സംഘടനകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയ്ക്കും വിശപ്പുരഹിത കേരളം പദ്ധതിയിൽ ഭക്ഷണശാലകൾ ആരംഭിക്കാവുന്നതാണ്. ഇവയ്ക്ക് സബ്സിഡി നിരക്കിലുള്ള അരിയും, ഊണിന് 5 രൂപ സബ്സിഡിയും ലഭ്യമാകും. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിതരണ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

2. വയോ ക്ലബ്ബുകൾ

2.1 സംസ്ഥാനത്ത് വയോജനങ്ങളുടെ എണ്ണം കൂടി വരികയാണ്. വാർദ്ധക്യത്തിൽ പൗരർക്കർഹമായ സ്ഥാനങ്ങൾ ഉറപ്പുവരുത്തി അവരുടെ ജീവിതം സമാധാനപൂർണ്ണവും പ്രയോജനപ്രദവും അന്തസ്സുറ്റതും ആക്കുന്നതിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ബാധ്യസ്ഥമാണെന്ന് സംസ്ഥാന വയോജന നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സമ്പൂർണ്ണ വയോ സൗഹൃദ തദ്ദേശഭരണ സ്ഥാപനമായി മാറുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ആരംഭിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി 2020-21 ൽ 5000-ത്തോളം വയോ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. വയോജനങ്ങൾക്കുവേണ്ടി പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ-വിനോദ കേന്ദ്രങ്ങൾ യാഥാർഥ്യമാക്കുക എന്നതാണ് വയോ ക്ലബ്ബുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. അതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും ചുവടെ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ 2020-21 ൽ ഏറ്റെടുക്കേണ്ടതാണ്.

2.2 ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും മൂന്ന് വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന കണക്കിലും വയോക്ലബ്ബുകൾ ആരംഭിക്കേണ്ടതാണ്. പുതിയ കെട്ടിടം നിർമ്മിക്കേണ്ടതില്ല; പകരം നിലവിലുള്ള സ്വന്തം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തണം. അതിനു കഴിയുന്നില്ലെങ്കിൽ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ ഉൾപ്പെടെയുള്ള മറ്റ് കെട്ടിടങ്ങൾ സ്പോൺസർഷിപ്പ് മുഖേനയോ വാടകയ്ക്കോ ലഭ്യമാക്കുന്നതിന് ശ്രമിക്കണം. ഗ്രന്ഥശാലകളുടെയും കലാസമിതികളുടെയും കെട്ടിട സൗകര്യവും ഉപയോഗപ്പെടുത്താവുന്നതാണ്. വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ കഴിയുന്ന സ്ഥലമായിരിക്കണം.

2.3 വയോക്ലബ്ബുകൾ വയോജന സൗഹൃദമായിരിക്കണം. തടസ്സരഹിത സഞ്ചാരത്തിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കണം.

2.4 വയോക്ലബിന് പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കേണ്ടതാണ്. ഒരു കെയർടേക്കർക്ക് 4000 രൂപ നിരക്കിൽ കുടുംബശ്രീ മിഷൻ തദ്ദേശ സ്ഥാപനത്തിൽ നൽകുന്നതായിരിക്കും.

ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 500 രൂപ വീതം നൽകേണ്ടതാണ്. നഗരപ്രദേശങ്ങളിൽ 1000 രൂപ നഗരസഭ ലഭ്യമാക്കണം.

2.5 ഗ്യാസ് അടുപ്പ്, പാത്രങ്ങൾ, കുടിവെള്ള സൗകര്യം എന്നിവ കുടുംബശ്രീ മിഷൻ ലഭ്യമാക്കുന്നതാണ്.

2.6 ടെലിവിഷൻ, പത്രങ്ങൾ, മാസികകൾ, മറ്റ് ആനുകാലികങ്ങൾ മുതലായവ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കേണ്ടതാണ്.

2.7 വയോക്ലബ്ബുകൾ പ്രവർത്തിക്കുന്ന കേന്ദ്രത്തെ വയോജന അയൽക്കൂട്ടങ്ങളുടെ ആസ്ഥാനമായും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് റെമഡിയൽ കോച്ചിംഗ് നൽകുന്ന കേന്ദ്രമായും വയോജന സേവന കേന്ദ്രമായും പ്രയോജന പ്പെടുത്താവുന്നതാണ്.

2.8 വയോജന സേവന കേന്ദ്രത്തിൽ നിശ്ചിത ദിവസങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ / നഴ്സിന്റെ സേവനമോ, അല്ലെങ്കിൽ പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് നിയോഗിച്ചിട്ടുള്ള നേഴ്സിന്റെ സേവനമോ ലഭ്യമാക്കണം.

2.9 ക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള സർക്കാർ സേവനങ്ങൾ ഈ കേന്ദ്രത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.10 പെൻഷൻ സംഘടനകളുടെയും സീനിയർ സിറ്റിസൺ സംഘടനകളുടെയും പങ്കാളിത്തം വയോ സൗഹൃദ പ്രവർത്തനങ്ങളിൽ ഉറപ്പാക്കേണ്ടതാണ്. ഇവരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന വയോസൗഹൃദ സഹായ സമിതി രൂപീകരിക്കാവുന്നതാണ്.

2.11 വയോ ക്ലബ്ബുകൾക്ക് വയോ സൗഹൃദ ഫർണിച്ചറുകൾ ലഭ്യമാക്കണം. കഴിയുന്നിടത്തോളം സ്പോൺസർഷിപ്പിലൂടെ ഇവ ലഭ്യമാക്കുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക്/നഗരസഭയ്ക്ക് അവ വാങ്ങി നൽകാവുന്നതാണ്.

2.12 വയോക്ലബ്ബുകളുടെ കെട്ടിടവാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വഹിക്കണം. ഈ ചെലവുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കാവുന്നതാണ്.

2.13 വയോക്ലബ്ബുകൾ യാഥാർഥ്യമാക്കുന്നതിനൊപ്പം വയോ സൗഹൃദ തദ്ദേശഭരണ പ്രദേശമായി മാറുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കാവുന്നതാണ്.

(1) വയോ സൗഹൃദ തദ്ദേശഭരണം എന്നത് നയമായി ഭരണസമിതി അംഗീകരിക്കണം.

(2) വയോജനങ്ങളുടെ സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച് വയോജന ഗ്രാമസഭ ചേരുകയും വിശദമായ കൂടിയാലോചന നടത്തുകയും ചെയ്ത് അനുയോജ്യമായ പദ്ധതി ഉണ്ടാക്കണം.

(3) സാമൂഹികം, സാമ്പത്തികം, ആരോഗ്യം എന്നീ മേഖലകളിൽ വയോസൗഹൃദ മാക്കാനുള്ള കർമ്മപരിപാടി സർവ്വേ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കണം.

(4) പൊതുഇടങ്ങളിൽ കൈവരികളും പൊതുസ്ഥലങ്ങളിൽ തടസരഹിത സഞ്ചാരത്തിന് സഹായകമായ സൗകര്യങ്ങളും ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

(5) നിലവിൽ സർക്കാർ വകുപ്പുകൾ വയോജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ അർഹരായ എല്ലാ വയോജനങ്ങൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

(6) വീട്ടിലുള്ള അംഗങ്ങളുടെയും സന്ദർശകരുടേയും മനോഭാവം സൗഹൃദപരമാക്കാൻ കൗൺസിലിംഗും ബോധവൽക്കരണവും സംഘടിപ്പിക്കണം. സൗഹാർദ്ദ സന്ദർശനങ്ങൾ നടത്താനും സൗകര്യം ഉണ്ടാകണം.

(7) സാന്ത്വനപരിചരണം എല്ലാ കിടപ്പുരോഗികൾക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

3. ശുചിത്വ കേരളം

3.1 സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും, നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഘട്ടം ഘട്ടമായി സമ്പൂർണ്ണ ശുചിത്വ പദവി നേടുകയാണ് ലക്ഷ്യം. ആദ്യ ഘട്ടമായി, വരുന്ന ഓണത്തിന് മുൻപ് (2020 ആഗസ്റ്റിന്) 500-ഓളം ഗ്രാമപഞ്ചായത്തുകളിലും 50-ഓളം നഗരസഭകളിലും ഖരമാലിന്യ സംസ്കരണത്തിൽ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കണം. ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടത്തേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ജില്ലാ ആസൂത്രണ സമിതി ശുചിത്വമിഷനും ഹരിതകേരള മിഷനുമായി കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.

3.2 സമ്പൂർണ്ണ ശുചിത്വ പദവി (ഖരമാലിന്യ സംസ്കരണം) കൈവരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

(1) മാലിന്യങ്ങൾ സ്രോതസിൽ വേർതിരിക്കണം
(2) ജൈവ മാലിന്യം വീട്ടിലോ സമീപത്തോ സംസ്കരിക്കണം
(3) അജൈവ മാലിന്യം ശേഖരിക്കാൻ എം.സി.എഫ്.-ഉം തുടർപരിപാലനത്തിന് ആവശ്യമായ റിസോഴ്സ് റിക്കവറി സെന്ററും സജ്ജമാക്കണം
(4) കടകളിലെ മാലിന്യം സംസ്കരിക്കാനും ശേഖരിക്കാനും പ്രത്യേക സംവിധാനം ഉണ്ടാകണം
(5) പ്രവർത്തന സജ്ജമായ ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാക്കണം.
(6) എല്ലാ പൊതുഓഫീസുകളും സ്ഥാപനങ്ങളും ശുചിയായിരിക്കണം.
(7) ഗ്രീൻ പ്രോട്ടോകോൾ പാലിക്കണം
(8) നിരത്തുകൾ വൃത്തിയുള്ളതാകണം
(9) ഡമ്പിംഗ് കേന്ദ്രങ്ങൾ പാടില്ല

3.3 എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കാനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

3.4 വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ യൂണിറ്റ് കോസ്റ്റിന്റെ 90 ശതമാനം സബ്സിഡി നൽകാവുന്നതാണ്.

3.5 ഇതിന്റെ പ്രവർത്തന പുരോഗതി ഹരിതകേരളം മിഷൻ മോണിട്ടർ ചെയ്യേണ്ടതാണ്. സാങ്കേതിക സഹായവും ഉപദേശ നിർദ്ദേശങ്ങളും ശുചിത്വ മിഷൻ നൽകുന്നതാണ്.

3.6 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കൽ:- അനുയോജ്യമായ സ്ഥലം, കുറഞ്ഞത് ഒരേക്കർ, ജനസമ്മതി ഉറപ്പാക്കി ലഭ്യമാക്കിയാൽ കേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും അനുബന്ധപാർക്കും സർക്കാർ നിർമ്മിച്ച് നൽകുന്നതാണ്. ഇങ്ങനെ സ്ഥലം ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും 5 കോടി രൂപ പ്രത്യേക വികസന ഗ്രാന്റ് സർക്കാർ നൽകുന്നതാണ്.

4. പൊതു ടോയ് ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും

4.1 പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിവിധ സ്ഥലങ്ങളിൽ 12,000-ത്തോളം പൊതു ടോയ് ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുകയാണ് ലക്ഷ്യം. വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി ഇത് യാഥാർഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന് ചുവടെ പ്രതിപാദിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്.

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ / കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

(2) ദേശീയപാതയുടെയും പൊതുമരാമത്ത് വകുപ്പ് റോഡുകളുടെയും ഓരത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പൊതു ടോയ് ലെറ്റുകൾ സ്ഥാപിക്കൽ

(3) സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ടോയ് ലെറ്റുകൾ സ്ഥാപിക്കൽ

(4) കെഎസ്ആർടിസി ഉൾപ്പെടെയുള്ള ബസ് സ്റ്റാന്റുകൾ, മാർക്കറ്റ് തുടങ്ങിയ പൊതുസ്ഥലങ്ങളിലെ ടോയ് ലെറ്റ് ബ്ലോക്കുകൾ ഏറ്റെടുത്ത് നടത്തൽ.

(5) പെട്രോൾ പമ്പുകളിൽ നിലവിലുള്ള ടോയ് ലെറ്റുകളുടെ നവീകരണം. ഇതു സംബന്ധിച്ച് ഓയിൽ കമ്പനികളുമായി സർക്കാർ ചർച്ചകൾ നടത്തുന്നുണ്ട്.

4.2 തദ്ദേശഭരണ സ്ഥാപനങ്ങളുടെ / കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) ഗ്രാമപഞ്ചായത്തുകളിലും ചെറിയ മുനിസിപ്പാലിറ്റികളിലും ഒന്ന് വീതവും വലിയ മുനിസിപ്പാലിറ്റികളിൽ രണ്ട് വീതവും കോർപ്പറേഷനുകളിൽ അഞ്ച് വീതവും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കണം. കേന്ദ്രത്തിൽ വിശ്രമ സ്ഥലം, കുടിവെള്ളം, നാപ്കിൻ വെന്റിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ ഉണ്ടാകണം.

(2) കേന്ദ്രം സ്ഥാപിക്കുന്നതിന് കഴിയുന്നിടത്തോളം സി.എസ്.ആർ. ഫണ്ടുകൾ, എം.പി/ എം.എൽ.എ ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

(3) കേന്ദ്രത്തിൽ വെള്ളം, വെളിച്ചം എന്നിവ ഏർപ്പെടുത്തേണ്ടതാണ്. കറണ്ട് ചാർജ്, വാട്ടർ ചാർജ് എന്നിവ ഗ്രാമപഞ്ചായത്ത്/നഗരസഭ വഹിക്കണം.

(4) കേന്ദ്രത്തിന്റെ നടത്തിപ്പ്-പരിപാലന ചുമതല കുടുംബശ്രീയ്ക്ക് ആയിരിക്കും. ഇതിന്റെ ഭാഗമായി പരിശീലനം സിദ്ധിച്ച കുംടുബശ്രീ അംഗങ്ങളെ നിയോഗിക്കുന്നതാണ്. (ഒരു കേന്ദ്രത്തിന് 2 പേർ വീതം - രാവിലെ 6 മുതൽ രാത്രി 8 വരെ)

(5) അനിവാര്യമായ സ്ഥലങ്ങളിൽ രാത്രിയിലും കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(6) ജനങ്ങൾ കൂടുതലായെത്തുന്ന ഇടങ്ങളിൽ നടത്തിപ്പിനും പരിപാലനത്തിനുമായി pay & use സംവിധാനത്തിലൂടെ ആളെ ചുമതലപ്പെടുത്താവുന്നതാണ്. അല്ലാത്ത ഇടങ്ങളിൽ അടുത്തടുത്ത 5 മുതൽ 10 വരെ ടോയ് ലറ്റ് യൂണിറ്റുകളുടെ പരിപാലനത്തിന് കേന്ദ്രീകൃത സംവിധാനം (മൊബൈൽ യൂണിറ്റ്) കുടുംബശ്രീയുടെ നേതൃത്വത്തിൽ ഏർപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശം ശുചിത്വ മിഷൻ പുറപ്പെടുവിക്കുന്നതാണ്.

(7) പ്രവർത്തനത്തെ വിലയിരുത്തി കൂടുതൽ പണം ആവശ്യമായി വരികയാണെങ്കിൽ അത് കുടുംബശ്രീ ലഭ്യമാക്കുന്നതാണ്.

(8) ഇതിന്റെ ചെലവിന് ആവശ്യമായ പ്രോജക്ട് 2020-21 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(9) കേന്ദ്രത്തിന്റെ പ്രവർത്തനം ഹരിതകേരളം മിഷൻ മോണിട്ടർ ചെയ്യേണ്ടതാണ്. ആവശ്യമായ സാങ്കേതിക സഹായവും ഉപദേശ നിർദേശങ്ങളും ശുചിത്വ മിഷൻ ലഭ്യമാക്കുന്നതാണ്.

4.3 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് കൂടാതെ ഖണ്ഡിക 4.1 -ൽ (2) മുതൽ (5) വരെ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള ഇടപെടൽ പ്രവർത്തനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

5. തോടുകളുടെ ശുചീകരണം

5.1 തോടുകളും നദികളും ശുചീകരിക്കുന്നതിന് നമുക്ക് ഒട്ടേറെ മാതൃകകളുണ്ട്; മീനച്ചിലാർ-കോട്ടൂരാർ-മീന്തറയാർ, കിള്ളിയാർ, കാനാമ്പുഴയാർ, വരട്ടാർ-കുട്ടംപേരൂർ, കോലറയാർ മുതലായവ. ഹരിതകേരള മിഷൻ നടപ്പാക്കിയ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിനിലൂടെ ശുചീകരിച്ച നീർച്ചാലുകളുടെ ശൃംഖലയും ഇവയിൽ പ്രധാനപ്പെട്ടവയാണ്. ഈ മാതൃകകളുടെ അനുഭവങ്ങൾ ഉൾക്കൊണ്ട് അടുത്ത ഒരു വർഷം കൊണ്ട് 50,000-ത്തോളം കി.മീറ്ററും ജൂണിന് മുമ്പ് 20,000 -ത്തോളം കിലോമീറ്ററും തോടുകൾ ശുചിയാക്കുന്നതിന് ലക്ഷ്യമിടുന്നു.

5.2 തോട് ശുചീകരണ പ്രവർത്തനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഉപാധി തൊഴിലുറപ്പ് പദ്ധതിയാണ്. പ്രകൃതിവിഭവ പരിപാലനവും ജലസംരക്ഷണവും തൊഴിലുറപ്പ് പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളാണ്. പൊതുകുളങ്ങൾ, തോടുകൾ, കനാലുകൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ചുവടെപ്പറയും വിധം തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താൻ സാധിക്കും.

(1) വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളുടേയും ഒഴുക്ക് നിലച്ച തോടുകളുടേയും പുനരുദ്ധാരണ പ്രവൃത്തികൾ

- ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് ജലസംഭരണ ശേഷി വർദ്ധിപ്പിക്കൽ
- വശങ്ങളിൽ കയർ ഭൂവസ്ത്രമോ, കല്ലോ ഉപയോഗിച്ച് കെട്ടി സംരക്ഷിക്കൽ
- നദികളുടെയും കനാലുകളുടെയും തീരങ്ങളിൽ മുള പോലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ
- കുളങ്ങളുടെയും നദികളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനും ജലം സംരക്ഷിച്ചു നിർത്തുന്നതിനും ആവശ്യമായ നീർത്തട സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കൽ

5.3 മേൽപ്പറഞ്ഞതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

- തോടുകളുടെയും നീർച്ചാലുകളുടേയും ശുചീകരണം ഏറ്റെടുക്കുമ്പോൾ നീർച്ചാൽ ശൃംഖല പൂർണമായും പുനഃസ്ഥാപിക്കുന്നതിന് മുൻ്ഗണന നൽകണം. ഇതിനായി ഇതിനകം ശുചീകരിക്കപ്പെട്ട നീർച്ചാലുകൾ 'മാപ്പത്തോൺ' ഉപയോഗപ്പെടുത്തി അടയാളപ്പെടുത്തണം. ഹരിത കേരളം മിഷനും കേരള സ്റ്റേറ്റ് ഐ.ടി മിഷനും ഇതിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കണം. തുടർന്ന് പുതുതായി ശുചീകരിക്കുന്ന തോടുകളും നീർച്ചാലുകളും മാപ്പത്തോണിൽ അടയാളപ്പെടുത്തണം.
- 2018-19 വർഷത്തെ തൊഴിലുറപ്പിൽ ശുചിയാക്കിയ തോടുകളുടെ പേരും അവയുടെ നീളവും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കണം. ഇവ വീണ്ടും തൊഴിലുറപ്പിൽ ഉൾപ്പെടുത്താനാകില്ല. ആയതിനാൽ സന്നദ്ധാടിസ്ഥാനത്തിൽ അവ ഒരിക്കൽക്കൂടി ശുചീകരിച്ച് വൃത്തിയായി തുടരുന്നു എന്ന് ഉറപ്പുവരുത്തണം.
- 2019-20 വർഷത്തെ ലേബർ ബജറ്റിൽ ഏതെല്ലാം തോടുകളുടെ പുനരുദ്ധാരണം ഉൾപ്പെടുത്തിയിരുന്നു എന്നും മേൽ തോടുകളുടെ പേരും അവയുടെ നീളവും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ആയത് ഈ വേനൽക്കാലത്തു തന്നെ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- കൂടുതൽ തോടുകൾ ഉൾപ്പെടുത്താനുണ്ടെങ്കിൽ ലേബർ ബജറ്റ് ഇതിന് അനുസൃതമായി മാറ്റങ്ങൾ വരുത്തി അംഗീകാരം നേടണം.
- മേൽപ്പറഞ്ഞ മൂന്ന് ഇനങ്ങളും സംബന്ധിച്ച വേർതിരിച്ച കണക്ക് ഡിഡിപി / നഗരകാര്യ ഡയറക്ടർ, ഹരിതകേരള മിഷൻ ജില്ലാ കോഡിനേറ്റർ എന്നിവർക്ക് സമർപ്പിക്കണം. എല്ലാ ഒന്ന്, മൂന്ന് വെള്ളിയാഴ്ചകളിലും പുതിയതായി ശുചീകരിച്ച തോടിന്റെ പേരും ദൈർഘ്യവും ഇവർക്ക് സമർപ്പിക്കണം.

5.4 ഈ ശുചീകരണ പ്രവർത്തനങ്ങൾക്ക് ജെസിബി തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കണമെങ്കിൽ അതിന് ആവശ്യമായ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. സ്പോൺസർഷിപ്പുവഴിയും ഇതിനുള്ള പണം

കണ്ടെത്താവുന്നതാണ്. സന്നദ്ധപ്രവർത്തനത്തെയും തൊഴിലുറപ്പുമായി സംയോജിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

5.5 ശുചിയാക്കുന്ന തോടുകളുടെ ഇരുവശങ്ങളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തണം. ഇതിന് ആവശ്യമായ കയർ ഭൂവസ്ത്രം കയർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് മെറ്റീരിയൽ കോസ്റ്റിന്റെ ഭാഗമായി വാങ്ങാവുന്നതാണ്. ഭൂവസ്ത്ര ഉപയോഗത്തിനുള്ള സാങ്കേതികവശങ്ങളും ഈ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നതാണ്.

5.6 കയർ ഭൂവസ്ത്രം താൽക്കാലിക ആവരണമാണ്. അവ നശിക്കും മുമ്പ് പുല്ല്, മുള, രാമച്ചം പോലുള്ള ചെടികളുടെ സസ്യാവരണം ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ പ്രവർത്തനവും തൊഴിലുറപ്പിന്റെ ഭാഗമായി കണക്കിൽ ഉൾപ്പെടുത്തണം. വേനൽക്കാലത്ത് കയർ ഭൂവസ്ത്രം വിതാനിക്കുമ്പോൾ തന്നെ ചെടികൾ നടുകയാണെങ്കിൽ ഇടയ്ക്കിടയ്ക്ക് നനച്ചേ തീരൂ. അല്ലാത്തപക്ഷം മഴയ്ക്കുശേഷം ചെടികൾ നട്ടാൽ മതിയാകും. ചാണകത്തിൽ കലർത്തി പുൽവിത്തുകൾ കയർഭൂവസ്ത്രം വിതാനിക്കും മുമ്പ് വിതറുകയുമാകാം.

5.7 നഗരങ്ങളിൽ അയ്യങ്കാളി നഗര തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. ആവശ്യമെങ്കിൽ വാർഷികപദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

5.8 ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപന പ്രദേശങ്ങളിലൂടെ ഒഴുകുന്ന തോടുകളുടെ കാര്യത്തിൽ തുടക്കം മുതൽ അവസാനം വരെ ശുചിയാക്കുന്നതിന് ശ്രമിക്കണം. ഇത് സംയുക്ത പ്രോജക്ട് മാതൃകയിൽ നടപ്പാക്കാവുന്നതാണ്. വിശദാംശങ്ങൾക്ക് 14.02.2018 ലെ സ.ഉ. (കൈ) നം.22/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ് സിഡി മാർഗ്ഗരേഖയുടെ ഇനം 6.5.5 കാണുക.

5.9 ജില്ലാ ആസൂത്രണ സമിതി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ (ബ്ലോക്ക്, ജില്ലാപഞ്ചായത്ത് ഉൾപ്പെടെ) അധ്യക്ഷൻമാരുടെ സംയുക്തയോഗം വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ജനപങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതാണ്. ഓരോ പ്രവർത്തിയിലും പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള സംഘാടനം മുൻകൂട്ടി ചെയ്യണം.

5.10 ബഹുജനപങ്കാളിത്തം ഉറപ്പിക്കുന്നതിന് സന്നദ്ധസംഘടനകൾ, അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ പ്രധിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്ന് ആശയവും ലക്ഷ്യവും ബോദ്ധ്യമാക്കണം.

5.11 ഹരിതമിഷന്റെ ആഭിമുഖ്യത്തിലെ 'ഇനി ഞാൻ ഒഴുകട്ടെ' പരിപാടി വലിയ വിജയമായിരുന്നു. മിഷന്റെ പിന്തുണയും സഹായവും തദ്ദേശഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

5.12 തൊഴിലുറപ്പിന്റെ ഭാഗമായും സന്നദ്ധപ്രവർത്തനത്തെയും അടിസ്ഥാനമാക്കിയുള്ള ഈ തോട് ശുചീകരണ പ്രവർത്തനത്തോടൊപ്പം ജലസേചന വകുപ്പും, മണ്ണ്-ജലസേചന വകുപ്പും ഒട്ടേറെ തോടുകളുടെയും നദികളുടെയും ചെളി നീക്കം ചെയ്യലും ശുചീകരണവും ഏറ്റെടുക്കുന്നുണ്ട്. ഇരട്ടിപ്പ് ഒഴിവാക്കുകയും ഈ പ്രവൃത്തികളെല്ലാം തമ്മിൽ ഏകോപനം

ഉറപ്പുവരുത്തുകയും വേണം. ഇതിന് ആവശ്യമായ കൂടിയാലോചനാ യോഗങ്ങൾ ഡിപിസി തലത്തിലും തദ്ദേശഭരണ തലത്തിലും നടത്തേണ്ടതാണ്.

5.13 തോടുകളിലും ശുചീകരിക്കുന്ന കുളങ്ങളിലും മത്സ്യം വളർത്തുന്നതിനുള്ള പ്രോജക്ടുകൾ പ്ലാനിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിനുള്ള സാങ്കേതികസഹായങ്ങളും മത്സ്യക്കുഞ്ഞുങ്ങളും ഫിഷറീസ് വകുപ്പ് ലഭ്യമാക്കും.

6. **ഫലവൃക്ഷ തൈകൾ നട്ട് പരിപാലിക്കൽ**

6.1 പ്രതിവർഷം ഒരു കോടി ഫലവൃക്ഷ തൈകൾ വീതം നട്ടുവളർത്തുന്ന ഒരു ദശവത്സര പരിപാടിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി, ഹരിതകേരള മിഷൻ എന്നീ ഏജൻസികൾ വഴിയാണ് ഈ പദ്ധതി പ്രാദേശികമായി നടപ്പാക്കുക. കൃഷി വകുപ്പ് സംസ്ഥാനതലത്തിൽ ഇതിന് ഒരു ഏകോപന സമിതിയ്ക്കു രൂപം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ഇതിന് ആവശ്യമായ ഏകോപന സമിതികൾക്കു രൂപം നൽകണം.

6.2 മുൻകാലങ്ങളിലെന്നപോലെ ഇതൊരു വൃക്ഷതൈ വിതരണ പരിപാടിയായിരിക്കില്ല. മറിച്ച് പൊതുസ്ഥലത്ത് ആയാലും സ്വകാര്യ ഭൂമിയിൽ ആയാലും വൃക്ഷങ്ങൾ നടുന്നത് കൂട്ടായ ഒരു ജനകീയ പരിപാടിയാക്കുന്നതിനാണ് പരിശ്രമിക്കേണ്ടത്. ഓരോ പ്രദേശത്തും പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിൻ അനുയോജ്യമായ പൊതു പ്രദേശങ്ങൾ കണ്ടെത്തി 'മാപ്പത്തോൺ' ഉപയോഗിച്ച് മാപ്പ് ചെയ്ത് ലിസ്റ്റ് ആക്കണം. ഒഴിഞ്ഞു കിടക്കുന്ന പൊതു സ്ഥലങ്ങൾ, ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, പുറമ്പോക്ക്, വിവിധ വകുപ്പുകളുടെ കൈയ്യിലുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിലും നടാം. 'പച്ചത്തുരുത്ത്' പദ്ധതിയുടെ മാതൃക ഇതിനായി സ്വീകരിക്കാവുന്നതാണ്.

6.3 ഇതിനു പുറമേ പുരയിടങ്ങളിൽ വ്യാപകമായി ഫലവൃക്ഷങ്ങൾ നടാം. വാർഡ് ഒന്നിന് 75 എണ്ണം വീതം തെങ്ങിൻ തൈകൾ നടുന്നതിന് കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മുരിങ്ങ, കറിവേപ്പില, അവക്കാഡോ, റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, സപ്പോട്ട, ഡ്രാഗൺ ഫ്രൂട്ട് തുടങ്ങിയവയും പുരയിടങ്ങളിൽ നടാം.

6.4 പച്ചത്തുരുത്തുകളിലും പുരയിടങ്ങളിലും വഴിയോരങ്ങളിലുമെല്ലാം വൃക്ഷങ്ങൾ നടുന്നതിനുള്ള തൈകൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ തന്നെ പരമാവധി നട്ടുവളർത്തുന്നതിനുള്ള നഴ്സറികൾ അടിയന്തിരമായി ഉണ്ടാക്കണം. തൊഴിലുറപ്പിന്റെ ഭാഗമായി ഈ നഴ്സറികൾ തയ്യാറാക്കാവുന്നതാണ്. തികയാത്തതിന് കൃഷിഭവനെയോ സോഷ്യൽ ഫോറസ്ട്രി വകുപ്പിനെയോ അറിയിക്കേണ്ടതാണ്.

6.5 സർക്കാർ അംഗീകൃത സ്വകാര്യ നഴ്സറികളിൽ നിന്നും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് തൈകൾ വാങ്ങാവുന്നതാണ്. വൃക്ഷതൈകൾ വാങ്ങുന്നതിനുള്ള ചെലവ് തൊഴിലുറപ്പ് പദ്ധതിയുടെ സാധന സാമഗ്രി ഘടകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

6.6 മെയ് മാസത്തിൽ മരങ്ങൾ നടാനുള്ള കുഴികളും പച്ചത്തുരുത്തുകളും സജ്ജീകരിക്കുകയും ഞാറ്റുവേലയ്ക്ക് വലിയ ജനകീയാഘോഷമാക്കി കേരളത്തിലുടനീളം മരമഹോത്സവമായി

അവ നടുകയും വേണം. ഇവയുടെ അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള പരിപാലനവും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഉറപ്പുവരുത്തണം.

6.7 നേഴ്സറികൾ ആരംഭിച്ച് ഫലവൃക്ഷതൈകൾ ലഭ്യമാക്കുന്നതിന് കാർഷിക സംരംഭം എന്ന നിലയിലും പ്രോജക്ട് തയ്യാറാക്കാം.

6.8 മരത്തിന്റെ ഇനം, നട്ട പ്രദേശം, സ്ഥലം ഉടമയുടെ പേര്, പരിപാലന ചുമതല തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി തയ്യാറാക്കണം. ഇത്തരം പ്രദേശങ്ങൾ ജിയോടാഗ് ചെയ്യുകയും വേണം. ഇതിന് ഹരിതകേരളം മിഷന്റെ സഹായം ഉപയോഗിക്കാവുന്നതാണ്.

6.9 സ്കൂൾ, സർക്കാർ ആഫീസ് കോമ്പൗണ്ടുകൾ എന്നിവിടങ്ങളിൽ അവിടുത്തെ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ തൈകൾ നടുന്നതിനും പരിപാലിക്കുന്നതിനും ചുമതലകൾ നൽകി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കണം.

6.10 തൈകൾ നട്ട് പരിപാലിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗര തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം. ആവശ്യമെങ്കിൽ മാത്രം വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുക്കാവുന്നതും ഉൽപാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

7. ജൈവപച്ചക്കറി കൃഷി

7.1 പച്ചക്കറി ഉൽപ്പാദനത്തിൽ കഴിയുന്നത്ര സ്വാശ്രയത്വം കൈവരിക്കുന്നതിനും വിഷരഹിത നല്ലഭക്ഷണം ഉറപ്പുവരുത്തുന്നതിനുംവേണ്ടി ജനകീയ കാമ്പയിനായി സംസ്ഥാനത്ത് ജൈവപച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിച്ചു വരികയാണ്. ഈ ലക്ഷ്യത്തോടെ കൂടുതൽ ശാസ്ത്രീയവും സാങ്കേതികവുമായ ഘടകങ്ങൾ ഉൾപ്പെടുത്തി കൃഷിവകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് ജീവനി. കൃഷി വകുപ്പിന്റെ സ്കീമുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ, കുടുംബശ്രീ, എൻഎൽജി സംരംഭങ്ങൾ, സഹകരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഇവയെല്ലാം തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഏകോപിപ്പിക്കണം. ഇതിനുള്ള ഏകോപനത്തിനും സാങ്കേതികോപദേശത്തിനുമുള്ള ഏജൻസിയാണ് കൃഷി ഭവൻ.

7.2 കുടുംബശ്രീ 20,000 ഹെക്ടർ പ്രദേശത്ത് ജൈവ കൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

7.3 മഴമറ (Rain Shelter) സംവിധാനമാണ് കേരളത്തിന് കൂടുതൽ അനുയോജ്യം. കൃഷി വകുപ്പ് ഇത് വലിയതോതിൽ പ്രോത്സാഹിപ്പിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മഴമറകൾ പ്രോജക്ടായി ഏറ്റെടുക്കുന്നതിന്റെ വിശദാംശങ്ങൾ 14.02.2018 ലെ സ.ഉ (കൈ)നം. 22/2018 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.11.22-ൽ (പേജ് 12) നൽകിയിട്ടുണ്ട്.

7.4 പച്ചക്കറികൃഷി പ്രോത്സാഹനത്തിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തുടരുന്നതാണ്. നിർബന്ധമായും ഇതിനുള്ള പ്രോജക്ട്, പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

8. ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP)

8.1 പ്രാദേശിക സർക്കാരുകളുടെ ആഭിമുഖ്യത്തിൽ 2020-21 വാർഷിക പദ്ധതിയിൽ 50000 പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. തൊഴിൽ ഗ്രൂപ്പുകൾ, സ്വയം സഹായസംഘങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവ വഴിയാണ് തൊഴിൽ സൃഷ്ടിക്കേണ്ടത്.

8.2 മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയിലെ സംരംഭങ്ങൾ, ചെറുകിട വ്യവസായ സംരംഭങ്ങൾ, പ്ലാസ്റ്റിക് ബദൽ ഉല്പന്ന യൂണിറ്റുകൾ, സാങ്കേതിക സേവന കേന്ദ്രങ്ങൾ, ഇവന്റ് മാനേജ്മെന്റ് യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ, കാർഷിക മൂല്യ വർദ്ധിത യൂണിറ്റുകൾ, സേവനമേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള തൊഴിൽ ഗ്രൂപ്പുകൾ, സംരംഭകത്വ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങൾ മുതലായ സാധ്യതകൾ പ്രയോജനപ്പെടുത്തണം.

8.3 സംരംഭക ഗ്രൂപ്പുകൾക്ക് നിലവിലുള്ള വിവിധ സ്കിൽ പദ്ധതികൾ വഴി പരിശീലനം ലഭ്യമാക്കുന്നതാണ്. പ്രദേശത്തെ സാങ്കേതിക സ്ഥാപനങ്ങളുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്

8.4 യുവ എഞ്ചിനീയർമാർക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് അവസരമൊരുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളുടെ ഇന്റേൺഷിപ്പ് സ്കീമിന്റെ ഭാഗമായി ഈ പരിപാടിക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നതാണ്.

8.5 സംരംഭക ഗ്രൂപ്പുകൾക്ക് സാങ്കേതിക ഉപദേശം ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിലെയും നഗരസഭകളിലെയും ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.

8.6 കുടുംബശ്രീയാണ് തൊഴിൽ സംരംഭങ്ങളുടെ ഒരു പ്രധാനപ്പെട്ട ഏജൻസി. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും താഴെപ്പറയുന്ന ഏതാനും തൊഴിൽ സംരംഭങ്ങളെങ്കിലും നിർബന്ധമായും ആരംഭിച്ചിരിക്കേണ്ടതാണ്.

- പ്ലാസ്റ്റിക് ബദൽ ഉല്പന്നങ്ങൾ:- പ്ലാസ്റ്റിക് നിരോധിച്ചതുമൂലമുണ്ടായ ക്യാരിബാഗുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പുനരുപയോഗ സാദ്ധ്യതയുള്ളതും പ്രകൃതി സൗഹൃദവുമായ വസ്തുക്കൾ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ ലഭ്യമാക്കാനുള്ള തൊഴിൽ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. {പേപ്പർ കവറുകൾ (യന്ത്രം ഉപയോഗിച്ചോ അല്ലാതെയോ), പഴയ വസ്ത്രങ്ങൾ ഉപയോഗിച്ചുള്ള സഞ്ചികൾ, പുതിയ തുണികൊണ്ടുള്ള ക്യാരി ബാഗുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സംരംഭക ഗ്രൂപ്പുകൾ.}
- ഹരിതകർമ്മ സേനകളുടെ ആഭിമുഖ്യത്തിലുള്ള സംരംഭങ്ങൾ
- ഹോംഷോപ്പുകൾ
- ഇറച്ചിക്കോഴി യൂണിറ്റുകൾ
- ന്യൂട്രിമിക്സ് ബ്രാൻഡിൽ പൊതുപോഷക ഭക്ഷണങ്ങൾ
- കരകൗശല ഉൽപ്പന്നങ്ങൾ

- റിപ്പയറിംഗിനും മറ്റു സർവ്വീസുകൾക്കും വേണ്ടിയുള്ള മൾട്ടി ടാസ്ക് ടീമുകൾ
- ഇവന്റ് മാനേജ്മെന്റ് ടീമുകൾ
- കാർഷികസംസ്കരണ യൂണിറ്റുകൾ

8.7 ഇത്തരം സംരംഭങ്ങൾക്ക് 14.02.2018 ലെ സ ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ് സിഡി മാർഗ്ഗരേഖയിൽ വിവരിക്കുന്ന പ്രകാരം തൊഴിൽ സംരംഭക യൂണിറ്റുകൾക്കുള്ള ധനസഹായമോ (ഖണ്ഡിക 6.4 പേജ് നം 31-32), സംരംഭക പ്രോത്സാഹന പദ്ധതിയുടെ ഭാഗമായുള്ള ധനസഹായമോ (പലിശ സബ് സിഡി ഉൾപ്പെടെ - ഖണ്ഡിക 6.4.21, പേജ് 36) നൽകാവുന്നതാണ്.

8.8 തദ്ദേശഭരണ അതിർത്തിയിൽ ആരംഭിക്കുന്ന ചകിരി മില്ലുകൾക്ക് ആവശ്യമായ തൊണ്ട് സംഭരിക്കുന്നതിന് തൊണ്ട് ഒന്നിന് 50 പൈസ വരെ നൽകാൻ മുൻ മാർഗ്ഗരേഖകൾ പ്രകാരം ഇപ്പോൾ തന്നെ അനുവാദമുണ്ട്.

8.9 പ്രവർത്തന മൂലധനത്തിന് എടുക്കുന്ന ബാങ്ക് വായ്പയുടെ പലിശ, സംരംഭക ഗ്രൂപ്പുകൾക്ക് പരിശീലനം, വിപണന സംവിധാനത്തിന് സഹായം എന്നിവയ്ക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

9. പൊതുവിദ്യാഭ്യാസ യജ്ഞം

9.1 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ അക്ഷരവും അക്കവും ഉറച്ചിട്ടില്ലാത്തവരെ അദ്ധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി റെമഡിയൽ വിദ്യാഭ്യാസം നൽകുന്ന ഒരു പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

9.2 പി.റ്റി.എ യോഗങ്ങൾ വിളിച്ച് ചേർത്ത് വിശദാംശങ്ങൾ ആവിഷ്കരിക്കുകയും തദ്ദേശഭരണ സ്ഥാപനം വിദ്യാഭ്യാസ പ്രോജക്ട് തയ്യാറാക്കുകയും വേണം. പരിഹാരബോധനത്തിനായി ഒട്ടേറെ സ്കീമുകൾ വിദ്യാഭ്യാസ വകുപ്പുതന്നെ ആവിഷ്കരിച്ചിട്ടുണ്ട്. അവ പരമാവധി പ്രയോജനപ്പെടുത്തണം. സ്കൂളുകളിൽ തന്നെ സാധാരണ അധ്യായനത്തോടൊപ്പം ഇതിനുള്ള പരിപാടി ആവിഷ്കരിക്കുന്നതായിരിക്കും നല്ലത്.

9.3 ആവശ്യമെങ്കിൽ വീടുകൾക്ക് അടുത്തുള്ള പകൽവീടുകളിലോ വയോ ക്ലബ്ബുകളിലോ സൗകര്യപ്രദമായ ഗ്രന്ഥശാലകളിലോ കലാ-സാംസ്കാരിക സമിതി കെട്ടിടങ്ങളിലോ സ്കൂളുകളിൽ തന്നെയോ ഇത് നടത്താവുന്നതാണ്. ഇതിനായി അനുയോജ്യരായ അദ്ധ്യപകരെ കണ്ടെത്തണം. വയോക്ലബ്ബിലെ അനുയോജ്യരായവരെയും ഇതിനായി ഉപയോഗിക്കണം.

9.4 ഓണം അവധിക്കാലത്ത് വിജയപ്രഖ്യാപനമായി കുട്ടികളുടെ അക്ഷരമഹോത്സവങ്ങളും കളിക്കൂട്ടങ്ങളും സംഘടിപ്പിക്കണം.

9.5 ആവശ്യമെങ്കിൽ ഇതിനുവേണ്ടി പ്രത്യേക പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

10. പാലിയേറ്റീവ് പരിചരണം

10.1 രോഗപ്രതിരോധ പ്രവർത്തനങ്ങളിലും രോഗാതുരത മോണിട്ടർ ചെയ്യുന്നതിലും കേരളം മുൻപന്തിയിലാണ്. ഓരോ തദ്ദേശഭരണസ്ഥാപന പ്രദേശത്തേയും പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത്. ഒപ്പം പാലിയേറ്റീവ് പരിചരണ രംഗത്തും കേരളം മുന്നിലാണ്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും എല്ലായിടത്തും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

10.2 ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നിർബന്ധമായും ഏറ്റെടുക്കേണ്ട ഒരു പ്രോജക്ടാണ് പാലിയേറ്റീവ് പരിചരണം. തദ്ദേശഭരണ സ്ഥാപനങ്ങൾ മറ്റു തങ്ങളുടേതായിട്ടുള്ള സാന്ത്വനപരിചരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനു പകരം നിലവിലുള്ള സന്നദ്ധസംഘടനകളുടെയും മറ്റും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത്. ഓരോ തലത്തിലേയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ 7.3.2019 ലെ സ.ഉ (സാധാ)നം. 553/2019/ ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രാഥമിക പാലിയേറ്റീവ് പരിചരണ സംവിധാനം (ഹോം കെയർ സംവിധാനം) പ്രാവർത്തികമാക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കുമാണ്.

10.3 സന്നദ്ധ സംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് മേൽപ്പറഞ്ഞ മാർഗരേഖ പ്രകാരമുള്ള സഹായങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തലത്തിലേയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

11. പട്ടികവിഭാഗങ്ങളുടെ വികസനം

11.1 തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള കോളനി/സങ്കേത നവീകരണ പദ്ധതികളുടെയും വീടുകളുടെയും പഠനമുറികളുടെയും സാമൂഹ്യ പഠന കേന്ദ്രത്തിന്റെയും സമയബന്ധിതമായ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കണം. സാമൂഹ്യപഠനകേന്ദ്രം പൂർത്തിയായി കഴിഞ്ഞാൽ അതിന്റെ ഫലപ്രദമായ വിനിയോഗത്തിന് നിർദ്ദേശിച്ചിട്ടുള്ള മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും കേന്ദ്രത്തെ കുട്ടികളുടെ റെമഡിയൽ കോച്ചിംഗ് സെന്ററായും വയോജന സേവന കേന്ദ്രമായും ഉപയോഗപ്പെടുത്തുന്നതിനുവേണ്ട നടപടിയും സ്വീകരിക്കണം.

11.2 പട്ടികജാതി/പട്ടികവർഗ്ഗ പ്രതിഭകൾക്ക് പിന്തുണ എന്ന പ്രോജക്ട് [**14.02.2019** ലെ സ.ഉ (കൈ) **22/2018/**തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക **7.2.16,** പേജ് നമ്പർ **67**] എല്ലാ ജില്ലാ പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും നിർബന്ധമായും ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

11.3 കോളനി/ഊര് സന്ദർശനവും വികസനവിടവുകൾ കണ്ടെത്തലും:- പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഗ്രാമസഭ, ഊരുകൂട്ടം, വികസനസെമിനാർ, സ്റ്റേക്ക് ഹോൾഡർ യോഗങ്ങൾ എന്നിവ നടക്കുന്നുണ്ടെങ്കിലും ഊരുകളിലേയും

കോളനികളിലേയും സ്ഥിതി ആസൂത്രണ പ്രവർത്തകർക്ക് വേണ്ടത്ര പരിചിതമായി ക്കൊള്ളണമെന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗത്തിന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും നേരിട്ടുള്ള സന്ദർശനം സഹായകമാകും. കൃത്യമായ ഇടവേളകളിൽ ഇത്തരം സന്ദർശനം ആസൂത്രണം ചെയ്യാവുന്നതാണ്. ഇതിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വ്യാപകമായ പങ്കാളിത്തം ഉറപ്പാക്കണം. തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ / ഊരുകളിൽ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്റെയോ ജില്ലാകളക്ടറുടെയോ സാന്നിദ്ധ്യം ഉണ്ടാകുന്നത് അഭികാമ്യമായിരിക്കും. സന്ദർശനത്തിന്റെ ഭാഗമായി ചുവടെ പറയുന്ന വിവര ശേഖരണവും അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്.

(1) നിലവിലുള്ള സർക്കാർ പദ്ധതികളുടെ സഹായം അർഹതയുള്ള ആർക്കെങ്കിലും ലഭ്യമാകാതെയുണ്ടെങ്കിൽ അത് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

(2) ഊരുകളിലെ ആദിവാസികളിൽ ആധാർ, വോട്ടർ ഐ.ഡി, റേഷൻകാർഡ്, തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ് തുടങ്ങിയവ ഇല്ലാത്തവരായി ആരെങ്കിലും ഉണ്ടെങ്കിൽ അവർക്ക് അത്തരം രേഖകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

(3) തദ്ദേശഭരണസ്ഥാപനതലത്തിൽ ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ ഏതെല്ലാം എന്ന് ഗ്രഹനാഥന്റെ പേരും വീട്ട് നമ്പരും രേഖപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പി.കെ. കാളൻ പദ്ധതി മാതൃകയിൽ തയ്യാറാക്കുകയും അവ ക്രോഡീകരിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കി നടപ്പാക്കുകയും ചെയ്യുക.

(4) സർക്കാരിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരേണ്ടുന്ന മേൽതട്ട് നിർദ്ദേശങ്ങൾ/ ആവശ്യങ്ങൾ മൈക്രോപ്ലാനുകളായി തയ്യാറാക്കി ഓരോ തദ്ദേശഭരണസ്ഥാ പനവും ജില്ലാ ആസൂത്രണ സമിതി മുഖാന്തിരം സർക്കാരിന് സമർപ്പിക്കുക.

12. ദുരന്ത മാനേജ് മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ (നമ്മൾ നമുക്കായി)

12.1 സംസ്ഥാനത്ത് സമീപകാലത്തായി അനുഭവപ്പെടുന്ന വരൾച്ച, പ്രളയം, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് എന്നിവയെ അതിജീവിക്കുന്നതിനും ദുരന്തമുഖത്ത് പകച്ചുനിൽക്കാതെ ഇടപെടുന്നതിനും സാധിക്കുന്ന തരത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും ദുരന്ത മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ദുരന്ത മാനേജ് മെന്റ് പ്ലാനിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവൃത്തികളും ഉൾപ്പെടുത്തേണ്ടതാണ്. മാത്രമല്ല ഇവയെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുകയും വേണം.

12.2 2018 -ലെയും 2019 -ലെയും പ്രളയം തദ്ദേശഭരണസ്ഥാപന തലത്തിൽ വിവിധ മേഖലകളെ എങ്ങനെ ബാധിച്ചു, പ്രത്യേക മുൻകരുതൽ ഇല്ലാതെ അതിനെ നേരിട്ടതെങ്ങനെ, മുൻകരുതലെന്ന നിലയിൽ ഇനി എന്തൊക്കെ ചെയ്യണം എന്നിവ ഉൾപ്പടെയുള്ള അഭിപ്രായങ്ങളുടെ ക്രോഡീകരണമാണ് പ്ലാനിലെ മുഖ്യ ഘടകം.

12.3 ഇതിന്റെ രൂപീകരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ദുരന്ത മാനേജ് മെന്റ് പ്ലാനുകൾ സംബന്ധിച്ചുള്ള ഗ്രാമസഭകളിലെയും പ്രത്യേക വികസന സെമിനാറിലെയും ഗുണപരമായ ചർച്ചയാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തംകൊണ്ട് മെച്ചപ്പെട്ട ആശയ രൂപീകരണത്തിന് ഇടയാക്കും.

12.4 പ്രകൃതി ദുരന്തത്തിലും പ്രാദേശിക പ്രതിസന്ധി ഘട്ടത്തിലും സഹായമെത്തിക്കുന്നതിനായി 100 പേർക്ക് ഒരാൾ എന്ന നിലയിൽ സാമൂഹിക സന്നദ്ധ സേന രൂപീകരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു [01.01.2020 സ.ഉ (കൈ) നം.1/2020 പൊ.ഭ.വ]. ഈ സേനയുടെ പ്രാദേശിക പ്രവർത്തനതലം തദ്ദേശഭരണ സ്ഥാപനമായിരിക്കും. അവരുടെ ഒരു പ്രധാന പഠനസാമഗ്രി നമ്മൾ നമുക്കായി കാമ്പയിനിന്റെ ഭാഗമായി രൂപം നൽകുന്ന ദുരന്തനിവാരണ റിപ്പോർട്ട് ആയിരിക്കും. ഇനിയൊരു പ്രകൃതിദുരന്തം ഉണ്ടാകുമ്പോൾ നമ്മൾ തയ്യാറെടുത്തിരിക്കണം.

പൊതു നിർദ്ദേശങ്ങൾ

1. പന്ത്രണ്ടിന പരിപാടിയുടെ മുഖ്യ നിർവഹണ ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായിരിക്കും.
2. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെയും, കുടുംബശ്രീ മിഷൻ, തൊഴിലുറപ്പ് മിഷൻ, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, തുടങ്ങിയ മിഷനുകളുടെയും മറ്റ് ഏജൻസികളുടെയും ഏകോപനം ഉറപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനം നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട വകുപ്പുകൾ പ്രത്യേകിച്ച് കൃഷി വകുപ്പ്, ജലസേചന വകുപ്പ്, സാമൂഹ്യ വനവൽക്കരണ വകുപ്പ് തുടങ്ങിയവയുമായിട്ടുള്ള ഏകോപനം ഉറപ്പുവരുത്തണം. അതുപോലെ സാമൂഹ്യ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വലിയ തോതിൽ ബഹുജനങ്ങളെ പങ്കെടുപ്പിക്കുന്നതിനും കാര്യമായ പരിശ്രമം ഉണ്ടാകണം.
3. ഓരോ പരിപാടിയുടെയും പ്രവർത്തനം നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റികൾ അനുബന്ധമായി ചേർത്തിട്ടുള്ളത് പ്രകാരം രൂപീകരിക്കേണ്ടതും 2020 ഏപ്രിൽ 1 മുതൽ അവയുടെ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്. കമ്മിറ്റികളിലേക്ക് തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം അനുയോജ്യരായ മറ്റുള്ളവരെയും ഉൾപ്പെടുത്താവുന്നതാണ്.
4. പന്ത്രണ്ടിന പരിപാടിയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ ജില്ലാ തലത്തിൽ ജില്ലാ ആസൂത്രണ സമിതി അവലോകനം ചെയ്യേണ്ടതാണ്.
5. എല്ലാ ഒന്നും മൂന്നും വെള്ളിയാഴ്ചകളിൽ മേൽപ്പറഞ്ഞ 12 ഇന പരിപാടികളിൽ കൈവരിച്ച പുരോഗതി നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ പൂരിപ്പിച്ച് ഡിഡിപി / നഗരകാര്യ ഡയറക്ടർ വഴി സർക്കാരിൽ എത്തിക്കണം.
6. മേൽപറഞ്ഞ 12 പരിപാടികളും സമയബന്ധിതമായി നിർവ്വഹണം നടത്തേണ്ടതും അതിന്റെ പുരോഗതി (ഓണത്തിന് മുമ്പ്) ആഗസ്റ്റ് മാസത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ടതുമാണ്. 2020 ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെ നടക്കുന്ന ഭൗതിക നേട്ടങ്ങളുടെ വിവരങ്ങളാണ് പ്രസിദ്ധീകരിക്കേണ്ടത്.

7. ഇതോടൊപ്പം തദ്ദേശഭരണസ്ഥാപനതലത്തിൽ ഇപ്പോഴത്തെ ഭരണസമിതിയുടെ കാലയളവിൽ കൈവരിച്ച നേട്ടങ്ങളുടെ സംക്ഷിപ്ത വിവരങ്ങളും പ്രസിദ്ധീകരിക്കാവുന്നതാണ്.
8. ഇവ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ തുക ചെലവഴിക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമായി എടുക്കാവുന്നതാണ്.

****

പന്ത്രണ്ടിന പരിപാടി – നിർവഹണ മോണിട്ടറിംഗിന് രൂപീകരിക്കേണ്ട കമ്മിറ്റികൾ

ജനകീയ ഹോട്ടൽ (ഓരോ ഹോട്ടലിനും രൂപീകരിക്കണം)

1	ചെയർമാൻ	:		തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷ(ൻ)
2	വർക്കിംഗ് ചെയർമാൻ	:		തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
3	കൺവീനർ			കുടുംബശ്രീ ചുമതലയുള്ള ഉദ്യോഗസ്ഥൻ (നിർവ്വഹണ ഉദ്യോഗസ്ഥൻ)
4	ജോയിന്റ് കൺവീനർ	:		ഹോട്ടൽ സ്ഥിതി ചെയ്യുന്ന വാർഡിലെ എ.ഡി.എസ് ചെയർപേഴ്സൺ
5	അംഗങ്ങൾ	:	1	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ
			2	ഹോട്ടൽ സ്ഥിതി ചെയ്യുന്ന വാർഡിലെ മെമ്പർമാർ (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്, നഗരസഭ)
			3	സംരംഭക ഗ്രൂപ്പിന്റെ കൺവീനർ
			4	ഹെൽത്ത് ഇൻസ്പെക്ടർ
			5	സന്നദ്ധപ്രവർത്തകൻ
			6	തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന സംഘടനാ പ്രതിനിധി

വയോ ക്ലബ്ബുകൾ (ഓരോ വയോജനക്ലബ്ബിനും രൂപീകരിക്കണം)

1	ചെയർമാൻ	:		തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷ(ൻ)
2	വർക്കിംഗ് ചെയർമാൻ	:		തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
3	കൺവീനർ			നിർവ്വഹണ ഉദ്യോഗസ്ഥൻ
4	ജോയിന്റ് കൺവീനർ	:		പെൻഷനേഴ്സ് / സീനിയർ സിറ്റിസൺ സംഘടനയുടെ പ്രതിനിധി
		:		
5	അംഗങ്ങൾ	:	1	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ
			2	വയോക്ലബ്ബ് സ്ഥിതിചെയ്യുന്ന വാർഡിലെ മെമ്പർമാർ (ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്, നഗരസഭ)
			3	ആശാവർക്കർ
			4	പി.എച്ച്.സി ഡോക്ടർ/ JPHN
			5	സന്നദ്ധപ്രവർത്തകൻ
			6	തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പാലിയേറ്റീവ് സംഘടനാ പ്രതിനിധി

ശുചിത്വകേരളം (തദ്ദേശഭരണസ്ഥാപനതലം)

1	ചെയർമാൻ	:	തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷ(ൻ)	
2	വർക്കിംഗ് ചെയർമാൻ	:	തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	
3	കൺവീനർ		നിർവ്വഹണ ഉദ്യോഗസ്ഥൻ	
4	ജോയിന്റ് കൺവീനർ	:	JPHN/ആശാവർക്കർ	
5	അംഗങ്ങൾ	:	1	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ
			2	ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി
			3	ഹരിതകർമ്മസേന അംഗം
			4	ശുചിത്വമിഷൻ
			5	ഹരിതകേരളം പ്രതിനിധി
			6	സന്നദ്ധ പ്രവർത്തക/ൻ
			7	തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന അയൽക്കൂട്ടം/ റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി

പൊതുടോയിലറ്റ് – ടേക്ക് എ ബ്രേക്ക് സംവിധാനം (തദ്ദേശഭരണസ്ഥാപനതലം)

1	ചെയർമാൻ	:	തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷ(ൻ)	
2	വർക്കിംഗ് ചെയർമാൻ	:	തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	
3	കൺവീനർ		നിർവ്വഹണ ഉദ്യോഗസ്ഥൻ	
4	ജോയിന്റ് കൺവീനർ	:		
5	അംഗങ്ങൾ	:	1	കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ
			2	ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി
			3	വ്യാപാരി വ്യവസായി ഏകോപനസമിതി/സമിതി പ്രതിനിധികൾ (ഒന്ന് വീതം)
			4	പെട്രോൾ പമ്പ് കമ്പനി/ഡീലർ പ്രതിനിധി
			5	സഹകരണസംഘം പ്രതിനിധി (PACS)
			6	പൊതുമേഖലാ സ്ഥാപന പ്രതിനിധി

തോടുകളുടെ ശുചീകരണം

1	ചെയർമാൻ	:	തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ)	
2	വർക്കിംഗ് ചെയർമാൻ	:	തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	
3	കൺവീനർ	:	സെക്രട്ടറി	
4	ജോയിന്റ് കൺവീനർ	:	തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന തൊഴിലുറപ്പ് മേറ്റ്	
5	അംഗങ്ങൾ	:	1	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ
			2	ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി
			3	കുടുംബശ്രീ എ.ഡി.എസ് പ്രതിനിധി
			4	റസിഡന്റ്സ് അസോസിയേഷൻ/ അയൽക്കൂട്ട പ്രതിനിധി
			5	തൊഴിലുറപ്പ് മിഷൻ പ്രതിനിധി
			6	ജലസേചന വകുപ്പ്
			7	ഹരിതകേരളം പ്രതിനിധി
			8	ശുചിത്വമിഷൻ പ്രതിനിധി
			9	തൊഴിലുറപ്പ് തൊഴിലാളി പ്രതിനിധി

ഫലവൃക്ഷതൈകൾ നട്ടു പരിപാലിക്കൽ

1	ചെയർമാൻ	:	തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ)	
2	വർക്കിംഗ് ചെയർമാൻ	:	തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	
3	കൺവീനർ	:	കൃഷി ആഫീസർ (കൃഷിഭവൻ)	
4	ജോയിന്റ് കൺവീനർ	:	തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന തൊഴിലുറപ്പ് മേറ്റ്	
5	അംഗങ്ങൾ	:	1	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ
			2	ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി
			3	തൊഴിലുറപ്പ് മിഷൻ പ്രതിനിധി
			4	തൊഴിലുറപ്പ് തൊഴിലാളി പ്രതിനിധി
			5	കർഷകത്തൊഴിലാളി സംഘടന പ്രതിനിധി
			6	സന്നദ്ധസംധടന പ്രതിനിധികൾ
			7	സഹകരണ സംഘം പ്രതിനിധികൾ
			8	പി.റ്റി.എ പ്രതിനിധികൾ
			9	സർക്കാർ ജീവനക്കാരുടെ പ്രതിനിധികൾ

ജൈവപച്ചക്കറി കൃഷി

1	ചെയർമാൻ	:	തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ)	
2	വർക്കിംഗ് ചെയർമാൻ	:	തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	
3	കൺവീനർ	:	കൃഷി ആഫീസർ (കൃഷി ഭവൻ)	
4	ജോയിന്റ് കൺവീനർ	:	എ.ഡി.എസ്. പ്രതിനിധി	
5	അംഗങ്ങൾ	:	1	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ
			2	ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി
			3	പാടശേഖരം സമിതി പ്രതിനിധി
			4	കുടുംബശ്രീ
			5	കർഷക സംഘം പ്രതിനിധി
			6	സന്നദ്ധ പ്രവർത്തകൻ
			7	റസിഡന്റ്സ് അസ്സോസിയേഷൻ / അയൽക്കൂട്ട പ്രതിനിധി

ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം

1	ചെയർമാൻ	:	തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ)	
2	വർക്കിംഗ് ചെയർമാൻ	:	തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	
3	കൺവീനർ	:	നിർവ്വഹണ ഉദ്യോഗസ്ഥൻ	
4	ജോയിന്റ് കൺവീനർ	:	സംരംഭക്ലബ് പ്രതിനിധി	
5	അംഗങ്ങൾ	:	1	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ
			2	ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി
			3	IEO ബ്ലോക്ക് പഞ്ചായത്ത്
			4	വ്യാപാരി വ്യവസായി / ഏകോപന/സമിതി പ്രതിനിധി
			5	എ.ഡി.എസ് പ്രതിനിധി
			6	സഹകരണ സംഘം പ്രതിനിധി (PACS)

പൊതുവിദ്യാഭ്യാസ യജ്ഞം

1	ചെയർമാൻ	:		തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ)
2	വർക്കിംഗ് ചെയർമാൻ	:		തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
3	വൈസ് ചെയർമാൻ	:		ആരോഗ്യം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
4	കൺവീനർ	:		നിർവ്വഹണ ഉദ്യോഗസ്ഥൻ - വിദ്യാഭ്യാസം
5	ജോയിന്റ് കൺവീനർ	:		പി.റ്റി.എ പ്രസിഡന്റ്
6	അംഗങ്ങൾ	:	1	ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി
			2	ഗ്രന്ഥശാല സംഘം പ്രാദേശിക പ്രതിനിധി
			3	പെൻഷനേഴ്സ് / സീനിയർ സിറ്റിസൺസ് പ്രതിനിധി
			4	സന്നദ്ധസംഘടനാ ഭാരവാഹി പ്രതിനിധി
			5	MPTA പ്രതിനിധി
			6	അദ്ധ്യാപക പ്രതിനിധി

പട്ടികവിഭാഗങ്ങളുടെ വികസനം

1	ചെയർമാൻ	:		തദ്ദേശഭരണസ്ഥാപന ആദ്ധ്യക്ഷ(ൻ)
2	വർക്കിംഗ് ചെയർമാൻ	:		തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
3	വൈസ് ചെയർമാൻ	:		ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
4	കൺവീനർ	:		സെക്രട്ടറി
5	ജോയിന്റ് കൺവീനർ(മാർ)	:		1. പട്ടികജാതി വികസന ആഫീസർ 2. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
6	അംഗങ്ങൾ	:	1	ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നിർദ്ദേശിക്കുന്ന പ്രതിനിധി/നഗരസഭ കൗൺസിലർമാരുടെ പ്രതിനിധി
			2	അസിസ്റ്റന്റ് സെക്രട്ടറി (ഗ്രാമപഞ്ചായത്ത്)
			2	എസ്.സി/എസ്.റ്റി പ്രമോട്ടർ
			3	പട്ടികജാതി സമുദായ സംഘടന പ്രതിനിധി (LSG തലം)
			4	പട്ടികവർഗ്ഗ സമുദായ സംഘടനപ്രതിനിധി (LSG തലം)
			5	സന്നദ്ധ സംഘടന പ്രതിനിധി
			6	ആസൂത്രണ സമിതി വൈസ് ചെയർമാൻ

ദുരന്തമാനേജ്മെന്റ് പ്ലാനുകൾ (നമ്മൾ നമുക്കായി)

നിലവിലുള്ള ദുരന്തനിവാരണ പദ്ധതി മോണിറ്റർ ചെയ്യുന്ന സമിതി തന്നെ ഇത് മോണിറ്റർ ചെയ്യാവുന്നതാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

തസ്വഭവ-ഡിഎ1/83/2020-തസ്വഭവ

തദ്ദേശ സ്വയം ഭരണ(ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി : 20/03/2020

സർക്കുലർ

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് – 12 ഇന പരിപാടി ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളുടെ 2020 -21-ലെ വാർഷിക പദ്ധതി - ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതിനുള്ള ചെക്ക് ലിസ്റ്റ് - സംബന്ധിച്ച്

സൂചന:-

1) 06/03/2020 ലെ സ.ഉ.(കൈ) നം. 45/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

2) 05/12/2019 –ലെ സ.ഉ.(കൈ) നം.157/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

3) 04/12/2019 –ലെ സ.ഉ.(കൈ) നം.156/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

4) 14/01/2020 –ലെ സ.ഉ.(കൈ) നം.14/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

5) 23/1/2020–ലെ സ.ഉ.(കൈ) നം. 19/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

6) 29/01/2018 –ലെ സ.ഉ.(കൈ) നം 11/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

7) 02/02/2018 –ലെ സ.ഉ.(കൈ) നം 17/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

8) 12/03/2020 –ലെ നം.ഡി.എ.1/372/2019/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ

ജനകീയാസൂത്രണത്തിന്റെ 25 –ാം വാർഷികം ആഘോഷിക്കുന്ന കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2020 – 21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത 12 ഇന പരിപാടിയ്ക്ക് പ്രാമുഖ്യം നൽകി ഉൾപ്പെടുത്തേണ്ടതുമാണെന്ന് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2020 – 21 വർഷത്തെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു സമർപ്പിക്കുമ്പോൾ 1 2 ഇന പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ജില്ലാ ആസൂത്രണ സമിതി പരിശോധിക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്ന ചെക്ക് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ഈ അനുബന്ധവും സൂചന ഉത്തരവുകളും സർക്കുലറും ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ മനസ്സിലാക്കേണ്ടതും, ഈ നിർദ്ദേശങ്ങൾ പാലിച്ചാണോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കിയതെന്ന് പരിശോധിച്ച് 2020-21-ലെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകേണ്ടതുമാണ്.

ശാരദ മുരളീധരൻ
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കില, തൃശ്ശൂർ.

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.

എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

അനുബന്ധം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമതി പരിശോധിക്കുന്നതിന് സഹായകരമായ ചെക്ക് ലിസ്റ്റ്

ക്രമ നമ്പർ	12 ഇന പരിപാടി	വിഷയ മേഖല	ചെക്ക് ലിസ്റ്റ് ഗ്രാമ പഞ്ചായത്ത് / നഗര സഭകൾ	ചെക്ക് ലിസ്റ്റ് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ
1	**വിശപ്പ് രഹിത കേരളം – ജനകീയ ഹോട്ടൽ**	**ഉൽപ്പാദന മേഖല**	➢ വാർഷിക പദ്ധതിയിൽ ജനകീയ ഹോട്ടൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?	➢ ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ട് (ജില്ലാ പഞ്ചായത്ത് 10000 രൂപ, ബ്ലോക്ക് പഞ്ചായത്ത് 20000 രൂപ)
			➢ ജനകീയ ഹോട്ടൽ നടത്തുന്നതിന് തിരഞ്ഞെടുത്ത നിലവിലുള്ള കെട്ടിടത്തിനു ആവശ്യമായ അറ്റകുറ്റ പണികൾക്കുള്ള പ്രോജക്ട്.	
			➢ ജനകീയ ഹോട്ടലിന്റെ പ്രവർത്തനത്തിനാ വശ്യമായ കെട്ടിടത്തിന്റെ വാടക, വൈദ്യുതിചാർജ്ജ്, വാട്ടർചാർജ്ജ് എന്നിവ നൽകുന്നതിനുള്ള പ്രോജക്ട്	
			➢ ജനകീയ ഹോട്ടലിന് 30,000 രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ട് നഗരസഭ വാർഷിക പദ്ധതിയിൽ	➢ ജനകീയ ഹോട്ടൽ സംരംഭകർക്ക് പരിശീലനം

				നൽകുന്നതിനുള്ള പ്രോജക്ട്
		സേവന മേഖല	➢ ജനകീയ ഹോട്ടൽ വഴി കിടപ്പ് രോഗികൾക്കും വയോജനങ്ങൾക്കും ഭക്ഷണ വിതരണത്തിന് ആവശ്യമായ പ്രോജക്ട്.	
			➢ ഇവർക്ക് ഭക്ഷണം എത്തിക്കുന്നതിനുള്ള പാത്രങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ട് .	
			➢ മേൽ സൂചിപ്പിച്ചവർക്ക് ഭക്ഷണം എത്തിക്കുന്നതിനുള്ള വാഹന സൗകര്യമുൾപ്പെടെ മറ്റു സംവിധാനങ്ങൾക്കാവശ്യമായ പ്രോജക്ട്.	
2	**വയോ ക്ലബുകൾ**	**സേവന മേഖല**	➢ വാർഷിക പദ്ധതിയിൽ വയോ ക്ലബുകൾ /പകൽ വീടുകൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?	➢ അവരവരുടെ പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിലെ വയോ-ക്ലബ്ബുകളിലേക്ക് കെയർ ടെക്കർമാർക്ക് ഹോണറേറിയം നൽകുന്നതിലേക്കുള്ള ബ്ലോക്ക് –ജില്ലാ പഞ്ചായത്ത് വിഹിതം ഓരോ വയോ-
			➢ വയോ ക്ലബ്ബുകളുടെ പ്രവർത്തനത്തിനാ വശ്യമായ കെട്ടിടത്തിന്റെ വാടക, വൈദ്യുതിചാർജ്ജ്, വാട്ടർചാർജ്ജ്	

			എന്നിവ നൽകുന്നതിനുള്ള പ്രോജക്ട്.	ക്ലബ്ബിനും 500 രൂപ വീതം വകയിരുത്തുന്നതിനുള്ള പ്രോജക്ട്.
			➢ നഗര സഭകൾ വയോ ക്ലബ്ബുകളിലേക്ക് വയോ സൗഹൃദ ഫർണിച്ചറുകൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ.	
			➢ വയോജന സൗഹൃദ പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിന് പൊതു സ്ഥലങ്ങളിലെ തടസ രഹിത സഞ്ചാരത്തിനു ഉതകുന്ന കൈവരികൾ, റാമ്പുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്.	
			➢ വയോജന സൗഹൃദ തദ്ദേശ ഭരണം നയപരമായി നടപ്പാക്കുന്നതിനുള്ള അന്തരീക്ഷ സൃഷ്ടിക്ക് കൗൺസിലിംഗ്, ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ.	➢ ബ്ലോക്ക് പഞ്ചായത്തുകൾ വയോ ക്ലബ്ബുകളിലേക്ക് വയോ സൗഹൃദ ഫർണിച്ചറുകൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ.
			➢ വായോ ക്ലബ്ബുകളിൽ ഡോക്ടറുടെ /നേഴ്സിന്റെ സേവനവും മരുന്നുകളും നൽകുന്നതിനുള്ള പ്രോജക്ട്.	➢ ഗ്രാമ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ടായി

			➢ വായോ ക്ലബ്ബുകളിൽ വയോജനങ്ങൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ട്.	വയോക്ലബ്ബിനു ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രോജക്ട്.
3	**ശുചിത്വ കേരളം**	**സേവന മേഖല**	➢ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കാനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?	➢ ഗ്രാമ പഞ്ചായത്തുകളുമായി ചെന്ന് നടപ്പാക്കാവുന്ന മാലിന്യ സംസ്കരണ പ്രോജക്ടുകൾ ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?
			➢ അജൈവ മാലിന്യം ശേഖരിക്കാൻ എം.സി..എഫ്.സംവിധാനം ഉറപ്പ് വരുത്തുന്നതിനുള്ള പ്രോജക്ടുകൾ.	
			➢ അജൈവ മാലിന്യ തുടർ പരിപാലനത്തിന് ആർ.ആർ..എഫ്.സംവിധാനം ഉറപ്പ് വരുത്തുന്നതിനുള്ള പ്രോജക്ടുകൾ.	
			➢ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്ന പ്രോജക്ടുകൾ.	
			➢ ഗാർഹിക ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുന്നതിന് സബ്സിഡി	

			നല്കുന്നതിനാവശ്യമായ പ്രോജക്ടുകൾ.	
			➢ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനാവശ്യമായ പ്രോജക്ട്.	
3	**പൊതു ടോയിലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും**	**സേവന മേഖല**	➢ പൊതു ടോയിലെറ്റുകളുടെ അറ്റകുറ്റപണിക്കോ നിർമാണത്തിനോആയുള്ള പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?	➢ ഗ്രാമ പഞ്ചായത്തുകളിൽ പൊതു ടോയ്ലറ്റ് സ്ഥാപിക്കുന്നതിനോ, ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ തുടങ്ങുന്നതിനോ ഏറ്റെടുക്കാവുന്ന സംയുക്ത പ്രോജക്ടുകൾ.
			➢ നിലവിലുള്ള പൊതു ടോയിലെറ്റുകളുടെ വെള്ളം, വെളിച്ചം മുതലായ സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിലേക്കുള്ള പ്രോജക്ടുകൾ.	
			➢ നിലവിലുള്ള കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റാന്റ്കളിലും മാർക്കറ്റുകളിലും പൊതുസ്ഥലങ്ങളിലും ഉള്ള ടോയിലെറ്റുകളുടെ നവീകരണത്തിനായുള്ള പ്രോജക്ടുകൾ.	

			➢ പൊതു ടോയിലെറ്റുകൾ ഉൾപ്പെടുന്ന ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ.	➢ ജില്ലാ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ കൈവശമുള്ള സ്ഥലത്തോ പൊതു സ്ഥാപനങ്ങളുമായി ചേർന്നോ പൊതു ടോയ്‌ലറ്റ് / ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ തുടങ്ങുന്നതിനായുള്ള പ്രോജക്ടുകൾ.
			➢ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളിൽ വിശ്രമ സ്ഥലം, കുടിവെള്ളം, നാപ്കിൻ വെന്റിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പ്രോജക്ടുകൾ.	
			➢ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളിലെ വൈദ്യുതിചാർജ്ജ്, വാട്ടർചാർജ്ജ് എന്നിവ നൽകുന്നതിനുള്ള പ്രോജക്ട്.	
			➢ പൊതു ടോയ് ലറ്റുകളിലും, ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഉറപ്പ് നൽകുന്ന പ്രോജക്ട്.	
5	**തോടുകളുടെ ശുചീകരണം**	**ഉൽപ്പാദന മേഖല**	➢ ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളുടേയും ഒഴുക്ക് നിലച്ച തോടുകളുടേയും പുനരുദ്ധാരണത്തിനും, ജലസംഭരണ ശേഷി വർദ്ധിപ്പിക്കലിനായുള്ള	➢ ജല സ്രോതസ്സുകളുടെ പുനരുദ്ധാരണത്തിന് വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി

			പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ?	ചേർന്ന് ഏറ്റെടുക്കാവുന്ന സംയുക്ത പ്രോജക്ടുകൾ.
			➢ കുളങ്ങളുടേയും തോടുകളുടേയും വശങ്ങളിൽ കയർ ഭൂവസ്ത്രമോ, കല്ലോ ഉപയോഗിച്ച് കെട്ടി സംരക്ഷിക്കുന്നതിനായുള്ള പ്രോജക്ടുകൾ.	
			➢ നദികളുടെയും കനാലുകളുടെയും തീരങ്ങളിൽ മുള പോലുള്ള വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുന്നതിനായുള്ള പ്രോജക്ടുകൾ.	
			➢ കുളങ്ങളുടെയും നദികളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനും ജലം സംരക്ഷിച്ച് നിർത്തുന്നതിനും ആവശ്യമായ നീർത്തട സംരക്ഷണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിലേക്കുള്ള പ്രോജക്ടുകൾ.	
			➢ കുളങ്ങളുടെയും തോടുകളുടെയും നീർച്ചാലുകളുടെയും ശുചീകരണത്തിനായി ജെസിബി മുതലായ യന്ത്രങ്ങൾ വാടകക്കെടുക്കുന്നതിനായുള്ള പ്രോജക്ടുകൾ.	

			➢ തോടുകളിലും ശുചീകരിക്കുന്ന കുളങ്ങളിലും മത്സ്യം വളർത്തുന്നതിനുള്ള പ്രോജക്ടുകൾ.	
6	**ഫലവൃക്ഷ തൈകൾ നട്ട് പരിപാലിക്കൽ**	**ഉൽപ്പാദന മേഖല**	➢ ഫല വൃക്ഷ തൈകൾ നട്ട് പരിപാലിക്കുന്നതിനുള്ള പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?	➢ ജില്ലാ പഞ്ചായത്ത് ജില്ലാ കൃഷിത്തോട്ടം വഴി ഫല വൃക്ഷ തൈകൾ ഉത്പാദിപ്പിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ ?
			➢ ഫല വൃക്ഷ തൈകൾ ഉത്പാദിപ്പിക്കുന്നതിന് നേഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട്.	
			➢ ഫല വൃക്ഷ തൈകൾ നട്ട് വളർത്തുന്നതിനുള്ള സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ട്.	➢ വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്തുകളുമായി സംയുക്തമായി ഫല വൃക്ഷ തൈകൾ ഉത്പാദിപ്പിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ ?
7.	**ജൈവപച്ചക്കറി കൃഷി**	**ഉൽപ്പാദന മേഖല**	➢ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനുള്ള കാർഷിക പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ?	➢ വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്തുകളുമായി സംയുക്തമായി ജൈവപച്ചക്കറി കൃഷി

			➢ മഴമറ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ട്.	പ്രോത്സാഹിപ്പിക്കാനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ?
			➢ സ്കൂളുകൾ ഉൾപ്പെടെ പൊതു സ്ഥാപനങ്ങളിൽ ലഭ്യമായ ഭൂമിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ.	
			➢ പച്ചക്കറി വിത്തുകൾ, തൈകൾ വിതരണം ചെയ്യുന്ന പ്രോജക്ടുകൾ.	
			➢ ജൈവ വള വിതരണം, ജൈവ കീടനാശിനി വിതരണം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ.	
			➢ പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ട്.	
8.	**ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP)**	**ഉൽപ്പാദന മേഖല**	➢ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?	➢ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള പ്രോജക്ടുകൾ പദ്ധതിയിൽ

				ഉൾപ്പെടുത്തിയിട്ടുണ്ടോ ?
			➢ തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, സബ്സിഡി എന്നിവ ലഭ്യമാക്കാനുള്ള പ്രോജക്ടുകൾ.	➢ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നല്കാനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ?
			➢ സംരംഭകർക്ക് തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനുള്ള പരിശീലന പ്രോജക്ടുകൾ.	➢ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും സംരംഭകർക്ക് തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനുള്ള പരിശീലന പ്രോജക്ടുകൾ.
			➢ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് ഇന്റേൺഷിപ്പ് സ്കീം	➢ സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ടുകൾ.

			നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകൾ.	
			➢ ചകിരി മില്ലുകൾക്ക് ആവശ്യമായ തൊണ്ട് സംഭരിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ട്.	
9	**പൊതു വിദ്യാഭ്യാസം യജ്ഞം**	**സേവന മേഖല**	➢ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് റെമെഡിയൽ വിദ്യാഭ്യാസം നൽകുന്നതിനായുള്ള പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ? ➢	➢ ജില്ലാ പഞ്ചായത്ത് ഹൈസ്കൂൾ - ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്ന തിനുള്ള പ്രോജക്ടുകൾ
			➢ കുട്ടികൾക്ക് അക്ഷര മഹോത്സവങ്ങളും കളിക്കൂട്ടങ്ങളും സംഘടിപ്പിക്കുന്നതിനായുള്ള പ്രോജക്ട്.	
			➢ കുട്ടികളുടെ _u²nI നിലവാരം മെച്ചപ്പെടുത്തുന്നതിന് ലൈബ്രറി മെച്ചപ്പെടുത്തുന്നത്തിനുള്ള പ്രോജക്ടുകൾ.	
			➢ പുസ്തകങ്ങൾ, ഇ-ലേണിംങ് സംവിധാനം തുടങ്ങിയവ ഉൾപ്പെടുത്തൽ.	

10	പാലിയേറ്റിവ് പരിചരണം	സേവന മേഖല	➢ പാലിയേറ്റിവ് പരിചരണ സംവിധാനം ഉറപ്പുവരുത്തുന്നതിനായുള്ള പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ?	➢ ബ്ലോക്ക് പഞ്ചായത്തുകൾ താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വിദഗ്ദ്ധ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പ്രോജക്ട് വച്ചിട്ടുണ്ടോ?
			➢ പാലിയേറ്റിവ് പരിചരണ ഹോം കെയർ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്കുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട്	
			➢ ഹോം കെയർ കിറ്റിലേക്ക് ആവശ്യമായി വരുന്ന സാധന സാമഗ്രികൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട്.	➢ ജില്ലാ പഞ്ചായത്തുകൾ ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് വിദഗ്ദ്ധ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് പ്രോജക്ട് വച്ചിട്ടുണ്ടോ?
			➢ പാലിയേറ്റീവ് പരിചരണ സംവിധാനത്തിന് ആവശ്യമായി	➢ ജില്ലാ / ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ

			വരുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്.	പഞ്ചായത്തുകളുടെ ആവശ്യത്തിനനുസരിച്ച് പാലിയേറ്റീവ് പരിചരണ സംവിധാനത്തിന് ആവശ്യമായി വരുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ ?
			➢ ഹോം കെയർ ടീമിനുള്ള ഭക്ഷണ ചെലവ് നൽകുന്നതിനുള്ള പ്രോജക്ട്..	
			➢ പാലിയേറ്റീവ് പരിചരണ ടീമിന് ഗൃഹ സന്ദർശനത്തിന് വാഹനം ലഭ്യമാക്കുന്നതിനുള്ള വാടക അനുവദിക്കുന്നതിനുള്ള പ്രോജക്ട്.	
11.	**പട്ടികവിഭാഗങ്ങളുടെ വികസനം**	സേവന മേഖല	➢ പട്ടിക വിഭാഗങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?	➢ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ പട്ടിക ജാതി വിഭാഗ പ്രതിഭകൾക്ക് പിന്തുണ എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ ?
			➢ കോളനി / സങ്കേത നവീകരണ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ പ്രോജക്ടുകൾ.	
			➢ പഠന മുറികളുടെ പൂർത്തീകരണത്തിനുള്ള പ്രോജക്ടുകൾ.	
			➢ സാമൂഹ്യ പഠന കേന്ദ്രത്തിന്റെ പൂർത്തീകരണത്തിനുള്ള പ്രോജക്ടുകൾ.	➢ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ പട്ടിക വർഗ്ഗ വിഭാഗ

			➢ നഗരസഭയുടെ വാർഷിക പദ്ധതിയിൽ പട്ടിക ജാതി വിഭാഗ പ്രതിഭകൾക്ക് പിന്തുണ എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ?	പ്രതിഭകൾക്ക് പിന്തുണ എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ ?
			➢ നഗരസഭയുടെ വാർഷിക പദ്ധതിയിൽ പട്ടിക വർഗ്ഗ വിഭാഗ പ്രതിഭകൾക്ക് പിന്തുണ എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ?	
			➢ സൈനിക സ്കൂൾ, നവോദയ, ജി.വി.രാജ സ്പോർട്സ് സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് തയ്യാറാകുന്നതിന് പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട്.	➢ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ജില്ലാ/യൂണിവേഴ്സിറ്റി തല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ് മറ്റ് ഉപകരണങ്ങൾ നൽകുന്ന പ്രോജക്ട്
			➢ നഗര സഭകൾ പ്രദേശത്തെ ജില്ലാ/യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ് മറ്റ് ഉപകരണങ്ങൾ നൽകുന്ന പ്രോജക്ട്	
			➢ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിനുള്ള ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട്.	➢
			➢ നഗരസഭാ പ്രദേശത്തെ പട്ടികജാതി-പട്ടികവർഗ്ഗ	➢ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ

			വിദ്യാർത്ഥികൾക്ക് ദേശീയ/ അന്തർദേശീയ തലത്തിലെ കലാ-കായിക മത്സരപങ്കാളിത്തത്തിന് നഗരസഭ ധനസഹായം നൽകുന്ന പ്രോജക്ട്	പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദേശീയ/ അന്തർദേശീയ തലത്തിലെ കലാ-കായിക മത്സരപങ്കാളിത്തത്തിന് ജില്ലാ പഞ്ചായത്ത് ധനസഹായം നൽകുന്ന പ്രോജക്ട്
			➢ പട്ടികജാതി-പട്ടികവർഗ്ഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ/അന്തർ ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട്.	➢ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ ഹൈസ്കൂൾ കുട്ടികൾക്ക് കാരിയർ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസുകൾ എന്നിവയ്കായുള്ള പ്രോജക്ടുകൾ
			➢ നഗര സഭയുടെ ആഭിമുഖ്യത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ ഹൈസ്കൂൾ കുട്ടികൾക്ക് കാരിയർ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസുകൾ എന്നിവയ്കായുള്ള പ്രോജക്ടുകൾ	
			➢ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്ഥവിദ്യരായ യുവതി യുവാക്കൾക്കു തൊഴിൽ	

			പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട്.	
12	**ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ**	**ഉൽപ്പാദന മേഖല**	➢ പ്രളയത്തിനു കാരണമായേക്കാവുന്ന തടസ്സപ്പെട്ടു കിടക്കുന്ന ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം:- ➢ വെന്റഡ് ക്രോസ് ബാർ നിർമ്മാണവും, അറ്റകുറ്റപ്പണികളും ➢ തോട് നിർമ്മാണം, നീരൊഴുക്ക് ഉറപ്പാക്കൽ ➢ കനാൽ അറ്റകുറ്റപ്പണികൾ ➢ ചെക്ക്ഡാം നിർമ്മാണം	➢ ജില്ലാ – ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഒറ്റയ്ക്ക് ഏറ്റെടുക്കാൻ കഴിയാത്ത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ?
			➢ പ്രളയ സമയത്ത് പാടശേഖരങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ ➢ ബണ്ടുകളുടെ നിർമ്മാണം (കുട്ടനാട് പാട ശേഖരങ്ങളിൽ ഉൾപ്പെടെ) ➢ ജല നിർഗമനതോട് നിർമ്മാണവും / ആഴംകൂട്ടൽ /മറ്റ് അറ്റകുറ്റപ്പണികൾ	
			➢ വരൾച്ച ബാധിത പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കാൻ	

			ആവശ്യമായ ശാസ്ത്രീയ ഇടപെടൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കലും പ്രവർത്തികളുടെ ആസൂത്രണവും: ➢ അടിയണനിർമ്മാണം, തൈനടൽ, കയ്യാലകെട്ടൽ, തട്ട്തിരിക്കൽ, തടമെടുക്കൽ (പൊതു ഭൂമിയിൽ/ വ്യക്തിഗതം) ➢ മറ്റ്നിർമ്മാണ പ്രവൃത്തികൾ	
			➢ വരൾച്ചയുടെ ആഘാതം കുറയ്ക്കാൻ സാധിക്കുന്ന തരത്തിൽ സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങൾ: ➢ തൈകൾ നട്ടു വളർത്തുന്നതിനു നഴ്സറി സ്ഥാപിക്കൽ ➢ തൈകളുടെ വിതരണം ➢ സസ്യങ്ങൾ വച്ചുപിടിപ്പിക്കൽ ➢ പരിസ്ഥിതി ക്ലബ്ബുകളിലൂടെ വൃക്ഷപരിപാലനം ➢ കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം	

			➢ പച്ച തുരുത്തുകളുടെ നിർമ്മാണം	
			➢മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായി ഏറ്റെടുക്കാവുന്ന മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ: ➢ സസ്യതടയണ ➢ ജൈവവേലി ➢ ജിയോ ടെക്സ്റ്റയിൽ (കയർ ഭൂവസ്ത്രം/ ചകിരിവല) ➢ രാമച്ചം ഉൾപ്പെടെ ഭൂമിയിൽ ആഴ്ന്നിറങ്ങുന്ന വേരുകളുള്ള പുൽവർഗ്ഗങ്ങൾ വച്ചുപിടിപ്പിക്കൽ	
			➢ വരൾച്ചയുടെ ആഘാതം കുറയ്ക്കുന്നതിനായി ജലസംരക്ഷണ പ്രവർത്തനങ്ങൾ: ➢ ജലസേചനം നടത്തുന്നതിനായി കുളംനിർമ്മാണം ➢ ജലാശയങ്ങളുടെ അറ്റകുറ്റപണികൾ	

			➢ മഴവെള്ള സംഭരണി നിർമ്മാണം (പൊതു/ വ്യക്തിഗതം) ➢ മഴക്കുഴി നിർമ്മാണം (പൊതു/ വ്യക്തിഗതം) ➢ ഘടക സ്ഥാപനങ്ങളിലെ കിണർ റീച്ചാർജിംഗ് ➢ കിണർ റീച്ചാർജിംഗ് (വ്യക്തിഗതം)	
			➢ കണ്ടൽക്കാടുകളും മറ്റ്സസ്യങ്ങളും ഉപയോഗിച്ചുള്ള തീരസംരക്ഷണം	
			➢ വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കോളനികളെയും ജനവാസ കേന്ദ്രങ്ങളെയും സംരക്ഷിക്കാൻ പൊതുവൈദ്യുതി കമ്പിവേലി സ്ഥാപിക്കലും അറ്റകുറ്റപ്പണികളും	
		സേവന മേഖല	➢ സമഗ്ര- ശുചിത്വ മാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടുകൾ	
			➢ പകർച്ചവ്യാധികളെ ചെറുക്കുന്നതിനായി ശുചിത്വ-മാലിന്യ സംസ്കരണ പ്രോജക്ടുകൾ. ○ പകർച്ച വ്യാധി നിയന്ത്രണത്തിനാവശ്യമായ	

			സാധനസാമഗ്രികൾ വാങ്ങൽ, തയ്യാറാക്കൽ, ലഭ്യമാക്കൽ ○ പൊതു സ്ഥലങ്ങളിൽ ശുചിത്വാലങ്ങൾ സ്ഥാപിക്കലും, അറ്റകുറ്റപണിയും	
			➢ വരൾച്ചാ സമയത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കൽ ○ പൊതു കിണർ സ്ഥാപിക്കൽ ○ പൈപ്പ് ലൈൻ സ്ഥാപിക്കലും, ദീർഘിപ്പിക്കലും ○ പമ്പ് ഹൗസ് നിർമ്മാണം, വൈദ്യുതീകരണം ഉൾപ്പെടെ ○ ടാങ്ക് സ്ഥാപിക്കൽ ○ ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ ○ പൈപ്പ് ലൈൻ കണക്ഷൻ നൽകൽ	
			➢ ദുരന്തസമയത്ത് ഷെൽട്ടറായി ഉപയോഗിക്കാവുന്ന പൊതു കെട്ടിടങ്ങൾ (അംഗൻവാടികൾ, വിദ്യാലയങ്ങൾ, ഹോസ്റ്റലുകൾ) എന്നിവയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ: ➢ പൊതു കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കൽ	

			➢ ആവശ്യത്തിന് ശുചിമുറികളും, ശൗചാലങ്ങളും സ്ഥാപിക്കൽ ➢ ശുദ്ധജലം ഉറപ്പ് വരുത്താൻ നിലവിലുള്ള സംവിധാനങ്ങളുടെ അറ്റകുറ്റപ്പണികളും, ആവശ്യമെങ്കിൽ പുതിയ കിണർ കുഴിക്കൽ, ടാങ്ക് സ്ഥാപിക്കൽ, പൈപ്പ് കണക്ഷൻ സ്ഥാപിക്കൽ മുതലായവ ➢ വൈദ്യുതീകരണം ➢ സ്ക്കൂളുകളിൽ പെൺകുട്ടി സൗഹൃദ ടോയ്ലറ്റ് ➢ നാപ്പ്കിൻ വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ/ഡിസ്ട്രോയർ എന്നിവ സ്ഥാപിക്കൽ	
			➢ ദുരന്ത നിവാരണ സേനാ പ്രവർത്തനങ്ങൾ ○ ദുരന്ത സമയത്ത് വേണ്ട മുന്നറിയിപ്പ് നൽകാൻ ഉള്ള സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ ○ ദുരന്ത സാധ്യതകളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും, പരിശീലനങ്ങളും	

			○ തിരഞ്ഞെടുത്ത എമർജൻസി റെസ്പോൻസ് ടീമിനുള്ള പരിശീലനങ്ങൾ	
		പശ്ചാത്തല മേഖല	➢ അവസ്ഥാ പഠനത്തിൽ ബലപ്പെടുത്തേണ്ടതാണെന്ന് കണ്ടെത്തിയ ദുരന്ത സാധ്യതാ പ്രദേശത്ത് എത്തിച്ചേരാനുള്ള മാർഗ്ഗമായ റോഡുകൾ, പാലങ്ങൾ, പുതിയ കലുങ്കുകൾ എന്നിവയുടെ നിർമ്മാണവും, അറ്റകുറ്റപണിയും	
			➢ സ്ലാബുകളോടു കൂടിയ ഡ്രൈനേജ് സ്ഥാപിക്കൽ ➢ കാട്ടുതീ തടയുന്നതിനാവശ്യമായ ഫയർ ലൈൻ സ്ഥാപിക്കൽ	

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതി - അടിയന്തിര സ്വഭാവമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.59/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/03/2020

പരാമർശം:- 1 1. 05.12.2019 ലെ സ.ഉ (കൈ) നം. 157/2019/തസ്വഭവ

2 04.12.2019 ലെ സ.ഉ (കൈ) നം. 156/2019/തസ്വഭവ

3 06.03.2020-ലെ സ.ഉ.(കൈ) നം. 45/2020/തസ്വഭവ

4 14.03.2020-ലെ സ.ഉ(സാധാ) നം.620/2020/തസ്വഭവ

5 20.03.2020 -ലെ സ.ഉ.(കൈ) നം. 55/2020/തസ്വഭവ

6 25.03.2020-ലെ സ.ഉ(സാധാ) നം. 710/2020/തസ്വഭവ

7 26.03.2020-ലെ സ.ഉ(സാധാ) നം. 713/2020/തസ്വഭവ

ഉത്തരവ്

2020-21-ലെ പദ്ധതി നിർവഹണം സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാൻ കഴിയുംവിധം വാർഷിക പദ്ധതി കാലേകൂട്ടി തയ്യാറാക്കി അംഗീകാരം വാങ്ങണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും കോവിഡ്-19 രോഗബാധയുടെ പശ്ചാത്തലത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അതിന് കഴിഞ്ഞിട്ടില്ല. അങ്കണവാടി പോഷകാഹാരം, പാലിയേറ്റീവ് പരിചരണം തുടങ്ങിയ അനിവാര്യ പ്രോജക്ടുകൾ മുടക്കം കൂടാതെ നിർവഹണം നടത്തേണ്ടതുണ്ട്. മാത്രമല്ല, കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാനുള്ളതിനാൽ അതിനുള്ള പ്രോജക്ടുകളും അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്.

2. സംസ്ഥാനം നേരിടുന്ന അസാധാരണ സാഹചര്യത്തിൽ അടിയന്തിര സ്വഭാവമുള്ള പ്രോജക്ടുകൾ പുതിയ സാമ്പത്തിക വർഷത്തിന്റെ (2020-21) തുടക്കത്തിൽ ഏറ്റെടുക്കുന്നതിനും അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

2.1 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പ്രോജക്ടുകൾ അടിയന്തിര പ്രാധാന്യ ത്തോടെ ഏറ്റെടുത്ത് നിർവഹണം നടത്താവുന്നതാണ്.

(i) കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ

(ii) കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, വെള്ളം, ശുചിത്വ-മാലന്യ

സംസ്കരണ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തൽ

(iii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ

(iv) പരാമർശം 7 പ്രകാരം നടപ്പാക്കുന്ന കമ്മ്യൂണിറ്റി കിച്ചണിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള സഹായം

(v) പരാമർശം 3 പ്രകാരം സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ 'വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ' പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ടുകൾ

(vi) അങ്കണവാടി പോഷകാഹാര പ്രോജക്ടുകൾ

(vii) പാലിയേറ്റീവ് കെയർ പ്രോജക്ട്

(viii) സർക്കാർ നിർദേശിക്കുന്ന മറ്റ് അടിയന്തിര പ്രോജക്ടുകൾ

2.2 സർക്കാർ നിർദ്ദേശ പ്രകാരം ഓരോ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ മാത്രമേ അതത് തലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടുള്ളൂ.

2.3 അടിയന്തിര സ്വഭാവത്തോടെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കേണ്ട സാഹചര്യം ഉള്ളതുകൊണ്ട് അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റിയറിംഗ് കമ്മിറ്റി വിളിച്ചു ചേർത്ത് പ്രോജക്ടുകൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാവുന്നതാണ്. എന്നാൽ ഈ തീരുമാനങ്ങൾ ആദ്യം ചേരുന്ന ഭരണസമിതി യോഗത്തിൽ തന്നെ അവതരിപ്പിക്കേണ്ടതാണ്.

2.4 ഈ ഉത്തരവു പ്രകാരമുള്ള ആവശ്യങ്ങൾക്ക് തനത്/വികസനഫണ്ട് വിനിയോഗിക്കാവുന്നതാണ്. ആശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഫണ്ടും ഉപയോഗിക്കാവുന്നതാണ്.

2.5 ഇവയ്ക്കായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിലെ "അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ" (ജി.ഒ. പ്രകാരമുള്ള പ്രോജക്ടുകൾ) എന്ന സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

2.6 പ്രോജക്ടുകൾക്ക് വെറ്റിംഗ് ആവശ്യമില്ല. ജില്ലാ ആസൂത്രണസമിതിയുടെ മുൻകൂർ അനുമതിയും ആവശ്യമില്ല. നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്.

2.7 എസ്റ്റിമേറ്റ് ആവശ്യമുള്ള പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സോഫ്റ്റ് വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി വാങ്ങി നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്.

2.8 പ്രോജക്ടുകളുടെ ബില്ലുകൾ തയ്യാറാക്കുന്നതിനും ഏപ്രിലിൽ അനുവദിക്കുന്ന ആദ്യ ഗഡു തുക ഉപയോഗിച്ച് ട്രഷറിയിൽ നിന്നും അവ മാറുന്നതിനുമുള്ള ക്രമീകരണങ്ങൾ സുലേഖ, സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തുന്നതാണ്.

2.9 വാർഷിക പദ്ധതിക്ക് ഇതിനോടകം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ, അടിയന്തിര സ്വഭാവത്തോടെ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ എല്ലാം തന്നെ വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് വിഹിതം കണ്ടെത്തി വാർഷിക പദ്ധതിയുടെ

ഭാഗമാക്കേണ്ടതാണ്.

2.10 വാർഷിക പദ്ധതിക്ക് ഇതിനോടകം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ ഉത്തരവ് പ്രകാരമുള്ള അടിയന്തിര പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് ലഭ്യമായ വിഹിതത്തിന് അനുസൃതമായി പ്രോജക്ടുകൾ പുനക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
6. എല്ലാ ജില്ലാ കളക്ടർമാർക്കും
7. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
8. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
9. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
10. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
11. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
12. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

1. ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ബഹു. മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
5. റവന്യൂ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ) യുടെ പി.എയ്ക്ക്
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ പി.എയ്ക്ക്-

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതിയിൽ നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്.

സ.ഉ.(സാധാ) നം.724/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/03/2020

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും നിർവ്വഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

1. കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ മാർച്ച് അവസാനം ബില്ലുകൾ സമർപ്പിക്കാൻ കഴിയാതിരുന്ന സാഹചര്യം കണക്കിലെടുത്ത് ഏപ്രിൽ 18 വരെ ബില്ലുകൾ സമർപ്പിക്കാവുന്നതാണ്. 2020 മാർച്ച് 31 വരെ ട്രഷറിയിൽ സമർപ്പിച്ചതും എന്നാൽ പണം മാറിനൽകാത്തതുമായ ബില്ലുകളും ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകളും പെന്റിങ് ബില്ലുകൾ എന്ന് കണക്കാക്കി ഏപ്രിൽ മാസത്തിൽ മാറി നൽകുന്നതാണ്. തുടക്കത്തിൽ 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നാണ് തുക നൽകുക. എന്നാൽ ബജറ്റ് വിഹിതം പൂർണമായി ചെലവഴിക്കുന്ന മുറയ്ക്ക് ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി, 2020-21 ലെ ബജറ്റ് വിഹിതത്തിന് പുറമേ, ആവശ്യമെങ്കിൽ അധികമായി അനുവദിച്ച് നൽകുന്നതാണ്. ഇപ്രകാരം പെന്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും 2020-21 വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകളായി നിർബന്ധമായും ഉൾപ്പെടുത്തേ ണ്ടതാണ്. മാർച്ച് 31 നു മുൻപ് ടെണ്ടർ നടപടികൾ പൂർത്തീകരിച് കരാർ ഒപ്പ് വെച്ച പ്രൊജെക്ടുകൾ , നിലവിൽ നടന്നു വരുന്ന പ്രൊജെക്ടുകൾ എന്നിവ മാത്രമേ സ്പിൽ ഓവറായി പരിഗണിക്കുകയുള്ളൂ .

2. 2019-20-ൽ ബജറ്റ് വിഹിതമായി അനുവദിച്ച തുക പൂർണമായി ചെലവഴിക്കാൻ കഴിയാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന പ്രകാരം 2020-21-ലെ ബജറ്റ് വിഹിതത്തിനു ഉപരിയായി അധിക തുക അനുവദിക്കുന്നതാണ്.

3. ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകൾ കൂടി പരിഗണിച്ചാണ് അനുവദിക്കാൻ കഴിയുന്ന അധിക തുക എത്രയെന്ന് നിച്ഛയിക്കുക. 2020 മാർച്ച് 31-ലെ പെന്റിംഗ് ബിൽ തുകയോടൊപ്പം ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകൾ കൂടി കൂട്ടിയാൽ ലഭിക്കുന്ന തുകയോ ചുവടെ പ്രതിപാദിക്കുന്ന പരിധിയോ ഇവയിൽ ഏതാണോ കൂടുതൽ അത് അധിക

തുകയായി അനുവദിക്കുന്നതാണ്.

- ഗ്രാമപഞ്ചായത്തുകൾ : 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 25 ശതമാനം
- ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 30 ശതമാനം
- ജില്ലാ പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ : 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 35 ശതമാനം

4. 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ഭൗതികവും സാമ്പത്തികവുമായ നിർവ്വഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകൾ 2020-21 സാമ്പത്തിക വർഷത്തിൽ ഭരണ സമിതി തീരുമാന പ്രകാരം തുടർന്ന് നിർവ്വഹണം നടത്താവു ന്നതാണ്. എന്നാൽ ഈ ഉത്തരവ് പ്രകാരം അനുവദിക്കാൻ കഴിയുന്ന അധിക വിഹിതത്തിന് പുറമേയുള്ള സ്പിൽഓവർ ബാധ്യത 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റിഫന്
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻ മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

സെക്ഷൻ ഓഫീസർ

പകർപ്പ്
-ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്-----

കേരള സർക്കാർ

116 / ഡി.എ 1 /2020/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:03.04.2020

പരിപത്രം

വിഷയം:തദ്ദേശസ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം 2020-21 -വിവിധ ശീർഷകങ്ങളിൽ ധനകാര്യ വകുപ്പ് അനുവദിച്ച ഒന്നാം ഗഡു ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 31.03.2020 ലെ 59/20/സസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2020-21 ലെ ബഡ്ജറ്റ് പ്രകാരമുള്ള തുകയിൽ നിന്ന് വിവിധ ശീർഷകങ്ങളിലായി ധനകാര്യ വകുപ്പ് ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്.ജനറൽ ,എസ്.സി.പി,റ്റി.എസ്.പി വിഹിതമായി വികസനഫണ്ട് 1646,28,35,100/- രൂപയും മെയിന്റനൻസ് ഗ്രാന്റായി (റോഡ്,റോഡിതരം) 981,27,47,700/-രൂപയും പൊതു ആവശ്യ ഫണ്ട്/പരമ്പരാഗത ചുമതലയ്ക്കായി 138,29,88,400/- രൂപയും ആണ് ഒന്നാം ഗഡു ആയി അനുവദിച്ചിട്ടുള്ളത്.

ഈ തുക ഉപയോഗിച്ച് താഴെ പറയുന്ന ഗണത്തിൽ പെടുന്ന പ്രോജക്ടുകളിൽ തുക നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1. 2019-20 ലെ പെന്റിംഗ് ബില്ലുകളുടെ തുക (ഏപ്രിൽ 18 വരെ സമർപ്പിക്കുന്നതുൾപ്പടെ)
2. നടപ്പ് വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളിലെ ബിൽ തുക.
3. പരാമർശിത ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള ബില്ലുകൾ .
4. കൊവിഡ്-19 ന്റെ പ്രതിരോധ /പരിരക്ഷ പ്രവർത്തനങ്ങൾക്കും ഈ തുക മറ്റുത്തരവുകൾ പ്രകാരം ഉപയോഗിക്കാവുന്നതാണ്.
5. 2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപെടുത്തിയിട്ടുള്ള അംഗീകാരം ലഭിച്ച പുതിയ പ്രോജക്ടുകൾ നടക്കുമ്പോഴുള്ള ബിൽ തുക.

കൊവിഡ്-19 മൂലമുള്ള പ്രത്യേക സാഹചര്യത്തിലും ഈ തുക ഉപയോഗിച്ച് ബില്ലുകൾ മാറി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

ശാരദ മുരളീധരൻ
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ,കൊച്ചി)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
5. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
8. കൺവീനർ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.

പകർപ്പ് :

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതി - അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.62/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/04/2020

പരാമർശം:- 1 04.12.2019 -ലെ സ.ഉ (കൈ) നം. 156/2019/ത.സ്വ.ഭ.വ.

2 05.12.2019 -ലെ സ.ഉ (കൈ) നം. 157/2019/ത.സ്വ.ഭ.വ.

3 06.01.2020 -ലെ സ.ഉ (കൈ) നം. 9/2020/ത.സ്വ.ഭ.വ.

4 14.01.2020 -ലെ സ.ഉ (കൈ) നം. 14/2020/ത.സ്വ.ഭ.വ.

5 23.01.2020 -ലെ സ.ഉ (കൈ) നം. 19/2020/ത.സ്വ.ഭ.വ.

6 06.03.2020 -ലെ സ.ഉ.(കൈ) നം. 45/2020/ത.സ്വ.ഭ.വ.

7 07.03.2020 -ലെ സ.ഉ.(സാധാ) നം.646/2020/ത.സ്വ.ഭ.വ.

8 31.03.2020 -ലെ സ.ഉ.(കൈ) നം. 59/2020/ത.സ്വ.ഭ.വ.

9 31.03.2020 -ലെ സ.ഉ(സാധാ) നം. 724/2020/ത.സ്വ.ഭ.വ.

10 07.04.2020 -ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ.

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 622 ഗ്രാമപഞ്ചായത്തുകളും 136 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 44 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും ഉൾപ്പടെ ആകെ 818 തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയുണ്ടായി. ഈ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണ നടപടികൾ ഉടൻതന്നെ ആരംഭിക്കാൻ കഴിയും.

2. പദ്ധതി സമർപ്പിക്കാൻ ബാക്കിയുള്ളത് 382 തദ്ദേശഭരണസ്ഥാപനങ്ങളാണ്. ഇതിൽ കുറെയേറെ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി രൂപീകരണ പ്രക്രിയ ഏറെക്കുറെ

പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കൊവിഡ്-19 രോഗബാധയുടെ പശ്ചാത്തലത്തിൽ പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് അയയ്ക്കാൻ കഴിഞ്ഞില്ല. സാമ്പത്തികവർഷം അവസാനിച്ച സ്ഥിതിക്ക് സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള വാർഷികപദ്ധതിയാണ് സമർപ്പിക്കേണ്ടതെങ്കിലും അതിന് കാലതാമസമെടുക്കും എന്നതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്താതെ വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് അവസരം നൽകണമെന്ന് ഒട്ടേറെ തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

3 . സർക്കാർ മേൽപ്പറഞ്ഞ ആവശ്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും കൊവിഡ് രോഗബാധ ഉയർത്തുന്ന അസാധാരണ സാഹചര്യം കൂടി പരിഗണിച്ച് കൊണ്ടും തദ്ദേശഭരണസ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനും നിർവഹണ നടപടികൾ ആരംഭിക്കുന്നതിനും ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

4. വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കൽ

4.1 വികസനസെമിനാർ വരെയുള്ള ആസൂത്രണ ഘട്ടങ്ങൾ പൂർത്തിയായെങ്കിലും മാർച്ചിൽ പദ്ധതി സമർപ്പിക്കാൻ കഴിയാതിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ എത്രയും പെട്ടെന്ന് വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4 . 2 സംസ്ഥാനം ഇപ്പോൾ നേരിടുന്ന അസാധാരണ സാഹചര്യത്തിൽ വികസനസെമിനാർ സംഘടിപ്പിക്കാൻ കഴിയുകയില്ല. ഈ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൂടി അടുത്ത വർഷത്തെ പദ്ധതി നിർവഹണം ഉടൻ തന്നെ ആരംഭിക്കുന്നതിന് കഴിയുംവിധം വികസന സെമിനാർ എന്ന ആസൂത്രണഘട്ടം ഒഴിവാക്കി വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് അനുമതി നൽകുന്നു. അതായത് വികസനസെമിനാറിന് മുമ്പ് വരെയുള്ള ആസൂത്രണ ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വികസന സെമിനാർ കൂടാതെ തന്നെ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാവുന്നതാണ്.

4 . 3 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്താതെ തന്നെ വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കാവുന്നതാണ്.

4.4 വാർഷിക പദ്ധതി സമർപ്പിക്കാൻ ബാക്കിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരാമർശം ഒന്നിലെ ഉത്തരവിന്റെ ഖണ്ഡിക 13-ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഒരു നിശ്ചിത സംഖ്യ ഇപ്പോൾ തന്നെ സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി മാറ്റിവയ്ക്കാവുന്നതാണ്.

4.5 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയാക്കി ഏപ്രിൽ 18-നകം ജില്ലാ ആസൂത്രണ സമിതിക്ക് അയയ്ക്കേണ്ടതാണ്.

4 . 6 കൊവിഡിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പദ്ധതി അംഗീകാരത്തിനുള്ള ഭരണസമിതി യോഗം ചേരാവുന്നതാണ്. Video കോൺഫെറൻസിങ്ങിന് ഉപയുക്തമായ ഏത് സ്വതന്ത്ര ആപ്ലിക്കേഷനും ഉപയോഗിക്കുന്നതുൾപ്പെടെ ആവശ്യമായ മുൻകരുതലുകളും മറ്റ്നിയന്ത്രണങ്ങളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

5. വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

5.1 തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പരിഗണിക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതികൾ ഏപ്രിൽ 21-നകം യോഗം ചേർന്ന് വാർഷിക പദ്ധതി സംബന്ധിച്ച തീരുമാനമെടുക്കേണ്ടതാണ്.

5.2 വാർഷിക പദ്ധതിയിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അവ സ്പിൽ ഓവർ പ്രോജക്ടുകൾ കൂട്ടിച്ചേർക്കുന്ന സമയത്ത് പരിഷ്കരിക്കണമെന്നുള്ള ഉപാധിയോടുകൂടി പദ്ധതിക്ക് അംഗീകാരം നൽകാവുന്നതാണ്. പ്രോജക്ടുകളുടെ നിർവ്വഹണ നടപടികൾ കാല താമസം കൂടാതെ ആരംഭിക്കേണ്ടതുള്ളതിനാൽ വിശദപരിശോധനക്ക് കൂടുതൽ സമയം ആവശ്യമായ പ്രോജക്ടുകൾ ഒഴികെയുള്ള പ്രോജക്ടുകൾക്ക് വളരെ പെട്ടെന്ന് തന്നെ ക്ലിയറൻസ് നൽകേണ്ടതാണ്.

5.3 കൊവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾഎടുത്തും പ്രോട്ടോക്കോൾ പാലിച്ചും വേണം ജില്ലാആസൂത്രണ സമിതിയുടെ യോഗങ്ങൾചേരേണ്ടത്. ചട്ടപ്രകാരമുള്ള ക്വാറം ഉറപ്പാക്കണം. ജില്ലാതല ഉദ്യോഗസ്ഥർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യം ആവശ്യമാണെങ്കിൽ ഏറ്റവും അനിവാര്യമായവരുടെ മാത്രം സാന്നിദ്ധ്യം യോഗത്തിൽ ഉറപ്പാക്കിയാൽ മതിയാകും. ഈ രീതിയിൽ യോഗത്തിലെ പങ്കാളിത്തം പരമാവധി ചുരുക്കുകയും കോൺഫെറൻസിങ്ങിന് ഉപയുക്തമായ ഏത് സ്വതന്ത്ര ആപ്ലിക്കേഷനും ഉപയോഗിക്കുന്നതുൾപ്പെടെ ആവശ്യമായ മുൻകരുതലുകളും മറ്റ്നിയന്ത്രണങ്ങളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. യോഗം വിളിച്ചു ചേർക്കുന്നതിനുള്ള ഉത്തരവാദിത്തം ജില്ലാ കളക്ടർക്ക് ആവശ്യമാണെന്നുള്ള പക്ഷം DPO യെ ഏൽപ്പിക്കാവുന്നതാണ്.

6. നിർവഹണ നടപടികൾ ആരംഭിക്കൽ

6.1 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ച് വെറ്റിംഗ് നടപടികൾ പൂർത്തിയാക്കാവുന്നതും നിർവഹണ നടപടികൾ ആരംഭിക്കാവുന്നതുമാണ്.

6 . 2 ആശുപത്രികൾ, സ്കൂളുകൾ, അംഗൻവാടികൾ ഉൾപ്പടെയുള്ള ഘടകസ്ഥാപനങ്ങളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകേണ്ടതാണ്. അതുപോലെ ഭക്ഷ്യോത്പാദന വർദ്ധനവിനും ഭക്ഷ്യ സംസ്കരണത്തിനുമുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകേണ്ടതാണ്. ഇത്തരം പ്രോജക്ടുകളുടെ വെറ്റിംഗ് സമയബന്ധിതമായി പൂർത്തിയാക്കി നൽകുന്നതിന് വെറ്റിംഗ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6.3 പരാമർശം 8-ലെ ഉത്തരവ് പ്രകാരം, അടിയന്തിര പ്രാധാന്യമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നടപടിക്രമങ്ങളിൽ ഇളവ് അനുവദിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ പിന്നീട് 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കണ്ടെത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. അതുപോലെ സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് ലഭിക്കാവുന്ന അധിക വിഹിതം കഴിച്ചുള്ള സ്പിൽ

ഓവർ ബാധ്യതയും 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ഇങ്ങനെയൊരു സാഹചര്യം നിലവിലുള്ളതിനാൽ ഇവയ്ക്കുള്ള വിഹിതം ഏതൊക്കെ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ചാണ് കണ്ടെത്താൻ കഴിയുക എന്നത് സംബന്ധിച്ച് നിർവഹണ നടപടികൾ ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വ്യക്തമായ ധാരണയുണ്ടാകണം. ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ട കളുടെ നിർവഹണം തൽക്കാലം ആരംഭിക്കേണ്ടതില്ല.

7. അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ

7 . 1 കൊവിഡിന്റെ പശ്ചാത്തലത്തിൽ അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നടപടിക്രമങ്ങളിൽ ഇളവ് അനുവദിച്ചുകൊണ്ട് പരാമർശം 8 പ്രകാരം ഉത്തരവായിരുന്നു. ഈ സൗകര്യം ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ താഴെ പറയുന്ന അടിയന്തിര പ്രോജക്ടുകൾ കൂടി ഏറ്റെടുക്കാവുന്നതാണ്.

(1) നഗരഭരണസ്ഥാപനങ്ങളിലെയും ഗ്രാമപഞ്ചായത്തുകളിലേയും ശുചീകരണ പ്രവർത്തകർക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൌസ് എന്നിവ വാങ്ങി നൽകൽ

(2) ഹരിത കർമ്മസേനയ്ക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങി നൽകൽ

(3) കൊവിഡ് 19 ന്റെ സവിശേഷ സാഹചര്യവും മൺസൂണിന് മുന്നോടിയായുള്ള മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളും കണക്കിലെടുത്ത് ഹരിതകർമ്മ സേനയ്ക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള പ്രോജക്ട്.

7.2 കൊവിഡ് രോഗബാധയെ തുടർന്ന് രാജ്യത്തൊട്ടാകെ ഏർപ്പെടുത്തിയ ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ സമീപഭാവിയിൽ പച്ചക്കറി ദൗർലഭ്യം ഉണ്ടാകുന്നതിനുള്ള സാധ്യതയുണ്ട്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള പ്രത്യേക ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്. ഈ സൗകര്യം ഉപയോഗിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വെറ്റിംഗ് നിർബന്ധമാണ്. എന്നാൽ ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. വാർഷിക പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് വിഹിതം കണ്ടത്തി പദ്ധതിയുടെ ഭാഗമാക്കണം.

7 . 3 കൊവിഡ് രോഗബാധയുടെ പ്രതിരോധ/പരിരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ചുവടെയുള്ള വിശദീകരണം നൽകുന്നു.

(1) ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി കിച്ചണിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിന് ഗ്രാമപഞ്ചായത്തുകൾക്ക് സഹായം നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിനും ജില്ലാപഞ്ചായത്തിനും ഒരു ഊണിന് 5 രൂപയിൽ അധികരിക്കാതെയുള്ള തുക വീതം നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിന്

കൈമാറാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നിശ്ചയിക്കുന്ന നിരക്ക് പ്രകാരമുള്ള തുക തങ്ങളുടെ പരിധിയിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർബന്ധമായും നൽകേണ്ടതാണ്.

(2) ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പ്രോട്ടോക്കോളിന്റെയും മാർഗനിർദ്ദേശങ്ങളുടെയും ഭാഗമായി, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും അവയുടെ നിയന്ത്രണത്തിലുള്ള ഘടക സ്ഥാപനങ്ങളിലും രോഗം തടയുന്നതിനുള്ള സാധന സാമഗ്രികൾ വാങ്ങി നൽകാവുന്നതാണ്. [അതുപോലെ ഗ്രാമ പഞ്ചായത്തുകളിലും നഗര ഭരണ സ്ഥാപനങ്ങളിലും അവയുടെ നിയന്ത്രണത്തിലുള്ള ഘടക സ്ഥാപനങ്ങളിലും രോഗം തടയുന്നതിനുള്ള സാധനസാമഗ്രികൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്]

(3) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപന ങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങി നൽകാവുന്നതാണ്. [അതുപോലെ ഗ്രാമ പഞ്ചായത്തുകളുടെയും നഗര ഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്].

(4) ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഏതെങ്കിലും പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പ്രത്യേകമായി നടപ്പാക്കേണ്ടതുണ്ടെന്ന് നിർദ്ദേശിക്കുകയാണെങ്കിൽ അത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. [അതുപോലെ ഗ്രാമ പഞ്ചായ ത്തുകളും നഗര ഭരണ സ്ഥാപനങ്ങളും ഏതെങ്കിലും പ്രോജക്ടുകൾ പ്രത്യേകമായി നടപ്പാക്കേണ്ടതുണ്ടെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശിക്കുകയാണെങ്കിൽ അത്തരം പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്.]

(6) മേൽ പറഞ്ഞ പ്രോജക്ടുകൾ അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകളുടെ പ്രത്യേക ക്രമീകരണം ഉപയോഗിച്ച് തയ്യാറാക്കാവുന്നതാണ്. ഇവ കൂടാതെ പരാമർശം 6 പ്രകാരം സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായ 'ജനകീയ ഹോട്ടലിന്' റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രോജക്ടുകളും അടിയന്തര സ്വഭാവത്തിലുള്ള പ്രോജക്ടുകളുടെ പ്രത്യേക ക്രമീകരണം ഉപയോഗിച്ച് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് തയ്യാറാക്കാവുന്നതാണ് [പരാമർ ശം 6-ലെ മാർഗ്ഗരേഖയുടെ ഖണ്ഡിക 1.6 കാണുക].

8. സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കൽ

8.1 മുൻ ഖണ്ഡികകളിൽ വിവരിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിക്ക് അംഗീകാരം നേടി നിർവഹണ നടപടികൾ ആരംഭിക്കുകയാണെങ്കിലും തുടർന്ന് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സ്പിൽഓവർ പ്രോജക്ടുകളും അടിയന്തിര സ്വഭാവത്തിലുള്ള പ്രോജക്ടുകളുടെ പ്രത്യേക ക്രമീകരണം ഉപയോഗിച്ച് തയ്യാറാക്കി നിർവഹണം ആരംഭിക്കുന്ന പ്രോജക്ടുകളും ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്. ഇതിനുള്ള മാർഗ്ഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. എന്നിരുന്നാലും സ്പിൽ ഓവർ പ്രോജക്ടുകൾ ഏതൊക്കെ എന്നത് സംബന്ധിച്ച് ചുവടെ

ഖണ്ഡിക 9 -ൽ പ്രതിപാദിക്കുന്ന പ്രകാരം ഇപ്പോൾ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

9. സ്പിൽ ഓവർ പ്രോജക്ടുകൾ സംബന്ധിച്ച തീരുമാനമെടുക്കൽ

9.1 എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും, മാർച്ച് 31 -ന് നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതിയിലെ, ഭൗതികവും സാമ്പത്തികവും ആയി നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകളെ സ്പിൽ ഓവർ പ്രോജക്ടുകളായി നിശ്ചയിക്കാവുന്നതാണ്. നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാം. ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ് ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാവുന്നതാണ്. 2020 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും പേയ്മെന്റ് നൽകാൻ കഴിയാതെ ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തുന്നതിനു വേണ്ട ക്രമീകരണം സോഫ്റ്റ് വെയറിൽ ഇൻഫർമേഷൻ കേരള മിഷൻ വരുത്തുന്നതാണ്.

9 . 2 നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമില്ലാത്തവ തദ്ദേശഭരണസ്ഥാപനത്തിന്റെ തീരുമാന പ്രകാരം തുടർന്ന് നടപ്പിലാക്കാവുന്നതാണ്. ഭേദഗതി ഇല്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടേയോ ജില്ലാ ആസൂത്രണ സമിതിയുടേയോ അംഗീകാരം ആവശ്യമില്ല. ഇത്തരത്തിൽ നിർവ്വഹണം തുടരുന്ന എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ പിന്നീട് നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കേണ്ടതും വാർഷിക പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

9.3 സ്പിൽ ഓവറായി തുടരേണ്ട ഒരു പ്രോജക്ടിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണ സമിതി അംഗീകരിച്ചശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമാക്കി വെറ്റിംഗ് ഓഫീസറുടെയും ജില്ലാ ആസൂത്രണ സമിതിയുടേയും അംഗീകാരം നേടിയതിനുശേഷം മാത്രമെ തുടർന്ന് നിർവഹണം നടത്താനും പേയ്മെന്റ് നൽകാനും പാടുള്ളൂ.

10. 2019-20 ലെ ബില്ലുകൾ തയ്യാറാക്കി ട്രഷറിക്ക് സമർപ്പിക്കൽ

10.1 2019-20 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകളുടെ തുക കൂടി കണക്കിലെടുത്താണ് സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അനുവദിക്കാൻ കഴിയുന്ന അധിക തുക എത്രയാണ് നിശ്ചയിച്ചിയിക്കുക എന്ന് പരാമർശം 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഓൺലൈനായി ബില്ലുകൾ സമർപ്പിച്ചാൽ മാത്രം പോരാ മറിച്ച്; അവയുടെ ഫിസിക്കൽ കോപ്പി കൂടി ട്രഷറിയിൽ

സമർപ്പിക്കേണ്ടതുണ്ട്.

10.2 ഈ സാഹചര്യത്തിൽ മാർച്ച് 31-നകം ഓൺലൈനായി സമർപ്പിച്ചതിൽ പേയ്മെന്റ് നൽകാൻ ബാക്കിയുള്ള ബില്ലുകളുടെയും ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകളുടെയും ഫിസിക്കൽ കോപ്പി കൂടി ഏപ്രിൽ 1 8 നകം ട്രഷറിയിൽ സമർപ്പിക്കുന്നതിനു വേണ്ട നടപടി തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

11. 2019-20 സാമ്പത്തിക വർഷം സ്രോതസ്സിൽ കുറവ് ചെയ്ത തുക ചെലവിൽ രേഖപ്പെടുത്തൽ

11.1 കേരള ജല അതോറിട്ടിക്ക് വാട്ടർചാർജ്ജ്, അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടയും ഹോണറേറിയം തുടങ്ങിയ ഇനങ്ങളിൽ 2019-20 സാമ്പത്തിക വർഷം സ്രോതസ്സിൽ കുറവ് ചെയ്ത തുക വാർഷിക പദ്ധിയിലെ ചെലവ് തുകയായി രേഖപ്പെടുത്തുന്നതിന് പര്യാപ്തമാകും വിധം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യമുള്ള പ്രോജക്ടുകളുടെ പ്രത്യേക ക്രമീകരണം ഉപയോഗിച്ച് ചെലവ് തുക രേഖപ്പെടുത്തണണെന്ന് ആവർത്തിച്ച് നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്രകാരം ചെലവ് തുക രേഖപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിയിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യം പരിശോധിച്ച് ചെലവ് തുക രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

ചീഫ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും.
6. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
7. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

11. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
14. ഡയറക്ടർ, കില.
15. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷഷൻ കേരള മിഷൻ.
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – 2020-21 വാർഷിക പദ്ധതി – കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.794/2020/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം, 29/04/2020

പരാമർശം:- 1 29.01.2018 –ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ

2 02.02.2018-ലെ സ.ഉ.(കൈ) നം.17/2018/തസ്വഭവ

3 05.12.2019-ലെ സ.ഉ.(കൈ) നം. 1572019/തസ്വഭവ

4 11.04.2020-ലെ സ.ഉ.(കൈ) നം. 62/2020/തസ്വഭവ

5 22.04.2020-ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ, അവയുടെ വാർഷിക പദ്ധതിയുടെ ഭാഗമായി, വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനുവേണ്ടി ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരാമർശം 1, 2 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖകളുടെ ഖണ്ഡിക 11.3-ൽ വിശദമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ ഗ്രാമസഭകളുടെയും നഗരഭരണ സ്ഥാപനങ്ങളിൽ വാർഡ്സഭ/കമ്മിറ്റികളുടെയും അംഗീകാരത്തോടു കൂടിയാണ് ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടികയ്ക്ക് അന്തിമ രൂപം നൽകേണ്ടത്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമസഭകളും വാർഡ്സഭകളും/കമ്മിറ്റികളും വിളിച്ചു ചേർക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ നിലിവിലുള്ളത്.

2. രാജ്യത്തൊട്ടാകെ ഏർപ്പെടുത്തിയ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ സമീപ ഭാവിയിൽ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതയിൽ കുറവ് ഉണ്ടാകുന്നതിനുള്ള സാധ്യതയുണ്ട്. ഇത് കൂടി കണക്കിലെടുത്ത്, പച്ചക്കറികൃഷി ഉൾപ്പെടെയുള്ള കാർഷിക അനുബന്ധ മേഖലയിലെ പ്രോജക്ടുകളുടെ നിർവഹണം അടിയന്തിരമായി ആരംഭിക്കേണ്ട സാഹചര്യം നിലവിലുള്ളതിനാൽ ഉല്പാദനമേഖല പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നു.

2.1 നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയ ചില പ്രോജക്ടുകൾ എല്ലാ വർഷവും ആവർത്തന സ്വഭാവത്തിൽ നടപ്പാക്കി വരുന്നവയാണ്. ഇത്തരം പ്രോജക്ടുകളുടെ ഗുണഭോക്തൃ പട്ടികയിൽ ഓരോ വർഷവും ചെറിയ മാറ്റമേ ഉണ്ടാകാറുള്ളൂ. അതിനാൽ ഇങ്ങനെ ആവർത്തന സ്വഭാവത്തിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ മുൻവർഷത്തെ ഗുണഭോക്തൃ

പട്ടിക അടിസ്ഥാനമാക്കി അതിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും വരുത്തി പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കാവുന്നതാണ്. താല്പര്യമില്ലാത്തവരെ അവരുടെ സമ്മതത്തോടെ പട്ടികയിൽ നിന്ന് ഒഴിവാക്കാവുന്നതും പുതുതായി താല്പര്യം പ്രകടിപ്പിക്കുന്നവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് അർഹതാ-മുൻഗണനാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉൾപ്പെടുത്താവുന്നതുമാണ്.

2.2 ആവർത്തന സ്വഭാവം ഇല്ലാത്ത പ്രോജക്ടുകളുടെ കാര്യത്തിൽ പുതുതായി അപേക്ഷ സ്വീകരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണ്.

2.3 ഇപ്പോഴത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് കൂടുതൽ പേരെ കാർഷിക അനുബന്ധ മേഖല പ്രോജക്ടുകളുടെ ഭാഗമാക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകണം.

2.4 ഒഴിവാക്കുന്നതിനുള്ള സമ്മതപത്രവും പുതിയ അപേക്ഷകളും സ്വീകരിക്കുന്നതിന് ഇലക്ട്രോണിക് മാർഗങ്ങൾ ഉൾപ്പെടെയുള്ള നവീന മാർഗങ്ങളും അവലംബിക്കാവുന്നതാണ്.

2.5 മേൽപറഞ്ഞ പ്രക്രിയ പൂർത്തിയാക്കി കരട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ ചെയർ പേഴ്സൺ/മേയർ നിയോഗിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനും അടങ്ങിയ രണ്ടംഗ കമ്മിറ്റിക്ക് ആയിരിക്കും.

2.6 കമ്മിറ്റി തയ്യാറാക്കുന്ന കരട് മുൻഗണനാ പട്ടിക സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേർന്ന് പരിശോധിച്ച് ശുപാർശ നൽകേണ്ടതും തുടർന്ന് ഭരണ സമിതി യോഗം ചേർന്ന് അംഗീകരിക്കേണ്ടതുമാണ്. സ്റ്റിയറിംഗ് കമ്മിറ്റിയിൽ പ്രതിപക്ഷ അംഗങ്ങൾ ഇല്ലെങ്കിൽ പ്രതിപക്ഷത്തിന്റെ ഒരംഗത്തെ കൂടി യോഗത്തിലേക്ക് ക്ഷണിക്കേണ്ടതാണ്.

2.7 ഇപ്രകാരം അന്തിമമാക്കുന്ന ഗുണഭോക്തൃ പട്ടികകൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും നവ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതും തുടർന്ന് നിർവഹണ നടപടികൾ ആരംഭിക്കാവുന്നതുമാണ്.

2.8 ഗുണഭോക്തൃ പട്ടികകൾ ഏറ്റവും ആദ്യം ചേരുന്ന ഗ്രാമ സഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ

പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
6. എല്ലാ ജില്ലാ കളക്ടർമാർക്കും
7. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
8. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
9. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
10. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
11. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
12. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

14. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് – **കോവിഡ് –19** – സുഭിക്ഷ കേരളം : ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള മഹായജ്ഞം – മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

സ.ഉ.(കൈ)നം. 14/2020/ആ:സാ:വ: തിരുവനന്തപുരം, തീയതി: 18.05.2020

ഉത്തരവ്

കോവിഡ് –19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുണ്ടായ സാമ്പത്തിക നഷ്ടത്തിൽ നിന്നും തകർച്ചയിൽ നിന്നും കേരളത്തെ രക്ഷിക്കുന്നതിനും സാമ്പത്തിക വളർച്ചയുടെ പാതയിലേയ്ക്ക് തിരിച്ചു കൊണ്ടു വരുന്നതിനും സ്വീകരിക്കേണ്ട നടപടികൾക്ക് സംസ്ഥാന സർക്കാർ ഇതിനോടകം തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിന്റെ പുനരുജ്ജീവന പരിപാടിക്ക് തുടക്കമിടുന്നത് കാർഷിക മേഖലയിലാണ്. കാർഷിക അനുബന്ധ മേഖലയ്ക്ക്, പ്രത്യേകിച്ചും ഭക്ഷ്യോത്പാദനത്തിന് ഈ ഘട്ടത്തിൽ വലിയ പ്രാധാന്യമാണുള്ളത്. ഭക്ഷ്യ സാധനങ്ങൾ അത്യാവശ്യമാണ് എന്നത് മാത്രമല്ല, ആയതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ ഉത്തേജനം നൽകാനും കഴിയും. ഈ പശ്ചാത്തലത്തിലാണ് ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള 'സുഭിക്ഷ കേരളം' പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയാവുന്നത്ര എത്തിക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. കേരളത്തിന്റെ ഭക്ഷ്യോത്പ്പന്ന വിപണിയെ ഉപയോഗിച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കാനും വരുമാനവും സംരംഭങ്ങളും തൊഴിലും സൃഷ്ടിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

2. **'സുഭിക്ഷ കേരളം'** പദ്ധതിയുടെ നടത്തിപ്പിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. വിപുലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പാക്കി കാമ്പയിൻ മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൃഷി, തദ്ദേശ സ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുക. ഹരിത കേരളം, കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ മിഷനുകൾ, മറ്റ് ഏജൻസികൾ, കാർഷിക-വെറ്ററിനറി-ഫിഷറീസ് സർവകലാശാലകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, ബഹുജന സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണം ഈ പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് ആവശ്യമാണ്.

3. നിർദ്ദിഷ്ട പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും പ്രാദേശിക സർക്കാരുകളും സ്ഥാപനങ്ങളും ഏജൻസികളും മുൻകൈയെടുക്കണമെന്നും സർക്കാർ ഉത്തരവാകുന്നു. സംസ്ഥാന തലത്തിൽ ഈ പദ്ധതി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നടപ്പാക്കേണ്ടത്. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകളും

നഗരസഭകളുമാണ് ഈ പദ്ധതിയുടെ ഏകോപനം സാധ്യമാക്കേണ്ടത്. പദ്ധതി രൂപീകരണത്തിനു ശേഷം ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രി സഭാ ഉപസമിതി പുരോഗതി അവലോകനം ചെയ്യുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ടോം ജോസ്
ചീഫ് സെക്രട്ടറി

തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ജലവിഭവം, സഹകരണം, ഫിഷറീസ്, വ്യവസായം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം, ധനകാര്യം,ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
കാർഷിക - വെറ്ററിനറി - ഫിഷറീസ് സർവകലാശാലകളുടെ രജിസ്ട്രാർമാർക്ക്
പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർക്ക്
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, സഹകരണം, ഫിഷറീസ്, വ്യവസായം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
3. പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
5. ബഹു. ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
7. അഡീഷണൽ സെക്രട്ടറിയുടെ സി എയ്ക്ക്.

G.O.(Ms)No.14/2020/P&EA

അനുബന്ധം

കോവിഡ് -19 - സുഭിക്ഷ കേരളം : ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള മഹായജ്ഞം - മാർഗ്ഗരേഖ

1. **ആമുഖം**

1.1 ഭക്ഷ്യ വിഭവങ്ങളുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ പല സംസ്ഥാനങ്ങളിലും കാർക്കശ്യം കുറഞ്ഞ രൂപത്തിലാണെങ്കിലും അധിക നാൾ നീണ്ട് നിൽക്കാനാണ് സാധ്യത. അങ്ങനെയെങ്കിൽ അരി, പച്ചക്കറി, മുട്ട, കോഴി ഇറച്ചി. പാൽ. പഴവർഗ്ഗങ്ങൾ. പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, മത്സ്യം തുടങ്ങിയവയുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്ക് വരവ് അനിശ്ചിതത്വത്തിൽ ആകാനും വില വർദ്ധിക്കാനും ദൗർലഭ്യം അനുഭവപ്പെടാനും സാധ്യതയുണ്ട്. ഭക്ഷ്യ ഉല്പന്നങ്ങളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമാണ്. ഭക്ഷണത്തിന്റെ കാര്യത്തിൽ പൂർണ്ണമായ സ്വയം പര്യാപ്തത എളുപ്പമല്ലെങ്കിലും ആഭ്യന്തര ഉത്പാദനം വലിയ തോതിൽ വർദ്ധിപ്പിക്കാനായാൽ ഒരു പരിധി വരെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ കഴിയും.

1.2 ഭക്ഷ്യ സുരക്ഷയെപ്പോലെ തന്നെ പ്രധാനമാണ് സുരക്ഷിതമായ ഭക്ഷണം എന്നതും. വിഷമില്ലാത്ത ഫ്രഷായ പച്ചക്കറിയും പഴവർഗ്ഗങ്ങളും മറ്റു ഭക്ഷ്യ വസ്തുക്കളും മെച്ചപ്പെട്ട വില നൽകി വാങ്ങാൻ കേരളീയർ തയ്യാറാണ്. സുരക്ഷിത ഭക്ഷണം എന്ന മേന്മ ഉപയോഗിച്ചുകൊണ്ട് തദ്ദേശീയ ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പാക്കാനായാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വില കുറഞ്ഞ ഉല്പന്നങ്ങളുടെ മത്സരത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയും.

1.3 ഈ സാഹചര്യത്തിൽ ഭക്ഷ്യസാധനങ്ങളുടെ ഉത്പാദനം വലിയ തോതിൽ വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടി 'സുഭിക്ഷ കേരളം' എന്ന പേരിൽ ജനപങ്കാളിത്തത്തോടെ ഒരു മഹായജ്ഞമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. കേരളത്തിലെ ഓരോ വ്യക്തിയും, കുടുംബവും. സ്ഥാപനവും ഇതിലേക്ക് അവരവർക്കു കഴിയാവുന്ന സംഭാവന നൽകണം. കൃഷിയിൽ പങ്കെടുത്തുകൊണ്ടുള്ള സംഭാവനയാണ് ഉദ്ദേശിക്കുന്നത്.

2. ലക്ഷ്യങ്ങൾ

2.1 നെല്ല്, പഴവർഗ്ഗങ്ങൾ, മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി. പയർ വർഗ്ഗങ്ങൾ ഇറച്ചിക്കോഴി, മുട്ടക്കോഴി, പാൽ, ആട്, പോത്ത്,പന്നി, മത്സ്യം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.

2.2 ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ (safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുക.

2.3 പരമ്പരാഗത കൃഷി വിജ്ഞാനം ഉൾകൊണ്ട് തന്നെ നവീന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കാർഷിക-അനുബന്ധ മേഖലകൾക്ക് പുതുജീവൻ നൽകുകയും അതുവഴി കർഷകരുടെയും കർഷക തൊഴിലാളികളുടെയും വരുമാനം വർദ്ധിപ്പിക്കുകയും ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.

2.4 യുവജനങ്ങൾ, തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികൾ, വിശ്രമ ജീവിതം നയിക്കുന്നവർ തുടങ്ങി കൂടുതൽ പേരെ കൃഷി-അനുബന്ധ മേഖലകളിലേയ്ക്ക് ആകർഷിക്കുക. അവർക്കു ന്യായമായ വരുമാനം ഉറപ്പാക്കുക.

2.5 സമ്പദ് വ്യവസ്ഥയിൽ കാർഷികാനുബന്ധ മേഖലകളുടെ സംഭാവന വർദ്ധിപ്പിക്കുക; കേരളത്തിന്റെ ഭക്ഷ്യോത്പന്ന വിപണിയെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കു ഉപയോഗപ്പെടുത്തുക.

2.6 കാർഷികോല്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമിക്കുന്നതിന് പ്രോത്സാഹനം നൽകുക.

2.7 പരിസ്ഥിതി സംരക്ഷിക്കുക.

3. സമീപനം

3.1 തരിശ് നിലവും തരിശ് ഭൂമിയും പുരയിടങ്ങളും വീട്ടുവളപ്പും ടെറസുകളും എല്ലാം ഉത്പാദനകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന തത്ത്വം. അത് യാഥാർത്ഥ്യമാക്കുന്നതിന് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെയും ഹരിതകേരളം-കുടുംബശ്രീ-തൊഴിലുറപ്പ് മിഷനുകളുടെയും ബന്ധപ്പെട്ട മറ്റ് വികസന സ്ഥാപനങ്ങളുടേയും എല്ലാം പ്രവർത്തന ങ്ങൾ തദ്ദേശഭരണ സ്ഥാപന (ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിലുള്ള ഏകോപനം അത്യാവശ്യമാണ്. വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും പ്രത്യേകം പ്രത്യേകം പദ്ധതികൾ (Plans) എന്ന പതിവ് രീതിക്കു പകരം ഈ മേഖലകളിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്തിനുവേണ്ടി ഒറ്റ പദ്ധതി (single plan) തയ്യാറാക്കുകയും തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിർവഹണം നടത്തുകയും ചെയ്യുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ സമീപനം.

3.2 തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനാണ് ഈ പദ്ധതിയിലെ മുഖ്യ ഊന്നൽ. ഇതിന് നേതൃത്വം നൽകേണ്ടത് പ്രാദേശിക സർക്കാരുകളാണ്. ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും കൃഷിചെയ്യാവുന്ന തരിശ് ഭൂമിയും തരിശ് നിലങ്ങളും പുരിയിടങ്ങളും ഒരു ദ്രുതവിവരശേഖരണത്തിലൂടെ കണ്ടെത്തി ശാസ്ത്രീയ കൃഷി രീതിയ്ക്ക് കീഴിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കണം. കൃഷി ഭവന്റെ കൈവശം പുതുതായി ശേഖരിച്ച വിവരങ്ങളും വികസന റിപ്പോർട്ടിലുള്ള വിവരങ്ങളും പരിഗണിക്കാവുന്നതാണ്. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സംഘടനകളുടേയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാം. ഏത് കൃഷിയാണ് ഓരോ ഭൂമിയിലും അനുയോജ്യമായതെന്ന് പ്രാദേശിക തലത്തിൽ തീരുമാനിക്കണം.

3.3 പുരയിട കൃഷിയും ഇടവിള കൃഷിയും വീട്ടുവളപ്പിലെ കൃഷിയും പരമാവധി പ്രോത്സാഹി പ്പിക്കണം.

3.4 സ്ഥലപരിമിതിയുള്ള വാസഗൃഹങ്ങളിലും ആധുനിക രീതിയിലുള്ള ലംബകൃഷി, അക്വാപോണിക്സ്, ഹൈഡ്രോ പോണിക്സ് തുടങ്ങിയവ ഉൾപ്പെടെയുള്ള ആധുനിക കൃഷി സമ്പ്രദായങ്ങൾ പ്രചരിപ്പിച്ച് പരമാവധി ഉല്പാദന വർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കണം.

3.5 സ്വന്തമായി കൃഷി ചെയ്യാൻ താല്പര്യമുള്ളവർ, കൃഷി ചെയ്യാൻ താത്പര്യമുള്ള എന്നാൽ പിന്തുണ വേണ്ടവർ, സ്ഥലം കൃഷി ചെയ്യാൻ വിട്ടു നൽകാൻ താല്പര്യമുള്ളവർ എന്നിവരെ കണ്ടെത്തി അടുക്കള തോട്ടങ്ങൾ, മട്ടുപ്പാവ് കൃഷി, ഗ്രോബാഗ് കൃഷി, മറ്റു കൃഷി രീതികൾ എന്നിവക്ക് പ്രോത്സാഹനവും പിന്തുണയും നൽകണം.

3.6 വീട്ടുവളപ്പിലെ കൃഷിയിൽ ജൈവ കാർഷിക രീതി അവലംബിക്കുന്നതിന് ഊന്നൽ നൽകണം.

3.7 പോഷക മൂല്യമുള്ള കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷിക്ക് ഉയർന്ന പരിഗണന നൽകണം.

3.8 നിലവിലുള്ള കൃഷിയുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനും ശ്രമം ഉണ്ടാകണം.

3.9 മുട്ട, പാൽ, മാംസം എന്നിവയുടെ ഉത്പാദനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

3.10 കന്നുകാലി വളർത്തൽ, ആട്, കോഴി, താറാവ്, കാട വളർത്തൽ, എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കണം.

3.11 അനുയോജ്യമായ ഗ്രാമപഞ്ചായത്തുകളിൽ / നഗരസഭകളിൽ ഡയറി യൂണിറ്റുകൾ സ്ഥാപിക്കണം.

3.12 ക്രോസ്സ്ബ്രീഡ് പശു യൂണിറ്റുകൾ സ്ഥാപിക്കണം

3.13 പാലിൽ നിന്നും തൈര്, ചീസ്, പനീർ തുടങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പ്പാദിപ്പിക്കണം

3.14 കാലി തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, മൽസ്യ കുളങ്ങൾ എന്നിവയുടെ നിർമാണത്തിനും പരിപാലനത്തിനും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താം.

3.15 കോൾഡ് ചെയിൻ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്

3.16 അസോള കൃഷിക്ക് ടാങ്ക് നിർമാണം, തീറ്റപ്പുൽ കൃഷി എന്നിവയും തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവഹിക്കാം

3.17 മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള പരിപാടികൾ ആരംഭിക്കണം.

3.18 ഹോംസ്റ്റേഡ് ബയോ ഫ്ളോക്ക് ഫാർമിംഗ് ആരംഭിക്കണം.

3.19 ഉപ്പുവെള്ള കുളങ്ങളിൽ പേൾസ്പോട്ട് (കരിമീൻ) കൃഷി യൂണിറ്റുകൾ ആരംഭിക്കണം. ഈ പ്രവർത്തനങ്ങൾക്ക് വേണ്ട സാങ്കേതിക പിന്തുണ ഉറപ്പാക്കണം. അതിനാവശ്യമായ റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി നിയോഗിക്കണം. ഇതിനായി മത്സ്യബന്ധന വകുപ്പിന്റെ സഹായം ലഭ്യമാക്കണം.

3.20 പടുതാ കുളത്തിൽ മത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കണം

3.21 പൊതുകുളങ്ങൾ, സ്വകാര്യ കുളങ്ങൾ, വീട്ടു വളപ്പിലെ കുളങ്ങൾ എന്നിവിടങ്ങളിൽ മത്സ്യകൃഷി നടത്തുന്ന സാഹചര്യം ഉണ്ടാകണം. മൽസ്യക്കുളങ്ങളുടെ നിർമാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കാം കുളങ്ങൾ പാട്ടത്തിന് കൊടുക്കാവുന്നതാണ്.

3.22 സാധ്യമായ ഇടത്തെല്ലാം കൃഷി, കാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യകൃഷി എന്നിവ ചേർന്നുള്ള സംയോജിത കൃഷി രീതി അവലംബിക്കേണ്ടതാണ്.

3.23 ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കുള്ള ശ്രമം അരിയുടെ കാര്യത്തിൽ മാത്രമല്ല കാർഷിക വിളകളിൽ ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വിളകൾ, പെട്ടെന്ന് വിളവെടുക്കാവുന്ന ഫലവർഗ്ഗ വിളകൾ, പച്ചക്കറികൾ, ചെറു ധാന്യങ്ങൾ, വാഴകൃഷി മുതലായവയ്ക്കും മുൻഗണന നൽകണം. ഓരോ തദ്ദേശഭരണസ്ഥാപന പ്രദേശത്തേയും സാധ്യതകൾ എന്താണോ അത് ഉപയോഗിക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകണം.

3.24 അനുയോജ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷിയും ഏറ്റെടുക്കേണ്ടതാണ്.

3.25 ഗുണനിലവാരമുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് മുൻകൈ ഏടുക്കേണ്ടതാണ്. മൃഗസംരക്ഷണ വകുപ്പും മത്സ്യ ബന്ധന വകുപ്പും അവരവരുടെ മേഖലകളിൽ മുട്ടയും അഥവാ വളർത്തു മൃഗങ്ങളുടെ കുഞ്ഞുങ്ങളെയും, മത്സ്യ കുഞ്ഞുങ്ങളെയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

3.26 മികച്ച കൃഷി രീതികൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന്റെയും സുരക്ഷിത ഭക്ഷ്യ ധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക ഉപദേശം നൽകുന്നതിന്റെയും ഉത്തര വാദിത്വം ബന്ധപ്പെട്ട വകുപ്പുകൾ ഏറ്റെടുക്കേണ്ടതാണ്.

3.27 ഓരോ കൃഷിയിടത്തിലും വെള്ളം എത്തിക്കുന്നതിനും ജലനിർഗമനം ഉറപ്പാക്കുന്ന തിനുമുള്ള പൊതു സൗകര്യങ്ങൾ ഒരുക്കാൻ ജലസേചന വകുപ്പിനു ഉത്തരവാദിത്തമുണ്ട്. ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാർഷിക മേഖല തിരിച്ചുള്ള ഉത്തരവാദിത്തം നൽകേണ്ടതാണ്. ഓരോ സ്ഥലത്തും വെള്ളം എത്തിക്കുന്നതിന് ഹ്രസ്വകാല - ദീർഘകാല പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

3.28 കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്കോ പലിശ രഹിതമായോ വായ്പ നൽകാൻ സഹകരണ സ്ഥാപനങ്ങൾ തയ്യാറാകണം. സഹകരണ സ്ഥാപനങ്ങൾ കൃഷിയിലും വിപണനത്തിലും നേരിട്ട് ഇടപെട്ട് പ്രവർത്തിക്കണം. സഹകരണ സ്ഥാപനങ്ങളെ ഇക്കാര്യത്തിൽ സഹായിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി യിൽ പ്രോജക്ടുകൾ ഏറ്റെടുക്കാം.

3.29 തരിശ് കിടക്കുന്ന പൊതുഭൂമിയും പാർശ്വവൽകൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കുന്നതിന് ഭൂമി നിരപ്പാക്കൽ, തട്ട് തിരിക്കൽ, പുതിയ ബണ്ടുകളുടെ നിർമാണം തുടങ്ങിയ പ്രവർത്തികൾ, പൊതു ഭൂമിയിലും സ്വകാര്യ ഭൂമിയിലും ജലസേചന കുളങ്ങൾ/കിണറുകൾ നിർമിക്കൽ, പൊതു കുളങ്ങളുടെ പുനരുദ്ധാരണം, ജലസേചന ചാലുകളുടെ നിർമാണവും പുനരുദ്ധാരണവും എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കാം.

3.30 നിലവിലുള്ള മൂല്യ വർദ്ധിത സംരംഭങ്ങളെ കൂടുതൽ പ്രവർത്തനക്ഷമമാക്കുകയും പുതിയവ ആരംഭിക്കുകയും വേണം. മൂല്യവർധിത ശൃംഖലയിൽ ഉള്ള വിടവുകൾ കണ്ടെത്തി ഇവ പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപപ്പെടുത്തുകയും വേണം.

3.31 പ്രാദേശിക കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനവും ഏകോപനവും ഫലപ്രദമായി സംഘടിപ്പിക്കണം.

3.32 നിലവിലുള്ള പദ്ധതികളുമായി സംയോജിപ്പിച്ചോ തദ്ദേശഭരണ സ്ഥാപനത്തിലെയോ മറ്റുബന്ധപ്പെട്ട വകുപ്പുകളിലെയോ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചോ മൂല്യ വർദ്ധിത ഉത്പന്ന സംരംഭകൾക്കുള്ള സാമ്പത്തിക പിന്തുണ ലഭ്യമാക്കണം. ഈ പ്രവർത്തനം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/നഗരസഭാതലത്തിൽ ആസൂത്രണം ചെയ്യുന്നതായിരിക്കും ഉചിതം.

3.33 മണ്ണ് പരിശോധനശാലകൾ, ടിഷ്യൂകൾച്ചർ ലാബുകൾ, ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും ഉല്പാദന കേന്ദ്രങ്ങൾ, കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യതയും സേവനവും ഉറപ്പാക്കുന്നതിനുള്ള പ്രൊജക്ടുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കാവുന്നതാണ്.

3.34 വ്യവസായ വകുപ്പ്, ഫുഡ് പ്രോസസ്സിംഗിനും കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവ് സാദ്ധ്യമാക്കുന്നതിനുമുള്ള വലിയ സംരംഭങ്ങൾ ആസൂത്രണം ചെയ്യുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരംഭങ്ങൾക്ക് സാങ്കേതിക ഉപദേശം ലഭ്യമാക്കുന്നതുമാണ്. ഇത്തരം സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് യുവാക്കൾ, മടങ്ങി വന്ന പ്രവാസികൾ എന്നിവർക്ക് മുൻഗണന നൽകണം.

3.35 06.03.2020 ലെ സ.ഉ(കൈ) നം.45/2020/തസ്വഭവ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ഒരു പ്രധാന പദ്ധതിയായ 'ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ' പദ്ധതിയും സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ്.

3.36 ഭക്ഷ്യോൽപ്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർധിപ്പിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ആണ്. അതുകൊണ്ട് 06.03.2020 ലെ സ.ഉ(കൈ) നം.45/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച 12 ഇന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം ഈ പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

3.37 മേൽപ്പറഞ്ഞ കാര്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ അടിസ്ഥാന യൂണിറ്റായി കണ്ട് വിവിധ മേഖലകളിൽ ഓരോ പ്രദേശത്തുമുള്ള സാധ്യതകൾ ബന്ധപ്പെട്ട എല്ലാവരും കൂടിയിരുന്ന് വിശദമായി പരിശോധിക്കുകയും വകുപ്പുകൾക്കും പ്രാദേശിക സർക്കാരുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും മറ്റ് ഏജൻസികൾക്കും ഏറ്റെടുക്കാൻ കഴിയുന്ന ഹ്രസ്വകാല/ ദീർഘകാല പരിപാടികളും സേവനങ്ങളും ഏതൊക്കെ എന്നത് സംബന്ധിച്ച് ധാരണയാകുകയും അതനുസരിച്ച് അവ നടപ്പാക്കുകയും ചെയ്യുക എന്ന രീതി അവലംബിക്കണം.

4. ആസൂത്രണവും നിർവഹണവും

4.1 ഓരോ വാർഡിലും കൃഷിക്ക് ലഭ്യമാക്കാൻ കഴിയുന്ന തരിശു നിലങ്ങളും തരിശു ഭൂമികളും, ഭാഗിക തരിശ് ഭൂമികളും, പുരയിടങ്ങളും കണ്ടെത്തി അതിന്റെ വിശദാംശങ്ങൾ വളരെ പെട്ടെന്ന് തയ്യാറാക്കേണ്ടതാണ്. അതിൽ ഉടമയുടെ വിവരങ്ങൾ, വിസ്തീർണ്ണം, ഭൂവികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ടോ, കൃഷിക്ക് അനുയോജ്യമായ വിളകൾ ഏതൊക്കെ, ഉടമ തന്നെ കൃഷി ചെയ്യാൻ തയ്യാറാണോ, അല്ലെങ്കിൽ പാട്ടത്തിന് നൽകാൻ തയ്യാറാണോ മുതലായ വിവരങ്ങൾ ഉണ്ടാകണം.

4.2 ഉടമ നേരിട്ട് കൃഷി ചെയ്യാൻ സന്നദ്ധമല്ലെങ്കിൽ കൃഷി ചെയ്യുന്നതിന് താൽപര്യമുള്ള കർഷകനെ/കർഷക കൂട്ടായ്മയെ/പാടശേഖര സമിതിയെ/സ്വയം സഹായസംഘത്തെ/ കുടുംബശ്രീ ഗ്രൂപ്പിനെ/പ്രൊഡ്യൂസർ കമ്പനിയെ/സഹകരണ സംഘത്തെ/ ചാരിറ്റബിൾ സംഘത്തെ കണ്ടെത്തണം. ഗ്രൂപ്പുകൾ നിലവിലുള്ളവയോ പുതിയവയോ ആകാം. പുതുതായി രൂപീകരിക്കുമ്പോൾ തൽപരരായ യുവാക്കൾ, മടങ്ങി വന്ന പ്രവാസികൾ എന്നിവരെയും പരിഗണിക്കണം.

4.3 ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി കൃഷി ചെയ്യുന്ന കർഷകന്/ഗ്രൂപ്പിന് കൈമാറേണ്ടത് തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിലാ കണം. ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിലനിർത്തുന്നതാണെന്ന് ഉടമകളെ ബോധ്യപ്പെടുത്തിക്കൊണ്ട് തന്നെ ഗ്രാമപഞ്ചായത്ത്/ നഗരസഭ, ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവർ തമ്മിൽ ധാരണയുണ്ടാക്കി കൃഷി ചെയ്യാനാവും.

4.4 ഖണ്ഡിക 4.1 പ്രകാരം തയ്യാറാക്കിയ കൃഷി ഭൂമിയുടെ വിവരങ്ങൾക്കൊപ്പം കൃഷി ചെയ്യുന്ന കർഷകന്റെ / ഗ്രൂപ്പിന്റെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദാംശങ്ങൾ പൂർണ്ണമാക്കണം. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഖണ്ഡിക 9.8 പ്രകാരമുള്ള വാർഡ്തല സമിതിയുടെ നേതൃത്വത്തിലാണ് നടത്തേണ്ടത്.

4.5 തുടർന്ന്, ഇപ്രകാരം വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപന അടിസ്ഥാനത്തിൽ കൃഷി മേഖലാ വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിക്കേ ണ്ടതാണ്.

4.6 ഇതിന് തുടർച്ചയായി കൃഷിമേഖലയുടെ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തിനുവേണ്ടിയുള്ള കരട് കാർഷിക പദ്ധതി (plan) തയ്യാറാക്കണം. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടേയും നേരിട്ട് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടേയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതാണ്. അതുപോലെ കൃഷി വകുപ്പും സഹകരണ സംഘങ്ങളും മിഷനുകളും ഏജൻസികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും നല്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്നും ഗ്രാമപഞ്ചായത്തിനെയും നഗരസഭയേയും മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഇതിനാവശ്യമായ കൂടിയാലോചനകൾ ഗ്രാമപഞ്ചായത്ത് /നഗരസഭ നടത്തണം.

4.7 ഇതിന് സമാന്തരമായി തന്നെ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം, ഭക്ഷ്യോത്പന്നങ്ങളുടെ മൂല്യവർദ്ധനവ് തുടങ്ങിയ അനുബന്ധ മേഖലകളിലെ സംയോജിത പദ്ധതികൾക്കും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ രൂപം നൽകേണ്ടതാണ്.

4.8 കാർഷിക അനുബന്ധ മേഖലകളിലെ പദ്ധതികൾ (Plans) സംയോജിപ്പിച്ച് തദ്ദേശഭരണ സ്ഥാപന തലത്തിലെ കരട് ഉല്പാദന പദ്ധതിക്ക് (Production Plan) രൂപം നൽകേണ്ടതാണ്. ഓരോ മേഖലയിലും പ്രാവർത്തികമാക്കാൻ കഴിയുന്ന പരിപാടികൾ തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ തയ്യാറാക്കുകയാണ് വേണ്ടത്. അതിൽ, വിവിധ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങ ളുടേയും പങ്കും, വിഭവസ്രോതസും വ്യക്തമായി പ്രതിപാദിക്കേണ്ടതാണ്. ഓരോന്നിനും ലക്ഷ്യമിടുന്ന ഉല്പാദന വർദ്ധനവും നിർണ്ണയിക്കണം. ഒപ്പം, തദ്ദേശഭരണ സ്ഥാപനത്തി ന്റെ ഒരു കാർഷിക കലണ്ടറും തയ്യാറാക്കണം.

4.9 ഇത്തരത്തിൽ ഉല്പാദന പദ്ധതി തയ്യാറാക്കണം എന്ന് നിർദ്ദേശിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനകം തയ്യാറാക്കിയ കാർഷിക അനുബന്ധ മേഖലകളിലെ പ്രോജക്ടുകൾ ഉപേക്ഷിച്ച് ആദ്യം മുതലേ തുടങ്ങണം എന്നല്ല അർത്ഥമാക്കുന്നത്. പ്രദേശത്തിന്റെ പ്രത്യേകത പരിഗണിച്ചും ഗ്രാമ/വാർഡ് സഭകളുടെ അംഗീകാര ത്തോടെയും തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടുകൾ എല്ലാം ഉപേക്ഷിക്കേണ്ടതില്ല. അവയെയും പൊതുവിൽ 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി കണക്കാക്കാവു ന്നതാണ്. പക്ഷെ ഇന്നത്തെ സാഹചര്യം പരിഗണിച്ച് കൂടുതൽ പണം വകയിരുത്താമോ എന്ന് പരിശോധിക്കണം. ഒപ്പം, ഭക്ഷ്യോത്പാദന രംഗത്തിന് കൂടുതൽ പണം കണ്ടെത്തി പുതുതായി ചില പ്രോജക്ടുകൾ എടുക്കുകയും വേണം. മാത്രമല്ല, വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കൂടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു സമഗ്രരേഖ തദ്ദേശഭരണസ്ഥാപന തലത്തിൽ രൂപപ്പെടേണ്ടതുണ്ട് എന്നതുകൊണ്ട് കൂടിയാണ് ഇത്തരത്തിൽ സംയോജിത ഉല്പാദന പദ്ധതി വേണം എന്ന് നിർദ്ദേശിക്കുന്നത്.

4.10 തുടർന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ സംയുക്ത യോഗം ചേരണം. വിവിധ മേഖലകളുടെ സംയോജനം, സംയോജിത കൃഷി രീതികൾ, മുൻ-പിൻ ബന്ധങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഈ സംയുക്ത യോഗത്തിൽ ചർച്ച ചെയ്ത് ധാരണയാകേണ്ടതും അതനുസരിച്ച് കരട് പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുമാണ്.

4.11 സംയുക്ത യോഗത്തിനുശേഷം ഖണ്ഡിക 9.6 പ്രകാരമുള്ള ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തല സമിതി യോഗം ചേർന്ന് തദ്ദേശഭരണ സ്ഥാപനതല ഉല്പാദന പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാര ത്തിനായി സമർപ്പിക്കേണ്ടതുമാണ്.

4.12 ഈ രീതിയിൽ അന്തിമമാക്കുന്ന തദ്ദേശഭരണ സ്ഥാപനതല ഉല്പാദന പദ്ധതിയെ അടിസ്ഥാനമാക്കി തദ്ദേശഭരണസ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും മറ്റ് ഏജൻസി കൾക്കും അവരവരുടെ പരിപാടികളുടെ നിർവഹണം ആരംഭിക്കാവുന്നതാണ്.

4.13 തദ്ദേശഭരണസ്ഥാപനം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി നിർവഹണം നടത്താവുന്നതാണ്. വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

4.14 ആസൂത്രണ പ്രക്രിയയുടെ തുടക്കത്തിൽ ജില്ലാ ആസൂത്രണ സമിതിയോഗം ചേർന്ന് ജില്ലയുടെ സാധ്യതകൾ വിശകലനം ചെയ്ത് ഓരോ പ്രദേശത്തേക്കുമുള്ള ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിച്ച് നൽകുന്നത് അഭികാമ്യമായിരിക്കും.

5. സഹായ സംവിധാനങ്ങളും സേവനങ്ങളും

5.1 കൃഷി അനുബന്ധമേഖലകളിൽ കർഷകർക്ക് യഥാസമയം സാങ്കേതിക ഉപദേശവും സഹായവും ലഭ്യമാക്കുന്നതിനുള്ള എക്സ്റ്റൻഷൻ സർവ്വീസുകൾ ഫലപ്രദമാക്കുന്നതാണ്.

5.2 കൃഷി ഓഫീസർമാരുടേയും കുടുംബശ്രീയുടേയും ആഭിമുഖ്യത്തിൽ കൃഷി സംബന്ധിച്ച അറിവ് കർഷകർക്ക് നൽകുന്നതാണ്. ആധുനിക സമ്പ്രദായങ്ങൾക്കൊപ്പം പരമ്പരാഗ തമായ നാട്ടറിവുകളുടെ സാധ്യതകളും കൃഷിയിൽ ഉപയോഗിക്കേണ്ടതാണ്.

5.3 കൃഷി വകുപ്പ്, കാർഷിക–വെറ്ററിനറി–ഫിഷറീസ് സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഫാമുകൾ, കുടുംബശ്രീ യൂണിറ്റുകൾ നടത്തുന്ന ഫാമുകൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവയെ ബന്ധിപ്പിച്ചുള്ള വിത്ത് വിതരണ ശൃംഖല ഒരു സ്ഥിരം സംവിധാനമായി രൂപപ്പെടുത്തുന്നതാണ്.

5.4 കൃഷി വിജ്ഞാനകേന്ദ്രം, അഗ്രോ സർവ്വീസ് സെന്ററുകൾ, ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, കാർഷിക സേവന കേന്ദ്രങ്ങൾ, സർവകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ, ക്രോപ് ഹെൽത്ത് മാനേജ്മെന്റ് സ്കീമിന്റെ ഭാഗമായി ബ്ലോക്കുകളിലും നഗരസഭകളിലും നിയോഗിച്ചിട്ടുള്ള പെസ്റ്റ് സ്കൗട്ടുമാർ എന്നിവയുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

5.5 കാർഷികാനുബന്ധ മേഖലകളിൽ ഓരോ രംഗത്തും മാസ്റ്റർ ഫാർമർമാരുടെ പാനൽ ഉണ്ടാക്കുന്നതിനും അവരുടെ ഉപദേശവും സഹായവും കർഷകർക്ക് ലഭ്യമാക്കുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

5.6 സഹകരണസംഘങ്ങൾ കാർഷിക സേവന കേന്ദ്രങ്ങൾ രൂപീകരിക്കുകയും കർഷകർക്ക് വലിയ തോതിൽ സഹായം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

5.7 വീട്ടുവളപ്പിൽ കൃഷി,തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് ആവശ്യമായ സാങ്കേതിക പിന്തുണാഗ്രൂപ്പ് ഓരോ ഗ്രാമ പഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ രൂപീകരിക്കണം. കുടുംബശ്രീയുടെ മാസ്റ്റർ ഫാർമേഴ്സ്, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെൻററുകൾ, കാർഷിക കർമ്മ സേന, സഹകരണ സംഘങ്ങളുടെ സംവിധാനങ്ങൾ, ഹരിത കേരളം മിഷന്റെ റിസോഴ്സ് പേഴ്സൺമാർ, ബാങ്കുകൾ, കാർഷിക സേവന കേന്ദ്രങ്ങൾ, തൊഴിലുറപ്പുപദ്ധതി, കൃഷി വകുപ്പ്, അഗ്രോ സർവ്വീസ് സെൻററുകൾ, ഗ്രീൻ ആർമി, കാർഷിക സർവകലാശാല, ഫിഷറീസ് സർവകലാശാല, വെറ്റിനറി സർവകലാശാല., കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, മറ്റു സന്നദ്ധ സംഘടനകൾ മുതലായവയുടെ സഹായത്തോടെ ഊർജ്ജിത പ്പെടുത്താം.

5.8 മണ്ണ് പരിശോധനയ്ക്ക് വേണ്ട സഹായം കൃഷിഭവൻ ലഭ്യമാക്കുന്നതാണ്.

5.9 കിസാൻ ക്രഡിറ്റ് കാർഡ് സേവനങ്ങൾ വിപുലമാക്കുന്നതാണ്.

5.10 ഉൾനാടൻ മത്സ്യകൃഷി സംബന്ധിച്ച് കർഷകർക്ക് ഫിഷറീസ് വകുപ്പ് പരിശീലനം നൽകുന്നതാണ്

5.11 വിവിധ വകുപ്പുകൾ കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങളും സഹായങ്ങളും സംബന്ധിച്ച് സർക്കുലർ/കൈപ്പുസ്തകം ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കേ ണ്ടതാണ്.

6. ഉത്പാദനോപാധികളും സബ്സിഡി സഹായവും

6.1 തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ ഉൾപ്പടെയുള്ള ഭൂവികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യൻകാളി നഗരതൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെയോ വകുപ്പുകളുടെയോ പ്രോജക്ടുകളുടെ ഭാഗമാക്കി നടപ്പാക്കാവുന്നതാണ്.

6.2 കാർഷിക അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉല്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പദ്ധതികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങ ളുടെ പ്രോജക്ടുകളുടേയും ഏജൻസികൾ നടപ്പാക്കുന്ന പദ്ധതികളുടേയും ഭാഗമായി കർഷകർക്ക് ലഭ്യമാക്കാവുന്നതാണ്.

6.3 വിള ഇൻഷ്വറൻസിന് സർക്കാർ സ്കീം ഉപയോഗപ്പെടുത്തേണ്ടതാണ്.

6.4 സൂക്ഷ്മ ജലസേചനത്തിനുള്ള സൗകര്യങ്ങൾ ജലസേചനം, കൃഷി തുടങ്ങിയ വകുപ്പുകളുടെ പദ്ധതികളുടെ ഭാഗമായോ തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രോജക്ടുകളുടെ ഭാഗമായോ ലഭ്യമാക്കാം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രകൃതി പരിപാലന പ്രവർത്തനങ്ങളുമായുള്ള സംയോജനവും ഉറപ്പാക്കാവുന്നതാണ്

7. വിഭവം

7.1 വിവിധ വകുപ്പുകളും കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ മിഷനുകളും പരമാവധി വിഹിതം ഈ പദ്ധതിക്കായി മാറ്റി വയ്ക്കേണ്ടതാണ്. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകൾ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങളും ഓരോ ജില്ലയ്ക്കുമുള്ള വിഹിതവും വ്യക്തമാക്കിക്കൊണ്ട് ബന്ധപ്പെട്ട വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

7.2 പ്രാദേശിക സർക്കാരുകൾ ഇതിനകം തന്നെ വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ ഈ ബൃഹത്പരിപാടി കണക്കിലെടുത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. ഭക്ഷ്യ സുരക്ഷയ്ക്കുള്ള ചില പ്രോജക്ടുകൾ നിലവിലുള്ള പദ്ധതിയിൽ ഉണ്ടാകാം. ആ പ്രോജക്ടുകൾ വിപുലപ്പെടുത്തുകയോ ആവശ്യമെങ്കിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണ്. അടിയന്തിര പ്രാധാന്യമില്ലാത്ത എല്ലാ നിർമ്മാണ പ്രോജക്ടുകളും (പുതിയ റോഡ്, ഓഫീസ് മന്ദിരങ്ങൾ തുടങ്ങിയവ) മറ്റ് അപ്രധാന പ്രോജക്ടുകളും ഈ വർഷം ഒഴിവാക്കി വരും വർഷങ്ങളിലേയ്ക്ക് മാറ്റേണ്ടതാണ്. ഇങ്ങനെ താരതമ്യേന കുറഞ്ഞ മുൻഗണനയുള്ള പ്രോജക്ടുകൾ ഒഴിവാക്കി ലഭിക്കുന്ന തുക കാർഷിക അനുബന്ധ മേഖലയിലെ പ്രോജക്ടുകൾക്ക് ഉപയോഗിക്കണം. ഈ രീതിയിൽ ഭക്ഷ്യോത്പാദന വർദ്ധനവിന് ഉയർന്ന പരിഗണന നൽകുന്ന രീതിയിൽ 2020-21-ലെ പദ്ധതി പുനക്രമീകരിക്കേണ്ടതാണ്.

7.3 ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വിഭവങ്ങൾ കഴിയാവുന്നത്ര ഗ്രാമപഞ്ചായത്ത് പദ്ധതിയുമായി സംയോജിപ്പിച്ച് വിനിയോഗിക്കണം.

7.4 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രധാന ചുമതലകളിൽ ഒന്ന് കാർഷിക വായ്പ നൽകലാണ്. ഈ ചുമതല ഫലപ്രദമായി നിറവേറ്റുന്നതിന് സംഘങ്ങൾ തയ്യാറാകണം.

7.5 സാധാരണ ഗതിയിൽ കൃഷി ഭൂമിയുടെ ഉടമസ്ഥർക്കാണ് വായ്പ അനുവദിക്കുക. എന്നാൽ സ്വന്തം കൃഷി ഭൂമിയിലല്ലാതെ കൃഷിയിറക്കുന്ന കർഷകർക്കും ഗ്രൂപ്പുകൾക്കും പ്രാഥമിക കാർഷിക സംഘങ്ങളും സഹകരണ ബാങ്കുകളും വായ്പ അനുവദിക്കണം. എല്ലാ കൃഷിക്കും വായ്പ അനുവദിക്കണം.

7.6 ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഒന്നിലേറെ സഹകരണ ബാങ്കുകൾ ഉണ്ടെങ്കിൽ ഏകോപനം ഉറപ്പാക്കുന്നതിന്, ഒരു ബാങ്കിനെ ലീഡ് ബാങ്കായി കണക്കാക്കുകയും മറ്റ് ബാങ്കുകൾ

അതിനോട് സഹകരിക്കുന്നതുമായ സമീപനം വേണം. ഇങ്ങനെ ബാങ്കുകളുടെ സഹകരണം ഉറപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

7.7 പ്രാഥമിക കാർഷിക സംഘങ്ങളും സഹകരണ ബാങ്കുകളും മറ്റ് ബാങ്കുകളും (കേരള ബാങ്ക്. കേരള ഗ്രാമീൺ ബാങ്ക്, വാണിജ്യ ബാങ്ക് മുതലായവ) പലിശ രഹിത വായ്പയോ കുറഞ്ഞ പലിശയ്ക്കുള്ള വായ്പയോ ലഭ്യമാക്കണം. പലിശനിരക്കിലെ കുറവ് നികത്താൻ നബാർഡിന്റെ സ്കീമുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

8.വിപണനം, സംഭരണം, ഭക്ഷ്യ സംസ്കരണം

8.1 വിപണനത്തിലും വിതരണത്തിലും പ്രാദേശിക സമീപനം സ്വീകരിക്കേണ്ടതാണ്. അതായത് ഓരോ പ്രദേശത്തും വിപണനം ചെയ്യാവുന്നത് അവിടത്തന്നെ വിപണനം ചെയ്യുകയും അധികം വരുന്നത് തദ്ദേശഭരണ സ്ഥാപനതലത്തിലും പിന്നീട് പ്രദേശം വിട്ടുള്ള കമ്പോളത്തിനും നൽകുന്ന സമീപനം സ്വീകരിക്കാവുന്നതാണ്.

8.2 ഓരോ പ്രദേശത്തെയും ഭക്ഷ്യാവശ്യങ്ങൾ അതത് പ്രദേശത്ത് നിന്ന് തന്നെ എന്ന സമീപനത്തിന് ഏറെ പരിസ്ഥിതി പ്രാധാന്യമുണ്ട്. ഭക്ഷണ സാധനങ്ങൾ പ്രത്യേകിച്ചും പെട്ടെന്നു ചീത്തയാകുന്നവ ഏറ്റവും കുറവ് ദൂരം മാത്രം കൊണ്ട് പോകേണ്ടി വരുന്ന സ്ഥിതിയാണ് ഏറ്റവും ഉത്തമം. ഇതിലൂടെ കാർബൺ വാതകങ്ങൾ കൂടുതൽ പുറത്ത് വിടുന്നത് കുറയ്ക്കുകയും കടത്ത് കൂലി കുറയ്ക്കുകയും ചെയ്യാം.

8.3 ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും ആവശ്യാനുസരണം വിപണികേന്ദ്രങ്ങൾ സ്ഥാപിക്കണം

8.4 വിപണനം കഴിഞ്ഞാൽ പണം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് എത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം

8.5 കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ഗ്രാമച്ചന്തകളുടെ നിർമാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കാം.

8.6 ഓരോ പ്രദേശത്തും അധികം വരുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കാനും വിതരണം ചെയ്യാനുമുള്ള ഉത്തരവാദിത്തം ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, ഫാർമർ പ്രൊഡ്യൂസേഴ്സ് സംഘങ്ങൾ, മത്സ്യഫെഡ്, മിൽമ, കൺസ്യൂമർ ഫെഡ്, സപ്ലൈകോ, തുടങ്ങിയ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

8.7 വിപണനത്തിന് ഇക്കോ ഷോപ്പ്, ഫാർമർ റീട്ടെയിൽ ഔട്ട് ലെറ്റുകൾ, കാർഷിക സഹകരണ സ്റ്റോറുകൾ, കുടുംബശ്രീ വിപണന യൂണിറ്റുകൾ, ഗ്രാമീണ ചന്തകൾ എന്നിവയും ഉപയോഗപ്പെടുത്താവുന്നതാണ്.

8.8 ഓരോ പ്രദേശത്തിന്റെയും സാധ്യത അനുസരിച്ചുള്ള വിളകളാണ് അധികമായി ഉത്പാദിപ്പിക്കാൻ കഴിയുക. വിപണനത്തിനായി അവയുടെ ലഭ്യത കർഷകന്/ കൃഷിക്ക് നേതൃത്വം നൽകുന്നവർക്ക് വിപണിയെ അറിയിക്കുവാനും അവ ആവശ്യക്കാർക്ക് ശേഖരിക്കുവാനും കഴിയുന്ന ഒരു ഓൺലൈൻ സംവിധാനം വികസിപ്പിക്കേണ്ടതാണ്.

8.9 പെട്ടെന്ന് വിപണി കണ്ടെത്താൻ കഴിയാത്ത സന്ദർഭത്തിൽ ഭക്ഷ്യ സാധനങ്ങൾ കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള ഉല്പന്ന സംഭരണ കേന്ദ്രങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത വകുപ്പുകളും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും, നഗരസഭകളും പരിശോധിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. സഹകരണ സംഘങ്ങൾക്കും ഇക്കാര്യത്തിൽ

വലിയ സംഭവാന ചെയ്യാൻ കഴിയും. വാടക നൽകി ഉപയോഗിക്കാൻ കഴിയുന്ന സ്വകാര്യമേഖലയിലെ സംഭരണ കേന്ദ്രങ്ങളുടെ സാധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്.

8.10 അധികമായിട്ടുള്ള ഉല്പാദനം സ്ഥിരമായി പ്രാദേശിക തലത്തിൽ തന്നെ വിപണന ത്തിനും സംസ്കരണത്തിനുമായി സംഭരിക്കുന്നതിന് സംവിധാനം ആവിഷ്കരിക്കാ വുന്നതാണ്. വീട്ടു പടിക്കൽ നിന്നും ശേഖരിക്കുന്ന സമ്പ്രദായമാകം ഉചിതം. ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഹോസ്റ്റെഡ് ഗ്രൂപ്പ്/ മാർക്കറ്റിംഗ് ഗ്രൂപ്പ് രൂപീകരിക്കാവുന്നതാണ്. വിൽപ്പനയിലൂടെയുള്ള വരുമാനം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് കാലതാമസമില്ലാതെ ക്രെഡിറ്റ് ചെയ്യുന്നതിന് കഴിയണം.

8.11 കൃഷി, മൃഗ സംരക്ഷണം, ക്ഷീരം, മത്സ്യം എന്നീ മേഖകളിലെ ഉല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനുള്ള വലിയ സംരംഭങ്ങൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്യുന്നതാണ്. ഒപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇത്തരം സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ഇതിന് ഉയർന്ന പരിഗണന നൽകേണ്ടതാണ്. സഹകരണ സ്ഥപനങ്ങളും കുടുംബശ്രീയും ഈ രംഗത്ത് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

9.ഏകോപനവും സംഘടനാ സംവിധാനവും

9.1 സുഭിക്ഷ കേരളം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന പ്രകാരം വിവിധ തലങ്ങളിൽ കമ്മിറ്റികൾ ഉണ്ടായിരിക്കുന്നതാണ്.

(എ) സംസ്ഥാന തലം

9.2 സംസ്ഥാന തലത്തിൽ മന്ത്രിസഭാ ഉപസമിതിയും ഉന്നതതല ഏകോപന സമിതിയും ഉണ്ടായിരിക്കുന്നതാണ്.

(i) മന്ത്രിസഭാ ഉപസമിതി

1	ബഹു.മുഖ്യമന്ത്രി	അദ്ധ്യക്ഷൻ
2	ബഹു.കൃഷി വകുപ്പ് മന്ത്രി	കൺവീനർ
3	ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി	അംഗം
4	ബഹു. മൃഗസംരക്ഷണ-വനം വകുപ്പ് മന്ത്രി	,,
5	ബഹു. ജലവിഭവ വകുപ്പ് മന്ത്രി	,,
6	ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി	,,
7	ബഹു.സഹകരണ വകുപ്പ് മന്ത്രി	,,
8	ബഹു. വ്യവസായ വകുപ്പ് മന്ത്രി	,,

(ii) ഉന്നതതല ഏകോപന സമിതി

1	കാർഷികോല്പാദന കമ്മീഷണർ	ചെയർപേഴ്സൺ
2	വൈസ് ചെയർപേഴ്സൺ , ഹരിത കേരള മിഷൻ	അംഗം
3	മെമ്പർ (കൃഷി), സംസ്ഥാന ആസൂത്രണ ബോർഡ്	,,
4	മെമ്പർ (വികേന്ദ്രീകൃതാസൂത്രണം), സംസ്ഥാന ആസൂത്രണ ബോർഡ്	,,
5	സെക്രട്ടറി, കൃഷി	കൺവീനർ

6	സെക്രട്ടറി (മൃഗസംരക്ഷണം, ക്ഷീര വികസനം)	അംഗം
7	സെക്രട്ടറി, ജലവിഭവം	,,
8	സെക്രട്ടറി (സഹകരണം)	,,
9	പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം)	,,
10	പ്രിൻസിപ്പൽ സെക്രട്ടറി (ആസൂത്രണ - സാമ്പത്തിക കാര്യം)	
11	പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം)	,,
12	പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം- അർബൻ)	,,
13	പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ്	,,

9.3 മന്ത്രിസഭാ ഉപസമിതി സുഭിക്ഷ കേരളം പദ്ധതിയുടെ മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന താണ്. സുഭിക്ഷ കേരളത്തിന്റെ പദ്ധതി അടങ്കലിന് മന്ത്രിസഭാ ഉപസമിതി അന്തിമ രൂപം നൽകുന്നതാണ്.

9.4 വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും ഏകോപനം ഉറപ്പാക്കുക എന്നതാണ് ഏകോപന സമിതിയുടെ മുഖ്യ ചുമതല. യോഗത്തിലേക്ക് ബന്ധപ്പെട്ട വകുപ്പുമേധാവികൾ. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തൊഴിലുറപ്പ് മിഷൻ ഡയറക്ടർ, ചീഫ് (കൃഷി, സംസ്ഥാന ആസൂത്രണ ബോർഡ്), ചീഫ് (വികേന്ദ്രീകൃത ആസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്) എന്നിവരെ കൂടി ക്ഷണിക്കേണ്ടതാണ്.

(ബി) ജില്ലാ തലം

9.5 ജില്ലാതല ഏകോപനവും മോണിറ്ററിങ്ങും ജില്ലാ ആസൂത്രണസമിതി നടത്തേണ്ടതാണ്. ഇത് കൂടാതെ സാങ്കേതിക ഏകോപനം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന പ്രകാരം ഒരു സാങ്കേതിക സമിതിയും ജില്ലാതലത്തിൽ പ്രവർത്തിക്കേണ്ടതാണ്.

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ - കൺവീനർ
2. ജില്ലാ മൃഗസംരക്ഷണ ഓഫീസർ
3. ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീര വികസനം)
4. ഡെപ്യൂട്ടി ഡയറക്ടർ/ അസിസ്റ്റന്റ് ഡയറക്ടർ (ഫിഷറീസ്)
5. ജനറൽ മാനേജർ (ജില്ലാ വ്യവസായ കേന്ദ്രം)
6. ജോയിന്റ് രജിസ്ട്രാർ (സഹകരണം)
7. പ്രൊജക്റ്റ് ഓഫീസർ തൊഴിലുറപ്പ് പദ്ധതി
8. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്

(സി) പ്രാദേശിക തലം

9.6 പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ചുവടെ പറയും പ്രകാരം ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ട താണ്.

1	തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രസിഡൻറ്/ ചെയർപേഴ്സൺ/മേയർ	-	ചെയർപേഴ്സൺ
2	വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	-	കോ-ചെയർപേഴ്സൺ
3	സഹകരണ ബാങ്ക് പ്രസിഡന്റ് (ഒന്നിലധികം പ്രൈമറി സഹകരണ ബാങ്കുകൾ ഉണ്ടെങ്കിൽ അവയുടെ പ്രസിഡന്റുമാർ)	-	,,
4	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ		അംഗങ്ങൾ
5	സ്ഥലം എം.എൽ.എ / എം.എൽ.എയുടെ പ്രതിനിധി	-	അംഗം
6	കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ(മാർ)	-	,,
7	ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ	-	അംഗം
8	കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, വ്യവസായം മേഖലകളിലെ നിർവഹണ ഉദ്യോഗസ്ഥർ	-	അംഗങ്ങൾ
9	പ്രദേശത്തെ ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് അംഗങ്ങൾ	-	,,
10	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രാമപഞ്ചായത്തുകളിൽ)	-	അംഗം
11	ലീഡ് ഫാർമർ (Agri/AH/Dairy/Fisheries) - ഒരാൾ വീതം	-	,,
12	മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നു ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	-	,,
13	തൊഴിലുറപ്പ് എഞ്ചിനീയർ	-	,,
14	തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറി	-	,,

കമ്മിറ്റിയുടെ കൺവീനർ കൃഷി മേഖലയുടെ നിർവ്വഹണ ഉദ്യോഗസ്ഥനും ജോയിന്റ് കൺവീനർ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയും നഗരസഭകളിൽ സെക്രട്ടറിയുമായിരിക്കും.

9.7 വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശ ഭരണസ്ഥാപനതലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപിപ്പിക്കുക എന്നതാണ് തദ്ദേശഭരണസ്ഥാപനതല സമിതിയുടെ മുഖ്യ ചുമതല. നിർവഹണത്തിലെ ഏകോ പനവും ഈ സമിതി ഉറപ്പാക്കണം. നിരീക്ഷണ സമിതി ആയും പ്രവർത്തിക്കേണ്ടതാണ്.

(ഡി) വാർഡ് തലം

9.8 വാർഡ് തലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിട്ടർ ചെയ്യുന്ന തിനുമായി താഴെ പറയുന്ന പ്രകാരം വാർഡ് തല സമിതി ഉണ്ടാകേണ്ടതാണ്.

1	വാർഡ് മെമ്പർ	-	അദ്ധ്യക്ഷൻ
2	എ.ഡി.എസ്. ചെയർപേഴ്സൺ	-	അംഗം
3	സഹകരണ സംഘത്തിന്റെ പ്രതിനിധി	-	,,
4	കർഷക സ്വയംസഹായ സംഘങ്ങളുടെ/ കുടുംബശ്രീ ജെ.എൽ.ജികളുടെ പ്രതിനിധി	-	,,

5 കൃഷി ഓഫീസറുടെ പ്രതിനിധി /തദ്ദേശഭരണ സ്ഥാപനം നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ - കൺവീനർ

10. ഉപസംഹാരം

10.1 ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ ഇടപെടലുകളും കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ഉപഭോക്താക്കളെയും മുൻനിർത്തിയുള്ളതാകണം. കൃഷിയിലേർപ്പെടുന്നവർക്ക് സ്ഥായിയായ വരുമാനം ഉറപ്പാക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്തുകയാണ് ലക്ഷ്യം. എങ്കിൽ മാത്രമേ ഭക്ഷ്യോത്പാദന പരിപാടിയുടെ തുടർച്ചയായ നിലനിൽപ്പ് ഉറപ്പാക്കാൻ കഴിയൂ. ഈ പദ്ധതിപ്രകാരം കൃഷിയിലേയ്ക്കു കടന്നുവരുന്നവർക്ക് നല്ലനിലയ്ക്കുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകാനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിന്റെ വകുപ്പുകളും ഏറ്റെടുക്കേണ്ടതാണ്.

10.2 കേരളത്തിന്റെ ഫലഭൂയിഷ്ടമായ ഭൂമിയും, അധ്വാനശക്തിയും, മൂലധനവും. കാർഷികോ ത്പാദനത്തിൽ നിന്നും അകന്നുപോകുന്ന പ്രവണതയാണ് കഴിഞ്ഞ അര നൂറ്റാണ്ടു കാലം കേരളത്തിൽ ഉണ്ടായത്. കഴിഞ്ഞ നാലുവർഷം ഈ പ്രവണതയ്ക്കെതിരെ ശക്തമായ നീക്കമാണ് സർക്കാർ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും നട ത്തിയത്. ഭൂമിയെ കാർഷികോത്പാദനത്തിലേക്കു തിരികെ കൊണ്ടുവരാൻ ഇപ്പോൾ ലഭിച്ചിരിക്കുന്ന അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്തി ഭക്ഷ്യ സുരക്ഷ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കൂട്ടായ ശ്രമം ഉണ്ടാകണം.

****

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം അനുവദിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾ 2020-21-ൽ സ്പിൽ ഓവർ പ്രൊജെക്ടുകളായി നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1219/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/06/2020

പരാമർശം:- 1 12.12.2019 -ലെ സ.ഉ.(സാധാ) നം.9823/2019/ധന

2 03.12.2019 -ലെ സ.ഉ (കൈ) നം. 170/2019/ത.സ്വ.ഭ.വ

3 17.02.2020 -ലെ സ.ഉ.(സാധാ) നം.400/2020/ ത.സ്വ.ഭ.വ

4 19.02.2020-ലെ സ.ഉ.(സാധാ) നം.1381/2020/ധന

ഉത്തരവ്

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക വിഹിതം നൽകുന്നതിനുവേണ്ടി 2019-20-ലെ സംസ്ഥാന ബജറ്റിൽ വികസനഫണ്ട് വിഹിതത്തിൽ നിന്നും 250 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക പരാമർശം 1, 4 ഉത്തരവുകൾ പ്രകാരം അർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകുകയുണ്ടായി.

2. പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരാമർശം 2, 3 പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് തുക അനുവദിച്ചത് എന്നതിനാലും കോവിഡ് മഹാവ്യാധിയെ തുടർന്ന് മാർച്ച് പകുതിയോടെ ലോക് ഡൗൺ പ്രഖ്യാപിച്ചതിനാലും പ്രോജക്ടുകളുടെ അംഗീകാര നടപടികൾ പൂർത്തിയാക്കി നിർവഹണം നടത്തുന്നതിനും തുക വിനിയോഗി ക്കുന്നതിനും കഴിഞ്ഞിരുന്നില്ലെന്ന കാര്യം തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് .

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം അനുവദിച്ച പ്രത്യേക വിഹിതം വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ഏറ്റെടുത്തതും നിർവഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകൾ 2020-21-ൽ സ്പിൽ ഓവർ പ്രജക്ടുകളായി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനു വേണ്ട വിഹിതം 2020-21-ലെ ബജറ്റ് വിഹിതത്തിനു ഉപരിയായി അനുവദിക്കുന്നതാണ്. 2019-20-ൽ അനുവദിച്ച വിഹിതത്തിൽ നിന്നും മാർച്ച് 31 വരെ ചെലവഴിച്ചത് കഴിച്ചുള്ള ബാക്കി തുക എന്ന പരിധിക്ക് വിധേയമായിട്ടായിരിക്കും അധിക തുക

അനുവദിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും മേയർമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികസനഫണ്ട് വിഹിതം പുതുക്കിയതിന് അനുസൃതമായി 2020-21 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.104/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/07/2020

പരാമർശം:- 1 29.01.2018-ലെ സ.ഉ.(കൈ)നം.11/2018/തസ്വഭവ

2 02.02.2018-ലെ സ.ഉ.(കൈ)നം.17/2018/തസ്വഭവ

3 05.12.2019-ലെ സ.ഉ.(കൈ)നം.157/2019/തസ്വഭവ

4 31.03.2020-ലെ സ.ഉ(കൈ)നം.59/2020/തസ്വഭവ

5 31.03.2020-ലെ സ.ഉ.(സാധാ)നം.724/2020/തസ്വഭവ

6 11.04.2020-ലെ സ.ഉ.(കൈ)നം.62/2020/തസ്വഭവ

7 29.04.2020-ലെ സ.ഉ.(സാധാ)നം.794/2020/തസ്വഭവ

8 20.05.2020-ലെ സ.ഉ.(സാധാ)നം.928/2020/തസ്വഭവ

9 29.05.2020-ലെ സ.ഉ.(സാധാ)നം.1009/2020/തസ്വഭവ

10 22.06.2020-ലെ സ.ഉ.(സാധാ)നം. 1219/2020/തസ്വഭവ

11 29.06.2020-ലെ സ.ഉ.(അച്ചടി)നം. 87/2020/ധന

12 30.06.2020-ലെ സ.ഉ.(കൈ)നം.103/2020/തസ്വഭവ

ഉത്തരവ്

പരാമർശം (3) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2020-21 വർഷത്തെ വികസന പദ്ധതികൾ കാലേക്കൂട്ടി തയ്യാറാക്കി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവഹണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തെ അടിസ്ഥാനമാക്കിയാണ് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (11) പ്രകാരം വികസനഫണ്ട് വിഹിതം പുനഃക്രമീകരിച്ചതിനാൽ പുതുക്കിയ വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതുണ്ട്. മാത്രമല്ല, ലഭ്യമാകാവുന്ന വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിക്കൊണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതുണ്ട്. അതുപോലെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരമാർശം 4, 6 എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും വേണം.

2. ഈ സാഹചര്യത്തിൽ 2020-21 വാർഷിക പദ്ധതി പരിഷ്കരിച്ച് അന്തിമമാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2.1 പരാമർശം 11 പ്രകാരം വികസനഫണ്ട് വിഹിതം പുനക്രമീകരിച്ചതിനെ തുടർന്ന് ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടേയും പൊതുവിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിലും ധനകാര്യ കമ്മീഷൻ ഗ്രാന്റിലും മാറ്റമുണ്ടായിട്ടുണ്ട്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് പുതുതായി അനുവദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സാധാരണ വിഹിതത്തിൽ മാറ്റമുണ്ടാകുകയും ചെയ്തിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പട്ടികജാതി ഉപപദ്ധതി വിഹിതത്തിലും പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതത്തിലും മാറ്റമില്ല.

2.2 വികസന ഫണ്ട് വിഹിതത്തിലെ മേൽപ്പറഞ്ഞ മാറ്റങ്ങൾക്ക് അനുസൃതമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവയുടെ 2020-21 വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകളും അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത പ്രോജക്ടുകളും ഉൾപ്പെടുത്തി വേണം വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടത്. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിലെ ഓരോ വിഭാഗത്തിലേയും 2020-21-ലെ യഥാർത്ഥ വിഹിതത്തിനൊപ്പം ആ വിഭാഗത്തിലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ലഭ്യമാകാവുന്ന അധിക വിഹിതം കൂട്ടിച്ചേർത്തു കൊണ്ടുള്ള ആകെ തുകയിൽ ആ വിഭാഗത്തിലെ പ്രോജക്ടുകൾ പരിമിതപ്പെടുത്തണം.

2.3 വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിലെ സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിക്കാവുന്ന അധിക തുക:-

i. സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിക്കാവുന്ന പരമാവധി അധിക തുക എത്രയെന്ന് കണക്കാക്കുന്നതിന് പരാമർശം 5, 10 എന്നീ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിക്കേണ്ടതാണ്.

ii. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിലെ ഓരോ വിഭാഗത്തിലും 2020 മാർച്ച് 31-ലെ യഥാർത്ഥ ചെലവിനൊപ്പം ഏപ്രിൽ 18 വരെയുള്ള പെന്റിംഗ് ബിൽ തുക കൂട്ടിയാൽ ലഭിക്കുന്ന തുകയോ ചുവടെ പ്രതിപാദിക്കുന്ന പരിധിയോ ഇവയിൽ ഏതാണോ കൂടുതൽ അത് അധിക തുകയായി അനുവദിക്കുമെന്നാണ് പരമാർശം 5 പ്രകാരം വ്യക്തമാക്കിയിട്ടുള്ളത്.

- ഗ്രാമപഞ്ചായത്തുകൾ : 2019-20-ലെ ബജറ്റ് വിഹിതത്തിന്റെ 25 ശതമാനം
- ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2019-20-ലെ ബജറ്റ് വിഹിത ത്തിന്റെ 30 ശതമാനം
- ജില്ലാ പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ: 2019-20-ലെ ബജറ്റ് വിഹിതത്തിന്റെ 35 ശതമാനം

iii. 2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും 2019-20-ൽ ലഭിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളുടെ സ്പിൽ ഓവർ ബാധ്യത 2020-21-ൽ അധികം അനുവദിക്കുമെന്ന് പരാമർശം 10 പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ ഇപ്രകാരം ലഭിക്കാവുന്ന തുക കൂടി മുൻ ഖണ്ഡിക പ്രകാരം കണക്കാക്കുന്ന അധിക വഹിതത്തിനൊപ്പം ഉൾപ്പെടുത്താവുന്നതാണ്.

iv. മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ലഭ്യമാകാവുന്ന അധിക വിഹിതത്തിൽ കൂടുതൽ സ്പിൽ ഓവർ ബാധ്യതയുണ്ടെങ്കിൽ, ലഭ്യമാകാവുന്ന അധിക വിഹിതത്തിൽ കൂടുതലുള്ള സ്പിൽ ഓവർ ബാധ്യത 2020-21-ലെ വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. അതിനനുസൃതമായി പുതിയ പ്രോജക്ടുകൾ ക്രമപ്പെടുത്തണം.

v. പതിനഞ്ചാം ധനകാര്യ കമ്മീഷൻ, ആറ് കോർറേഷനുകൾക്കും മലപ്പുറം മുനിസി പ്പാലിറ്റിക്കും അടിസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല. എന്നിരുന്നാലും ഈ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ, പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാന ഗ്രാന്റ് / പെർഫോർമൻസ്

ഗ്രാന്റ്) വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളിൽ സ്പിൽ ഓവർ ആയവ പൂർത്തിയാക്കുന്നതിന് ലഭിക്കാവുന്ന അധികവിഹിതം തൽക്കാലം അടിസ്ഥാന ഗ്രാന്റ് വിഭാഗത്തിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ്. നടപ്പുവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ആറ് കോർപ്പറേഷനുകൾക്കും മലപ്പുറം മുനിസിപ്പാലിറ്റിക്കും ഇതിനകം വിതരണം ചെയ്ത തുക, ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിക്കാവുന്ന അധികതുകയുടെ ആദ്യ ഗഡുവായി പരിഗണിക്കേണ്ടതാണ്. അധിക വിഹിതമായി ലഭിക്കാവുന്ന തുകയിൽ കൂടുതലുള്ള സ്പിൽ ഓവർ ബാധ്യത പൊതു വിഭാഗത്തിലെ സാധാരണ വിഹിതത്തിൽ ഉൾപ്പെടുത്തണം

vi. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതിയിലെ (2019-20), ഭൗതികവും സാമ്പത്തികവുമായി നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകളെ സ്പിൽഓവർ പ്രോജക്ടുകളായി നിശ്ചയിക്കാവുന്നതാണ്.

2.4 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്ന എല്ലാ പ്രോജക്ടുകളും അവയുടെ വിനിയോഗം സംബന്ധിച്ച് പരാമർശം 12 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കണം. ഒപ്പം, പരാമർശം 12-ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതിയും തയ്യാറേക്കേണ്ടതാണ്.

2.5 വാർഷിക പദ്ധതി ഈ രീതിയിൽ പരിഷ്കരിക്കുന്നതിനൊപ്പം പരാമർശം 4, 6 എന്നിവ പ്രകാരം അടിയന്തിര സ്വഭാവത്തിൽ ഏറ്റെത്ത പ്രോജക്ടുകളും (ജി.ഒ. പ്രോജക്ടുകളും) പരാമർശം 6 ന്റെ ഖണ്ഡിക 7.2 പ്രകാരം കാർഷിക മേഖലയിൽ ഏറ്റെടുത്ത പ്രത്യേക പ്രോജക്ടുകളും (special projects) മുൻവർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2020-21 ലെ വിഹിതവും ഓരോ വിഭാഗത്തിലും ലഭ്യമാകാവുന്ന ആകെ വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2.6 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നിർവഹണം ആരംഭിക്കാത്ത പ്രോജക്ടുകൾ ഉപേക്ഷിക്കുകയോ, പ്രോജക്ടുകളുടെ അടങ്കൽ തുകയിൽ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്. ആവശ്യമെങ്കിൽ പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ ഒരു വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രോജക്ട് മറ്റൊരു വിഭാഗത്തിലേയ്ക്ക്, ആ വിഭാഗം ഫണ്ടിന്റെ മാർഗ്ഗരേഖ അനുസരിച്ച് അനുവദനീയമാണെങ്കിൽ, മാറ്റി ഉൾപ്പെടുത്താവുന്നതുമാണ്.

2.7 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് പൂർണ്ണമായും ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് വിനിയോഗിക്കണമെന്ന് നിബന്ധനയുള്ളതിനാൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 10 ശതമാനത്തിൽ കുറയാതയും നഗരസഭകൾ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 15 ശതമാനത്തിൽ കുറയാതെയും മാലന്യ സംസ്കരണത്തിനും ജല സംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിത കേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നുള്ള പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 5.4.1 (4)-ലെ നിബന്ധന ഒഴിവാക്കുന്നു.

2.8 2019-20 വാർഷിക പദ്ധതി പരിഷ്ക്കരിക്കുന്നതിനുള്ള പ്രാഥമിക അനുമതി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും 2020 മാർച്ച് ആദ്യം വാങ്ങിയെങ്കിലും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഭേദഗതി സംബന്ധമായ നടപടിക്രമങ്ങൾ മാർച്ച് 31-ന് മുൻപ് പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. അത്തരം തദ്ദേശ ഭരണ സ്ഥാപങ്ങൾക്ക് തുടങ്ങി വച്ച ഭേദഗതി നടപടികൾ ഇപ്പോൾ പൂർത്തിയാക്കാവുന്നതും അതനുസരിച്ച് വാർഷിക പദ്ധതി ക്രമപ്പെടുത്തി സ്പിൽ ഓവർ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതുമാണ്. വെറ്റിംഗ് നടത്തി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

2.9 2020-21-ലെ പരിഷ്കരിച്ച വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയ ശേഷം പ്രോജക്ടുകളുടെ വെറ്റിംഗ് നടപടികൾ പൂർത്തിയാക്കിയാൽ മതിയാകും.

2.10 ഈ ഉത്തരവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി 2020 ജൂലൈ 10-നകം പരിഷ്കരിച്ച വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
13. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
14. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
15. എല്ലാ നഗര കാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2020-21 വാർഷിക പദ്ധതി - കോവിഡ് പ്രതിരോധത്തിന്റെ മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തിര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1382/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/07/2020

പരാമർശം:- 1 16/07/2020ലെ സ.ഉ.(സാധാ)നം. 1364/2020/തസ്വഭവ

ഉത്തരവ്

കോവിഡ് 19-ന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വ പരമായ പങ്കാണ് നിർവഹിക്കുന്നത്. പ്രാദേശിക തലത്തിൽ സൗകര്യങ്ങളും ഏകോപനവും ഉറപ്പു വരുത്തുന്നതിലും തങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ സ്തുത്യർഹമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. രോഗ പ്രതിരോധ പ്രവർത്തനത്തിന്റേയും 'ബ്രേക്ക് ദി ചെയിൻ' കാമ്പയിന്റെയും മൂന്നാം ഘട്ടത്തി ലേയ്ക്ക് കടക്കുന്ന ഈ അവസരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടപ്പാ ക്കുന്ന പ്രവർത്തനങ്ങൾക്ക് അധിക വിഹിതം ലഭ്യമാക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു. അതോടൊപ്പം പ്രോജക്ടുകളുടെ സുഗമമായ നിർവഹണം സാധ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതുണ്ടെന്നും സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. അടിയന്തിര പ്രാധാന്യത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി

2.1 ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

i. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC) സ്ഥാപിക്കുകയും അതിന്റെ പരിപാലനവുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ - മരാമത്ത് പ്രവൃത്തികൾ, സാധന-സാമഗ്രികൾ വാങ്ങൽ, മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, താൽക്കാലികമായി നിയോഗിക്കുന്നവർക്ക് വേതനം നൽകൽ, ഭക്ഷണം ലഭ്യമാക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി ഇത്തരം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ (എന്നാൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനും ഉള്ള ചുമതല ഏതെങ്കിലും ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിനോട് അനുബന്ധിച്ചാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നൽകുന്നതെങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്).

ii. കോവിഡ് കെയർ സെന്ററുകൾ (CCC), ഇൻസ്റ്റിട്യൂഷണൽ ക്വാറന്റയിൻ സെന്ററുകൾ (IQC) മുതലായ കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിപാലിക്കൽ

iii. ശുചീകരണ പ്രവർത്തനങ്ങൾ, പൊതു സ്ഥലങ്ങൾ അണുവിമുക്തമാക്കൽ തുടങ്ങിയവ

iv. കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പ്

v. വാർഡ്തല സമിതികളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ (വിവര -വിനിമയ-വിജ്ഞാന പ്രവർത്തനങ്ങൾ, ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ പ്രവർത്തനങ്ങൾ തുടങ്ങിയവ)

vi. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തങ്ങൾ (കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ താമസത്തിനും യാത്രക്കും ഉള്ള ചെലവുകൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താൽക്കാലികമായി നിയോഗിക്കുന്നവർക്കുള്ള വേതനം തുടങ്ങിയവ)

vii. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ (മരുന്നുകൾ വാങ്ങൽ, ഉപകരണങ്ങൾ വാങ്ങൽ മുതലായവ). കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപങ്ങൾക്ക് മരുന്നുകളും ഉപകരണങ്ങളും ആവശ്യമായി വരികയാണെങ്കിൽ അവ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ഈ മാർഗരേഖ പ്രകാരം ബന്ധപ്പെട്ട ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്നതാണ്.

viii. സർക്കാർ നിർദേശ പ്രകാരം കോവിഡ് പ്രതിരോധവമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ടി വരുന്ന മറ്റു പ്രവർത്തനങ്ങൾ

2.2 ഭരണസമിതി യോഗം ചേർന്ന് പ്രോജക്ടുകൾ സംബന്ധിച്ച തീരുമാനം എടുക്കേണ്ടതാണ്. കണ്ടെയിന്റ്മെന്റ് സോണുകൾ ഉൾപ്പെടെ യോഗങ്ങൾ ചേരുന്നതിന് നിയന്ത്രണം ഉള്ള സ്ഥലങ്ങളിൽ സ്റ്റിയറിംഗ് കമ്മിറ്റി വിളിച്ചുചേർത്ത് തീരുമാനങ്ങൾ എടുക്കാവുന്നതാണ്. എന്നാൽ തുടർന്ന് ഈ തീരുമാനങ്ങൾ ആദ്യം ചേരുന്ന ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ഓൺലൈൻ ആയും യോഗങ്ങൾ ചേരാവുന്നതാണ്.

2.3 പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിലെ 'അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ' (Special Projects) എന്ന സൗകര്യം ഉപയോഗിക്കാവുന്നതാണ്. പ്രോജക്ടുകൾക്ക് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട്, സംഭാവന എന്നീ സ്രോതസ്സുകളിലെ ഫണ്ടുകൾ വകയിരുത്താവുന്നതാണ്. പൊതുവിഭാഗം സാധാരണ വിഹിതത്തിൽ ഇപ്പോൾ ലഭ്യമായ ഫണ്ടിന് ഉപരിയായി (വാലിഡേഷന് പുറത്ത്) കോവിഡ് പ്രതിരോധനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

2.4 കഴിവതും ഖണ്ഡിക 2.1 ൽ പ്രതിപാദിച്ചിട്ടുള്ള ഓരോ ഇനത്തിനും ഉള്ളിൽ വരുന്ന എല്ലാപ്രവർത്തനങ്ങളും ചേർന്ന് ഒറ്റ പ്രോജക്ടായി തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ അത് പ്രത്യേകം പ്രോജക്ടായി തയ്യാറാക്കാവുന്നതാണ്. പ്രോജക്ടുകളുടെ പേരിനൊപ്പം 'കോവിഡ് പ്രതിരോധപ്രവർത്തനം' എന്നു കൂടി ചേർക്കേണ്ടതാണ്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നിർബന്ധിത ഇനങ്ങൾ (Mandatory fields) മാത്രം പൂരിപ്പിച്ചാൽ മതിയാകും. മറ്റുള്ളവ പൂരിപ്പിക്കണമെന്ന് നിർബന്ധമില്ല. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് നിർബന്ധിത ഇനങ്ങൾ സോഫ്റ്റ് വെയറിൽ പരമാവധി ചുരുക്കിയിട്ടുണ്ട്.

2.5 ജില്ലാ ആസൂത്രണസമിതിയുടെ മുൻകൂർ അനുമതി ഇല്ലാതെ തന്നെ താഴെപ്പറയും പ്രകാരം പ്രോജക്ടുകളുടെ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. കോവിഡ് രോഗബാധയുമായി ബന്ധപ്പെട്ട സാഹചര്യം മെച്ചപ്പെടുമ്പോൾ, ഈ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് നടപടി ഉത്തരവിന്റെ (DPC Proceedings) ഭാഗമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

2.6. പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. ഖണ്ഡിക 2.1 ലെ (i)

മുതൽ (vi) വരെയുള്ള പ്രവർത്തനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ആയിരിക്കും. നഗരസഭകളിൽ നിർവഹണ ഉദ്യോഗസ്ഥൻ ഹെൽത്ത് ഓഫീസർ/ ഹെൽത്ത് ഇൻസ്പെക്ടർ/ സെക്രട്ടറിയും, വെറ്റിംഗ് ഓഫീസർ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറും ആയിരിക്കും. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട ബ്ലോക്ക് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആയിരിക്കും. ജില്ലാ പഞ്ചായത്തിൽ യഥാക്രമം സെക്രട്ടറിയും പഞ്ചായത്ത് ഡയറക്ടറും ആയിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിലേക്ക് കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസറും, ഇതുമായി ബന്ധപ്പെട്ട് നിർമ്മാണപ്രവൃത്തികൾ ആവശ്യമായി വരികയാണെങ്കിൽ അതിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട എഞ്ചിനീയറും ആയിരിക്കും.

2.7 സാങ്കേതികാനുമതി ആവശ്യമായ പ്രവൃത്തികൾ പ്രത്യേക പ്രോജക്ടായി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് ഓൺലൈനായി വെറ്റിംഗ് ഓഫീസർക്ക് അയച്ച് സാങ്കേതികാനുമതി വാങ്ങാവുന്നതാണ്. പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടില്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വെറ്റിംഗ് ഓഫീസറിൽ നിന്നും സോഫ്റ്റ് വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി വാങ്ങാവുന്നതാണ്.

2.8 പ്രോജക്ടുകൾ സാഹചര്യം ആവശ്യപ്പെടുന്നതനുസരിച്ച് ഭേദഗതി ചെയ്യാവുന്നതും, വെറ്റിംഗ് ഓഫീസറിൽ നിന്നും പുതുക്കിയ അനുമതി വാങ്ങാവുന്നതുമാണ്. ഭേദഗതി ചെയ്യുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല.

2.9 വെറ്റിംഗ് ഓഫീസർമാർ പ്രോജക്ടുകളുടെ അംഗീകാര നടപടികൾ 24 മണിക്കൂറിനകം പൂർത്തിയാക്കി നൽകേണ്ടതാണ്.

2.10 കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രോജക്ടുകൾ മാത്രമേ ഈ മാർഗരേഖ അനുവദിക്കുന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇക്കാര്യം സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

3. അധിക വിഹിതം

3.1 ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഉണ്ടാകുന്ന യഥാർത്ഥ ചെലവുകൾക്കുള്ള തുക സർക്കാർ പിന്നീട് പ്രത്യേകം അനുവദിക്കുന്നതാണ്. ഇതിന് താഴെപ്പറയുന്ന രീതി അവലംബിക്കുന്നതാണ്.

3.2 ആദ്യം പൊതുവിഭാഗം സാധാരണ ഫണ്ടിന്റെ (Normal Share under General Sector fund) നടപ്പുവർഷത്തെ ബജറ്റ് വിഹിതം ഉപയോഗിച്ച് ബില്ലുകൾ മാറി നൽകണം. ഒപ്പം, തനത് ഫണ്ടും സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകയും വിനിയോഗിക്കാവുന്നതാണ്. തുടർന്ന്, ഇങ്ങനെ ചെലവഴിക്കുന്ന തുകയിൽ, സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ ഫണ്ടിൽ (എസ്.ഡി.ആർ.എഫ്) നിന്നും അനുവദനീയമായ പ്രോജക്ടുകൾക്കുള്ള തുക പ്രസ്തുത ഫണ്ടിൽ നിന്നും റീ ഇംബേഴ്സ്മെന്റ് ആയി നൽകുന്നതാണ്. എസ്.ഡി.ആർ.എഫിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ രേഖകളും മറ്റ് വിശദാംശങ്ങളും ഉൾപ്പെടെ ഇതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. എസ്.ഡി.ആർ.എഫ്- ൽ അനുവദനീയമായ ഇനങ്ങൾ ഏതൊക്കെയെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നതും സംബന്ധിച്ച സർക്കുലർ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിക്കുന്ന താണ്. വികസനഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് കഴിയുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ (എസ്.ഡി.ആർ.എഫ്) നിന്നും അനുവദിക്കുന്ന തുകയ്ക്കും സംഭാവന ഇനത്തിൽ ചെലവഴിക്കുന്ന തുകയ്ക്കും ഉപരിയായി വരുന്ന തുക അധിക വിഹിതമായി അനുവദിക്കുന്നതാണ്.

3.3 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകയും എസ്. ഡി.ആർ.എഫ്-ൽ നിന്നും ലഭിക്കുന്ന തുകയും നിക്ഷേപിച്ച് വിനിയോഗിക്കുന്നതിന് ഗ്രാമ പഞ്ചായത്ത്

/നഗരസഭാ സെക്രട്ടറിയുടെ പേരിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനും ഉള്ള ചുമതല ഏതെങ്കിലും ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിനോട് അനുബന്ധിച്ചാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നൽകുന്നതെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിനും ഇത്തരത്തിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കാവുന്നതാണ്.

3.5 സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ ഫണ്ടിൽ നിന്നും റീ ഇംബേഴ്സ്മെന്റ് ആയി അനുവദിക്കുന്ന തുകയും, പൊതുവിഭാഗം സാധാരണ വിഹിതത്തിൽ അനുവദിക്കുന്ന അധിക തുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് വികസന പ്രോജക്ടുകൾക്ക് ഉപയോഗിക്കാവുന്നതാണ്. ഈ രീതിയിൽ അധിക തുക ലഭിക്കുമ്പോൾ നിലവിലുള്ള പ്രോജക്ടുകളുടെ ഫണ്ട് സ്രോതസ്സ് മാറ്റി ഉൾപ്പെടുത്തുന്നതിനുള്ള അനുവാദം നൽകുന്നതാണ്.

3.6 കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി എസ്.ഡി.ആർ.എഫിൽ നിന്നും അഡ്വാൻസ് ആയി തുക ലഭിക്കുകയാണെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. ഈ തുക തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി പദ്ധതിയുടെ ഭാഗമാക്കേണ്ടതില്ല. പരാമർശത്തിലെ ഉത്തരവ് പ്രകാരം കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ നടത്തിപ്പിന് രൂപീകരിക്കുന്ന മാനേജ്മെന്റ് കമ്മിറ്റി തീരുമാന പ്രകാരം, എസ്.ഡി.ആർ.എഫ് ന്റെ മാർഗ്ഗരേഖ അനുസരിച്ച് അനുവദനീയമായ ആവശ്യങ്ങൾക്ക് ഈ തുക വിനിയോഗിക്കാവുന്നതും വിനിയോഗത്തിന്റെ വിശദാംശങ്ങൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (ഡി.ഡി.എം.എ) ആവശ്യപ്പെടുന്ന രേഖകൾ സഹിതം, ഡി.ഡി.എം.എക്ക് നൽകേണ്ടതുമാണ്.

3.7 കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ നടത്തിപ്പിനായി രൂപികരിക്കുന്ന മാനേജ്മെന്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷന്റേയും നോഡൽ ഓഫീസറുടേയും പേരിൽ ആരംഭിക്കുന്ന സംയുക്ത ബാങ്ക് അക്കൗണ്ട്, തദ്ദേശഭരണസ്ഥാപനത്തിൽ നിന്നോ എസ്.ഡി.ആർ.എഫിൽ നിന്നോ അഡ്വാൻസ് ആയി ലഭിക്കുന്ന തുക നിക്ഷേപിച്ച് വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക ഖണ്ഡിക 3.4 പ്രകാരം ആരംഭിക്കുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇതിനകം ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള സംഭാവന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റേണ്ടതില്ല. അത് മാനേജ്മെന്റ് കമ്മിറ്റി തീരുമാന പ്രകാരം വിനിയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
6. എല്ലാ ജില്ലാകളക്ടർമാർക്കും
7. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
8. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
9. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

11. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
14. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
15. ധനകാര്യ വകുപ്പ് (20.07.2020-ലെ ധനകാര്യ വകുപ്പിന്റെ കുറിപ്പ്)

16. ദുരന്ത നിവാരണ വകുപ്പ്
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (മേൽ ഉത്തരവിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്.)
18. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികൾ - 'പൊതു ടോയ് ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും' പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നവീകരണവും നിർമ്മാണവും സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.1401/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/07/2020

പരാമർശം:- 1 സ.ഉ.(കൈ)നം.39/2020/ത.സ്വ.ഭ.വ തീയതി 20.02.2020.

2 സ.ഉ.(കൈ)നം.45/2020/ത.സ്വ.ഭ.വ. തീയതി 06.03.2020.

ഉത്തരവ്

പരാമർശം (1) & (2) ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള 12,000 ജോഡി പൊതുശുചിമുറികളും "ടേക്ക് എ ബ്രേക്ക്" വിശ്രമ കേന്ദ്രങ്ങളും, പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശസ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാൻറ് / ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി അനുബന്ധമായി ചേർത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ, മുഖേന)
എല്ലാ ജില്ലാതല വകുപ്പ് മേധാവികൾക്കും (ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (A&E)കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (G&SSA/E&RSA)കേരള, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.08.04 14:56:46 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

അനുബന്ധം

ടേക്ക് എ ബ്രേക്ക് - പൊതു ശുചിമുറികളുടെ നവീകരണവും നിർമ്മാണവും - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

I. സമഗ്ര ലക്ഷ്യം

- ഓരോ ഗ്രാമപഞ്ചായത്തിലും ഉയർന്ന നിലവാരമുള്ള രണ്ട് പൊതുശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക. (ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന / ദേശീയപാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ് / ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ ഒന്നും)

- ഓരോ മുനിസിപ്പാലിറ്റിയിലും ഉയർന്ന നിലവാരമുള്ള അഞ്ച് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക. (മുനിസിപ്പൽ ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന / ദേശീയപാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ് / ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ നാലും)

- ഓരോ മുനിസിപ്പൽ കോർപ്പറേഷനിലും ഉയർന്ന നിലവാരമുള്ള എട്ട് ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക. (കോർപ്പറേഷൻ ഓഫീസ് പരിസരത്ത് ഒന്നും സംസ്ഥാന / ദേശീയപാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ് / ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ ഏഴും)

- സ്ഥലമുള്ളയിടങ്ങളിൽ ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം കോഫിഷോപ്പ് /റിഫ്രഷ്മെൻറ് സെൻററുകൾ കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

II. നടപ്പാക്കൽ സമീപനം

എ) നിലവിലുള്ള പൊതു ശുചിമുറി കളുടെ നവീകരണം

- ശുചിമുറികൾ പുതുക്കിപ്പണിയുന്നതിനോ പുതിയ നിർമ്മാണത്തിനായോ ഉള്ള പദ്ധതികൾ 2020-2021 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലെങ്കിൽ തനത് ഫണ്ട് , MLA SDF / ADS എന്നിവ ഉപയോഗിച്ചോ ഏറ്റെടുക്കാവുന്നതാണ്.

- നിലവിലുള്ള പൊതുശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർനിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുക എന്നതിനാണ് പ്രഥമ പരിഗണന. ചുവടെ പറയും പ്രകാരം നവീകരണത്തിന് മുൻഗണന

നൽകാവുന്നതാണ്.

a. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ ഓഫീസ് പരിസരത്ത് നിർദ്ദിഷ്ട സ്ഥലങ്ങളിൽ നിലവിലുള്ള ശുചിമുറികൾ

b. ബസ് സ്റ്റാൻറ് അല്ലെങ്കിൽ ബസ് സ്റ്റോപ്പ് എന്നിവിടങ്ങളിൽ നിലവിലുള്ള ശുചിമുറികൾ

c. പ്രധാന വാണിജ്യ കേന്ദ്രങ്ങളിൽ / പൊതുചന്തകളിലുള്ള ശുചിമുറികൾ എന്നിവ നവീകരിക്കുക

- നവീകരണ പ്രവർത്തനങ്ങൾ (ചെറിയ നവീകരണങ്ങൾ മുതൽ പുതിയ സ്ഥലം ഏറ്റെടുക്കൽ ആവശ്യമില്ലാത്ത പൂർണമായ നവീകരണങ്ങൾ വരെ) അടിയന്തിരമായി മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്ത് ചെയ്യേണ്ടതാണ്.

ബി) പുതിയ ശുചിമുറിസമുച്ചയങ്ങളുടെ നിർമ്മാണം

- നിശ്ചിത സ്ഥലങ്ങളിൽ നിലവിൽ ശുചിമുറികൾ ഇല്ലാത്തയിടങ്ങളിൽ മാത്രം പുതിയ ശുചിമുറികളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണ്. (ദേശീയ-സംസ്ഥാന പാതയോരങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട്).

III. സമയക്രമം

- ശുചിമുറികൾ പുതുക്കിപ്പണിയേണ്ട പദ്ധതികൾ 2020 ഒക്ടോബർ 2-ന് മുമ്പ് പൂർത്തിയാക്കണം
- പുതിയ നിർമ്മാണം ഏറ്റെടുക്കുന്നിടത്തെല്ലാം, 2020 ഡിസംബർ 31-നകം നിർമ്മാണം പൂർത്തിയാക്കണം

IV. ശുചിമുറി സമുച്ചയങ്ങളുടെ നവീകരണം/പുതിയവയുടെ നിർമ്മാണം എന്നിവയ്ക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ

'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം നിർമ്മിക്കേണ്ടുന്ന ശുചിമുറി സമുച്ചയങ്ങളെ സ്ഥലലഭ്യതയുടേയും ദിവസവും ഉപയോഗിക്കാൻ സാധ്യതയുള്ള ആൾക്കാരുടെ എണ്ണത്തേയും അടിസ്ഥാനമാക്കി **അടിസ്ഥാനതലം, സ്റ്റാൻഡേർഡ് തലം, പ്രീമിയംതലം** എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

- താഴെക്കൊടുത്തിരിക്കുന്ന പട്ടികപ്രകാരം പുതുക്കിപ്പണിയേണ്ടതോ പുതുതായി നിർമ്മിക്കേണ്ടതോ ആയ ശുചിമുറിസമുച്ചയങ്ങളുടെ തലം അതാത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് തന്നെ നിശ്ചയിക്കാവുന്നതാണ്.

തരംതിരിക്കൽ മാനദണ്ഡങ്ങളും വിഭാഗവും	അടിസ്ഥാന തലം	സ്റ്റാൻഡേർഡ് തലം	പ്രീമിയം തലം (റിഫ്രഷ്മെൻറ് സൗകര്യമുൾപ്പെടെ)
ദിവസവും ഉപയോഗിക്കാൻ സാധ്യത ഉള്ള ആളുകളുടെ എണ്ണം	<150 (150-ൽ കുറവ്)	>150 (150-ൽ കൂടുതൽ)	>150 (150-ൽ കൂടുതൽ)
സ്ഥല ലഭ്യത	ഒരു സെൻറ്	ഒന്ന് മുതൽ രണ്ട് സെൻറ് വരെ	രണ്ടു മുതൽ മൂന്ന് സെൻറ് വരെ

ശുചിമുറി സമുച്ചയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ

- നവീകരിക്കുകയോ പുതിയതായി നിർമ്മിക്കുവാൻ ഉദേശിക്കുകയോ ചെയ്യുന്ന ശുചിമുറിസമുച്ചയങ്ങളുടെ തലം നിശ്ചയിച്ച ശേഷം, ശുചിമുറികളിലെ അടിസ്ഥാന സൗകര്യങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്ന രീതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിമുറി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

തലം	അടിസ്ഥാന തലം	സ്റ്റാൻഡേർഡ് തലം *	പ്രീമിയം തലം*
യൂണിറ്റുകളുടെ എണ്ണം	വാട്ടർ ക്ലോസറ്റിൻറെ ആകെ എണ്ണം - 2 (പുരുഷൻ - 1, സ്ത്രീ - 1)	• വാട്ടർ ക്ലോസറ്റിൻറെ ആകെ എണ്ണം- 4 • (പുരുഷൻ - 2, • സ്ത്രീ - 2) • യൂറിനൽ ബ്ലോക്കുകൾ - 2	• വാട്ടർ ക്ലോസറ്റിൻറെ ആകെ എണ്ണം 5 • (പുരുഷൻ - 2, • സ്ത്രീ - 2, • ഭിന്നശേഷിയുള്ള- • വർക്കായി - 1) • യൂറിനൽ ബ്ലോക്കുകൾ - 2

അധിക സൗകര്യങ്ങൾ	• വാഷ് ബേസിനും കണ്ണാടിയും • (പുരുഷന്മാർക്കും • സ്ത്രീകൾക്കും • 1 സെറ്റ് വീതം) • ഹാൻഡ് വാഷ് / സോപ്പ് • സാനിട്ടറി നാപ്കിൻ ഡിസ്പോയർ	• വാഷ് ബേസിനും ക ണ്ണാടിയും • (പുരുഷന്മാർക്കും • സ്ത്രീകൾക്കും • 1 സെറ്റ് വീതം) • വിശ്രമ സ്ഥലം • ശിശുപരിപാലന- ത്തിനും വസ്ത്രം മാറ്റുന്നതിനുമുള്ള സൗകര്യം • ഹാൻഡ് വാഷ് / സോപ്പ് • ടിഷ്യു & സാനിറ്ററി നാപ്കിൻ വെൻറിംഗ് കിയോസ്ക് • ഇവയിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഡിസ്പോയർ സംവിധാനം	• വാഷ് ബേസിനും കണ്ണാടിയും (പുരുഷന്മാർക്കും, • സ്ത്രീകൾക്കും • 1 സെറ്റ് വീതം) • വിശ്രമ സ്ഥലം • ശിശുപരിപാലന-ത്തിനും വസ്ത്രം മാറ്റുന്നതിനുമുള്ള സൗകര്യം • ഹാൻഡ് വാഷ് /സോപ്പ് • ടിഷ്യു & സാനിറ്ററി നാപ്കിൻ വെൻറിംഗ് കിയോസ്ക് • ഇവയിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഡിസ്പോയർ സംവിധാനം
കോഫി / റിഫ്രഷ്മെൻറ് സെൻറർ	വേണ്ട	വേണ്ട	പ്രീമിയം ശുചിമുറിസമുച്ചയ ങ്ങളുടെ നടത്തിപ്പിനൊപ്പം കുടുംബശ്രീ യൂണിറ്റുകൾക്ക് അധികവരുമാനം ഉണ്ടാക്കുന്നതിനും, ഉപഭോക്താക്കൾക്ക് റിഫ്രഷ്മെൻറിനായും സംരംഭക മാതൃകയിൽ ഒരു വാണിജ്യ കേന്ദ്രം (കോഫി / റിഫ്രഷ്മെൻറ് സെൻറർ) കൂടി പ്രീമിയം ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം നിർമ്മിക്കേണ്ടതാണ്.

* നൽകിയിരിക്കുന്ന യൂണിറ്റുകളുടെ എണ്ണം ഒരു സൂചക കണക്ക് മാത്രമാണ്

V. സ്ഥാനനിർണ്ണയം

സമീപത്തെങ്ങും പൊതു വിശ്രമസ്ഥലം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സ്ത്രീകൾക്ക് രാത്രികാലങ്ങളിലും സുരക്ഷിതമായും എളുപ്പത്തിലും ഉപയോഗി ക്കാവുന്ന രീതിയിൽ പ്രധാന വാണിജ്യ കേന്ദ്രത്തിലോ, ബസ് സ്റ്റേഷനിലോ,ദേശീയ-സംസ്ഥാന പാതയോരങ്ങളിലോ ആയിരിക്കണം ശുചിമുറിസമുച്ചയങ്ങൾ നിർമ്മിക്കേണ്ടത്. നന്നായി പ്രകാശം ഉള്ളതും സുരക്ഷിതവുമായ സ്ഥലങ്ങളായിരിക്കണം ഇതിനായി തെരഞ്ഞെടുക്കേണ്ടത്.

VI. പരിപാലനം, നടത്തിപ്പ്

1. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറേയും പരിധിയിലുള്ള കുടുംബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ് / പരിപാലന ചുമതല നൽകേണ്ടത്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചിമുറികളുടെ നടത്തിപ്പ് / പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്. (ഉദാ: കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ശുചിമുറി പദ്ധതിയുടെ കരാറിൻറെ ഒരു മാതൃകാ ടെംപ്ലേറ്റ് *അനുബന്ധം -1* ആയി കൊടുത്തിരിക്കുന്നു.)

3. അടിസ്ഥാനം, സ്റ്റാൻഡേർഡ് തലങ്ങളിലുള്ള ശുചിമുറി സമുച്ചയങ്ങളിൽ ദിവസേനയുള്ള സന്ദർശകരുടെ എണ്ണം കുറവാകാൻ സാധ്യതയുള്ളതിനാലും ശുചിമുറി സമുച്ചയത്തിനൊപ്പം റിഫ്രഷ്മെൻറ് കേന്ദ്രം കൂടി പ്രവർത്തിപ്പിച്ച് അധിക വരുമാനം കണ്ടെത്തുന്നതിന് സ്ഥലസൗകര്യം കുറവുള്ളതുമായ സാഹചര്യത്തിൽ പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നിശ്ചിത വരുമാനം ഉറപ്പാക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ആവശ്യമായി വരുന്ന അധിക തുക (വയബിലിറ്റി ഗ്യാപ്പ് ഫണ്ട്) പദ്ധതി വച്ച് അതാത് തദ്ദേശസ്ഥാപനങ്ങൾ പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നൽകേണ്ടതാണ്.

4. അടിസ്ഥാന, സ്റ്റാൻഡേർഡ് തലങ്ങളിലെ ശുചിമുറി സമുച്ചയങ്ങളിൽ നിന്നുള്ള വരുമാന തുക ശേഖരിക്കുന്നതിനും കൂടാതെ ശുചിമുറികൾ വൃത്തിയാക്കുന്നതിനുമായി ചുമതലപ്പെടുത്തുന്ന കുടുംബശ്രീ അംഗങ്ങൾക്ക് പ്രതിദിനം കുറഞ്ഞത് 300 രൂപ (എട്ടുമണിക്കൂർ ഷിഫ്റ്റിന്) വരുമാനം ഉറപ്പാക്കേണ്ടതാണ്.

5. ശുചിമുറി നടത്തിപ്പിൽ നിന്നു ലഭിക്കുന്ന വരുമാനത്തിൽ നിന്ന് ഉപഭോഗ വസ്തുക്കളുടേയും

ക്ലീനിംഗ് ഉപകരണങ്ങളുടേയും ചെലവ് തുക കുറച്ചതിന് ശേഷം ബാക്കിയുള്ള കളക്ഷൻ തുകയിൽ നിന്നാണ് 300 രൂപ വീതം ചുമതലയുള്ള ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകേണ്ടത്.

6. ശുചിമുറികൾ ഉപയോഗിക്കുന്ന ആളുകളുടെ എണ്ണത്തിലും ലഭിക്കുന്ന വരുമാനത്തിലും വർദ്ധനയുണ്ടാകുന്ന പക്ഷം ഗ്രൂപ്പ് അംഗങ്ങൾക്ക് ആറ് മാസത്തിലൊരിക്കലോ വർഷത്തിലൊരിക്കലോ ദിവസ വേതനം വർദ്ധിപ്പിക്കുന്നതോ ഇൻസൻറീവ് നൽകുന്നതോ പരിഗണിക്കാവുന്നതുമാണ്.

7. മേൽ കാര്യങ്ങൾ സംരംഭക യൂണിറ്റുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുന്ന കരാറിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

8. പ്രീമിയം ടോയ്ലെറ്റ് സമുച്ചയങ്ങളിൽ സംരംഭക യൂണിറ്റിന് ഒരു വിപണന കേന്ദ്രം (റിഫ്രഷ്മെൻറ് സെൻറർ) നടത്താൻ കഴിയും എന്നതാണ് പ്രത്യേകത.മാത്രമല്ല ഇത്തരം ഇടങ്ങളിൽ കാര്യമായ സന്ദർശകരുള്ളതിനാൽ വരുമാനം ഉറപ്പാക്കി ശുചിമുറികൾ പരിപാലിക്കുന്നതിനും കഴിയും. പ്രീമിയം ശുചിമുറികളുടെ കൂടെയുള്ള വിപണന കേന്ദ്രവും സ്ഥലവും കുടുംബശ്രീ യൂണിറ്റുകൾക്ക് സൗജന്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച് നൽകേണ്ടതാണ്.

9. സ്റ്റാൻഡേർഡ്, അടിസ്ഥാന തലങ്ങളിലെ ശുചിമുറികളിൽ നിന്നുള്ള വരുമാനക്കുറവ് പ്രീമിയം ശുചിമുറിയുടെ നടത്തിപ്പിലൂടെ നികത്താൻ കഴിയുന്ന തരത്തിലുള്ള സമീപനം ഇതിനായി തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. ആയത് കരാറിൽ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

10. പ്രീമിയം യൂണിറ്റിന് സമീപത്തായി ശുചിമുറിക്കൊപ്പം റിഫ്രഷ്മെൻറ് കേന്ദ്രം(വിപണന കേന്ദ്രം) സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ എൻറർപ്രൈസസ് യൂണിറ്റും ചർച്ച ചെയ്ത് ദിനംപ്രതിയുള്ള സന്ദർശകരുടെ എണ്ണത്തിൻറെ അടിസ്ഥാനത്തിൽ ഒരു ഉചിതമായ മാനേജ്മെൻറ് ഫീസ് നിശ്ചയിക്കേണ്ടതാണ്.

11. ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം അറ്റാച്ചുചെയ്ത വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാന സാധ്യതകളും ദിവസവും ഉപയോഗിക്കാൻ സാധ്യതയുള്ള ആൾക്കാരുടെ എണ്ണത്തിൽ നിന്നുള്ള വരുമാന സാധ്യതകളും അടിസ്ഥാനമാക്കി വേണം പ്രാദേശിക

തലത്തിൽ മാനേജ്മെൻറ് ഫീസ് നിശ്ചയിക്കേണ്ടത്.

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ ആക്റ്റിവിറ്റി ഗ്രൂപ്പ്/എൻറർപൈസസ് ഗ്രൂപ്പും തമ്മിൽ വയ്ക്കേണ്ട കരാറിൻറെ ഒരു മാതൃകാ ടെംപ്ലേറ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. (കടക്കൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്)

13. അധികവരുമാന മാർഗ്ഗങ്ങൾക്കുള്ള നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടുംബശ്രീ ഗ്രൂപ്പുകളുമായി കൂടിയാലോചിച്ച് നടപ്പിലാക്കാവുന്നതാണ്.

VII. നിർമ്മാണ ഫണ്ടിൻറെ സ്രോതസ്സും ഉപയോഗക്രമവും

ശുചിമുറിസമുച്ചയങ്ങളുടെ നിർമാണത്തിനും നവീകരണത്തിനുമായുള്ള ഫണ്ട് ചുവടെക്കൊടുക്കുന്ന സ്രോതസ്സുകളിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്
- സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട്
- സ്വച്ഛ് ഭാരത് മിഷൻ പെർഫോർമൻസ് ബേസ്ഡ് ഇൻസൻറീവ് ഗ്രാൻറ്(ഖര-ദ്രവ മാലിന്യ പരിപാലനത്തിനുള്ളത്)
- സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഡി.പി.ആർ. ഫണ്ട്
- (ഡി.പി.ആറിൽ പൊതുശുചിമുറി പദ്ധതി അംഗീകരിച്ച് കിട്ടിയിട്ടുള്ള നഗരസഭകൾ / മുനിസിപ്പൽ കോർപ്പറേഷനുകൾ)
- ശുചിത്വ കേരളം (റൂറൽ/അർബൻ) പൊതുശുചിമുറി ഘടകത്തിനുള്ള ഫണ്ടുകൾ
- എം.എൽ.എ. ഫണ്ട്
- എം.പി. ഫണ്ട്
- ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വികസന ഫണ്ടുകൾ

VIII. പ്രവൃത്തികളുടെ നിർവ്വഹണം

ഓപ്പൺ ടെണ്ടർ, അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖാന്തിരം നിയമ നടപടിക്രമങ്ങൾ പാലിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

IX. നിർമ്മാണ രീതി

- പുതിയ ശുചിമുറി സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പ്രീഫ്രാബ്രിക്കേറ്റഡ്/സെമി പെർമനൻറ് നിർമ്മാണരീതികൾ അവലംബിക്കാവുന്നതാണ്.
- സ്റ്റെയിൻലെസ് സ്റ്റീൽ, ജി.ഐ ഷീറ്റുകൾ ഉൾപ്പെടുന്ന രീതികൾ ഇലക്ട്രോണിക് ഡോർ ലോക്കിംഗ് സംവിധാനം എന്നിവ ആകാവുന്നതാണ്.
- 24 X 7 ജലലഭ്യത ഉറപ്പാക്കേണ്ടതാണ്.
- വെള്ളക്കെട്ടുള്ള (water logged) സ്ഥലങ്ങളിൽ ആയതിനനുയോജ്യമായ നിർമ്മാണ രീതികൾ അവലംബിക്കേണ്ടതാണ്.

X. നിർദ്ദിഷ്ട ഡിസൈനുകൾ

1) **പ്രീമിയം ശുചിമുറിസമുച്ചയങ്ങൾക്കായി** :-

a. കൊല്ലം ജില്ലയിലെ കടക്കൽ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച സാനിറ്ററി കോംപ്ലക്സിൻറെ മാതൃക ടോയ്ലറ്റ് ഡിസൈൻ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

b. ശുചിത്വ മിഷൻ തയ്യാറാക്കിയ ഡിസൈൻ അനുബന്ധം-3 ആയും കൊടുത്തിട്ടുണ്ട്.

2) **സ്റ്റാൻഡേർഡ് ശുചിമുറിസമുച്ചയങ്ങൾക്കായി** :- ശുചിത്വ മിഷൻ തയ്യാറാക്കിയ ഡിസൈൻ അനുബന്ധം-4 ആയി കൊടുത്തിട്ടുണ്ട്.

3) **അടിസ്ഥാന ശുചിമുറിസമുച്ചയങ്ങൾക്കായി** :- മാർഗ്ഗ നിർദ്ദേശങ്ങളുടെ ഭാഗമായി നിർദ്ദിഷ്ട മോഡലുകൾ / ഡിസൈനുകൾ നിർദ്ദേശിച്ചിട്ടില്ല.സ്ഥലപരിമിതിയനുസരിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെ ഡിസൈൻ നിശ്ചിയക്കാവുന്നതാണ്.

4) **ബ്രാൻഡിംഗ്/ലോഗോ/കളർ പാറ്റേൺ** :- അനുബന്ധം-5-ൽ നൽകിയിട്ടുള്ള ഹരിത കേരള മിഷൻറെ ലോഗോ, കളർ പാറ്റേൺ.

5) **കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻറുകളിലേയും പെട്രോൾ പമ്പുകളിലേയും**

ശ്രീചിമുറികളുടെ നവീകരണം സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികൃതരുമായുള്ള യോഗത്തിന് ശേഷം പ്രത്യേകം പുറപ്പെടുവിക്കുന്നതായിരിക്കും.

XI. പുതിയ ശ്രീചിമുറി സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി ഭൂമി കണ്ടെത്തൽ പ്രക്രിയ

a) ഏതെങ്കിലും വകുപ്പ്/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള അനുയോജ്യമായ സർക്കാർ ഭൂമി ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്താം.

b) ദേശീയ/സംസ്ഥാന പാതകളുടെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്കൂളുകളുടെയോ പൊതു സ്ഥാപനങ്ങളുടെയോ സ്ഥലത്തിന് മുൻഗണന നൽകാം.

c) ഭൂമിയുടെ ഉടമയെ തിരിച്ചറിയാൻ വില്ലേജ് ഓഫീസർമാരുടെ സഹായം ലഭ്യമാക്കാവുന്നതാണ്.

d) തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയും വില്ലേജ് ഓഫീസറും കൂടിയാലോചിച്ച് സ്ഥലനിർണ്ണയം നടത്തിയതിന് ശേഷം സ്ഥലം വിട്ടു നൽകുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശമുള്ള വകുപ്പിന്റെ ജില്ലാ മേധാവിക്ക് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി കത്തെഴുതേണ്ടതാണ്.

e) വകുപ്പ് മേധാവികൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ശുപാർശ പരമാവധി സ്വീകരിക്കേണ്ടതാണ്. വകുപ്പുകളുടെ ജില്ലാ മേധാവിക്ക് എന്തെങ്കിലും എതിർപ്പുണ്ടെങ്കിൽ അദ്ദേഹം അത് ജില്ലാകളക്ടറുടെ മുമ്പാകെ ഉന്നയിക്കാവുന്നതാണ്. ഈ വിഷയത്തിൽ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

XII. പ്രതീക്ഷിത സമയക്രമം

പുതിയശ്രീചിമുറികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഓരോ നടപടി ക്രമത്തിനും സമയപരിധി നിശ്ചയിക്കേണ്ടതാണ്.

സമയ പരിധി കൃതമായി പാലിക്കുന്നു എന്ന് ഉറപ്പു വരുത്തണം.

ക്രമ നം.	പ്രവൃത്തി	പൂർത്തിയാക്കേണ്ട സമയം
1	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് നൽകൽ	3/08/2020
2	നവീകരിക്കേണ്ടതോ നിർമ്മിക്കേണ്ടതോ ആയ ശ്രീചിമുറികളുടെ തെരഞ്ഞെടുപ്പും എണ്ണം നിശ്ചയിക്കലും	18/08/2020
3	കൗൺസിൽ/സമിതിയുടെ അംഗീകാരം	25/08/2020
4	പദ്ധതി തയ്യാറാക്കി ഡി.പി.സി.ക്ക് സമർപ്പിക്കൽ	8/09/2020
5	ഡി.പി.സിയുടെ അംഗീകാരം നേടൽ	15/09/2020
6	ഡി.പി.സി. മിനിറ്റ്സ് കൈപ്പറ്റൽ	17/09/2020

7	സാങ്കേതിക അനുമതി	23/09/2020
8	ടെൻഡറിംഗ് പ്രക്രിയ	25/09/2020
9	ടെണ്ടർ തുറക്കൽ	നിയമ പ്രകാരം അനുവദനീയമാത് (21 days)
10	വർക്ക് ഓർഡർ	ടെണ്ടർ തുറന്ന് രണ്ട് ദിവസം
11	പ്രവൃത്തിയുടെ പൂർത്തീകരണം(നവീകരണം)	15/11/2020
12	പുതിക്കിയ ശുചിമുറി സമുച്ചയങ്ങളുടെ ഉദ്ഘാടനം	19/11/2020 (World Toilet Day)
13	പ്രവൃത്തികളുടെ പൂർത്തീകരണം (പുതിയ ശുചിമുറികളുടെ നിർമ്മാണം)	30/11/2020

XIII. പ്രകൃതി സൗഹൃത ശുചിമുറി സമുച്ചയങ്ങളുടെ നിർമ്മിതിക്കായി പാലിക്കേണ്ട കാര്യങ്ങൾ

- വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിനായി ശുചിമുറി സമുച്ചയത്തിന്റെ മേൽക്കൂരയിൽ അനെർട്ട് (ANERT), കെ.എസ്.ഇ.ബി. പോലുള്ള സർക്കാർ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി സോളാർ പാനലുകൾ, ലൈറ്റുകൾ എന്നിവ സ്ഥാപിക്കാവുന്നതാണ്.

- ജലലഭ്യത ഉറപ്പാക്കുന്നതിനായി മഴവെള്ള സംഭരണി നിർമ്മിക്കാവുന്നതാണ്.

- ശുചിമുറി സമുച്ചയങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ്, ഹോൾട്ടികൾച്ചർ മിഷൻ തുടിങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വെർട്ടിക്കൽ ഗാർഡൻ, ചെറുപൂന്തോട്ടം എന്നിവ നിർമ്മിക്കാവുന്നതാണ്.

- ഒറ്റത്തവണ ഉപയോഗിക്കുന്ന നിരോധിത ഉത്പന്നങ്ങളും പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളും ഒഴിവാക്കി സമ്പൂർണ്ണ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്.

- ഉപഭോക്താക്കൾക്ക് മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിനായി പ്രത്യേകം ബിന്നുകൾ സ്ഥാപിക്കാവുന്നതാണ്. ആയത് നിറയുമ്പോൾ സംസ്കരണത്തിനായി ഹരിതകർമ്മ സേനയെ ഏൽപ്പിക്കാവുന്നതാണ്.

- സാനിറ്ററി നാപ്കിൻ/ഡയപ്പർ ഡിസ്പോയറുകൾ ഓരോ ശുചിമുറി സമുച്ചയത്തിലും സ്ഥാപിക്കേണ്ടതാണ്.

XIV.യൂസർഫീ

- അടിസ്ഥാന ശുചിമുറികൾക്ക് ആളൊന്നിന് യൂറിനൽ 1 രൂപയും ശൗചാലയത്തിന് 2 രൂപയും ഈടാക്കാവുന്നതാണ്.
- സ്റ്റാൻഡേർഡ് ശുചിമുറികൾക്ക് ആളൊന്നിന് യൂറിനൽ 1 രൂപയും ശൗചാലയത്തിന് 3 രൂപയും ഈടാക്കാവുന്നതാണ്
- പ്രീമിയം ശുചിമുറിക്ക് ആളൊന്നിന് യൂറിനൽ 2 രൂപയും ശൗചാലയത്തിന് 3 രൂപയും ഈടാക്കാവുന്നതാണ്.

XV. അധിക വരുമാനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

- ശുചിമുറിയുടെ പുറംഭാഗത്തെയും ഉൾഭാഗത്തെയും ഭിത്തിയിൽ പരസ്യ സന്ദേശങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യങ്ങളൊരുക്കി വരുമാനം നേടാവുന്നതാണ്.
- മേൽക്കൂരയിൽ പരസ്യ ബോർഡുകൾ സ്ഥിരമായി സ്ഥാപിച്ച് വരുമാനം ഉയർത്താവുന്നതാണ്.
- ശുചിമുറി സമുച്ചയത്തിൻറെ പരിസരത്ത് ഇലക്ട്രിക് നെയിംബോർഡ് സ്ഥാപിച്ച് പരസ്യ സന്ദേശങ്ങൾ ചേർത്ത് വരുമാനം ഉയർത്താവുന്നതാണ്.

XVI. ശുചീകരണ മാനദണ്ഡങ്ങൾ

- ഓരോ അഞ്ച് പേർ ഉപയോഗിച്ച് കഴിയുമ്പോഴും ഓരോ ശുചിമുറികളും പ്രകൃതിദത്ത അണുനാശിനി ഉപയോഗിച്ച് വൃത്തിയാക്കേണ്ടതും പ്രഷർ പമ്പ് ഉപയോഗിച്ച് ബ്ലോക്കുകൾ വൃത്തിയാക്കേണ്ടതുമാണ്.
- വാഷ് ബേസിനുകൾ, ക്ലോസറ്റ്, സാനിട്ടറി നാപ്കിൻ ഡിസ്പോയർ, ടിഷ്യൂ കിയോസ്ക് എന്നിവ എപ്പോഴും വൃത്തിയാക്കി അണുനശീകരണം നടത്തി സൂക്ഷിക്കേണ്ടതാണ്.
- ഉപയോക്താക്കൾക്കായി ശുചിമുറി മര്യാദ സംബന്ധിച്ച നിർദ്ദേശങ്ങൾ ഭിത്തികളിൽ സ്ഥാപിക്കേണ്ടതാണ്.
- വൃത്തികേടാക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണ്.
- ശുചിമുറി സമുച്ചയത്തിൻറെ പരിസരം ദിവസവും രണ്ട് നേരം വീതം വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്.
- മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ കൂടുതൽ ശുചിമുറികൾ സ്ഥാപിക്കുന്ന പക്ഷം

കുടുംബശ്രീ യൂണിറ്റിൻറെ നേതൃത്വത്തിൽ മൊബൈൽ ശുചീകരണ യൂണിറ്റ് സ്ഥാപിക്കുന്നത് പരിഗണിക്കാവുന്നതാണ്.

- ശുചിമുറി സമുച്ചയങ്ങളോട് ചേർന്ന് ജൈവവസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള സംവിധാനവും അജൈവ പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനുള്ള സംവിധാനവും സജ്ജീകരിക്കേണ്ടതാണ്.

Annexure 1 - Agreement template between Kadakkal Panchayat and Kudumbashree

കരാർ ഉടമ്പടി

കടയ്ക്കൽ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കടയ്ക്കൽ ഗ്രാമപഞ്ചായത്ത് വക ബസ് സ്റ്റാൻഡിൽ നിർമ്മിച്ചിട്ടുള്ള ആധുനിക കംഫർട്ട് സ്റ്റേഷന്റെ ഉടമസ്ഥൻ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും കടയ്ക്കൽ കുടുംബശ്രീ സി.ഡി.എസ്-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള മനീഷ എന്ന കുടുംബശ്രീ ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് / സെക്രട്ടറി രണ്ടാം കക്ഷിയായും 2019 ഒക്ടോബർ മാസം 30-ാം തീയതി കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് സംബന്ധിച്ച് ഏർപ്പെടുന്ന കരാർ.

- 01/11/2019 തീയതി മുതൽ 30/11/2019 തീയതി വരെ ഒരു മാസം ഗ്രൂപ്പ് അംഗങ്ങൾ / കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനായി ഗ്രൂപ്പ് ചുമതലപ്പെടുത്തുന്ന വ്യക്തികൾ നിലവിൽ ചുമതലയുള്ള ശ്രീ. വേണുവിനോടൊപ്പം പ്രവർത്തിച്ച് പ്രവർത്തന രീതികൾ പരിചയപ്പെടേണ്ടതാണ്.
- 01/12/2019 തീയതി മുതൽ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിന്റെ പൂർണ്ണ ചുമതല രണ്ടാം കക്ഷിയ്ക്കായിരിക്കും.
- കംഫർട്ട് സ്റ്റേഷനിൽ എത്തുന്നവരിൽ നിന്നും ഈടാക്കുന്ന പണത്തിന് നൽകുന്ന രസീതുകൾ, കംഫർട്ട് സ്റ്റേഷൻ ശുചീകരണത്തിനുള്ള സാധനസാമഗ്രികൾ എന്നിവ പഞ്ചായത്ത് ലഭ്യമാക്കുന്നതാണ്.
- കംഫർട്ട് സ്റ്റേഷന്റെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്ക് വരുത്തുന്നതാണ്.
- ഗ്രൂപ്പ് അംഗങ്ങൾ / കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനായി ഗ്രൂപ്പ് ചുമതലപ്പെടുത്തുന്ന വ്യക്തികൾ എല്ലാ ദിവസവും രാവിലെ 5 മണി മുതൽ രാത്രി 8 മണി വരെ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്.
- കംഫർട്ട് സ്റ്റേഷനും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതാണ്.
- പഞ്ചായത്തിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നും നടത്തുന്ന പരിശോധനകളുമായി സഹകരിക്കേണ്ടതാണ്.
- കംഫർട്ട് സ്റ്റേഷനിൽ ലഭിക്കുന്ന പിറ്റേ ദിവസം രാവിലെ തന്നെ കളക്ഷൻ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.
- കംഫർട്ട് സ്റ്റേഷൻ പ്രവർത്തനം പഞ്ചായത്തിന്റെ ഓഡിറ്റിംഗിന് വിധേയമായിരിക്കും.
- കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് പ്രതിദിനം 500/- രൂപ നിരക്കിൽ പ്രതിമാസം 30 ദിവസങ്ങളായി നിജപ്പെടുത്തി 15,000/- രൂപ ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.
- ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കുകൾ കംഫർട്ട് സ്റ്റേഷനിൽ പൊതുജനങ്ങൾക്ക് കാണാനാവുന്ന വിധം പ്രദർശിപ്പിക്കേണ്ടതാണ്.
- അതിരാവിലെയും രാത്രിയിലും സ്ത്രീകൾ മാത്രം കംഫർട്ട് സ്റ്റേഷനിൽ പണിയെടുക്കേണ്ട സാഹചര്യം ഒഴിവാക്കി ഗ്രൂപ്പന്റെ മേൽനോട്ടത്തിൽ തന്നെ ഒരു പുരുഷന്റെ സേവനം ലഭ്യമാക്കേണ്ടതാണ്.
- ഈ കരാറിന്റെ കാലാവധി 2020 മാർച്ച് 31-ന് അവസാനിക്കുന്നതായിരിക്കും. തുടർന്ന് പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രം കരാർ പുതുക്കി നൽകുന്നത് പരിഗണിക്കുകയുള്ളൂ.

Annexure 2: Design : Premium Toilet: Kadakkal



Annexure 3 - Design - Premium Toilet

All Dimensions are in M

Plinth area - 40.60 M^2
Land requirement - 79.20 M^2
(Approx. 1.95 cent)



Elevation



Plan

Annexure 4 - Design - Standard Toilet



Elevation



Plan

All Dimensions are in M

Plinth area - 23.8 M^2
Land requirement - 54.40 M^2
(Approx. 1.50 cent)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – 2020-21 വാർഷിക പദ്ധതി – കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഉത്പാദന മേഖലയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരുന്ന നടപടിക്രമങ്ങൾ സേവനമേഖലയ്ക്ക് കൂടി ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1450/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/08/2020

പരാമർശം:- 1 29.04.2020 – ലെ സ.ഉ(സാധാ)നം.794/2020/തസ്വഭവ

ഉത്തരവ്

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമസഭകളും വാർഡ് സഭകളും വിളിച്ചു ചേർക്കാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളത് പരിഗണിച്ച് 2020-21 വാർഷിക പദ്ധതിയിലെ ഉത്പാദന മേഖലാ പ്രോജക്ടുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചിരുന്നു. ഉത്പാദന മേഖലയിലെ പ്രോജക്ടുകൾ; പ്രത്യേകിച്ച് കാർഷികാനുബന്ധ മേഖലകളിലെ പ്രോജക്ടുകൾ സീസണൽ ആയി നടപ്പാക്കേണ്ടവയാണ്. അതുകൊണ്ടാണ് ഗ്രാമസഭകളും വാർഡ് സഭകളും ചേരുന്നതിനുള്ള സാഹചര്യം മെച്ചപ്പെടുന്നത് വരെ കാത്തിരിക്കാതെ പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചത്.

2. ഗ്രാമസഭകളും വാർഡുസഭകളും വിളിച്ചു ചേർക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുമുള്ളത്. സാമ്പത്തികവർഷത്തിൽ നാല് മാസങ്ങൾ പിന്നിട്ടു കഴിഞ്ഞു. സേവന മേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അനന്തമായി നീട്ടിക്കൊണ്ടുപോകാനും കഴിയുകയില്ല. ഈ സാചര്യത്തിൽ ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന പ്രത്യേക നടപടിക്രമങ്ങൾ സേവന മേഖലയിലെ പ്രോജക്ടുകൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഈ നടപടിക്രമങ്ങൾ പാലിച്ച് സേവനമേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്തൃ പട്ടിക അടിയന്തിരമായി തയ്യാറാക്കി നിർവഹണ നടപടികൾ ആരഭിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്ക്
6. എല്ലാ ജില്ലാ കളക്ടർമാർക്കും

7. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
8. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
9. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
11. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
14. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത്ഫണ്ട്, ഇതര ഗ്രാന്റുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, സി.എസ്.ആർ ഫണ്ട് എന്നിവയിൽ നിന്നും തുക വകയിരുത്തി തയ്യാറാക്കുന്ന ശുചിത്വ-മാലിന്യ സംസ്കരണ ഉപമേഖലയിൽപ്പെടുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1898/2020/LSGD തീയതി,തിരുവനന്തപുരം, 14/10/2020

പരാമർശം:- 1 22.07.2014 ലെ സ.ഉ (സാധാ) നമ്പർ 1922/14/തസ്വഭവ നമ്പർ ഉത്തരവ്

2 ശുചിത്വ മിഷന്റെ ഇരുപത്തിയെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ തീരുമാനം നമ്പർ 3

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.02.2018-ലെ 2404/C1/2008/SM നമ്പർ കത്ത്

4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 02.06.2018-ലെ DB5/7507/11/CE/തസ്വഭവ നമ്പർ കത്ത്

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും വിഹിതം നീക്കി വയ്ക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ (ത്രിതല പഞ്ചായത്ത് - 10%, നഗരസഭാ/കോർപറേഷൻ 15% ശതമാനം) സാങ്കേതിക അനുമതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ശുചിത്വ മിഷനിൽ സമർപ്പിക്കപ്പെടുന്ന പ്രൊജക്റ്റുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുള്ളതിനാലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദേശം അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സാങ്കേതിക പ്രൊജക്റ്റുകൾക്ക് സൂക്ഷ്മ പരിശോധനയ്ക്ക് മുൻപായി സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട് എന്നതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഖര ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) ന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പൂർണമായും നിർമ്മാണ സ്വഭാവമുള്ള അജൈവ മാലിന്യ പരിപാലന സംവിധാനങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫസിലിറ്റി (ആർ.ആർ.എഫ്), പ്ലാസ്റ്റിക് ഷ്രെഡിംഗ്/റീസൈക്ലിംഗ് യൂണിറ്റ് (മെഷണറി ഉൾപ്പെടെ) മുതലായവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകളുടെ സിവിൽ നിർമ്മാണം മാത്രമായി വരുന്ന തരത്തിലുള്ള പ്രോജക്ടുകൾക്ക് സ്വയംഭരണ വകുപ്പ് എൻജിനീയറിങ് വിഭാഗം തന്നെ സാങ്കേതിക അനുമതി

നൽകാവുന്നതാണെന്നും പ്ലാസ്റ്റിക് ഷ്രഡിങ് / റീ സൈക്ലിംഗ് തുടങ്ങിയ മെക്കാനിക്കൽ / ഇലക്ട്രിക്കൽ പാർട്ട് കൂടി വരുന്ന പ്രോജക്റ്റുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ശുചിത്വ മിഷൻ, PWD mechanical/electrical വിഭാഗം, തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗം, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് സാങ്കേതിക അനുമതി നൽകാവുന്നതാണെന്നും, ശ്മശാനങ്ങളുടെ നിർമ്മാണത്തിനും ആധുനികവത്കരണത്തിനുമായുള്ള പ്രോജക്ടുകൾക്കും (മെഷിനറി ഉൾപ്പെടെ) മേൽ കമ്മിറ്റി മുഖേന സാങ്കേതിക അനുമതി നൽകാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത്ഫണ്ട്, ഇതരഗ്രാൻറുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, സി.എസ്.ആർ ഫണ്ട് എന്നിവയിൽ നിന്നും തുക വകയിരുത്തി തയ്യാറാക്കുന്ന ശുചിത്വ-മാലിന്യ സംസ്കരണ ഉപമേഖലയിൽപ്പെടുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരംതാഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ക്രമ.നം	പ്രോജക്ടിന്റെ തരവും - വിശദാംശവും		സാങ്കേതിക അനുമതി നൽകേണ്ട അധികാരസ്ഥാനം
	അംഗീകൃത യൂണിറ്റ് നിരക്കുള്ള, ഉറവിട ഖര മാലിന്യ സംവിധാനങ്ങൾക്കായുള്ള പ്രോജക്ടുകൾ അംഗീകൃത യൂണിറ്റ് നിരക്കുള്ള ഗാർഹികതല/ചെറിയ യൂണിറ്റുകളായ ഉറവിട ഖര മാലിന്യ പ്ലാൻറുകൾ/ഉപാധികളുടെ (ഉദാ:- വിവിധതരം കമ്പോസ്റ്റിംഗ് ഉപാധികൾ, പോർട്ടബിൾ ബയോഗ്യാസ് പ്ലാൻറുകൾ തുടങ്ങിയവ) വാങ്ങലുകൾ ആവശ്യമായ പ്രോജക്ടുകൾ.		**I. ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും ധനസഹായം ഉൾപ്പെട്ട പദ്ധതികൾ** i. 20 ലക്ഷം രൂപ വരെ അടങ്കൽ തുക വരുന്ന പ്രോജക്ടുകൾ - ജില്ലാ ശുചിത്വ മിഷൻ ii. 20 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന പ്രോജക്ടുകൾ - സംസ്ഥാന ശുചിത്വ മിഷൻ. **II. ശുചിത്വ മിഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും ധനസഹായം ആവശ്യമില്ലാത്ത പദ്ധതി-** എല്ലാത്തരം പ്രോജക്ടുകൾക്കും (കേന്ദ്ര - തദ്ദേശസ്വയംഭരണസ്ഥാപന വിഹിതം ഉൾപ്പെട്ടവ) - ജില്ലാ ശുചിത്വ മിഷൻ

2	**പൊതു ഖര മാലിന്യ സംസ്കരണ സംവിധാനങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിനായുള്ള പ്രോജക്ടുകൾ** (എ) സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ള ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ - ഡംപ് സൈറ്റ് റിക്ലമേഷൻ/റെമഡിയേഷൻ, സാനിട്ടറി ലാന്റ് ഫിൽ സംവിധാനം സ്ഥാപിക്കൽ, കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാൻറുകളായ കമ്പോസ്റ്റിംഗ് പ്ലാൻറുകൾ, ബയോമെതനേഷൻ പ്ലാൻറുകൾ (ഊർജ്ജോത്പ്പാദനത്തോടുകൂടിയതും അല്ലാത്തവയും) എന്നിവയ്ക്കുള്ള നിർമ്മാണം, നവീകരണം, നിലവാരം ഉയർത്തൽ മുതലായ പ്രോജക്ടുകൾ, സർക്കാർ / ശുചിത്വ മിഷൻ അംഗീകൃത സ്റ്റാൻഡേർഡുകളോ & സ്പെസിഫിക്കേഷനുകളോ ഇല്ലാത്ത പ്രോജക്ടുകൾ.		**എല്ലാ പ്രോജക്ടുകൾക്കും-** സംസ്ഥാന ശുചിത്വ മിഷൻ.
	(ബി) പൂർണ്ണമായും നിർമ്മാണ സ്വഭാവമുള്ള അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്), പ്ലാസ്റ്റിക് ഷ്രെഡിംഗ്/റീസൈക്ലിംഗ് യൂണിറ്റ് (മെഷിനറിസ്ഥാപിക്കുന്നത് ഉൾപ്പെടെ) വികേന്ദ്രീകൃത (സ്ഥാപനതല/കമ്മ്യൂണിറ്റിതല) ജൈവമാലിന്യ സംസ്കരണ പ്ലാൻറുകളായ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ബയോഗ്യാസ്/ബയോമെത്തനേഷൻ പ്ലാൻറുകൾ മുതലായവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ		**i.സിവിൽ നിർമ്മാണം മാത്രമായി വരുന്ന പ്രോജക്ടുകൾ** - തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ & എഞ്ചിനീയറിംഗ് വിംഗ് (നിലവിലെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾപാലിച്ച്) **ii.മെക്കാനിക്കൽ/ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രോജക്ടുകളായ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ്/റീസൈക്ലിംഗ് യൂണിറ്റ് മുതലായ പ്രോജക്ടുകൾക്ക്** - തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ & എഞ്ചിനീയറിംഗ് വിംഗിന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, പി.ഡബ്ല്യു.ഡി മെക്കാനിക്കൽ/ ഇലക്ട്രിക്കൽ വിഭാഗം, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ജില്ലാതല സാങ്കേതിക സമിതി.

3	**ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ -** മാർക്കറ്റുകൾ, ആശുപത്രികൾ, അറവുശാലകൾ മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ എഫ്ളുവെൻറ് / സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ, കമ്മ്യൂണിറ്റിതല മലിനജല സംസ്കരണ പ്ലാൻറുകൾ (സിവറേജ് സംവിധാനം ഉൾപ്പെടാത്തവ), പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ.		**എല്ലാ പദ്ധതികൾക്കും -** സംസ്ഥാന ശുചിത്വ മിഷൻ
4	ശ്മശാനങ്ങളുടെ നിർമ്മാണത്തിനും ആധുനികവത്കരണത്തിനുമായുള്ള പ്രോജക്ടുകൾ. (മെഷിനറി ഉൾപ്പെടെ).		**I.സിവിൽ നിർമ്മാണം മാത്രമായി വരുന്ന പ്രോജക്ടുകൾ -** തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ & എഞ്ചിനീയറിംഗ് വിംഗ് (നിലവിലെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച്) **ii.മെക്കാനിക്കൽ/ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രോജക്ടുകൾ -** തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ & എഞ്ചിനീയറിംഗ് വിംഗിന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, പി.ഡബ്ല്യു.ഡി മെക്കാനിക്കൽ/ ഇലക്ട്രിക്കൽ വിഭാഗം, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സംസ്ഥാന/ജില്ലാ തല സാങ്കേതിക സമിതി.
5	അറവുശാലകളുടെ നിർമ്മാണവും, ആധുനികവൽക്കരണവും, അറവുമാലിന്യ റെൻററിംഗ് പ്ലാൻറ് സ്ഥാപിക്കൽ മുതലായ പ്രോജക്ടുകൾ.		**i. നിലവിൽ സാങ്കേതിക അനുമതി നേടിയ പദ്ധതികൾ -** സംസ്ഥാന ശുചിത്വ മിഷൻ. ii. **കിഫ്ബി പദ്ധതികൾ -** ഇംപാക്ട് കേരള.

- മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ ഭാഗമായ മാലിന്യ സംസ്കരണ ഉപാധികൾ/ സംവിധാനങ്ങളുടെ സാങ്കേതിക വിശദാംശങ്ങൾ, സ്പെസിഫിക്കേഷനുകൾ, മാതൃകാ എസ്റ്റിമേറ്റുകൾ, ഡിസൈനുകൾ, യൂണിറ്റ്കോസ്റ്റ് എന്നിവ തയ്യാറാക്കുന്നത് ശുചിത്വമിഷന്റെ ഉത്തരവാദിത്തമായിരിക്കും
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടാത്ത സർക്കാർ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്കും പ്രോജക്ടിന്റെ തരമനുസരിച്ച്

മേൽപട്ടികയിൽ പറയുന്ന അതാത് അധികാരസ്ഥാനങ്ങൾ സാങ്കേതികാനുമതി നൽകേണ്ടതാണ്

- പ്ലാസ്റ്റിക് ഷ്രഡിങ് / റീ സൈക്ലിംഗ് തുടങ്ങിയ മെക്കാനിക്കൽ / ഇലക്ട്രിക്കൽ പാർട്ട് കൂടി വരുന്ന പ്രോജക്റ്റുകളുടെ നിർമ്മാണത്തിനും ശ്മാശാനങ്ങളുടെ നിർമ്മാണത്തിനും സാങ്കേതിക അനുമതി നൽകുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ശുചിത്വ മിഷൻ, PWD mechanical/electrical വിഭാഗം (AEE/AE),തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗം AEE/EE യെ ഉൾപ്പെടുത്തി ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥരെ പ്രസ്തുത കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്
മാനേജിങ് ഡയറക്ടർ, ഇമ്പാക്ട് കേരള ലിമിറ്റഡ്
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾക്കായി നിലവിലെ മാർഗ്ഗരേഖയിലെ നിബന്ധനകളിൽ താൽക്കാലികമായി ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1953/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/10/2020

പരാമർശം:- 1 സ.ഉ.(കൈ) നം. 216/2007/ത.സ്വ.ഭ.വ തീയതി 03-11-2017

2 17-06-2020-ലെ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിന്റെ 5-ാം നമ്പർ തീരുമാനം.

3 നഗരകാര്യ ഡയറക്ടറുടെ 21.08.2020-ലെ ഡി.സി.3-12014/18 നമ്പർ കത്ത്

ഉത്തരവ്

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിലവിലെ മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും വിശദമായ പ്രപ്പോസൽ സമർപ്പിക്കാൻ 17.06.2020-ൽ ചേർന്ന അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകിയ മാർഗരേഖ പ്രകാരം വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളിൽതാഴെപ്പറയുന്ന ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്;

1. പട്ടിക ജാതി

2. പട്ടികവർഗ്ഗം

3. നാടോടികളായ ആദിവാസികൾ

4. ഡീ നോട്ടിഫൈഡ് ആദിവാസികൾ

5. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾ

6. സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങൾ

7. ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥന്മാരായിട്ടുള്ള കുടുംബങ്ങൾ

8. ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ

9. പി.എം.എ.വൈ. പദ്ധതിയുടെ ഗുണഭോക്താക്കൾ

എന്നാൽ സുഭിക്ഷ കേരളം പദ്ധതിയുടെ മാർഗരേഖ പ്രകാരം കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുന്ന എല്ലാ ഭൂവുടമകളുടെയും ഭൂമിയിലെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും പദ്ധതിയുടെ വിജയത്തിന് സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഈ വിഭാഗങ്ങൾക്ക് മുൻഗണന നൽകണമെന്ന നിബന്ധന ഒഴിവാക്കി പ്രവൃത്തികൾ ഏറ്റെടുക്കാൻ നഗരസഭകൾക്ക് അനുവാദം നൽകിക്കൊണ്ട് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാർഗരേഖ ഭേദഗതി വരുത്തണമെന്നും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതി ഭക്ഷ്യോത്പാദനത്തിൽ സംസ്ഥാനത്തിന്റെ സ്വയംപര്യാപ്തത ലക്ഷ്യമിടുന്നു. കഴിയുന്നത്ര ഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം തരിശ് ഭൂമിയിലെ കൃഷിയ്ക്കും പദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകുന്നു. ടി പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് സുഭിക്ഷ കേരളം പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കാൻ നഗരസഭകൾ കണ്ടെത്തിയിട്ടുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സംയോജിപ്പിക്കുന്നതിനും ടി പ്രവൃത്തികളിൽ മേൽ പറഞ്ഞ ദുർബല വിഭാഗങ്ങൾക്കുള്ള മുൻഗണ ആവശ്യമെങ്കിൽ ഒഴിവാക്കാൻ നഗരസഭകൾക്ക് നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം അനുവാദം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

പകർപ്പ്:നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗങ്ങൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപ്പേറേഷൻ മേയർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കൌൺസിൽ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ& പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAMN
Date: 2020/10/16 15:09:08 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിമൂന്നാം പഞ്ചവൽസര പദ്ധതി - 2020-21 വാർഷിക പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.63/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2021

പരാമർശം:- 27.07.2020-ലെ സ.ഉ (സാധാ) നം. 1401/2020/തസ്വഭവ.

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരമേറ്റെടുത്തിരിക്കുകയാണ്. 2021 മാർച്ച് മാസം ആദ്യം നിയമസഭയിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ നടപ്പ് വർഷത്തെ പദ്ധതി നിർവഹണത്തിന് ഫലത്തിൽ രണ്ട് മാസം മാത്രമാണ് ഇനി ലഭിക്കുക. പുതിയ ഭരണസമിതികൾ പദ്ധതി നിർവഹണം വേഗത്തിലാക്കുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ പരമാവധി പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 2020-21 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അടുത്ത വർഷത്തെ (2021-22) വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം പുതിയ ഭരണസമിതികൾ അധികം താമസിയാതെ ഏറ്റെടുക്കേണ്ടതുണ്ട്. അതിനുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്. എന്നാൽ പുതിയ ഭരണസമിതികളെ സംബന്ധിച്ചിടത്തോളം ഏറ്റവും അടിയന്തിരമായി ചെയ്യേണ്ട കാര്യം ഈ വർഷത്തെ ബജറ്റിലെയും വാർഷിക പദ്ധതിയിലെയും പ്രവർത്തനങ്ങൾ പൂർത്തിയാക്കുക എന്നതാണ്. അതിൽ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യം സർക്കാർ എന്നത് തുടർച്ചയുള്ള ഒന്നാണ് എന്നതാണ്. മുൻ ഭരണസമിതി തയ്യാറാക്കുകയും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്ത നടപ്പ് വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ നിർവഹണം തുടരാനുള്ള ഉത്തരവാദിത്തം തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതികൾക്കുണ്ട്. ആ ഉത്തരവാദിത്തം പുതിയ ഭരണ സമിതികൾ ഭംഗിയായി നിറവേറ്റണം. അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ജനുവരി ആദ്യവാരം ആരംഭിക്കും. പുതിയ ആശയങ്ങളും പുതിയ പ്രോജക്ടുകളും അതിലേയ്ക്ക് കൊണ്ടു വരുന്നതിനാണ് പുതിയ ഭരണസമിതികളും ജനപ്രതിനിധികളും ശ്രമിക്കേണ്ടത്.

3. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജനുവരി മൂന്നാം വാരത്തിൽ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗം വിളിച്ചു ചേർത്ത് നടപ്പ് വാർഷിക പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയും ലഭ്യമായ സമയത്തിനുള്ളിൽ നിർവഹണം പൂർത്തിയാക്കുന്നതിനുള്ള കർമ്മ പരിപാടി ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. ഇനിയുള്ള രണ്ട് മാസം കൃത്യമായ ഇടവേളകളിൽ

അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതി നിർവഹണം വേഗത്തിലാക്കണം.

4. നടപ്പ് വാർഷിക പദ്ധതിയിൽ (2020-21) പൊതുവെ മാറ്റങ്ങൾ അനുവദനീയമല്ല. എങ്കിലും വളരെ ഒഴിവാക്കാനാവാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ചുവടെ പ്രതിപാദിക്കുന്ന മാറ്റങ്ങൾ ആകാവുന്നതാണ്-

1. ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ശുചിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
2. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക, നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുക.
3. ലൈഫ് മിഷൻ പ്രോജക്ടിന് കൂടുതൽ തുക ആവശ്യമാണെങ്കിൽ വിഹിതം വർദ്ധിപ്പിക്കുക
4. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കുക.
5. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് ഏറ്റെടുക്കുക
6. ഏതെങ്കിലും കേന്ദ്ര/സംസ്ഥാന പദ്ധതിയ്ക്ക് വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പ്രോജക്ട് ഏറ്റെടുക്കുക.
7. വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ അനുമതി നിരസിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പി ക്കുകയോ ചെയ്യുക.
8. ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് പാലിക്കാതെയുമുള്ള പ്രോജക്ടുകൾ ഒഴിവാക്കുക.
9. വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും പദ്ധതിയിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുക
10. ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉണ്ടെങ്കിൽ അതുപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക - ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

5. വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി പുതുതായി ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തുന്നതിനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും, ഖണ്ഡിക 4.7 മുതൽ 4.10 വരെ പ്രതിപാദിക്കുന്ന കാരണങ്ങളാൽ ലഭ്യമാകുന്ന വിഹിതം ഉപയോഗിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ പാടുള്ളൂ.

6. ഈ ഉത്തരവ് പ്രകാരമുള്ള ഭേദഗതികൾ പൂർത്തിയാക്കി 2021 ജനുവരി 25-നകം ജില്ലാ

ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
14. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
15. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിമൂന്നാം പഞ്ചവൽസര പദ്ധതി (2017-22)- നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങൾ 2021-22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.4/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 11/01/2021

പരാമർശം:- 1 29.01.2018-ലെ സ.ഉ.(എം.എസ്) നം.11/2018/തസ്വഭവ

2 02.02.2018-ലെ സ.ഉ.(എം.എസ്) നം.17/2018/തസ്വഭവ

3 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ

ഉത്തരവ്

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവഹണം ആരംഭിക്കാൻ കഴിയുംവിധം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി കാലേക്കൂട്ടി തയ്യാറാക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്നത് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ പ്രധാന നേട്ടങ്ങളിൽ ഒന്നായാണ് വിലയിരുത്തപ്പെടുന്നത്. വരാൻ പോകുന്ന വർഷത്തെ വികസന പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ ഓരോ വർഷവും ഡിസംബർ ആദ്യവാരം ആരംഭിക്കുകയും മാർച്ച് ആദ്യവാരത്തോടുകൂടി അത് പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്ന നിലയിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറാൻ കഴിഞ്ഞു. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പ് 2020 ഡിസംബറിൽ നടന്നതു കാരണം 2021-22 വർഷത്തേയ്ക്കുള്ള പദ്ധതി തയ്യാറാക്കുന്ന പ്രക്രിയ ഈ ഡിസംബറിൽ ആരംഭിക്കാൻ കഴിഞ്ഞില്ല.

2. 2021 മാർച്ച് മാസത്തിന്റെ തുടക്കത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ സാധ്യതയുണ്ട്. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന ദിവസം മുതൽ പെരുമാറ്റച്ചട്ടം നിലവിൽ വരും. അതിന് മുമ്പ് വാർഷിക പദ്ധതിക്ക് അംഗീകാരം നേടാൻ കഴിയാതെ വന്നാൽ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടങ്ങൾ അവസാനിച്ചതിനുശേഷം മാത്രമേ പദ്ധതി തയ്യാറാക്കാൻ കഴിയുകയുള്ളൂ. അങ്ങനെയെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലുള്ള നാലഞ്ചു മാസത്തിൽ വികസന പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കാൻ കഴിയാതെ വരികയും പദ്ധതി നിർവഹണത്തിന് വളരെ കുറച്ച് സമയം മാത്രം ലഭിക്കുന്ന പഴയ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ മാറുകയും ചെയ്യും. അത്തരമൊരു സ്ഥിതിവിശേഷം യാതൊരു കാരണവശാലും ഉണ്ടാകാൻ പാടില്ല. മാത്രമല്ല; മുൻകൂട്ടി പദ്ധതി തയ്യാറാക്കി അംഗീകാരം

നേടുകയാണെങ്കിൽ നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടെങ്കിൽ തന്നെയും ഏറ്റവും അവശ്യമായ പ്രോജക്ടുകളുടെ നിർവഹണം തടസ്സം കൂടാതെ നടത്താൻ കഴിയും. പെരുമാറ്റച്ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മറ്റ് പ്രോജക്ടുകളുടെ നിർവഹണം ആരംഭിക്കാനും കഴിയും. ഇത് മുന്നിൽ കണ്ട് 2021 ജനുവരി-ഫെബ്രുവരി മാസങ്ങളിലായി അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ , കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
23. എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരള മിഷൻ
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
26 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അനുബന്ധം

2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള അധിക മാർഗനിർദ്ദേശങ്ങളും സമയക്രമവും

1. 2021-22 വാർഷിക പദ്ധതി രൂപീകരണം.

1.1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ 2021 ജനുവരി പകുതിയോടെ ആരംഭിക്കേണ്ടതാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്തേയ്ക്ക് വേണ്ടി പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗരേഖയിലോ, സബ്സിഡി മാർഗരേഖയിലോ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നില്ല. അടുത്ത വർഷത്തെ (2021-22) പദ്ധതി തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന മാർഗരേഖയായി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 29.01.2018-ലെ സ.ഉ. (എം.എസ്) നം.11/2018/തസ്വഭവ പ്രകാരമുള്ള മാർഗരേഖയും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും 02.02.2018-ലെ സ.ഉ.(എം.എസ്) നം.17/ 2018/തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖയും സ്വീകരിക്കേണ്ടതാണ്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ പ്രകാരമുള്ള മാർഗരേഖ ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖയ്ക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും 2021-22 ലും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

1.2 പതിമൂന്നാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതു ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ, വിവിധ വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ എന്നിവ കണക്കിലെടുത്തു വേണം വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. ഒപ്പം, ജില്ലാ ആസൂത്രണസമിതി നൽകുന്ന ജില്ലാതല മുൻഗണനകൾ കണക്കിലെടുക്കുകയും വേണം. 2021-22 വാർഷിക പദ്ധതിയിലെ മറ്റ് പ്രധാന മുൻഗണനകൾ ചുവടെ ചേർക്കുന്നു.

2. സുഭിക്ഷ കേരളം പദ്ധതി

2.1 ഭക്ഷ്യ സാധനങ്ങളുടെ ഉത്പാദനം വലിയ തോതിൽ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് 2020 മേയിൽ ആരംഭിച്ച സുഭിക്ഷ കേരളം പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിൽ വലിയ പ്രാധാന്യമാണ് നൽകിയത്. ഈ പദ്ധതി ആരംഭിച്ചതിനെ തുടർന്ന് കൂടുതൽ ആൾക്കാർ കൃഷി-അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങളിലേയ്ക്ക് തിരിയുകയും അതിന്റെ ഫലമായി കാർഷിക-അനുബന്ധ മേഖലകളിൽ വലിയ ഉണർവ് ഉണ്ടാകുകയും ഉത്പാദനം ഗണ്യമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വാർഷിക പദ്ധതിയിലും സുഭിക്ഷ കേരളം പദ്ധതി കൂടതൽ ശക്തമായി നടപ്പിലാക്കണം. പഴം, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, മത്സ്യം, പാല്, മുട്ട, ഇറച്ചി തുടങ്ങിയ പ്രാഥമിക ഉല്പന്നങ്ങളുടെ വർദ്ധനവിന് വലിയ പരിശ്രമം ഉണ്ടാകണം. ഒപ്പം, ഉല്പാദന പദ്ധതി തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും നടത്തേണ്ടതാണ്.

2.2 സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് വിപുലമായ വിപണന സൗകര്യങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം. സഹകരണ സംഘങ്ങളുടെ പിന്തുണയും സഹകരണവും ഉറപ്പാക്കണം. 18.05.2020-ലെ സ.ഉ. (കൈ) നം. 14/2020/ആ.സാ.വ.

പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയിൽ വിവരിച്ചിട്ടുള്ളതുപോലെ സുഭിക്ഷ കേരളം പദ്ധതിക്ക് വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം ഗ്രാമ പഞ്ചായത്ത്/ നഗരസഭാ തലത്തിൽ ഉറപ്പാക്കണം. 29.05.2020-ലെ സ.ഉ.(സാധാ)നം.1009/2020/തസ്വഭവ ഉത്തരവ് പ്രകാരം സബ്സിഡി മാനദണ്ഡങ്ങളും പരിഷ്കരിച്ചിട്ടുണ്ട്.

2.3 സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ പ്രത്യേകം രേഖപ്പെടുത്തണം. ഇതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്.

3. പന്ത്രണ്ടിന പരിപാടി

3.1. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടു 06.03.2020 ലെ സ.ഉ. (കൈ) നം.45/2020/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പന്ത്രണ്ടിന പരിപാടിക്ക് അടുത്ത വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. പ്രധാന പരിപാടികൾ ചുവടെ ചേർക്കുന്നു.

3.1.1 തൊഴിലവസര സൃഷ്ടി (ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം - LEAP)

(1) കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളും കൊവിഡ് മഹാമാരിയും സംസ്ഥാനത്തിന് ഉണ്ടാക്കിയ ആഘാതം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 2021-22 വാർഷിക പദ്ധതിയിൽ ഉയർന്ന പരിഗണന നൽകണം. ഏറ്റവും പ്രധാനം തൊഴിൽ സൃഷ്ടിയാണ്. ഈ ദൗത്യം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. കാർഷിക രംഗത്ത് വലിയ അളവിൽ തൊഴിൽ സൃഷ്ടിക്കാൻ കഴിയും എന്നാണ് സമീപകാല അനുഭവങ്ങൾ തെളിയിക്കുന്നത്. തദേശ ഭരണ സ്ഥാപങ്ങൾ ഇതിൽ വലിയ പങ്കാണ് വഹിച്ചത്. അതുപോലെ വ്യവസായ-സേവന മേഖലകളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും കഴിയണം. തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക മാത്രമല്ല ചെറുതും വലുതുമായ സംരംഭങ്ങൾ തുടങ്ങാൻ വരുന്നവർക്ക് നിയമ വിധേയമായ എല്ലാ സഹായങ്ങളും നൽകുകയും വേണം. തൊഴിൽ ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ തുടങ്ങിയ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തണം.

(2) ആയിരം പേർക്ക് അഞ്ച് തൊഴിലവസരങ്ങൾ എന്ന കണക്കിൽ തൊഴിൽ സൃഷ്ടിക്കാനുള്ള ഒരു പദ്ധതി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് വിജയിപ്പിക്കുന്നതിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രത്യേക നടപടികൾ സ്വീകരിക്കണം.

(3) പ്രകൃതി ദുരന്തങ്ങളിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. അതുപോലെ കൊവിഡ് മഹാമാരിയെ തുടർന്ന് തൊഴിൽ നഷ്ടം ഉണ്ടായവർക്ക്, പ്രത്യേകിച്ച് വിദേശങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വന്നവർക്ക്, തൊഴിൽ ലഭ്യമാക്കുന്നതിനും മുൻഗണന നൽകണം.

(4) തൊഴിൽ സംരംഭങ്ങൾക്ക് 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ മാർഗ രേഖയിൽ വിവരിക്കുന്ന പ്രകാരം തൊഴിൽ സംരംഭക യൂണിറ്റുകൾക്കുള്ള ധനസഹായമോ (ഖണ്ഡിക 6.4 പേജ് നം.31-32) സംരംഭക പ്രോത്സാഹന പദ്ധതിയുടെ ഭാഗമായുള്ള ധനസഹായമോ (പലിശ സബ്സിഡി ഉൾപ്പെടെ - ഖണ്ഡിക 6.4.21, പേജ് 36) നൽകാവുന്നതാണ്.

3.1.2 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ

നമ്മുടെ നാട്ടിൽ ആരും പട്ടിണി കിടക്കാൻ പാടില്ല എന്നതാണ് സർക്കാർ നയം. ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും ഒന്നു വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന നിലയിലും 20 രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കുകയാണ് ലക്ഷ്യം. ഇതിനകം 850 ജനകീയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണം.

3.1.3 പൊതു ടോയിലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും

പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിവിധ സ്ഥലങ്ങളിൽ 12,000 ത്തോളം പൊതു ടോയലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുകയാണ് ലക്ഷ്യം. പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച മാർഗരേഖ 27.07.2020-ലെ സ.ഉ.(സാധാ) നം.1401/2020/തസ്വഭവ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു ശൗചാലയങ്ങളുടെ നിർമ്മാണത്തിലും പരിപാലനത്തിലും കൂടുതൽ ശ്രദ്ധിക്കണം. ആദ്യ ഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളിൽ 2, മുനിസിപ്പാലിറ്റികളിൽ 5, കോർപ്പറേഷനുകളിൽ 8 എന്ന നിലയ്ക്ക് പൊതു ശൗചാലയങ്ങൾ പണിയുന്നതിനാണ് ലക്ഷ്യമിടുന്നത്.

3.1.4 ശുചിത്വ കേരളം

(1) കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരവും 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരവും ഇവയോടനുബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിലും ശുചിത്വമാലിന്യ സംസ്കരണം തദ്ദേശഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങളിലെ മുൻപിൻ ബന്ധങ്ങളും ഉറപ്പാക്കുന്ന പ്രോജക്ടുകൾ, നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. എം.സി.എഫ്., മിനി എം.സി.എഫുകൾ, ആർ.ആർ.എഫ്., ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ, കമ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, ഹരിതകർമ്മ സേനയ്ക്കുള്ള വി.ജി.എഫ്, സുരക്ഷാ ഉപാധികൾ എന്നിവ ഇതിന്റെ ഭാഗമായി ഉറപ്പാക്കണം.

(2) ശുചിത്വ പദവി കൈവരിക്കാത്ത ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ശുചിത്വ പദവി കൈവരിക്കുന്നതിനും ശുചിത്വ പദവി കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ ആ പദവി നിലനിർത്തുന്നതിനും സമ്പൂർണ്ണ ശുചിത്വ പദവി നേടുന്നതിനും പര്യാപ്തമായി, ഖര-ദ്രവ മാലിന്യങ്ങളും ഇതര മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

(3) 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ ഒ.എ.നം.606/2018, ഒ.എ.നം.673/2018, എം.എ.നം.26/2019 (OA No. 325/2015) എന്നീ നമ്പർ കേസുകളിൽ ശക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന നദികളുടെ തീരങ്ങളിൽ സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ, നദികളിലേക്ക് മാലിന്യങ്ങൾ ഒഴുക്കി വിടുന്നതിനെതിരെയുള്ള നടപടികളുടെയും, കുളങ്ങൾ, തടാകങ്ങൾ മറ്റ് ജലാശയങ്ങൾ എന്നിവയുടെ മലിനീകരണം തടയാനുള്ള നടപടികളുടെയും അപര്യാപ്തത ട്രിബ്യൂണൽ ഗൗരവമായിട്ടാണ് വീക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ഖര-ദ്രവ മാലിന്യങ്ങൾക്ക് കാരണമായ ഉറവിടങ്ങൾ കണ്ടെത്തി ജലാശയലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നിർബന്ധമായും തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യങ്ങളുടെ ഉറവിടം കണ്ടെത്താൻ കഴിയാത്ത ഇടങ്ങളിൽ ജലാശയങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ചെറുതും വലുതുമായ പ്രോജക്ടുകൾ, പൊതുജനങ്ങളുടെ ആശങ്കയകറ്റുന്നതിനായി ബോധവൽക്കരണ പരിപാടികൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. ഇപ്രകാരം നടപ്പിലാക്കുന്ന പ്രോജക്ടുകൾ കൃത്യമായും കാര്യക്ഷമമായും നിരീക്ഷിക്കുന്നതിന് മികച്ച സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നുണ്ടെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ സംയോജിതമായി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാൻ സാധിക്കുന്ന സാഹചര്യങ്ങളിൽ അത്തരം പ്രോജക്ടുകൾക്ക് പ്രാമുഖ്യം നൽകേണ്ടതുമാണ്.

3.1.5 ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ

(1) 12.2019-ലെ സ.ഉ.(കൈ)156/2019/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയിൽ നിർദ്ദേശിച്ചിരുന്നത് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും 2020-21 വാർഷിക പദ്ധതിക്കൊപ്പം ദുരന്ത മാനേജ്മെന്റ് പ്ലാനിനും രൂപം നൽകിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ ജനപങ്കാളിത്തത്തോടെ തയ്യാറാക്കിയ ദുരന്ത മാനേജ്മെന്റ് പ്ലാൻ, വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ദ്രുതവിശകലനത്തിന് വിധേയമാക്കേണ്ടതും പ്ലാൻ മുന്നോട്ടു വയ്ക്കുന്ന ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുമുള്ള പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്ന് ഏറ്റവും പ്രധാനപ്പെട്ടവ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

(2) നഗര, ഗ്രാമ ഭേദമന്യേ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ സമീപ പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ദുരന്ത മാനേജ്മെന്റ് പ്ലാനുകളും ഇത്തരത്തിൽ വിശകലന വിധേയമാക്കി പ്രോജക്ടുകൾ ആവിഷ്കരിക്കണം. അതുപോലെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകളുടേയും നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വിശകലന വിധേയമാക്കി പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

3.2 പന്ത്രണ്ടിന പരിപാടിയിലെ മറ്റ് പരിപാടികൾക്കും ഇതുപോലെ പ്രത്യേക പരിഗണന

നൽകേണ്ടതും പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്

4. നിലാവ് പ്രോജക്ട്

4.1. ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും ഉടമസ്ഥതയിലുള്ള റോഡുകളിലെ പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 'നിലാവ്' പ്രോജക്ടിന്റെ പരിഷ്കരിച്ച മാർഗരേഖ 25.12.2020-ലെ സ.ഉ. (കൈ) നം.202/2020/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഊർജ ഉപഭോഗം കുറയ്ക്കുക, പാരിസ്ഥിതിക ആഘാതം കുറയ്ക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇപ്രകാരം എൽ.ഇ.ഡി. ലൈറ്റുകളിലേയ്ക്ക് മാറുകയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവിൽ കാര്യമായ കുറവുണ്ടാകും. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ (കെ.എസ്.ഇ.ബി. ലിമിറ്റഡ്) ആഭിമുഖ്യത്തിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ ആദ്യം പരമ്പരാഗത തെരുവുവിളക്കുകൾ എല്ലാം മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുകയും തുടർന്ന് ഇതിന് ചെലവായ തുക 2021-22 മുതൽ ഏഴ് വർഷങ്ങളിലായി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കിഫ്ബിയ്ക്ക് നൽകുകയും ചെയ്യുന്ന രീതിയിലാണ് പ്രോജക്ട് ഇപ്പോൾ പുനരാവിഷ്കരിച്ചിട്ടുള്ളത്. 2021 മാർച്ച് 31-ന് മുമ്പ് ഇത് പൂർത്തിയാക്കുകയാണ് ലക്ഷ്യം.

4.2 നിലാവ് പ്രോജക്ടിന്റെ ഭാഗമാകുന്ന ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കിഫ്ബിയ്ക്ക് തിരിച്ചടവ് സംഖ്യ നൽകുന്നതിനുള്ള പ്രോജക്ട് നിർബന്ധമായും 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിന് പൊതു വിഭാഗത്തിലെ സാധാരണ വിഹിതം വകയിരുത്താവുന്നതാണ്. നിലാവ് പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകളുടെ വൈദ്യുതി ഉപയോഗം കണക്കാക്കുവാൻ മീറ്ററിംഗ് സമ്പ്രദായം സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടും 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

5. ജല ജീവൻ മിഷൻ പ്രോജക്ടുകൾ

5.1 ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള 'ജല ജീവൻ മിഷൻ' കേന്ദ്ര - സംസ്ഥാന - പ്രാദേശിക സർക്കാരുകളുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും സമന്വയിപ്പിച്ചാണ് കേരളത്തിൽ 2020-21 മുതൽ നടപ്പാക്കി വരുന്നത്. കേന്ദ്ര സർക്കാർ വിഹിതം, സംസ്ഥാന സർക്കാർ വിഹിതം, പ്രാദേശിക സർക്കാർ വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ 45 : 30 : 15 : 10 എന്ന അനുപാതത്തിലാണ്.

5.2 ജല ജീവൻ മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും 2020-21-ൽ ഏറ്റെടുത്ത ബഹുവർഷ പ്രോജക്ടിന്റെ 2021-22-ലെ വിഹിതം നൽകുന്നതിനും ഉള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ അവരുടെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രാദേശിക സർക്കാരുകളുടെ 15 ശതമാനം വിഹിതം നൽകുന്നതിന് പൊതു വിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും പ്രസ്തുത ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പ്രകാരം വിനിയോഗിക്കാവുന്നതാണ്.

6. കൃഷിയും മണ്ണ്-ജല സംരംക്ഷണവും

6.1 ജലാശയങ്ങളുടെ വീണ്ടെടുപ്പ്, നീർച്ചാലുകളും തോടുകളും ശുചീകരിച്ച് അവയുടെ ശൃംഖല പുനഃസ്ഥാപിക്കൽ എന്നിവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

6.2 എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭാ പരിധിയിലും ഹയർ സെക്കൻഡറി സ്കൂൾ ലാബുകളോടനുബന്ധിച്ച് ഒരു ജലഗുണതാ പരിശോധനാ ലാബെങ്കിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണം. എം.എൽ.എ ഫണ്ടിൽ നിന്നും ഇതിനായി തുക അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

6.3 ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മസേനകൾ വഴി ഉത്പാദിപ്പിക്കുന്ന ജൈവവളം കാർഷിക പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഉറപ്പു വരുത്തണം. തരിശു രഹിത ഗ്രാമം, ഹരിതസമൃദ്ധി വാർഡുകൾ എന്നിവ സാധ്യമാകും വിധത്തിലുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. പച്ചത്തുരുത്തുകൾ സംരക്ഷിക്കുന്നതിനും പൊതു ഇടങ്ങൾ ജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് അതിനുചുറ്റും നടപ്പാത തയ്യാറാക്കുന്നതിനും ഇരിപ്പിടങ്ങൾ സ്ഥാപിക്കുന്നതിനും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

7 . ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും

7.1 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടേയും വിശദാംശങ്ങൾ 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 ൽ വിവരിച്ചിട്ടുണ്ട്. മതിയായ ഫണ്ട് ലഭ്യമല്ലാത്തത് കാരണം പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. ഇത് സംബന്ധിച്ച് ധാരാളം പരാതികൾ മനുഷ്യാവകാശ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, കോടതികൾ, സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ ലഭിക്കുന്നുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായി ലഭ്യമാക്കേണ്ടതാണ്.

7.2 ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സഹായങ്ങൾ നൽകുന്നതിന് ശ്രമിക്കേണ്ടതാണ്. മതിയായ വിഹിതമില്ലാത്ത ഗ്രാമ പഞ്ചായത്തുകൾ മേൽത്തട്ടിൽ നിന്നും വിഹിതം ലഭ്യമാക്കുന്നതിന്, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വകയിരുത്തേണ്ട വിഹിതം എത്രയെന്ന് കണക്കാക്കി മേൽത്തട്ടിലേയ്ക്കും ജില്ലാ ആസൂത്രണസമിതിക്കും നൽകേണ്ടതാണ്. മേൽത്തട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അധ്യക്ഷന്മാരുടെ യോഗം വിളിച്ച് ചേർത്ത് സഹായം പൂർണ്ണമായി ലഭ്യമാക്കുന്നതിനുള്ള തന്ത്രം ആവിഷ്കരിച്ച്

പ്രവർത്തികമാക്കണം.

8. മെയിന്റനൻസ് പ്ലാൻ

8.1 സ്കൂളുകൾ, ആശുപത്രികൾ, അംഗനവാടികൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ തുടങ്ങി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥാപനങ്ങളുടേയും റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടേയും അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതും അതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

8.2 സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി നടത്താതിരിക്കുകയും എന്നാൽ റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുന്നതുമായ സാഹചര്യം ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല. അംഗനവാടികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ടോയിലറ്റ് സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കണം.

9. പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരണം

9.1 2022-23 മുതൽ ആരംഭിക്കുന്ന അഞ്ച് വർഷക്കാലയളവിലേയ്ക്കുള്ള 'പതിനാലാം പഞ്ചവൽസര പദ്ധതി' തയ്യാറാക്കുന്നതിനുള്ള പ്രയത്നം പുതിയ ഭരണ സമിതികൾ ഇപ്പോഴേ ആരംഭിക്കണം. വികസനരേഖ പരിഷ്കരിക്കുന്നതിനൊപ്പം വിശദമായ പഠനങ്ങളും കൂടിയാലോചനകളും നടക്കണം. ആവശ്യം വേണ്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും വേണം. ഈ പ്രവർത്തനങ്ങൾ 2021-22 വർഷത്തിലാണ് നടത്തേണ്ടത്. വികസന-ഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതിക വിദഗ്ദ്ധർ, സന്നദ്ധ വിദഗ്ദ്ധർ തുടങ്ങിയവരുടെ സേവനങ്ങൾ ഇതിന് പ്രയോജനപ്പെടുത്തണം.

9.2 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2021-22 വാർഷിക പദ്ധതിയിൽ പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ചെലവ് വഹിക്കുന്നതിനുള്ള ഒരു പ്രോജക്ട് നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 2 ലക്ഷം രൂപവരെയും മുനിസിപ്പാലിറ്റികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും 3 ലക്ഷം രൂപ വരെയും കോർപ്പറേഷനുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 5 ലക്ഷം രൂപ വരെയും വകയിരുത്താവുന്നതാണ്. ഇതിന് പൊതുവിഭാഗം (സാധാരണ വിഹിതം), തനത് ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം (അടിസ്ഥാന വിഹിതം) എന്നീ ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. മുന്നൊരുക്ക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള വിശദമായ മാർഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

10. സംയോജിത പരിപാടികൾ

10.1. താരതമ്യേന വലിയ പ്രോജക്ടുകൾ ഒറ്റയ്ക്കോ ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്തമായോ ഏറ്റെടുക്കുന്നതിനുള്ള കാര്യമായ പരിശ്രമം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇത്തരം പ്രോജക്ടുകൾ വികസനത്തിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കും. ഇതിന് ജില്ലാ ആസൂത്രണ സമിതിയും മുൻകൈയ്യെടുക്കേണ്ടതാണ്.

10.2 സംയോജിത പരിപാടികളെയും സംയുക്ത പ്രോജക്ടുകളെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന് ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾക്കും സംയുക്ത പ്രോജക്ടുകൾക്കും പ്രോത്സാഹന ധനസഹായം നൽകുന്നതിന് സംസ്ഥാന സർക്കാർ ബജറ്റിൽ പ്രത്യേകം തുക മാറ്റിവച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ മാർഗരേഖ 06.08.2018-ലെ സ.ഉ. (എം.എസ്) നം.106/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംയോജിത/സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ ധാരണയുണ്ടാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും ഒരു സംയുക്തയോഗം ജനുവരി 29-ന് മുമ്പായി നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്.

11. മിഷൻ അന്ത്യോദയ സർവ്വേയിൽ (2020) കണ്ടെത്തിയ വികസന വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ

11.1. കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan) എന്ന പേരിൽ ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കി വരികയാണ്. ഇത് കേരളത്തിൽ ഏറെക്കാലമായി നടപ്പാക്കി വരുന്ന പങ്കാളിത്ത ആസൂത്രണത്തിന്റെ മാതൃകയാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ പദ്ധതി പ്രവർത്തനങ്ങളിൽ മാറ്റം ആവശ്യമായി വരുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേയ്ക്ക് നൽകേണ്ടതുണ്ട്.

11.2. 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ 'മിഷൻ അന്ത്യോദയ സർവ്വേയിൽ' (2020) കണ്ടെത്തിയ വികസന പ്രശ്നങ്ങളും വിടവുകളും (gaps) 2021-22 വാർഷിക പദ്ധതിയിൽ പരിഹരിക്കുന്നതിനുള്ള കാര്യമായ പരിശ്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നടത്തണം. സർവ്വേയിലെ കണ്ടെത്തലുകൾ വിശകലനം ചെയ്തുകൊണ്ടുള്ള റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ല എന്നീ തലങ്ങളിൽ തയ്യാറാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ല, ബ്ലോക്ക് തലങ്ങളിൽ വിശദമായ ചർച്ചകൾ സംഘടിപ്പിക്കേണ്ടതുമാണ്. സർവേയിലെ കണ്ടെത്തലുകൾ ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്. (ഉദാ.ആറ് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളിൽ ഭാരക്കുറവുള്ളവരുടെ എണ്ണം, അനീമിക് ആയ ശിശുക്കളുടേയും കൗമാരക്കാരായ പെൺകുട്ടികളുടെയും എണ്ണം)

11.3 ഓരോ സൂചകത്തിന്റേയും വില്ലേജ്/ഗ്രാമ പഞ്ചായത്ത് തല സ്കോറുകൾ ഉൾപ്പെടെയുള്ള വിശകലന റിപ്പോർട്ടുകൾ ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടറും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്), ബ്ലോക്ക്തലത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസറും (പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ്), ഗ്രാമപഞ്ചായത്ത് തലത്തിൽ സർവേയുടെ ചുമതലയുള്ള ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്ററും തയ്യാറാക്കേണ്ടതാണ്. വിശകലന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പ്രൊഫോർമയും മാർഗരേഖയും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ നൽകുന്നതാണ്.

11.4 വിശകലന റിപ്പോർട്ടുകളുടെ പകർപ്പ് ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിലെ എല്ലാ

വർക്കിംഗ് ഗ്രൂപ്പുകൾക്കും ലഭ്യമാക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ സർവ്വേയിലെ കണ്ടെത്തലുകൾ പരിശോധിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും വിടവുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

11.5 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മിഷൻ അന്ത്യോദയ സർവ്വേയിലൂടെ കണ്ടെത്തിയ വികസന വിടവുകൾ പരിഹരിക്കുന്നതിനായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ പ്രത്യേകം രേഖപ്പെടുത്തണം. ഇതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇത്തരം പ്രോജക്ടുകളുടെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ 'ഇ-ഗ്രാമ സ്വരാജ്' പോർട്ടലിലേയ്ക്ക് നൽകേണ്ടതുള്ളതുകൊണ്ടാണ് ഇപ്രകാരം വിവരം ശ്രദ്ധയോടെ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നത്.

11.6 പദ്ധതി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേക്ക് നൽകിയതുപോലെ അടുത്ത വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിശദാംശങ്ങളും നൽകേണ്ടതുണ്ട്. 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച് 29.10.2018-ലെ സ.ഉ. (സാധാ) നം.2766/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന്റെ കാര്യത്തിലും ബന്ധപ്പെട്ടവർ പാലിക്കേണ്ടതാണ്.

12. ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ പുതുക്കൽ

പത്ത് വർഷം പിന്നിടുന്ന ബയോ ഡൈവേഴ്സിറ്റി രജിസ്റ്ററുകൾ പുതുക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടപടി സ്വീകരിക്കേണ്ടതാണ്.

13. ബഹുവർഷ പ്രോജക്ടുകൾ

13.1 പുതിയ ഭരണസമിതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്ന തരത്തിലുള്ള ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. എന്നിരുന്നാലും പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷമായതിനാൽ ഒഴിവാക്കാനാകാത്ത ബഹുവർഷ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതാകും അഭികാമ്യം.

13.2 ഒരു വർഷം കൊണ്ട് നിർവഹണം പൂർത്തിയാക്കാൻ കഴിയുന്ന പ്രോജക്ടുകൾ ബഹുവർഷമായി ഉൾക്കൊള്ളിക്കാൻ പാടില്ല.

14. വാർഷിക പദ്ധതി അടങ്കൽ

14.1 2021-22-ലെ ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനമാക്കി വേണം വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കേണ്ടത്.

14.2 നടപ്പ് വാർഷിക പദ്ധതിയിൽ നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകളിൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്ന പ്രോജക്ടുകളുടെ യഥാർത്ഥ ചിത്രം മാർച്ച് 31 കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. എന്നിരുന്നാലും ഈ സാമ്പത്തിക വർഷം നിർവഹണം പൂർത്തിയാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ അടുത്ത വർഷം സ്പിൽ ഓവറായി തുടരുമ്പോൾ അവയ്ക്ക് വേണ്ട സ്പിൽ ഓവർ വിഹിതം കണ്ടെത്തുന്നതിന്, വേണമെങ്കിൽ 2021-22-ലെ വാർഷിക പദ്ധതി രൂപീകരിക്കുന്ന ഈ സമയത്ത് തന്നെ

ഒരു നിശ്ചിതസംഖ്യ (lumpsum provision) പരമാവധി 20 ശതമാനം വരെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ടി മാറ്റി വയ്ക്കാവുന്നതാണ്. എല്ലാ വിഭാഗത്തിലും ഇപ്രകാരം നിശ്ചിത സംഖ്യ പ്രത്യേകം മാറ്റി വയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത സംഖ്യ സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾ തന്നെ മാറ്റി വയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും.

15. വികസന മിഷനുകളും കേന്ദ്ര/സംസ്ഥാന പദ്ധതികളുമായുള്ള സംയോജനം

15.1 വാർഷിക പദ്ധതിയുടെ വിഭവ സ്രോതസ്സ് സംസ്ഥാന സർക്കാർ കൈമാറുന്ന വികസന, മെയിന്റനൻസ് ഫണ്ടുകൾ മാത്രമാകാൻ പാടില്ല. തനത് ഫണ്ടിലെ മിച്ചം, കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഭവം, വായ്പ, സംഭാവന തുടങ്ങി വിവിധ സ്രോതസ്സുകളിൽ നിന്നും കഴിയാവുന്നത്ര വിഹിതം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തണം. ഇതിൽ പരമ പ്രധാനമാണ് വിവിധ മിഷനുകളുമായും കേന്ദ്ര/സംസ്ഥാന പദ്ധതികളുമായുള്ള സംയോജനം.

15.2 നവ കേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകൾ (ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം) മുഖേന നല്ലൊരു തുക സർക്കാർ പ്രത്യേകമായി ചെലവഴിക്കുന്നുണ്ട്. ഇതിനർത്ഥം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ബജറ്റ് വിഹിതത്തിന് പുറമെ അധികമായി മറ്റൊരു വിധത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിന് ലഭിക്കുന്നു എന്നതാണ്. വികസന മിഷനുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്.

15.3 നിലവിൽ വികസന/തനത് ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കുന്ന പല പ്രോജക്ടുകളും കേന്ദ്ര/ സംസ്ഥാന പദ്ധതികളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ കഴിയും. ഇത്തരത്തിൽ കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ പരിമിതമായ വികസന/തനത് ഫണ്ടുകൾ മറ്റ് അത്യാവശ്യ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ലഭ്യമാക്കാവുന്നതാണ്. കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾക്കുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

15.4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം

(1) ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. പ്രകൃതി വിഭവ പരിപാലനം, കൃഷി, മൃഗസംരക്ഷണം, മത്സ്യ വികസനം, ഭവന നിർമ്മാണം, ശുചിത്വ പരിപാലനം, മാലിന്യ സംസ്കരണം, സൂക്ഷ്മസംരംഭ വികസനം, വിപണനം, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം തുടങ്ങി വിവിധ മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(2) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിക്ക്

ഉപയുക്തമാക്കുന്നതിനു വേണ്ടി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായിട്ടുള്ള ഭൂമി തട്ടുതിരിക്കൽ, നിരപ്പാക്കൽ, പുതിയ ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതും കൃഷിയിറക്കുന്നതിനു വേണ്ടിയുള്ള മറ്റു ആവർത്തന ചിലവുകൾ വികസനഫണ്ട് വിഹിതം, കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ, ഗുണഭോക്തൃ വിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്താവുന്നതുമാണ്. കാർഷിക വികസനത്തിനു സഹായകരമാകും വിധം ഫാം പോണ്ടുകളുടെയും ജലസേചന കിണറുകളുടെയും നിർമ്മാണം, ചെറുതും വലുതുമായ പുതിയ ജലസേചന കനാലുകളുടെ നിർമ്മാണം, നിലവിലുള്ള കനാലുകളുടെ സമഗ്രമായ പുനരുദ്ധാരണ പ്രവൃത്തികൾ, വെള്ളക്കെട്ടുള്ള കൃഷി ഭൂമിയിൽ ജലനിർഗ്ഗമന ചാലുകളുടെ നിർമ്മാണം എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ അത് ഗ്രാമപഞ്ചായത്തിലെ മറ്റു കാർഷിക വികസന പ്രവർത്തനങ്ങൾക്ക് അനുപൂരകമായിരിക്കേണ്ടതും വിവിധതരം ഫണ്ടുകളുടെ സംയോജനം പരമാവധി ഉറപ്പു വരുത്തേണ്ടതുമാണ്.

(3) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഷെഡ്യൂൾ I, ഖണ്ഡിക 5 പ്രകാരമുള്ള വിഭാഗങ്ങളുടെ ഭൂമിയിൽ നാളികേര കൃഷിവികസനത്തിനായി അതുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ, വളം തുടങ്ങിയവ വികസനഫണ്ട് വിഹിതമോ മറ്റു കാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയോ വാങ്ങുകയും തൈകൾ നടുന്നതും രണ്ടു വർഷം വരെയുള്ള പരിപാലന പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്. തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് നാളികേര നഴ്സറികളും തൊഴിലുറപ്പ് പദ്ധതിയിൽ സജ്ജമാക്കാവുന്നതാണ്.

(4) മൃഗസംരക്ഷണ മേഖലയിൽ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട്, അസോളാടാങ്ക് എന്നിവയുടെ നിർമ്മാണവും തീറ്റപ്പുൽകൃഷി, കമ്പോസിറ്റിങ്ങ് സംവിധാനം എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്നതും മെച്ചപ്പെട്ടയിനം പശു, ആട്, കോഴിക്കുഞ്ഞ് എന്നിവയെ വികസനഫണ്ട് വിഹിതം, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, ബാങ്കുവായ്പ, ഗുണഭോക്തൃവിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്താവുന്നതുമാണ്.

(5) മത്സ്യ വികസനത്തിനായി പൊതുകുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതും മറ്റനുബന്ധ ചെലവുകളും വികസനഫണ്ട് വിഹിതമോ മത്സ്യ വികസന വകുപ്പ് വിഹിതമോ ഗുണഭോക്തൃ വിഹിതമോ ഉപയോഗിച്ച് നിർവ്വഹിക്കാവുന്നതുമാണ്.

(6) സൂക്ഷ്മസംരംഭ വികസനത്തിനായി കുടുംബശ്രീ സംരംഭക ഗ്രൂപ്പുകൾക്ക് ആവശ്യമായ വർക്ക് ഷെഡുകൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചു നൽകാവുന്നതും ആവശ്യമായ പ്രവർത്തന മൂലധനം റിവോൾവിംഗ് ഫണ്ടായി തദ്ദേശഭരണ സ്ഥാപനത്തിന്റേയോ കുടുംബശ്രീയുടെയോ ഫണ്ടിൽ നിന്നു ലഭ്യമാക്കാവുന്നതുമാണ്.

(7) ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനത്തിനായി വിപണന ശുചിത്വ സൗകര്യങ്ങളോടുകൂടിയ ഗ്രാമചന്തകളുടെ (റൂറൽ ഹാട്ട്) നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും അവയുടെ ദൈനംദിന പ്രവർത്തന മേൽനോട്ടം ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസിന്റെയും നേതൃത്വത്തിൽ

നടത്താവുന്നതുമാണ്.

(8) അംഗൻവാടികളുടെ നർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 5 ലക്ഷം രൂപയും സാമൂഹ്യനീതി വകുപ്പിന്റെ വിഹിതമായി 2 ലക്ഷം രൂപയും ലഭ്യമാണ്. എസ്റ്റിമേറ്റ് പ്രകാരം കൂടുതൽ തുക ആവശ്യമുള്ള പക്ഷം ത്രിതല പഞ്ചായത്തുകളുടെ വികസനഫണ്ട് വിഹിതം സംയോജിപ്പിച്ച് മെച്ചപ്പെട്ട സൗകര്യങ്ങളുള്ള അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കുന്നതാണ്. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അംഗൻവാടികൾ കേന്ദ്രീകരിച്ച് പോഷകത്തോട്ടങ്ങൾ (ന്യൂട്രീ ഗാർഡൻ) സ്ഥാപിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

(9) സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഭക്ഷണഹാൾ, ശുചിമുറികൾ, കിണർ റീച്ചാർജ്ജിംഗ്, കളിസ്ഥലം (ഒരു ഗ്രാമ പഞ്ചായത്തിൽ ഒന്ന് മാത്രം), ഫലവൃക്ഷവൽക്കണം എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുവാൻ സാധിക്കും. ഇതിനോടൊപ്പം വികസന ഫണ്ട് വിഹിതം, വകുപ്പുതല പദ്ധതികൾ എന്നിവ കൂടി പ്രയോജനപ്പെടുത്തിയാൽ എല്ലാ സർക്കാർ സ്കൂളുകളിലും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്താൻ സാധിക്കും.

(10) വീടുകളിൽ കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ്, വാർഡു തലത്തിൽ മിനി എം.സി.എഫ് തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനത്തിന്റേയും ശുചിത്വമിഷന്റെയും ഫണ്ടുകളുടെ സംയോജനം ഉറപ്പാക്കി ഹരിതകർമ്മസേന, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയെ ഏകോപിപ്പിച്ചാൽ ശുചിത്വമേഖലയിൽ വലിയ മുന്നേറ്റം സാദ്ധ്യമാകും.

(11) പട്ടികവർഗ്ഗ മേഖലയിൽ സംസ്ഥാന സർക്കാർ 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ അതു കൂടി പ്രയോജനപ്പെടുത്തി ദാരിദ്ര്യ ലഘൂകരണത്തിനുള്ള ഉപപദ്ധതി പഞ്ചായത്തുകൾ തയ്യാറാക്കേണ്ടതാണ്. പട്ടികവർഗ്ഗ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾക്ക് പുറമെ ഫലവൃക്ഷത്തോട്ടങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാവുന്നതാണ്. കൂടാതെ വ്യക്തിഗത ആസ്തികളായ കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവും നിർമ്മിച്ച് നൽകാൻ സാധിക്കും. ഗതാഗത സൗകര്യമില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡുകളും തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാവുന്നതാണ്. ഇതിനോടൊപ്പം വികസന ഫണ്ട് വിഹിതവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടും സംയോജിപ്പിച്ച് പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതി തയ്യാറാക്കാവുന്നതാണ്.

(12) പട്ടികജാതി കോളനികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ശുചിത്വ പരിപാലനം ഉറപ്പു വരുത്തുന്നതിനും സോക്പിറ്റുകൾ, ഓവുചാലുകൾ, തുമ്പൂർമൂഴി കമ്പോസ്റ്റുകൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിച്ച് മറ്റു ഫണ്ടുകളുടെ സംയോജനം കൂടി ഉറപ്പാക്കി സമഗ്ര ശുചിത്വ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

(13) തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കുമോ എന്നു പരിശോധിക്കേണ്ടതാണ്. കൂടാതെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകി അവരെ അർദ്ധ

വിദഗ്ദ്ധ/വിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുന്ന പ്രവർത്തനവും ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

(14) മേൽപ്പറഞ്ഞ പ്രകാരം സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി രൂപീകരണ വേളയിൽത്തന്നെ ഒരു സമഗ്ര വികസന പദ്ധതി രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം രൂപപ്പെടുന്ന സമഗ്ര വികസന പദ്ധതിയുടെ ഒരു അനിവാര്യ ഘടകമായി വേണം തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതി രൂപപ്പെടുത്തേണ്ടത്.

(15) ഇതുപോലെ നഗരപ്രദേശങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെത്തേണ്ടതാണ്.

15.5 കുടുംബശ്രീ

(എ) പ്രധാന സംയോജന സാധ്യതകൾ ചുവടെ വിവരിക്കുന്നു.

(1) കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ സേവനം സുഭിക്ഷ കേരളം പദ്ധതിയിൽ പ്രയോജനപ്പെടുത്തൽ

(2) കുടുംബശ്രീ മാസ്റ്റർ കർഷകരെ ഉപയോഗിച്ചുകൊണ്ട് കാർഷിക മേഖലയിൽ സേവനങ്ങൾ നൽകൽ

(3) മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കുടുംബശ്രീയുടെ സംഘങ്ങളെ പ്രയോജനപ്പെടുത്തൽ

(4) കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്കാവശ്യമായ സേവനങ്ങളും അടിസ്ഥാന സൗകര്യ വികസനവും ഒരുക്കി കൊടുക്കൽ,

(5) നിലാവ് പോലുള്ള പ്രോജക്ടുകളിലെ അറ്റകുറ്റപ്പണികൾ (ഉദാ:സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്) കുടുംബശ്രീ ഗ്രൂപ്പുകളെ ഏൽപ്പിക്കൽ

(6) കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളെ വീടുകളുടെ നിർമ്മാണ ചുമതല ഏൽപ്പിക്കൽ

(7) ജലജീവൻ മിഷന്റെ ഐ.ഇ.സി. ക്യാമ്പെയിനും മറ്റ് സേവനങ്ങൾക്കും വേണ്ടി കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കൽ

(8) മൃഗസംരക്ഷണ മേഖലയിൽ ഉപജീവന പദ്ധതികൾ കുടുംബശ്രീയിലൂടെ യാഥാർത്ഥ്യമാക്കൽ

(9) കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളിൽ പരിശീലനം ലഭിച്ച ആളുകളെ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതികളിലെ സ്കിൽഡ് ലേബർ ജോലികൾക്ക് ഉപയോഗിക്കൽ

(10) ടേക്ക് എ ബ്രേക്ക് സേവന കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തിപ്പും

(11) ജനകീയ ഹോട്ടലിന് വേണ്ട സൗകര്യങ്ങൾ ഒരുക്കൽ

(12) ലാപ്ടോപ് പദ്ധതിക്ക് സബ്സിഡി നൽകൽ.

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിക്കുകയും അവ വാർഡ് തലത്തിലും തുടർന്ന് തദ്ദേശഭരണ സ്ഥാപന തലത്തിലും ക്രോഡീകരിച്ച് കൊണ്ടും ഗ്രാമദാരിദ്ര്യ ലഘൂകരണ പദ്ധതി (വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ - വിപിആർപി) തയ്യാറാക്കുന്ന പ്രക്രിയ ഇപ്പോൾ നടക്കുകയാണ്. ഇങ്ങനെ രൂപപ്പെടുന്ന ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിക്കുമ്പോൾ ഉചിതമായ പരിഗണന നൽകേണ്ടതാണ്.

16. ജില്ലാ പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങളും ജില്ലാ മുൻഗണനകളും

പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ തയ്യാറാക്കിയ ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ, കഴിവതും വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനു മുമ്പായി ജില്ലാ പദ്ധതി നിർദ്ദേശങ്ങളും ജില്ലാ മുൻഗണനകളും സംബന്ധിച്ച ഉത്തരവ് ജില്ലാ ആസൂത്രണ സമിതി പുറപ്പെടുവിക്കേണ്ടതാണ്.

17. ഗ്രാമ/വാർഡ്സഭാ യോഗങ്ങൾ, വികസന സെമിനാർ മുതലായ യോഗങ്ങൾ

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2019-20 വർഷത്തെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ഗ്രാമ/വാർഡ് സഭായോഗങ്ങൾ ഒഴിവാക്കുകയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പകരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പങ്കാളിത്ത ജനാധിപത്യ വേദികളിലെ ചർച്ചകൾ എല്ലാക്കാലത്തും ഒഴിവാക്കാനാവില്ല. ജനപങ്കാളിത്തമാണ് ജനാധിപത്യത്തിന്റെ ജീവനാഡി. അതുകൊണ്ട് ഗ്രാമ/വാർഡ്സഭാ യോഗങ്ങൾ, വികസന സെമിനാർ തുടങ്ങിയ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി വേണം പദ്ധതി തയ്യാറാക്കേണ്ടത്. ആരോഗ്യ വകുപ്പിന്റെ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് യോഗങ്ങൾ ചേരണം.

18. പങ്കാളിത്തം വർദ്ധിപ്പിക്കൽ

18.1 പദ്ധതി ആസൂത്രണ പ്രക്രിയയിൽ ജനങ്ങളുടെയും വിദഗ്ദ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. നാടിന്റെ വികസനം എന്നത് എല്ലാ പൗരന്മാരുടേയും ഉത്തരവാദിത്തമാണ് എന്ന അവസ്ഥയിലേയ്ക്ക് മുന്നേറണം.

18.2 പദ്ധതി ആസൂത്രണം, നിർവഹണം, മോണിട്ടറിംഗ് എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ആസൂത്രണ സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതാണ്. പൊതു കാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ദ്ധരെയും കണ്ടെത്തി ആസൂത്രണ സമിതിയിൽ ഉൾപ്പെടുത്തണം. അതുപോലെ വിവിധ മേഖലകളിലെ കരട് പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള വർക്കിംഗ് ഗ്രൂപ്പുകളും സന്നദ്ധ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കേണ്ടതാണ്. 29.01.2018-ലെ സ.ഉ. (എം.എസ്) നം.11/2018/തസ്വഭവ, 02.02.2018-ലെ സ.ഉ. (എം.എസ്) നം.17/2018/തസ്വഭവ എന്നീ മാർഗരേഖകളിൽ നിർദ്ദേശിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്ക് പുറമെ എല്ലാ

തദ്ദേശഭരണസ്ഥാപനങ്ങളിലും 19.09.2018-ലെ സ.ഉ.(സാധാ)നം 2462/2018/തസ്വഭവ, 23.10.2018-ലെ സ.ഉ.(സാധാ)നം. 2710/2018/തസ്വഭവ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ളതു പോലെ "ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം" എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടാകണം, വർക്കിംഗ് ഗ്രൂപ്പിന്റെ അധ്യക്ഷൻ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റും/ചെയർപേഴ്സണും/മേയറും കൺവീനർ സെക്രട്ടറിയും ആയിരിക്കണം. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ 23.10.2018-ലെ സ.ഉ.(സാധാ)നം.2710/2018/തസ്വഭവ വ്യക്തമാക്കിയിട്ടുണ്ട്.

18.3 പങ്കാളിത്ത വേദികളായ ഗ്രാമസഭകളും വാർഡ് സഭകളും കൊവിഡിനു ശേഷം ആദ്യമായി ചേരുകയാണ്. പരമാവധി ആൾക്കാരെ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകണം. എം.പി, എം.എൽ.എ, സാംസ്കാരിക നായകർ, പൊതു പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിക്കാൻ ശ്രമിക്കണം. പലവിധ കാരണങ്ങളാൽ ഗ്രാമസഭകളിലും വാർഡ്സഭകളിലും പങ്കെടുക്കാൻ കഴിയാത്തവരെ, പ്രത്യേകിച്ച് വിദേശങ്ങളിലും അന്യ സംസ്ഥാനങ്ങളിലും താമസിക്കുന്നവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വെർചൽ യോഗങ്ങൾ (ഇ-ഗ്രാമസഭകൾ) സംഘടിപ്പിക്കാവുന്നതാണ്. അതുപോലെ പ്രവാസി മലയാളികൾ ഉൾപ്പെടെ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിന് പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ വികസിപ്പിച്ച ഗ്രാമസഭ/വാർഡ്സഭ പോർട്ടൽ സൗകര്യവും ഉപയോഗപ്പെടുത്തേണ്ടതാണ്. ഇതിന് തദ്ദേശഭരണസ്ഥാപനങ്ങൾ വ്യാപകമായ പ്രചാരണം നൽകുകയും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകുകയും ചെയ്യേണ്ടതാണ്.

19. സമയക്രമം

2021-22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് ഇവിടെ നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

ക്രമ നം	പ്രവർത്തനം		പൂർത്തിയാക്കേണ്ട അവസാന തീയതി
1	ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കൽ	:	2021 ജനുവരി 15
2	സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരണം	:	ജനുവരി 21
3	ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡി.പി.സി തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ	:	ജനുവരി 21
4	കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ	:	ജനുവരി 25
5	ഗ്രാമ / വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ	:	ജനുവരി 28
6	സംയുക്ത പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗം	:	ജനുവരി 29

7	ഗ്രാമ /വാർഡ് സഭാ യോഗങ്ങൾ	:	ഫെബ്രുവരി 12
8	വികസന സെമിനാർ	:	ഫെബ്രുവരി 16
9	വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ	:	ഫെബ്രുവരി 18
10	പ്രോജക്ടുകൾ തയ്യാറാക്കൽ	:	ഫെബ്രുവരി 22
11	വാർഷിക പദ്ധതി സമർപ്പണം	:	ഫെബ്രുവരി 23
12	ജില്ലാ ആസൂത്രണസമിതി അംഗീകാരം	:	ഫെബ്രുവരി 25
13	ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ	:	ഫെബ്രുവരി 27

20. പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ്

പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണം സമയബന്ധിതമായി ചിട്ടയോടെ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

അധ്യക്ഷൻ :പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്

സെക്രട്ടറി :ജില്ലാ കളക്ടർ

അംഗങ്ങൾ :

1. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്
2. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
3. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)
4. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ

കൺവീനർ :ജില്ലാ പ്ലാനിംഗ് ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി - പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറിന്റെ വിനിയോഗം - അധിക നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.174/2021/LSGD തീയതി,തിരുവനന്തപുരം, 22/01/2021

പരാമർശം:- 1.കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 04.08.2016-ലെ എസ്-11011/5/2016-എസ്.ബി.എം നമ്പർ മാർഗരേഖ

2. 21.07.2018 ലെ 334/ഡിസി1/18/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3. 17.12.2018 ലെ സ.ഉ.(സാധാ) നം. 3163/2018/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

4. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിലെ 01.05.2019 ലെ നം.എസ്-18020/302/2015-എസ്.ബി.എം പാർട്ട് (1) നമ്പർ മാർഗരേഖ

5. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 04.11.2020 തീയതിയിലെ എസ്-18013/2014 O/o Dir (SBM) Part (4) നമ്പർ കത്ത്

6. ഡിസി1/540/2020/ത.സ്വ.ഭ.വ തീയതി 14/12/2020 സർക്കുലർ

7. 10.01.2021 തീയതിയിലെ (സാധാ) നം.63/2021/ത.സ്വ.ഭ.വ ഉത്തരവ്

8. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 11.01.2021 തീയതിയിലെ എസ്-18013/2014 - O/o Dir (SBM) നമ്പർ കത്ത്

ഉത്തരവ്

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് പ്രോത്സാഹനം നൽകുന്നതിലേക്ക് ലോക ബാങ്ക് സഹായത്തോടുകൂടി പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. 2018-19, 2019-20, 2020-21 വർഷങ്ങളിൽ മൂന്നു ഗഡുക്കളായി 302.76 കോടി രൂപ സംസ്ഥാനത്തിന് ഇതുവരെ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് മാർഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ പരാമർശം (2) പ്രകാരം നൽകിയിരുന്നു. കേന്ദ്ര സർക്കാർ പരാമർശം(4) പ്രകാരം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കുകയുണ്ടായി. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) വെബ് സൈറ്റിൽ എം.ഐ.എസ്സിൽ ഇവയുടെ ചെലവു വിവരം പരിധികൾക്ക് വിധേയമായി രേഖപ്പെടുത്തുന്നതിന് സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്. 2016 ഏപ്രിൽ മാസം മുതൽ 5 വർഷമാണ് പദ്ധതിയുടെ കാലാവധിയായി നിശ്ചയിച്ചിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 31.01.2021 തീയതിക്കകം പൂർത്തീകരിക്കണമെന്ന് പരാമർശം (5) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. പദ്ധതിയിലെ പ്രവൃത്തികൾ നടപ്പാക്കുന്നതു സംബന്ധിച്ച അനുമതികൾ നിർബന്ധമായും 31.01.2021 തീയതിക്കകം പൂർത്തിയാക്കണമെന്ന് പരാമർശം (8) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തുകളിൽ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ഇനത്തിൽ

വിനിയോഗിക്കാൻ ബാക്കി നിൽക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കുന്നതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

2. ഓരോ ഗ്രാമപഞ്ചായത്തും അനുവദിക്കപ്പെട്ടിരിക്കുന്ന പദ്ധതി തുകയിലെ ചെലവു വിവരം പരിശോധിച്ച് പ്രോജക്ടുകളിൽ ആവശ്യമായ മാറ്റങ്ങളും ക്രമീകരണങ്ങളും വരുത്തേണ്ടതാണ്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി, പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറിൽ അധികമായി അനുവദിച്ചിട്ടുള്ള ഇനങ്ങൾ, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് (2) പദ്ധതി എന്നിവയിൽ അനുവദനീയമായവയിൽ, 31.03.2021 നകം തന്നെ നടപ്പാക്കാൻ സാധ്യമായ പദ്ധതികളിലേക്ക് വകയിരുത്തലുകൾ ക്രമീകരിക്കേണ്ടതാണ്. ഇതിലേക്കായി പരാമർശം (7) പ്രകാരം അനുവദിച്ചിട്ടുള്ള പ്രോജക്ട് ഭേദഗതിക്കുള്ള സൗകര്യം ഉപയോഗിക്കാവുന്നതാണ്. സമയപരിധിക്കകം നടപ്പാക്കത്തക്ക വിധം പരാമർശം (8) കത്തിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം എം.സി.എഫുകൾ, ആർ.ആർ.എഫ് കെട്ടിടങ്ങൾ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായവ മുൻഗണന നൽകി ഏറ്റെടുക്കുന്നത് പരിഗണിക്കാവുന്നതാണ്. ഇതിനകം സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടുൾപ്പെടെ മറ്റു ഫണ്ടുകൾ വകയിരുത്തിയിട്ടുള്ള പ്രോജക്ടുകളും പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ഫണ്ടിലേക്ക് വകയിരുത്തൽ മാറ്റി നിർവ്വഹണം നടത്താവുന്നതാണ്. പരാമർശം (6) സർക്കുലറിൽ നിർദേശിച്ചിരുന്ന പ്രകാരം വ്യക്തിഗത കക്കൂസുകളുടെ റിട്രോഫിറ്റിംഗ്/ ഉപയോഗക്ഷമമാക്കൽ പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ ഉടൻ തന്നെ കണ്ടെത്തി പ്രവർത്തികൾ ഒരു മാസക്കാലയളവിനകം പൂർത്തീകരിക്കുന്നതിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയതും ഇതുവരെയും നടപ്പാക്കിയിട്ടില്ലാത്തതുമായ വ്യക്തിഗത കമ്പോസ്റ്റ് പിറ്റുകൾ, സോക്ക് പിറ്റുകൾ എന്നിവ പെർഫോർമൻസ് ബേയ്സഡ് ഇൻസെന്റീവ് ഗ്രാന്റ് പദ്ധതിയിലേക്ക് മാറ്റിയും നിർവഹണം നടത്താവുന്നതാണ്. ഈ പദ്ധതികളും ഒരു മാസക്കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

2.1. പരമാർശം (6)- ലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ഏറ്റെടുത്ത വ്യക്തിഗത കക്കൂസുകളുടെ റിട്രോഫിറ്റിംഗ്/ഉപയോഗക്ഷമമാക്കൽ എന്നിവയ്ക്കായി ഏറ്റെടുത്തിരുന്ന പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ ഉടൻ തന്നെ കണ്ടെത്തി പ്രോജക്ടുകൾ അടിയന്തിരമായി തീർക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

2.2. വ്യക്തിഗത കക്കൂസുകളുടെയും കമ്പോസ്റ്റ് പിറ്റ്/സോക്ക് പിറ്റുകളുടേയും നിർമ്മാണം ഗുണഭോക്താക്കൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്ത് എഞ്ചിനീയർക്ക് പുറമെ ഓവർസീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് എഞ്ചിനീയർ/ഓവർസീയർ എന്നിവർക്കും നൽകുന്നു. ഇവരിൽ ആരുടെയെങ്കിലും സേവനം ഉപയോഗിച്ച് വാല്യുവേഷൻ എടുക്കേണ്ടതാണ്.

2.3. മേൽപറഞ്ഞ ഭേദഗതികൾ പരാമർശം (7) പ്രകാരം അനുവദിച്ചിട്ടുള്ള വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം പൂർത്തിയാക്കാവുന്നതാണ്.

2.4. പെർഫോർമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് സമയബന്ധിതമായി വിനിയോഗിക്കേണ്ട സാഹചര്യം പരിഗണിച്ച് സുലേഖ സോഫ്റ്റ് വെയറിലെ അടിയന്തര സ്വഭാവത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സൗകര്യം (ജി.ഒ. പ്രോജക്ട് സൗകര്യം) ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അനുമതി നൽകുന്നു. ഈ പ്രത്യേക സൗകര്യം ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് സുലേഖ സോഫ്റ്റ് വെയർ മുഖേന സാങ്കേതികാനുമതി നൽകുന്നതിനുള്ള സൗകര്യം നിലവിൽ ഇല്ല. സാങ്കേതികാനുമതി ആവശ്യമായ ഏതെങ്കിലും പ്രോജക്ട് (ഉദാ. ആർ.ആർ.എഫ് കെട്ടിടം) ഈ പ്രത്യേക സൗകര്യം ഉപയോഗിച്ച് തയ്യാറാക്കുകയാണെങ്കിൽ അതിന് സോഫ്റ്റ് വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. പദ്ധതി
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെറകട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി രൂപീകരണം - പദ്ധതി അടങ്കൽ സംബന്ധിച്ച് വിശദീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.210/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/01/2021

പരാമർശം:- 1 സ. ഉ (കൈ) നം. 4/2021/തസ്വഭവ, തീയതി 11/01/2021.

2 2021-22 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV.

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി അന്തിമമാക്കി 2021 ഫെബ്രുവരി 23-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി വേണം വാർഷിക പദ്ധതി അന്തിമമാക്കേണ്ടതെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. 2021-22 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള വികസനഫണ്ട് വിഹിതവും മെയിന്റനൻസ് ഫണ്ട് വിഹിതവും പൂർണ്ണമായി വിഭജിച്ച് നൽകിയിട്ടില്ല. അതു കാരണം പദ്ധതി അടങ്കൽ സംബന്ധിച്ച വിഷയത്തിൽ വിശദീകരണം ആവശ്യമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അടുത്ത വർഷത്തേയ്ക്കുള്ള (2021-22) വികസന പദ്ധതികൾ തയ്യാറാക്കുന്ന സന്ദർഭത്തിൽ വാർഷിക പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന വിശദീകരണങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു :

3. വികസനഫണ്ട് - കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

3.1 2021-22 -ലേയ്ക്കുള്ള പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. അതുകൊണ്ട് ആയിനത്തിൽ 2020-21 വർഷം അനുവദിച്ച തുക (2412 കോടി രൂപ) 2021-22-ലേയ്ക്കുള്ള താൽക്കാലിക വിഹിതമായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക വിഭജിച്ച് നൽകിയിട്ടില്ല. യഥാർത്ഥ തുക എത്രയെന്ന് അറിയാത്തതു കൊണ്ടും തുക വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമല്ലാത്തതുകൊണ്ടുമാണ് താൽക്കാലികമായി വകയിരുത്തിയ തുക വിഭജിച്ച് നൽകാതെ മാറ്റിവെച്ചിരിക്കുന്നത്. യഥാർത്ഥ വിഹിതത്തിന്റേയും അത് വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടേയും വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുക വിഭജിച്ച് നൽകുന്നതാണ്.

3.2 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭജിച്ച് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ തൽക്കാലം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം ഒഴികെയുള്ള മറ്റ്

വിഭാഗം ഫണ്ടുകളുടെ (പൊതുവിഭാഗം-സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതം എന്നീ ഫണ്ടുകളുടെ) 2021-22 ലെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് പിന്നീട് വിഭജിച്ച് നൽകുന്നതിനെ തുടർന്ന് 2021 ജൂൺ/ജൂലൈ മാസത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിനുള്ള പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള അവസരം നൽകുന്നതാണ്.

4. മെയിന്റനൻസ് ഫണ്ട്

4.1 **മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതം:-** റോഡ് വിഹിതമായി ആകെ 1949.80 കോടി രൂപ 2021-22-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പുള്ള റോഡ് ഡാറ്റായെ അടിസ്ഥാനമാക്കിയാണ് ഇതുവരെ ഫണ്ട് വിതരണം നടത്തിയിരുന്നത്. ഇപ്പോൾ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ റോഡുകളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. എന്നാൽ സ്ഥിതിവിവരക്കണക്കുകൾ കുറ്റമറ്റതാക്കേണ്ടതുള്ളതുകൊണ്ട് തൽക്കാലം ആകെ വിഹിതത്തിന്റെ മൂന്നിലൊന്ന് തുക മാത്രം പുതിയ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി വിതരണം ചെയ്യാനും മൂന്ന്-നാല് മാസത്തിനകം സ്ഥിതിവിവരക്കണക്കുകൾ കുറ്റമറ്റതാക്കിയതിനുശേഷം മുഴുവൻ തുകയും വിതരണം ചെയ്യാനും ശുപാർശ ചെയ്തിരുന്നു. ഇത് സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്നിലൊന്ന് തുകയാണ് (649.93 കോടി രൂപയാണ്) പുതിയ സ്ഥിതിവിവരകണക്കുകളെ അടിസ്ഥാനമാക്കി ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം ഇപ്പോൾ വിഭജിച്ച് നൽകിയിട്ടുള്ളത്. ബാക്കി തുക സംസ്ഥാന ബജറ്റിൽ വിഭജിക്കാതെ മാറ്റിവെച്ചിരിക്കുകയാണ്.

4.2 **മെയിന്റനൻസ് ഫണ്ട് റോഡിതര വിഹിതം** :- റോഡിതര വിഹിതമായി ആകെ 1218.63 കോടി രൂപ 2021-22-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വികസന ഫണ്ട് വിഹിതം വിഭജിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ ഫണ്ടിന്റെ വിതരണം ഇതുവരെ നടത്തിയിരുന്നത്. അതുകൊണ്ടുതന്നെ യഥാർത്ഥ ആവശ്യത്തിന് അനുസരിച്ച് ഫണ്ട് ലഭിക്കുന്നില്ല എന്ന പരാതി പല തദ്ദേശഭരണ സ്ഥാപനങ്ങളും നിരന്തരം ഉന്നയിച്ചു വരുന്നുണ്ട്. ഇത് തിരുത്തുന്നതിന്റെ ഭാഗമായി ഇപ്പോൾ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡിതര ആസ്തികളുടേയും വിവരങ്ങൾ ശേഖരിച്ചു വരികയാണ്. 2021-22-ൽ തന്നെ യഥാർത്ഥ ആവശ്യത്തിനനുസരിച്ച് ഫണ്ട് അനുവദിക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കണം എന്ന ഉദ്ദേശ്യത്തോടെ തൽക്കാലം മൂന്നിലൊന്ന് തുക മാത്രം, നിലവിൽ അവലംബിച്ചു വരുന്ന അതേ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണക്കാക്കി വിതരണം ചെയ്യാനും മൂന്ന്-നാല് മാസത്തിനകം വിവരങ്ങൾ ശേഖരിച്ചതിനുശേഷം മുഴുവൻ തുകയും വിതരണം ചെയ്യാനും ശുപാർശ ചെയ്തിരുന്നു. ഇത് സംസ്ഥാന സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് മൂന്നിലൊന്ന് തുകയേ (406.21 കോടി രൂപ) ഇപ്പോൾ വിഭജിച്ച് നൽകിയിട്ടുള്ളൂ. ബാക്കി തുക വിഭജിക്കാതെ മാറ്റിവെച്ചിരിക്കുകയാണ്.

4.3 മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതത്തിലും റോഡിതര വിഹിതത്തിലും മൂന്നിലൊന്ന് തുക മാത്രമേ വിഭജിച്ച് നൽകിയിട്ടുള്ളൂ എന്നത് പരിഗണിച്ച് തൽക്കാലം തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഈ രണ്ട് വിഭാഗങ്ങളിലെയും 2020-21-ലെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി 2021-22-ലെ പദ്ധതികൾ അന്തിമമാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ഇതനുസരിച്ച് 2020-21-ലെ ബജറ്റ് വിഹിതം 2021-22 ലെ താൽക്കാലിക വിഹിതമായി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. യഥാർത്ഥ വിഹിതം നിശ്ചയിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതിനനുസൃതമായി മെയിന്റനൻസ് പ്ലാൻ പരിഷ്കരിക്കുന്നതിനുള്ള അവസരം 2021 ജൂൺ/ജൂലൈ മാസത്തിൽ നൽകുന്നതാണ്.

5. ഈ ഉത്തരവിലെ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി അന്തിമമാക്കേണ്ടതും പരാമർശം (1)-ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അവസാന തീയതിക്കകം തന്നെ പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക്

സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതും വെയ്സ് ആൻഡ് മീൻസ് കുവിലാകുകയും ചെയ്തിട്ടുള്ള ബില്ലുകൾ മാറുന്നതിന് 2020-21 സാമ്പത്തികവർഷത്തിൽ ധനവിനിയോഗത്തിനായി അനുമതി നൽകി ഉത്തരവാകുന്നു

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.311/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/02/2021

പരാമർശം:- 1 സ.ഉ(സാധാ)നം. 2146/2019/തസ്വഭവ തീയതി 01.10.2019.

2 സ.ഉ(സാധാ)നം. 6734/2020/ഫിൻ തീയതി 19.11.2020.

3 13.12.2020ലെ പഞ്ചായത്ത് ഡയറക്ടറുടെ കത്ത് നം. PAN/4431/2019-J5(DP).

ഉത്തരവ്

ഗ്രാമ പഞ്ചായത്തുകളിൽ ആധുനിക ശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം എന്ന പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 2515-00-198-36(പ്ലാൻ) എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തുകയും പരാമർശം (1) പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിക്കുകയും ചെയ്തിരുന്നു. ഭരണാനുമതി ലഭിച്ച തുക ഈ പദ്ധതിയിൽ ഉൾപ്പെട്ട 14 ഗ്രാമപഞ്ചായത്തുകൾക്കും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിക്കും അലോട്ട്മെന്റായി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ശ്മശാന നിർമ്മാണം പൂർത്തിയാക്കിയ 10 ഗ്രാമപഞ്ചായത്തുകളും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയും ബിൽ സമയബന്ധിതമായി സമർപ്പിച്ചിരുന്നെങ്കിലും 1,55,33,580/- രൂപയുടെ ബിൽ WAMs കുവിലേക്കും 34,65,303/- രൂപയുടെ ബിൽ ട്രഷറി കുവിലേക്കും മാറുകയും ചെയ്തെന്നും കടലുണ്ടി മൂക്കന്നൂർ ഗ്രാമപഞ്ചായത്തുകൾ ടി പദ്ധതി പൂർത്തിയാക്കിയിരുന്നെങ്കിലും കോവിഡ് 19-മായി ബന്ധപ്പെട്ട ലോക്ക് ഡൗൺ കാരണം ബിൽ സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ലയെന്നും. പരാമർശം (2) പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ആധുനിക ശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം എന്ന പദ്ധതിക്ക് 2515-00-198-36(പ്ലാൻ) എന്ന ശീർഷകത്തിൽ 2,14,99,000/- രൂപ അധിക ധന വിനിയോഗ അനുമതി നൽകി ധനകാര്യ വകുപ്പിൽ നിന്ന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും ടി സാഹചര്യത്തിൽ പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകി തുക കൈമാറുന്നതിന് അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുകയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം പ്രസ്തുത പദ്ധതിക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും മേൽ തുക വിനിയോഗിക്കുന്നതിനായി ഭരണാനുമതി ആവശ്യമുണ്ടെന്നു പഞ്ചായത്ത് ഡയറക്ടർ നിഷ്കർഷിച്ചതിനാലും പരാമർശം (2) പ്രകാരം 2515-00-198-36(പ്ലാൻ) എന്ന ശീർഷകത്തിൽ 2,14,99,000/- രൂപ അധിക ധനവിനിയോഗ അനുമതി നൽകി ധനകാര്യ വകുപ്പിൽ നിന്ന് ഉത്തരവായിട്ടുമുള്ള സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ പഞ്ചായത്തുകൾക്ക് നൽകേണ്ട ആകെ തുകയായ 2,14,98,883/- (രണ്ട് കോടി പതിനാലുലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി

എണ്ണൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) രൂപ 2020-21 സാമ്പത്തിക വർഷത്തിൽ 2515-00-198-36 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ക്രമ നം.	ഗ്രാമ പഞ്ചായത്തിന്റെ പേര്	ഗ്രാമ പഞ്ചായത്തുകൾക്ക് നല്കേണ്ട ആകെ തുക
1	മാറനല്ലൂർ	49,30,500
2	ആദിച്ചനല്ലൂർ	5,21,087
3	റാന്നി പഴവങ്ങാടി	1,20,000
4	അരുക്കുറ്റി	1,11,420
5	മാരാരിക്കുളം തെക്ക്	14,91,000
6	എടക്കാട്ടുവയൽ	18,62,883
7	വടക്കാഞ്ചേരി മുനിസിപ്പാലിറ്റി	15,20,000
8	കോട്ടത്തറ	34,41,993
9	ഇരുക്കൂർ	20,00,000
10	പിണറായി	20,00,000
11	മടിക്കൈ	10,00,000
12	കടലുണ്ടി	5,00,000
13	മുക്കന്നൂർ	20,00,000
	ആകെ തുക	**2,14,98,883**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം - ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.340/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/02/2021

പരാമർശം:- 1 10.01.2021-ലെ സ.ഉ.(സാധാ)നം.63/2021/തസ്വഭവ

2 11.01.2021-ലെ സ.ഉ.(കൈ) നം.4/2021/തസ്വഭവ

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.01.2021-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.1

ഉത്തരവ്

പ്രാദേശിക സർക്കാരുകളുടെ 2020-21 വാർഷിക പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം നടപ്പ് വർഷത്തെ പദ്ധതി നിർവഹണം കാര്യക്ഷമമായി പൂർത്തിയാക്കേണ്ടതുണ്ട്. അതോടൊപ്പം ഫെബ്രുവരി അവസാനത്തോടെ 2021-22 വർഷത്തെ പദ്ധതി രൂപീകരണവും അംഗീകാര നടപടികളും പൂർത്തിയാക്കണമെന്ന് പരാമർശം (2) പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവ സയബന്ധിതമായി ചിട്ടയോടെ പൂർത്തിയാക്കുന്നതിന് ജില്ലാതലത്തിൽ അവലോകനം ചെയ്യാൻ ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായി ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ്, (ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ ടൗൺ പ്ലാനർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), റീജിയണൽ ജോയിന്റ് ഡയറക്ടർ (നഗരകാര്യം) എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

2. പ്രസ്തുത കമ്മിറ്റി എല്ലാ ആഴ്ചയിലും യോഗം ചേർന്ന് അവലോകനം നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ എന്നിവർക്കു നൽകേണ്ടതുമാണ്. ഒപ്പം തന്നെ സംസ്ഥാനതലത്തിൽ വകുപ്പ മേധാവികൾ എല്ലാ ആഴ്ചയിലും ഇതു അവലോകനം ചെയ്യണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ വകുപ്പ മേധാവികളും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റിഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിക്സ് വകുപ്പ്
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യം)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും (ചീഫ് ടൗൺ പ്ലാനർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/46/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09/02/2021

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപന തലത്തിലെ ആസൂത്രണസമിതികളും വിഷയ മേഖലാ വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.11/2018/തസ്വഭവ, തീയതി 29.01.2018
2. സ.ഉ.(കൈ) നം.4/2021/തസ്വഭവ, തീയതി 11.01.2021
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.01.2021-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.2

****

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനതലത്തിലെ ആസൂത്രണസമിതികളും വിഷയ മേഖലാ വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കേണ്ടതാണ്. വിദഗ്ദ്ധരായവരെയും ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിയുന്നവരേയും കണ്ടെത്തുന്നതിന് ഭരണസമിതി പ്രത്യേക ഇടപെടൽ നടത്തണം. കാര്യശേഷിയും ഭരണസമിതിയെ സഹായിക്കാൻ കഴിയുന്നതുമായ ആസൂത്രണസമിതികൾ രൂപീകരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾ ശ്രദ്ധ പതിപ്പിക്കണം. 'കില' നൽകുന്ന പരിശീലനത്തിൽ ഇത് ഊന്നിപ്പറയുന്നതോടൊപ്പം വകുപ്പ് മേധാവികൾ അവലോകന മീറ്റിംഗുകളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കുകയും ചെയ്യണം.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ ജനറൽ, കില
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണസ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി – കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.591/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/02/2021

പരാമർശം:- 1 30.06.2020 ലെ സ.ഉ (കൈ)നം.103/2020/തസ്വഭവ

2 11/01/2021 ലെ സ.ഉ(കൈ)നം.4/2021/തസ്വഭവ

3 26.01.2021 ലെ സ.ഉ(സാധാ)നം. 210/2021/തസ്വഭവ

4 08.02.2021 ലെ സ.ഉ(സാധാ)നം.340/2021/തസ്വഭവ

ഉത്തരവ്

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 2 പ്രകാരം പുറപ്പെടുവിച്ചിരുന്നു. 2021-22 വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് തയ്യാറാക്കുന്ന സമയത്ത് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. അതുകൊണ്ട് സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV ൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭജിച്ച് നൽകിയിരുന്നില്ല. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭജിച്ച് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകളെ അടിസ്ഥാനമാക്കി വാർഷിക പദ്ധതി തയ്യാറാക്കാൻ പരാമർശം 3 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ഭൂരിഭാഗം തദ്ദേശഭരണസ്ഥാപനങ്ങളും 2021-22 വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

2. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേയ്ക്ക് നൽകേണ്ടതുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അടിയന്തിരമായി നൽകണമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരിക്കുകയാണ്. പ്രോജക്ടുകളുടെ വിവരങ്ങൾ സമയബന്ധിതമായി കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേയ്ക്ക് നൽകുന്നതിൽ വീഴ്ച വന്നാൽ അടുത്ത വർഷത്തെ ആദ്യ ഗഡു തുക ലഭിക്കുന്നത് വൈകിയേക്കാം. ഈയൊരു സാഹചര്യം ഒഴിവാക്കേണ്ടതുണ്ട്. ആയതിനാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി (CFC Sub Plan) അടിയന്തിരമായി തയ്യാറാക്കി 2021-22 വാർഷിക പദ്ധതിയുടെ

ഭാഗമാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

3. തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള 2021-22 ലെ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഭജിച്ചു നൽകികൊണ്ട് ഏതാനും ദിവസങ്ങൾക്കകം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. എന്നിരുന്നാലും ആ ഉത്തരവിനായി കാത്തിരിക്കാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി (CFC Sub Plan) തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ തന്നെ ഏറ്റെടുക്കേണ്ടതാണ്. അതിനുള്ള നടപടിക്രമങ്ങൾ ചുവടെ വിവരിക്കുന്നു.

3.1. യഥാർത്ഥ വിഹിതം എത്രയെന്ന് അറിയുന്നതിന് ഏതാനും ദിവസങ്ങൾ കൂടി എടുക്കുമെങ്കിലും തൽക്കാലം നടപ്പ് വർഷത്തെ (2020–21) വിഹിതത്തെ അടിസ്ഥാനമാക്കി സി.എഫ്.സി സബ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

3.2. അടിസ്ഥാന വിഹിതം (Basic Grant), പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Specific Purpose Grant / Tied grant) എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലാണ്, നഗരസഞ്ചയങ്ങൾ (Urban Agglomerations) ഒഴികെയുള്ള മറ്റെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഫണ്ട് ലഭിക്കുക. നഗര സഞ്ചയങ്ങൾക്ക് ടൈഡ് ഗ്രാന്റ് മാത്രമാണ് ലഭിക്കുക. ഓരോ വിഭാഗത്തിലും ഉൾപ്പെടുത്താൻ കഴിയുന്ന പ്രോജക്ടുകളുടെ പട്ടിക ഓരോ തദ്ദേശഭരണസ്ഥാപനവും മുൻഗണനാക്രമത്തിൽ പ്രത്യേകം തയ്യാറാക്കണം. ഓരോ വിഭാഗത്തിലും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകളെ സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

(എ) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ

- അടിസ്ഥാന വിഹിതം:- മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജന വിമുക്ത പദവി (ODF status) നിലനിർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ (b) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും (reuse/recycling of water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം വീതം മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

(ബി) മുനിസിപ്പാലിറ്റികൾ (മലപ്പുറം നഗരസഞ്ചയം ഒഴികെ)

- അടിസ്ഥാന വിഹിതം:- മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും (reuse/recycling of water) (b)ശുചിത്വം (ഖര-ദ്രവ മാലിന്യ സംസ്കരണം ഉൾപ്പെടെ), ശുചിത്വത്തിൽ സ്റ്റാർ പദവി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നീ രണ്ട് നിർബ്ബന്ധിത അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം വീതം മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർബ്ബന്ധിത സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

(സി) നഗരസഞ്ചയങ്ങൾ (Urban Agglomerations – തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം നഗരസഞ്ചയങ്ങൾ)

- കുടിവെള്ളം, ശുചിത്വം, ഖര-ദ്രവ മാലിന്യ പരിപാലനം എന്നീ നിർബ്ബന്ധിത സേവനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്.

3.3 ഇതിനായി പ്രത്യേകം ഗ്രാമ/വാർഡ് സഭകളും വികസന സെമിനാറും ചേരേണ്ടതില്ല. എന്നാൽ തൊട്ടടുത്ത് ചേരുന്ന ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്.

3.4 സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും യോഗം ചേർന്ന് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകണം. യഥാർത്ഥ വിഹിതം അറിവാകുമ്പോൾ അതിനു അനുസൃതമായി ഭരണസമിതിയുടെ അംഗീകാരത്തോടെ സുലേഖാ സോഫ്റ്റ് വെയറിൽ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

3.5 നഗരസഞ്ചയ പ്രദേശത്തെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പരാമർശം 1 ലെ ഉത്തരവിന്റെ ഖണ്ഡിക. 7.6 പ്രകാരമുള്ള നപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

3.6. വിഹിതം നിശ്ചയിച്ചുകൊണ്ട് ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ രണ്ട് ദിവസത്തിനകം തന്നെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി പ്രോജക്ടുകൾ (upload) ചെയ്യത്തക്ക വിധം ഇതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

3.7 കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപപദ്ധതി വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനു വേണ്ടി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച വാർഷിക പദ്ധതി ഡി.പി.സിയിൽ നിന്നും തിരിച്ചയച്ചുകൊടുക്കേണ്ടതാണ്. ഡി.പി.സി അംഗീകാരം പൂർത്തിയാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ നടപടി ഉത്തരവ് നൽകിയശേഷം തിരിച്ചയയ്ക്കണം. ഡി.പി.സി അംഗീകാര നടപടികൾ പൂർത്തിയായിട്ടില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ

അംഗീകാരപ്രക്രിയ ഇപ്പോൾ പൂർത്തിയാക്കണമെന്നില്ല. അവ തിരിച്ച് നൽകാവുന്നതും സി.എഫ്.സി സബ് പ്ലാൻകൂടി ഉൾപ്പെടുത്തി പുനസമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാര നടപടികൾ പൂർത്തിയാക്കാവുന്നതുമാണ്.

3.8 ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് പരാമർശം 4 പ്രകാരമുള്ള ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി ഉറപ്പാക്കണം.

3.9 പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ ദിനം പ്രതി ഇതിന്റെ പുരോഗതി വിലയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും

15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും

17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും

19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

21. ഡയറക്ടർ ജനറൽ, കില

22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Amjilal

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – 2021-22 വാർഷിക പദ്ധതി – കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.911/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/04/2021

പരാമർശം:- 1 21.07.2020-ലെ സ.ഉ.(സാധാ) നം. 1382/2020/തസ്വഭവ.

2 02.02.2021-ലെ സ.ഉ.(സാധാ)നം.282/2021/തസ്വഭവ.

3 തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22/04/2021-ലെ ഡി.സി.1/24/2021/ തസ്വഭവ നമ്പർ കത്ത്

4 23.04.2021-ലെ ഡി.സി.1/86/2021/തസ്വഭവ നമ്പർ സർക്കുലർ

ഉത്തരവ്

കൊവിഡ് മഹാമാരിയുടെ രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തര പ്രാധാന്യത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും അതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടും സർക്കാർ ഉത്തരവാകുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്-

2.1 ക്വാറന്റീൻ കേന്ദ്രങ്ങൾ, കൊവിഡ് ഫസ്റ്റ് ലെവൽ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC), കൊവിഡ് സെക്കന്റ് ലെവൽ ട്രീറ്റ്മെന്റ് സെന്ററുകൾ (CSLTC), ഡൊമിസിലിയറി കെയർ സെന്ററുകൾ (DCC) എന്നിവ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (മരാമത്ത് പ്രവൃത്തികൾ, സാധന സമഗ്രികൾ വാങ്ങൽ, മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, താൽക്കാലികമായി നിയോഗിക്കുന്നവർക്ക് വേതനം നൽകൽ, കുടിവെള്ളം, ഭക്ഷണം മുതലായവ ലഭ്യമാക്കൽ, ശുചീകരണ സാധനങ്ങൾ വാങ്ങൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി ഇത്തരം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ)

2.2 വാർഡ്തല സമിതികളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ (ബോധവൽക്ക രണ പ്രവർത്തനങ്ങൾ, ക്രഷ് ദി കർവ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ, കൊവിഡ് പ്രോട്ടോക്കാൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ)

2.3 ശുചീകരണ പ്രവർത്തനങ്ങൾ, പൊതു സ്ഥലങ്ങൾ അണുവിമുക്തമാക്കൽ, ശുചീകരണ സാധനങ്ങൾ വാങ്ങൽ തുടങ്ങിയവ

2.4 കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ (കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ താമസത്തിനും യാത്രയ്ക്കും ഉള്ള ചെലവുകൾ, കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി നിയോഗിക്കുന്നവർക്കുള്ള വേതനം തുടങ്ങിയവ)

2.5 തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ പരിശോധനയ്ക്കും വാക്സിനേഷനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക, കോവിഡ് രോഗികളുടെ പരിശോധന, ചികിത്സ തുടങ്ങിയവയുമായി ബന്ധപ്പെട്ട യാത്രകൾക്ക് വാഹനം / ആംബുലൻസ് സൗകര്യം ലഭ്യമാക്കുക എന്നിവ ഉൾപ്പെടെ ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

2.6 തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ

2.7 സർക്കാർ നിർദ്ദേശപ്രകാരം, കൊവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ടി വരുന്ന മറ്റ് പ്രവർത്തനങ്ങൾ

3. ഭരണസമിതി യോഗം ചേർന്ന് പ്രോജക്ടുകൾ സംബന്ധിച്ച തീരുമാനം എടുക്കേണ്ടതാണ്. പരാമർശം 4-ലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഓൺലൈൻ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിൽ യോഗങ്ങൾ ചേരാവുന്നതാണ്.

4. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിലെ 'അടിയന്തര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ' (Special Projects) എന്ന സൗകര്യം ഉപയോഗിക്കാവുന്നതാണ്. ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട്, സംഭാവന, എസ്.ഡി.ആർ.എഫിൽ നിന്നും ലഭിക്കുന്ന അഡ്വാൻസ് തുക, എസ്.ഡി.ആർ. എഫിൽ നിന്നും ലഭിക്കുന്ന റീ ഇംപേഴ്സ്മെന്റ് തുക എന്നിവ വകയിരുത്താവുന്നതാണ്. റോഡിതര മെയിന്റനൻസ് ഫണ്ടിൽ അനുവദനീയമായ പ്രവൃത്തികൾക്ക് പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്. പൊതുവിഭാഗം സാധാരണ വിഹിതം, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവയിൽ ഇപ്പോൾ ലഭ്യമായ ഫണ്ടിന് ഉപരിയായി (വാലിഡേഷന് പുറത്ത്) കൊവിഡ് പ്രതിരോധത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

5. കഴിവതും ഖണ്ഡിക 2-ൽ പ്രതിപാദിച്ചിട്ടുള്ള ഓരോ ഇനത്തിനും ഉള്ളിൽ വരുന്ന എല്ലാ പ്രവർത്തനങ്ങളും ചേർന്ന് ഒറ്റ പ്രോജക്ടായി തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ അത് പ്രത്യേകം പ്രോജക്ടായി തയ്യാറാക്കാവുന്നതാണ്. പ്രോജക്ടുകളുടെ പേരിനൊപ്പം 'കൊവിഡ് പ്രതിരോധപ്രവർത്തനം' എന്നു കൂടി ചേർക്കേണ്ടതാണ്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നിർബന്ധിത ഇനങ്ങൾ (Mandatory fields) മാത്രം പൂരിപ്പിച്ചാൽ മതിയാകും. മറ്റുള്ളവ പൂരിപ്പിക്കണമെന്ന് നിർബന്ധമില്ല. കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് നിർബന്ധിത ഇനങ്ങൾ സോഫ്റ്റ് വെയറിൽ പരമാവധി ചുരുക്കിയിട്ടുണ്ട്.

6. ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ഇല്ലാതെ തന്നെ പ്രോജക്ടുകളുടെ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. കൊവിഡ് രോഗബാധയുമായി ബന്ധപ്പെട്ട സാഹചര്യം മെച്ചപ്പെടുമ്പോൾ ഈ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിക്കുള്ളിൽ കൊണ്ടുവന്ന് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് നടപടി ഉത്തരവിന്റെ (DPC Proceedings) ഭാഗമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

7. പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. ഖണ്ഡിക 2.1 മുതൽ 2.5 വരെയുള്ള പ്രവർത്തനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ആയിരിക്കും. മുനിസിപ്പാലിറ്റികളിൽ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ നഗരകാര്യ

മേഖലാ ജോയിന്റ് ഡയറക്ടറും ആയിരിക്കും. കോർപ്പറേഷനുകളിൽ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ നഗരകാര്യ ഡയറക്ടറും ആയിരിക്കും. ബ്ലോക്ക് പഞ്ചായത്തുകളിൽ നിർവഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറും (ജനറൽ) ആയിരിക്കും. ജില്ലാപഞ്ചായത്ത് തലത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ പഞ്ചായത്ത് ഡയറക്ടറും ആയിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിലേയ്ക്ക് കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും നിർമ്മാണ പ്രവൃത്തികൾ ആവശ്യമായി വരികയാണെങ്കിൽ അതിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട എഞ്ചിനീയറും ആയിരിക്കും.

8. സാങ്കേതികാനുമതി ആവശ്യമായ പ്രവൃത്തികൾ പ്രത്യേക പ്രോജക്ടായി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് ഓൺലൈനായി വെറ്റിംഗ് ഓഫീസർക്ക് അയച്ച് സാങ്കേതികാനുമതി വാങ്ങാവുന്നതാണ്. പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടില്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വെറ്റിംഗ് ഓഫിസറിൽ നിന്നും സോഫ്റ്റ് വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി വാങ്ങാവുന്നതാണ്.

9. സാഹചര്യം ആവശ്യപ്പെടുന്നതനുസരിച്ച് പ്രോജക്ടുകൾ ഭേദഗതി ചെയ്യാവുന്നതും വെറ്റിംഗ് ഓഫീസറിൽ നിന്നും പുതുക്കിയ അനുമതി വാങ്ങാവുന്നതുമാണ്. ഭേദഗതി ചെയ്യുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ആവശ്യമില്ല.

10. വെറ്റിംഗ് ഓഫീസർമാർ പ്രോജക്ടുകളുടെ അംഗീകാര നടപടികൾ 24 മണിക്കൂറിനകം പൂർത്തിയാക്കി നൽകേണ്ടതാണ്.

11. കൊവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രോജക്ടുകൾ മാത്രമേ ഈ മാർഗരേഖ അനുവദിക്കുന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇക്കാര്യം സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

12. എസ്.ഡി.ആർ.എഫിൽ നിന്നും അഡ്വാൻസ് ആയി ലഭിക്കുന്ന തുക ആവശ്യമായ രേഖകളും മറ്റ് വിശദാംശങ്ങളും സമർപ്പിച്ച് ക്രമപ്പെടുത്തേണ്ടതാണ്. അഡ്വാൻസ് ലഭിക്കാത്ത സന്ദർഭത്തിൽ റീ-ഇംപേഴ്സ്മെന്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ.എ.എസ്.

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – 2020-21 വാർഷിക പദ്ധതി - സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ക്യാരി ഓവർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.622/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:-	1	31.03.2020 -ലെ സ.ഉ.(സാധാ) നം.724/2020/തസ്വഭവ
	2	23.04.2020-ലെ സ.ഉ.(സാധാ) നം.2859/2020/ധന
	3	22.06.2020-ലെ സ.ഉ.(സാധാ) നം.1219/2020/തസ്വഭവ
	4	18.02.2020-ലെ സ.ഉ.(സാധാ) നം.1512/2021/ധന
	5	19.02.2020-ലെ സ.ഉ.(സാധാ) നം.1604/2021/ധന

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ആ വർഷം പൂർത്തിയാക്കാൻ കഴിയാതിരുന്നതുമായ പ്രോജക്ടുകൾക്ക് 2020-21 വാർഷിക പദ്ധതിയിൽ ക്യാരിഓവർ വിഹിതം അനുവദിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പെന്റിംഗ് ബിൽ തുകയോ ചുവടെ പ്രതിപാദിക്കുന്ന പരിധിയോ ഇവയിൽ ഏതാണോ കൂടുതൽ അതിൽ പരിമിതപ്പെടുത്തി സ്പിൽഓവർ പ്രോജക്ടുകൾക്ക് ക്യാരിഓവർ വിഹിതം അനുവദിക്കുമെന്നാണ് വ്യക്തമാക്കിയിരുന്നത്.

- ഗ്രാമപഞ്ചായത്തുകൾ : 2019-20-ലെ ബജറ്റ് വിഹിതത്തിന്റെ 25 ശതമാനം
- ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2019-20-ലെ ബജറ്റ് വിഹിതത്തിന്റെ 30 ശതമാനം
- ജില്ലാ പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ: 2019-20 -ലെ ബജറ്റ് വിഹിതത്തിന്റെ 35 ശതമാനം

ഇതിന് പുറമെ, 2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗര സഭകൾക്കും 2019-20-ൽ ലഭിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളുടെ സ്പിൽ ഓവർ ബാധ്യത 2020-21-ൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക വിഹിതമായി അനുവദിക്കുമെന്ന് പരാമർശം 3 പ്രകാരവും വ്യക്തമാക്കിയിരുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങൾ ആദ്യം 2020-21-ലെ ബജറ്റ് വിഹിതം ഉപയോഗിച്ച് മേൽപ്പറഞ്ഞ സ്പിൽ ഓവർ പ്രോജക്ടുകളുടെ പെയ്മെന്റ് നടത്തണമെന്നും വിഹിതം പൂർണ്ണമായും തീരുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുമെന്നുമാണ് വ്യക്തമാക്കിയിരുന്നത്.

3. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ സ്പിൽഓവർ പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ തുക പരാമർശം 4 പ്രകാരവും പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2019-20-ൽ അനുവദിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ തുക പരാമർശം 5 പ്രകാരവും അനുവദിച്ചിട്ടുണ്ട്. ഇതിന് തുടർച്ചയായി, വികസനഫണ്ട് വിഹിതത്തിൽ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകളുടെ ക്യാരിഓവർ വിഹിതം അനുവദിക്കുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

3.1 വികസനഫണ്ട് വിഹിതത്തിൽ ഓരോ വിഭാഗത്തിലെയും (പൊതു വിഭാഗം - സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം) 2020-21-ലെ ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1 പ്രകാരം ലഭിക്കാൻ അർഹതയുള്ള പരമാവധി തുക വരെയുള്ള ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാവുന്നതാണ്.

3.2 മേൽപ്പറഞ്ഞ പ്രകാരം സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് ബിൽതുക അനുവദിക്കുന്നതാണ്.

3.3 പരാമർശം 1 പ്രകാരം ലഭിക്കാൻ അർഹതയുള്ള ക്യാരിഓവർ വിഹിതത്തിനുള്ള ബില്ലുകൾ സമർപ്പിക്കുമ്പോൾ ആ വിഭാഗത്തിലെ 2020-21-ല ബജറ്റ് വിഹിതത്തിൽ നിന്നുള്ള അലോട്ട്മെന്റിൽ തുക ബാക്കിയില്ലെന്ന് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഉറപ്പാക്കണം.

3.4 ഈ സമ്പ്രദായം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ക്രമീകരണം സോഫ്റ്റ് വെയറുകളിൽ വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും

13. എല്ലാ ജില്ലാകളക്ടർമാർക്കും

14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും

15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും

17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും

19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

21. ഡയറക്ടർ ജനറൽ, കില

22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 – നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച പ്രാദേശിക സർക്കാരുകൾക്ക് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് . ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്

സ.ഉ.(സാധാ) നം. 2247/2021/ധന. തീയതി, തിരുവനന്തപുരം, 12 മാർച്ച് 2021

പരാമർശം : ബഹു ധനകാര്യ വകുപ്പുമന്ത്രിയുടെ 23/02/2021 ലെ കുറിപ്പ് .

ഉത്തരവ്

തങ്ങളുടെ നടപ്പുവർഷത്തെ വിഹിതം പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞതായി ചൂണ്ടിക്കാട്ടി നിരവധി പഞ്ചായത്തുകൾ അധിക സഹായത്തിനായി സർക്കാരിനെ സമീപിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച പ്രാദേശിക സർക്കാരുകൾക്ക് ക്യാരി ഓവർ ചെയ്ത തുകയ്ക്ക് തുല്യമായ പണം, ഗ്രാമ പഞ്ചായത്തുകൾക്ക് 25 ശതമാനം, മുനിസിപ്പാലിറ്റികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും 30 ശതമാനം, കോർപ്പറേഷനുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 35 ശതമാനം എന്ന പരിധിക്ക് വിധേയമായി അധികമായി അനുവദിക്കുമെന്ന് ബഹുഃ ധനകാര്യ മന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രാദേശിക സർക്കാരുകൾക്ക് 2020-21 സാമ്പത്തിക വർഷം അനുവദിച്ച ധനകാര്യ കമ്മീഷൻ തുക ഒഴിച്ചുള്ള വികസന ഫണ്ട് 90 ശതമാനത്തിന് മുകളിൽ ചെലവ് എത്തുന്ന പ്രാദേശിക സർക്കാരുകളുടെ വിവരം ഓരോ ആഴ്ചയിലും ഇൻഫർമേഷൻ കേരള മിഷനിൽ (ഐ.കെ.എം) നിന്നും സമാഹരിച്ച് അപ്പപ്പോൾ വികസന ഫണ്ടിനത്തിൽ അധിക ധനാനുമതി അനുവദിക്കുന്നതാണ് എന്ന് ഉത്തരവാകുന്നു. ഇത്തരത്തിൽ അനുവദിക്കുന്ന തുക താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

എ. ഗ്രാമ പഞ്ചായത്തുകൾ — 2020-21 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് വിഹിതത്തിന്റെ 25 ശതമാനം.

ബി. മുനിസിപ്പാലിറ്റികളും ബ്ലോക്ക് പഞ്ചായത്തുകളും — 2020-21 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് വിഹിതത്തിന്റെ 30 ശതമാനം.

സി. മുനിസിപ്പൽ കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും — 2020-21 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് വിഹിതത്തിന്റെ 35 ശതമാനം.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഗോപ കുമാർ എൻ

ധനകാര്യ അഡീഷണൽ സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (*E-1719283*)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിഎ1/599/2018-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/04/2021

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് അനിവാര്യമാക്കുന്നത് - സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01.02.2017-ൽ ചേർന്ന യോഗത്തിന്റെ തീരുമാനം നം. 2.17
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.02.2017-ൽ ചേർന്ന യോഗത്തിന്റെ തീരുമാനം നം. 2.7
3. കോഴിക്കോട് ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിങ്ങിന്റെ 01.08.2018-ലെ 76/DPAW2/2018 KKD -ാം നമ്പർ കത്ത്

****

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ആരംഭിക്കുകയും, പൂർത്തീകരിക്കുകയും ചെയ്യുകയും എന്നാൽ സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഓഡിറ്റ് നടത്തുന്ന അവസരങ്ങളിൽ സി.സി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവ് ലഭ്യമല്ല എന്ന കാരണത്താൽ ഓഡിറ്റ് പരാമർശമുണ്ടാകുന്നത് ചൂണ്ടിക്കാട്ടി, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനത്തിന്മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് അനിവാര്യമാണോ എന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് കോഴിക്കോട് ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിങ് സൂചന (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പ്രാദേശിക തലത്തിൽ രൂപപ്പെടുത്തുന്ന പദ്ധതികളുടെ നിരീക്ഷണം, അവയുടെ ഫലപ്രദമായ നിർവ്വഹണം എന്നിവ ഉറപ്പുവരുത്തുന്നതിനും ഏകോപനത്തിനുമായാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി രൂപവൽക്കരിച്ചിട്ടുള്ളത്. പദ്ധതി അംഗീകാരം നല്കുന്നതിനുള്ള ഉന്നതാധികാര സമിതിയാണ് സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി.

കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെന്നും, അപ്രകാരം നടപടി സ്വീകരിച്ചില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കാണുന്നതാണെന്നും സൂചന (1) യോഗം തീരുമാനമെടുത്തിരുന്നു. "പ്രത്യേക സർക്കാർ ഉത്തരവുകൾ ആവശ്യമില്ലാത്ത വിഷയങ്ങളിന്മേൽ കോ- ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർ നടപടികൾ സ്വീകരിക്കേണ്ടതാണ്" എന്ന തീരുമാനം സൂചന (2)

യോഗത്തിലും കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീയതിക്കുശേഷമുള്ള വളരെ പ്രാധാന്യമുള്ള വിഷയങ്ങളിൽ മാത്രം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്. അതിന് മുൻപ് നടന്ന കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നില്ല. മേൽ പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കേണ്ടതില്ലാത്തതും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ നടപ്പിലാക്കാവുന്നതുമാണ്.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ (AC2/28/2020-LSGD)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി - അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്

സ.ഉ.(സാധാ) നം.925/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/04/2021

പരാമർശം:- 1 സ.ഉ. (കൈ) നം. 4/2021/തസ്വഭവ; തീയതി 11.01.2021.

2 സ.ഉ. (സാധാ) നം. 210/2021/തസ്വഭവ; തീയതി 26.01.2021.

3 പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്.

4 സ.ഉ. (സാധാ) നം. 591/2021/തസ്വഭവ; തീയതി 25.02.2021.

5 സ.ഉ. (പി) നം. 53/2021/ധന; തീയതി 18.03.2021.

6 ചീഫ് ഇലക്ടറൽ ഓഫീസറുടെ 21.04.2021-ലെ 1540 (359)/ഇ.എൽ.4/2021/ഇലക്ഷൻ നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പരാമർശം 1, 2, 4 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി സമർപ്പണം വരെയുള്ള ആസൂത്രണ ഘട്ടങ്ങൾ ഭൂരിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങളും പൂർത്തിയാക്കിയെങ്കിലും ഇടയ്ക്കു വച്ച് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതു കാരണം പദ്ധതി അംഗീകാരം, പ്രോജക്ട് വെറ്റിംഗ് തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ വാർഷിക പദ്ധതി അന്തിമമാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളും അംഗീകാര നടപടികളും പൂർത്തിയാക്കുന്നതിന് ഇപ്പോൾ പരാമർശം 3 പ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി അന്തിമമാക്കുന്നതിനും അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനും ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

2.1 ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പ്1157 തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിരുന്നു. ഇതിൽ 962 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരനടപടികൾ പൂർത്തിയാക്കാൻ ബാക്കിയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, ജില്ലാ ആസൂത്രണ സമിതികൾ പരിശോധിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

2.2 പ്രോജക്ട് വെറ്റിംഗ്

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ വെറ്റിംഗിന് അയച്ച് അവയുടെ അംഗീകാര നടപടികൾ പൂർത്തിയാക്കാവുന്നതാണ്.

2.3 വാർഷിക പദ്ധതി സമർപ്പിക്കാൻ ബാക്കിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ

(1) ആസൂത്രണ നടപടിക്രമങ്ങൾ പൂർത്തിയാക്കിയെങ്കിലും ജില്ലാ ആസൂത്രണസമിതിക്ക് പദ്ധതി സമർപ്പിക്കാൻ കഴിയാതിരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാവുന്നതും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് വെറ്റിംഗ് സംബന്ധിച്ച നടപടികൾ തുടരാവുന്നതുമാണ്.

(2) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു മുമ്പ് ഗ്രാമ/വാർഡ് സഭകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ, കൊവിഡ് മഹാമാരിയുടെ രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ ഒഴിവാക്കി പദ്ധതി അന്തിമമാക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ ചുവടെ ഖണ്ഡിക 2.4(4)-ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ വികസന സെമിനാർ ചേരേണ്ടതാണ്.

2.4 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി (CFC Sub Plan)

(1) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും മലപ്പുറം ഒഴികെയുള്ള മറ്റു മുനിസിപ്പാലിറ്റികളും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട്, പരാമർശം 4 പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, തുടങ്ങി വച്ച പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതാണ്.

(2) അടിസ്ഥാന വിഹിതം (Basic Grant), പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Specific Purpose Grant/ Tied Grant) എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും മലപ്പുറം ഒഴികെയുള്ള മറ്റു മുനിസിപ്പാലിറ്റികൾക്കും പരാമർശം 5 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള തുകയ്ക്ക് അനുസൃതമായി ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്. കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകൾ സംബന്ധിച്ച്

പരാമർശം 4 പ്രകാരം നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

(എ) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ

- അടിസ്ഥാന വിഹിതം: - മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജന വിമുക്ത പദവി (ODF status) നിലനിർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ (b) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും (reuse/recycling of water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം വീതം മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

(ബി) മുനിസിപ്പാലിറ്റികൾ (മലപ്പുറം മുനിസിപ്പാലിറ്റി ഒഴികെ)

- അടിസ്ഥാന വിഹിതം: - മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) ശുചിത്വം (ഖര-ദ്രവ മാലിന്യ സംസ്കരണം ഉൾപ്പെടെ), ശുചിത്വത്തിൽ സ്റ്റാർ പദവി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ (b) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും (reuse/recycling of water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം വീതം മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

(3) പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ അനുബന്ധം 7.9 ൽ പ്രതിപാദിച്ചിട്ടുള്ള ശുചിത്വത്തെ സംബന്ധിക്കുന്ന സ്റ്റാർ റേറ്റിംഗ് പദവിയും ജലവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് നിശ്ചയിക്കപ്പെടുന്ന സർവീസ് ലവൽ ബഞ്ച്മാർക്കും കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ആകണം മുനിസിപ്പാലിറ്റികൾ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) വകയിരുത്തേണ്ടത്.

(4) ഉപ പദ്ധതി (CFC Sub Plan) തയ്യാറാക്കുന്നതിന് ഗ്രാമ/വാർഡ് സഭകൾ പ്രത്യേകം ചേരേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു. എന്നാൽ പ്രത്യേക വികസന സെമിനാർ ചേരണം. വളരെ ചുരുക്കം ആൾക്കാരെ മാത്രം നേരിട്ടും (physical) മറ്റുള്ളവരെ ഓൺലൈനായും പങ്കെടുപ്പിക്കുന്ന രീതിയിലാകണം വികസന സെമിനാർ ചേരേണ്ടത്. ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകൾ വികസന സെമിനാറിന്റെ ഫോട്ടോ എടുത്ത് കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്യണം.

(5) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിയാതിരുന്ന തദ്ദേശഭരണ സ്ഥാപങ്ങൾ ഇപ്പോൾ പദ്ധതി സമർപ്പിക്കുമ്പോൾ അവക്കൊപ്പമായിരിക്കണം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപ പദ്ധതി സമർപ്പിക്കേണ്ടത്.

(6) ഉപപദ്ധതി ഒരു പ്രത്യേക രേഖയാക്കി തയ്യാറാക്കേണ്ടതും പദ്ധതി രേഖയുടെ അനുബന്ധമായി കൂട്ടിച്ചേർക്കേണ്ടതുമാണ്. ഉപപദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടാകണം. ആദ്യഭാഗം ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന 'ജല-ശുചിത്വ സേവനങ്ങൾക്കുള്ള പദ്ധതിയും' രണ്ടാം ഭാഗം 'ജല - ശുചിത്വ സേവനങ്ങൾ ഒഴികെയുള്ള മറ്റു വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും' ആയിരിക്കണം.

2.5 നഗര സഞ്ചയങ്ങൾക്കുള്ള (Urban Agglomerations) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം

തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ നഗര സഞ്ചയങ്ങൾക്ക് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) മാത്രമാണ് ലഭിക്കുക. അടിസ്ഥാന വിഹിതം ഇല്ല. നഗര സഞ്ചയ പ്രദേശങ്ങൾക്കുള്ള ഉപപദ്ധതി ഇപ്പോൾ തയ്യാറാക്കേണ്ടതില്ല ഇതിനുള്ള അവസരം പിന്നീട് നൽകുന്നതാണ്.

2.6 സ്പിൽ ഓവർ പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കൽ, വാർഷിക പദ്ധതി പരിഷ്കരിക്കൽ തുടങ്ങിയവ

(1) 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും മാർച്ച് 31-ന് നിർവഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകളിൽ, ഭേദഗതി ഇല്ലാതെ സ്പിൽ ഓവർ ആയി തുടരേണ്ട പ്രോജക്ടുകൾ സംബന്ധിച്ച ഭരണ സമിതി തീരുമാനമെടുത്തു തുടർന്ന് നടപ്പാക്കാവുന്നതും 2021-22 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും പേയ്മെന്റ് നടത്താവുന്നതുമാണ്. ഇതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമാണ്.

(2) സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അനുവദനീയമായ ക്യാരി ഓവർ വിഹിതം സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്. ഇപ്രകാരം നിശ്ചയിക്കപ്പെടുന്ന പരിധിക്കുള്ളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾക്കൊള്ളിക്കേണ്ടതും ബാക്കിയുള്ള സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ട തുക 2021-22 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതുമുണ്ട്. ഇത്തരം ക്രമീകരണങ്ങൾക്കും സ്പിൽ ഓവർ പ്രോജക്ടുകളുടെ ഭേദഗതിക്കും ഉള്ള അവസരം പിന്നീട് വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം നൽകുന്നതാണ്.

2.7 സമയക്രമം

വാർഷിക പദ്ധതിയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതിയും 2021 മെയ് 10-നകം ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
7. പഞ്ചായത്ത് ഡയറക്ടർ.
8. നഗരകാര്യ ഡയറക്ടർ.
9. ഗ്രാമവികസന കമ്മീഷണർ.
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും.
13. എല്ലാ ജില്ലാകളക്ടർമാർക്കും.
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും.
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്).
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും.
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
21. ഡയറക്ടർ ജനറൽ, കില.
22. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക് . സെക്ഷൻ ഓഫീസർ
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി – അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.973/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/05/2021

പരാമർശം:- 1 സ.ഉ.(സാധാ)നം. 2766/2018/തസ്വഭവ; തീയതി: 29/10/2018

2 സ.ഉ.(പി)നം. 53/2021/ധന; തീയതി 18.03.2021

3 സ.ഉ. (സാധാ) നം.925/2021/തസ്വഭവ; തീയതി 28.04.2021

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി അന്തിമമാക്കുന്നതിനും അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 3 പ്രകാരം പുറപ്പെടുവിച്ചിരുന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് വാർഷിക പദ്ധതി സമർപ്പിക്കാൻ കഴിയാതിരുന്ന 43 തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയും, കോർപ്പറേഷനുകളും മലപ്പുറം മുനിസിപ്പാലിറ്റിയും ഒഴികെയുള്ള മറ്റെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവരുടെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതിയും തയ്യാറാക്കി മേയ് 10-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ കോവിഡ് മഹാമാരിയുടെ രണ്ടാം ഘട്ട വ്യാപനത്തെ തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടി വന്നതുകാരണം മേല്പറഞ്ഞ പ്രവർത്തനങ്ങളിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അവരുടെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതിയുടെ (CFC Sub Plan) വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് (https://egramswaraj.gov.in) പോർട്ടലിലേയ്ക്ക് ഉടൻ തന്നെ നൽകണമെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചിരിക്കുകയാണ്. ഇതിൽ കാലതാമസം ഉണ്ടായാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ ഗഡു ലഭിക്കുന്നത് വൈകിയേക്കാം. അത്തരമൊരു സാഹചര്യം ഒഴിവാക്കേണ്ടതുണ്ട്. മാത്രമല്ല, വാർഷിക പദ്ധതി തയ്യാറാക്കാൻ ബാക്കിയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ അടിയന്തരമായി പദ്ധതി അന്തിമമാക്കിയെങ്കിൽ മാത്രമേ മുടക്കം കൂടാതെ നിർവഹണം നടത്തേണ്ടതും അവശ്യം വേണ്ടതുമായ പദ്ധതി പ്രവർത്തനങ്ങൾ തുടരാൻ കഴിയുകയുള്ളൂ. ഈയൊരു പശ്ചാത്തലത്തിൽ, ലോക്ക്ഡൗൺ എന്ന അസാധാരണ സാഹചര്യമാണ് സംസ്ഥാനത്ത് നിലവിലുള്ളതെങ്കിലും, പരാമർ ശം 3-ലെ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി

പൂർത്തിയാക്കി 2021 മേയ് 20-നകം ജില്ലാ ആസൂത്രണ സമിതിക്ക് പദ്ധതി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് സർക്കാർ ഉത്തരവാകുന്നു. ഇത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന അധിക മാർഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

2.1 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ പദ്ധതി സംബന്ധമായ എല്ലാ യോഗങ്ങളും ഓൺലൈൻ മാർഗ്ഗത്തിൽ ചേരേണ്ടതാണ്.

2.2 പരാമർശം 2 പ്രകാരം അനുവദിച്ചിട്ടുള്ള തുകയ്ക്ക് അനുസൃതമായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതിയിലെ പുതിയ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

2.3 ഗ്രാമ പഞ്ചായത്തുകൾ അവരുടെ പദ്ധതി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ കഴിഞ്ഞ രണ്ടു വർഷമായി കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേക്കു (https://gpdp.nic.in) നൽകി വരുന്നതുപോലെ 2021-22 വാർഷിക പദ്ധതി രൂപീകരണ വിവരങ്ങളും ഈ പോർട്ടലിലേക്കു നൽകേണ്ടതാണ്. ഒപ്പം, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും പദ്ധതി രൂപീകരണ വിവരങ്ങൾ ഈ പോർട്ടലിലേക്കു നൽകണം. ഇതിന് പരാമർശം 1 പ്രകാരമുള്ള മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്. അധിക മാർഗനിർദ്ദേശങ്ങൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടറും ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമ വികസന കമ്മീഷണറും നൽകുന്നതാണ്.

2.4 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ചേർന്ന വികസന സെമിനാറിന്റെ ഫോട്ടോ പോർട്ടലിൽ (https://gpdp.nic.in) അപ് ലോഡ് ചെയ്യാവുന്നതാണ്

2.5 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതിയുടെ വിശദാംശങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനൊപ്പം തന്നെ കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിലും തയ്യാറാക്കി അപ് ലോഡ് ചെയ്യേണ്ടതാണ്. യൂസർ നെയിം, പാസ് വേർഡ് മുതലായവ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടറും ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമവികസന കമ്മീഷണറും അനുവദിച്ച് നൽകുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടിലിൽ മേയ് 13 നുള്ളിൽ CFC പ്രൊജക്റ്റ് വിവരങ്ങൾ അപ്ലോഡ് ചെയ്യേണ്ടതാണ്.

2.6 നിശ്ചിത സമയത്തിനകം തന്നെ ഇ-ഗ്രാംസ്വരാജ് പോർട്ടലിലേയ്ക്ക് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതിയുടെ വിശദാംശങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി ജില്ലകളിൽ താഴെപ്പറയുന്ന ഘടനയിൽ ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

1	ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി	:	അദ്ധ്യക്ഷൻ
2	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ	:	അംഗം
3	അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)	:	"
4	നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ	:	"

5	ഡെപ്യൂട്ടി ഡയറക്ടർ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്	:	
6	ജില്ലാ ടൗൺ പ്ലാനർ	:	
7	ജില്ലാ പ്ലാനിംഗ് ഓഫീസർ	:	കൺവീനർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ravikumar

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എസ്സ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2021-22 വാർഷിക പദ്ധതി - ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1169/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/06/2021

പരാമർശം:- 1 29.01.2018-ലെ സ.ഉ. (കൈ) നം. 11/2018/തസ്വഭവ.

2 02.02.2018-ലെ സ.ഉ. (കൈ) നം. 17/2018/തസ്വഭവ.

3 29.04.2020-ലെ സ.ഉ. (സാധാ) നം. 794/2020/തസ്വഭവ.

4 04.08.2020-ലെ സ.ഉ. (സാധാ) നം. 1450/2020/തസ്വഭവ.

ഉത്തരവ്

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമസഭകളും വാർഡ്സഭകളും വാർഡ് കമ്മിറ്റികളും കൂടുന്നതിന് കഴിയാത്ത സാഹചര്യത്തിൽ 2020-21 വാർഷികപദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ച് പരാമർശം 3, 4 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൊവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പെട്ടെന്നുള്ള വ്യാപനം കാരണം ഈ വർഷവും സമാന സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ നടപ്പ് വർഷത്തെ (2021-22) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ചുവടെ വിവരിക്കുന്ന പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

2. നെൽക്കൃഷി, പച്ചക്കറിക്കൃഷി തുടങ്ങിയ ചില പ്രോജക്ടുകൾ എല്ലാ വർഷവും ആവർത്തന സ്വഭാവത്തിൽ നടപ്പാക്കി വരുന്നവയാണ്. ഇത്തരം പ്രോജക്ടുകളുടെ ഗുണഭോക്തൃ പട്ടികയിൽ ഓരോ വർഷവും ചെറിയ മാറ്റമേ ഉണ്ടാകാറുള്ളൂ. അതിനാൽ ഇങ്ങനെ ആവർത്തന സ്വഭാവത്തിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ മുൻവർഷത്തെ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കിക്കൊണ്ട് അതിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും വരുത്തി പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കാവുന്നതാണ്. താൽപര്യമില്ലാത്തവരെ അവരുടെ സമ്മതത്തോടെ പട്ടികയിൽ നിന്ന് ഒഴിവാക്കാവുന്നതും പുതുതായി താല്പര്യം പ്രകടിപ്പിക്കുന്നവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് അർഹതാ- മുൻഗണനാ മാനദണ്ഡങ്ങൾ പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

3. ആവർത്തന സ്വഭാവം ഇല്ലാത്ത, ഉല്പാദന–സേവന മേഖലകളിലെ പ്രോജക്ടുകളുടെ കാര്യത്തിൽ പുതുതായി അപേക്ഷ സ്വീകരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണ്.

4. പുതിയ അപേക്ഷകളും ആവർത്തന സ്വഭാവത്തിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ പട്ടികയിൽ

നിന്നും ഒഴിവാക്കുന്നതിനുള്ള സമ്മതപത്രവും സ്വീകരിക്കുന്നതിന് ഇലക്ട്രോണിക് മാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള നവീന മാർഗ്ഗങ്ങളും അവലംബിക്കാവുന്നതാണ്.

5. മേൽപ്പറഞ്ഞ പ്രക്രിയ പൂർത്തിയാക്കി കരട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ നിയോഗിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനും അടങ്ങിയ രണ്ടംഗ കമ്മിറ്റിക്ക് ആയിരിക്കും.

6. മേൽപ്പറഞ്ഞ കമ്മിറ്റികൾ തയ്യാറാക്കുന്ന കരട് മുൻഗണനാ പട്ടികകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് പരിശോധിച്ച് ശുപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി യോഗം ചേർന്ന് പട്ടികകളുടെ അംഗീകാരം സംബന്ധിച്ച തീരുമാനമെടുക്കണം.

7. ഇപ്രകാരം അന്തിമമാക്കുന്ന ഗുണഭോക്തൃ പട്ടികകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും നവ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തണം.

8. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ ജൂലൈ 17-നകം പൂർത്തിയാക്കേണ്ടതാണ്.

9. ഗുണഭോക്തൃ പട്ടികകൾ ഏറ്റവും ആദ്യം ചേരുന്ന ഗ്രാമസഭ/ വാർഡ്സഭ/വാർഡ് കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ,സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട നടപടി പ്രകാരമുള്ള നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്

സ.ഉ.(കൈ) നം. 79/2021/ധന. തീയതി, തിരുവനന്തപുരം, 15 ജൂലൈ 2021

പരാമർശം : ആറാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ 3, 10 എന്നീ നമ്പർ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനം

ഉത്തരവ്

വികസന ഫണ്ടിനത്തിലും സംരക്ഷണ ഫണ്ടിനത്തിലും പൂർണ്ണമായും ചെലവഴിക്കാത്ത തുകകൾ പരമാവധി 20% വരെ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യാനുള്ള ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും വികസന ഫണ്ടിലെ പൊതു വിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി 20% വരെ ക്യാരി ഓവർ തുക അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2) 2021-22 മുതൽ ഒരു സാമ്പത്തിക വർഷം വികസന ഫണ്ടിലെ SCSP/TSP വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് അടുത്ത വർഷത്തെ പൊതു വിഭാഗം ഫണ്ടിൽ നിന്നും പുനരനുവദിക്കുന്ന രീതി പുനഃസ്ഥാപിക്കണമെന്നും വികസന ഫണ്ടിന്റെ ഭാഗമായ 3 സെക്ടറുകളിലെ ഫണ്ടുകളും അതിനനുസരിച്ച് ക്രമീകരിക്കേണ്ടതാണെന്നുമുള്ള കമ്മീഷന്റെ ശിപാർശയിന്മേൽ SCSP/TSP വിഭാഗങ്ങളിൽ അനുവദിക്കുന്ന 20% ക്യാരി ഓവർ ഒഴിച്ചുള്ള ഷോർട്ട് ഫാൾ തുക പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. 2020-21 മുതൽ ലഭ്യമാകുന്ന കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ ലാപ്സാകുന്നതല്ല എന്ന കമ്മീഷൻ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ പറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു:

i. പ്രാദേശിക സർക്കാരുകൾക്ക് മുൻ സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുന്നു. വികസന ഫണ്ടിലെ പൊതു വിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി ക്യാരി ഓവർ ചെയ്യുന്നതിനും അനുവദിക്കുന്നു. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20

ശതമാനം വരെ മാത്രമേ ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുകയുള്ളൂ. എന്നാൽ, ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുക അനുവദിക്കുന്നത്. 2020-21 മുതൽ അനുവദിച്ച ഫണ്ടുകൾക്ക് 2021-22 മുതൽ ക്യാരി ഓവർ ബാധകമായിരിക്കും.

ii. SCSP/TSP വിഭാഗങ്ങളിൽ 2021-22 സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്നതും എന്നാൽ ആ വർഷം ചെലവഴിക്കാത്തതുമായ ഫണ്ട് (അതായത്, ഷോർട്ട് ഫാൾ തുക) തൊട്ടടുത്ത സാമ്പത്തിക വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കുന്നതാണ്. 20% ക്യാരി ഓവർ അനുവദിക്കുന്നത് ഒഴിച്ചുള്ള തുകയായിരിക്കും ഇത്തരത്തിൽ നീക്കുപോക്കു വരുത്തുന്നത്.

iii. പ്രാദേശിക സർക്കാരുകൾക്ക് 2020-21 സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്ന 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അതതു വർഷം ചെലവഴിക്കാത്ത മുഴുവൻ തുകയും തൊട്ടടുത്ത സാമ്പത്തിക വർഷം പുനഃരനുവദിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് കുമാർ സിംഗ് IAS

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (*E-1682472*)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേന്ദ്ര സർക്കാർ 2020-21 വർഷത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾക്ക് അംഗീകാരം നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്

G.O.(Rt)No.1375/2021/LSGD തീയതി,തിരുവനന്തപുരം, **22/07/2021**

പരാമർശം:-

1. കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ 08/04/2020 തീയതിയിലെ S-11011/ 2/2020-SBM-DDWS നമ്പർ കത്ത്
2. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി മാർഗ നിർദേശങ്ങൾ
3. 20/02/2021 തീയതിയിലെ G.O (Ms)No. 58/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
4. 27.05.2021 തീയതിയിൽ ചേർന്ന നാഷണൽ സ്കീം സാങ്ഷനിങ് കമ്മിറ്റി യോഗതീരുമാനം
5. 24.05.2021 തീയതിയിലെ നം.44/2021/ഫിൻ നമ്പർ സർക്കുലർ

ഉത്തരവ്

കേന്ദ്ര സർക്കാർ 2020-21 വർഷത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി സംസ്ഥാനത്തു നടപ്പാക്കുന്നതിന് അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതുക്കലുകൾ ഉൾപ്പെടെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് താഴെപറയും പ്രകാരം നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. രാജ്യത്തെ എല്ലാ വില്ലേജുകളെയും രാജ്യമാകെയും അഞ്ചു വർഷക്കാലാവധിയിൽ ഒ.ഡി.എഫ്. പ്ലസ് പദവിയിൽ എത്തിക്കുക എന്നതാണ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതിയുടെ ലക്ഷ്യം (വില്ലേജ് അടിസ്ഥാന ഘടകമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്). സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ അനുവദിക്കുന്ന തുകയ്ക്കു പുറമേ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതം, തദ്ദേശ ഭരണ സ്ഥാപന വിഹിതം എന്നിങ്ങനെ വിവിധ രീതിയിലുള്ള ഫണ്ടുകൾ ഉപയോഗിച്ചാണ് ഈ ലക്ഷ്യം നേടേണ്ടത്. പദ്ധതിയുടെ സവിശേഷതകളും ധനകാര്യ വിശദീകരണവും **അനുബന്ധം -1** ആയി ഉള്ളടക്കം ചെയ്യുന്നു.

3. താഴെപ്പറയുന്ന ഇനങ്ങൾക്കാണ് പദ്ധതി ഫണ്ടിൽ നിന്ന് നേരിട്ട് ധനസഹായം ഉള്ളത്.

1. വ്യക്തിഗത കക്കൂസുകൾ (IHHL) (ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള നിർവഹണം)
2. കമ്യൂണിറ്റി സാനിട്ടറി കോംപ്ലെക്സുകൾ (CSC) (ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള നിർവ്വഹണം)
3. ഖരമാലിന്യ പരിപാലനം (ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള നിർവ്വഹണം)
4. ദ്രവ മാലിന്യ പരിപാലനം (ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള നിർവഹണം)
5. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (ബ്ലോക്ക് പഞ്ചായത്ത് /ജില്ലാ തലം)
6. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ (ജില്ലാ തലം)
7. ഗോബർധൻ (ബയോഗ്യാസ് പ്ലാന്റുകൾ) - ജില്ലാ തലം

4. വ്യക്തിഗത ശൗചാലയങ്ങൾ ഒഴികെ മറ്റ് വ്യക്തഗത പദ്ധതികൾക്ക് ഈ പദ്ധതിയിൽ വകയിരുത്തൽ ഇല്ലാത്തതാണ്. ഇതിൽ 2 മുതൽ 4 വരെയുള്ള ഇനങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക കൂടി ചേർത്ത് മാത്രമേ നിർവഹണം നടത്തുവാൻ അനുമതിയുള്ളൂ. ഒ.ഡി.എഫ്. പ്ലസ് ലക്ഷ്യം

കാണുന്നതിനാവശ്യമായ വ്യക്തിഗത കക്കൂസുകളുടെ പുനരുദ്ധാരണം, മറ്റു വ്യക്തിഗത ഉപാധികൾ സ്ഥാപിക്കൽ എന്നിവയ്ക്ക് എസ്.ബി.എം. ഫണ്ട് വിനിയോഗിക്കാൻ അനുമതി നല്കിയിട്ടില്ല. എന്നാൽ അവ എസ്.ബി.എം. ഇതര ഫണ്ടുകൾ (അവയുടെ നിബന്ധനകൾ പ്രകാരം) ഉപയോഗിച്ച് പൂർത്തിയാക്കേണ്ടതാണ്. അതുപോലെ തന്നെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അർഹതപ്പെട്ട പരമാവധി ഭവനങ്ങളിൽ, വ്യക്തിഗത കമ്പോസ്റ്റ്, സോക്ക്പിറ്റ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

5. ഓരോ വർഷവും സംസ്ഥാനം സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശമനുസരിച്ച് കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന വാർഷിക കർമ്മ പദ്ധതി (Annual Implementation Plan-എ.ഐ.പി) യുടെ അടിസ്ഥാനത്തിലാണ് എസ്.ബി.എം പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2020-2021 വർഷം മുതൽ മുൻകൂറായി ഫണ്ട് കൈമാറുകയില്ല എങ്കിലും യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ പി.എഫ്.എം.എസ്. മുഖേന യഥാസമയം പണം അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

6. 2021-22 വർഷത്തേക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ ദേശീയ സ്കീം സാങ്ഷനിങ് കമ്മിറ്റി പരാമർശം (4) പ്രകാരം അംഗീകരിച്ചിട്ടുള്ളതും ആയതു സംബന്ധിച്ച വിവരങ്ങൾ ജില്ലാ ശുചിത്വ മിഷനുകൾ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷൻ നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതി അനുസരിച്ച് 2021-22 വർഷത്തിൽ 500 ൽ കുറയാതെ വില്ലേജുകളെ ഒ.ഡി.എഫ്. പ്ലസ് പദവിയിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർന്ന് മറ്റു വില്ലേജുകളും, ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ ക്രമത്തിൽ സംസ്ഥാനമൊട്ടാകെയും ഒ.ഡി.എഫ്. പ്ലസ് പദവിയിലെത്തിക്കേണ്ടതുമാണ്.

7. ഖര മാലിന്യ പരിപാലനത്തിൽ സംസ്ഥാനം ഇതിനകം തന്നെ മുൻനിരയിൽ എത്തിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ 715 ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ ഇതിനകം തന്നെ **'ശുചിത്വ പദവി'** നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ ഖരമാലിന്യ പരിപാലനം സംബന്ധിച്ച് എസ്.ബി.എം. പദ്ധതിയുടെ നിബന്ധനകൾ, പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. ശുചിത്വപദവി ഇതിനകം നേടിയ ഗ്രാമപഞ്ചയത്തുകളിലും ഇനിയും ശുചിത്വപദവി നേടാനുള്ള ഗ്രാമപഞ്ചായത്തുകളിലും എസ്.ബി.എം. പദ്ധതി-2 നിബന്ധനകൾ പ്രകാരം നിലനിൽക്കുന്ന പോരായ്മകൾ വില്ലേജ് അടിസ്ഥാനത്തിൽ പദ്ധതികൾ ഏറ്റെടുത്ത് ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. ദ്രവമാലിന്യ പ്രശ്നം നിലനിൽക്കുന്ന ഇടങ്ങളിൽ കമ്മ്യൂണിറ്റി സോക്പിറ്റുകൾ നിർമ്മിച്ചും, ഭവനങ്ങളിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുഖേന വ്യക്തിഗത സോക്പിറ്റുകൾ നിർമ്മിച്ചും വില്ലേജ് തലത്തിൽ പാലിക്കേണ്ട ദ്രവ മാലിന്യ സംസ്കരണം സംബന്ധിച്ച നിബന്ധനകൾ ഏറിയ പങ്കും പരിഹരിക്കാൻ സാധിക്കുന്നതാണ്. അതിലധികമായ ആവശ്യകത നിലനിൽക്കുന്ന വലിയ മാർക്കറ്റുകൾ, ആശുപത്രികൾ മുതലായ സ്ഥാപനങ്ങൾക്കു വേണ്ടി പ്രത്യേക പ്ലാന്റുകൾ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നിർമ്മിക്കേണ്ടതാണ്.

9. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് (RRF) കൾ നിലവിലില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾ അവ 2020-21 വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഗ്രാമ പ്രദേശങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ശുചിമുറികളുടെ സെപ്റ്റിക് ടാങ്ക് മാലിന്യം സംസ്കരിക്കുന്നതിന് എസ്.ബി.എം പദ്ധതി വിഹിതം ഉപയോഗിച്ച് ജില്ലാ തലത്തിൽ പ്ലാന്റുകൾ സജ്ജമാക്കണം. അവ പൂർത്തിയാക്കുന്നതുവരെ നഗര പ്രദേശങ്ങളിൽ നിലവിലുള്ള പ്ലാന്റുകളിലേക്ക് സെപ്റ്റേജ് മാലിന്യം ക്രമമായി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

10. ഐ.ഇ.സി. പ്രവർത്തനങ്ങളും നിഷ്കർഷിച്ചിട്ടുള്ള ബോർഡുകളുടെ സ്ഥാപനവും എല്ലാ വില്ലേജുകളിലും ഉറപ്പുവരുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റവും അടുത്ത തീയതിയിൽ ഒ.ഡി.എഫ്. പ്ലസ് പ്രഖ്യാപനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. വ്യക്തിഗത കക്കൂസുകളും, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകളും വാർഷിക കർമ്മപദ്ധതിയിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന എണ്ണം അനുസരിച്ച് നിർവ്വഹണം നടത്തേണ്ടതിനാൽ അവയ്ക്കായി സാമ്പത്തിക വാർഷാടിസ്ഥാനത്തിൽ പദ്ധതി രൂപീകരിച്ച് നിർവ്വഹണം നടത്തേണ്ടതാണ്. ഖര-ദ്രവ മാലിന്യ പദ്ധതികളിൽ പലതും കൂടുതൽ വകയിരുത്തൽ ആവശ്യമുള്ളവയായതിനാലും നിർവ്വഹണത്തിന് കൂടുതൽ ഫണ്ട് സമയ ദൈർഘ്യം ആവശ്യമുള്ളതാകയാലും, എസ്.ബി.എം. മാർഗ്ഗനിർദ്ദേശപ്രകാരം പദ്ധതി കാലയളവിലേക്ക് തദ്ദേശ ഭരണ സ്ഥാപനത്തിന് ജനസംഖ്യാടിസ്ഥാനത്തിൽ ആകെ അനുവദനീയമായ തുകയിൽ അധികരിക്കാത്തവിധം ബഹു വർഷ പ്രോജക്ടുകളായി പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടതാണ്.

12. ഗോബർ-ധൻ പദ്ധതിയിൽ ഓരോ ജില്ലയും അഞ്ച് വർഷത്തേയ്ക്ക് അനുവദനീയമായ 50 ലക്ഷം

രൂപയുടെ പദ്ധതികൾ 2021-22 വർഷത്തിൽ തന്നെ ആവിഷ്കരിച്ച് ആരംഭിക്കുന്നതിന് ജില്ലാ ശുചിത്വ സമിതികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. സംസ്ഥാനത്തിന് ശുചിത്വ മേഖലയിൽ കേന്ദ്ര സഹായം ഉറപ്പുവരുത്തുന്നതിന് ഒ.ഡി.എഫ്. പ്ലസ് പദവി അനിവാര്യമായതിനാൽ സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ രണ്ടാം ഘട്ടം പദ്ധതികൾക്കാവശ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. എസ്.ബി.എം. ഗ്രാമീൺ രണ്ടാം ഘട്ടം പദ്ധതിയിൽ അനുവദനീയമായ ഇനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിയിലെ ഫണ്ട് തന്നെ ഉപയോഗപ്പെടുത്തുന്നുവെന്നും ആയത് ഉപയോഗപ്പെടുത്തിയതിന് ശേഷം അധികമായ ആവശ്യത്തിന് മാത്രമേ മറ്റ് ഫണ്ടുകൾ വാർഷിക പദ്ധതിയിൽ വകയിരുത്തുന്നുള്ളൂ എന്നും ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പുവരുത്തേണ്ടതാണ്.

14. സ്വച്ഛ് ഭാരത് ഗ്രാമീൺ രണ്ടാം ഘട്ടം പദ്ധതിയിൽ സംയോജനം ഉറപ്പുവരുത്തുന്നത് ഇതിനകം അംഗീകാരം വാങ്ങിയിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, വികസന, തനതു ഫണ്ട് പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനും അനുവദിക്കുന്നു. മുൻ കേന്ദ്രാവിഷ്കൃത ശുചിത്വ പദ്ധതികളിലും നിർമൽ പുരസ്കാരത്തുക ഇനത്തിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിൽ പലിശ ഇനത്തിലും മറ്റുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ബാക്കി നിൽക്കുന്ന തുകയുള്ള പക്ഷം ആയത് അതാതു പദ്ധതികളുടെ നിബന്ധനകൾ പ്രകാരം മേൽ സൂചിപ്പിച്ച ലക്ഷ്യം നേടുന്നതിന് അനുപൂരകമായി തനത് വർഷം തന്നെ ഉപയോഗപ്പെടുത്തുന്നതിനും നിർദേശം നൽകുന്നു.

15. ഒ.ഡി.എഫ്. പ്ലസ് പദവി ഒന്നാം ഘട്ടത്തിനുള്ള സമയപരിധി 02.10.2021 ആയതിനാൽ ഇത് സംബന്ധിച്ച നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ ചെയർമാന്മാർക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

അനുബന്ധം

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) - രണ്ടാം ഘട്ടം പദ്ധതി
(മാർഗ്ഗനിർദ്ദേശങ്ങളുടെ സംക്ഷിപ്തം)

സ്വച്ഛ് ഭാരത് മിഷൻ (ഒന്നാം ഘട്ടം) പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന സമ്പൂർണ്ണ വെളിയിട വിസർജ്ജ്യ വിമുക്ത പദവി നിലനിർത്തുന്നതിനും, അടുത്ത പടിയായ ഖര-ദ്രവമാലിന്യ സംസ്കരണത്തിനും ഊന്നൽ നൽകി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി 2020-25 വർഷക്കാലയളവിൽ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതുക്കലുകളോടുകൂടിയ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കണം പദ്ധതി നടപ്പാക്കേണ്ടത്.

സ്വച്ഛ് ഭാരത് മിഷൻ (രണ്ടാം ഘട്ടം) 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, എം.പി/എം.എൽ.എ. ഫണ്ടുകൾ സാമൂഹിക പ്രതിബദ്ധതാ ഫണ്ട് (സി.എസ്.ആർ ഫണ്ട്), തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം, യൂസർഫീ എന്നിങ്ങനെ വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിനാണ് വിഭാവം ചെയ്തിട്ടുള്ളത്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (രണ്ടാം ഘട്ടം) പദ്ധതിയുടെ പ്രധാന ലക്ഷ്യം നിലവിൽ കൈവരിച്ച വെളിയിട വിസർജ്ജ്യ വിമുക്ത പദവി നിലനിർത്തുകയും ഗ്രാമീണ മേഖലയിലെ ഖര-ദ്രവമാലിന്യ സംസ്കരണം മികവുറ്റതാക്കി ഗ്രാമങ്ങളെ വൃത്തിയുള്ള ഇടങ്ങളാക്കി മാറ്റുകയും എന്നതുമാണ്. ഗ്രാമപ്രദേശങ്ങളെ ഒ.ഡി.എഫ്. പ്ലസ് എന്ന അടുത്ത ഘട്ടത്തിലേക്ക് എത്തിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. വില്ലേജുകൾ അടിസ്ഥാന ഘടകമാക്കിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഒരു ഗ്രാമം ഒ.ഡി.എഫ്. പ്ലസ് പദവിയിൽ എത്തുന്നതിന് ആ പ്രദേശത്തെ 80% വീടുകളും പൊതു സ്ഥലങ്ങളും മാലിന്യ മുക്തമായതും, മലിനജലം കെട്ടിക്കിടക്കാത്തതും പ്ലാസ്റ്റിക് മാലിന്യ കൂമ്പാരങ്ങൾ ഇല്ലാത്തതുമായിരിക്കണം.

ഈ അവസ്ഥയിലേക്ക് ഒരു പ്രദേശത്തെ എത്തിക്കുന്നതിനായി നിരന്തരമായി വിവര വിജ്ഞാന വ്യാപന പ്രക്രിയകളിലൂടെ ബോധവത്കരണം നടത്തി ശീലവത്കരണം ഉറപ്പാക്കണം.

ഒ.ഡി.എഫ്. പ്ലസ് വില്ലേജുകൾ ആയി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1.എല്ലാ വീടുകളിലും ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉറപ്പാക്കുക

2. ഗ്രാമങ്ങളിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പൊതുശൗചാലയം കൃത്യമായ പരിപാലനത്തോടു കൂടി ഉറപ്പാക്കുക

3. സ്കൂളുകൾ, പഞ്ചായത്ത് ആസ്ഥാനങ്ങൾ, അംഗൻവാടികൾ എന്നിവയിൽപുരുഷനും സ്ത്രീയ്ക്കും പ്രത്യേകമായി ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. പൊതുയിടങ്ങൾ വൃത്തിയായും മലിനജലം കെട്ടിനിൽക്കാതെയും പ്ലാസ്റ്റിക്ക് കൂമ്പാരങ്ങൾ ഇല്ലാതെയും സംരക്ഷിക്കുക.

4. ചുരുങ്ങിയത് 80% വീടുകളിലും, എല്ലാ സ്കൂളുകളിലും, അംഗൻവാടികളിലും പഞ്ചായത്ത് ആസ്ഥാനങ്ങളിലും ജൈവമാലിന്യങ്ങളും ദ്രവമാലിന്യവും സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം

5. ഗ്രാമത്തിൽ പ്ലാസ്റ്റിക് തരംതിരിക്കുന്നതിനും അത് ശേഖരിക്കുന്നതിനും ഉള്ള സംവിധാനം ഉണ്ടായിരിക്കണം

6. ഗ്രാമങ്ങളിൽ ഒ.ഡി.എഫ്. പ്ലസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അഞ്ച് വിവര വിജ്ഞാന വ്യാപന

സന്ദേശങ്ങൾ പ്രാമുഖ്യത്തോടെ പ്രദർശിപ്പിക്കുക.

ഒ.ഡി.എഫ്. പ്ലസ് പ്രഖ്യാപനം

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) – രണ്ടാം ഘട്ട മാർഗനിർദ്ദേശപ്രകാരം കൈവരിച്ച ഭൗതിക നേട്ടങ്ങൾ വ്യക്തമായി ഇതിനായി കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ഐ.എം.ഐ.എസിൽ (IMIS) പ്രതിഫലിപ്പിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അതിനുശേഷം ഗ്രാമസഭ വിളിച്ചു ചേർത്ത് ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിക്കണം. അതിനുശേഷം ഇക്കാര്യത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഒ.ഡി.എഫ്. പ്ലസ് പ്രഖ്യാപന സർട്ടിഫിക്കറ്റ് ഐ.എം.ഐ.എസിൽ സമർപ്പിക്കണം. തുടർന്ന് ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിക്കുന്ന ഏജൻസികളുടെ പരിശോധന ഉണ്ടാകും.

പദ്ധതി ഘടകങ്ങളും ഫണ്ട് വിഹിതവും

ക്രമ. നം.	ഘടകങ്ങൾ		വകയിരുത്താവുന്ന തുക			റിമാർക്സ്
			SBM	പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ആകെ	
1	വ്യക്തിഗത കക്കൂസ്		12000	3400	15400	ഒരു യൂണിറ്റിന്
2.	കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്		210000	90000	300000	ഒരു യൂണിറ്റിന്
3.	ഖരമാലിന്യസംസ്കരണം (ഗ്രാമപഞ്ചായത്ത് തല നിർവ്വഹണം) 1. കമ്പോസ്റ്റ് യൂണിറ്റുകൾ 2. പ്ലാസ്റ്റിക് ശേഖരണ യൂണിറ്റുകൾ 3. ടൈസൈക്കിൾ/ ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ	5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ	Rs.42/-	Rs.18/-	Rs.60/-	ഒരു വ്യക്തിക്ക് എന്ന നിരക്കിൽ
		5000 നു മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ	Rs.31.5/-	Rs.13.5/	Rs.45/-	
4.	ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ (ഗ്രാമ പഞ്ചായത്ത് തലം)	5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ	Rs.196/-	Rs.84/-	Rs.280/-	ഒരു വ്യക്തിക്ക് എന്ന നിരക്കിൽ

		5000 നു മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ	Rs.462/-	Rs.198/	Rs.660/	
5.	പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് യൂണിറ്റ് (ബ്ലോക്ക്/ജില്ലാതല നിർവ്വഹണം)		16,00,000/-		16,00,000/	ഒരു യൂണിറ്റിന്
6.	ഗോബർദ്ധൻ (ജില്ലാ ശുചിത്വ സമിതി തീരുമാന പ്രകാരം)		50,00,000/-		50,00,000/-	ഒരു ജില്ലയ്ക്ക്
7.	ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാൻറ് (ജില്ലാ ശുചിത്വ സമിതി തീരുമാന പ്രകാരം)		Rs.230/-		Rs.230/-	ഒരു വ്യക്തിക്ക് എന്ന നിരക്കിൽ
8.	ഐ.ഇ.സി & ശേഷി വികസനം		3%			പ്രോഗ്രാം ഫണ്ടിന്റെ 3 % (സംസ്ഥാനത്തിനും ജില്ലയ്ക്കും)
9.	ഭരണ ചെലവ്		1%			പ്രോഗ്രാം ഫണ്ടിന്റെ 1 % (സംസ്ഥാനത്തിനും ജില്ലയ്ക്കും)

വ്യക്തിഗത കക്കൂസുകൾക്കും കമ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾക്കും യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിലും ഖര-ദ്രവ മാലിന്യ പരിപാലനം, സെപ്റ്റേജ് മാലിന്യ പരിപാലനം എന്നിവയ്ക്ക് ജനസംഖ്യാനുപാതികമായും ബയോഗ്യാസ് (ഗോബർ-ധൻ), പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് (ആർ.ആർ.എഫ് മാതൃക) എന്നിവയ്ക്ക് നിശ്ചിത തുകയുമാണ് അനുവദനീയമായിട്ടുള്ളത്. ഓരോ ഘടകത്തിനായുമുള്ള വകയിരുത്തൽ മറ്റൊരു ഘടകത്തിനായി വിനിയോഗിക്കാൻ അനുവദിച്ചിട്ടില്ല. ദ്രവമാലിന്യ പരിപാലനത്തിന് കമ്യൂണിറ്റി സോക്പിറ്റുകൾ മാത്രം നിർമ്മിക്കുന്ന 5000 ൽ അധികം ജനസംഖ്യയുള്ള വില്ലേജുകൾക്ക് 5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകളുടെ അർഹതാമാനദണ്ഡപ്രകാരമായിരിക്കും ഫണ്ട് ലഭിക്കുക.

വ്യക്തഗത ശൗചാലയ നിർമ്മാണം

പദ്ധതി കാലയളവിൽ പുതിയതായി നിർമ്മിക്കുന്ന വീടുകൾക്ക് മാത്രം. ബി.പി.എൽകുടുംബങ്ങൾ, എസ്.സി, എസ്.ടി കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ തുടങ്ങിയവരാണ് അർഹതയുള്ളവർ. ഇൻസെന്റീവ് സബ്സിഡി തുക ഒരു യൂണിറ്റിന് 12000/- രൂപ. (വികസന ഫണ്ട്/ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്ന് ഓരോ ഗുണഭോക്താവിനും 3400/- രൂപ അധികമായി അനുവദിക്കാം.)

കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ

ആവശ്യകതയുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ കൃത്യമായ പരിപാലന സൗകര്യത്തോടുകൂട് സ്ഥാപിക്കാവുന്നതാണ്. നടത്തിപ്പ് പരിപാലന ചെലവുകൾ യൂസർ ഫീ മുഖേന കണ്ടെത്തണം. സ്ത്രീകൾ, പുരുഷൻമാർ എന്നിവർക്ക് പ്രത്യേകം കമ്പാർട്ട്മെന്റുകൾ നിർമ്മിക്കണം. ഒരു യൂണിറ്റിന് 3 ലക്ഷം രൂപ വരെ ചെലവഴിക്കാം.
70% എസ്.ബി.എം(ജി) : 2.10 ലക്ഷം
30% പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് : 0.90 ലക്ഷം (കുറഞ്ഞത്)
അധികമായി ഫണ്ട് കണ്ടെത്തുന്നതിനും നടത്തിപ്പിനുമായി പൊതു സ്വകാര്യ പങ്കാളിത്തം സി എസ് ആർ ഫണ്ട് എന്നിവയും സ്വീകരിക്കാവുന്നതാണ്.

ഖര മാലിന്യ സംസ്കരണ പദ്ധതികൾ (ഗ്രാമപഞ്ചായത്ത് തലം)

എല്ലാ ഉപഘടകങ്ങൾക്കുമായി അഞ്ച് വർഷത്തേയ്ക്ക് ജനസംഖ്യാനുപാതികമായി അനുവദനീയമായ തുകയിൽ അധികരിക്കാതെ, വാർഷിക വകയിരുത്തൽ പ്രകാരം ലഭ്യമായ തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

1. സാമൂഹിക തല കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ

ഓരോ വില്ലേജിലും കുറേയധികം വീടുകൾ, കോളനികൾ/ മാർക്കറ്റുകൾ/പൊതുയിടങ്ങൾ എന്നിവിടങ്ങളിൽ കമ്പോസ്റ്റിംഗ് (തുമ്പൂർമുഴി മാതൃകയിലുള്ളത്), വെർമി കമ്പോസ്റ്റ്, വിൻഡ്രോ കമ്പോസ്റ്റ് മുതലായ യൂണിറ്റുകൾ) സംവിധാനങ്ങൾ നിർമ്മിക്കേണ്ടതാണ്.

2. പ്ലാസ്റ്റിക് വേസ്റ്റ് സ്റ്റോറേജ് യൂണിറ്റ്

ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന വൃത്തിയുള്ള പ്ലാസ്റ്റിക്, അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനും, പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും ഓരോ വില്ലേജിലും ഇത്തരത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കണം.

3. ഖരമാലിന്യ ശേഖരണത്തിനായി വാഹനം

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിലേക്കും ആർ.ആർ.എഫ് ലേക്കും കൊണ്ടുപോകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ടൈസൈക്കിളുകൾ അഥവാ ബാറ്ററിയിൽ പ്രവർത്തിക്കുന്ന ചെറിയ ഗുഡ്സ് കാരിയർ വാഹനങ്ങൾ വാങ്ങാവുന്നതാണ്.

ദ്രവമാലിന്യ സംസ്കരണം (ഗ്രാമപഞ്ചായത്ത് തലം)

എല്ലാ ഉപഘടകങ്ങൾക്കുമായി അഞ്ച് വർഷത്തേയ്ക്ക് ജനസംഖ്യാനുപാതികമായി അനുവദനീയമായ തുകയിൽ അധികരിക്കാതെ വാർഷിക വകയിരുത്തൽ പ്രകാരം ലഭ്യമായ തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

കോളനികൾ, മാർക്കറ്റുകൾ, സ്ഥാപനങ്ങൾ എന്നിങ്ങനെ ദ്രവമാലിന്യ പ്രശ്നം നിലനിൽക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കമ്മ്യൂണിറ്റി സോക്പിറ്റുകൾ, മറ്റു ദ്രവ-മലിനജല സംസ്കരണ പ്ലാന്റുകൾ, സെഡിമെന്റേഷൻ കുളങ്ങൾ മുതലായവ നിർമ്മിക്കാവുന്നതാണ് (വിശദ വിവരങ്ങൾ മാർഗ്ഗനിർദ്ദേശ പുസ്തകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.)

പ്ലാസ്റ്റിക് വേസ്റ്റ്മാനേജ്മെന്റ് യൂണിറ്റ് (ബ്ലോക്ക്തലം/ജില്ലാതലം)

ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (കേരളത്തിലെ ആർ.ആർ.എഫ്. മാതൃകയിൽ) നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും പ്രസ്തുത യൂണിറ്റ് ഉറപ്പുവരുത്തണം.

ഗോബർ-ധൻ (Gobar-dhan) - Galvanizing Organic Bio agro Resources (ജില്ലാതലം)

സമൂഹ തലത്തിൽ ഓരോ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഒരു വലിയ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ, മൃഗാവശിഷ്ടങ്ങൾ, ചാണകം എന്നിവ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാം. ഗോശാലകളിലും, മാർക്കറ്റുകൾ, കോളനികൾ എന്നിവിടങ്ങളിലും നിർമ്മിക്കാവുന്നതാണ്. അഞ്ചു വർഷത്തേയ്ക്ക് അനുവദനീയമായ 50 ലക്ഷം രൂപയുടെ ആകെ അടങ്കൽ തുകയിൽ അധികരിക്കാതെ കൂടുതൽ യൂണിറ്റുകളും നിർമ്മിക്കാവുന്നതാണ്. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉപയോഗപ്പെടുത്തി നാഷണൽ ന്യൂ ബയോഗ്യാസ് ഓർഗാനിക് മാന്യുവർ പ്രോഗ്രാം (NNBOMP) മാനദണ്ഡ പ്രകാരം കൂടുതൽ യൂണിറ്റുകൾ നിർമ്മിക്കേണ്ടതാണ്. (ഒരു ബ്ലോക്ക് പഞ്ചായത്തിൽ 10 ൽ കുറയാതെ).

കക്കൂസ് മാലിന്യ സംസ്കരണം (Feacal Sludge Management) (ജില്ലാതലം)

ജില്ലാടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കുവാൻ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലാ ശുചിത്വ സമിതിയാണ് ഇതു സംബന്ധിച്ച ആവശ്യകത കണ്ടെത്തി അനുയോജ്യമായവ സ്ഥാപിക്കുന്നത് സംബന്ധിച്ച് മാർഗനിർദ്ദേശങ്ങളിൽ വിവക്ഷിക്കുന്ന പ്രകാരം തീരുമാനമെടുക്കേണ്ടത്. നിർവ്വഹണം ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്നതാണ് അഭികാമ്യം.

വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ (ഐ.ഇ.സി)

ഒ.ഡി.എഫ്. സ്റ്റാറ്റസ് (വെളിയിട വിമുക്ത പദവി) നിലനിർത്തുന്നതിനും പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും ഓരോ വ്യക്തിയിലും വൃത്തിയുടെ ശീലങ്ങൾ ജീവിതത്തിലുടനീളം തുടരേണ്ടതുണ്ട്. ഇതിനായി വിവിധ മാധ്യമങ്ങളിലൂടെ എല്ലാ വിഭാഗത്തിനും അനുയോജ്യമായ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതിനായി പ്രോഗ്രാം ഫണ്ടിന്റെ ആകെ 3% (ജില്ലാ സംസ്ഥാന തലങ്ങളിലായി) വിനിയോഗിക്കാവുന്നതാണ്. ഓരോ വില്ലേജിലും 5 ൽ കുറയാത്ത എണ്ണം വിവര-വിജ്ഞാന-വ്യാപന ബോർഡുകൾ സ്ഥാപിക്കേണ്ടതുമുണ്ട്)

അഡ്മിനിസ്ട്രേഷൻ

പ്രോഗ്രാം ഫണ്ടിന്റെ 1% തുക ജില്ലാ സംസ്ഥാന തലങ്ങളിലായി ഭരണചെലവിനായി ഉപയോഗിക്കാവുന്നതാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാലുവേഷൻ & മോണിറ്ററിംഗ് വകുപ്പ് - നിലവിലുള്ള നാലു മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI) -യെയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-II രൂപീകരിച്ചു ഉത്തരവാകുന്നു.

പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാലുവേഷൻ & മോണിറ്ററിംഗ് വകുപ്പ്

G.O.(P)No.10/2021/P&EA തീയതി,തിരുവനന്തപുരം, 01/08/2021

പരാമർശം:-

1. സ.ഉ.(പി) നം.41/2016/ആ.സാ.വ തീയതി 28.09.2016
2. സ.ഉ.(പി) നം.10/2017/ആ.സാ.വ തീയതി 19.04.2017
3. സ.ഉ.(പി) നം.16/2018/ആ.സാ.വ തീയതി 09.11.2018

ഉത്തരവ്

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും, സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ 2016-21 കാലയളവിൽ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ നാലു മിഷനുകൾ 'നവകേരളം കർമ്മപദ്ധതി' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചു. സർവതലസ്പർശിയായ വികസനപ്രവർത്തനങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. ആറ് മുൻഗണനാമേഖലകളെ കോർത്തിണക്കി താഴെപ്പറയുന്ന നാല് വികസനമിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ
2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ
3. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം
4. ശുചിത്വ-മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷി രീതിക്കു പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിതകേരളം മിഷൻ

2. 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തെ തുടർന്ന് കേരള പുനർനിർമാണ പദ്ധതി (RKI) പരാമർശം (3) ഉത്തരവ് പ്രകാരം പ്രവർത്തനം ആരംഭിച്ചു. നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനരുദ്ധാരണത്തിലും പുനർനിർമ്മാണത്തിലും ഉന്നത ഗുണനിലവാരം ഉറപ്പാക്കുന്നതിനും, നൂതനവും വികസനോന്മുഖവുമായ വലിയ പദ്ധതികൾ തയ്യാറാക്കുന്നതിനും, സമയബന്ധിതമായ നിർമ്മാണപ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനും, പാരിസ്ഥിതിക സൗഹാർദ്ദമാനദണ്ഡങ്ങൾ പാലിച്ച് ഭാവിയിൽ ആവർത്തിക്കപ്പെടാവുന്ന ഏതൊരു പ്രളയത്തേയും നേരിടാനുള്ള ശേഷി പുനർനിർമ്മിക്കപ്പെടുന്ന ആസ്തികൾക്ക് ഉറപ്പുവരുത്തുന്നതിനും വിഭാവനം ചെയ്താണ് കേരള പുനർ നിർമ്മാണപദ്ധതി ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ, വീടുകൾ, ഉപജീവനോപാധികളുടെ വീണ്ടെടുപ്പ്, PWD റോഡുകളും പാലങ്ങളും, പൊതുകെട്ടിടങ്ങളുടെ വലിയ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും, ജലവിതരണം, ഗണ്യമായ തോതിൽ പരിസ്ഥിതി സംരക്ഷണ – പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികൾ, മലയോര കാർഷിക ആവാസവ്യവസ്ഥയുടെ സമഗ്രവികസനം, മത്സ്യ തൊഴിലാളികളുടെ സമഗ്രമായ പുനരധിവാസവും വികസനവും ലക്ഷ്യമാക്കിയ പദ്ധതികൾ,

തന്ത്ര പ്രധാനമായ വലിയ വികസന പദ്ധതികൾ എന്നീ പത്ത് വിഭാഗങ്ങളുൾക്കൊള്ളിച്ചുകൊണ്ടാണ് കേരള പുനർനിർമ്മാണപദ്ധതി ആരംഭിച്ചത്.

3. നാലു മിഷനുകളും RKI-യും പ്രത്യേക ഉദ്ദേശലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രവർത്തിച്ചു വന്നത്. ഓരോ മിഷനുകളുടെയും, RKI-യുടെയും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ എടുത്തുപറയത്തക്ക പുരോഗതി കൈവരിച്ചതായി കാണാവുന്നതാണ്. എന്നിരുന്നാലും, ഫലപ്രദമായ സംയോജനവും ഏകോപനവും ആവശ്യമായ വിവിധ തലങ്ങളിൽ സമയാസമയങ്ങളിൽ നടത്തിയ വിലയിരുത്തലുകളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട്, ലക്ഷ്യങ്ങൾ പൂർണതോതിൽ കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ നവകേരളം കർമ്മപദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, രണ്ടാം ഘട്ടത്തിൽ നിലവിലുള്ള നാലു മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI)-യെയും ഉൾപ്പെടുത്തി അവയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനായി നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് ഉത്തരവാകുന്നു.

5. നവകേരളം കർമ്മപദ്ധതി-II യുടെ നടത്തിപ്പിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ജോയിന്റ് കൺവീനറായും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും അനുബന്ധം -1 ൽ പ്രതിപാദിച്ച പ്രകാരമുള്ള മിഷൻ ഘടനയോടെ നവകേരളം കർമ്മപദ്ധതി സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

6. നവകേരളം കർമ്മപദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനും ഏകോപനത്തിനുമായി ഒരു കോഓർഡിനേറ്റർ തസ്തികയും (നേരിട്ടുള്ള നിയമനം) പുനർവിന്യാസം/കരാർ വ്യവസ്ഥയിൽ നികത്തേണ്ട മറ്റു 87 തസ്തികകളും അടക്കം അനുബന്ധം-2 ൽ ചേർത്തിരിക്കുന്ന പ്രകാരം 88 തസ്തികകൾ മൂന്ന് വർഷത്തേയ്ക്ക് സൃഷ്ടിച്ചു ഉത്തരവാകുന്നു.

7. പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന ആശയം ഏതാണ്ട് പൂർത്തീകരിച്ചതിനാലും ഇനി ഊന്നൽ നൽകേണ്ടത് ഗുണമേന്മ വിദ്യാഭ്യാസത്തിനായതിനാലും വിദ്യാഭ്യാസ മിഷന്റെ പേര് "വിദ്യാകിരണം' എന്ന് പുനർനാമകരണം ചെയ്തു ഉത്തരവാകുന്നു.

8. നവകേരളം കർമ്മപദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന മാർഗ്ഗരേഖ വികസിപ്പിക്കാൻ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാലുവേഷൻ ആൻഡ് മോണിറ്ററിംഗ് ഡിപ്പാർട്മെൻറ് (പി.ഐ. ഇ.&എം.ഡി)-യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Bishwanath Sinha
Principal Secretary

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ

സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/
എല്ലാ ഓഫീസർമാർക്കും,
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എമാർക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രാദേശിക സർക്കാരുകളുടെ 2021-22 വാർഷിക പദ്ധതി - സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പൂർണ്ണമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്

സ.ഉ.(സാധാ) നം.1456/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/08/2021

പരാമർശം:-

1. സ.ഉ.(കൈ) നം.4/2021/തസ്വഭവ, തീയതി 11/01/2021
2. സ.ഉ.(സാധാ) നം.210/2021/തസ്വഭവ, തീയതി 26/01/2021
3. സ.ഉ.(സാധാ) നം.591/2021/തസ്വഭവ, തീയതി 25/02/2021
4. സർക്കുലർ നമ്പർ ഡി.എ.1/278/2020/ തസ്വഭവ; 18/03/2021
5. സ.ഉ.(പി) നം.53/2021/ധന; തീയതി 18.03.2021
6. സ.ഉ.(സാധാ) നം. 911/2021/തസ്വഭവ; തീയതി 26.04.2021
7. സ.ഉ.(സാധാ) നം.925/2021/തസ്വഭവ, തീയതി 28/04/2021
8. സ.ഉ.(സാധാ)നം. 1197/2021/തസ്വഭവ; തീയതി 23.06.2021
9. സ.ഉ.(കൈ) നം. 79/2021/ധന; തീയതി 15/07/2021

ഉത്തരവ്

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2021-22-ലെ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുകയും നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് മുൻകൂട്ടി കാണാൻ കഴിയാതിരുന്ന ചില പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കേണ്ടതുള്ളതിനാൽ വാർഷിക പദ്ധതി പരിഷ്കരിക്കേണ്ട സാഹചര്യം സംജാതമായിട്ടുണ്ട്.

2. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ചില നിബന്ധനകൾക്ക് വിധേയമായി അടുത്ത വർഷം ക്യാരിഓവർ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം 9 പ്രകാരം ഉത്തരവായിട്ടുണ്ട്. 2020-21 മുതൽ അനുവദിച്ച ഫണ്ടുകൾക്ക് 2021-22 മുതൽ ക്യാരിഓവർ ബാധകമായിരിക്കും. ഈ ഉത്തരവ് പ്രകാരം നടപ്പ് വർഷം ലഭ്യമാകാവുന്ന ക്യാരിഓവർ വിഹിതം കൂടി കണക്കിലെടുത്തുകൊണ്ട് വാർഷിക പദ്ധതി പൂർണ്ണമാക്കേണ്ടതുമുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ 2021 മാർച്ച് 31-ന് നിർവ്വഹണം

പൂർത്തിയാകാത്ത സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക പദ്ധതി പൂർണ്ണമാക്കുന്നതിനും വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനും ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

3.1 ക്യാരിഓവർ

1. ക്യാരിഓവർ ആയി അനുവദിക്കുന്ന തുകയുടെ വിശദാംശങ്ങൾ പരാമർശം 9 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. വികസനഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയിൽ ഓരോന്നിലും 2020-21 സാമ്പത്തിക വർഷം, അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ 20 ശതമാനം വരെ) ക്യാരിഓവർ വിഹിതമായി 2021-22-ൽ അനുവദിക്കുന്നതാണ്. അതുപോലെ മെയിന്റനൻസ് ഫണ്ടിലെ റോഡിതര വിഹിതം, റോഡ് വിഹിതം എന്നിവയിൽ ഓരോന്നിലും 2020-21 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ 20 ശതമാനം വരെ) 2021-22-ൽ ക്യാരിഓവർ വിഹിതമായി അനുവദിക്കുന്നതാണ്. ഇപ്രകാരം ഓരോ വിഭാഗത്തിലും ലഭിക്കാവുന്ന അധിക തുകയിൽ കൂടുതൽ സ്പിൽഓവർ ബാധ്യത (ബഹുവർഷ പ്രോജക്ടുകൾക്ക് 2020-21 ൽ വകയിരുത്തിയ തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാത്ത തുക ഉൾപ്പടെ) ഉണ്ടെങ്കിൽ അത് 2021-22-ലെ വിഹിതത്തിൽ നിന്നും മേഖലാ നിബന്ധനകൾക്ക് വിധേയമായി കണ്ടെത്തേണ്ടതാണ്. ലഭിക്കാവുന്ന അധിക വിഹിതത്തിന് അത്രയും സ്പിൽ ഓവർ പ്രോജക്ടുകൾ ഇല്ലെങ്കിൽ ബാക്കിയുള്ള തുകയ്ക്ക് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്.
2. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 2020-21-ൽ അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് പൂർണ്ണമായും 2021-22-ൽ ക്യാരിഓവർ വിഹിതമായി അനുവദിക്കുന്നതാണ്. ഇതിൽ കൂടുതൽ സ്പിൽ ഓവർ ബാധ്യത ഉണ്ടെങ്കിൽ അത് 2021-22-ലെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്. ലഭിക്കാവുന്ന അധിക വിഹിതത്തിന് അത്രയും സ്പിൽ ഓവർ പ്രോജക്ടുകൾ ഇല്ലെങ്കിൽ ബാക്കിയുള്ള തുകയ്ക്ക് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്.
3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FFC) ഗ്രാന്റിനത്തിൽ ലഭിക്കാവുന്ന ക്യാരിഓവർ തുക വകയിരുത്തുന്ന പ്രോജക്ടുകൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ തയ്യാറാക്കേണ്ടതില്ല. പ്രോജക്ട് രൂപീകരണവും അംഗീകാരവുമായി ബന്ധപ്പെട്ട നടപടികൾ സുലേഖയിലും പേയ്മെന്റുമായി ബന്ധപ്പെട്ട നടപടികൾ സാംഖ്യ /ഐ.എൽ.ജി.എം.എസിലുമായി പൂത്തിയാക്കേണ്ടതാണ്.

3.2 സ്പിൽ ഓവർ പ്രോജക്ടുകൾ

1. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതിയിലെ (2020-21) പ്രോജക്ടുകളിൽ 2021 മാർച്ച് 31-ന് ഭൗതികവും സാമ്പത്തികവുമായി നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളെ സ്പിൽ ഓവർ പ്രോജക്ടുകളായി നിശ്ചയിക്കാവുന്നതാണ്.
2. 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും മാർച്ച് 31 -ന് നിർവ്വഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകളിൽ ഭേദഗതി ഇല്ലാതെ സ്പിൽ ഓവർ ആയി തുടരേണ്ട പ്രോജക്ടുകളെ സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്ത് ഏപ്രിൽ 1 മുതൽ തുടർന്ന് നടപ്പാക്കുന്നതിനും 2021-22 ലെ വിഹിതത്തിൽ നിന്നും പേയ്മെന്റ് നൽകുന്നതിനും പരാമർശം 7 പ്രകാരം അനുമതി നൽകിയിരുന്നു.

പ്രസ്തുത സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

3. സ്പിൽഓവർ പ്രോജക്ടുകളിൽ ഭേദഗതി അനിവാര്യമാണെങ്കിൽ അത് ഇപ്പോൾ നടത്താവുന്നതും വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാവുന്നതുമാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിനുശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കാവുന്നതാണ്.
4. പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങള്ക്ക് 2019-20-ൽ അനുവദിച്ച പ്രത്യേക ഫണ്ട് വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളിലെ അവശേഷിക്കുന്ന സ്പിൽ ഓവർ ബാധ്യത 2021-22 ലെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ക്യാരിഓവർ വിഹിതത്തിൽ നിന്നോ കണ്ടെത്തേണ്ടതാണ്.

3.3 2021-22-ലെ വിഹിതം

1. 2021-22-ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ ഉപപദ്ധതി വിഹിതം എന്നിവയ്ക്ക് അനുസൃതമായി ആ വിഭാഗങ്ങളിലെ പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.
2. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (FFC):- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പരാമർശം 5 പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി 2021-22-ലെ പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.
3. പരാമർശം 2 പ്രകാരം നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 2020-21-ലെ മെയിന്റനൻസ് ഫണ്ട് (റോഡിതരം, റോഡ്) വിഹിതത്തെ അടിസ്ഥാനമാക്കിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ 2021-22-ലെ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഭേദഗതി സമയത്തും 2020-21-ലെ വിഹിതത്തെ അടിസ്ഥാനമാക്കിതന്നെ റോഡിതര വിഭാഗത്തിലെയും റോഡ് വിഭാഗത്തിലെയും പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.

3. 4 വാർഷിക പദ്ധതി ഭേദഗതി

1. മേൽ പറഞ്ഞ പ്രകാരം വാർഷിക പദ്ധതി പുനഃക്രമീകരിക്കുന്നതിനൊപ്പം പദ്ധതി ഭേദഗതിയും നടത്താവുന്നതാണ്. വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് മുൻകൂട്ടി കാണാൻ കഴിയാതിരുന്നതും എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അനിവാര്യമായി ഏറ്റെടുക്കേണ്ടതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. പുതിയ പ്രോജക്ടുകൾ എടുക്കുമ്പോൾ 'ആയിരം പേർക്ക് അഞ്ച് തൊഴിലവസരങ്ങൾ എന്ന കണക്കിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പ്രോജക്ടുകൾ' ഉൾപ്പടെ പരാമർശം 1-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മുൻഗണനാ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് വേണം ഊന്നൽ നൽകേണ്ടത്.
2. വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിൻറെ ഭാഗമായി നിർവ്വഹണം ആരംഭിക്കാത്ത പ്രോജക്ടുകൾ ഉപേക്ഷിക്കുകയോ, പ്രോജക്ടുകളുടെ അടങ്കൽ തുകയിൽ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്.
3. പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാൻറിൻറെ ഭാഗമായുള്ള അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാൻറ് (Tied fund) എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ പ്രസ്തുത ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് പരാമർശം 7 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കണം. ജലജീവൻ മിഷൻ പ്രോജക്ടുകൾക്ക് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ 15% വിഹിതം വകയിരുത്തുന്നതിന് പതിനഞ്ചാം ധനകാര്യ

കമ്മീഷൻ ഗ്രാൻറ് ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കുന്നു. പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രസ്തുത ഫണ്ടുകളും വകയിരുത്താവുന്നതാണ്.

4. വാർഷിക പദ്ധതി ഈ രീതിയിൽ പരിഷ്കരിക്കുന്നതിനൊപ്പം, പരാമർശം 3 പ്രകാരം അനുമതി നൽകിയതിൻറെ അടിസ്ഥാനത്തിൽ അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത കോവിഡ് സ്പെഷ്യൽ പ്രോജക്ടുകളും പരാമര്ശം 8 പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുത്ത പ്രോജക്ടുകളും ഓരോ വിഭാഗത്തിലും ലഭ്യമാകാവുന്ന ആകെ വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ മുൻവർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2021-22 ലെ വിഹിതവും ഓരോ വിഭാഗത്തിലും ലഭ്യമാകാവുന്ന ആകെ വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

3.5 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ 2021-22 ലെ എഫ്.എഫ്.സി പ്രോജക്ടുകൾ

1. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാൻറ് ഇനത്തിൽ 2021-22 മുതൽ ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം ഇ-ഗ്രാംസ്വരാജ് – പി.എഫ്.എം.എസ് ഇന്റർഫേസ് മുഖേനയാണ് നടത്തേണ്ടത്. പ്രോജക്ടുകളുടെ വിവരങ്ങൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ തയ്യാറാക്കുന്നതിനൊപ്പം സുലേഖ സോഫ്റ്റ് വെയറിൽ കൂടി തയ്യാറാക്കുകയും പ്രോജക്ടുകളുടെ അംഗീകാര നടപടികൾ സുലേഖ സോഫ്റ്റ് വെയറിൽ പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഒരു പ്രോജക്ട് നിർവ്വഹണം തുടങ്ങികഴിഞ്ഞാൽ അത് ഭേദഗതി ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ഇല്ല. അതുകൊണ്ട് പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് അവ നിർവ്വഹണ യോഗ്യമാണെന്ന് ഉറപ്പാക്കണം. എതെങ്കിലും തരത്തിലുള്ള ഭേദഗതി അനിവാര്യമാണെങ്കിൽ അവ വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം ഇപ്പോൾ തന്നെ സുലേഖയിൽ പൂർത്തിയാക്കേണ്ടതാണ്. തുടർന്ന് ആ ഭേദഗതി ഇ-ഗ്രാംസ്വരാജ് പോർട്ടലിലും വരുത്തണം.
2. ചില തദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ എഫ്.എഫ്.സി ഗ്രാന്റിലെ അടിസ്ഥാന വിഹിതം, ടൈഡ് ഫണ്ട് എന്നിവ ഇ-ഗ്രാംസ്വരാജ് പോർട്ടലിലും സുലേഖയിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ആകെ വിഹിതത്തെ വിഭജിച്ച് 100 രൂപയ്ക്ക് റൗണ്ട് ചെയ്ത് രേഖപ്പെടുത്തുന്നതുകൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായിട്ടുള്ളത്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ള വിഹിതത്തിന് അനുസൃതമായി സുലേഖ സോഫ്റ്റ് വെയറിൽ വിഹിതം മാറ്റി നൽകുന്നതാണ്. വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം, വിഹിതത്തിലെ മാറ്റത്തിന് അനുസൃതമായുള്ള ഭേദഗതി കൂടി സുലേഖ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.
3. ഓരോ പ്രോജക്ടിനും സുലേഖ സോഫ്റ്റ് വെയറിൽ വകയിരുത്തുന്ന അതേ തുക തന്നെയാണ് ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് വകയിരുത്തുന്നതെന്ന് ഉറപ്പാക്കണം.

3.6 നഗരസഞ്ചയങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കൽ

1. കേരളത്തിൽ പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഏഴ് നഗരസഞ്ചയങ്ങൾക്ക് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം) പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള ഗ്രാന്റിന്റെ വിശദാംശങ്ങൾ പരാമർശം 5 പ്രകാരമുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.
2. പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

3.7 പ്രോജക്ട് വെറ്റിംഗ്

2021-22 ലെ പരിഷ്കരിച്ച വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയ ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കിയാൽ മതിയാകും.

3.8 2020-21 ലെ വാർഷിക പദ്ധതി ഭേദഗതി നടപടികൾ പൂർത്തിയാക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങൾ.

1. ചില തദ്ദേശ ഭരണസ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രാഥമിക അനുമതി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ വാങ്ങിയിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ഭേദഗതി സംബന്ധമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. അത്തരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് തുടങ്ങിവെച്ച ഭേദഗതി നടപടികൾ ഇപ്പോൾ പൂർത്തിയാക്കാവുന്നതും അതനുസരിച്ച് വാർഷിക പദ്ധതി ക്രമപ്പെടുത്തി സ്പിൽ ഓവർ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതുമാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തെ തുടർന്ന് വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

   (2) ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചുവെങ്കിലും വെറ്റിംഗ് നടപടികൾ പൂർത്തിയാകാത്ത പ്രോജക്ടുകളുടെ വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

3.9 പൊതു നിർദ്ദേശങ്ങൾ

ഈ ഉത്തരവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി 2021 ആഗസ്റ്റ് 27 - നകം പരിഷ്കരിച്ച വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പി ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ,സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുന്നതിന് ജില്ലാതല ഫെസിലിറ്റേറ്റർമാരെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1563/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/08/2021

പരാമർശം:- 1. 01.11.2017 ലെ സ.ഉ.(സാധാ) നം. 3526/2017/തസ്വഭവ

2. 12.12.2017 ലെ ഡിഎ1/832/2017-തസ്വഭവ നമ്പർ സർക്കുലർ

ഉത്തരവ്

ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുന്നതിനും അത്തരം പ്രവർത്തനങ്ങളുടെ സംഘാടനം, ഏകോപനം, ഫെസിലിറ്റേഷൻ എന്നിവ ഉറപ്പുവരുത്തുന്നതിനായും ജില്ലകളിൽ ജില്ലാതല ഫെസിലിറ്റേറ്റർമാരെ കാലാകാലങ്ങളിൽ നിയമിച്ചുവരുന്നുണ്ട്. പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ഇവർക്ക് പ്രതിമാസ ഹോണറേറിയം നിശ്ചയിച്ചു നൽകുകയും ഇവരുടെ ചുമതലകളും പ്രവർത്തന മാർഗ്ഗരേഖയും പരാമർശിത സർക്കുലർ പ്രകാരം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് തുടർച്ചയായി ചുവടെ പരാമർശിച്ചിട്ടുള്ളവരെ ജനകീയാസൂത്രണ പരിപാടിയുടെ ജില്ലാതല ഫെസിലിറ്റേറ്റർമാരായി നിയമിച്ച് ഉത്തരവാകുന്നു.

ക്ര. നം.	ജില്ല	പേര്	ഫോൺ നമ്പർ
1	കാസറഗോഡ്	ശ്രീ. അജയകുമാർ കെ. തണൽ, പനയാൽ പി.ഒ, ബേക്കൽ വഴി, കാസറഗോഡ് - 671318	9744434003 9447652335
2	കണ്ണൂർ	ശ്രീ. പി.വി. രത്നാകരൻ, സ്വാശ്രയ, ചാലാട്, കണ്ണൂർ.	9447074794
3	കോഴിക്കോട്	ശ്രീ. പ്രമോദ് കുമാർ പി.ജി., മണ്ണിൽ ത്രിക്കോവിൽ ഹൗസ്, പി.ഒ വെങ്ങേരി, കണ്ണാടിക്കൽ, കോഴിക്കോട് - 673010	9446451565

4	വയനാട്	ശ്രീ. ജോബിസൺ ജെയിംസ്, മഠത്തിൽ ഹൗസ്, തരിയോട് പി.ഒ, പൊഴുതന (വഴി), കൽപ്പറ്റ, വയനാട് ജില്ല.	9995788966
5	മലപ്പുറം	ശ്രീ. എ. ശ്രീധരൻ, ഹെയ്ൽബോപ്, ചെരട്ടുക്കുഴി (പി.ഒ), ഡൗൺഹിൽ, മലപ്പുറം-676519.	9496361716
6	പാലക്കാട്	ശ്രീ. സി.പി.ജോൺ, ചിറ്റേത്ത് വീട്, പുങ്ങോട്, ആലത്തൂർ പി.ഒ., പാലക്കാട്- 678541.	9446876009
7	തൃശ്ശൂർ	ശ്രീ. M.R.അനൂപ് കിഷോർ, മുത്തങ്ങാപ്പറമ്പിൽ വീട്, പെരിങ്ങല്ലൂർ, അത്താണി, തൃശ്ശൂർ.	9446235102
8	എറണാകുളം	ശ്രീമതി. ജൂബൈരിയ ഐസക്, ചെറിപ്പറത്ത് ഹൗസ്, വെങ്ങോല പി.ഒ, എറണാകുളം- 683556	9446359202
9	ആലപ്പുഴ	ശ്രീ. ജെ. ജയലാൽ, വൈക്കത്തുപറമ്പിൽ, മുഹമ്മ, ആലപ്പുഴ - 688525	9495119112
10	കോട്ടയം	ശ്രീമതി. ബിന്ദു അജി, അജി നിവാസ്, ഇടയഴം, വെച്ചൂർ പി.ഒ, വൈക്കം (വഴി), കോട്ടയം-686144	8848389730
11	ഇടുക്കി	ശ്രീ. പി.വി.മധു, പെരുംചേരിൽ, കല്ലാർ പി.ഒ, മുണ്ടിയെരുമ, ഇടുക്കി-685552	9447825176
12	പത്തനംതിട്ട	ശ്രീ. എ.ആർ. അജീഷ് കുമാർ, അനിൽ നിവാസ്, കടമ്പനാട് നോർത്ത് പി.ഒ., പത്തനംതിട്ട-691552	9400981036 8289891043
13	കൊല്ലം	ശ്രീ. അനിൽകുമാർ പി., ജ്യോതി ഭവൻ, അറക്കൽ, പെരുമണ്ണൂർ പി.ഒ., വാളകം, കൊല്ലം-691532	9495059164
14	തിരുവനന്തപുരം	ശ്രീ. എസ്. അരവിന്ദാക്ഷൻ, ശങ്കരത്തിൽ, ശ്രീചിത്രാ നഗർ, ജെ-75, പാങ്ങോട്, തിരുമല, തിരുവനന്തപുരം.	

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർമാർക്ക് (സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മുഖേന)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്- എസ്.സി.പി / ടി.എസ്.പി പദ്ധതികളുടെ ജില്ലാ തലകമ്മിറ്റി പുനഃസംഘടിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

സ.ഉ.(അച്ചടി) നം.11/2021/പ്ലാനിംഗ് തീയതി,തിരുവനന്തപുരം, 28/09/2021

പരാമർശം:-

1. 30/08/1997 തീയതിയിലെ സ.ഉ.(അച്ചടി) നം.12/97/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.

2. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 05/08/2020 തീയതിയിലെ നം.എസ്.പി.ബി/98/2020-ഡിപിസി നമ്പർ കത്ത്

ഉത്തരവ്

പരാമർശം 1 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ ഭേദഗതികൾ വരുത്തുന്നതിനായി പരാമർശം 2 പ്രകാരം ആസൂത്രണ ബോർഡ് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണം ആരംഭിച്ചപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് നേരിട്ട് നിർവ്വഹണം നടത്തിക്കൊണ്ടിരുന്ന ഒട്ടനവധി വികസന പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. എന്നാൽ ചില പദ്ധതികൾ വകുപ്പ് നേരിട്ട് നിർവ്വഹണം നടത്തുന്നുണ്ട്. ഇത്തരത്തിൽ ജില്ലാതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുതകുന്നതും അവർക്കു പരമാവധി ഗുണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായി പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികൾ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

2 . പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ വികസനത്തിനായി തദ്ദേശസ്ഥാപനങ്ങളും വിവിധ വകുപ്പുകൾ നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടെങ്കിലും പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച്, ഏകീകൃതമായ ഒരു സ്വഭാവം ഇല്ലാത്തതിനാൽ ജില്ലകളിൽ വ്യത്യസ്ഥരീതിയിലാണ് കാര്യങ്ങൾ നടക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പരാമർശിത ഉത്തരവിൽ ഭേദഗതികൾ വരുത്തുന്നത് ഉചിതമായിരിക്കുമെന്നും ആസൂത്രണബോർഡ് പരാമർശം 2 പ്രകാരം അറിയിച്ചിരുന്നു.

3. പട്ടികജാതി വികസന വകുപ്പ്, ജില്ലാകളക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്ന തുകയുള്ള (കോർപ്പസ് ഫണ്ട്) പദ്ധതി നിർദ്ദേശങ്ങൾ പരാമർശിത ഉത്തരവ് പ്രകാരം രൂപീകൃതമായ ജില്ലാതല കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നു. എന്നാൽ പട്ടികവർഗ്ഗവികസന വകുപ്പിലാകട്ടെ, ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ ലഭ്യമാകുന്ന കോർപ്പസ് ഫണ്ട് പരാമർശിത ഉത്തരവ് പ്രകാരമുള്ള കമ്മിറ്റിയുടെ പരിഗണനയിൽ വരാതെ പദ്ധതികൾ എറ്റെടുത്ത് നടത്തുന്ന സ്ഥിതിയാണ് നിലവിൽ ചില ജില്ലകളിൽ ഉള്ളത്. മേൽ സാഹചര്യത്തിൽ, പട്ടികവർഗ്ഗ വിഭാഗ വികസനത്തിൽ ജില്ലയുടെ ആകെ വികസനവീക്ഷണവും വിടവും പലപ്പോഴും ശ്രദ്ധിക്കപ്പെടാതെപോകുകയും തദ്ദേശസ്ഥാപന പദ്ധതികളും വകുപ്പിന്റെ പദ്ധതികളും തമ്മിൽ ഏകോപനം സാധ്യമാകാതെ വരുന്നതിനാലും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ടിട്ടുള്ള വികസനലക്ഷ്യം നേടിയെടുക്കുന്നതിന് വിഘാതമാവുന്നുണ്ട്. ആയതിനാൽ പട്ടികജാതിവികസന വകുപ്പിലേതുപോലെ പട്ടികവർഗ്ഗവികസന വകുപ്പും കോർപ്പസ് ഫണ്ട് വിഹിതം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും ഇതുപയോഗിച്ച് ഏറ്റെടുത്ത് നടത്തേണ്ട പദ്ധതി പ്രൊപ്പോസലുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിൽവെച്ച് അംഗീകരിക്കുന്നത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിന് അനുയോജ്യമായിരിക്കും

4 . പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുവാൻ, വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും നിരവധി പദ്ധതി നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ടെന്നും ജില്ലയിലെ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസർ, പരാമർശിത ഉത്തരവ് പ്രകാരം രൂപീകൃതമായ കമ്മിറ്റിയിൽ മെമ്പർ മാത്രമാണെന്നും, ഈ കമ്മിറ്റിക്ക് കൺവീനർ ഇല്ലാത്തതിനാൽ കോർപ്പസ് ഫണ്ടിന്റെ ഏകോപനം സംബന്ധിച്ച് ജില്ലകളിൽ അവ്യക്തത നിലനിൽക്കുന്നുണ്ടെന്നും, പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള കോർപ്പസ് ഫണ്ട് പദ്ധതികൾ പരിശോധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ചുമതല ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകുന്നത് വഴി തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനത്തിൽ ഏകോപനം സാധ്യമാകുമെന്നും ആയതിനാൽ ജില്ലാ പ്ലാനിംഗ് ഓഫീസറെ പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ കൺവീനറായി നിയമിക്കാവുന്നതാണെന്നും ആസൂത്രണ ബോർഡ് അഭിപ്രായപ്പെട്ടിരിക്കുന്നു.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത ഉത്തരവിൽ താഴെപറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .

6. പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കുവാൻ വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ചുമതല ജില്ലാ പ്ലാനിംഗ് ഓഫീസർക്കായിരിക്കും. പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ കൺവീനറായി ചുമതലപ്പെടുത്തുന്ന ജില്ലാ പ്ലാനിംഗ് ഓഫീസർ, തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനത്തിൽ ഏകോപനം സാധ്യമാക്കേണ്ടതാണ്.പട്ടികജാതി വികസന

വകുപ്പിലേതുപോലെ, പട്ടികവർഗ്ഗ വികസന വകുപ്പും കോർപ്പസ് ഫണ്ട് വിഹിതം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും ഇതുപയോഗിച്ച് ഏറ്റെടുത്ത് നടത്തേണ്ട പദ്ധതി പ്രൊപ്പോസലുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിൽവെച്ച് അംഗീകരിക്കേണ്ടതുമാണ്. പട്ടികജാതി ഉപപദ്ധതി/ പട്ടിക വർഗ്ഗ ഉപപദ്ധതിയിലെയും SCA to SCSP/SCA to TSP യിലെയും പ്രോജക്ടുകൾക്ക് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകൾ ഒഴികെ) അംഗീകാരം നൽകുന്നതിനുള്ള ചുമതല ഈ കമ്മിറ്റിക്ക് ആയിരിക്കും. പട്ടികജാതി പട്ടികവർഗ്ഗ വികസന ഫണ്ടുകൾ ഉപയോഗിച്ച് ജില്ലയിൽ നിർവ്വഹണം നടത്തുന്ന പദ്ധതികളും എസ്.സി.എസ്.പി/ടി.എസ്.പി. ഫണ്ടുപയോഗിച്ച് തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതുമായ പദ്ധതികളുടേയും പരിപാടികളുടെയും മോണിറ്ററിംഗ്, പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റി നടത്തേണ്ടതും കുറഞ്ഞത് മാസത്തിൽ ഒരിക്കൽ കമ്മിറ്റിയോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തേണ്ടതും യോഗത്തിന്റെ മിനിറ്റ്സ് സംസ്ഥാന ആസൂത്രണബോർഡിനും ഭരണവകുപ്പിനും നൽകേണ്ടതുമാണ്. പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള സാമ്പത്തിക പരിധി ഓരോ പ്രോജക്ടിനും 25 ലക്ഷം രൂപ ആയിരിക്കും. കോർപ്പസ് ഫണ്ടിൽ ഏറ്റെടുക്കുന്ന റോഡ്, പാലം പദ്ധതികൾ ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്ത് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അനുമതിക്കായി സമർപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ അനുമതി ആവശ്യമായിട്ടുള്ള എല്ലാ പ്രോജക്ടുകളുടെയും അംഗീകാരച്ചുമതല ഈ കമ്മിറ്റിക്ക് ആയിരിക്കും. ഓരോ സംസ്ഥാന, കേന്ദ്ര സ്കീമിനും ഓരോ കമ്മിറ്റി രൂപീകരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. കോർപ്പസ് ഫണ്ടിനു പുറമെ ജില്ലയിൽ നടപ്പിലാക്കുന്ന അംബേദ്കർ വികസനപദ്ധതി, അടിയ പണിയ പാക്കേജ്, ഭൂമിവിതരണം, വീട് നിർമ്മാണം, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണ പുരോഗതി, ജീവനോപാധി പദ്ധതികൾ, തൊഴിലുറപ്പ് പദ്ധതികൾ, മോഡൽ റെസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകൾ നടത്തിപ്പ് മുതലായ പദ്ധതികളും ഇതിന് പുറമെ മോണിറ്ററിംഗ് ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെടുന്ന മറ്റുപദ്ധതികളും അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ വികസന വിടവുകൾ പരിശോധിച്ച് പദ്ധതി നിർദ്ദേശങ്ങൾ/റിപ്പോർട്ടുകൾ തയ്യാറാക്കി വകുപ്പ് മന്ത്രിക്കും, സെക്രട്ടറിക്കും, ഡയറക്ടർമാർക്കും സമർപ്പിക്കേണ്ടതാണ്. ജില്ലയിൽ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് ഒഴികെയുള്ള എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വികസനവകുപ്പുകൾ ജില്ലയ്ക്ക് നൽകുന്ന കോർപ്പസ് ഫണ്ടുകൾ ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാരുടെ എല്ലാ വികസന സാധ്യതകളും കണ്ടുകൊണ്ട് പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരുമായി ചേർന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ ക്രോഡീകരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിക്കു മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

7. പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റികളil ഓരോ ജില്ലയിലും ജില്ലാ പ്ലാനിംഗ് ഓഫീസറെ കൺവീനറായി ചുമതലപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റി താഴെപ്പറയുന്ന രൂപത്തിൽ പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ

2. ജില്ലാകളക്ടർ - മെമ്പർ സെക്രട്ടറി

3. ജില്ലയിലെ പട്ടികജാതി /പട്ടികവർഗ്ഗ എം.എൽ.എ മാർ- മെമ്പർമാർ

4.സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരായ മൂന്ന് സാമൂഹികപ്രവർത്തകർ (മൂന്ന് വർഷത്തിലൊരിക്കൽ തെരഞ്ഞെടുക്കേണ്ടത്) - മെമ്പർ

5. ജില്ലാ പഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - മെമ്പർ

6. ജില്ലാ പട്ടികജാതി വികസന ഓഫീസർ - മെമ്പർ

7. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ / പ്രോജക്ട് ഓഫീസർ, ITDP - മെമ്പർ

8. ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ - മെമ്പർ

9. അസിസ്റ്റന്റ് ജനറൽ മാനേജർ, നബാർഡ് - മെമ്പർ

10. ആവശ്യമായ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ - മെമ്പർ

11. ആവശ്യമായ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാതല ഉദ്യോഗസ്ഥർ- മെമ്പർ

12. ജില്ലാ പ്ലാനിംഗ് ഓഫീസർ - കൺവീനർ

8. പരാമർശിത ഉത്തരവ് മേൽപ്പറഞ്ഞപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടീകാ റാം മീണ
അഡീഷണൽ ചീഫ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം

എല്ലാ ജില്ലയിലെയും പട്ടികജാതി /പട്ടികവർഗ്ഗ എം.എൽ.എ മാർക്കും (ആമുഖകത്ത് സഹിതം)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും എല്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ

/ ഐ.ടി.ഡി പി പ്രോജക്ട് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്തിലെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കു(ആമുഖകത്ത് സഹിതം)

എല്ലാ ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർമാർക്കും

അസിസ്റ്റന്റ് ജനറൽ മാനേജർ, നബാർഡ്(ആമുഖകത്ത് സഹിതം)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് (06/08/2021 തീയതിയിലെ SCSTDD-PM1/238/2020 കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (ഐ&പി .ആർ.ഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആസൂത്രണ സാമ്പത്തിക കാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ആസൂത്രണ സാമ്പത്തിക കാര്യ അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനും വാതിൽപ്പടി സേവനം പോലെയുള്ള മുൻഗണനാ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2284/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/11/2021

പരാമർശം:-

1. സ.ഉ.(കൈ) നം.4/2021/തസ്വഭവ; തീയതി 11.01.2021
2. സ.ഉ.(സാധാ) നം.3326/2021/ധന; തീയതി 05.04.2021
3. സ.ഉ.(സാധാ) നം.3367/2021/ധന; തീയതി 07.04.2021
4. സ.ഉ.(സാധാ) നം.925/2021/തസ്വഭവ; തീയതി 28.04.2021
5. സ.ഉ.(സാധാ) നം.1066/2021/തസ്വഭവ; തീയതി 31.05.2021
6. സ.ഉ.(സാധാ) നം.1220/2021/തസ്വഭവ; തീയതി 28.06.2021
7. സ.ഉ.(സാധാ) നം.5206/2021/ധന; തീയതി 30.07.2021
8. സ.ഉ.(സാധാ) നം.5450/2021/ധന; തീയതി 12.08.2021
9. സ.ഉ.(സാധാ) നം. 1607/2021/തസ്വഭവ; തീയതി 24.08.2021
10. സ.ഉ.(സാധാ) നം.1821/2021/തസ്വഭവ; തീയതി 22.09.2021
11. സ.ഉ.(സാധാ) നം. 6465/2021/ധന; തീയതി 01.10.2021

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. 2021-22 മുതൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷൻ (എഫ്.എഫ്.സി) ഗ്രാന്റിന്റെ പേയ്മെന്റ് ഇ-ഗ്രാംസ്വരാജ് പോർട്ടൽ മുഖേനയാണ് നിർവഹിക്കുന്നത്. അനുവദിച്ചിട്ടുള്ള എഫ്.എഫ്.സി. വിഹിതത്തെക്കാൾ 20 ശതമാനം അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ ഓരോ വിഭാഗത്തിലും (അടിസ്ഥാന വിഹിതം, ടൈഡ് വിഹിതം) ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം ഇപ്പോൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ വരുത്തിയിട്ടുണ്ട്. അതുകാരണം, നിർവഹണം തുടങ്ങാൻ കഴിയാത്ത ഒരു പ്രോജക്ട് ഉപേക്ഷിച്ച് (abandon ചെയ്ത്) പകരം പുതിയ പ്രോജക്ട് ഉൾപ്പെടുത്തുന്ന സന്ദർഭത്തിൽ 20 ശതമാനം അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ

കഴിയുന്നുള്ളു എന്നൊരു അവസ്ഥ നിലനിൽക്കുന്നുണ്ട്.

3. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് എഫ്. എഫ്.സി. ഗ്രാന്റ് ഇനത്തിലെ ഓരോ വിഭാഗത്തിലും 20 ശതമാനം അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മാത്രം ഇ-ഗ്രാംസ്വരാജ് പോർട്ടലിലും സുലേഖ സോഫ്റ്റ് വെയറിലും ഇപ്രകാരം 20 ശതമാനം വരെ അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. പരാമർശം 4 പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ പ്രോജക്ടുകളാണ് ഓരോ വിഭാഗത്തിലും ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കണം. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ വരുത്തുന്നതിന് സമാനമായ ഭേദഗതികൾ സുലേഖ സോഫ്റ്റ് വെയറിലും വരുത്തേണ്ടതാണ്. ഇരുപത് ശതമാനം അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അവസരം നൽകുകയാണെങ്കിലും അധിക തുക സർക്കാർ അനുവദിക്കുന്നതല്ല. പ്രോജക്ടുകളുടെ ബിൽ പേയ്മെന്റ് ലഭ്യമായ തുകയ്ക്കുള്ളിൽ പരിമിതപ്പെടുത്തണം. അനുവദിച്ച തുകയ്ക്ക് ഉപരിയായുള്ള ബാധ്യത അടുത്ത വർഷത്തെ എഫ്.എഫ്.സി. ഗ്രാന്റിൽ നിന്ന് അനുവദിക്കണം.

4. നടപ്പ് വാർഷിക പദ്ധതിയിൽ (2021-22) പൊതുവെ മാറ്റങ്ങൾ ഇപ്പോൾ അനുവദനീയമല്ല. എങ്കിലും വളരെ ഒഴിവാക്കാനാവാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ചുവടെ പ്രതിപാദിക്കുന്ന മാറ്റങ്ങൾ മാത്രം ആകാവുന്നതാണ്.

(1) പരാമർശം 10 പ്രകാരമുള്ള വാതിൽപ്പടി സേവന പ്രോജക്ട്, ആദ്യഘട്ടത്തിൽ നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

(2) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ട്, പ്രസ്തുത മോണിട്ടറ്റംഗ് സിസ്റ്റം ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

(3) ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ശുചിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.

(4) കോവിഡ് പ്രതിരോധം, ദുരന്ത നിവാരണം എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക, നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുക.

(5) ലൈഫ് മിഷൻ പ്രോജക്ടിന് കൂടുതൽ തുക ആവശ്യമാണെങ്കിൽ വിഹിതം വർദ്ധിപ്പിക്കുക

(6) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കുക.

(7) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/ടി.എസ്.പി യിലെ പൊതു

പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് ഏറ്റെടുക്കുക. (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം)

(8) ഏതെങ്കിലും കേന്ദ്ര-സംസ്ഥാന പദ്ധതിയ്ക്ക് വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പ്രോജക്ട് ഏറ്റെടുക്കുക.

(9) വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ അനുമതി നിരസിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യ ങ്ങളിൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.

(10) ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് പാലിക്കാതെയുമുള്ള പ്രോജക്ടുകൾ ഒഴിവാക്കുക.

(11) വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും പദ്ധതിയിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുക

(12) ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉണ്ടെങ്കിൽ അതുപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക - ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

5. വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി പുതുതായി ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തുന്നതിനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും, ഖണ്ഡിക 4(9) മുതൽ 4(12) വരെ പ്രതിപാദിക്കുന്ന കാരണങ്ങളാൽ ലഭ്യമാകുന്ന വിഹിതം ഉപയോഗിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ പാടുള്ളൂ.

6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതികൾ ഒറ്റത്തവണയായി തന്നെ സമർപ്പിച്ച് അംഗീകാരം വാങ്ങണം. ഈ ഉത്തരവ് പ്രകാരമുള്ള അനിവാര്യമായ ഭേദഗതികൾക്ക് മാത്രമേ അംഗീകാരം നൽകുന്നുള്ളൂവെന്ന് ജില്ലാ ആസൂത്രണസമിതികൾ ഉറപ്പാക്കണം.

7. പരാമർശം 2, 3, 7, 8, 11 എന്നീ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത (deduction at source) തുക വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും ചെലവ് രേഖപ്പെടുത്തു ന്നതിനുമുള്ള ക്രമീകരണം (ജി.ഒ പ്രോജക്ട് ക്രമീകരണം) സുലേഖ/സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തുന്നതാണ്. ലഭ്യമായ തുകയ്ക്കുള്ളിൽ (വാലിഡേഷനുള്ളിൽ) നിന്നും തുക കണ്ടെത്തി പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാലിഡേഷന്

പുറത്ത് പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതാണ്. ഓരോ ഗഡു തുകയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് കുറവ് ചെയ്തിട്ടുള്ള തുക പ്രത്യേക പ്രോജക്ടുകളായി ഉൾപ്പെടുത്തണം. ഇപ്രകാരം ഉൾപ്പെടുത്തുന്ന ഒരു പ്രോജക്ടിന്റെ വിഹിതം ഒന്നുകിൽ പൂർണ്ണമായി വാലിഡേഷനുള്ളിൽ കൊണ്ടുവരണം; അതല്ലെങ്കിൽ വാലിഡേഷന് പുറത്ത് നിർത്തണം. ഭാഗികമായി വാലിഡേഷനുള്ളിൽ കൊണ്ടുവരാൻ കഴിയുന്നതല്ല. (ഉദാ: ആദ്യ ഗഡു തുകയിൽ നിന്ന് ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിന് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 5.00 ലക്ഷം രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ അത് ഒറ്റ പ്രോജക്ടായി ഉൾപ്പെടുത്തുകയും ഒന്നുകിൽ വാലിഡേഷന് ഉള്ളിലോ അല്ലെങ്കിൽ വാലിഡേഷന് പുറത്തോ ഉൾപ്പെടുത്തണം). സ്രോതസ്സിൽ കുറവ് ചെയ്ത ആവശ്യങ്ങൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ട് നേരത്തെ തന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതും പുതിയ പ്രോജക്ട് (ജി.ഒ. പ്രോജക്ട്) ഉൾപ്പെടുത്തി ചെലവ് തുക രേഖപ്പെടുത്തേണ്ടതുമാണ്.

8. ഖണ്ഡിക 7 പ്രകാരമുള്ള നടപടികൾ ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിശ്ചിത തീയതിക്കകം പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാ ആസൂത്രണസമിതികൾ ഉറപ്പാക്കണം. ജില്ലാ ആസൂത്രണ സമിതിക്കുവേണ്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ പ്രതിനിധി, ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്) എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി ഇത് പരിശോധിച്ച് ഉറപ്പു വരുത്തണം. സ്രോതസ്സിൽ കുറവ് ചെയ്ത തുകയ്ക്കുള്ള പ്രോജക്ട് ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ള ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയുടേതായ റിപ്പോർട്ട്, വാർഷിക പദ്ധതി ഭേദഗതി നടപടികൾ പൂർത്തിയാക്കുന്നതിന് ഈ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അവസാന തീയതി കഴിഞ്ഞ് അഞ്ച് ദിവസത്തിനകം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്.

9. ചില തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ എഫ്.എഫ്.സി. ഗ്രാന്റിലെ അടിസ്ഥാന വിഹിതം, ടൈഡ് ഫണ്ട് എന്നിവ ഇ-ഗ്രാംസ്വരാജ് പോർട്ടിലിലും സുലേഖയിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ആകെ വിഹിതത്തെ വിഭജിച്ച് 100 രൂപയ്ക്ക് റൗണ്ട് ചെയ്ത് രേഖപ്പെടുത്തുന്നതുകൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായിട്ടുള്ളത്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ള വിഹിതത്തിന് അനുസൃതമായി സുലേഖ സോഫ്റ്റ് വെയറിൽ വിഹിതം മാറ്റി നൽകുന്നതാണ്. വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം വിഹിതത്തിലെ മാറ്റത്തിന് അനുസൃതമായുള്ള ഭേദഗതി കൂടി സുലേഖ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.

10. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ഉത്തരവ് പ്രകാരമുള്ള വാർഷിക പദ്ധതി ഭേദഗതി സംബന്ധമായ നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കി നവംബർ 30-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- "ടേക്ക് എ ബ്രേക്ക്" ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതികൾ 2021-22 വർഷം പൂർത്തീകരിക്കേണ്ടതുള്ളതിനാൽ തദ്ദേശ സ്ഥാപനങ്ങൾ നിലവിലുള്ള പദ്ധതി ഭേദഗതി ചെയ്തോ അല്ലെങ്കിൽ ജി.ഒ. പ്രോജക്ടുകളാക്കി മാറ്റിയോ "ടേക്ക് എ ബ്രേക്ക്" പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.2314/2021/LSGD തീയതി,തിരുവനന്തപുരം, 18/11/2021

പരാമർശം:- 1. 20.02.2020 ലെ സ.ഉ (സാധാ) നം.39/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.10.2021-ലെ 172/A/2020/SM നമ്പർ കത്ത്.

ഉത്തരവ്

"ടേക് എ ബ്രേക്ക്" പദ്ധതിക്കു കീഴിൽ പൊതു ശൗചാലയ നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പരാമർശം (1) പ്രകാരം നടപ്പാക്കിവരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് മൊത്തം 1842 high quality toilet കൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 519 എണ്ണം നിർവ്വഹണ ഘട്ടത്തിലും 312 എണ്ണം പൂർത്തിയായിട്ടുമുണ്ട്. 457 ശൗചാലയങ്ങളുടെ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങൾ പ്രോജക്ട് ഏറ്റെടുക്കേണ്ടതുണ്ട് എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം നേടുന്നതിന് ചില ജില്ലകളിൽ കാലതാമസം നേരിടുന്നത് പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി തദ്ദേശസ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ "ടേക്ക് എ ബ്രേക്ക്" ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതികൾ 2021-22 വർഷം പൂർത്തീകരിക്കേണ്ടതുണ്ടെന്നും ഈ സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾ നിലവിലുള്ള പദ്ധതി ഭേദഗതി ചെയ്തോ അല്ലെങ്കിൽ ജി.ഒ. പ്രോജക്ടുകളാക്കി മാറ്റിയോ "ടേക്ക് എ ബ്രേക്ക്" പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, "ടേക്ക് എ ബ്രേക്ക്" ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതികൾ 2021-22 വർഷം

പൂർത്തീകരിക്കേണ്ടതുള്ളതിനാൽ തദ്ദേശ സ്ഥാപനങ്ങൾ നിലവിലുള്ള പദ്ധതി ഭേദഗതി ചെയ്തോ അല്ലെങ്കിൽ ജി.ഒ. പ്രോജക്ടുകളാക്കി മാറ്റിയോ "ടേക്ക് എ ബ്രേക്ക്" പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shibi Abraham
Deputy Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, തിരുവനന്തപുരം.
ഹരിതകേരളം മിഷൻ ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
പഞ്ചായത്ത്ഡയറക്ടർ ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ , തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Barikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – നഗരസഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും നഗരസഞ്ചയ പ്രദേശത്തിന് പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിനുമുള്ള മാർഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.272/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/11/2021

പരാമർശം:-

1. സ.ഉ. (അച്ചടി) നം. 26/2019/പ്ലാനിംഗ്; തീയതി 24.09.2019
2. സ.ഉ. (കൈ) നം. 103/2020/തസ്വഭവ; തീയതി 30.06.2020
3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് (2021 -26)
4. കേന്ദ്ര ധനകാര്യ മന്ത്രാലയം 28.07.2021-ന് പുറപ്പെടുവിച്ച 15(2) FC - XV/FCD/2020-25 നമ്പർ മാർഗരേഖ
5. സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ മാർഗരേഖ

ഉത്തരവ്

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ കേരളത്തിലെ 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഏഴ് നഗരസഞ്ചയങ്ങൾക്ക് (Million Plus Urban Agglomerations/ Cities) 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷക്കാലയളവിലേയ്ക്ക് ആകെ 1402 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒരു പ്രധാന നഗരവും (കോർപ്പറേഷൻ/മുനിസിപ്പാലിറ്റി) അതിനോട് ചേർന്ന് തുടർച്ചയായി (contiguous) കിടക്കുന്ന നഗര സ്വഭാവത്തിലുള്ള സെൻസസ് ടൗണുകൾ, സ്റ്റാറ്റ്യൂട്ടറി ടൗണുകൾ അഥവാ മുനിസിപ്പാലിറ്റികൾ, ഔട്ട് ഗ്രോത്തുകൾ എന്നിവയും ചേരുന്ന മൊത്തം പ്രദേശത്തെയാണ് സെൻസസ് പ്രകാരം ഒരു നഗരസഞ്ചയമായി നിർവചിച്ചിട്ടുള്ളത്. 2011-ലെ സെൻസസ് പ്രകാരം കേരളത്തിൽ ആകെ 19 നഗരസഞ്ചയങ്ങൾ ഉണ്ടെങ്കിലും 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഏഴ് നഗരസഞ്ചയങ്ങൾക്കാണ്, ചുവടെ പട്ടികയിൽ നൽകിയിട്ടുള്ളത് പ്രകാരം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ, മില്ല്യൻ പ്ലസ് സിറ്റീസ് ചലഞ്ച് ഫണ്ട് (MCF) എന്ന പേരിൽ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

കേരളത്തിലെ പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (2021-26)

ക്രമ നം.	നഗരസഞ്ചയം (Urban Agglomeration)	നഗര സഞ്ചയ പ്രദേശത്തെ മൊത്തം ജനസംഖ്യ (ലക്ഷം)	വിഹിതം (കോടി രൂപ)					
			2021 -22	2022-23	2023 -24	2024-25	2025-26	ആകെ
1	തിരുവനന്തപുരം	16.8	35	37	39	41	42	194
2	കൊല്ലം	11.1	23	24	26	27	28	128

3	കൊച്ചി	21.2	45	46	49	52	53	245
4	തൃശ്ശൂർ	18.6	39	41	43	46	46	215
5	മലപ്പുറം	20.3	36	37	39	42	42	196
6	കോഴിക്കോട്	16.4	43	44	47	50	51	235
7	കണ്ണൂർ	17.0	35	36	38	39	41	189
ആകെ		121.4	256	265	281	297	303	1402

2 . പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഞ്ചയങ്ങൾക്ക് അനുവദിച്ചിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (FFC Grant for UAs) വിനിയോഗിക്കുന്നതിനും ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിലേയ്ക്കുള്ള (2021-26) പഞ്ചവൽസര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനും സർക്കാർ ചുവടെ വിവരിക്കുന്ന മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

3. നഗരസഞ്ചയങ്ങൾക്കും നഗരസഭകൾക്കുമുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് കേന്ദ്ര സർക്കാർ പരാമർശം 4 പ്രകാരം പുറപ്പെടുവിച്ച മാർഗരേഖ ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയുടെ ഖണ്ഡികകൾ 2(a), 3(A), 5, 6, 7, 8, 9, 11, 12, 13, 14, 19, 20 എന്നിവ നഗരസഞ്ചയങ്ങൾക്ക് ബാധകമായിട്ടുള്ളതാണ്. നഗരസഞ്ചയങ്ങൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗത്തിന് ഈ മാർഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. മാർഗരേഖയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

3.1 നഗരസഞ്ചയങ്ങൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗം

(1) കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവന നിലവാരം (service level benchmarks) മെച്ചപ്പെടുത്തുന്നതിനാണ് നഗരസഞ്ചയങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ, ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

(2) ജലാശയങ്ങളുടെ പുനരുജ്ജീവനം, മഴവെള്ളകൊയ്ത്ത്, മലിനജലത്തിന്റെ പുനഃചംക്രമണവും പുനരുപയോഗവും (recycle/reuse of water), കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പൊതുവായി ഏറ്റെടുക്കാമെങ്കിലും കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നതും ചുവടെ ഖണ്ഡിക 3.2-ൽ വിവരിക്കുന്നതുമായ വ്യവസ്ഥകൾ പാലിക്കുകയും സേവന നിലവാരം മെച്ചപ്പെടുത്തുന്നതുമായ നഗരസഞ്ചയങ്ങൾക്ക് മാത്രമേ, കേന്ദ്രസർക്കാർ നടത്തുന്ന വിലയിരുത്തൽ പ്രക്രിയയിലൂടെ ലഭിക്കുന്ന മാർക്കിനെ അടിസ്ഥാനമാക്കിയുള്ള വിഹിതം ലഭിക്കുകയുള്ളൂ. അതായത് മേൽപ്പറഞ്ഞ മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നതെന്നും ആ പ്രോജക്ടുകളുടെ നിർവഹണത്തിലൂടെ മുൻകൂട്ടി ലക്ഷ്യമിടുന്ന പ്രകാരമുള്ള പുരോഗതി നിശ്ചിത സമയങ്ങളിൽ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

3.2 ഗ്രാന്റ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും

(1) നഗരസഞ്ചയ ഗ്രാന്റ് ലഭിക്കുന്നതിന് നഗരസഞ്ചയത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും പാലിക്കേണ്ട അടിസ്ഥാന വ്യവസ്ഥകൾ (entry level conditions) പരാമർ ശം 4-ലെ മാർഗരേഖയുടെ ഖണ്ഡിക 6, 7 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം പരാമർശം 4-ലെ മാർഗരേഖയുടെ 8, 9 ഖണ്ഡികകളിലെ വ്യവസ്ഥകൾ ഓരോ നഗരസഞ്ചയ പ്രദേശത്തും പാലിക്കുകയും വേണം. അവ ചുവടെ ചേർക്കുന്നു.

(2) ഈ മാർഗരേഖയുടെ ഖണ്ഡിക 3.1-ൽ പ്രതിപാദിച്ച മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുകയാണെങ്കിൽ മാത്രമേ ഓരോ നഗരസഞ്ചയത്തിനുമുള്ള ഗ്രാന്റ് അനുവദിച്ചു കിട്ടുകയുള്ളൂ. നഗരസഞ്ചയ പ്രദേശത്തെ നഗരസഭകൾ, സെൻസസ് ടൗണുകൾ, ഔട്ട് ഗ്രോത്തുകൾ തുടങ്ങി മൊത്തം പ്രദേശത്തെ സേവന നിലവാരവും മെച്ചപ്പെടുത്തണം.

(3) നഗര പരിസ്ഥിതിക്ക് കോട്ടം വരാതിരിക്കുക എന്ന ലക്ഷ്യത്തോടെ നഗര പ്രദേശങ്ങളിൽ ഖരമാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് താഴെപ്പറയുന്ന മുൻഗണനാ മേഖലകൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

(i) മാലിന്യം വലിച്ചെറിയുക, പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വിധം മാലിന്യം നിക്ഷേപിക്കുക തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സേവനം എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും ആകണം പ്രഥമ പരിഗണന.

(ii) മാലിന്യ സംസ്കരണ പൊതു സൗകര്യങ്ങളുടെ ആവശ്യകത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ബദൽ മാലിന്യ സംസ്കരണ രീതികൾ അവതരിപ്പിക്കുക എന്നതിനാകണം രണ്ടാമത്തെ മുൻഗണന.

(iii) മൂന്നാമത്തെ മുൻഗണന നിലവിൽ മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ (dump sites) പാരിസ്ഥിതിക ചട്ടങ്ങൾക്ക് അനുസൃതമായി അടച്ചുപൂട്ടുകയും മൂടുകയും ചെയ്യുന്നതിനൊപ്പം ജനങ്ങളുടെ ആരോഗ്യത്തെയും പരിസ്ഥിതിയെയും ബാധിക്കാത്ത വിധം പഴയ ഡംബ്സൈറ്റുകൾ പുനരുദ്ധരിക്കുന്നതിനാണ്.

(4) താഴെപ്പറയുന്ന പ്രോജക്ടുകൾ നിർബന്ധമായും ഏറ്റെടുക്കുകയും പരാമർശം 4 പ്രകാരമുള്ള മാർഗരേഖയുടെ ഖണ്ഡിക 9.2-ൽ പ്രതിപാദിക്കുന്നതുപോലെ ഈ പ്രോജക്ടുകളുടെ നിർവഹണ നാഴികകല്ലുകൾ (milestones) പൂർത്തിയാക്കുകകയും ചെയ്യണം.

i. ഒരേക്കറിൽ കൂടുതൽ വിസ്തൃതിയുള്ള മൂന്ന് ജലാശയങ്ങളെങ്കിലും പുനരുജ്ജീവിപ്പിക്കണം. (ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള ജലാശയങ്ങൾ ആദ്യം ഏറ്റെടുക്കണം).

ii. മലിനജലത്തിന്റെ പുനഃചംക്രമണത്തിനും പുനരുപയോഗത്തിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കണം. [10-20 ലക്ഷം ജനസംഖ്യക്ക് പ്രതിദിനം 200 ലക്ഷം ലിറ്റർ (20 MLD), 20-50 ലക്ഷം ജനസംഖ്യയ്ക്ക് പ്രതിദിനം 500 ലക്ഷം ലിറ്റർ (50 MLD), 50 ലക്ഷത്തിന് മുകളിൽ ജനസംഖ്യയ്ക്ക് പ്രതിദിനം 1500 ലക്ഷം ലിറ്റർ (150 MLD) എന്നിങ്ങനെ ശേഷിയുള്ള

സംവിധാനങ്ങൾ രൂപപ്പെടുത്തണം].

iii. നിലവിൽ കുടിവെള്ള വിതരണം ഇല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ (water supply projects for uncovered areas with functional outcomes) ആവിഷ്കരിച്ച് നടപ്പാക്കണം.

(5) ഗ്രാന്റിനുള്ള അർഹത നേടുന്നതിന് ഓരോ നഗരസഞ്ചയവും (നഗരസഞ്ചയത്തിനു വേണ്ടി മുഖ്യ നഗരസഭയും) സംസ്ഥാന സർക്കാരും കേന്ദ്ര ഭവന നിർമ്മാണ - നഗരകാര്യ മന്ത്രാലയവും തമ്മിൽ പരാമർശം 4 പ്രകാരമുള്ള മാർഗരേഖയുടെ അനുബന്ധം I V ൽ നൽകിയിട്ടുള്ള മാതൃകയിൽ ഒരു ത്രികക്ഷി ധാരണാപത്രത്തിൽ (tripartite memorandum of understanding) ഏർപ്പെടേണ്ടതുണ്ട്. ധാരണാപത്രത്തിൽ ചുവടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

(i) 01.04.2021-ലെ ബേസ് ലൈൻ ഡാറ്റ; കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിൽ ഓരോ വർഷവും ലക്ഷ്യമിടുന്ന നേട്ടം (targets) മുതലായവ.

(ii) ഖരമാലിന്യ സംസ്കരണ മേഖലയിൽ ഓരോ വർഷവും ലക്ഷ്യമിടുന്ന നേട്ടം (targets)

(iii) നിർബന്ധിത പ്രോജക്ടുകൾ

(iv) ഓരോ വർഷവും ലക്ഷ്യമിടുന്ന നേട്ടം കൈവരിക്കുന്നതിനും നിർബന്ധിത പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള കർമ്മ പദ്ധതി

(6) കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവന നിലവാരത്തിലെ മാറ്റവും പ്രകടനവും (performances) കേന്ദ്ര ഭവന നിർമ്മാണ - നഗരകാര്യ മന്ത്രാലയം (MOH&UA) തുടർച്ചയായി വിലയിരുത്തുന്നതാണ്. കുടിവെള്ളം, ശുചിത്വം എന്നിവയുടെ പ്രകടനം നാല് സൂചകങ്ങളെ അടിസ്ഥാനമാക്കിയും (ആകെ 6 0 മാർക്ക്) ഖരമാലിന്യ സംസ്കരണത്തിലെ പ്രകടനം രണ്ട് സൂചകങ്ങളെ അടിസ്ഥാനമാക്കിയും (4 0 മാർക്ക്) കണക്കാക്കിയശേഷം നഗര സഞ്ചയത്തിന്റെ മൊത്തം സ്കോർ നിശ്ചയിക്കുന്നതാണ്. ഒരു നഗര സഞ്ചയത്തിന് 80-ൽ കൂടുതൽ മാർക്ക് ലഭിക്കുകയാണെങ്കിൽ ഗ്രാന്റ് പൂർണ്ണമായും ലഭിക്കും. 60 ന് മുകളിൽ 80 വരെ മാർക്ക് ലഭിക്കുകയാണെങ്കിൽ 90 ശതമാനം ഗ്രാന്റ് ലഭിക്കും. 45-ന് മുകളിൽ 60 വരെ മാർക്ക് ലഭിക്കുകയാണെങ്കിൽ 7 5 ശതമാനം ഗ്രാന്റും 3 0 മുതൽ 4 5 വരെ മാർക്ക് ലഭിക്കുകയാണെങ്കിൽ 6 0 ശതമാനം ഗ്രാന്റും ലഭിക്കും. 30-ൽ താഴെയാണ് മാർക്ക് ലഭിക്കുന്നതെങ്കിൽ ഗ്രാന്റ് ലഭിക്കുന്നതല്ല. ഓരോ മേഖലയിലും വിലയിരുത്തൽ പ്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സൂചകങ്ങൾ, അവയ്ക്കുള്ള പരമാവധി മാർക്ക്, ആകെ സ്കോർ കണക്കാക്കുന്ന രീതി എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(a) സൂചകങ്ങളും മാർക്കും

ക്രമ നം	സേവന നിലവാര സൂചകങ്ങൾ (service level indicators)	പരമാവധി മാർക്ക്
1	**കുടിവെള്ളവും ശുചിത്വവും**	**60**
1.1	പൈപ്പിലൂടെയുള്ള കുടിവെള്ള വിതരണ സൗകര്യം ലഭ്യമാക്കിയ കുടുംബങ്ങൾ (Households covered with piped water supply)	20

1.2	പ്രതിദിനം ലഭ്യമാക്കുന്ന ആളോഹരി ജലം (ലിറ്ററിൽ) - (Piped water supplied in litre per capita per day (lpcd)	10
1.3	ഉപഭോക്താക്കളിലെത്താതെ പോകുന്ന കുടിവെള്ളത്തിന്റെ അളവ് കുറയ്ക്കുക (Reduction in Non - Revenue Water (NRW)	10
1.4	സിവറേജ്/സെപ്റ്റേജ് സേവനങ്ങൾ ലഭ്യമാക്കിയ കുടുംബങ്ങൾ (Household covered with sewerage/septage services)	20
2.	**ഖരമാലിന്യ പരിപാലനം**	**40**
2.1	മാലിന്യ രഹിത നഗരം - സ്റ്റാർ റേറ്റിംഗ് പദവി (Garbage free star rating of cities)	30
2.2	കക്കൂസ് മാലിന്യ സംസ്കരണ സംവിധാനം ഉൾപ്പടെയുള്ള ശുചിത്വ സൗകര്യങ്ങൾ (Sanitation including management of Faecal Sludge)	10
	ആകെ (1+2)	100

(b) കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിൽ സ്കോർ കണക്കാക്കുന്ന രീതി

ഓരോ സൂചകത്തിന്റെയും കാര്യത്തിൽ ധാരണാപത്രത്തിൽ സമ്മതിച്ചത് പ്രകാരം മുൻവർഷത്തേയ്ക്ക് നിശ്ചയിച്ചിരുന്ന ഭൗതികലക്ഷ്യം പൂർണ്ണമായി കൈവരിച്ചിട്ടുണ്ടെങ്കിൽ മാർക്ക് പൂർണ്ണമായും (full mark) ലഭിക്കും. ഒരു വർഷത്തെ പ്രകടനത്തെക്കാൾ കുറവോ തുല്യമോ ആണ് അടുത്ത വർഷത്തെ പ്രകടനമെങ്കിൽ മാർക്കൊന്നും ലഭിക്കില്ല. ലക്ഷ്യമിട്ടതിനെക്കാൾ കുറവാണെങ്കിലും കഴിഞ്ഞ വർഷത്തെക്കാൾ പ്രകടനം മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആനുപാതിക മാർക്ക് ലഭിക്കുന്നതാണ്.

(c) ഖരമാലിന്യ പരിപാലനത്തിൽ സ്കോർ കണക്കാക്കുന്ന രീതി

സേവന നിലവാര സൂചകങ്ങൾ	**മാർക്ക്**	**നൽകുന്ന മാർക്ക്**			
		2021-22	2022-23	2023-24	2024-25
മാലിന്യ രഹിത നഗരം - സ്റ്റാർ റേറ്റിംഗ് പദവി	30	7 star : 100% 5 star : 100% 3 star : 100% 1 star : 100% No star : 70%	7 star : 100% 5 star : 100% 3 star : 100% 1 star : 80% No star : 55%	7 star : 100% 5 star : 100% 3 star : 90% 1 star : 70% No star : 50%	7 star : 100% 5 star : 100% 3 star : 80% 1 star : 60% No star : 45%
കക്കൂസ് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉൾപ്പെടെ ശുചിത്വ സൗകര്യങ്ങൾ	10	ODF +:100% No ODF: 0%	ODF ++: 100% ODF +:80% No ODF: 0%	ODF++: 100% ODF +: 80% No ODF: 0%	ODF++: 100% ODF+: 80% No ODF: 0%

(d) നഗര സഞ്ചയത്തിനുള്ളിലെ നഗരസഭകൾ, സെൻസസ് ടൗണുകൾ, ഔട്ട് ഗ്രോത്തുകൾ എന്നിവിടങ്ങളിലെ സ്കോർ പ്രത്യേകം കണക്കാക്കിയശേഷം ജനസംഖ്യയ്ക്ക് വെയിറ്റേജ് കൊടുത്തുകൊണ്ട് നഗരസഞ്ചയ പ്രദേശത്തെ ആവറേജ് സ്കോർ കണക്കാക്കുന്നതാണ്.

(e) മാലിന്യ രഹിത നഗരവുമായി ബന്ധപ്പെട്ട സ്റ്റാർ റേറ്റിംഗ് പദവിയുടെ വിശദാംശങ്ങൾ സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ മാർഗരേഖയിൽ കാണാവുന്നതാണ്.

(7) ജലാശയങ്ങളുടെ പുനരുജ്ജീവനം, മലിന ജലത്തിന്റെ പുനഃചംക്രമണവും പുനരുപയോഗവും, കുടിവെള്ളം എന്നീ മേഖലകളിലെ നിർബന്ധിത പ്രോജക്ടുകളുടെ നിർവഹണത്തിന് സ്വീകരിച്ച നടപടികളും കൈവരിച്ച പുരോഗതിയുടെ/നാഴികകല്ലുകളുടെ വിശദാംശങ്ങളും അടങ്ങിയ വാർഷിക റിപ്പോർട്ട് ഓരോ നഗരസഞ്ചയവും (നഗരസഞ്ചയത്തിനു വേണ്ടി മുഖ്യ നഗരസഭ) കേന്ദ്ര സർക്കാരിന് സമർപ്പിക്കണം.

(8) 2022-23 മുതൽ നഗരസഞ്ചയ ഗ്രാന്റ് ലഭിക്കുന്നതിന്, നഗരസഞ്ചയത്തിനുള്ളിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നഗരസഞ്ചയ ഗ്രാന്റിന്റെ വിനിയോഗത്തിന് വേണ്ടി ആരംഭിച്ച ബാങ്ക് അക്കൗണ്ട് പി.എഫ്.എം.എസുമായി ബന്ധിപ്പിച്ചിരിക്കണം.

(9) 2023-24 മുതൽ വസ്തു നികുതി (property tax) പിരിവിൽ, സംസ്ഥാന മൊത്തം ആഭ്യന്തര ഉല്പാദനത്തിലെ കഴിഞ്ഞ 5 വർഷത്തെ വളർച്ചയിലെ ശരാശരി വളർച്ചയെങ്കിലും ഓരോ വർഷവും കൈവരിക്കണം.

(10) 2021-22, 2022-23 വർഷങ്ങളിൽ സംസ്ഥാനത്തെ 2 5 ശതമാനം നഗരസഭകളെങ്കിലും ഓരോ വർഷവും തൊട്ട് മുൻവർഷത്തെ ഓഡിറ്റ് ചെയ്യപ്പെടാത്ത വാർഷിക ധനകാര്യ പത്രികയും (unaudited accounts) അതിന് മുൻവർഷത്തെ ഓഡിറ്റ് ചെയ്യപ്പെട്ട വാർഷിക ധനകാര്യ പത്രികയും (audited accounts) ഓൺലൈനായി സമർപ്പിക്കണം. 2023-24 മുതൽ എല്ലാ നഗരസഭകളും തൊട്ടു മുൻവർഷത്തെ ഓഡിറ്റ് ചെയ്യപ്പെടാത്ത വാർഷിക ധനകാര്യ പത്രികയും അതിന് മുൻവർഷത്തെ ഓഡിറ്റ് ചെയ്യപ്പെട്ട വാർഷിക ധനകാര്യ പത്രികയും ഓൺലൈനായി പൊതു മണ്ഡലത്തിൽ ലഭ്യമാക്കണം. [ബാലൻസ് ഷീറ്റ്, വരവ്-ചെലവ് പത്രിക, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്, അനുബന്ധ പട്ടികകൾ എന്നിവ കേന്ദ്ര സർക്കാരിന്റെ പോർട്ടലിൽ (http://cityfinance.in) അപ് ലോഡ് ചെയ്യണം].

3 . 3 നഗരസഞ്ചയത്തിനു വേണ്ടി ഗ്രാന്റ് സ്വീകരിക്കുന്നതിനുള്ള നോഡൽ തദ്ദേശ ഭരണ സ്ഥാപനം മുഖ്യനഗരസഭ (കോർപ്പറേഷനുകൾ/മലപ്പുറം മുനിസിപ്പാലിറ്റി) ആയിരിക്കും.

3.4 കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ തദ്ദേശഭരണ സ്ഥാപന വിഹിതമോ സംസ്ഥാന വിഹിതമോ കണ്ടെത്തുന്നതിന് നഗരസഞ്ചയ ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ല.

3.5 2021-22 വർഷത്തെ ഗ്രാന്റ് ലഭിക്കുന്നതിന് സംസ്ഥാനതലത്തിലും നഗരസഞ്ചയ തലത്തിലും സ്വീകരിക്കേണ്ട നടപടികൾ പരാമർശം 4 പ്രകാരമുള്ള മാർഗരേഖയുടെ 27, 28 പേജുകളിൽ കാണാവുന്നതാണ്

4. നഗരസഞ്ചയ പ്രദേശത്തിനു വേണ്ടിയുള്ള പഞ്ചവത്സര പദ്ധതി (Five Year Plan for Urban Agglomeration) തയ്യാറാക്കൽ

4.1 ഈ മാർഗരേഖയിലെ ഖണ്ഡിക 3-ലെ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിലേയ്ക്കുള്ള (2021-26) നഗരസഞ്ചയ പഞ്ചവത്സര പദ്ധതി (UA Plan) തയ്യാറാക്കേണ്ടതാണ്.

4.2.ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരം പാരിസ്ഥിതിക ഘടകങ്ങൾ ഉൾപ്പെടുന്നതും നഗര-ഗ്രാമ സംയോജനം ഉറപ്പുവരുത്തേണ്ടതുമായ വിഷയങ്ങളിലെ പദ്ധതി ഏകോപനത്തിൽ ജില്ലാ ആസൂത്രണ സമിതികൾക്ക് നിർണ്ണായക പങ്കാണുള്ളത്. കേരളത്തിലെ നഗരസഞ്ചയങ്ങളിൽ നഗരപ്രദേശവും ഗ്രാമപ്രദേശവും ഉൾപ്പെടുന്നുണ്ട്. മാത്രമല്ല നഗര സഞ്ചയ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം പരിസ്ഥിതി പ്രാധാന്യമുള്ളവയുമാണ്. അതുകൊണ്ടുതന്നെ നഗരസഞ്ചയ പ്രദേശത്തെ പദ്ധതി തയ്യാറാക്കുന്നതിനുള്ള നേതൃത്വപരമായ പങ്കും ഏകോപനവും ജില്ലാ ആസൂത്രണ സമിതി വഹിക്കണം.

4.3.പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

1 : ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ	-	ചെയർപേഴ്സൺ
2 : ജില്ലാ കളക്ടർ	-	മെമ്പർ സെക്രട്ടറി
3 : ജില്ലാ വികസന കമ്മീഷണർ	-	അംഗം
4 : ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ നിയോഗിക്കുന്ന മൂന്ന് ഡി.പി.സി അംഗങ്ങൾ	-	അംഗങ്ങൾ
5 : ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനി	-	അംഗം
6 : നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ	-	അംഗം
7 : പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ	-	"
8 : അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)	-	അംഗം
9 : ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ	-	"
10 : ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള ജല അതോറിറ്റി (ജല ജീവൻ മിഷൻ)		
11 : ജില്ലാ കോഓർഡിനേറ്റർ, ശുചിത്വമിഷൻ	-	"
12 : ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്	-	"
13 : ജില്ലാ ടൗൺ പ്ലാനർ	-	"
14 : ജില്ലാ ഫെസിലിറ്റേറ്റർ (ജനകീയാസൂത്രണം)	-	"
15 : വിഷയമേഖലാ വിദഗ്ദ്ധർ (ജല സംരക്ഷണം, കുടിവെള്ളം, ശുചിത്വ-മാലിന്യ സംസ്കരണം)- ഓരോ മേഖലയിൽ നിന്നും രണ്ടു പേർ വീതം	-	അംഗങ്ങൾ
16 : ജില്ലാ പ്ലാനിംഗ് ഓഫീസർ	-	കൺവീനർ

ആവശ്യമെങ്കിൽ ചെയർപേഴ്സന് സബ്കമ്മിറ്റിയിലേക്ക് കൂടുതൽ

ഉദ്യോഗസ്ഥ-അനൗദ്യോഗസ്ഥ വിദഗ്ദ്ധരെ ഉൾപ്പെടുത്താവുന്നതാണ്.

4.4 **ആസൂത്രണ പ്രക്രിയ**

(1) നഗരസഞ്ചയ പദ്ധതി രൂപീകരണത്തിന് ജില്ലാ ആസൂത്രണ സമിതി, ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (Joint Planning Committee) രൂപീകരിക്കേണ്ടതാണ്.

1 : മുഖ്യനഗരസഭയുടെ അധ്യക്ഷൻ (കോർപ്പറേഷൻ മേയർ/മലപ്പുറം മുനിസിപ്പാലിറ്റി ചെയർപേഴ്സൺ)	-	ചെയർപേഴ്സൺ
2 : നഗര സഞ്ചയ പ്രദേശത്തെ മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർ	-	അംഗങ്ങൾ
3 : നഗരസഞ്ചയ പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ	-	"
4 : നഗരസഞ്ചയ പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്തുകളിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ	-	"
5 : ജില്ലാ പഞ്ചായത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	-	അംഗം
6 : നഗര സഞ്ചയ പ്രദേശത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നും ജില്ലാ ആസൂത്രണ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ		അംഗങ്ങൾ
7 : മുഖ്യ നഗരസഭയുടെ സെക്രട്ടറി	-	കൺവീനർ

8 . ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി, ജില്ലാ വികസന കമ്മീഷണർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ ടൗൺ പ്ലാനർ, ചുവടെ ഖണ്ഡികയിൽ പ്രതിപാദിക്കുന്നത് പ്രകാരം രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർ പേഴ്സൺമാർ, വൈസ് ചെയർ പേഴ്സൺമാർ, കൺവീനർമാർ എന്നിവർ ജെ.പി.സി.യിലെ ക്ഷണിതാക്കൾ ആയിരിക്കും)

(2) ജലസംരക്ഷണം, കുടിവെള്ളം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ മൂന്ന് മേഖലകൾക്ക് വേണ്ടി ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കണം. ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിലെ ഒരു ജനപ്രതിനിധി വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സണും ഒരു വിദഗ്ദ്ധൻ വൈസ് ചെയർ പേഴ്സണും ആകണം. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ (ജല സംരക്ഷണം), എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള ജല അതോറിറ്റി – ജലജീവൻ മിഷൻ (കുടിവെള്ളം), ശുചിത്വമിഷൻ ജില്ലാ കോ-ഓർ ഡിനേറ്റർ (ശുചിത്വ-മാലിന്യ സംസ്കരണം) എന്നീ ഉദ്യോഗസ്ഥരായിരിക്കും വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ. നിർദ്ദിഷ്ട മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരെ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തണം. വർക്കിംഗ് ഗ്രൂപ്പുകളിൽ 10 മുതൽ 15 വരെ അംഗങ്ങൾ ആകാവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കും. ബന്ധപ്പെട്ട മേഖലയിൽ അവസ്ഥാ വിശകലനം നടത്തിയശേഷം കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. വർക്കിംഗ് ഗ്രൂപ്പുകൾ, ഡി.പി.സി സബ്ബ് കമ്മിറ്റിയുടെയും ജെ.പി.സിയുടെയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കേണ്ടതാണ്.

(3) വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് വിശദമായ പരിശീലനം നൽകണം.

(4) അവസ്ഥാ വിശകലനം നടത്തിയശേഷം കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കണം കരട് പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതും അഭിപ്രായങ്ങൾ രേഖാമൂലം വാങ്ങേണ്ടതുമാണ്.

(5) ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി യോഗം ചേർന്ന് മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പ്രോജക്ടുകളുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതും നഗരസഞ്ചയ കരട് പദ്ധതി (Draft UA Plan) തയ്യാറാക്കേണ്ടതുമാണ്. കരട് പദ്ധതി തയ്യാറാക്കുമ്പോൾ സംയോജന സാധ്യതകൾ എല്ലാം കണക്കിലെടുക്കണം. നഗരസഞ്ചയ ഗ്രാന്റിന് പുറമെ തദ്ദേശഭരണസ്ഥാപനങ്ങളുടെ എഫ്.എഫ്.സി ഗ്രാന്റ് (പ്രത്യേകിച്ച് ടൈഡ് വിഹിതം), വികസന ഫണ്ട്, കേന്ദ്ര/സംസ്ഥാന പദ്ധതികൾ [മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമം, നഗരം) , ജലജീവൻ മിഷൻ തുടങ്ങിയ പദ്ധതികൾ] എന്നിവയുമായുള്ള സംയോജന സാധ്യതകൾ പരിഗണിക്കണം. തൊഴിലുറപ്പ് പദ്ധതികളുമായുള്ള സംയോജനം പരമപ്രധാനമാണ്. മെറ്റീരിയൽ ഘടകം ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തികൾ ആവിഷ്കരിക്കുകയും നഗരസഞ്ചയ പദ്ധതിയുമായി സംയോജിപ്പിക്കുകയും വേണം.

(6) തുടർന്ന് കരട് പദ്ധതി ചർച്ച ചെയ്യുന്നതിനായി ജില്ലാ ആസൂത്രണസമിതിയുടെയും ജെ.പി.സി.യുടെയും ആഭിമുഖ്യത്തിൽ ഒരു വികസന സെമിനാർ വിളിച്ചു ചേർക്കണം. നഗരസഞ്ചയ പ്രദേശത്തെ എം.പി.മാർ, എം.എൽ.എമാർ, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ (ഒരു തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും അദ്ധ്യക്ഷൻ ഉൾപ്പെടെ രണ്ട് പേർ) , പ്രൊഫഷണലുകൾ, വിദഗ്ദ്ധർ, ഗവേഷണ – വികസന സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കണം. വികസന സെമിനാറിൽ നഗരസഞ്ചയ പദ്ധതി രേഖ (UA Plan Document) അച്ചടിച്ച് വിതരണം ചെയ്യണം.

(7) വികസന സെമിനാറിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് നഗരസഞ്ചയ പദ്ധതിക്ക് ജെ.പി.സി അന്തിമ രൂപം നൽകണം.

(8) തുടർന്ന് നഗരസഞ്ചയ പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കണം. പദ്ധതി പരിശോധിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിക്ക് പരാമർശം 1 പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ റിസോഴ്സ് സെന്ററിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. നഗരസഞ്ചയ പദ്ധതി തയ്യാറാക്കി **2021 ഡിസംബർ 15** നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

(9) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തെ തുടർന്ന് പ്രോജക്ട് വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ http://cityfinance.in എന്ന പോർട്ടലിൽ രേഖപ്പെടുത്തണം.

(10) വിശദ പദ്ധതി റിപ്പോർട്ടുകൾ (DPR) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തെ തുടർന്ന് തയ്യാറാക്കാവുന്നതാണ്.

(11) കേന്ദ്രസർക്കാരിന്റെ പോർട്ടലിൽ ഡിസംബർ 21-നകം പ്രോജക്ടുകളുടെ വിശദാംശങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുള്ളതുകൊണ്ട് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പാക്കാണം.

5) **നിർവ്വഹണം**

പ്രോജക്ടുകളുടെ നിർവഹണം ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി തീരുമാനപ്രകാരം നഗരസഞ്ചയ പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്താവുന്നതാണ്. എന്നിരുന്നാലും ചുവടെ പ്രതിപാദിക്കുന്ന മാർഗനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാകും അഭികാമ്യം.

i. പ്രോജക്ട് പ്രദേശം പൂർണ്ണമായും ഒരു ഗ്രാമ പഞ്ചായത്ത്/നഗരസഭാ പ്രദേശത്തിനുള്ളിലാണെങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനോ/ നഗരസഭയ്ക്കോ നിർവഹണം നടത്താവുന്നതാണ്.

ii. ഒന്നിലേറെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്കുള്ളിലാണെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിനും ഒന്നിലേറെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതാണെങ്കിൽ ജില്ലാ പഞ്ചായത്തിനും നിർവ്വഹണം നടത്താവുന്നതാണ്.

iii. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും സംയുക്ത ഭൂപ്രദേശത്തിനുള്ളിലാണെങ്കിൽ ജില്ലാ പഞ്ചായത്തിനോ ഒരു നഗരസഭയ്ക്കോ നിർവഹണം നടത്താവുന്നതാണ്.

6) **സാങ്കേതിക പിന്തുണ**

6.1 ശുചിത്വ - മാലിന്യ സംസ്കരണത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനുള്ള നോഡൽ ഏജൻസി ശുചിത്വ മിഷൻ ആയിരിക്കും. നഗര സഞ്ചയ ഭൂപ്രദേശത്ത് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന സ്റ്റാർ റേറ്റിംഗ് പദവി കൈവരിക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും അവ ഏകോപിപ്പിക്കുന്നതിനും വേണ്ട സാങ്കേതിക സഹായം ശുചിത്വ മിഷൻ ലഭ്യമാക്കേണ്ടതാണ്.

6.2 പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ റിസോഴ്സ് സെന്റർ, ആവശ്യമായ പിന്തുണയും സാങ്കേതിക സഹായവും ജില്ലാ ആസൂത്രണ സമിതിക്കും ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിക്കും നൽകേണ്ടതാണ്.

7) **മോണിട്ടറിംഗ്**

7.1 നഗരസഞ്ചയ പദ്ധതിയുടെ നിർവഹണത്തിന്റെ മോണിട്ടറിംഗ് ജില്ലാ ആസൂത്രണ സമിതിയും ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയും കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതാണ്.

7.2 സംസ്ഥാനതലത്തിൽ നഗരസഞ്ചയ പദ്ധതികൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ

നിരീക്ഷിക്കുക, ആവശ്യമായ സാങ്കേതിക പിന്തുണ സമയാസമയങ്ങളിൽ ലഭ്യമാക്കുക, നിർവഹണ പുരോഗതി മോണിറ്റർ ചെയ്യുക തുടങ്ങിയവയുടെ മുഖ്യചുമതല നഗരകാര്യ ഡയറക്ടർക്ക് ആയിരിക്കും.

7 . 3 നഗരസഞ്ചയ പദ്ധതി തയ്യാറാക്കുന്നതും നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ മേൽനോട്ടം വഹിക്കുന്നതിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്. കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഈ കമ്മിറ്റി യോഗം ചേരണം.

1 : അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്	-	ചെയർപേഴ്സൺ
2 : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി -2	-	മെമ്പർ
3 : പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്	-	"
4 : പഞ്ചായത്ത് ഡയറക്ടർ	-	"
5 : ഗ്രാമവികസന കമ്മീഷണർ	-	"
6 : ചീഫ് ടൗൺ പ്ലാനർ	-	"
7 : ഡയറക്ടർ, മണ്ണ് സംരക്ഷണ - പര്യവേക്ഷണ വകുപ്പ്		"
8 : മാനേജിംഗ് ഡയറക്ടർ, ജല അതോറിട്ടി	-	"
9 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ		
10 : മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ	-	"
11 : ചീഫ് (വികേന്ദ്രീകൃതാസൂത്രണം), സംസ്ഥാന ആസൂത്രണ ബോർഡ്	-	"
12 : നഗരകാര്യ ഡയറക്ടർ	-	കൺവീനർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. നഗരസഞ്ചയ പ്രദേശത്തെ എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ചീഫ് ടൗൺ പ്ലാനർ
12. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
18. ഡയറക്ടർ, മണ്ണ് സംരക്ഷണ - പര്യവേക്ഷണ വകുപ്പ്
19. മാനേജിംഗ് ഡയറക്ടർ, ജല അതോറിട്ടി
20. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
23. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
24. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
25. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
26. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
27. ഡയറക്ടർ ജനറൽ, കില
28. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
29. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
30. തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്
31. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/317/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30/11/2021

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - CC ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് - അനുമതി നൽകുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.4

****

സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് പല തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നുണ്ട്. ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേക അനുമതിക്കായി കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകുന്ന അപേക്ഷകൾ പ്രദേശത്തിന്റെ പ്രത്യേകതകൂടി പരിഗണിച്ച് അനുമതി നൽകുകയാണ് പതിവ്. ഇത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- പ്രൊജക്റ്റ് പ്രകാരം സ്ഥാപിച്ചിരിക്കുന്ന ക്യാമറകളുടെ പ്രവർത്തന ക്ഷമതയും ഇതിന്റെ സഹായത്തോടെയുള്ള മോണിറ്ററിംഗും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. സി.സി.റ്റി.വിയുടെ ഗുണനിലവാരം, വില എന്നിവ സംബന്ധിച്ചും പരിശോധന നടത്തണം.
- സി.സി.റ്റി.വി സ്ഥാപിക്കുമ്പോൾ അതിന്റെ മോണിറ്ററിംഗിന് പോലീസ് സ്റ്റേഷനെകൂടി ഉൾപ്പെടുത്തണം. സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിന് റസിഡൻസ് അസോസിയേഷൻ, സമീപമുള്ള കടകൾ മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണവും സാമ്പത്തികമായി ചെറിയതോതിലെങ്കിലുമുള്ള പങ്കാളിത്തവും തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തണം.
- CC TV സ്ഥാപിക്കുന്നതിന് ഇനി അനുമതി നൽകുമ്പോൾ ഇത്തരം പൊതുജന പങ്കാളിത്തം ഉള്ള പ്രോജക്ടിനെ മുൻഗണന നൽകുകയുള്ളൂ.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രാദേശിക സർക്കാരുകൾക്കുള്ള 2021-22-ലെ വികസനഫണ്ട് വിഹിതം പുതുക്കിയതിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.114/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/01/2022

പരാമർശം:-

1. സ.ഉ.(സാധാ)നം.210/2021/തസ്വഭവ തീയതി 26.01.2021.
2. സ.ഉ.(പി)നം.152/2021/ധന തീയതി 20.11.2021.
3. സ.ഉ.(സാധാ)നം.2284/2021/തസ്വഭവ തീയതി 16.11.2021.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 14.09.2021 ലെ യോഗത്തിലെ 3.5 നമ്പർ തീരുമാനം.
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 02.12.2021 ലെ യോഗത്തിലെ 3.5 നമ്പർ തീരുമാനം.
6. സ.ഉ.(സാധാ)നം.22/2022/ധന തീയതി 01.01.2022.

ഉത്തരവ്

പ്രാദേശിക സർക്കാരുകൾക്കുള്ള 2021-22 വർഷത്തെ വികസനഫണ്ടിലെ പൊതു വിഭാഗം സാധാരണ വിഹിതം പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മലപ്പുറം മുനിസിപ്പാലിറ്റിക്കുമുള്ള വിഹിതത്തിൽ വർദ്ധനവ് ഉണ്ടാകുകയും മലപ്പുറം ഒഴികെയുള്ള മറ്റ് മുനിസിപ്പാലിറ്റികൾക്കുള്ള വിഹിതത്തിൽ കുറവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വിഹിതത്തിൽ വന്ന മാറ്റത്തിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതുണ്ട്.

2. പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സ്ഥിതിവിവര കണക്കുകളെ അടിസ്ഥാനമാക്കി മെയിന്റനൻസ് ഫണ്ട് (റോഡിതരം, റോഡ്) വിഭജിച്ച് നൽകുന്ന രീതി 2021-22 മുതൽ നടപ്പാക്കണമെന്നും എന്നാൽ ആസ്തികളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് അവ കുറ്റമറ്റതാക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ മെയിന്റനൻസ് ഫണ്ടിന്റെ മൂന്നിലൊന്നു തുക മാത്രം അനുവദിച്ച് നൽകിയാൽ മതിയെന്നും സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച ശേഷം യഥാർത്ഥ വിഹിതം പിന്നീട് നിശ്ചയിച്ച് നൽകിയാൽ മതിയെന്നും ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾക്കുള്ള 2021-22 വർഷത്തെ മെയിന്റനൻസ് ഫണ്ട്

(3168.43 കോടി രൂപ) പൂർണ്ണമായി വിഭജിച്ച് നൽകിയിരുന്നില്ല. മൂന്നിലൊന്ന് തുക മാത്രമാണ് വിഭജിച്ച് സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV-ൽ വകയിരുത്തിയത്. വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് ഓരോ പ്രാദേശിക സർക്കാരിനും യഥാർത്ഥത്തിൽ ലഭിക്കാവുന്ന മെയിന്റനൻസ് ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല എന്നത് കണക്കിലെടുത്ത് തൽക്കാലം 2020-21 വർഷത്തെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി 2021-22-ലെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണെന്നും യഥാർത്ഥ വിഹിതം അറിയുന്ന മുറയ്ക്ക് പിന്നീട് വാർഷിക പദ്ധതി പരിഷ്കരിക്കാവുന്നതാണെന്നും പരാമർശം 1 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും 2020-21-ലെ വിഹിതത്തെ അടിസ്ഥാനമാക്കിയാണ് 2021-22-ലെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

3 . കഴിഞ്ഞ വർഷത്തെ വിഹിതത്തെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ തയ്യാറാക്കുകയും നിർവഹണ നടപടികൾ ആരംഭിക്കുകയും ചെയ്ത സ്ഥിതിക്ക്, ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പുതിയ രീതി സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്ക് വച്ച് നടപ്പാക്കുകയാണെങ്കിൽ വിഹിതത്തിൽ കാര്യമായ കുറവു വരുന്ന പ്രാദേശിക സർക്കാരുകൾക്ക് പ്രോജക്ടുകൾ വലിയ തോതിൽ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടാകാനിടയുണ്ട്. ഈ വിഷയം 14.09.2021-ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി ചർച്ച ചെയ്യുകയും പുതിയ രീതി അടുത്ത വർഷം മുതൽ നടപ്പാക്കിയാൽ മതിയെന്നും നടപ്പ് വർഷം കൂടി മുൻവർഷങ്ങളിൽ ഉപയോഗിച്ചു വരുന്ന അതേ മാനദണ്ഡങ്ങൾ പ്രകാരം ഫണ്ട് വിഭജിച്ചു നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം പുതുക്കി നിശ്ചയിക്കുന്ന വിഹിതത്തിന് അനുസൃതമായി മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകളും ക്രമപ്പെടുത്തേണ്ടതുണ്ട്.

4. മേൽ വിവരിച്ച സാഹചര്യത്തിൽ പ്രാദേശിക സർക്കാരുകളുടെ 2021-22 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ

4.1 2021-22 വർഷത്തെ സംസ്ഥാന ബജറ്റിൽ റോഡിതര മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നീ വിഭാഗങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക (റോഡിതരം - 1218.63 കോടി രൂപ, റോഡ്- 1949.80 കോടി രൂപ) 2020-21-ൽ പ്രാദേശിക സർക്കാരു കൾക്ക് ഓരോ വിഭാഗത്തിലും അനുവദിച്ച മെയിന്റനൻസ് ഫണ്ടിന് (റോഡിതരം - 883.15 കോടി രൂപ, റോഡ് - 2060.68 കോടി രൂപ) ആനുപാതികമായി വിഭജിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. ഇപ്രകാരം നിശ്ചയിച്ച് നൽകുന്ന വിഹിതത്തിന് അനുസൃതമായി മെയിന്റനൻസ് ഫണ്ട് (റോഡിതരം, റോഡ്) പ്രോജക്ടുകൾ ക്രമപ്പെടു ത്തേണ്ടതാണ്.

4.2 റോഡിതര മെയിന്റനൻസ് ഫണ്ടിൽ അധികം ലഭ്യമാകുന്ന തുക മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനോ ഉപയോഗിക്കാവുന്നതാണ്.

(ബി) പൊതു വിഭാഗം സാധാരണ വിഹിതത്തിലെ പദ്ധതി

4.3 പരാമർശം 2 പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി പൊതു വിഭാഗം സാധാരണ വിഹിതത്തിലെ പദ്ധതി പരിഷ്കരിക്കേണ്ടതാണ്.

4.4 അധിക തുക ലഭിച്ചിട്ടുള്ള ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മലപ്പുറം മുനിസിപ്പാലിറ്റിക്കും പ്രസ്തുത തുക, പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനോ ഉപയോഗിക്കാവു ന്നതാണ്.

4.5 മലപ്പുറം ഒഴികെയുള്ള മുനിസിപ്പാലിറ്റികളുടെ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട് പൊതു വിഭാഗം സാധാരണ വിഹിതത്തിലെ പദ്ധതി പുനഃക്രമീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(i) പൊതു വിഭാഗം സാധാരണ വിഹിതത്തിന് പകരം റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്താവുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ അത്തരം പ്രോജക്ടുകൾ, ഖണ്ഡിക 4.1 പ്രകാരം ലഭ്യമാകുന്ന അധിക വിഹിതം വകയിരുത്തി പുനഃക്രമീകരിക്കാവുന്നതാണ്.

(ii) തനത് ഫണ്ട് ലഭ്യമായ മുനിസിപ്പാലിറ്റികൾക്ക് പ്രസ്തുത വിഹിതം വകയിരുത്തി പ്രോജക്ടുകൾ പുനഃക്രമീകരിക്കാവുന്നതാണ്.

(iii) നിർവഹണം ആരംഭിക്കാത്ത പ്രോജക്ടുകൾ അടുത്ത വർഷത്തേയ്ക്ക് മാറ്റാവുന്നതാണ്.

(iv) മേൽപ്പറഞ്ഞ പ്രകാരമുള്ള ക്രമീകരണം വരുത്തിയതിനു ശേഷവും പരാമർശം 2 പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി പൊതു വിഭാഗം സാധാരണ വിഹിത ത്തിലെ പദ്ധതി ക്രമപ്പെടുത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന മുനിസിപ്പാലിറ്റികൾക്ക് ഈ വർഷത്തെ പ്രോജക്ടുകൾ, 2022-23 വർഷത്തെ വിഹിതം കൂടി ഉൾപ്പെടുത്തി ദ്വിവർഷ പ്രോജക്ടുകളായി പരിഷ്കരിക്കാവുന്നതാണ്.

(സി) വാർഷിക പദ്ധതി ഭേദഗതി

4.6 മേൽപ്പറഞ്ഞ പ്രകാരം വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനൊപ്പം, ആവശ്യമെങ്കിൽ ഒഴിവാക്കാനാവാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ചുവടെ പ്രതിപാദിക്കുന്ന ഭേദഗതികൾ കൂടി വരുത്താവുന്നതാണ്.

(1) വാതിൽപ്പടി സേവന പ്രോജക്ട്, ആദ്യഘട്ടത്തിൽ നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

(2) മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് സംവിധാനം (സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ട്, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

(കെൽട്രോണിന് സർവ്വീസ് ചാർജ്, QR കോഡ് സൗകര്യം ലഭ്യമാക്കൽ, മൊബൈൽ ഫോൺ റീചാർജ് തുക, ലാപ് ടോപ് വാങ്ങൽ തുടങ്ങിയവ)

(3) ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ശുചിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.

(4) കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക, നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുക.

(5) ലൈഫ് മിഷൻ പ്രോജക്ടിന് കൂടുതൽ തുക ആവശ്യമാണെങ്കിൽ വിഹിതം വർദ്ധിപ്പിക്കുക

(6) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കുക.

(7) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/ടി.എസ്.പി യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് ഏറ്റെടുക്കുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പൊതു പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം)

(8) ഏതെങ്കിലും കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പ്രോജക്ട് ഏറ്റെടുക്കുക.

(9) വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ അനുമതി നിരസിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.

(10) ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് പാലിക്കാതെയുമുള്ള പ്രോജക്ടുകൾ ഒഴിവാക്കുക.

(11) വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLADS, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയവയടക്കം മറ്റേതെങ്കിലും പദ്ധതിയിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ആ പ്രോജക്ടുകളിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുക

(12) ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉണ്ടെങ്കിൽ അതുപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക - ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

(13) ഏതെങ്കിലും പ്രോജക്ടുകളിൽ വിവരങ്ങൾ കൂടുതൽ ഉൾപ്പെടുത്തി പ്രോജക്ട് നിർവഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ അത്തരം പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

(14) ഐ.എൽ.ജി.എം.എസ്. വിന്യസിക്കുന്നതിലേക്കായി ഹൈസ്പീഡ് സ്കാനർ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക.

4.7 വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി പുതുതായി ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തുന്നതിനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും, ഖണ്ഡിക 4.6(9) മുതൽ 4.6(12) വരെ പ്രതിപാദിക്കുന്ന കാരണങ്ങളാൽ ലഭ്യമാകുന്ന വിഹിതവും പരാമർശം 2 പ്രകാരം ലഭ്യമാകുന്ന അധിക വിഹിതവും ഈ ഉത്തരവിന്റെ ഖണ്ഡിക 4.1 പ്രകാരം റോഡിതര മെയിന്റനൻസ് ഫണ്ടിൽ ലഭ്യമാകുന്ന അധിക തുകയും (മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമാണെങ്കിൽ) ഉപയോഗിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ പാടുള്ളൂ.

4.8 അനിവാര്യമായ ഭേദഗതികൾക്ക് മാത്രമേ അംഗീകാരം നൽകുന്നുള്ളൂവെന്ന് ജില്ലാ ആസൂത്രണസമിതികൾ ഉറപ്പാക്കണം.

5. പരാമർശം 6 പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത (deduction at source) തുക വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും ചെലവ് രേഖപ്പെടുത്തുന്നതിനുമുള്ള ക്രമീകരണം (ജി.ഒ പ്രോജക്ട് ക്രമീകരണം) സുലേഖ/സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തുന്നതാണ്. ലഭ്യമായ തുകയ്ക്കുള്ളിൽ (വാലിഡേഷനുള്ളിൽ) നിന്നും തുക കണ്ടെത്തി പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാലിഡേഷന് പുറത്ത് പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതാണ്. വിവിധ ആവശ്യങ്ങൾക്ക് കുറവ് ചെയ്തിട്ടുള്ള തുക പ്രത്യേക പ്രോജക്ടുകളായി ഉൾപ്പെടുത്തണം. ഇപ്രകാരം ഉൾപ്പെടുത്തുന്ന ഒരു പ്രോജക്ടിന്റെ വിഹിതം ഒന്നുകിൽ പൂർണ്ണമായി വാലിഡേഷനുള്ളിൽ കൊണ്ടുവരണം; അതല്ലെങ്കിൽ വാലിഡേഷന് പുറത്ത് നിർത്തണം. ഭാഗികമായി വാലിഡേഷനുള്ളിൽ കൊണ്ടുവരാൻ കഴിയുന്നതല്ല. (ഉദാ: ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിന് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 5.00 ലക്ഷം രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ അത് ഒറ്റ പ്രോജക്ടായി ഒന്നുകിൽ വാലിഡേഷന് ഉള്ളിലോ അല്ലെങ്കിൽ വാലിഡേഷന് പുറത്തോ ഉൾപ്പെടുത്തണം). സ്രോതസ്സിൽ കുറവ് ചെയ്ത ആവശ്യങ്ങൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ട് നേരത്തെ തന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതും പുതിയ പ്രോജക്ട് (ജി.ഒ. പ്രോജക്ട്) ഉൾപ്പെടുത്തി ചെലവ് തുക രേഖപ്പെടുത്തേണ്ടതുമാണ്.

6. പരിഷ്കരിച്ച വാർഷിക പദ്ധതി **2022 ജനുവരി 22**-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
16. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
17. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
18. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
19. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2022-23 വാർഷിക പദ്ധതിയിലെ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപ പദ്ധതി തയ്യാറാക്കുന്നത് - ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടുന്നതിന് മുമ്പായി ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ അപ്‌ലോഡ് ചെയ്യുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.179/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/01/2022

പരാമർശം:- 1. 23.12.2021 ലെ സ.ഉ.(സാധാ) നം. 2632/2021/ തസ്വഭവ

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2022-2023 വാർഷിക പദ്ധതിയിലെ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം, പ്രൊജക്ടുകൾ സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയതിനു ശേഷം ഇ- ഗ്രാമ സ്വരാജ് പോർട്ടലിൽ 28.01.2022 -നകം അപ് ലോഡ് ചെയ്യുന്നതിനാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ കോവിഡ് തീവ്രവ്യാപനത്തെ തുടർന്ന് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മേൽ പ്രകാരം പ്രൊജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം സമയബന്ധിതമായി നേടുന്നതിന് സാധിക്കില്ലെന്നും അതിനാൽ പ്രസ്തുത നടപടിയിൽ ഇളവ് വേണമെന്നും ആവശ്യം ഉയർന്നിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടുന്ന സമയപരിധി കേന്ദ്രം നീട്ടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ, 28.01.2022 -നകം ഇ - ഗ്രാം സ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ അപ്‌ലോഡ് ചെയ്യുന്നതിന് മുമ്പായി ആയത് സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയിരിക്കണമെന്ന നിബന്ധന ഒഴിവാക്കി നൽകി ഉത്തരവാകുന്നു. പിന്നീട്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2022-23 വാർഷിക പദ്ധതി അംഗീകാരത്തിനായി നൽകുന്നതിനൊപ്പം സിഎഫ്.സി. സബ് പ്ലാൻ കൂടി ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചാൽ മതിയാകുന്നതാണ്.

3. മേൽ ഭേദഗതിയോടെ പരാമർശിത ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
21. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

കേരള സർക്കാർ

നവകേരളം കർമപദ്ധതി-2

സദ്ഭരണത്തിനായുള്ള ജനകീയ പ്രസ്ഥാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ

പ്രവർത്തന മാർഗ്ഗരേഖ

ഫെബ്രുവരി 2022

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം. 149/പ്രസ്/സി.എം.ഒ/22. 08 മാർച്ച്, 2022

സന്ദേശം

സർവതലസ്പർശിയായ സമഗ്ര വികസനമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത നയം. ഈ ദിശയിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ആറു വർഷക്കാലം നടത്തിയ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ എല്ലാ മേഖലകളിലും പ്രകടമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ശുദ്ധമായ വെള്ളവും വായുവും, മലിനമല്ലാത്ത ആവാസവ്യവസ്ഥ, വിഷരഹിതമായ ഭക്ഷണം, മികച്ച ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, എല്ലാവർക്കും പാർപ്പിടവും തൊഴിലും തുടങ്ങിയവയെല്ലാം സർക്കാരിന്റെ പരിഗണനയിലുള്ള വികസന ലക്ഷ്യങ്ങളാണ്. ഇതിനെല്ലാമുള്ള പിന്തുണാസംവിധാനമെന്ന നിലയിലാണ് നവകേരളം കർമ്മപദ്ധതി - 2 ന് ഈ സർക്കാർ രൂപം നൽകിയത്.

ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വർഷത്തിലാണ് നവകേരളം കർമ്മ പദ്ധതി - 2 പ്രവൃത്തിപഥത്തിലെത്തുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ, ജനകീയ പങ്കാളിത്തം ഉറപ്പാക്കി, പരിസ്ഥിതി സംരക്ഷണത്തിലും സാമൂഹ്യനീതിയിലും അധിഷ്ഠിതമായ വികസന പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണമാക്കാൻ ഈ മാർഗ്ഗരേഖ സഹായകരമാവുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമ്മപദ്ധതി-II-ന്റെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന മാർഗ്ഗരേഖയ്ക്കു അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

സ.ഉ.(അച്ചടി) നം.1/2022/PIE&MD തീയതി,തിരുവനന്തപുരം, 11-02-2022

പരാമർശം:-

1. സ.ഉ.(പി).നം.10/2017/ആ.സാ.വ. തീയതി 19.04.2017
2. സ.ഉ.(പി).നം.10/2021/പി&ഇ.എ തീയതി 01.08.2021
3. സ.ഉ.(സാധാ).നം.04/2021/പി.ഐ.ഇ&എം.ഡി. തീയതി 03.09.2021
4. സ.ഉ.(പി).നം.02/2021/പി.ഐ.ഇ&എം. ഡി. തീയതി 03.12.2021

ഉത്തരവ്

കേരളത്തിന്റെ വികസന വിടവുകൾ നികത്തിയും വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ടും നവകേരളം സൃഷ്ടിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരളം കർമ്മ പദ്ധതിക്ക് കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ചത്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഈ വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, സഹായ സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിയുള്ള നവകേരളം കർമ്മപദ്ധതിയുടെ മാർഗ്ഗരേഖ സൂചന (1) പ്രകാരം പുറത്തിറക്കിയിരുന്നു.

2. നാല് വികസന മിഷനുകളും കേരള പുനർനിർമ്മാണ പദ്ധതിയും നടത്തിയ പ്രവർത്തനങ്ങളെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവും വിലയിരുത്തൽ രീതികളും നടപ്പാക്കാൻ കഴിയും വിധം ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയെയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി -II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം എന്ന ആശയം ഏതാണ്ട് പൂർത്തീകരിച്ചതിനാലും ഇനി ഊന്നൽ നൽകേണ്ടത് ഗുണമേന്മ വിദ്യാഭ്യാസത്തിനായതിനാലും വിദ്യാഭ്യാസ മിഷന്റെ പേര് "വിദ്യാകിരണം" എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി.

3. നവകേരളം കർമ്മപദ്ധതി -II കോ-ഓർഡിനേറ്റർ ശില്പശാലകൾ സംഘടിപ്പിച്ച് വിശദമായ ചർച്ചകൾക്ക് ശേഷം കരട് മാർഗ്ഗരേഖ സമർപ്പിക്കുകയുണ്ടായി. സർക്കാർ ആയതു വിശദമായി പരിശോധിച്ചു. ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന നവകേരളം കർമ്മപദ്ധതി-II-ന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുന്ന മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
/എല്ലാ സെക്രട്ടറിമാർക്കും /എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ / ആഡിറ്റ്), തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ ഓഫീസർമാർക്കും
നിയമസഭാ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

സ.ഉ.(അച്ചടി) നം.1/2022/PIE&MD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയിയ്ക്ക്

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്

എല്ലാ മന്ത്രിമാരുടേയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ സെക്രട്ടറിമാരുടെയും പി.എമാർക്ക്

പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ പി.എ.യ്ക്ക്

ഉള്ളടക്കം

1. നവകേരളം കർമ്മപദ്ധതി 9

2. ലൈഫ് മിഷൻ 17

3. ആർദ്രം മിഷൻ 22

4. വിദ്യാകിരണം 31

5. ഹരിതകേരളം മിഷൻ 40

മണ്ണ്-ജലസംരക്ഷണം (ജലസമൃദ്ധി) 40

മാലിന്യ സംസ്കരണ ഉപമിഷൻ 48

കൃഷി : പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം 57

6. കേരള പുനർ നിർമ്മാണ പദ്ധതി (RKI) 62

7. നവകേരളം കർമ്മപദ്ധതി ഘടന 65

8. ചുമതലകളും ഉത്തരവാദിത്തങ്ങളും 72

നവകേരളം കർമ്മപദ്ധതി-2
മാർഗ്ഗരേഖ

നവകേരളം കർമ്മപദ്ധതി-2 എന്ന ആശയത്തിലേക്ക്

വികസന സൂചികകളിൽ പലതിലും വികസിത രാഷ്ട്രങ്ങളോട് താരതമ്യപ്പെടുത്താവുന്ന നിലയിലാണ് കേരളത്തിന്റെ സ്ഥിതി. നിരവധി ഗുണമേന്മാ സൂചികകളിൽ നമ്മൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. എന്നാൽ വികസിതവും പരിഷ്കൃതവും വിദ്യാസമ്പന്നവുമായ ഒരു പ്രദേശത്തിന് അനുഗുണമല്ലാത്ത ചില പ്രശ്നങ്ങൾ ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. വികസനത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇവയെ അഭിസംബോധന ചെയ്തുകൊണ്ടാണ് 2016 ൽ നവകേരളം കർമ്മപദ്ധതി ആരംഭിച്ചത്. ആറുവിഷയ മേഖലകളിൽ 4 മിഷനുകൾ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ഇതിന്റെ ഭാഗമായി അഭിനന്ദനാർഹമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

തികച്ചും അപ്രതീക്ഷിതമായാണ് 2018ലും 2019ലും പ്രളയങ്ങൾ സംഭവിച്ചത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ തിക്ത ഫലങ്ങൾ കേരളത്തിലും അനുഭവവേദ്യമായി കഴിഞ്ഞു എന്നതിന്റെ തെളിവായി നിരന്തരം ചുഴലിക്കാറ്റുകളും കാലം തെറ്റിയുള്ള മഴയുമെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നു. പഴുതുകളടച്ച ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ പോലും പകച്ചു നിന്നുപോകുന്ന നിപ്പ പോലുള്ള പകർച്ചവ്യാധികളും, കോവിഡ് പോലുള്ള മഹാമാരികളുമെല്ലാം കേരളത്തിലും വലിയ പ്രഹരങ്ങൾ ഏൽപ്പിക്കുന്ന സ്ഥിതിയുണ്ടായി. ജനങ്ങളെ അണിനിരത്തിയും നിലവിലുള്ള സംവി

ധാനങ്ങളെ ഏകോപിപ്പിച്ചും ഇതിനെ അതിജീവിക്കാനുള്ള പരിശ്രമത്തിലാണ് നാട് ഏർപ്പെട്ടിരിക്കുന്നത്.

പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, പകർച്ച വ്യാധികൾ തുടങ്ങിയ ദുരന്തങ്ങൾ വരും കാലത്തും ഉണ്ടായേക്കാം. ഇത്തരം സാഹചര്യങ്ങളെ അതിജീവിച്ച് പുതിയ വികസന കാഴ്ചപ്പാടുകളും പ്രവർത്തന രീതികളും വഴി പുതിയ കേരളം സൃഷ്ടിക്കേണ്ടതുണ്ട്. പുതിയ വികസന കാഴ്ചപ്പാടുകളും പുതിയ പ്രവർത്തന രീതികളും വഴി പുതിയ കേരളം സൃഷ്ടിക്കേണ്ടത് ആവശ്യമാണ് എന്ന കാഴ്ചപ്പാടിന്റെ സാക്ഷാത്കാരമായാണ് നിലവിലുള്ള നാല് വികസന മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും (RKI) ഉൾക്കൊള്ളുന്ന നവകേരളം കർമ്മപദ്ധതി-2 ന് തുടക്കം കുറിക്കാൻ സർക്കാർ തീരുമാനിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തി, വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനവും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളുടെ സംയോജനവും വഴി അടുത്ത മൂന്നുവർഷം കൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കാനാണ് നവകേരളം കർമ്മപദ്ധതി 2 വിഭാവനം ചെയ്തിട്ടുള്ളത്.

നവകേരളം കർമ്മപദ്ധതി-ആദ്യഘട്ടം

കേരളത്തിന്റെ വികസന വിടവുകൾ നികത്തിയും വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ടും നവകേരളം സൃഷ്ടിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് നാല് വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരളം കർമ്മപദ്ധതിക്ക് കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ചത്.

- സമ്പൂർണ്ണ പാർപ്പിടവും ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള ലൈഫ് മിഷൻ.
- ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വികസിപ്പിച്ച് ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന ആർദ്രം മിഷൻ.
- ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായുയർത്തുകയും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
- ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഹരിതകേരളം മിഷൻ.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഈ വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, സഹായ സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിയുള്ള നവകേരളം കർമ്മപദ്ധതി മാർഗ്ഗരേഖയും മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രത്യേക മാർഗ്ഗരേഖകളും പുറത്തിറക്കിയിരുന്നു.

കേരള പുനർനിർമ്മാണ പദ്ധതി (RKI)

പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചും ആവർത്തിക്കപ്പെടാവുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന വിധത്തിലും ആസ്തികൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് കേരള പുനർ നിർമ്മാണ പദ്ധതി എന്ന പേരിൽ പുതിയ ഒരു പദ്ധതികൂടി 2018-ലെ മഹാപ്രളയത്തെ തുടർന്ന് പ്രവർത്തനമാരംഭിച്ചിരുന്നു. ചുവടെ ചേർക്കുന്ന പത്ത് വിഭാഗങ്ങളിലുള്ള പ്രവർത്തനങ്ങളാണ് കേരള പുനർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ
- വീടുകൾ
- ഉപജീവനോപാധികളുടെ വീണ്ടെടുപ്പ്
- പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും
- പൊതു കെട്ടിടങ്ങളുടെ വലിയ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും
- ജല വിതരണം
- പരിസ്ഥിതി സംരക്ഷണ-പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികൾ
- മലയോര കാർഷിക ആവാസ വ്യവസ്ഥയുടെ സമഗ്ര വികസനം
- മത്സ്യ തൊഴിലാളികളുടെ സമഗ്രമായ പുനരധിവാസവും വികസനവും
- തന്ത്രപ്രധാനമായ വലിയ വികസന പദ്ധതികൾ

നാല് വികസന മിഷനുകളും കേരള പുനർ നിർമ്മാണ പദ്ധതിയും നടത്തിയ പ്രവർത്തനങ്ങളെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവും വിലയിരുത്തൽ രീതികളും നടപ്പാക്കാൻ കഴിയും വിധം ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-2 എന്ന പേരിൽ ഒരു ഏകീകൃത കർമ്മപദ്ധതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രധാന ലക്ഷ്യങ്ങൾ പൂർത്തീകരിച്ച സ്ഥിതിക്ക് ഇനിമുതൽ വിദ്യാകിരണം എന്ന പേരിലാണ് അറിയപ്പെടുക.

നവകേരളം കർമ്മപദ്ധതി-2 പൊതു ലക്ഷ്യങ്ങൾ

- പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന ആവശ്യങ്ങളും ജീവനോപാധിയും കൃഷി വ്യാപനം, ജലസംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവുമായ വികസന പദ്ധതികൾ എന്നീ മേഖലകളിൽ വരുംകാല വെല്ലു

വിളികളെക്കൂടി നേരിടാൻ കഴിയും വിധത്തിലുള്ള മുന്നേറ്റമുണ്ടാക്കിയും നിലവിലുള്ള പരിമിതികൾ പരിഹരിച്ച് ഏറ്റവും ഉയർന്ന ഗുണമേൻമ ഉറപ്പാക്കിയും ജനപങ്കാളിത്തത്തോടെ ഒരു നവകേരളം സൃഷ്ടിക്കുക.

- കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുക.
- മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം, പൊതു ആസ്തികളുടെ പരിപാലനം, ആശുപത്രികളുടേയും ആരോഗ്യ സേവനങ്ങളുടേയും പരിപാലനം എന്നിവയിൽ ഉത്തരവാദിത്ത സമീപനം വളർത്തിയെടുക്കുകയും നേട്ടങ്ങൾ സുസ്ഥിരമാക്കുകയും ചെയ്യുക.
- പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുക.
- ദുരന്താഘാത ശേഷിയുള്ള ഒന്നാക്കി നമ്മുടെ സംസ്ഥാനത്തെ പരിവർത്തനം ചെയ്യുക.
- പരിസ്ഥിതി സൗഹൃദ നിർമ്മിതികളും, ഹരിതഊർജ്ജ വിനിയോഗവും, ഇ-വാഹന നയവും ഹരിത ടൂറിസവും ഉൾപ്പെടെയുള്ളവയിലൂടെ ജൈവ വൈവിധ്യ സംരക്ഷണത്തിനും പോഷണത്തിനും അനുഗുണമായ സാഹചര്യം സൃഷ്ടിക്കുക.
- വികസന പ്രക്രിയയുടെ മുഖ്യധാരയിൽ എത്താൻ കഴിയാതെ പോയവരുടെ ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യ ക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
- മണ്ണും-ജലവും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും അവയുടെ വിനിയോഗത്തിന് ശാസ്ത്രീയമായ രീതികൾ വികസിപ്പിക്കുകയും പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുംവിധം പ്രകൃതി വിഭവ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.
- നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ ഊന്നിയ ഒറ്റ പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത്, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം സാധ്യമാക്കി കൂടുതൽ ഫലപ്രദവും സുസ്ഥിരതയുള്ളതുമായ പദ്ധതികൾ നടപ്പാക്കുക.
- പച്ചത്തുരുത്ത്, ഇനി ഞാനൊഴുകട്ടെ, ജലബഡ്ജറ്റ്, ജലഗുണ പരിശോധന, ഗ്രീൻ ക്യാമ്പസ്, ഹരിതനിയമ സാക്ഷരത ഇവ തുടർന്നും നടപ്പാക്കുക.
- പാർപ്പിടവും ഉപജീവന മാർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരെ അപാകതകളില്ലാത്തവിധം കണ്ടെത്തി അവരുടെ ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും വർദ്ധിപ്പിക്കുക.
- ആശുപത്രികളിലും പൊതു വിദ്യാലയങ്ങളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തി അവിടങ്ങളിൽനിന്ന് ലഭിക്കുന്ന

സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉയർത്തുക.

- പാർശ്വവത്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്മുറികളിലൂടെ പാർശ്വവത്കരിക്കപ്പെട്ട വരില്ലാത്ത സമൂഹ സൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക.
- വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യം, ധനസ്രോതസ്സ്, മനുഷ്യ ശേഷി എന്നീ വിഭവങ്ങളെയെല്ലാം തദ്ദേശ ഭരണ സ്ഥാപനതലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതി സൃഷ്ടിക്കുക.
- സോഷ്യൽ ഓഡിറ്റിംഗ്, സാമൂഹ്യ വിലയിരുത്തൽ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയിലൂടെ ജനാഭിലാഷത്തിനനുസൃതമായ വികസനം സാധ്യമാക്കുക.
- സന്നദ്ധ സംഘടനകൾ, പ്രവാസികൾ, സർക്കാരിതര സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ള ജനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണ സഹകരണവും അധിക വിഭവ സമാഹരണത്തിനുള്ള പങ്കാളിത്തവും വികസന പ്രവർത്തനങ്ങളിൽ ഉൾച്ചേരുന്ന പുതിയ സംസ്കാരം വളർത്തുക.
- ആർജിക്കുന്ന നേട്ടങ്ങൾ വരുംകാല വികസന പ്രവർത്തനങ്ങൾക്കുള്ള ദിശാസൂചികയാക്കാൻ കഴിയും വിധത്തിൽ വിവരസഞ്ചയം സൃഷ്ടിക്കുക.

നവകേരളം കർമ്മപദ്ധതി-2 പ്രവർത്തന സമീപനം

- കേരളം നാളിതുവരെ ആർജ്ജിച്ചിട്ടുള്ള വികസന നേട്ടങ്ങളെ വിലയിരുത്തി നിലവിലുള്ള പരിമിതികൾ മറികടക്കാൻ കഴിയുന്ന നവകേരളം സൃഷ്ടിക്കുക.
- നാല് വികസന മിഷനുകളുടേയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും നിലവിലുള്ള പ്രവർത്തനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- നിലവിലുണ്ടായിരുന്ന മിഷൻ പ്രവർത്തനങ്ങളുടെ അനുഭവത്തിൽ തുടർച്ച സൃഷ്ടിക്കുക.
- ഉത്തരവാദിത്തത്തോടെ സുതാര്യവും ഫലപ്രദവുമായ ഭരണ നിർവഹണം സാധ്യമാക്കുക. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും മോണിറ്ററിംഗിനും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പാക്കുക.
- വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി ജനകീയ ക്യാമ്പയിനുകളായി പ്രവർത്തനങ്ങൾ നടപ്പാക്കുക.
- വകുപ്പുകളുടേയും ഏജൻസികളുമായും ഏകോപനവും പദ്ധതികളുടെ സംയോജനവും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പരമാവധി ലഭ്യമാക്കി പ്രവർത്തനങ്ങൾ നടപ്പാക്കുക.

സംസ്ഥാനം നേരിടുന്ന സാമൂഹ്യ-സാമ്പത്തിക വികസന വെല്ലുവിളികളെ കാലാനുസൃതമായി വിലയിരുത്തിയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കനുസൃതമായി കാലോചിതമായി പരിഷ്കരിച്ചും ആയിരിക്കും നവകേരളം കർമ്മപദ്ധതി-2 ന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത്. മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയുംവിധത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തിന് ഒറ്റ പദ്ധതി (Single Plan) തയ്യാറാക്കുകയും അവയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും ഏജൻസികളും നിർവ്വഹണം നടത്തുകയുമായിരിക്കും ചെയ്യുന്നത്.

- സുസ്ഥിരതയും കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പാക്കിയും പാരിസ്ഥിതിക നാശം ഉണ്ടാക്കാത്ത വിധത്തിലും പദ്ധതികൾ നടപ്പിലാക്കുക.
- ഹ്രസ്വകാല-ദീർഘകാല പ്രവർത്തനങ്ങൾക്ക് പ്രത്യേക സമീപനം സ്വീകരിച്ചും സമയക്രമം കൃത്യമായി പാലിച്ചും അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കുന്ന രീതി വികസിപ്പിക്കുക.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സംയോജനവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പാക്കുക.
- വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും വിഭവങ്ങളും കഴിയുന്നിടത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുക.
- പ്രാദേശിക വിഭവ സമാഹരണത്തിന്റെയും സന്നദ്ധ പ്രവർത്തനത്തിന്റെയും ജനകീയ ഇടപെടലുകളുടെയും സ്പോൺസർഷിപ്പുകളുടെയും രൂപത്തിൽ ലഭിക്കുന്ന വിഭവങ്ങളും പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുടെ ഭാഗമാക്കി മാറ്റുക.
- വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം എല്ലാ രംഗത്തും ഉറപ്പാക്കുകയും ഓരോ മേഖലയിലും നൂതന ആശയങ്ങളും ആഗോളതല മികച്ച പ്രവർത്തന മാതൃകകളും പ്രോത്സാഹിപ്പിക്കുകയും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി അവ പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക.

നവകേരളം കർമ്മപദ്ധതി-2 ഘടനയും പ്രവർത്തനവും

- നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആർദ്രം, ലൈഫ്, ഹരിതകേരളം, വിദ്യാകിരണം (പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം) എന്നീ നാല് മിഷനുകളും കേരള പുനർനിർമ്മാണ പദ്ധതിയും (RKI) ഉൾക്കൊള്ളുന്നതായിരിക്കും

നവകേരളം കർമ്മപദ്ധതി-2.

- പാർപ്പിടവും ഉപജീവനവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ലൈഫ് (LIFE) ജന സൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വഴിയുള്ള ആരോഗ്യസുരക്ഷ ലക്ഷ്യമിട്ടുള്ള ആർദ്രം, ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്-ജലസംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം എന്നിവ ലക്ഷ്യമിട്ടുള്ള ഹരിതകേരളം എന്നീ മൂന്ന് മിഷനുകളും അതേ പേരുകളിൽതന്നെ നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി പ്രവർത്തിക്കും.
- പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക വികസിപ്പിക്കുന്നതിനും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസ മിഷൻ 'വിദ്യാകിരണം' എന്ന പേരിലായിരിക്കും നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി പ്രവർത്തിക്കുന്നത്.
- മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബന്ധപ്പെട്ട മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ എന്നിവർ അംഗങ്ങളും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ജോയിന്റ് കൺവീനറായും ഉള്ള 'നവകേരളം കർമ്മ പദ്ധതി സെൽ' ആയിരിക്കും രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.
- മിഷനുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി റിപ്പോർട്ടുകൾ തയ്യാറാക്കുക, മിഷനുകളുടെ ഭാഗമായുള്ള ജനകീയ ക്യാമ്പയിന് ആവശ്യമായ പിന്തുണ നൽകുക, വിവിധ വകുപ്പുകളും ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനത്തിന്റെയും പദ്ധതികളുടെ സംയോജനത്തിന്റെയും വേദിയായി പ്രവർത്തിക്കുക എന്നിവയായിരിക്കും നവകേരളം കർമ്മപദ്ധതി സെല്ലിന്റെ പ്രധാന ചുമതലകൾ.
- മിഷനുകളുടെ പ്രവർത്തനങ്ങളിൽ പരമാവധി ജനപങ്കാളിത്തം കൊണ്ടുവന്ന് സദ്ഭരണത്തിനുള്ള ജനകീയ പ്രസ്ഥാനമായി നവകേരളം കർമ്മപദ്ധതിയെ വികസിപ്പിക്കും. ഇതിനായി നവീന ആശയങ്ങളെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കും.
- മിഷനുകളുടെ ദൈനംദിന നിർവഹണ പ്രവർത്തനത്തിന്റെ മുഖ്യചുമതല മന്ത്രിമാർക്കും വകുപ്പുകൾക്കും ആയിരിക്കും.
- മിഷനുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിലയിരുത്തൽ ഓരോ വകുപ്പിലേയും മന്ത്രിമാരുടേയും സെക്രട്ടറിമാരുടേയും നേതൃത്വത്തിൽ നടത്തും. ഇതിനായി സംസ്ഥാന ഐ.ടി. മിഷൻ, IIITMK എന്നിവയുടെ സഹായത്തോടെ റിപ്പോർട്ടിംഗ് പ്ലാറ്റ്ഫോം/മോണിറ്ററിംഗ് പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തും.
- ഫണ്ട്, സാങ്കേതികവിദ്യ, വിദഗ്ധർ എന്നിവയുള്ള വകുപ്പുകളേയും ഏജൻസികളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിന്റെയും പ്രവർത്തന പുരോഗതി ഉറപ്പാക്കുന്നതിന്റെയും ചുമതലകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്ന സമിതികൾ നിർവഹിക്കും.

- ലൈഫ്, ആർദ്രം, വിദ്യാകിരണം, ഹരിതകേരളം എന്നീ മിഷനുകളുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, ജലവിഭവ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളിൽ ഓരോ നോഡൽ ഓഫീസർമാർ ഉണ്ടായിരിക്കും. നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ വകുപ്പുകളിൽ നോഡൽ സെല്ലുകൾ ഉണ്ടായിരിക്കും. മിഷനുകളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ടുചെയ്യലും വകുപ്പുകളുടെ ഏകോപനവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നോഡൽ ഓഫീസർമാർ നിർവ്വഹിക്കും.
- വകുപ്പുകളുടെ ഭാഗത്തുനിന്ന് മിഷൻ പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ട ഇടപെടൽ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ ഉറപ്പുവരുത്തും.
- നവകേരളം കർമ്മപദ്ധതി-2 മായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ കില (KILA) യുമായും മറ്റ് അനുയോജ്യമായ സ്ഥാപനങ്ങളുമായും ചേർന്ന് സംഘടിപ്പിക്കും.
- ക്യാമ്പയിൻ, പരിശീലനം, ജനകീയ വിദ്യാഭ്യാസം, മോണിറ്ററിംഗ് തുടങ്ങിയവ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നവകേരളം സെല്ലിലെ ടീം നിർവഹിക്കും.
- കേന്ദ്രസർക്കാരിൽനിന്ന് ഉൾപ്പെടെയുള്ള ഫണ്ടുകൾ ലഭ്യമാക്കാൻ കഴിയും വിധത്തിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ജിയോ റഫറൻസ് ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സംവിധാനമൊരുക്കും.
- ഓരോ വകുപ്പും നവകേരളം കർമ്മപദ്ധതി ലക്ഷ്യങ്ങളെ എങ്ങനെ പിന്തുണയ്ക്കുന്നു എന്ന പ്രസ്താവന ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് ഉള്ളടക്കത്തിൽ പരാമർശിക്കുന്നുവെന്നും പദ്ധതികൾക്കായുള്ള വിഹിതം ഉൾപ്പെടുത്തുന്നുവെന്നും ഏകോപനത്തിലൂടെ ഉറപ്പാക്കും.
- നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനും വിലയിരുത്തലിനും സഹായകമായ രീതിയിൽ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ സംവിധാനം വികസിപ്പിച്ചെടുക്കുകയും മുഖ്യമന്ത്രിക്ക് പ്രതിമാസ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യും.
- മൂന്നുമാസത്തിലൊരിക്കൽ മുഖ്യമന്ത്രിക്ക് എല്ലാ മിഷനുകളുടേയും പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്താൻ കഴിയുംവിധത്തിൽ ആവശ്യമായ റിപ്പോർട്ടുകൾ നവകേരളം സെല്ലിന്റെ നേതൃത്വത്തിൽ തയ്യാറാക്കും.

ലൈഫ് മിഷൻ

സർക്കാരിന്റെ നയ സമീപനം

- അടുത്ത അഞ്ച് വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടത്തും. അതിനായി അഞ്ച് ലക്ഷം വീടുകൾ പണിയും. ലൈഫ് മിഷന്റെ മാനദണ്ഡങ്ങളനുസരിച്ചാകും വീടുകൾ നിർമ്മിച്ചുനൽകുക. പുതിയതായി ലൈഫ് മിഷൻ വീടിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അനുബന്ധ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അതിൽ മാനദണ്ഡപ്രകാരം അർഹരായവർക്ക് വീടുനൽകുന്നതിനുള്ള നടപടികളാണ് ആദ്യം സ്വീകരിക്കുക.
- ലൈഫിൽ ഉൾപ്പെടുത്തി ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾക്കും വീട് നൽകും. കുടുംബത്തിന്റെ ആവശ്യങ്ങളും താൽപ്പര്യവും മനസ്സിലാക്കിക്കൊണ്ടാവും പാർപ്പിട പദ്ധതി ആവിഷ്കരിക്കുക.
- പട്ടിക ജാതി വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക പ്രത്യേക ലക്ഷ്യമായിരിക്കും.
- ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകുകയും തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുകയും തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കുകയും ചെയ്യും.

പൊതു ലക്ഷ്യങ്ങൾ

- പാർപ്പിട മേഖലയിൽ കേരളം അഭിമുഖീകരിക്കുന്ന ബഹുമുഖവും സമ്മിശ്രവുമായ പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടെയും ആധുനിക സാങ്കേതിക വിദ്യകളുടെ പിന്തുണയോടെയും പരിഹാരം കാണുന്നതിനും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സാമ്പത്തിക ശാക്തീകരണം സാദ്ധ്യമാക്കുന്നതിനുമുള്ള സമഗ്ര പദ്ധതിയായി ലൈഫ് മിഷനെ വികസിപ്പിക്കുക.
- ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക.
- കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധാരണം നടത്തി വാസയോഗ്യമാക്കുക.
- തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക.

പ്രവർത്തന സമീപനം

- എല്ലാവർക്കും സുരക്ഷിതവും സൗകര്യങ്ങളുള്ളതുമായ വീടുകൾ ലഭ്യമാക്കുക.
- ഭൂമി സ്വന്തമായുള്ള ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക.
- ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സ്വന്തമായോ, വകുപ്പിന്റെ/ തദ്ദേശഭരണ സ്ഥാപനത്തിന്റെ/സ്പോൺസർമാരുടെ സഹായത്തോടെയോ ഭൂമി ആർജ്ജിച്ചോ സ്ഥല ലഭ്യത കുറവ് നേരിടുന്ന സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഭവനസമുച്ചയങ്ങൾ നിർമ്മിച്ചോ പുനരധിവസിപ്പിക്കുക.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും സ്പോൺസർഷിപ്പ് മുഖേനയോ തദ്ദേശീയരായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ സഹകരണത്തോടെയോ ഭൂമി ലഭ്യമാക്കുക.
- ലൈഫ് ഭവനസമുച്ചയങ്ങളിലേക്ക് വിവിധ ജീവിത സാഹചര്യങ്ങളിൽ നിന്നും എത്തുന്ന ഗുണഭോക്താക്കളെ ഒരൊറ്റ സമൂഹമായി കൂട്ടിയിണക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
- ഉപജീവനശേഷി വളർത്തുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങളും സഹായ സൗകര്യങ്ങളും ആവശ്യാധിഷ്ഠിത തൊഴിൽ പരിശീലനങ്ങളും ഒരുക്കിക്കൊടുക്കുകയും നൈപുണികൾക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.
- സൃഷ്ടിക്കപ്പെടുന്ന ഭവനസമുച്ചയങ്ങൾ പരിപാലിക്കപ്പെടുകയും ഗുണഭോക്താക്കൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുക.

- നിർമ്മാണ തൊഴിലാളികളുടെയും നിർമ്മാണ സാമഗ്രികളുടെയും ലഭ്യതയും, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുക.
- എം.ജി.എൻ.ആർ.ഇ.ജി.എസ്./അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- പ്രാദേശികമായി ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
- ഓരോ വീടിന്റെയും നിർമ്മാണ പുരോഗതി പൊതുജനങ്ങൾക്കുകൂടി നിരീക്ഷിക്കാൻ കഴിയും വിധത്തിൽ ഐ.ടി. അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ആവിഷ്കരിക്കുക.
- നിർമ്മാണ നടപടിയിലും പദ്ധതി നിർവ്വഹണത്തിലും സുതാര്യതയും ഉത്തരവാദിത്തവും പ്രതിബദ്ധതയും ഉറപ്പാക്കുക.
- പരിസ്ഥിതി സൗഹൃദ നിർമ്മാണത്തിനുവേണ്ട സാങ്കേതിക സഹായം ഉറപ്പാക്കുക.
- കുടുംബശ്രീ മുഖേനയുള്ള കെട്ടിട നിർമ്മാണ യൂണിറ്റുകളുടെ സഹായം പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ

- 2016-21 കാലയളവിൽ ലൈഫ് മിഷൻ കണ്ടെത്തിയ അർഹരായ ഗുണഭോക്താക്കളിൽ (ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ) ശേഷിക്കുന്നവർക്ക് ആനുകൂല്യം ലഭ്യമാക്കൽ.
- 2020-21-ൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തി (ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ) അർഹരായവരെ കണ്ടെത്തി ആനുകൂല്യം നൽകൽ.
- ലൈഫ് ഗുണഭോക്തൃ പട്ടികയിൽ പെടാത്ത അതിദരിദ്രരായ ആൾക്കാരെ കണ്ടെത്തുന്ന മുറയ്ക്ക് അവരിലെ ഭവന രഹിതർക്ക് ആവശ്യമായ ഭവന നിർമ്മാണ സംവിധാനം ഒരുക്കൽ.
- ഉപജീവനശേഷി വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകൽ.
- ശേഷികൾക്കനുസൃതമായി തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കൽ.
- സാങ്കേതികവിദ്യയുടെ സഹായത്തോടെ തൊഴിലും വരുമാന വർദ്ധനവും ഉപജീവനവും സാധ്യമാക്കൽ.
- ലൈഫ് ഗുണഭോക്താക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തൽ.
- ഭവന സമുച്ചയങ്ങളിൽ പരിപാലന സമിതികൾ രൂപീകരിച്ച് നിർമ്മിതികളുടെ പരിസരത്തിന്റെ പരിപാലനവും താമസക്കാർക്കാവശ്യമായ വിവിധ സേവനങ്ങളും ലഭ്യമാക്കൽ.
- ഭവന നിർമ്മാണത്തിന് ഒട്ടും അനുയോജ്യമല്ലാത്ത ഭൂമിയുള്ള (ഭൗമഘടനയുടെ

അടിസ്ഥാനത്തിൽ) ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കൽ/അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകൽ.

- ഭൂഘടനയ്ക്ക് അനുയോജ്യമായ വിധത്തിൽ പരിസ്ഥിതി സൗഹാർദ നിർമ്മാണം അവലംബിക്കൽ.

സംയോജന സാദ്ധ്യതകൾ

- വകുപ്പുകളുടെ കീഴിൽ ഭവനപദ്ധതികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും വിഭവങ്ങളും പദ്ധതിയുമായി സംയോജിപ്പിച്ച്കൊണ്ട് നടപ്പിലാക്കാൻ സാധിക്കും.
- സഹകരണ മേഖല, കുടുംബശ്രീ, സർക്കാരിതര സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സംയോജിപ്പിച്ചുകൊണ്ട് ഭവന നിർമ്മാണവും ഇതര പ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കും.
- ഹരിതകേരളം മിഷന്റെ ശുചിത്വ ഉപമിഷനുമായി സംയോജിച്ച് ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കാൻ കഴിയും.
- ഹരിതകേരളം മിഷനുമായി സംയോജിച്ച് വ്യക്തിഗത ഭവനങ്ങളെയും, ഭവന സമുച്ചയങ്ങളെയും ഹരിത ഭവനങ്ങളാക്കി മാറ്റാൻ സാധിക്കും.
- തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ നീതി, വ്യവസായം, തദ്ദേശ സ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്ന എല്ലാ സാമൂഹ്യ-സാമ്പത്തിക സേവനങ്ങളും ഏകോപിപ്പിച്ച് ലഭ്യമാക്കാൻ സാധിക്കും.
- ഭവന സമുച്ചയ നിർമ്മാണത്തിൽ ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും, സഹകരണം ഉറപ്പാക്കി ജലസംരക്ഷണം, മാലിന്യ സംസ്കരണം എന്നിവയ്ക്കുള്ള സംവിധാനം ഒരുക്കാൻ കഴിയും.
- വാതിൽപടി സേവനം, തൊഴിൽ വികസന പദ്ധതി, അതിദരിദ്രർക്കായുള്ള പ്രത്യേക പരിപാടി തുടങ്ങിയ സാമൂഹ്യ-സാമ്പത്തിക വികസന പദ്ധതികളെ ഏകോപിപ്പിച്ച് ലൈഫ് ഗുണഭോക്താക്കളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലൈഫ് ഗുണഭോക്താക്കൾക്കായി വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് കൊണ്ട് ഒരു പ്രത്യേക കർമ്മ പരിപാടി സാധ്യമാണ്.

ക്യാമ്പയിനുകൾ

അർഹരായ എല്ലാ ഗുണഭോക്താക്കളിലും പദ്ധതിയെക്കുറിച്ച് വിവരം എത്തുന്നു എന്ന് ഉറപ്പാക്കാനും അനർഹരായ ആരും പദ്ധതിയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താനും പദ്ധതി നിർവഹണത്തിനാവശ്യമായ ധനം, നിർമ്മാണ സാമഗ്രികൾ, മനുഷ്യവിഭവശേഷി എന്നിവ ഉറപ്പാക്കാനും, പദ്ധതി നടത്തിപ്പിൽ പൊതുജന

പങ്കാളിത്തം ഉറപ്പാക്കാനും കഴിയുംവിധത്തിൽ വിവിധ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും. ഇതിനായി താഴെപ്പറയുന്ന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തും.

- ഐ & പി.ആർ.ഡി
- സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളും വാർത്താ ബുള്ളറ്റിനുകളും
- സാമൂഹ്യ മാധ്യമങ്ങൾ
- സെമിനാറുകൾ, ശിൽപശാലകൾ, ക്ലാസുകൾ, ലഘുലേഖകൾ, ചിത്ര പ്രദർശനങ്ങൾ
- കുടുംബശ്രീ സംവിധാനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ലൈബ്രറികൾ, ക്ലബ്ബുകൾ, യുവജന സംഘടനകൾ, വ്യവസായ സ്ഥാപനങ്ങൾ, എൻ.ജി.ഒ-കൾ, കർഷക സമിതികൾ, തൊഴിലാളി പ്രസ്ഥാനങ്ങൾ, മറ്റ് സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിലൂടെയുള്ള പ്രചരണം.

മോണിറ്ററിംഗ് സംവിധാനം

- ഓരോ ഭവന സമുച്ചയത്തിന്റെയും വീടിന്റെയും നിർമ്മാണ പുരോഗതി പൊതുജനങ്ങൾക്കുകൂടി നിരീക്ഷിക്കാൻ കഴിയുംവിധത്തിൽ ഐ.ടി. അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം.
- സംസ്ഥാന, ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ മിഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തുടർ പ്രവർത്തനങ്ങൾ.
- വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച ഗുണഫലങ്ങളും ലക്ഷ്യങ്ങളും സമയക്രമം അനുസരിച്ച് കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ.
- പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള അവലോകന യോഗങ്ങൾ.
- സമഗ്ര പരാതി പരിഹാര സംവിധാനം.
- പ്രാദേശിക തലത്തിൽ പങ്കാളിത്ത നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

ഡോക്യുമെന്റേഷൻ

സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കാവസ്ഥ നേരിടുന്ന വിഭാഗങ്ങൾക്കായി നടപ്പാക്കപ്പെടുന്ന പദ്ധതികൾ അവരുടെ ജീവിത ഗുണേമേന്മ ഉയർത്താൻ എത്രത്തോളം സഹായകമായി എന്നത് ചരിത്രത്തിൽ ഇടംപിടിക്കേണ്ട ഒന്നാണ്. ആയതിനാൽ ഈ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി വരുംതലമുറയ്ക്ക് വിവരശേഖരണത്തിനായി സൂക്ഷിച്ചുവെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ആർദ്രം മിഷൻ

സർക്കാരിന്റെ നയസമീപനം

- പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും മാനസിക രോഗങ്ങളും അപകടംമൂലമുണ്ടാകുന്ന മരണവും ആരോഗ്യ പ്രത്യാഘാതങ്ങളും രോഗാതുരത കുറയ്ക്കുന്നതിനായുള്ള പദ്ധതി മിഷൻ മാതൃകയിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കും.
- ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും, പ്രതിരോധിക്കുകയും ചെയ്യും.
- രോഗികൾക്ക് സബ്സെന്ററുകൾ വഴി കൃത്യമായി മരുന്ന് ലഭ്യമാക്കും. തുടർച്ചയായ ജനകീയ മെഡിക്കൽ സർവ്വയലൻസും പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഉറപ്പുവരുത്തിക്കൊണ്ട് രോഗാതുരത കുറയ്ക്കാനാവും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മുൻകൈയിൽ വിപുലമായ ജനകീയ ആരോഗ്യ ക്യാമ്പയിനായി ഇതു വളർത്തിയെടുക്കും.
- സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലകളിലും കൃത്യതയോടെ നടപ്പിലാക്കും.
- എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന്റെ തുടർച്ചയായി ഇവയെ ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തും.

- സ്കൂൾ ആരോഗ്യ പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കും.
- വൃദ്ധരുടെ ആരോഗ്യ പ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുത്ത് സമഗ്രമായ ഒരു സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പരിപാടി ആസൂത്രണം ചെയ്യുന്നതാണ്. വയോജനങ്ങളുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കും. കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.
- വയോജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജീറിയാട്രിക്സ് ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. പ്രായമായ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് സവിശേഷ പരിഗണന നൽകും.
- പൊതു ആശുപത്രികളിൽ കേരളത്തിലെ ക്യാൻസർ രോഗികൾക്ക് ചികിത്സാ സൗകര്യം ഉറപ്പാക്കും. പ്രാരംഭ ഘട്ടത്തിൽ തന്നെ ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനു സംവിധാനങ്ങൾ ഒരുക്കും.
- അതിഥി തൊഴിലാളികൾക്ക് ആരോഗ്യ കാർഡ് നൽകുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യും.
- പ്രൊഫഷണൽ സംഘടനകളുമായി ആലോചിച്ച് വിവിധ രംഗങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് സ്റ്റാൻഡേർഡ് ട്രീറ്റ്മെന്റ് ഗൈഡ്ലൈൻസ് തയ്യാറാക്കി നടപ്പാക്കും.
- കുടുംബ ആരോഗ്യ കേന്ദ്രങ്ങളെ താലൂക്ക്, ജില്ലാ, സംസ്ഥാനതല കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെലിമെഡിസിൻ സംവിധാനം ഒരുക്കും.
- ഡോക്ടർമാർക്ക് കെ-ഹെൽത്ത് ആപ്ലിക്കേഷനിലൂടെ നിസാര രോഗങ്ങൾക്ക് വീഡിയോ കോളിലൂടെ കൺസൽട്ടേഷൻ നൽകാനും എല്ലാ രേഖകളും വൈദ്യ നിർദ്ദേശങ്ങളും സ്വയമേവ രേഖപ്പെടുത്താനും വേണ്ട സംവിധാനം ഒരുക്കും.
- ഇ-ഹെൽത്തിനെ ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.റ്റി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസിയായി ഉയർത്തും.
- ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- പാലിയേറ്റീവ് കെയർ നെറ്റ് വർക്കുകൾ ശക്തിപ്പെടുത്തും.
- താലൂക്ക് ആശുപത്രി വരെ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം ഒരുക്കും.
- ആരോഗ്യ ബോധവൽക്കരണം, ജനകീയ ആരോഗ്യ ഇടപെടലുകൾ, സൈക്കിളിംഗ് പോലുള്ള ആരോഗ്യ കായിക പ്രവർത്തനങ്ങൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും.

പൊതു ലക്ഷ്യങ്ങൾ

- ആർദ്രം മിഷൻ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ ക്രേന്ദ്രീകരിച്ച് പൂർത്തീകരിക്കാൻ കഴിയാതിരുന്ന എല്ലാ പ്രവർത്തനങ്ങളും അടുത്ത രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കും.
- നിലവിലുള്ള ഉപകേന്ദ്രങ്ങളുടെ (5409) സ്റ്റാൻഡേർഡൈസേഷൻ ഘട്ടം ഘട്ടമായി നടപ്പിലാക്കും.
- പൊതുജനങ്ങൾക്ക് ആരോഗ്യ വർദ്ധക പ്രതിരോധ സേവനങ്ങൾ കൈയ്യെത്തും ദൂരെ ലഭ്യമാക്കാൻ പ്രദേശിക സർക്കാരിന്റെ എല്ലാ വാർഡുകളിലും വാർഡുതല സംവിധാനങ്ങൾ സജ്ജമാക്കും.
- മെഡിക്കൽ കോളേജുകൾ ക്രേന്ദ്രീകരിച്ച് ആരോഗ്യ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കും.
- ആരോഗ്യരംഗത്ത് എല്ലാ വിഭാഗം ജീവനക്കാരുടെയും നൈപുണ്യ വികസന ത്തിനും മനുഷ്യവിഭവ ശേഷി വർദ്ധനവിനും ഊന്നൽ നൽകും.
- ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന കണക്കിൽ 54 താലൂക്ക് ആശുപത്രികളിൽ ഘട്ടം ഘട്ടമായി 3 വർഷത്തിനകം സ്റ്റാൻഡേർഡൈസേഷൻ നടപ്പിലാക്കും. ഇതിനായി ചികിത്സാ മാനദണ്ഡങ്ങളും റഫറൽ കെയർ പ്ലാനും പ്രത്യേകം തയ്യാറാക്കും.
- വിവിധ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡൈസേഷൻ സംവിധാനങ്ങളിലൂടെ 90% ആരോഗ്യ സ്ഥാപനങ്ങളിലും മികവുറ്റ സേവനങ്ങൾ 3 വർഷത്തിനകം ഘട്ടം ഘട്ടമായി ലഭ്യമാക്കും.
- ഒരു റവന്യൂ ബ്ലോക്കിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം എന്ന കണക്കിൽ 152 ബ്ലോക്കിൽ സി.എച്ച്.സി /ബ്ലോക്ക് പി.എച്ച്.സികളെ ബ്ലോക്ക് കുടുംബാ രോഗ്യകേന്ദ്രങ്ങളാക്കി പരിവർത്തിപ്പിക്കും. കൃത്യമായ ചികിത്സാ മാനദണ്ഡ ങ്ങളും റഫറൽ കെയർ പ്ലാനും തയ്യാറാക്കി മികവാർന്ന സേവനം ഉറപ്പാക്കും.
- വിവിധ വകുപ്പുകൾ /മിഷൻ /സംഘടനകളുടെ സംയോജനം ഏകോപനം വഴി ആരോഗ്യ-ആരോഗ്യ അനുബന്ധ ഘടകങ്ങളിലെ ഇടപെടൽ സാധ്യമാക്കി ജീവിത ശൈലീ രോഗങ്ങളുടെ പ്രതിരോധവും, നിയന്ത്രണവും ഉറപ്പാക്കി സങ്കീർണ്ണ തകൾ തടയും.
- വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റീവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തും.
- വയോജനപരിപാലനത്തിനും ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധത്തിനും ആയുഷ് ചികിത്സാ രീതികൾക്കുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തും. ഈ ചികിത്സാ രീതികൾ ശാസ്ത്രീയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ വിപു ലീകരിക്കും.
- ആദിവാസി വിഭാഗങ്ങൾ, തീരദേശത്ത് വസിക്കുന്നവർ, LGBTIQA+, സ്ത്രീകൾ,

ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കും.

- നഗരാരോഗ്യ പരിപാലനത്തിന് ഊന്നൽ നൽകി പകർച്ച/പകർച്ചേതര വ്യാധികളുടെ വ്യാപനം കുറയ്ക്കും.
- കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക്തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തുകയും, രോഗീസൗഹൃദമാക്കുകയും, സേവനമേഖല വിപുലപ്പെടുത്തുകയും ചെയ്യും.
- ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി വികസിപ്പിച്ച് കൂടുതൽ സേവനങ്ങൾ ഗ്രാമീണ നഗരതലങ്ങളിൽ ലഭ്യമാക്കും.
- നഗര പ്രാഥമിക ആരോഗ്യസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരകുടുംബാരോഗ്യ കേന്ദ്രങ്ങളും നഗരങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളും ആരംഭിക്കും.
- പകർച്ചവ്യാധി രോഗനിയന്ത്രണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, മലേറിയ, കാലാഅസാർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യും.
- സംസ്ഥാനവ്യാപകമായി ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങളും വിവിധ ക്യാൻസർ രോഗങ്ങൾ ആരംഭദശയിൽ തന്നെ കണ്ടെത്തി ചികിത്സിക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും.
- ജീവിതശൈലീരോഗങ്ങളായ രക്തസമ്മർദ്ദവും പ്രമേഹവും നിയന്ത്രിക്കാനും, രോഗമുള്ളവരെ കണ്ടെത്തി തുടർ ചികിത്സയും, ഈ രോഗങ്ങളുടെ സങ്കീർണ്ണതകളും കുറയ്ക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും.
- ക്യാൻസർ പ്രതിരോധവും രോഗനിർണ്ണയവും ചികിത്സയും അടങ്ങുന്ന ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകളുടെയും മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സായൂണിറ്റുകളുടെയും, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകളുമായി ബന്ധപ്പെടുത്തിയുള്ള നെറ്റ് വർക്ക് സംവിധാനവും നടപ്പാക്കും.
- പകർച്ചവ്യാധി പ്രതിരോധ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ, ബന്ധപ്പെട്ട മിഷനുകളും, ഏജൻസികളും, വകുപ്പുകളുമായി ചേർന്ന് നിലവിലെ 'ആരോഗ്യജാഗ്രത' പ്രവർത്തനങ്ങൾ എന്നിവ വിപുലപ്പെടുത്തും. പുതിയ ജന്തുജന്യ രോഗങ്ങൾ അടക്കമുള്ള പുതുരോഗങ്ങൾ ആരംഭത്തിൽത്തന്നെ കണ്ടെത്താനുള്ള പാരിസ്ഥിതിക-മൃഗജന്യ മനുഷ്യരോഗ ഘടകങ്ങളും ഒന്നിപ്പിച്ച് പരിശോധിക്കുകയും ഇടപെടുകയും ചെയ്യുന്ന 'One Health Programme' പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
- കോവിഡിന്റെ മൂന്നാം ഘട്ടത്തെയും, തുടർ പ്രശ്നങ്ങളെയും നേരിടാനും പുതുരോഗങ്ങളുടെ ചികിത്സയ്ക്കും ആവശ്യമായി വരുന്ന ഐസൊലേഷൻ വാർഡുകൾ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഒന്നു വീതം സജ്ജമാക്കും.
- പുതുരോഗങ്ങളുടെ ആരംഭം, വ്യാപനം തുടങ്ങിയവ കണ്ടെത്താനും നിയ

ന്ത്രണത്തിനും സഹായകമായ കൊളോബറേറ്റീവ് റിസർച്ച് (Collaborative Research) സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം വഴി ശക്തിപ്പെടുത്തും.

പ്രവർത്തന സമീപനം

- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്ത് 2025 - ലേക്കുള്ള ലക്ഷ്യങ്ങൾ നിർവ്വചിച്ച് തന്ത്രങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കും.
- ലക്ഷ്യങ്ങൾ നേടാൻ വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും സംയോജനവും ഏകോപനവും പരമാവധി ഉറപ്പ് വരുത്തും.
- നിലവിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമായിട്ടുള്ള ഫണ്ടുകൾ സമാഹരിച്ച് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കും ഉദാ: 15-ാം ധനകാര്യ കമ്മീഷൻ, ദേശീയ ആരോഗ്യ മിഷൻ, പ്ലാൻ ഫണ്ട്, ആയുഷ്മാൻ ഭാരത്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയവ.
- ഇ-ഹെൽത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി റഫറൽ, തുടർ ചികിത്സ ഉറപ്പ് വരുത്തും
- ഇ-സഞ്ജീവനി വഴി കൂടുതൽ സേവനങ്ങൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കാനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- ജനസംഖ്യാപരമായും രോഗാതുരതയിലും വന്ന മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും കണക്കിലെടുത്ത് പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്ത് നടപ്പിലാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാവും ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

പ്രവർത്തനങ്ങൾ

- ഉപകേന്ദ്രങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ നടപ്പിലാക്കും. ഇതിനായി ആയുഷ്മാൻ ഭാരത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റ് ഫണ്ട് തുടങ്ങിയവ വിനിയോഗിക്കും. ആഴ്ചയിൽ ആറ് ക്ലിനിക്കുകളും മറ്റ് ജനസൗഹൃദ സേവനങ്ങളും ഉപകേന്ദ്രങ്ങൾ വഴി ലഭ്യമാക്കും.
- വാർഡ്തലത്തിൽ ജനസൗഹൃദ ആരോഗ്യസേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ വാർഡുതല സംവിധാനങ്ങളിലൂടെ സാധിക്കും. ഇതിനായി അംഗണവാടികൾ/സ്കൂളുകൾ/കമ്മ്യൂണിറ്റി ഹാളുകൾ വിനിയോഗിക്കും. ആരോഗ്യ പ്രവർത്തകർക്ക് (ജെ.പി.എച്ച്.എൻ./ജെ.എച്ച്.ഐ./എം.എൽ.എസ്സ്.പി.) ചുമതല നൽകി, തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ നേതൃത്വത്തിൽ

വാർഡുകളിലെ സേവനങ്ങൾ കൃത്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കും.

- വാർഡുതലത്തിൽ സേവനങ്ങൾ ലഭ്യമാക്കാൻ നിലവിലുള്ള സാമൂഹിക സ്ഥാപനങ്ങൾ /കൂട്ടായ്മകൾ ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വാതിൽപ്പടി സേവനം ലഭ്യമാക്കും.
- ആരോഗ്യ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കാനുള്ള സാഹചര്യങ്ങൾ എല്ലാ തലങ്ങളിലും സജ്ജമാക്കും. സംസ്ഥാന തലത്തിൽ എസ്.എച്ച്.എസ്. ആർ.സിയുടെ നേതൃത്വത്തിൽ എത്തിക്സ് കമ്മിറ്റി രൂപീകരിക്കും. നയരൂപീകരണത്തിന് ഉതകുന്ന രീതിയിലുള്ള ഗവേഷണം സാദ്ധ്യമാക്കാൻ ഗവേഷകരും നയതന്ത്രജ്ഞരും തമ്മിലുള്ള ആശയവിനിമയം നടപ്പിലാക്കും. മെഡിക്കൽ കോളേജുകളിലെ ഗവേഷണ വിഭവശേഷി ഉപയോഗപ്പെടുത്താനുള്ള സംവിധാനങ്ങൾ ഒരുക്കും.
- ജീവനക്കാരുടെ നൈപുണ്യ വികസനത്തിന് ജില്ലാ തലത്തിലും പരിശീലന കേന്ദ്രങ്ങൾ ശാക്തീകരിക്കും. ഓൺലൈൻ പരിശീലന സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തും.
- താലൂക്ക് ആശുപത്രികളിൽ റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കും. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് പി.പി. യൂണിറ്റുകളെ ഏകീകരിച്ച് പബ്ലിക് ഹെൽത്ത് യൂണിറ്റുകളാക്കി പരിവർത്തനം ചെയ്യും.
- സാമ്പിളുകളെടുത്ത് ആരോഗ്യ വകുപ്പിന്റെ മേലേത്തട്ടിലുള്ള ലാബുകളിലേക്ക് അയച്ച് പരിശോധന നടത്തുന്ന 'ഹബ്ബ് ആന്റ് സ്പോക്ക്' രീതിയിലുള്ള ലാബ് സർവ്വീസുകൾ ഏകോപിപ്പിക്കും. റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കും.
- ഫിസിയോതെറാപ്പി സർവ്വീസുകൾ ജീവിതശൈലീരോഗികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്ക് ലഭ്യമാക്കും.
- കിടപ്പ് രോഗികൾ, വയോജനങ്ങൾ, സാന്ത്വന ചികിത്സയിലുള്ളവർ തുടങ്ങിയവർക്ക് കിടത്തി ചികിത്സ ലഭ്യമാക്കും.
- ജീവിതശൈലീരോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാൻ പോപ്പുലേഷൻ സ്ക്രീനിംഗ് സാദ്ധ്യമാക്കും. കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ വ്യക്തിഗത, കുടുംബ, വാർഡ്തല, പഞ്ചായത്ത്തല സർവ്വീസ് പാക്കേജുകളിലൂന്നിയുള്ള സേവനങ്ങൾ ലഭ്യമാക്കും.
- സബ്സെന്റർ വഴി മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തും.
- മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി വ്യായാമം, ആഹാര ശീലം, പുകവലി തുടങ്ങിയവയിൽ ഇടപെടലുകൾ നടത്തും. നിലവിലുള്ള രോഗികളുടെ പരിശോധനയും തുടർ ചികിത്സയും ഉറപ്പ് വരുത്തും.
- പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡാനന്തര സങ്കീർണ്ണതകൾക്ക് തുടർ ചികിത്സ ഉറപ്പ് വരുത്തും.
- വയോജനങ്ങളുടെ സ്വാസ്ഥ്യത്തിനായി മാനസികാരോഗ്യം, വീഴ്ചകൾ,

ഡിമെൻഷ്യ, തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്തും. ആയുഷുമായി ചേർന്ന് പ്രവർത്തനങ്ങൾ നടപ്പിലാക്കും. പഞ്ചായത്തുകൾ വയോജന സൗഹൃദമാക്കും.

- സ്പെഷ്യലിസ്റ്റ് സേവനങ്ങൾ ട്രൈബൽ മേഖലയിൽ നടപ്പിലാക്കാൻ ടെലി മെഡിസിൻ, ഇ-സഞ്ജീവനി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തും.
- ട്രൈബൽ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ഫീൽഡ് ആംബുലൻസ് സേവനങ്ങൾ സജ്ജമാക്കും.
- മാതൃശിശു സേവനങ്ങൾ ശാക്തീകരിക്കും.
- വ്യത്യസ്ത ഗോത്രങ്ങളിലുള്ളവരുടെ ആവശ്യങ്ങൾ കണ്ടെത്തി അനുയോജ്യമായ ഇടപെടലുകൾ നടപ്പിലാക്കും. ഇതിനായി ട്രൈബൽ പ്രൊമോട്ടർമാർ, ഊരുമിത്രം തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തും.
- ലഹരി ഉപയോഗം കുറയ്ക്കാനുള്ള ഇടപെടലുകൾ നടത്തും. അമിതമായ ലഹരി ഉപയോഗത്തിൽ നിന്ന് മാറാൻ കഴിയാത്തവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണ്ടെത്തി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഭാവനം ചെയ്യുന്ന ഡീഅഡിക്ഷൻ സെന്ററുകളിൽ തുടർ ചികിത്സ ഉറപ്പാക്കും.
- മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള ആശ്വാസം, സമ്പൂർണ്ണ മാനസികാരോഗ്യം തുടങ്ങിയ പരിപാടികളിലൂടെ ഇടപെടലുകൾ നടത്തും. ആരോഗ്യകരമായ ഭക്ഷണ ശീലം, വ്യായാമം തുടങ്ങിയവ പ്രോത്സാഹിപ്പിക്കാൻ എൻ.ജി.ഒ.കളുമായി ചേർന്ന് ഇടപെടും. കുട്ടികളുടെയും കൗമാരക്കാരുടെയും മാനസിക ശാരീരിക സ്വാസ്ഥ്യത്തിനായി പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കും.
- സാമൂഹിക നീതി വകുപ്പുമായി ചേർന്ന് LGBTIQA+ വിഭാഗങ്ങൾക്ക് എതിരെയുള്ള സാമൂഹിക വേർതിരിവ് കുറയ്ക്കാനുള്ള ഇടപെടലുകൾ നടത്തും. ആരോഗ്യ പ്രവർത്തകർക്ക് ഈ മേഖലയിൽ കൂടുതൽ അവബോധം സൃഷ്ടിക്കാനും മനോഭാവത്തിൽ മാറ്റം വരുത്താനും പരിശീലനം നൽകും. ആശ്വാസം, ജീവരക്ഷാ തുടങ്ങിയ പദ്ധതികളിൽ ഇവർക്ക് വേണ്ടി പ്രത്യേകം സേവനങ്ങൾ ഉൾപ്പെടുത്തും.
- സ്ത്രീകളുടെ ആരോഗ്യത്തിനായി കുടുംബാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പ്രത്യേക വെൽവുമൺ ക്ലിനിക്കുകൾ സ്ഥാപിക്കും.
- മുഴുവൻ നഗരാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യും. ഇതിനായി ധനകാര്യ കമ്മീഷന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തും.
- മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തകരുടെ സേവനങ്ങൾ നഗര പ്രദേശത്ത് പ്രാവർത്തികമാക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി ഏകോപിപ്പിക്കും. അവരുടെ സേവന നിർവ്വചനങ്ങളെ അതിനനുസരിച്ച് പുനർ നിർവ്വചിക്കുകയും പ്രവർത്തനങ്ങളുടെ സാങ്കേതിക നിയന്ത്രണം ആരോഗ്യ വകുപ്പിന് കീഴിൽ കൊണ്ടുവരുകയും ചെയ്യും. നഗര പ്രദേശങ്ങളിലെ ഓരോ ഡിവിഷനിലും വ്യത്യസ്ത പൊതുജനാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും

അവിടെ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും ചെയ്യും.

- ആയുഷ് വകുപ്പിൽ ഗവേഷണത്തിനായി പ്രത്യേക സമിതി രൂപീകരിക്കും. ഒരു ബ്ലോക്കിൽ ഒരു സ്ഥാപനം എന്ന കണക്കിൽ സേവനങ്ങളും സൗകര്യങ്ങളും ഏകീകരിക്കും. ലാബ് സേവനങ്ങൾ അലോപ്പതി കേന്ദ്രങ്ങൾ വഴി ലഭ്യമാക്കും.

ക്യാമ്പയിനുകൾ

നവകേരളം കർമ്മപദ്ധതി – 2 ആരോഗ്യത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ കൊടുക്കും.

- ജീവിതശൈലി രോഗങ്ങൾ
- മാനസികാരോഗ്യം
- വയോജന ആരോഗ്യവും ക്ഷേമവും
- പകർച്ചവ്യാധി നിയന്ത്രണം
- രോഗനിർമ്മാർജ്ജനം
- നവകേരളം കർമ്മപദ്ധതി സെൽ സംസ്ഥാന തലത്തിൽ വിവിധ മിഷനുകളുടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ആവിഷ്കരിക്കാൻ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കും. ആരോഗ്യ വകുപ്പിലും ദേശീയ ആരോഗ്യ ദൗത്യത്തിലും നിലവിലുള്ള മാസ് മീഡിയ വിംഗിന്റെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഈ ക്യാമ്പയിനുകൾ നടപ്പിലാക്കും. വാർഡുതല ക്യാമ്പയിൻ സെല്ലുകൾ, ഏകോപന സമിതികൾ എന്നിവയിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ശാക്തീകരിക്കും. ഓരോ ഘടകങ്ങളിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരഞ്ഞെടുക്കാം.

മോണിറ്ററിംഗ് സംവിധാനം

- നിലവിലെ നിരീക്ഷണ സംവിധാനങ്ങളെ സഹായിക്കുവാനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പുരോഗതി വിലയിരുത്തും.
- സംസ്ഥാന തല, ഡിപ്പാർട്ടുമെന്റ്തല, ജില്ലാതല കമ്മറ്റികൾക്കു പുറമേ ഏകോപനത്തിനും നിരീക്ഷണങ്ങൾക്കുമായി ഡിപ്പാർട്ടുമെന്റ് തലത്തിലും ജില്ലാ തലത്തിലും Program Management Unit സ്ഥാപിക്കും.
- പരിവർത്തനം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെയും നൽകുന്ന സേവനങ്ങളുടെയും നിലവാരം അളക്കുന്നതിനായി പ്രവർത്തന സൂചികകൾ നിർവചിക്കും. ഭൗതിക സാഹചര്യങ്ങൾ, സേവനങ്ങളുടെ ലഭ്യത, സ്വീകാര്യത തുടങ്ങിയവ വിലയിരുത്തും. ഇ-ഹെൽത്ത് വഴി ഇതിനാവശ്യമായ ഡേറ്റ ശേഖരിക്കും.

- പ്രവർത്തന സൂചികകൾ തത്സമയം നിരീക്ഷിക്കുന്നതിനായി ഇ-ഹെൽത്തിന്റെ സാങ്കേതിക സഹായത്തോടെ ഒരു ഡാഷ് ബോർഡിന് രൂപം നൽകും. സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും തത്സമയം നിരീക്ഷിച്ച് ജില്ലാ മിഷനുകളും സംസ്ഥാനതല കർമ്മസമിതിയും നവകേരളം സെല്ലും അവലോകനം നടത്തും.
- കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപ്രതി വരെയുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളും മാസത്തിലൊരിക്കൽ പ്രവർത്തനം അവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപന-ബ്ലോക്ക്-ജില്ലാതല അവലോകന യോഗങ്ങളിൽ നവകേരളം കർമ്മപദ്ധതി 2 ആരോഗ്യ പ്രവർത്തനങ്ങൾ അവലോകനം ചെയ്യും.
- മൂന്ന് മാസത്തിലൊരിക്കൽ മിഷന്റെ മുഴുവൻ പ്രവർത്തനങ്ങളും അവലോകനം ചെയ്യുകയും ആവശ്യമായ തിരുത്തൽ നടപടികൾ നിർദ്ദേശിക്കുകയും ചെയ്യും.

വിദ്യാകിരണം

സർക്കാരിന്റെ നയ സമീപനം

- സ്കൂൾ വിദ്യാഭ്യാസ ഡിജിറ്റലൈസേഷന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും.
- ഐ.റ്റി. അധിഷ്ഠിത അധ്യയനത്തിൽ ഊന്നിക്കൊണ്ടുള്ള അധ്യാപക പരിശീലനം.
- പുതിയ കെട്ടിടങ്ങളിൽ പുതിയ ഫർണിച്ചറിനുവേണ്ടിയുള്ള ഒരു സ്കീമിന് രൂപം നൽകും. പഴയ ഫർണിച്ചറുകൾ പുതുക്കി പുനരുപയോഗിക്കും.
- സ്കൂളുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കും.
- ലാബുകൾ നവീകരിക്കുകയും എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് സ്കീമുണ്ടാകും. കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തും.
- ജില്ലാ ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രം പോലെ പ്രത്യേക വിഷയങ്ങൾക്കുള്ള പരിപാടികൾ.
- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും മേഖലകൾക്കും വേണ്ടി 'ശ്രദ്ധ' പോലുള്ള പരിപാടികൾ ശ്രുതിപാഠം, ഇന്ത്യൻ ആംഗ്യഭാഷയിൽ പരിശീലനം, തേൻകൂട് പോലുള്ള ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സ്കീമുകൾ, അധ്യയനത്തിൽ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ എന്നിവ നടപ്പാക്കും.
- സെൽഫ് റിഫ്ളക്ഷൻ കിയോസ്കുകൾ, തിങ്ക് ആന്റ് ലേൺ പ്രോജക്ട്, വിവിധതരം

സ്കൂൾ ക്ലബ്ബുകൾ തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

- കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിനുള്ള കെ-ഡാറ്റ് ഓൺലൈൻ അഭിരുചി പരീക്ഷ നടപ്പാക്കും.
- കലാകായിക വികസനത്തിനായുള്ള പരിപാടി നടപ്പാക്കും.
- ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും.
- പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷ നിയമം കൊണ്ടുവന്നിട്ടുണ്ട്. അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തും. മധുരം മലയാളം, ഹലോ ഇംഗ്ലീഷ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കും.
- പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി കളിപ്പാട്ടം എന്ന പാഠ്യപദ്ധതി എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കിയിട്ടുണ്ട്. ഈ പാഠ്യപദ്ധതി അടിസ്ഥാനമാക്കി മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകും. പ്രീപ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശുസൗഹൃദവുമാക്കും.
- ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗവിദ്യാലയ, സഹിതം തുടങ്ങിയ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ കൂടുതൽ മെച്ചപ്പെടുത്തും. എല്ലാ കുട്ടികൾക്കും കലാ-കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കും. സ്കൂൾ ക്ലസറ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവു ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകാൻ ഏർപ്പാടുണ്ടാക്കും.
- അക്കാദമിക്ക് മോണിറ്ററിംഗ് ശക്തിപ്പെടുത്തും.
- വി.എച്ച്.എസ്.ഇയിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കും.
- നിലവിലുള്ള പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി സംവിധാനങ്ങളുടെ കൂടുതൽ ഏകോപനം ഉറപ്പുവരുത്തും. ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.
- എല്ലാ സ്കൂളുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ ഭൗതിക സൗകര്യ ഭാഗം വലിയൊരളവിൽ പൂർത്തിയായിട്ടുണ്ട്. അക്കാദമിക് മാസ്റ്റർപ്ലാൻ അടുത്ത അധ്യായന വർഷത്തിൽ സമഗ്രമായി പരിഷ്കരിക്കും. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കും.
- ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ ലഘൂകരിക്കാൻ പദ്ധതികൾ ഉണ്ടാക്കും.
- സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതികളുമായി ബന്ധിപ്പിക്കും.

- സ്കൂൾ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ വകുപ്പ്, എം.പി, എം.എൽ.എ തുടങ്ങിയ ഫണ്ടുകളുടെ വിനിയോഗം കഴിവതും ഈ മാസ്റ്റർ പ്ലാനിന് അനുസൃതമായിരിക്കുമെന്ന് ഉറപ്പുവരുത്തും.
- മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തെ മാറ്റും.
- സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കണം. ജൈവ വൈവിധ്യോദ്യാന പദ്ധതി വിപുലപ്പെടുത്തും.
- ജൈവപച്ചക്കറികൾ ഉൽപാദിപ്പിക്കൽ, മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹിക പിന്തുണയോടെയും നടപ്പിലാക്കും.
- എല്ലാ സ്കൂളുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുകയും ഹരിതവിദ്യാലയങ്ങളാക്കി മാറ്റുകയും ചെയ്യും.
- ഒൻപതാം ക്ലാസു മുതൽ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി ഹയർ സെക്കണ്ടറിക്കും അതിനുശേഷമുള്ള ഉന്നത പഠനത്തിനുമുള്ള ഗൈഡൻസ് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തും.
- എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഇത്തരം കാര്യങ്ങളിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകും.

പൊതുലക്ഷ്യങ്ങൾ

- സാമൂഹികനീതിയും അവസരതുല്യതയും അടിസ്ഥാനമാക്കിയുള്ള ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നു എന്നുറപ്പാക്കൽ.
- സാങ്കേതിക വിദ്യാസാധ്യതകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ. ഇങ്ങനെ പ്രയോജനപ്പെടുത്തുമ്പോൾ ഡിജിറ്റൽ വിടവ് ഉണ്ടാകുന്നില്ല എന്ന് സമൂഹ പിന്തുണയോടെ ഉറപ്പാക്കൽ.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ട് സമഗ്രമായ പാഠ്യപദ്ധതി പരിഷ്ക്കരണം സാധ്യമാക്കൽ.
- പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടേയും ഇതരവകുപ്പുകളുടേയും ഫലപ്രദമായ ഏകോപനം.
- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വഴി നേടിയെടുത്ത നേട്ടങ്ങളുടെ തുടർച്ചയും വളർച്ചയും ഉറപ്പാക്കൽ.
- വിജ്ഞാന സമൂഹം, പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തുക എന്നീ നിലപാടുകൾക്ക് അനുഗുണമായി വിദ്യാഭ്യാസ സംവിധാനങ്ങളെ പരിവർത്തിപ്പിക്കൽ.
- കുട്ടികൾക്ക് അവകാശപ്പെട്ട പഠനദിനങ്ങൾ ലഭ്യമാകുന്നു എന്നുറപ്പാക്കൽ.

- വിദ്യാഭ്യാസ രംഗത്ത് ജനപങ്കാളിത്ത സാധ്യതകൾ പരമാവധി പ്രയോജന പ്പെടുത്തൽ. വിദ്യാലയങ്ങളെ ജനായത്ത വിദ്യാലയങ്ങളാക്കി വളർത്തിയെടുക്കൽ.
- വിദ്യാലയവും പരിസരവും ശുചിയായും അപകടരഹിതമായും പരിപാലിക്കാൻ എല്ലാ ശ്രമങ്ങളും നടത്തും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യോടെ ഈ പരിപാടി നടപ്പിലാക്കും.

പ്രവർത്തന സമീപനം

- ഭൗതിക സൗകര്യവികസന കാര്യങ്ങളിൽ തുടങ്ങിവച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കൽ. ഇനിയും ആവശ്യങ്ങൾ ഉള്ള വിദ്യാലയങ്ങളെ കണ്ടെത്തലും ആവശ്യങ്ങളെ അഭിമുഖീകരിക്കലും.
- ഡിജിറ്റൽ ക്ലാസ്സുകൾ / ഓൺലൈൻ ക്ലാസ്സുകൾ എന്നിവ നടപ്പാക്കുമ്പോൾ ഡിജിറ്റൽ വിടവില്ലാതെ നടപ്പാക്കാൻ വേണ്ടുന്ന പ്രായോഗിക പ്രവർത്തനങ്ങൾ വികസിപ്പിക്കൽ. അതിനായുള്ള വിപുലമായ ക്യാമ്പയിൻ ആസൂത്രണം ചെയ്യൽ.
- മുഴുവൻ കുട്ടികൾക്കും നീതിയുക്തമായ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ശ്രമങ്ങൾക്ക് പിന്തുണ നൽകൽ.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടി ഉൾച്ചേർത്ത് ജ്ഞാനസമൂഹ നിർമ്മിതിക്ക് സഹായകമായ പുരോഗമനാത്മക ഉള്ളടക്കവും ബോധനശാസ്ത്രവും ഉൾച്ചേർത്തു കൊണ്ടുള്ള പാഠ്യപദ്ധതി വികസിപ്പിക്കൽ.
- തൊഴിലിനോട് അനുകൂലമായ മനോഭാവവും തൊഴിലാഭിമുഖ്യവും സ്കൂൾവിദ്യാഭ്യാസ ഘട്ടത്തിൽ തന്നെ വികസിപ്പിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കൽ.
- അദ്ധ്യാപക പ്രൊഫഷണലിസം വികസിപ്പിക്കാനുതകുന്ന പ്രായോഗിക പരിശീലന പദ്ധതികൾ നടപ്പാക്കൽ
- ഓരോ ഘട്ടത്തിലും നേടേണ്ട ലക്ഷ്യങ്ങൾ നിജപ്പെടുത്തി അത് നേടുന്നു എന്നുറപ്പാക്കാനാവശ്യമായ അക്കാദമിക മോണിറ്ററിംഗ് രീതി വികസിപ്പിക്കൽ.
- സംവിധാനത്തിനകത്തെ മുഴുവൻ ജീവനക്കാരെയും ഉയർന്നുവരുന്ന അക്കാദമിക വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കൽ.
- ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ധർ, അദ്ധ്യാപകർ എന്നിവരടങ്ങിയ സംഘങ്ങളെ വളർത്തിയെടുക്കൽ.
- നിലവിൽ തയ്യാറാക്കിയ സ്കൂൾതല മാസ്റ്റർപ്ലാനുകൾ പുനർവായന നടത്തുകയും നിലവിലുള്ള വസ്തുനിഷ്ഠ സാഹചര്യങ്ങൾകൂടി പരിഗണിച്ച് ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുന്നതിന് ആവശ്യമായ റിസോഴ്സ് ഗ്രൂപ്പുകളെ ശക്തിപ്പെടുത്തൽ.
- ഓരോ കുട്ടിയേയും അറിഞ്ഞുകൊണ്ട് ആവശ്യമായ പിന്തുണ നൽകാനും പ്രോത്സാഹനം നൽകാനും ആത്മവിശ്വാസം ഉളവാക്കുന്നതിനും സഹായകമാകും വിധം മെന്ററിങ് സംവിധാനം വിപുലീകരിക്കൽ.
- ലിംഗനീതി, ലിംഗസമത്വം, ലിംഗാവബോധം എന്നിവ ഉളവാകുന്നതിന് സഹാ

യകമാകും വിധം വിദ്യാഭ്യാസ ഉള്ളടക്കത്തിലും വിനിമയത്തിലും എന്തെന്ത് മാറ്റങ്ങൾ വേണമെന്ന് പരിശോധിക്കുകയും അനുഗുണമായ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യൽ.

- സാമൂഹികമായും സാമ്പത്തികമായും അരികുവൽക്കരിക്കപ്പെട്ട സമൂഹത്തിന് കൂടി ഇടംകിട്ടും വിധം പാഠ്യപദ്ധതി ഉള്ളടക്കത്തിലും വിനിമയ രീതിയിലും ആവശ്യമായ പരിവർത്തനങ്ങൾ സാധ്യമാക്കൽ.
- കോവിഡാനന്തര വിദ്യാഭ്യാസം ആഹ്ലാദകരമാക്കുന്നതിനും, മുഴുവൻ കുട്ടികളെയും സ്കൂളിലേക്ക് തിരിച്ചെത്തിക്കുന്നതിനുള്ള ക്യാമ്പയിൻ പദ്ധതികൾ, തദ്ദേശ സ്വയംഭരണ വകുപ്പ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുടെ നേതൃത്വത്തിൽ ജനകീയമായി നടത്തൽ.
- ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രശ്നങ്ങളെ ഉൾക്കൊള്ളാൻ സ്കൂൾ സമൂഹത്തിന് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ വികസിപ്പിക്കലും ആസൂത്രണം ചെയ്യലും നടപ്പാക്കലും.
- സ്കൂൾ ആരോഗ്യ പരിപാടി, മാലിന്യ നിർമ്മാർജ്ജനം, ജലസംരക്ഷണം, ഉദ്ഗ്രഥിത കാർഷിക രീതികൾ, ഊർജ്ജ സംരക്ഷണം തുടങ്ങിയവ അനുഭവങ്ങളിലൂടെ ഉൾക്കൊള്ളുന്നതിനും കുട്ടികളുടെ ജീവിതരീതിയും ജീവിതശീലവുമാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ടുകിടക്കുന്ന എല്ലാ വകുപ്പുകളുടേയും മറ്റു മിഷനുകളുടേയും ഏകോപന ത്തോടെയും സമൂഹ പിന്തുണയോടെയും ആസൂത്രണം ചെയ്യലും നടപ്പാക്കലും.
- ലഹരിക്കെതിരായ മനോഭാവം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ഉതകുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ മറ്റു വകുപ്പുകളുടേയും സമൂഹത്തിന്റെയും പിന്തുണയോടെ ആവിഷ്ക്കരിക്കലും നടപ്പാക്കലും.
- വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും വിനിമയത്തിനും സഹായകമായ പദ്ധതികൾ ആവിഷ്ക്കരിക്കലും നടപ്പാക്കലും.
- മിഷൻ പ്രവർത്തനം മുന്നോട്ട് പോകുന്ന ഘട്ടത്തിൽ രൂപപ്പെട്ടു വരുന്ന പുതിയ വിദ്യാഭ്യാസ വെല്ലുവിളികൾക്കനുസൃതമായ പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്തൽ.

പ്രവർത്തനങ്ങൾ

- ഭൗതിക സൗകര്യവികസന കാര്യങ്ങളിൽ തുടങ്ങിവച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കൽ
- കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഇനിയും പൂർത്തീകരിക്കാത്ത കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സമയക്രമവും നടപടികളും സ്വീകരിക്കൽ.
- ഇതിനായി വിവിധ എസ്.പി.വികളുടേയും കിഫ്ബിയുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി സമയബന്ധിത മോണിറ്ററിംഗിനായുള്ള ക്രമീകരണങ്ങൾ നടത്തൽ.

- ഇനിയും ഭൗതിക സൗകര്യവികസന ആവശ്യങ്ങൾ ഉള്ള വിദ്യാലയങ്ങളെ കണ്ടെത്തലും ആവശ്യങ്ങളെ അഭിമുഖീകരിക്കലും.
- ഭൗതികസൗകര്യങ്ങളുടെ കാര്യത്തിൽ പരിമിതിയുള്ള സർക്കാർ വിദ്യാലയങ്ങളെ കണ്ടെത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ
- ഗുണമേന്മാ വിദ്യാഭ്യാസത്തിനായി ഭൗതികസൗകര്യ വികസനം ആവശ്യമുണ്ടെന്ന് കണ്ടെത്തിയ വിദ്യാലയങ്ങൾക്കായി പ്രത്യേക പദ്ധതി രൂപീകരിക്കലും നിർവ്വഹിക്കലും.
- പൊതുവിദ്യാലയങ്ങൾ ആയതുകൊണ്ടുതന്നെ ഭൗതിക സൗകര്യകാര്യങ്ങളിൽ തീവ്രപരിമിതികളുള്ള എയ്ഡഡ് സ്കൂളുകളെ കണ്ടെത്തലും ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ സാധ്യതകൾ ആരായലും.
- പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളിൽ ആവശ്യമായ ഫർണ്ണിച്ചറുകൾ ഉറപ്പുവരുത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, പ്ലാൻ ഫണ്ട്, സി.എസ്.ആർ ഫണ്ട്, സ്പെഷ്യൽ റ്റി.എസ്.ബി ഫണ്ട്, പി.ടി.എ ഫണ്ട്, ജനപ്രതിനിധികളുടെ ഫണ്ട്, എസ്.എസ്.കെ.ഫണ്ട്, മറ്റ് കേന്ദ്രാവിഷ്ക്കൃത പദ്ധതി ഫണ്ടുകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം തുടങ്ങിയവരിൽ നിന്നും സംഭാവനയായി ലഭിക്കുന്ന ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളിൽ ആവശ്യമായ ഫർണ്ണിച്ചറുകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- ഡിജിറ്റൽ ക്ലാസ്സുകൾ, ഓൺലൈൻ ക്ലാസ്സുകൾ എന്നിവ നടപ്പാക്കുമ്പോൾ ഡിജിറ്റൽ വിടവില്ലാതെ നടപ്പാക്കാൻ വേണ്ടുന്ന വിപുലമായ ക്യാമ്പയിൻ ആസൂത്രണം
- ഡിജിറ്റൽ വിടവിന് ഇടയാക്കാവുന്ന ഘടകങ്ങളെ കണ്ടെത്തുകയും സമൂഹ പിന്തുണയോടെ പരിഹരിക്കാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യൽ.
- ഇതുമായി ബന്ധപ്പെട്ട ഏജൻസികളെ ഏകോപിപ്പിക്കൽ
- ഡിജിറ്റൽ സംവിധാനത്തിന്റെ സാർവ്വത്രിക വൽക്കരണത്തിന് ആവശ്യമായ വിഭവങ്ങളെ കണ്ടെത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കലും നിറവേറ്റലും.
- സ്കൂളുകളിൽ നിലവിൽ ലഭ്യമായിട്ടുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ പരിപാലനവും ഉപയോഗവും ഫലപ്രദമാക്കുന്നതിന് പി.ടി.എ. യുടെ സഹകരണത്തോടെ സംവിധാനം ഒരുക്കൽ.
- നെറ്റ് വർക്ക് ലഭ്യത ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കൽ.
- ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ധർ, അദ്ധ്യാപകർ എന്നിവരടങ്ങിയ സംഘങ്ങളെ വളർത്തിയെടുക്കൽ.
- ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കുന്നതിനായി വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള അദ്ധ്യാപകർ, സാങ്കേതികവിദഗ്ധർ എന്നിവരടങ്ങിയ സംഘങ്ങളെ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും തെരഞ്ഞെടുത്ത് പരിശീലനം നൽകി അവരുടെ സേവനം പ്രയോജനപ്പെടുത്തൽ.

- മുഴുവൻ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ദുർബല ജനവിഭാഗങ്ങളുടെ ആവാസത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പദ്ധതികൾ
- ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്ന ഇടങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തൽ
- ഭിന്നശേഷി കുട്ടികൾക്ക് സൗഹൃദമായ അക്കാദമിക ഭൗതിക സൗകര്യം ഉറപ്പാക്കൽ
- മലയോര/തീരദേശ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരി ക്കലും നടപ്പാക്കലും.
- കുട്ടികളുടെ കലാസാംസ്ക്കാരിക കായികവിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ
- അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
- പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അതുറപ്പാക്കി അക്കാദമിക് മികവ് കൈവരിക്കുക.
- കുട്ടികളുടെ പ്രതിഭകൾ കണ്ടെത്തി അത് ഏറ്റവും ഉയർന്ന തലത്തിലേ ക്കെത്തിക്കുന്നതിനുള്ള അവസരങ്ങൾ ഉറപ്പാക്കൽ.
- ഇതിനെല്ലാം സഹായകരമാകും വിധം മെന്ററിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുക.
- തൊഴിലിനോട് അനുകൂലമായ മനോഭാവവും തൊഴിലാഭിമുഖ്യവും സ്കൂൾവി ദ്യാഭ്യാസ ഘട്ടത്തിൽ തന്നെ വികസിപ്പിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കൽ.
- തൊഴിലിനോട് അനുകൂലമായ മനോഭാവവും തൊഴിലാഭിമുഖ്യവും സ്കൂൾവി ദ്യാഭ്യാസ ഘട്ടത്തിൽ തന്നെ വികസിപ്പിക്കുന്നതിനായി വർക്ക് എഡ്യൂക്കേഷനെ പാഠ്യപദ്ധതിയുമായി ഉദ്ഗ്രഥിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
- അദ്ധ്യാപകരുടെ പ്രൊഫഷണലിസം വികസിപ്പിക്കാനുതകുന്ന പ്രായോഗിക പരിശീലന പദ്ധതികൾ നടപ്പാക്കുക
- അക്കാദമിക മോണിറ്ററിംഗ് സംവിധാനം വികസിപ്പിക്കുക : ഓരോ ഘട്ടത്തിലും നേടേണ്ട ലക്ഷ്യങ്ങൾ നിജപ്പെടുത്തി അത് നേടുന്നു എന്നുറപ്പാക്കാനാവ ശ്യമായ അക്കാദമിക മോണിറ്ററിംഗ് രീതി വികസിപ്പിക്കൽ. ഇതിനായി ഓരോ സ്കൂൾ ഘട്ടത്തിലും (LP/UP/Secondary) പ്രാപ്യമാകേണ്ടുന്ന പഠനമികവുകൾ (Learning Attributes) നിജപ്പെടുത്തലും അവ നേടി എന്നുറപ്പാക്കാനാവശ്യമായ മോണിറ്ററിംഗ് സംവിധാനം വികസിപ്പിക്കലും
- വിജ്ഞാനസമൂഹം, പ്രാദേശിക സമ്പദ്ഘടന വികസിപ്പിക്കുക എന്നീ കാഴ്ചപ്പാ ടിനനുഗുണമാകും വിധം വിദ്യാഭ്യാസ സംവിധാനത്തെ വളർത്തിയെടുക്കൽ
- ദേശീയ അന്തർദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ പ്രാപ് തരാക്കുക
- പ്രീസ്കൂളിംഗ് ശക്തിപ്പെടുത്തുക കുട്ടികളുടെ പോഷണം, പരിചരണം എന്നി വയ്ക്ക് പുറമെ മാനസിക, ശാരീരിക, വൈകാരിക വികാസ മേഖലകൾ പരി പോഷിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാ ക്കുക. ഒരു പ്രദേശത്തെ സർക്കാർ പരിധിയിൽ വരുന്ന എല്ലാ പ്രീസ്കൂളിംഗ് പ്രവർത്തനങ്ങളുടേയും സ്വാഭാവികമായ ഏകോപനം തദ്ദേശഭരണസ്ഥാപനങ്ങ

ളുടെ നേതൃത്വത്തിൽ വികസിപ്പിക്കുക.

- സ്കൂൾതല മാസ്റ്റർപ്ലാനുകൾ ശാസ്ത്രീയമായി പുനക്രമീകരിക്കൽ.
- തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള മാസ്റ്റർപ്ലാനുകൾ രൂപപ്പെടുത്തൽ
- വിദ്യാഭ്യാസ രംഗത്ത് നൂതനത്വമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കലും നടപ്പാക്കലും
- സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുക
- സ്കൂൾതല കായിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കൽ
- സംവിധാനത്തിനകത്തെ മുഴുവൻ ജീവനക്കാരേയും ഉയർന്നുവരുന്ന അക്കാദമിക വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കുക.
- സ്കൂൾ ക്യാമ്പസുകളിൽ ശുചിത്വം ഉറപ്പുവരുത്തുക. മുഴുവൻ വിദ്യാലയങ്ങളേയും 'ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം' ആക്കി വളർത്തുക
- വിദ്യാർത്ഥികളുടേയും പി.ടി.എ/എസ്.എം.സി.യുടേയും പങ്കാളിത്തത്തോടെ സ്കൂൾ ക്യാമ്പസുകൾ ഹരിതാഭമാക്കുന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
- ശുചിത്വ ശീലവും ശുചിത്വ രീതികളും സ്വായത്തമാക്കുന്നതിനും അവരവർ ജീവിക്കുന്ന പരിസരം ശുചിത്വമുള്ള പരിസരമാക്കി മാറ്റുന്നതിനുമുള്ള ഉത്തരവാദിത്തം അവരവർക്ക് ഉണ്ട് എന്ന അവബോധവും ജീവിത കാഴ്ചപ്പാടും സ്കൂൾ പ്രായത്തിൽത്തന്നെ അനുഭവങ്ങളിലൂടെ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കലും നടപ്പാക്കലും
- ഇത്തരം പ്രവർത്തനങ്ങളിൽ അദ്ധ്യാപകർ, പൊതുസമൂഹം എന്നിവരുടെ പിന്തുണ കുട്ടികൾക്ക് ഉണ്ടാകുന്നു എന്നുറപ്പാക്കൽ.
- തദ്ദേശഭരണസ്ഥാപനങ്ങളുടെ സാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്തൽ.
- പ്രതിഭകൾ ഇ-ക്ലാസ്സ് മുറികളിലേക്ക് : വിദ്യാലയം ഉൾപ്പെടുന്ന പ്രദേശത്തെ കല, സാഹിത്യം, നാടകം, സിനിമ, സ്പോർട്സ്, വൈദ്യം, പാചകം, കൃഷി തുടങ്ങിയ വ്യത്യസ്ത മേഖലകളിലെ പ്രതിഭകളെ കണ്ടെത്തി അവരെ ഇ-ക്ലാസ്സ് മുറികളിലൂടെ കുട്ടികളുമായി സംവദിക്കാനുള്ള അവസരം ഒരുക്കൽ.
- കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സ് ലൈബ്രറികളേയും സ്കൂൾ ലൈബ്രറികളേയും മെച്ചപ്പെടുത്തൽ
- മാതൃകാ സ്കൂളുകൾ കണ്ടെത്തുന്നതിന് പൊതുമാനദണ്ഡങ്ങൾ തയ്യാറാക്കൽ
- സാംസ്ക്കാരിക വിനിമയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കലിലൂടെ വിവിധ സംസ്കാരങ്ങളോടും കലകളോടുമുള്ള ബഹുമാനവും ആദരവും വളർത്തിയെടുക്കുക.
- വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും അവയുടെ വിനിമയവും.

സംയോജന സാധ്യതകൾ

കുട്ടികളുടെ അറിവും കഴിവും നൈപുണികളും മനോഭാവവും വികസിപ്പിക്കാനുള്ള വൈവിധ്യമായ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി സംയോജന പ്രവർത്തനങ്ങളിലൂടെ ആവിഷ്കരിക്കാൻ കഴിയും. തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, പട്ടികജാതി പട്ടികവർഗ വകുപ്പ്, സാങ്കേതി വിദ്യാഭ്യാസ വകുപ്പ്, സ്പോർട്സ് വകുപ്പ്, സാംസ്ക്കാരിക വകുപ്പ് എന്നിവയുമായി പ്രത്യക്ഷമായും വിദ്യുച്ഛക്തി, ജലവിതരണം, വനംവകുപ്പ്, പുരാവസ്തു പുരാരേഖാ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുമായി പരോക്ഷമായും ബന്ധപ്പെട്ടുകിടക്കുന്ന സ്ഥാപനങ്ങളാണ് പൊതുവിദ്യാലയങ്ങൾ. ഈ വകുപ്പുകളുമായി എല്ലാം ബന്ധപ്പെട്ട് സംയോജിത പ്രവർത്തനം ആസൂത്രണം ചെയ്യാൻ കഴിയും . അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്താനും കഴിയും.

ക്യാമ്പയിനുകൾ

- കോവിഡാനന്തര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ജനകീയ ക്യാമ്പയിൻ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജനകീയ വിദ്യാഭ്യാസ രജിസ്റ്റർ ഉണ്ടാക്കൽ.
- ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം ക്യാമ്പയിൻ.
- ബാലസൗഹൃദ തദ്ദേശ ഭരണത്തെ സ്കൂളുകളുമായി ബന്ധിപ്പിക്കൽ.

ഇതുപോലെ മുന്നോട്ടുവെച്ച ലക്ഷ്യങ്ങൾക്കും പ്രവർത്തന സമീപനത്തിനും അനുഗുണമായി ഓരോഘട്ടത്തിലും രൂപപ്പെട്ടുവരുന്ന കാര്യങ്ങളെ ക്യാമ്പയിൻ രീതിയിൽ പരിവർത്തിപ്പിക്കാവുന്നതാണ്.

മോണിറ്ററിംഗ് സംവിധാനം

- മിഷൻ പ്രവർത്തനങ്ങൾ ടാസ്ക്കുകൾ ആക്കി മാറ്റിയാൽ അതനുസരിച്ച് ഡിജിറ്റൽ മോണിറ്ററിങ് ഫോർമാറ്റുകളും, വിദ്യാഭ്യാസ വകുപ്പിലെ വിവിധ തലങ്ങളിലെ സാധ്യതകളും പ്രയോജനപ്പെടുത്തി അക്കാദമി മോണിറ്ററിംഗ് സംവിധാനം വികസിപ്പിക്കാം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മോണിറ്ററിംഗിനായുള്ള പ്രധാന പങ്കാളികളാക്കി മാറ്റാം.

ഹരിതകേരളം മിഷൻ

സർക്കാരിന്റെ നയം

- പരിസ്ഥിതി സൗഹൃദ കേരളം സൃഷ്ടിക്കുക എന്നത് നവകേരള സൃഷ്ടിയുടെ മുഖ്യ ലക്ഷ്യമായിരിക്കും.
- ഓരോ വകുപ്പും ഹരിതകേരളം മിഷൻ ലക്ഷ്യങ്ങളെ എങ്ങനെ പിന്തുണയ്ക്കുന്നു എന്ന പ്രസ്താവന വകുപ്പുകളുടെ ബജറ്റിൽ ഉൾപ്പെടുത്തും.
- ജനകീയ കാമ്പയിനുകളുടെ രൂപത്തിൽ പരിസ്ഥിതി സംരക്ഷണ പരിപാടികൾ നടപ്പിലാക്കും.

മണ്ണ് - ജലസംരക്ഷണം (ജലസമൃദ്ധി)

സർക്കാരിന്റെ നയസമീപനം

- കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുന്നതിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും.
- നീർത്തട അടിസ്ഥാനത്തിലുള്ള ജല-മണ്ണ് സംരക്ഷണ പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ ആവിഷ്ക്കരിക്കും.
- നദീതട അടിസ്ഥാനത്തിലും വൻ നീർത്തട അടിസ്ഥാനത്തിലും ഉള്ള ആസൂത്രണം ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കും.

- ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണ/റെഗുലേറ്റർ ശൃംഖല പണിത് പുഴകളെ ജലസംഭരണികളാക്കി മാറ്റും.
- മഴനിഴൽ പ്രദേശത്ത് ജലക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കും.
- ജല ഉപയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- നഗരങ്ങളിലെ കനാലുകളും പുഴകളും ശുചിയാക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
- ജലാശയങ്ങളുടെ വാഹക പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ.
- വിവിധ വകുപ്പുകളുടെ ഏകോപനത്തോടു കൂടി നിലവിലുള്ള നീർത്തട വികസന റിപ്പോർട്ടുകൾ ക്യാമ്പയിനായി ഉപയോഗപ്പെടുത്തണം. കൂടാതെ, നീർത്തട പ്ലാനുകൾ വികസന പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന രേഖയായി മാറണം.
- കാട്ടാക്കട, തളിപ്പറമ്പ് മാതൃകയിൽ നീർത്തട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കും.
- മാതൃകാ ബ്ലോക്കുകളിൽ ജല ബജറ്റിന് രൂപം നൽകും.
- എല്ലാ വലിയ കുളങ്ങളും മാതൃകാപരമായി വെട്ടിവൃത്തിയാക്കി പുനഃരുജ്ജീവിപ്പിക്കും.

ലക്ഷ്യങ്ങൾ

- ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല ലഭ്യതയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുക.
- പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്ക്കാരം മുഴുവൻ ജനങ്ങളിലും രൂപപ്പെടുത്തുക.
- ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്ക് കൂടി ഉറപ്പാക്കുക.
- നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.
- ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉപയോഗം ജലവിഭവാസൂത്രണത്തിലും മോണിറ്ററിംഗിലും ഉറപ്പാക്കുക.
- കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ ജലവിഭവ മേഖലയിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞ്, ഇവയെ പ്രതിരോധിക്കും വിധമുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണ നിർവ്വഹണം ഉറപ്പാക്കുക.
- നഗര കേന്ദ്രീകൃത വെള്ളപ്പൊക്കം (urban flooding) ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനകീയമായി നിർവ്വഹിക്കുക.
- നീർത്തട അടിസ്ഥാനത്തിൽ മണ്ണ് - ജലസംരക്ഷണ പ്രവർത്തനം ജനകീയമായി നിർവ്വഹിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ ഉറപ്പാക്കുക.

- ജല മലിനീകരണം തടയുക. ഓരു വെള്ളക്കയറ്റം പ്രതിരോധിക്കുക.
- റൂം ഫോർ റിവർ ശക്തിപ്പെടുത്തുക.
- ജലസ്രോതസ്സുകളിൽ അമിതമായി അടിഞ്ഞുകൂടിയ എക്കലും മണലും നീക്കം ചെയ്യുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ ഏകോപനം സാധ്യമാക്കിക്കൊണ്ട് പരമാവധി ജനപങ്കാളിത്തോടെ ഈ പ്രവർത്തനങ്ങൾ നടത്തുക.

പ്രവർത്തന സമീപനം

- കേരളത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നദീതടാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്ന തരത്തിൽ കഴിഞ്ഞ കാല പ്രവർത്തനങ്ങളിൽ അവലംബിച്ച രീതി തുടരുകയെന്നതാണ് പൊതു സമീപനം.
- ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്കുകൂടി ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജലബജറ്റും ജലസുരക്ഷാ പ്ലാനുകളും തയ്യാറാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായിട്ടാകണം ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്.
- നീർത്തടാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുതകുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് തല നീർത്തട മാസ്റ്റർ പ്ലാനുകൾ എല്ലായിടത്തും ഉറപ്പാക്കണം. ഇവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏകോപനം സാദ്ധ്യമാക്കി നിർവ്വഹിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികൾ (23.10.2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 20/2017/ജ.വി.വ പ്രകാരം രൂപീകൃതമായത്) ശ്രദ്ധിക്കണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒറ്റ നിർവ്വഹണ പ്ലാൻ ഉണ്ടാക്കുകയും, ബന്ധപ്പെട്ട വകുപ്പുകളുടേയും എജൻസികളുടേയും കേന്ദ്ര-സംസ്ഥാന പദ്ധതികൾ പരമാവധി ഈ പ്ലാനുമായി കൂട്ടിയോജിപ്പിച്ച് നടപ്പിലാക്കുകയും വേണം.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി വിനിയോഗിക്കണം. ഈ പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ആവശ്യമായ ഘട്ടങ്ങളിൽ മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കാൻ കഴിയണം.
- പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിനും വീണ്ടും മലിനമാകാതെ ഉപയുക്തമാക്കി നിലനിർത്തുന്നതിനും കൃഷി, വിനോദസഞ്ചാരം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കണം.
- കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കേരളത്തിൽ ലഭ്യമാകുന്ന മഴയുടെ

അളവ് വർദ്ധിച്ചു വരുന്നു. സ്ഥലകാല വ്യതിയാനം കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ മഴക്കാലത്തുള്ള അധിക ജലം വാർന്നുപോകുന്നതിനുള്ള സംവിധാനം, പുഴകൾക്ക് ഒഴുകാനുള്ളയിടം (Room for River), പുഴകളുടെ ജല വാഹകശേഷി പുനസ്ഥാപിക്കൽ എന്നിവ സാധ്യമാക്കണം. ഒപ്പം പുഴകൾക്കുള്ളിൽ ജലസംഭരണം സാധ്യമാക്കാൻ കഴിയുന്ന തരത്തിലുള്ള നിർമ്മിതികൾ ഉറപ്പാക്കണം.

- ജലശുദ്ധി ഉറപ്പാക്കാനും ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക അകറ്റാനും കഴിയണം.
- ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജലവിഭവ പ്ലാനിംഗും മോണിട്ടറിംഗും ഈ മേഖലയിൽ കേന്ദ്ര സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനുള്ള പദ്ധതികളുടെ രൂപീകരണവും നടത്തണം. ഐ.ടി. മിഷന്റെ സാങ്കേതിക പിന്തുണ ഇതിനായി പ്രയോജനപ്പെടുത്തണം.

പ്രവർത്തനങ്ങൾ

- തദ്ദേശ സ്വയം ഭരണ സ്ഥാപനതല സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ നിലവിലുള്ള സംയോജിത നീർത്തട പ്ലാനുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്കുകൂടി അനുഗുണമായ രീതിയിൽ കാലാനുസൃതമാക്കും. ഈ പ്രവർത്തനം പരമാവധി ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സമയബന്ധിത ക്യാമ്പയിനായി നടത്തും.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പരമാവധി ജനകീയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികളുടെ സഹായത്തോടെ ജലബജറ്റും ജല സുരക്ഷാ പ്ലാനും തയ്യാറാക്കും. ആദ്യഘട്ടത്തിൽ ഒരു ജില്ലയിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും തുടർന്ന് മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കും.
- നീർത്തട പ്ലാനുകളിൽ നിർദ്ദേശിക്കുന്ന ആവാഹ പ്രദേശ പരിപാലനം, കുളങ്ങളുടെ നവീകരണം, കിണർ റീചാർജിംഗ്, നീർച്ചാലുകളുടെ നവീകരണം എന്നിവ വിവിധ വകുപ്പുകളും ഏജൻസികളും അവരവരുടെ സാധ്യതകൾക്കനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപനം സാധ്യമാക്കിക്കൊണ്ട് ഏറ്റെടുത്ത് നടപ്പിലാക്കും. ബജറ്റ് വിഹിതം ലഭ്യമായിട്ടുള്ള വകുപ്പുകൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഗ്രീൻ സ്റ്റേറ്റ്മെന്റിൽ ഇത്തരം പ്രോജക്ടുകൾ ഉൾപ്പെടുത്തണം. സംസ്ഥാന പ്ലാനിംഗ് ബോർഡിന് വാർഷിക പദ്ധതികൾ തയ്യാറാക്കി നൽകുമ്പോൾ ഇവ കൂട്ടിച്ചേർക്കണം. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി ഭൂജല നിരപ്പിൽ ഉണ്ടാകുന്ന വ്യതിയാനം രേഖപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമുള്ള സംവിധാനം ഒരുക്കും.

- പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിനും വീണ്ടും മലിനമാകാതെ ഉപയുക്തമാക്കി നിലനിർത്തുന്നതിനും സാധ്യമായ ഇടങ്ങളിൽ കൃഷി, വിനോദസഞ്ചാരം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഇവയ്ക്കനുബന്ധമായി ജൈവകൃഷി വ്യാപനം, മത്സ്യകൃഷി, ഫാം ടൂറിസം, പ്രാദേശിക ടൂറിസം, പ്രഭാത-സായാഹ്ന വ്യായാമം, സമീപത്തെ പൊതു ഉടമസ്ഥതയിലുള്ള ഭൂമിയിൽ പൊതു ഇടങ്ങൾ, ജൈവ വൈവിദ്ധ്യ പാർക്കുകൾ, പച്ചത്തുരുത്തുകൾ മുതലായവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കും.
- ജലസേചന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തും. കൃഷിയും ജലസേചനവും ബന്ധിപ്പിച്ച് ഉറപ്പായ ജലസേചനം (assured irrigation) സാദ്ധ്യമാക്കും.
- കേരളത്തിലെ വിവിധ സ്വഭാവമുള്ള ഭൂപ്രദേശങ്ങളിൽ നടപ്പിലാക്കിയ കാട്ടാക്കട, ബാവലി, മാണിക്കൽ എന്നീ മാതൃകകൾ സമാനമായ മറ്റ് പ്രദേശങ്ങളിൽ നടപ്പിലാക്കും. ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അവർ നടത്തിയ പ്രവർത്തനങ്ങൾ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പരിചയപ്പെടുത്തുന്നതിന് ആവശ്യമായ വേദി ഒരുക്കും.
- ജലസംരക്ഷണം, ജലഉപയോഗ കാര്യക്ഷമത എന്നിവ നേടുന്നതിനുള്ള നടപടികൾ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ ജനകീയമായി നിർവ്വഹിക്കും.
- കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് പഠനം നടത്തുന്നതിനും ജലമേഖലയിൽ ഇതിന്റെ ആഘാതം ലഘൂകരിക്കുന്നതിന് ആവശ്യമായ പ്രായോഗിക സമീപനം രൂപപ്പെടുത്തുന്നതിനും ആവശ്യമായ സഹായം ഈ രംഗത്ത് പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കും.
- പുഴകൾ, തോടുകൾ എന്നിവയിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- പ്രകൃതിദത്ത മാർഗ്ഗങ്ങൾ ഉപയോഗിച്ച് തീരങ്ങൾ സംരക്ഷിക്കും.
- ഓരു വെള്ളക്കയറ്റം പ്രതിരോധിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കും.
- ക്വാറികൾ പോലെയുള്ള മനുഷ്യപ്രവർത്തനങ്ങളുടെ ഭാഗമായുണ്ടായ ജലസംഭരണികളിലെ ജലം ഗുണനിലവാര പരിശോധന നടത്തി കിണർ, കുളം, നീർച്ചാലുകൾ മുതലായവയുടെ റീച്ചാർജ്ജിംഗ്, ജലസേചനം, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കും.
- ഐ.ടി. മിഷന്റെ സാങ്കേതിക സഹായത്തോടെ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ജലവിഭവ പ്ലാനിംഗും മോണിട്ടറിംഗും ഒപ്പം ഈ മേഖലയിൽ കേന്ദ്ര സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനുള്ള പദ്ധതികളുടെ രൂപീകരണവും നടത്തും. ഈ പ്രവർത്തനത്തിൽ കേരള പുനർനിർമ്മാണ സംരംഭ

ത്തിന്റെ സാധ്യത വിനിയോഗിക്കും.

- നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച് ഒഴുക്ക് സുഗമമാക്കുന്നതിനും വാഹക ശേഷി വർദ്ധിപ്പിക്കുന്നതിനും ഇവയുടെ ശൃംഖല സജീവമാക്കുന്നതിനും 'ഇനി ഞാനൊഴുകട്ടെ' മാതൃകയിൽ സമയബന്ധിത ക്യാമ്പയിനുകൾ സംഘടിപ്പിക്കും. നീർച്ചാൽ ശൃംഖല പൂർണ്ണമായും വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കും. ഇതോടൊപ്പം 'മാപ്പത്തോണിൽ' അടയാളപ്പെടുത്തി ശൃംഖല പൂർത്തീകരിച്ചു എന്നുറപ്പാക്കും. ഉയർന്ന ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താഴ്ന്ന നിര ചാലുകളുടെ പുനരുജ്ജീവനത്തിനും ശൃംഖല പുനസ്ഥാപനത്തിനും മുൻഗണന കൊടുക്കും.
- നീർച്ചാലുകളിലെ മഴക്കാല നീരൊഴുക്ക് നിയന്ത്രിക്കുന്നതിനും വേനൽക്കാല നീരൊഴുക്ക് ഉറപ്പാക്കാൻ കഴിയുന്ന രീതിയിൽ അവയുടെ ആവാഹ പ്രദേശത്തെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കും.
- ജലഗുണനിലവാരം ഉറപ്പാക്കുന്നതിന് ജലഗുണനിലവാര പരിശോധനാ ലാബുകൾ ഗ്രാമീണ മേഖലയിൽ കൂടുതലായി ആരംഭിക്കും. ഇതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളും വകുപ്പുകളും പദ്ധതി തയ്യാറാക്കി, ആവശ്യമുള്ള പക്ഷം മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക പിന്തുണകൂടി ഉറപ്പാക്കി ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഒരു ഹയർ സെക്കന്ററി സ്കൂളിൽ ലാബുകൾ സ്ഥാപിക്കും. ഇതിനായി വികസിപ്പിച്ച സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് മുതലായവർക്ക് ലഭ്യമാക്കും.
- നദികളിലും നീർച്ചാലുകളിലും നിർമ്മിക്കാവുന്ന, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ സ്വാഭാവികത നഷ്ടപ്പെടുത്താത്തതും നീർച്ചാലുകൾക്കകത്ത് തന്നെ ജലസംഭരണം സാധ്യമാക്കുന്നതും നിയന്ത്രിതമായും സ്ഥായിയായും പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പാക്കാൻ കഴിയുന്നതുമായ ബന്ധാര മാതൃകയിലുള്ള ജലസംഭരണികൾ സാദ്ധ്യമാകുന്ന പ്രദേശങ്ങളിൽ പ്രാവർത്തികമാക്കും.
- ഐ.ടി. മിഷന്റെ 'മാപ്പത്തോൺ' പ്രവർത്തനം പ്രയോജനപ്പെടുത്തി 'ജലശക്തിഅഭിയാൻ' പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ 'സ്പേഷ്യൽ പ്ലാനിംഗ്' എന്നിവ പോലെയുള്ള കേന്ദ്ര പദ്ധതികളുടെ പദ്ധതി രൂപീകരണം സാദ്ധ്യമാക്കുന്നതിനായി ജലസ്രോതസ്സുകൾ 'ജിയോ റഫറൻസ്' ചെയ്യുന്ന പ്രവർത്തനം നടത്തും.

സംയോജന സാദ്ധ്യതകൾ

നവകേരളം കർമ്മപദ്ധതിയിൽ എല്ലാ മിഷനുകളും ഒപ്പം കേരള പുനർനിർമ്മാണ പദ്ധതിയും നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുക. അതിനാൽതന്നെ ഓരോ വിഷയമേഖലകളിലും സംയോജിത സാദ്ധ്യതകൾ പരിശോധിക്കും. എല്ലാ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാവുന്ന മേഖലകൾ കണ്ടെത്തി സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തും. ഓരോ വകുപ്പും

തങ്ങളുടെ പ്രവർത്തനങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ലക്ഷ്യങ്ങളുമായി എങ്ങനെയെല്ലാം സംയോജിപ്പിക്കാമെന്ന് പ്രത്യേകം പരിശോധിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ രേഖയിൽ ഇക്കാര്യം വ്യക്തമാക്കുകയും ചെയ്യണം.

ജലസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതികൾ തുടങ്ങിയ വിവിധ സർക്കാർ ഏജൻസികളുടെ നേതൃത്വത്തിലാണ് പ്രധാനമായും നിർവ്വഹിക്കപ്പെടുന്നത്. അതിനാൽ ഇവയുടെ ഫലപ്രദമായ പ്രവർത്തന ഏകോപനം ഏറെ പ്രധാനമാണ്. 23.10.2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.20/2017/ജ.വി.വ പ്രകാരം രൂപീകൃതമായ തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ ഒരോ ഏജൻസികൾക്കും അനുയോജ്യമായ പ്രവൃത്തികളുടെ തെരെഞ്ഞെടുപ്പും ഏകോപനവും സാദ്ധ്യമാക്കും.

ഹരിതകേരളം മിഷന്റെ ഇതര ഉപമിഷനുകളായ കൃഷി ഉപമിഷൻ, ശുചിത്വ ഉപമിഷൻ എന്നീ ഉപമിഷനുകളുമായി ജലമലിനീകരണം തടയൽ, ജലസ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗം, നെൽകൃഷി വ്യാപനവും അതുവഴിയുള്ള നീർച്ചാലുകളിലെ നീരൊഴുക്ക് വർദ്ധിക്കൽ, അനുയോജ്യ കൃഷി തെരെഞ്ഞെടുക്കൽ, വൃക്ഷവൽക്കരണം, കൃഷിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കൽ, ജലമലിനീകരണ ലഘൂകരണം തുടങ്ങി അനവധി പ്രവർത്തനങ്ങളിൽ ഏകോപനം സാധ്യമാക്കും.

ആർദ്രം

ജലജന്യരോഗ നിയന്ത്രണം, ജലഗുണനിലവാര നിർണ്ണയ ലാബ്

ലൈഫ്

സുരക്ഷിത കുടിവെള്ളം, ജലസംരക്ഷണ മേഖലയ്ക്കാവശ്യമായ തൊഴിൽ സേന, ജല പുനരുപയോഗ സംവിധാനങ്ങൾ, മലിനജല സംസ്കരണ സംവിധാനങ്ങൾ

വിദ്യാകിരണം

സ്കൂളുകളിലെ ജലഗുണനിലവാര നിർണ്ണയ ലാബ്, വിവര ശേഖരണം, ജലസംരക്ഷണം, ജലമിതവ്യയം - ക്യാമ്പയിനുകൾ

കേരള പുനർനിർമ്മാണ പദ്ധതി

ബന്ധപ്പെട്ട വകുപ്പുകൾ വഴിയുള്ള വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ

ക്യാമ്പയിനുകൾ

നവകേരളം കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ക്യാമ്പയിനുകൾ വഴി ജനപങ്കാളിത്തവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരും.

മോണിറ്ററിംഗ്

ഫീൽഡ്തല പ്രവർത്തനങ്ങൾ ജിയോ ടാഗ് ചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനമായി 'ഹരിതദൃഷ്ടി' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഒരുക്കിയിട്ടുണ്ട്. ജില്ലാതലം മുതൽ ഇത് വെബ് ബേസ്ഡ് ആയതി നാൽ ജില്ലാതല ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർമാർക്കും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് സാധിക്കും. പ്രവർത്തന സഹായിയും തയ്യാറാക്കിയ ഉദ്യോഗസ്ഥർക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ പുരോഗതിക്കൊപ്പം ഗുണഫലങ്ങളും വിലയിരുത്തുന്നതിനുള്ള സംവിധാനം ഇതിലുണ്ട്. എല്ലാ വകുപ്പുകളും ഏജൻസികളും 'ഹരിതദൃഷ്ടി' ഉപയോഗിക്കേണ്ടതുണ്ട്.

മാലിന്യ സംസ്കരണ ഉപമിഷൻ

സർക്കാരിന്റെ നയസമീപനം

- കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കുകയും ഉറവിട മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണവും പ്രാദേശിക സ്വീവേജ് സംരക്ഷണവും നടപ്പാക്കുകയും ചെയ്യും.
- അനിവാര്യ ഇടങ്ങളിൽ വൻകിട മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കും.
- കക്കൂസ് മാലിന്യം സംസ്കരിക്കാൻ ഉതകുന്ന സെപ്റ്റേജുകൾ പ്രാദേശികമായി സ്ഥാപിക്കും.
- വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ 2022 ഓടെ സമ്പൂർണ്ണമാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ കാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം നടപ്പിലാക്കും.
- സംരംഭകത്വ അടിസ്ഥാനത്തിൽ മാലിന്യ സംഭരണവും വേർതിരിക്കലും നടത്തി സംസ്കരിച്ചു വിപണനം നടത്തും.
- അപ്സൈക്കിൾ, റീസൈക്കിൾ ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ 50 ശതമാനം ഇത്തരം ഉൽപ്പന്നങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തും.
- സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ളോട്ടർ വേസ്റ്റ് ഫ്രീ

സംസ്ഥാനമാക്കും.

- ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.
- റീജിയണൽ ലാന്റ് ഫില്ലുകൾ വർദ്ധിപ്പിക്കും.
- കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് റിക്കവറി സെന്ററുകൾ സ്ഥാപിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ വളം 'ഹരിത മിത്രം' ബ്രാൻഡിൽ വിപണിയിലെത്തിക്കും.
- ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുകയും ടൂറിസം കേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടു വരും.
- ഹരിതകർമ്മസേനയ്ക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടാകും.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ശ്മശാനം ഉറപ്പാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം ഗ്രീൻ ഓഡിറ്റിംഗ് സമിതികൾ രൂപീകരിക്കും.
- ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടൂറിസ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കുകയും സജീവ പങ്കാളികളാക്കുകയും ചെയ്യും.

മിഷന്റെ ലക്ഷ്യങ്ങൾ

- മണ്ണ്, ജലം, അന്തരീക്ഷം എന്നിവ എന്നും വൃത്തിയോടെയും ശുചിത്വത്തോടെയും നില നിർത്തുന്നതിന് ജനകീയ പങ്കാളിത്തത്തോടെ ക്യാമ്പയിൻ മാതൃകയിൽ മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക.
- മാലിന്യ പരിപാലനത്തെ വിഭവവും തൊഴിലുമാക്കി മാറ്റി അതിലൂടെ മാലിന്യ സംസ്ക്കരണ പദ്ധതി നടത്തിപ്പിനാവശ്യമായ സമ്പദ്ഘടന രൂപപ്പെടുത്തുക.
- സംസ്ഥാന സർക്കാരിന്റെ ഖര-ദ്രവ-മാലിന്യ പരിപാലന നയങ്ങൾക്കും നിലവിലുള്ള ചട്ടങ്ങൾക്കും അനുസൃതമായി വികേന്ദ്രീകൃത മാതൃകയിൽ മാലിന്യ പരിപാലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വ കേരളം സൃഷ്ടിക്കുക.
- വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി ഉറപ്പാക്കുക.
- മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയും സമൂഹത്തിൽ ശുചിത്വ ബോധം വളർത്തിയും ശുചിത്വ അവകാശ നിർണ്ണയം സാധ്യമാക്കുക.
- ദ്രവമാലിന്യ പരിപാലനം, ഗാർഹിക-സ്ഥാപന-പൊതു തലങ്ങളിൽ സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പ്രത്യേകം കൈകാര്യം ചെയ്യേണ്ട മാലിന്യങ്ങളായ ഇറച്ചി മാലിന്യം, മുടി

മാലിന്യം, സാനിട്ടറി മാലിന്യം, പുനഃചംക്രമണ സാധ്യമല്ലാത്ത വസ്തുക്കൾ, കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് എന്നിവയുടെ ശേഖരണത്തിനും ശാസ്ത്രീയ സംസ്ക്കരണത്തിനും മേഖലാതലത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ സംവിധാനമൊരുക്കൽ.

- വൃത്തിയും ശുചിത്വവുമുള്ള പൊതു ശുചിമുറികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയായ 'ടേക്ക് എ ബ്രേക്ക്' മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രാവർത്തികമാക്കി പൊതു ശുചിത്വം ഉറപ്പാക്കൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം (Litter Free Kerala) ക്യാമ്പയിൻ നടപ്പിലാക്കുക.
- മാലിന്യ സംസ്ക്കരണ മേഖലയ്ക്കാവശ്യമായ വിദഗ്ധരെ രൂപ്പെടുത്തുന്നതിന് സഹായകരമായ രീതിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ നിർദ്ദേശിക്കുക.

മിഷന്റെ പ്രവർത്തന സമീപനം

- മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ബഹുജന ക്യാമ്പയിനായി നടപ്പിലാക്കും.
- മാലിന്യ സംസ്ക്കരണ മേഖലയിലെ കേന്ദ്ര- സംസ്ഥാനാവിഷ്കൃത സ്കീമുകളും ലോക ബാങ്ക് സഹായത്തോടെയുള്ള സ്കീമുകളെയും ഇതര വകുപ്പുകളുടെ ഭാഗമായ സ്കീമുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒറ്റ പദ്ധതിയായി മാറ്റും.
- നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളും പൊതു ലക്ഷ്യം കൈവരിക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങളും അനുബന്ധ ക്യാമ്പയിനുകളും ആസൂത്രണം ചെയ്ത് നടപ്പിലാക്കും.
- മാലിന്യ സംസ്ക്കരണ രംഗത്ത് ശാസ്ത്രീയ രീതി പിന്തുടരുന്ന സ്വാകാര്യ സംരംഭകരെ എംപാനൽ ചെയ്ത് ബിസിനസ് മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം ലഭ്യമാക്കും.
- മാലിന്യ സംസ്ക്കരണ രംഗത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രത്യേക പരിശോധക സംഘങ്ങളെ നിയോഗിച്ച് 6 മാസത്തിലൊരിക്കൽ സമഗ്ര വിലയിരുത്തൽ നടത്തും. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് പ്രസിദ്ധപ്പെടുത്തും. 3 മാസത്തിലൊരിക്കൽ സംസ്ഥാന തലത്തിൽ അവലോകനം സംഘടിപ്പിക്കും.
- ഹരിത കർമ്മ സേനകളെ മികച്ച വരുമാനമുള്ള സംരംഭങ്ങളാക്കി മാറ്റും. ഇതിന്റെ ഭാഗമായി ജൈവമാലിന്യത്തിൽ നിന്നുള്ള ജൈവവളം 'ഹരിത മിത്രം' ബ്രാൻഡിൽ വിപണിയിലിറക്കും. അപ്-സൈക്കിൾ, റീ-സൈക്കിൾ ഉൽപ്പന്നങ്ങൾ സർക്കാർ സംവിധാനങ്ങളിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കും.
- വരുമാനം മെച്ചപ്പെടാത്ത ഹരിത കർമ്മ സേനാ യൂണിറ്റുകൾക്ക് വി.ജി.എഫ്

ലഭ്യമാക്കും.

- വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായം ആവശ്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം ഗ്രീൻ ഓഡിറ്റ് സമിതികൾ രൂപീകരിക്കും.
- മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഗ്രീൻ സർട്ടിഫിക്കേഷൻ നടപ്പിലാക്കും.
- മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, വലിച്ചെറിയലൊഴിവാക്കൽ എന്നിവ ഉറപ്പു വരുത്തുന്നതിനായി സ്ഥാപനങ്ങൾ, പൊതുപരിപാടികൾ എന്നിവയിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കും.
- തെറ്റായ രീതിയിൽ മാലിന്യ സംസ്ക്കരണം നടത്തി മുന്നോട്ട് പേകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്ക്കരണ രംഗത്ത് മികച്ച സാങ്കേതിക പിന്തുണ നൽകാൻ കഴിയുന്ന തരത്തിൽ ശുചിത്വ മിഷൻ പരിഷ്കരിക്കും. ദ്രവ മാലിന്യം, ജൈവ മാലിന്യം, അജൈവമാലിന്യം, അപകട സ്വഭാവമുള്ള മാലിന്യം, നയങ്ങൾ, നിയമങ്ങൾ, ഐ.ഇ.സി(വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ), ശീലവത്ക്കരണം എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി സംസ്ഥാന-ജില്ലാതലങ്ങളിൽ ശുചിത്വ മിഷൻ സംവിധാനം നവീകരിക്കും.
- എൻഫോഴ്സ്മെന്റ് ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കൂട്ടിയോജിപ്പിച്ച് നിയമനടപടികൾ സ്വീകരിക്കുന്നത് കർശനമാക്കും.
- സമഗ്ര മാലിന്യ സംസ്ക്കരണത്തിനു മനുഷ്യ വിഭവ വികസനത്തിന് കില മുഖേന പരിശീലന സംവിധാനം വികസിപ്പിക്കും.
- മാലിന്യ സംസ്ക്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകരെ മിഷന്റെ ഭാഗമാക്കി മാറ്റും.

പ്രവർത്തനങ്ങൾ

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ അവസ്ഥാ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സമയബന്ധിത പ്രവർത്തന കർമ്മപരിപാടി തയ്യാറാക്കും.
- ശുചിത്വ പദവി മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി ശേഖരണം 100 ശതമാനം എത്തിക്കുകയും അവശേഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സജ്ജമാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പ്രവർത്തനാവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളും ബഹു ജന വിദ്യാഭ്യാസ പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും.
- അജൈവ മാലിന്യ പരിപാലനത്തിന്റെ ഭാഗമായ മിനി എം.സി.എഫ്, എം.സി. എഫ്, ആർ.ആർ.എഫ്. എന്നിവ മികച്ച സൗകര്യങ്ങളോടെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സജ്ജമാക്കും. ആർ.ആർ.എഫ്. കൾ തരംതിരിക്ക ലിനും അഴുക്കുകൾ നീക്കം ചെയ്യുന്നതിനും സഹായകമായ യന്ത്രവൽക്കരണം നടത്തി നവീകരിക്കും.
- സംഭരിക്കപ്പെടുന്ന പാഴ്വസ്തുക്കൾ കൂടുതൽ മൂല്യവർദ്ധിതമാക്കുന്നതിന് ക്ലീൻ കേരളാ കമ്പനിയുടെ നേതൃത്വത്തിൽ മേഖലാടിസ്ഥാനത്തിൽ ഹൈടെക് പ്ലാസ്റ്റിക് പുനചംക്രമണ പാർക്കുകൾ സ്ഥാപിക്കൽ.
- സംസ്ഥാനത്ത് എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ.) നടപ്പിലാക്കും.
- ഗാർഹിക തലത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാനിട്ടറി, മെഡിക്കൽ, അപ കടകരമായ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണം, സംഭരണം, കടത്തൽ, സംസ്ക്കരണം എന്നിവയ്ക്ക് സംവിധാനം ഒരുക്കും.
- തെറ്റായ രീതിയിൽ മാലിന്യ സംസ്ക്കരണം നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുന്ന ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏകോ പിപ്പിച്ച് നിയമ നടപടികൾ കർശനമാക്കുന്നതിന് ക്രമീകരണം ഒരുക്കും.
- സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ് കരണം സംബന്ധിച്ച് MIS സംവിധാനം നടപ്പിലാക്കുന്നതിന് 'Smart Garbage App' സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കും.
- ഒരു തരത്തിലുമുള്ള സംസ്ക്കരണം സാധ്യമല്ലാത്തതും അപകടകരമായതു മായ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് റീജണൽ ലാന്റ് ഫിൽ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- ഗ്രീൻ പ്രോട്ടോക്കോൾ, പുനരുപയോഗം, ഉറവിടത്തിൽ വേർതിരിക്കൽ, ബദൽ ഉത്പന്ന പ്രചാരണം എന്നിവയെ കേന്ദ്രീകരിച്ചുള്ള വലിച്ചെറിയൽ മുക്ത കേരളം ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കും.
- സമഗ്ര മാലിന്യ സംസ്ക്കരണത്തിനു വേണ്ടിയുള്ള മനുഷ്യ വിഭവ വികസനത്തിന് കില, എഞ്ചിനീയറിംഗ് കോളേജുകൾ, അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, ഈ രംഗത്തെ മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് പരിശീലന സംവിധാനം സജ്ജമാക്കും.
- കക്കൂസ് മാലിന്യ സംസ്ക്കരണത്തിനാവശ്യമായ വികേന്ദ്രീകൃത സെപ്റ്റേജ്/ ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ മലിനജല സംസ്കരണത്തിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കും.
- നിലവിലുള്ള പരമ്പരാഗത കക്കൂസുകളെ ശാസ്ത്രീയമായ സംസ്ക്കരണത്തി

നുതകുന്ന ഘടനയിലേക്ക് നവീകരിക്കും.

- ജലമലിനീകരണം തടയുന്നതിനുള്ള വികേന്ദ്രീകൃത സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സജ്ജമാക്കും.
- ജലമലിനീകരണം തടയുന്നതിന് ബഹുജന അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിനോദ സഞ്ചാര വകുപ്പിന്റെയും റസ്പോൺസിബിൾ ടൂറിസം മിഷന്റെയും സഹകരണത്തോടെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുകയും ഹരിത ടൂറിസം പ്രോത്സാഹിപ്പിക്കുകയും ചെയ്യും.
- പൊതു ജനങ്ങൾക്ക് മാലിന്യ പരിപാലന സംവിധാനങ്ങൾ വാങ്ങുന്നതിനും ഉപയോഗ രീതികൾ മനസ്സിലാക്കുന്നതിനും ഇത് സംബന്ധിച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനും പ്രാദേശിക തലത്തിൽ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളും, ഓൺലൈൻ വിപണന സംവിധാനത്തിനും രൂപം കൊടുക്കും.
- മിഷൻ പ്രവർത്തനങ്ങളുടെ ഓരോ ഘട്ടങ്ങളും പിന്നിടുമ്പോൾ അതുവരെയുള്ള നേട്ടങ്ങൾ ഡിജിറ്റൽ രൂപത്തിൽ സംഭരിക്കുന്നതിനും ഭാവി തലമുറയ്ക്ക് അത് വിജ്ഞാന ദായകമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും സംവിധാനമൊരുക്കും.
- മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ച് ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും ആയത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഓൺലൈൻ പ്ലാറ്റ് ഫോം തയ്യാറാക്കും.
- മാലിന്യ സംസ്ക്കരണ മേഖലയിൽ സി.എസ്.ആർ. ഫണ്ട് വിനിയോഗം പ്രോത്സാഹിപ്പിക്കും.
- മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വകുപ്പുകൾ, മിഷൻ/ഏജൻസികൾ എന്നിവർക്ക് മുഖ്യമന്ത്രിയുടെ നവകേരളം പുരസ്ക്കാരം ഏർപ്പെടുത്തും.
- ദേശീയ-സംസ്ഥാന പാതയ്ക്ക് അരികിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകൾ പോലുള്ള കേന്ദ്രങ്ങളുടെയും സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ സ്ഥാപിക്കും. വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ 2022 ഓടെ സമ്പൂർണമാക്കും. ഇവ ഭിന്നശേഷി സൗഹൃദവും സ്ത്രീ സൗഹൃദവും പരിസ്ഥിതി സൗഹൃദവുമാണെന്ന് ഉറപ്പു വരുത്തും.
- മെഡിക്കൽ കോളേജ്, ജില്ലാ താലൂക്ക് ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുശ്മശാനം ഉറപ്പാക്കും.

സംയോജന സാധ്യതകൾ

- കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ, നഗരം), ലോക ബാങ്ക് ധനസഹായ പദ്ധതിയായ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (KSWMP), പെർഫോമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് (PBIG), സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (ഗ്രാമം, നഗരം), 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സമന്വയിപ്പിച്ച് നടപ്പിലാക്കാൻ കഴിയും.
- തൊഴിലുറപ്പ് പദ്ധതികൾ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരളാ കമ്പനി, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കിഫ് ബി, റീ ബിൽഡ് കേരള ഇനിഷേറ്റീവ്, കൃഷി വകുപ്പ്, ജല വിഭവ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളുടെ സേവനം സംയോജിപ്പിച്ച് മാലിന്യ സംസ്ക്കരണത്തിനുള്ള അടിസ്ഥാന സൗകര്യം, ഹരിത കർമ്മ സേനയുടെ വരുമാന വർദ്ധനവ്, ബഹുജന അവബോധം വളർത്തൽ എന്നിവയ്ക്കുള്ള സംയോജിത പദ്ധതി നടപ്പിലാക്കാൻ കഴിയും.
- പൊതുജന സമ്പർക്കം കൂടുതൽ വരുന്ന മേഖലകളായ വിനോദ സഞ്ചാരം, കെ.എസ്.ആർ.ടി.സി, ആരോഗ്യം, സാംസ്ക്കാരികം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ഹാർബർ, ഫിഷറീസ്, വനം വന്യജീവി വകുപ്പ്, ഇക്കോടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്ന വകുപ്പുകൾ /ഏജൻസികളുമായി ശുചിത്വ മിഷൻ പ്രവർത്തനങ്ങളെ ബന്ധിപ്പിച്ച് അതാത് ഏജൻസികളുടെ നേതൃത്വത്തിൽ ശുചിത്വമിഷൻ സാങ്കേതിക സഹായത്തോടെ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയും. ഇതിനായി അതാത് വകുപ്പുകളിൽ പ്രത്യേക മാലിന്യ പരിപാലന ക്യാമ്പയിൻ നടത്താൻ സാധിക്കും.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കീഴിലെ ഗവേഷണ/പരിശീലന സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെ നിർമ്മാണം, പാക്കേജിംഗ്, നൂതന മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ വികസിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാണ്.

സംഘടനാ സംവിധാനങ്ങൾ

- സ.ഉ (പി)നം.10/2021/പി&ഇ.എ. തീയതി 10.08.2021 ഉത്തരവു പ്രകാരമുള്ള സംഘടനാ സംവിധാനം കൂടാതെ ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറായും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ വിദ്യാഭ്യാസ സ്ററാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, ചുമതലയുള്ള റിസോഴ്സ് പേഴ്സൺമാർ എന്നിവർ അംഗങ്ങളായും

ബ്ലോക്ക്തല ഏകോപന മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കും.

- സംസ്ഥാന തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലം വരെ വിഷയ വിദഗ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ സമിതികൾ രൂപീകരിക്കും. പദ്ധതി നടത്തിപ്പ് നിരീക്ഷിക്കുന്നതിനും അതാത് സമയത്തെ തടസ്സങ്ങൾ നീക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഇതിലൂടെ ഒരുക്കും.

ക്യാമ്പയിനുകൾ

- ആർദ്രം, വിദ്യാകിരണം, ലൈഫ്, ഹരിതകേരളം മിഷൻ, തുടങ്ങിയ 4 മിഷനുകളുടെ ഏകോപനത്തിലൂടെ പകർച്ചവ്യാധികൾ തടയൽ, മാലിന്യ മുക്ത സ്കൂൾ, ശുചിത്വ ശീലം, ശുചിത്വ ഭവനം, മാലിന്യ രഹിത ജലാശയം, ശുചിത്വ സ്ഥാപനങ്ങൾ, ജൈവകൃഷി എന്നീ ലക്ഷ്യങ്ങൾ സമന്വയിപ്പിച്ച് നവകേരളത്തിനായുള്ള ഏകോപിത ക്യാമ്പയിൻ നടപ്പിലാക്കും.
- മാലിന്യത്തിന്റെ അളവ് കുറക്കുക എന്ന ലക്ഷ്യത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ പരമാവധി നടപ്പിലാക്കാനാവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കും.
- മാലിന്യത്തിന്റെ സംരംഭക സാധ്യതയും വിപണി സാധ്യതകളും സമൂഹത്തിലേക്കെത്തിക്കേണ്ടതുണ്ട്. ഈ മേഖലയിൽ ജൈവ-അജൈവ മാലിന്യങ്ങളുടെ ഉപോൽപ്പന്നങ്ങൾ, മൂല്യം എന്നിവ ഉൾപ്പെടുത്തി സമൂഹത്തിന് പുതിയ ദിശാബോധം നൽകുന്നതിനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കും.
- മാലിന്യ മുക്ത ജലാശയം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനം നടപ്പിലാക്കും.
- ഹരിത കർമ്മ സേനക്കൊപ്പം എന്ന ബഹു തല സ്പർശിയായ ക്യാമ്പയിൻ സംഘടിപ്പിക്കും.
- ഹരിത നിയമങ്ങൾ സംബന്ധിച്ച ബോധവത്ക്കരണവും നിയമ നടപടികളും സംബന്ധിച്ച ക്യാമ്പയിനുകൾ സംഘടിപ്പിക്കും.

മോണിറ്ററിംഗ്

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രതിദിനം ഉദ്പാദിപ്പിക്കുന്ന ജൈവ-അജൈവ മാലിന്യത്തിൽ സംസ്ക്കരണ സംവിധാനത്തിലെത്തിക്കുന്ന മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി പ്രവർത്തന മികവ് മോണിറ്റർ ചെയ്യും.
- ഓരോ തദ്ദേശ സ്ഥാപനത്തിലും രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി അവയുടെ സംസ്ക്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തും.
- ഹരിത കർമ്മസേനയുടെ പ്രവർത്തന മികവും വരുമാനവും അടിസ്ഥാന

പ്പെടുത്തിയുള്ള വിലയിരുത്തൽ നടത്തും.

- പ്രതിദിനം വാർഡുതലത്തിലും, ആഴ്ച്ചയിലൊരിക്കൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും, പ്രതിമാസം ജില്ലാതലത്തിലും ത്രൈ മാസത്തിൽ സംസ്ഥാന തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തും.
- മാലിന്യ മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദഗ്ധരുടെ സഹായത്തോടെ ഇംപാക്ട് സ്റ്റഡി (Impact Study) നടത്തും. 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിംഗ് സംഘടിപ്പിക്കും.
- മാലിന്യ സംസ്ക്കരണ പദ്ധതികളുടെ സമഗ്ര വിവര സംയോജനത്തിനായി ഡാഷ് ബോർഡ് സംവിധാനം ഒരുക്കും.

കൃഷി: പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം

സർക്കാരിന്റെ നയസമീപനം

- കാർഷിക രംഗം നവീകരിക്കും.
- കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവ് സൃഷ്ടിക്കും. ഇതിനായി കാർഷികോൽപ്പന്നങ്ങളുടെ തറവിലയിൽ കാലോചിതമായ പരിഷ്കാരവും കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധന അനുബന്ധ ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനവും നൂതന ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ കാർഷിക ഉല്പാദന ക്ഷമതയിൽ വർദ്ധനവ്, വിപണനത്തിനായി ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ രൂപീകരണം എന്നിവ പ്രാവർത്തികമാക്കും.
- കാർഷിക മേഖലയിൽ 5 ലക്ഷം ഉപജീവന തൊഴിലവസരം സൃഷ്ടിക്കും. ഇതിനായി പാടശേഖര സമിതികൾ സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ കൃഷി പ്രോത്സാഹിപ്പിക്കും ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തും.
- കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയംസഹായ സംഘങ്ങളുടെ സഹായം ഔഷധസസ്യ കൃഷി വ്യാപനത്തിന് പ്രയോജനപ്പെടുത്തും.
- കാർഷിക അഭിവൃദ്ധിക്കായി നീർത്തടാധിഷ്ഠിത ആസൂത്രണം പ്രായോഗികമായി നടപ്പിലാക്കുകയും ഈ പദ്ധതികളുടെ അടിസ്ഥാനത്തിൽ വിള കലണ്ടറും

പ്ലാനും തയ്യാറാക്കും.

- വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കാർഷിക ഏജൻസികളും ചേർന്നുള്ള സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കും.
- കൃഷിഭവൻ വഴിയുള്ള എക്സ്റ്റൻഷൻ നവീകരിക്കുകയും, വിപുലപ്പെടുത്തുകയും ചെയ്യും. തരിശുഭൂമി കണ്ടെത്തി കൃഷി ചെയ്യുന്ന പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കും.
- അയൽക്കൂട്ട ക്ലസ്റ്ററിന്റെ അടിസ്ഥാനത്തിൽ സംയോജിത ബഹുവിള പുരയിട കൃഷി പ്രോത്സാഹിപ്പിക്കും.
- വിത്ത്, വളം എന്നിവയുടെ വിതരണം, ചെറുകിട യന്ത്രവൽക്കരണം, സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കൂട്ടായി നടത്തും.
- നഗരകൃഷി പ്രോത്സാഹിപ്പിക്കും. റസിഡന്റ് അസോസിയേഷൻ സഹായത്തോടെ ടെറസ്സ്-മുറ്റം കൃഷി പ്രോത്സാഹിപ്പിക്കും
- ഗാർഹിക മാലിന്യ കമ്പോസ്റ്റിംഗും നഗര കൃഷിയേയും സംയോജിപ്പിക്കും.
- കെട്ടിട സമുച്ചയങ്ങളിൽ മലിനജലം പുനഃചംക്രമണം നടത്തി പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തും.
- വർഷംതോറും ഒരുകോടി ഫലവൃക്ഷ തൈകൾ നടുന്ന പദ്ധതി നടപ്പിലാക്കും. ഇതിനാവശ്യമായ തൈകൾ കൃഷി വകുപ്പിന്റെ ഏജൻസികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നഴ്സറികൾ വഴി ഉല്പാദിപ്പിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നടുന്ന ഫലവൃക്ഷങ്ങളെ സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കുകയും മോണിട്ടർ ചെയ്യുകയും ചെയ്യും. തനത് ഫലവൃക്ഷങ്ങളുടെ അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിക്കും.
- തൊഴിലുറപ്പ് പദ്ധതി, കാർബൺ ന്യൂട്രൽ പദ്ധതി എന്നിവയുൾപ്പെടുത്തി മുള വച്ചുപിടിപ്പിച്ചിരിക്കുന്നത് വ്യാപകമാക്കും.
- വനഭൂമിയിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ മാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കും.
- അധിനിവേശ കള സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

ലക്ഷ്യങ്ങൾ

- പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം എന്ന ലക്ഷ്യം കൈവരിക്കാനായി തരിശ് ഭൂമി വിനിയോഗത്തിൽ ഊന്നൽ നൽകികൊണ്ട് നെൽകൃഷി, മറ്റു ധാന്യവിളകൾ ഉൾപ്പെടെയുള്ള ഭക്ഷ്യവിളകളുടെ ഉൽപ്പാദനം പരമാവധി വർധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക.
- പച്ചക്കറി ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കിയതിന്റെ തുടർച്ചയായി സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോട് കൂടി വീടുകളിലും,

സ്ഥാപനങ്ങളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുക.

- കേരളത്തിന്റെ തനതായ ഫലവർഗ്ഗങ്ങളുടെ വിസ്തൃതി വ്യാപിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുക.
- ചെറുധാന്യങ്ങളുടെയും എണ്ണക്കുരുക്കളുടെയും കൃഷി വ്യാപിപ്പിക്കുക.
- കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്താനായി സംയോജിത കൃഷി സമ്പ്രദായം വ്യാപിപ്പിക്കുക.
- ഔഷധ കൃഷി പ്രോത്സാഹനത്തിനായി സാദ്ധ്യമായ സ്ഥലങ്ങളിൽ ഔഷധ കൃഷി സമ്പ്രദായം നടത്തുക.
- സംസ്ഥാനത്തിന്റെ നഗരവൽക്കരണ സ്വഭാവത്തിനനുസൃതമായി ആധുനിക കൃത്യതാ കൃഷി സമ്പ്രദായങ്ങളും ലംബകൃഷി സംവിധാനങ്ങളും ഉൾപ്പെടെയുള്ള ദ്വിതീയ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. ഇതിലൂടെ അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- സുരക്ഷിത ഭക്ഷ്യ ഉൽപ്പാദനത്തിനുവേണ്ടി ജൈവകൃഷി ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹൃദ ഭക്ഷ്യ ഉൽപ്പാദനവും ആരോഗ്യ സൗഹൃദ ഭക്ഷ്യ സംസ്കരണവും സംഭരണവും വിതരണവും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- കേരളത്തിന്റെ സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും പുതിയ കാർഷിക മൂല്യ ശൃംഖല ശക്തിപ്പെടുത്തുക.
- കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യത്തിലേക്ക് വിവിധ വകുപ്പുകളേയും ഏജൻസികളേയും സന്നദ്ധ സംഘടനകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ. നിലവിലുള്ള പച്ചത്തുരുത്തുകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനും വേണ്ട നടപടികൾ. പുതിയതായി കണ്ടൽക്കാടുകളും മുളക്കൂട്ടങ്ങളും പുഴയോര സ്വാഭാവിക സസ്യ ജാലങ്ങളും ഉൾപ്പെടെ കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കും.
- കാർഷിക മേഖലയിൽ വിവിധ ഘടകങ്ങളായ ഭക്ഷ്യ ഉൽപ്പാദനം, സംഭരണവും വിപണനവും, മൂല്യവർധനവ്, ഫാം ടൂറിസം എന്നീ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് വരുമാന വർധനവിനും വിവിധ പദ്ധതികൾ, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- കാർഷിക ആവാസ യൂണിറ്റുകളിൽ നീർത്തട അടിസ്ഥാനത്തിൽ പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കനുസൃതമായി ധാന്യവിളകളുടേയും പച്ചക്കറിയുടേയും ഫലവർഗ്ഗങ്ങളുടേയും ഔഷധ സസ്യങ്ങൾ, എണ്ണക്കുരുവിളകളുടേയും കാർഷിക വനവൽക്കരണത്തിന്റേയും മാതൃക പദ്ധതികൾ ആവിഷ്കരിക്കൽ.

പ്രവർത്തനങ്ങൾ

- തരിശു നിലം കൃഷിയോഗ്യമാക്കുന്നതിനും നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടറിൽ എത്തിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കും.
- പച്ചക്കറി കൃഷി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെ സഹായത്തോടു കൂടി നടപ്പിലാക്കും.

  പച്ചക്കറി കൃഷി വ്യാപനത്തിന്റെ സന്ദേശം എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി, വിദ്യാർത്ഥികളുടെ ഗാർഹിക പച്ചക്കറികൃഷി എന്നിവയോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട 2000 വാർഡുകളിൽ എല്ലാ വീടുകളിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടേയും സഹകരണ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട് വാർഡിലെ മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി ആരംഭിക്കുന്ന ജനകീയ കാമ്പയിൻ സംഘടിപ്പിക്കും.
- ഫലവർഗ്ഗങ്ങളുടെ കൃഷി ജനപ്രിയമാകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തു സമഗ്രമായ വികസന പദ്ധതി നടപ്പിലാക്കും.
- റാഗി, തിന, ചോളം മുതലായ ചെറുധാന്യങ്ങളും എണ്ണക്കുരുക്കളായ കപ്പലണ്ടി, എള്ള് എന്നിവയും കരിമ്പും നിശ്ചിത കാർഷിക ആവാസമേഖലക്ക് അനുയോജ്യ പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
- ദേവാലയങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമി കൃഷി വ്യാപിപ്പിക്കുന്നതിന് നിലവിലുള്ള ദേവഹരിതം കാമ്പയിൻ എല്ലാ ദേവാലയങ്ങളിലേക്കും വ്യാപിപ്പിക്കും.
- വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ തരിശ് ഭൂമി കൃഷിക്ക് ഉപയോഗിക്കുന്നതിന് പ്രാദേശികമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.
- തരിശുഭൂമി കണ്ടെത്തി പ്രശ്നങ്ങൾ അപഗ്രഥിച്ച് പുതിയതായി 152 ഗ്രാമ പഞ്ചായത്തുകളെ തരിശ് രഹിത ഗ്രാമങ്ങളായി പ്രഖ്യാപിക്കും.
- പ്രാദേശികാടിസ്ഥാനത്തിൽ വിപണന സാധ്യത ഉറപ്പു വരുത്തി ഔഷധ സസ്യ കൃഷി നടപ്പിലാക്കും.
- വെള്ളക്കെട്ട് മൂലം കൃഷിചെയ്യാൻ സാധിക്കാതെ കിടക്കുന്ന പാടങ്ങളിലും മറ്റും പ്രദേശത്തിന് അനുയോജ്യമായതും പരിസ്ഥിതി സൗഹൃദവുമായ ചങ്ങാടകൃഷി (ഫ്ളോട്ടിംഗ് കൃഷി) ആരംഭിച്ചുകൊണ്ട് ആദായകരമായ പദ്ധതി ആവിഷ്കരിക്കും.
- കാർഷിക ആവാസ മേഖലകളിൽ ഉൾപ്പെട്ട 23 കാർഷിക ആവാസ യൂണിറ്റുകൾക്ക് അനുയോജ്യമായ സമഗ്രകൃഷി മുറകൾ വിവിധ വകുപ്പുകളും ഏജൻസികളുമായി യോജിച്ചുകൊണ്ട് നീർത്തടാധിഷ്ഠിതമായി പദ്ധതികൾ ആവിഷ്കരിക്കും.

- നൂതന കൃഷി സമ്പ്രദായങ്ങളായ ലംബകൃഷി, ഏറോപോണിക്സ്, ഹൈഡ്രോ പോണിക്സ്, പിങ്ക് ഫാമിംഗ് തുടങ്ങിയവ ജില്ലാതലത്തിൽ ഒരു മാതൃകാ യൂണിറ്റെങ്കിലും സ്ഥാപിക്കും. ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകും.
- കേരളത്തിലെ പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കുന്നതിന്റെയും കാർബൺ-ന്യൂട്രൽ കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന്റേയും ഭാഗമായി നിലവിലുള്ള കണ്ടൽക്കാടുകളുടേയും കാവുകളുടേയും സംരക്ഷണത്തിനും നടപടി സ്വീകരിക്കും. പുതിയതായി കണ്ടൽക്കാടുകളും മുളങ്കൂട്ടങ്ങളും നദീതീര സ്വാഭാവിക സസ്യശൃംഖലകളും വച്ചുപിടിപ്പിക്കുകയും ഇവയുടെ വിശദാംശങ്ങൾ നിലവിൽ പച്ചത്തുരുത്തുകളുടെ ഡിജിറ്റലൈസേഷനോടൊപ്പം കൂട്ടിച്ചേർക്കുകയും ചെയ്യും.
- വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പച്ചത്തുരുത്തുകളും നഗരങ്ങളിൽ സ്ഥലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ നഗരവനങ്ങളും സ്ഥാപിക്കും.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും മൂല്യവർധനവിനും വിപണനത്തിനും വേണ്ട സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും, ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തും.
- ഓരോ ജില്ലയിലും തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റു വകുപ്പുകളും ഏജൻസികളുമായി ചേർന്ന് പ്രാദേശിക അടിസ്ഥാനത്തിൽ ഏറ്റവും അനുയോജ്യമായ കാർഷിക പദ്ധതികൾ രൂപീകരിക്കും.
- പച്ചത്തുരുത്തുകൾ സ്ഥാപിക്കുമ്പോൾ കാർഷിക ആവാസ യൂണിറ്റുകളുടെ സ്വഭാവത്തിന് യോജിച്ച ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, സുഗന്ധ വിളകൾ എന്നിവ ഉൾപ്പെട്ട കാർഷിക വനവൽക്കരണത്തിന് ഊന്നൽ നൽകും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയുടേയും വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ പരിപാടിയുടെ സഹായത്തോടെ പരമാവധി സ്ഥലത്ത് പച്ചത്തുരുത്തുകൾ സ്ഥാപിക്കുകയും അവയുടെ തുടർപരിപാലനത്തിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യും.
- അധിനിവേശ വൃക്ഷങ്ങളേയും സസ്യങ്ങളേയും ശാസ്ത്രീയമായി ഒഴിവാക്കി അനുയോജ്യമായ പ്രാദേശിക സസ്യ ഇനങ്ങൾ വളർത്തിയെടുക്കും.

കേരള പുനർനിർമ്മാണ പദ്ധതി (RKI)

2018 ഓഗസ്റ്റിൽ സംസ്ഥാനത്തിനു നേരിടേണ്ടി വന്ന സമാനതകളില്ലാത്ത പ്രളയം സമസ്ത മേഖലകളിലും പ്രത്യാഘാതങ്ങൾ ഉളവാക്കുകയും ജനജീവിതത്തെ സാരമായി ബാധിക്കുകയും ചെയ്തു. 1664 വില്ലേജുകളിൽ 1269ലും പ്രളയം ബാധിച്ചു. ഐക്യ രാഷ്ട്രസഭയുടെ ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടത്തിയ പി.ഡി.എൻ.എ (Post Disaster Needs Assessment- PDNA) പഠന പ്രകാരം 31,000 കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്.

ദുരന്തത്തെ ഒരു വെല്ലുവിളിയായി കണ്ട് നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് (Rebuild Kerala Initiative) സർക്കാർ രൂപം നൽകിയത്.

പൊതുലക്ഷ്യങ്ങൾ

- മുമ്പത്തേക്കാളേറെ മെച്ചപ്പെട്ട ജീവിതനിലവാരം ദുരന്തബാധിതരായ ജനങ്ങൾക്ക് ഉറപ്പാക്കുക.
- പൊതുവിൽ കേരളത്തിന്റെ പരിമിതിയായി വിലയിരുത്തപ്പെടുന്ന പ്രവർത്തന കാര്യക്ഷമതയിലുള്ള പോരായ്മ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ പ്രദേശമാക്കി കേരളത്തെ മാറ്റിയെടുക്കുന്നതിനുള്ള അവസരമായി ദുരന്തകാലത്തെ പരിവർത്തനപ്പെടുത്തുക.
- നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനരുദ്ധാരണത്തിലും പുനർനിർമ്മാണത്തിലും

ഉന്നത ഗുണനിലവാരം ഉറപ്പാക്കുക.

- നൂതനവും വികസനോന്മുഖവുമായ വലിയ പദ്ധതികൾ തയ്യാറാക്കുക.
- സമയബന്ധിതമായ നിർമ്മാണപ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതോടൊപ്പം, പാരിസ്ഥിതിക സൗഹാർദ മാനദണ്ഡങ്ങളും ഭാവിയിൽ ആവർത്തിക്കപ്പെടാവുന്ന ഏതൊരു പ്രളയത്തേയും നേരിടാനുള്ള ശേഷിയും പുനർനിർമ്മിക്കപ്പെടുന്ന ആസ്തികളുടെ അവിഭാജ്യ ഘടകമാക്കുക.

പ്രവർത്തന സമീപനങ്ങൾ

- പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിക്കൽ
- സമയബന്ധിതമായി പുനർനിർമ്മിക്കുക/പുനരുദ്ധരിക്കുക
- സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗതയും കാര്യക്ഷമതയും ഉറപ്പാക്കൽ.
- നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട പുനരധിവാസ നടപടികൾ ഉറപ്പാക്കൽ,
- നടപടിക്രമങ്ങളുടെ ലഘൂകരണം
- കേരള പുനർനിർമ്മാണ പദ്ധതി(RKI)യുടെ കീഴിലുള്ള വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉൾച്ചേർക്കൽ, ഉയർന്ന പൊരുത്തൽപ്പെടൽ ശേഷി, മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കൽ, നൂതനവും ആധുനികവുമായ സാങ്കേതികവിദ്യകൾ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം എന്നിവ ഉറപ്പാക്കൽ.
- ഇതിനായി ഉയർന്ന നിലവാരത്തിലുള്ള പുനർനിർമ്മാണം, ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങളെക്കൂടി ചെറുക്കാനാകുന്ന വിധത്തിലും പരിസ്ഥിതി സൗഹൃദമായുമുള്ള നിർമ്മാണ രീതികൾ, ചെലവുകുറഞ്ഞതും ഈടുള്ളതുമായ ബദൽ രീതികൾ സ്വീകരിക്കൽ.

കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)

കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme) യുടെ നയരൂപരേഖയിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്നത് കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്നിവയാണ്.

ഏകോപന സാധ്യതകൾ

- ആർ.കെ.ഐ. ആരംഭിച്ചതും കോവിഡ് പശ്ചാത്തലത്തിൽ താത്കാലികമായി നിർത്തി വച്ചിരുന്നതുമായ 'നമ്മൾ നമുക്കായി' പരിപാടി നവകേരളം പദ്ധതിയിലെ മറ്റു മിഷനുകളുമായി ബന്ധിപ്പിക്കാവുന്നതാണ്. നമ്മൾ നമുക്കായി പരിപാടിയുടെ പുനരുജ്ജീവനം നവകേരളത്തിന്റെ ഭാഗമായി ആലോചിക്കാവുന്നതാണ്.
- നവകേരളത്തിനു കീഴിൽ നമ്മൾ നമുക്കായി കാമ്പയിൻ പുനരാരംഭിക്കുകയും മറ്റു നാലു മിഷനുകളുമായിക്കൂടി ബന്ധപ്പെടുത്തി ആശയരൂപീകരണ പരിപാടികൾ നടത്തുകയും ചെയ്യാൻ സാധിക്കും.
- ആർ.കെ.ഐ.യുമായി ബന്ധപ്പെട്ട് കൃഷി, മാലിന്യ സംസ്കരണം, ജലവിഭവ പരിപാലനം തുടങ്ങിയ മേഖലകളിൽ നടന്നുവരുന്ന പദ്ധതികളുമായി ഹരിത കേരളം മിഷനെ ഏകോപിപ്പിച്ച് പ്രവർത്തിക്കാൻ കഴിയും.
- **മാപ്പത്തോൺ പദ്ധതി-** സംസ്ഥാനത്തിന്റെ അതിജീവനക്ഷമത വർധിപ്പിക്കാനുതകുന്ന തരത്തിൽ, ഓപ്പൺ സ്ട്രീറ്റ് പ്ലാറ്റ്ഫോമിൽ സൂക്ഷ്മമായ പ്രാദേശിക ഭൂപടങ്ങൾ പങ്കാളിത്ത രീതിയിൽ തയാറാക്കുക. സംസ്ഥാനത്തെ മുഴുവൻ ജലസ്രോതസുകളെയും ഈ പദ്ധതിയിലൂടെ മാപ്പ് ചെയ്യുന്നുണ്ട്. ഇതു സംയുക്തമായി ചെയ്യുന്നതിനും മാപ്പുകളും മറ്റു ഡാറ്റയും ഹരിതകേരളം മിഷനുകൂടി ഉപയോഗപ്പെടുത്തുന്നതിനും സാധിക്കും.
- പുഴയോരങ്ങളിലെ ജൈവ വൈവിധ്യം വർധിപ്പിക്കുന്നതിനുള്ള പദ്ധതിയിലും ഫാം സ്കൂളുകൾ കാർഷിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിലുമൊക്കെ ഹരിതകേരളം മിഷന് സഹകരിക്കാനാകും.
- പമ്പാ നദീതട ജില്ലകളിൽ ആർ.കെ.ഐ. രൂപപ്പെടുത്തുന്ന ഏകാരോഗ്യ(One Health) പ്ലാറ്റ്ഫോമുമായി ബന്ധപ്പെട്ട സാമൂഹിക നിരീക്ഷണ സംവിധാനങ്ങളുമായി ആർദ്രത്തിന്റെ സാമൂഹിക സംവിധാനങ്ങളെ സംയോജിപ്പിക്കാം.
- ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള ആരോഗ്യസേനയേയും ഏകാരോഗ്യ (One Health) പ്ലാറ്റ്ഫോമുമായി ബന്ധപ്പെട്ട കുടുംബശ്രീ, തദ്ദേശ സ്ഥാപന അംഗങ്ങളെയും സഹകരിപ്പിച്ച് പ്രവർത്തിപ്പിക്കാൻ സാധിക്കും.

നവകേരളം കർമ്മപദ്ധതി ഘടന

നവകേരളം കർമ്മപദ്ധതി-2

അധ്യക്ഷൻ : മുഖ്യമന്ത്രി

ഉപാധ്യക്ഷന്മാർ : തദ്ദേശ സ്വയംഭരണ, ധനകാര്യം, കൃഷി, റവന്യൂ - ഭവനനിർമ്മാണം, ഉന്നത വിദ്യാഭ്യാസം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പൊതുവിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഫിഷറീസ്, ആരോഗ്യം, ഭക്ഷ്യസിവിൽ സപ്ലൈസ്, വനം, ടൂറിസംവകുപ്പ് മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ

പ്രത്യേക ക്ഷണിതാവ് : പ്രതിപക്ഷ നേതാവ്

കൺവീനർ : ചീഫ് സെക്രട്ടറി

ജോയിന്റ് കൺവീനർ : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

അംഗങ്ങൾ : തദ്ദേശ സ്വയംഭരണ, ധനകാര്യം, കൃഷി, റവന്യൂ-ഭവനനിർമ്മാണം, ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പൊതുവിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഫിഷറീസ്, ആരോഗ്യം, ഭക്ഷ്യസിവിൽ സപ്ലൈസ്, വനം, ടൂറിസം, വ്യവസായം, വിവരസാങ്കേതികം, മൃഗസംരക്ഷണം വകുപ്പ്, പി.ഐ.എം.ഡി. വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുൻസിപ്പൽ ചെയർമാന്മാരുടെ ചേംബർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ എന്നിവയുടെ ഒരു പ്രതിനിധി വീതം.

വകുപ്പുതലസമിതികൾ

ലൈഫ് - സംസ്ഥാനമിഷൻ കർമ്മസമിതി

അധ്യക്ഷൻ : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
സഹാധ്യക്ഷന്മാർ : പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മന്ത്രി, ഫിഷറീസ് വകുപ്പ് മന്ത്രി
ഉപാധ്യക്ഷൻ : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
സെക്രട്ടറി : തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി
കൺവീനർ : അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
അംഗങ്ങൾ

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി
ഗ്രാമവികസന വകുപ്പ് കമ്മീഷണർ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഡയറക്ടർ, പട്ടികജാതിവികസനം
ഡയറക്ടർ, പട്ടികവർഗ്ഗ വികസനം
ഡയറക്ടർ - സാമൂഹ്യനീതി
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, ഫിഷറീസ്
ലേബർ കമ്മീഷണർ
ലാന്റ് റവന്യൂ കമ്മീഷണർ
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി
കൺവീനർ, സ്റ്റേറ്റ്ലെവൽ ബാങ്കേഴ്സ് കമ്മിറ്റി
റീജിയണൽ ചീഫ്, ഹഡ്കോ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
പ്രിൻസിപ്പൽ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

ജോയിന്റ്കൺവീനർ : നോഡൽ ഓഫീസർ

വിദ്യാകിരണം - സംസ്ഥാന മിഷൻ കർമ്മസമിതി

അധ്യക്ഷൻ : പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി
ഉപാധ്യക്ഷൻ : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
സെക്രട്ടറി: പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി
കൺവീനർ : അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

അംഗങ്ങൾ

ഡയറക്ടർ, പൊതുവിദ്യാഭ്യാസം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
ഡയറക്ടർ, സീ-മാറ്റ്
ഡയറക്ടർ, എസ്.ഐ.ഇ.ടി.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ - സമഗ്രശിക്ഷാ കേരളം
എക്സിക്യൂട്ടീവ് ഡയറക്ടർ - കൈറ്റ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - അസാപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ചീഫ്, സാമൂഹ്യസേവന വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

ജോയിന്റ്കൺവീനർ : നോഡൽ ഓഫീസർ

ആർദ്രം - സംസ്ഥാന കർമ്മസമിതി

അധ്യക്ഷൻ : ആരോഗ്യവകുപ്പ് മന്ത്രി

ഉപാധ്യക്ഷൻ : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

സെക്രട്ടറി: ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

കൺവീനർ : അസിസ്റ്റന്റ്/ജോയിന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി -2

അംഗങ്ങൾ

ഡയറക്ടർ, ആരോഗ്യം
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ
ചീഫ്, സാമൂഹ്യസേവന വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

ജോയിന്റ്കൺവീനർ : നോഡൽഓഫീസർ

ഹരിതകേരളം മിഷൻ - സംസ്ഥാന കർമ്മസമിതി

അധ്യക്ഷൻ : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

സഹാധ്യക്ഷന്മാർ : കൃഷി, ജലവിഭവ വകുപ്പ് മന്ത്രിമാർ

ഉപാധ്യക്ഷൻ : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

സെക്രട്ടറി: തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

കൺവീനർ : അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

അംഗങ്ങൾ

കൃഷി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർ
ഡയറക്ടർ, ആരോഗ്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടർ, സോയിൽ സർവ്വേ&സോയിൽ കൺസർവേഷൻ
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
ഡയറക്ടർ, ഫിഷറീസ് വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണം
ഡയറക്ടർ, ക്ഷീരവികസനം
ഡയറക്ടർ, ടൂറിസം
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം വകുപ്പ്
ഡയറക്ടർ, ഭൂജലവകുപ്പ്
മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
മാനേജിംഗ് ഡയറക്ടർ, വി.എഫ്.പി.സി.കെ.
മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി.
മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.
ഡയറക്ടർ, സി.ഡബ്ല്യൂ.ആർ.ഡി.എം.
മാനേജിംഗ് ഡയറക്ടർ, ക്ലീൻകേരള കമ്പനി
ഗ്രാമവികസന കമ്മീഷണർ
ലാന്റ്യൂസ് ബോർഡ് കമ്മീഷണർ
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ വകുപ്പ് ഡയറക്ടർ
ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ്
ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ്എഞ്ചിനീയർ, ജലസേചന വകുപ്പ്
മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി &സോഷ്യൽഫോറസ്ട്രി)
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

ചീഫ്, കൃഷിവിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
സ്റ്റേറ്റ് നോഡൽഓഫീസർ, ആത്മ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

ജില്ലാ മിഷൻ

അധ്യക്ഷൻ : ചെയർപേഴ്സൺ, ജില്ലാആസൂത്രണ സമിതി

സെക്രട്ടറി : ജില്ലാ കളക്ടർ& മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

അംഗങ്ങൾ

ജില്ലയിൽ നിന്നുള്ള ലോക്സഭാംഗങ്ങൾ
രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ)
ജില്ലയിൽ നിന്നുള്ള എം.എൽ.എ.മാർ
മേയർ
മുൻസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ചെയർമാന്മാർ
ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
ജില്ലാ ആസൂത്രണ സമിതിയുടെ സർക്കാർ നോമിനി
ജില്ലാ വികസന കമ്മീഷണർ
ജില്ലാ പ്ലാനിംഗ് ഓഫീസർ
പ്രിൻസിപ്പൽ കൃഷിഓഫീസർ
ജോയിന്റ് പ്രോഗ്രാംകോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം
ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)
ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയചികിത്സാവകുപ്പ്)
ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)
ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം
അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം

അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
ജോയിന്റ്കൺവീനർ : നോഡൽഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്

മുൻസിപാലിറ്റി / കോർപ്പറേഷൻതല മിഷൻ
അധ്യക്ഷൻ : മേയർ / മുൻസിപ്പൽ ചെയർപേഴ്സൺ
സെക്രട്ടറി : മുൻസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറി
കൺവീനർ : നോഡൽ ഓഫീസർ
അംഗങ്ങൾ
എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളും
ആസൂത്രണ സമിതി വൈസ്ചെയർപേഴ്സൺ
സി.ഡി.എസ്സുകളുടെ ചെയർപേഴ്സൺമാർ
ഡി.ഇ.ഒ.
കൺവീനർ, മുൻസിപ്പൽ / കോർപ്പറേഷൻ വിദ്യാഭ്യാസസമിതി
ഐ.സി.ഡി.എസ്. സൂപ്പർവൈസർ / അസിസ്റ്റന്റ് സി.ഡി.പി.ഒ. / സി.ഡി.പി.ഒ.
വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ്ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

ഗ്രാമപഞ്ചായത്തുതല മിഷൻ
അധ്യക്ഷൻ : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
സെക്രട്ടറി : ഗ്രാമപഞ്ചായത്ത് സെക്രട്ടറി
കൺവീനർ : നോഡൽ ഓഫീസർ
അംഗങ്ങൾ
ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ / ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ
എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും
ആസൂത്രണ സമിതി ചെയർപേഴ്സൺ
സി.ഡി.എസ്സുകളുടെ ചെയർപേഴ്സൺമാർ
കൺവീനർ, ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സമിതി
ഐ.സി.ഡി.എസ്. സൂപ്പർവൈസർ/ അസിസ്റ്റന്റ് സി.ഡി.പി.ഒ./സി.ഡി.പി.ഒ.
വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ്ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

കേരള പുനർനിർമ്മാണ പദ്ധതിയുടെ സ്ഥാപനതല ക്രമീകരണങ്ങൾ

പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പശ്ചാത്തല സൗകര്യങ്ങളുടേയും ഭൂവ്യവസ്ഥകളുടേയും പുനസ്ഥാപനം വൻ മുതൽമുടക്കും സമയവും വേണ്ടി വരുന്ന പ്രക്രിയ ആയതിനാൽ ലോകബാങ്കിന്റെ വികസനനയ വായ്പ (Development Policy Loan) ഉൾപ്പെടെ ഉപയോഗിച്ച് കേരള പുനർനിർമ്മാണ വികസന പരിപാടിയുടെ നയരേഖയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതിയുടെ നടത്തിപ്പിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥാപനതല ക്രമീകരണത്തിന്റെ രൂപരേഖ താഴെ കൊടുക്കുന്നു.

- മന്ത്രിസഭ
- ഉപദേശക സമിതി
- ഉന്നതതല അധികാര സമിതി
- RKI നിർവ്വഹണ സമിതി
- RKI സെക്രട്ടേറിയറ്റ്
- സ്ഥാപനതല പിന്തുണാ സംവിധാനം

ചുമതലകളും ഉത്തരവാദിത്തങ്ങളും

നവകേരളം കർമ്മപദ്ധതി-2 സെല്ലിന്റെ ചുമതലകൾ

- മുഖ്യമന്ത്രിയുടെ അവലോകനത്തിനായുള്ള മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും പ്രവർത്തന പുരോഗതി റിപ്പോർട്ടുകൾ തയ്യാറാക്കുക.
- ജനകീയ ക്യാമ്പയിന് ആവശ്യമായ പിന്തുണ ലഭ്യമാക്കുക.
- വകുപ്പുകളുടെ ഏകോപനം ആവശ്യമായി വരുന്ന പ്രവർത്തനങ്ങളിൽ ഏകോപന വേദിയായി പ്രവർത്തിക്കുക.
- വകുപ്പുകളേയും ഏജൻസികളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.
- ഉത്തരവുകൾ, നിയമ നിർമ്മാണങ്ങൾ എന്നിവ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക.
- ക്യാമ്പയിൻ, പരിശീലനം, ജനകീയ വിദ്യാഭ്യാസം എന്നിവയ്ക്ക് നേതൃത്വം നൽകുകയും ഏകോപിപ്പിക്കുകയും ചെയ്യുക.
- മോണിറ്ററിംഗിനും റിപ്പോർട്ടിംഗിനുമുള്ള ഏകീകൃത സംവിധാനം വികസിപ്പിച്ചെടുക്കുക. അവയിലൂടെ ലഭിക്കുന്ന റിപ്പോർട്ടുകൾ പ്രതിമാസ അവലോകനം ചെയ്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ത്രൈമാസ അവലോകനത്തിന് ലഭ്യമാക്കുക.
- വിലയിരുത്തലിൽ കണ്ടെത്തുന്ന പരിമിതികൾ യഥാസമയം പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തുക.
- പുതിയ ആശയങ്ങളും പദ്ധതികളും രൂപീകരിച്ച് വകുപ്പുകളുടേയും തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടേയും ഏജൻസികളുടേയും സഹായത്തോടെ പ്രാവർത്തികമാക്കുക.

സംസ്ഥാന മിഷൻ കർമ്മ സമിതികളുടെ ചുമതലകൾ

പൊതു ചുമതലകൾ

- മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക, പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക, സാങ്കേതിക സഹായം നൽകുക മുതലായവ
- ദൗത്യരേഖ (Mission Document) തയ്യാറാക്കുക
- സംസ്ഥാന മിഷന്റെ മേൽനോട്ടത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- വിവിധ തലങ്ങളിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടികൾ സ്വീകരിക്കുക
- മിഷൻ പ്രവർത്തനങ്ങൾക്ക് നിയോഗിക്കേണ്ടതായ സാങ്കേതിക വിദഗ്ദ്ധർ, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെ കണ്ടെത്തി നിയോഗിക്കുന്നതിനുള്ള ശുപാർശ നൽകുക.
- ജില്ലാതല മിഷനുകളുടെയും റിസോഴ്സ് പേഴ്സൺമാരുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക, അവയെ ശാക്തീകരിക്കുക.
- കൃത്യമായ ഇടവേളകളിൽ സംസ്ഥാന മിഷൻ യോഗങ്ങൾ ചേരുന്നതിന് നടപടി സ്വീകരിക്കുക.
- സംസ്ഥാന മിഷന്റെ/സർക്കാരിന്റെ അനുമതി ആവശ്യമായ സംഗതികളിൽ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുക.
- മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റേഷൻ നടത്തുക, ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.
- ഗവേഷണ-വികസന, പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുക.
- സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള വിദഗ്ദ്ധരുടെ സംഘത്തെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കണ്ടെത്തി ചുമതല നിറവേറ്റുന്നതിന് പ്രാപ്തരാക്കുക.
- തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുമായി അനുയോജ്യമായ സമന്വയവും ഏകോപനവും സാധ്യമാക്കുക.
- മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പു കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും നവകേരളം കർമ്മപദ്ധതി-2 സെല്ലിനും സമർപ്പിക്കുക.

പ്രത്യേക ചുമതലകൾ

ലൈഫ്

- മിഷൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ട നടപടികളെടുക്കുക.
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുക
- ഭൂമി ലഭ്യത ഉറപ്പ് വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക
- നൂതനവും അനുയോജ്യവുമായ നിർമ്മാണ സങ്കേതങ്ങൾ നിർദ്ദേശിക്കുക
- സാമൂഹ്യ പ്രതിബദ്ധതാഫണ്ട്, പൊതുജനങ്ങളുടെ സംഭാവന എന്നിങ്ങനെ വിഭവ സമാഹരണം ഉറപ്പാക്കുക
- നിർമ്മാണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുക.
- വീടിന്റെ കൈമാറ്റം, കെട്ടിടസമുച്ചയത്തിലെ വീടുകൾ പ്രതിമാസ വിഹിതം ഈടാക്കി ഗുണഭോക്താവിന് കൈമാറൽ തുടങ്ങിയവയ്ക്ക് മാർഗ്ഗരേഖ തയ്യാറാക്കുക
- വിവിധ ഡിസൈനുകൾ, എസ്റ്റിമേറ്റ് എന്നിവ വിലയിരുത്തി ഉചിതമായ ഡിസൈനുകൾ നിർദ്ദേശിക്കുക
- അനുബന്ധ സേവനങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുക
- ഗുണഭോക്താക്കളുടെ ഉപജീവന സൗകര്യങ്ങളും വരുമാന വർദ്ധനവും ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുക.
- ലൈഫ് പദ്ധതിയുടെ പ്രവർത്തന സമീപനത്തിനും പ്രവർത്തനങ്ങൾക്കും അനുഗുണമായ മാർഗ്ഗരേഖകൾ അതാത് ഘട്ടങ്ങളിൽ വികസിപ്പിക്കുക.

ആർദ്രം

- മിഷൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നടപടികൾ എടുക്കുക.
- നിലവാരം ഉയർത്തേണ്ട ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുക
- ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക.
- ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും നിലവാരം നിശ്ചയിക്കുക.
- ആയുർവേദ ചികിത്സാരീതികളും പാരമ്പര്യ ചികിത്സാ മേഖലകളും ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.
- രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖ തയ്യാറാക്കുക
- നിർവ്വഹണ രീതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക.
- ആർദ്രം പദ്ധതിയുടെ പ്രവർത്തന സമീപനത്തിനും പ്രവർത്തനങ്ങൾക്കും അനുഗുണമായ മാർഗ്ഗരേഖകൾ അതാത് ഘട്ടങ്ങളിൽ വികസിപ്പിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ കാമ്പയിനുകളായി പ്രവർത്തനങ്ങൾ നടപ്പാക്കുക.

വിദ്യാകിരണം

- മിഷൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക, നടപ്പിലാക്കുക.
- ഭൗതിക സൗകര്യ വികസനം ഇനിയും ആവശ്യമായ വിദ്യാലയങ്ങളെ ശാസ്ത്രീയമായ പഠനങ്ങളിലൂടെ കണ്ടെത്തുക.
- ഭൗതിക സൗകര്യവികസനത്തിനാവ ശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- വിഭവസമാഹരണം സാധ്യമായ സ്രോതസ്സ് കണ്ടെത്തുകയും ഭൗതിക സൗകര്യപ്രശ്നങ്ങൾ പരിഹരിക്കുന്നതി നുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്യുക.
- വിദ്യാകിരണത്തിന്റെ പ്രവർത്തന സമീപനത്തിനും പ്രവർത്തനങ്ങൾക്കും അനുഗുണമായ മാർഗ്ഗരേഖകൾ അതാത് ഘട്ടങ്ങളിൽ വികസിപ്പിക്കുക. പ്രാദേശിക വൈവിധ്യത്തെക്കൂടി ഉൾച്ചേർക്കാൻ കഴിയുംവിധമാകും മാർഗ്ഗരേഖകൾ വികസിപ്പിക്കണം.
- നാലാംക്ലാസ്സ് കഴിയുന്ന കുട്ടികൾ എല്ലാവരും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടുന്നു എന്നുറപ്പാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് വിവിധ ഏജൻസികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കൂട്ടായ ശ്രമങ്ങളിലൂടെ നടപ്പാക്കുക.
- ഇപ്പോൾ വിന്യസിച്ചിട്ടുള്ള ആധുനിക, സാങ്കേതിക വിദ്യാ ഉപകരണങ്ങളുടെ ശാസ്ത്രീയവും ഫലപ്രദവുമായ വിനിയോഗത്തിന് അധ്യാപകരെ സജ്ജരാക്കുക. ഇ-ഉള്ളടക്കം (E-Content) വികസിപ്പിക്കുന്നതിന് സാധ്യമായ കേരളത്തിൽ ലഭ്യമായ മുഴുവൻ വൈദഗ്ധ്യങ്ങളെയും പ്രയോജനപ്പെടുത്തുക
- അക്കാദമിക മോണിറ്ററിംഗിനുള്ള ഫലപ്രദമായ ഉപാധികളും രീതിശാസ്ത്രവും തന്ത്രങ്ങളും വികസിപ്പിക്കുക.
- വിദ്യാഭ്യാസ വകുപ്പിനകത്തെ വിവിധ ഏജൻസികളെ ഫലപ്രദമായി ഏകോപിപ്പിക്കുക. സംയോജിത പദ്ധതികൾ വികസിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളുടെ സാധ്യത ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- മിഷൻ പ്രവർത്തനങ്ങൾ ഫലപ്രദമായി വിലയിരുത്തുന്നതിന് കഴിയുംവിധം കൃത്യമായ ഇടവേളകളിൽ ഫീഡ്ബാക്ക് ലഭ്യമാക്കാൻ സാധിക്കുന്ന തരത്തിൽ സാങ്കേതിക വിദ്യാ പ്ലാറ്റ്ഫോം വികസിപ്പിക്കുക, പ്രയോജനപ്പെടുത്തുക. പ്രവർത്തനങ്ങൾ സമയബന്ധിത ടാസ്ക്കുകളാക്കി മാറ്റുന്നത് ഇതിന് സഹായകമാകും.
- 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്ന നിലപാട് സാർത്ഥകമാക്കാൻ, വിജ്ഞാനസമൂഹം പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തൽ എന്നീ സാമൂഹിക കാഴ്ചപ്പാടുകളിൽ ഊന്നി നിന്നു കൊണ്ട് ജീവിതായോധനത്തിന് സഹായകമാകുംവിധം പൊതുവിദ്യാഭ്യാസ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളൽ.
- മതനിരപേക്ഷത, ജനാധിപത്യം, അനുതാപം, സഹവർത്തിത്വം, സഹകരണം തുടങ്ങിയ മൂല്യബോധങ്ങൾ ഉളവാകാൻ ആവശ്യമായ തരത്തിൽ പഠനപ്രക്രി

യകളെ ക്രമീകരിക്കൽ.

- സ്കൂൾ വളപ്പുകൾ വിദ്യാർത്ഥി സൗഹൃദമാക്കി ആവശ്യത്തിന് കെട്ടിടങ്ങളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഉറപ്പാക്കുന്ന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനും അംഗീകാരത്തിനുമുള്ള പൊതുമാർഗ്ഗരേഖ തയ്യാറാക്കുക.
- വ്യത്യസ്ത സാമൂഹിക സാമ്പത്തിക സാംസ്കാരിക പശ്ചാത്തലത്തിൽ നിന്ന് വരുന്ന കുട്ടികളുടെ പഠന വേഗതയ്ക്കും ബൗദ്ധിക നിലവാരത്തിനും ഉതകുന്ന തരത്തിൽ എല്ലാ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടും അവർക്കെല്ലാം ഇടം ലഭിക്കുന്ന രീതിയിലും പഠന രീതി രൂപകൽപ്പന ചെയ്ത് നടപ്പാക്കുക.
- സർക്കാർ വിദ്യാലയങ്ങളുടെ വിഭവ സമാഹരണത്തിനും വിദ്യാലയത്തിലെ ഭൗതിക-അക്കാദമിക വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, പി.ടി.എ., പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണം തേടുന്നതിനുള്ള നടപടികൾ എടുക്കുക.
- പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും ഏജൻസികളിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് വിദ്യാകിരണം മിഷന്റെ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും സംബന്ധിച്ച പൂർണ്ണമായ അവബോധം സൃഷ്ടിക്കുക.
- വിവിധ സ്ഥാപനങ്ങളുടെ ഏകോപിതമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള ഭരണപരമായ സംവിധാനമുണ്ടാക്കുക.
- മിഷന്റെ സംസ്ഥാനതലം മുതൽ സ്കൂൾതലം വരെയുള്ള പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനും നടത്തിപ്പിനുമുള്ള ലേണിംഗ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിൽ വരുത്തുക.

ഹരിതകേരളം

- മിഷൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു നടപടികളെടുക്കുക.
- പാരിസ്ഥിതിക പുന:സ്ഥാപനത്തിനും ഉത്പാദന ക്ഷമതാ വർദ്ധനക്കും നൂതന മേഖലാ വികസനത്തിനും അനുയോജ്യമായ വിവിധ തല പദ്ധതികൾക്കുള്ള പഠന ആസൂത്രണ പ്രവർത്തനങ്ങളും പദ്ധതി രേഖ തയ്യാറാക്കുന്നതിനും സാമ്പത്തിക സഹായവും ഉന്നത ഗുണനിലവാരവുമുള്ള സാങ്കേതിക സഹായവും ലഭ്യമാക്കുക.
- പദ്ധതികൾക്ക് പ്രത്യേക സാങ്കേതിക സഹായം ആവശ്യമെങ്കിൽ അത് ലഭ്യമാക്കുക.
- നൂതനവും അനുയോജ്യവുമായ സാങ്കേതിക വിദ്യകളുടെ പ്രയോഗം തദ്ദേശഭരണ സ്ഥാപന തലത്തിൽ സാധ്യമാക്കുക.
- മൂന്ന് ഉപമിഷനുകളുടെയും കർമ്മസേനാ പ്രവർത്തനങ്ങളിലെ ഏകോപന സാധ്യതകൾ വിലയിരുത്തി സംയോജനവും ഏകോപിത പ്രവർത്തനവും ഉറപ്പാക്കുക

ജില്ലാ മിഷനുകളുടെ ചുമതലകൾ

- മിഷൻ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
- ഉദ്യോഗസ്ഥരുടെയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപനം ഉറപ്പാക്കുക
- മിഷൻ ദൗത്യ രേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
- നിലവാരം ഉയർത്തേണ്ട വിദ്യാലയങ്ങളെയും ആശുപത്രികളെയും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുക
- അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക.
- നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ച നിരീക്ഷണ വിലയിരുത്തൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി ജില്ലയിൽ നടക്കുന്ന മിഷനുകളുടേയും കേരള പുനർ നിർമ്മാണ പദ്ധതിയുടേയും പ്രചരണ പരിശീലന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുക.

ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷന്റെ ചുമതലകൾ

- ഗ്രാമ പഞ്ചായത്ത്/ നഗരസഭാ പ്രദേശത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- വിവിധ വകുപ്പുകളുടേയും ഉദ്യോഗസ്ഥരുടേയും ഏജൻസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- മിഷൻ പ്രവർത്തനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടേയും, വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ഭരണ സമിതിക്ക് നൽകുക.
- മിഷൻ പ്രവർത്തനങ്ങൾ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കുന്നതിനും സാമൂഹ്യ - സാംസ്കാരിക സംഘടനകൾ, പ്രവാസികൾ തുടങ്ങി സമസ്ത ജന വിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുക.
- അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക.
- നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായുള്ള പ്രവർത്തന പുരോഗതി സംബ

ന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിരീക്ഷണ വിലയിരുത്തൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

- നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടക്കുന്ന മിഷനുകളുടേയും കേരള പുനർനിർമ്മാണ പദ്ധതിയുടേയും പ്രചരണ പരിശീലന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുക.

ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണം

മിഷൻ സമീപനത്തിന് അനുയോജ്യമായ രീതിയിൽ നവകേരളം കർമ്മപദ്ധതിയിൽ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യപ്രാപ്തിയോടൊപ്പം ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണവും പിന്തുണാ സൗകര്യങ്ങളും ഉണ്ടായിരിക്കും. ഓരോ മിഷനുകളുടെയും ബന്ധപ്പെട്ട ടാസ്ക് ഫോഴ്സുകളുടെയും പ്രവർത്തനവും കാര്യക്ഷമതയും ഫലപ്രാപ്തിയും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കും. ഇതിനു പുറമെ ഉദ്ദേശിക്കുന്ന ഗുണഫലങ്ങളും പൂർത്തിയാക്കേണ്ട നാഴികക്കല്ലുകളും സമയബന്ധിതമായി ജനോപകാരപ്രദമായ രീതിയിൽ നേടിയെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണവുമുണ്ടാകും.

നിരീക്ഷണ പിന്തുണാ പ്രവർത്തനങ്ങൾ

- ഓരോ മിഷനുകളും, കേരള പുനർ നിർമ്മാണ പദ്ധതിയും (RKI) സ്വയം പ്രാവർത്തികമാക്കുന്ന പുരോഗതി വിലയിരുത്തലുകൾക്കും തയ്യാറാക്കുന്ന പ്രവർത്തന റിപ്പോർട്ടുകൾക്കും പുറമെ മിഷനുകളുടെ പ്രവർത്തനങ്ങൾ ദീർഘ വീക്ഷണത്തോടും സുസ്ഥിര ഫലങ്ങൾ യാഥാർത്ഥ്യമാക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്യുന്നതിനും സുഗമമായ നിർവഹണപ്രക്രിയകൾ ചിട്ടപ്പെടുത്തുന്നതിനും ഉതകുന്ന നിരീക്ഷണ പിന്തുണാ പ്രവർത്തനങ്ങളാണ് നവകേരളം കർമ്മ പദ്ധതിയുടെ മോണിറ്ററിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആ മോണിറ്ററിംഗ് സംവിധാനത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
- വിവിധ മിഷനുകളിലൂടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും (RKI) ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ, ലക്ഷ്യങ്ങൾ, സമയക്രമം, ഉത്തരവാദിത്തം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് മിഷനുകളും വകുപ്പുകളും സ്വന്തമായി ഒരു സമഗ്ര നിരീക്ഷണ ചട്ടക്കൂട് തയ്യാറാക്കുക.
- ഇത്തരത്തിൽ മോണിറ്ററിംഗ് നടത്തുന്ന വിവരങ്ങൾ സമയബന്ധിതമായി മുഖ്യമന്ത്രിക്കും സംസ്ഥാനതല മിഷൻ കർമ്മസമിതികൾക്കും നവകേരളം കർമ്മപദ്ധതി സെല്ലിനും ലഭ്യമാക്കും.

- വിവിധ മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും (RKI) രൂപകൽപ്പനയും നടത്തിപ്പ് പ്രക്രിയകളും ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ നൽകുന്നവയാണോയെന്ന് അപഗ്രഥനം നടത്തുകയും അവ ഉറപ്പാക്കാൻ വേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.
- മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും (RKI) വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച ഗുണഫലങ്ങളും ലക്ഷ്യങ്ങളും സമയക്രമം അനുസരിച്ച് തന്നെ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുക.
- സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെ ജനപങ്കാളിത്തത്തോടെയുള്ള സാമൂഹിക നിരീക്ഷണം, വിവര ശേഖരണത്തിനായി ക്രൗഡ് സോഴ്സിംഗ് സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കുക.
- വിവിധ വികസന ആസ്തികളുടെ നിർവഹണത്തിലും തുടർ നടത്തിപ്പിലും ജി.ഐ.എസ്. അധിഷ്ഠിത സംവിധാനങ്ങൾ ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനം പ്രാവർത്തികമാക്കുക.
- മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും (RKI) പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതോടൊപ്പം ബഹുജനങ്ങൾക്ക് വിവര ലഭ്യത ഉറപ്പുവരുത്തുന്നതിന് വിവര ക്രോഡീകരണ-പ്രചാരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും (RKI) പ്രവർത്തനങ്ങളിൽ ഉരുത്തിരിഞ്ഞു വരുന്ന പ്രശ്നങ്ങളും പാഠങ്ങളും പരിഹാര മാർഗ്ഗങ്ങളും ബഹുജനപങ്കാളിത്തത്തോടെ ചർച്ച ചെയ്യുന്നതിനും ഉൾക്കൊള്ളുന്നതിനുമുള്ള അവസരം ഉണ്ടാക്കുക.
- പ്രാദേശികതലത്തിൽ പങ്കാളിത്ത നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- സമഗ്ര പരാതി പരിഹാര സംവിധാനം ആവിഷ്കരിക്കുക.

നവകേരളം കർമ്മപദ്ധതി സെൽ

മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും (RKI) ടാസ്ക്ഫോഴ്സുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള സംവിധാനമാണിത്. മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും (RKI) സ്വയം നീരീക്ഷണം ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനങ്ങൾക്ക് പിന്തുണ നൽകുക, മിഷനുകളുമായും കേരള പുനർ നിർമ്മാണ പദ്ധതിയുമായും (RKI) ഏകോപിച്ച് പ്രവർത്തിക്കുക, അവലോകനങ്ങളും പഠനങ്ങളും നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, മിഷനുകളിലൂടെയും കേരള പുനർ നിർമ്മാണ പദ്ധതിയിലൂടെയും (RKI) ആർജ്ജിക്കുന്ന ഗുണഫലങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ

തയ്യാറാക്കുക എന്നിവ ചെയ്യാൻ കഴിയും വിധത്തിൽ ഏകീകൃത സാങ്കേതിക സംവിധാനം സംസ്ഥാന ഐ.ടി. മിഷൻ, IIITMK എന്നിവയുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുകയും അതിന്റെ സഹായത്താൽ കുറ്റമറ്റ രീതിയിൽ ഭൗതികവും സാമ്പത്തികവും ഫലപ്രാപ്തിയധിഷ്ഠിതവുമായി മോണിറ്ററിംഗ് നടത്തുകയും ചെയ്യുക മുതലായവയാണ് സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ.

വിജ്ഞാന സഞ്ചയം (Repository of knowledge)

മിഷനുകളുടെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ മേഖലകളിലും വ്യാപിച്ചിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോൾ ലഭ്യമാകുന്ന പ്രായോഗിക അനുഭവങ്ങൾ കൃത്യമായി വിഷയാടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തി ശേഖരിച്ച് വെക്കുകയും കൈമാറുകയും ചെയ്യുന്ന വിജ്ഞാന സഞ്ചയം ഒരുക്കലും സെല്ലിന്റെ ചുമതലയാണ്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിമൂന്നാം പഞ്ചവത്സര പദ്ധതി – തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.474/2022/LSGD തീയതി,തിരുവനന്തപുരം, 26-02-2022

പരാമർശം:- 1. സ.ഉ. (കൈ) നം.4/2021/തസ്വഭവ; തീയതി 11.01.2021

2. സ.ഉ. (സാധാ) നം.6591/2021/ ധന; തീയതി 07.10.2021

3. സ.ഉ. (സാധാ) നം. 114/2022/തസ്വഭവ; തീയതി 15.01.2022

4. സ.ഉ(സാധാ)നം. 1276/2022/ധന; തീയതി 24.02.2022

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നിർവഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർത്ത് നടപ്പ് വാർഷിക പദ്ധതി നിർവഹണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. നിർവഹണ ഉദ്യോഗസ്ഥരുടെ അഭാവം കാരണം പദ്ധതി നിർവഹണം തടസ്സപ്പെടുന്നില്ലെന്ന് വകുപ്പ് മേധാവികളും ജില്ലാതല ഉദ്യോഗസ്ഥരും ഉറപ്പാക്കണം. ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാതല ഉദ്യോഗസ്ഥർ വരുത്തണം. ഇത് സംബന്ധിച്ച് ഉണ്ടാകുന്ന പരാതികൾ പരിശോധിച്ച് അപ്പപ്പോൾ പരിഹാരം കാണുന്നതിന് വേണ്ട നടപടികൾ ജില്ലാ ആസൂത്രണ സമിതി സ്വീകരിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നിർവഹണ ഘട്ടത്തിൽ ഉണ്ടാകുന്ന സംശയങ്ങൾ ദൂരികരിക്കുന്നതിനുമുള്ള നടപടികളും ജില്ലാ ആസൂത്രണ സമിതികൾ സ്വീകരിക്കണം.

4. നടപ്പ് വാർഷിക പദ്ധതിയിൽ പൊതുവെ മാറ്റങ്ങൾ അനുവദനീയമല്ല. എന്നിരുന്നാലും ആവശ്യമെങ്കിൽ ഒഴിവാക്കാനാകാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ചുവടെ പ്രതിപാദിക്കുന്ന ഭേദഗതികൾ വരുത്താവുന്നതാണ്.

1. വാതിൽപ്പടി സേവന പ്രോജക്ട് ആദ്യഘട്ടത്തിൽ നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

2. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് സംവിധാനം (സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക. (കെൽട്രോണിന് സർവ്വീസ് ചാർജ്, QR കോഡ് സൗകര്യം ലഭ്യമാക്കൽ, മൊബൈൽ ഫോൺ റീചാർജ് തുക, ലാപ് ടോപ് വാങ്ങൽ തുടങ്ങിയവ)
3. ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ശുചിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
4. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക, നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുക.
5. ലൈഫ് മിഷൻ പ്രോജക്ടിന് കൂടുതൽ തുക ആവശ്യമാണെങ്കിൽ വിഹിതം വർദ്ധിപ്പിക്കുക
6. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകൾ പരിഷ്കരിക്കുക.
7. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/ടി.എസ്.പി യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് ഏറ്റെടുക്കുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം)
8. ഏതെങ്കിലും കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പ്രോജക്ട് ഏറ്റെടുക്കുക.
9. ഐ.എൽ.ജി.എം.എസ് വിന്യസിക്കുന്നതിലേക്കായി ഹൈസ്പീഡ് സ്കാനർ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക.
10. 2021-22 ലെ നഗരസഞ്ചയ ഗ്രാന്റ് വകയിരുത്തി നിർവഹണം നടത്തുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.
11. കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുക.
12. വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടിന് വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ മറ്റേതെങ്കിലും കാരണത്താൽ പ്രൊജക്ട് നടപ്പാക്കാൻ പറ്റാതെ വരുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുക.
13. മതിയായ കാരണങ്ങളാൽ നിർവഹണം തുടങ്ങാൻ കഴിയാത്ത പ്രോജക്ടുകൾക്ക് പകരം പ്രോജക്ടുകൾ ഏറ്റെടുക്കുക (ഉദാ:- സ്ഥലം ലഭിക്കാതിരിക്കുക)
14. ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് പാലിക്കാതെയുമുള്ള പ്രോജക്ടുകൾക്ക് പകരം പ്രോജക്ടുകൾ ഏറ്റെടുക്കുക.
15. ടെണ്ടർ നടപടി പൂർത്തിയായതും നിർവഹണം പൂർത്തിയായതുമായ പ്രോജക്ടുകളിലെ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക - ഇതനുസരിച്ച് സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.
16. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഈ വർഷം തന്നെ 'നിലാവ്' പ്രോജക്ട് നടപ്പാക്കാൻ കഴിയുമെന്ന പ്രതീക്ഷയിൽ കിഫ്ബിക്ക് തിരിച്ചടവ് സംഖ്യ നൽകുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും നടപ്പ് വാർഷിക പദ്ധതിയിൽ പ്രോജക്ട്

ഉൾപ്പെടുത്തിയിട്ടുണ്ട്. നിലാവ് പ്രോജക്ട് നടപ്പാക്കിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കും, നിലാവ് പ്രോജക്ട് നടപ്പാക്കി വരികയാണെങ്കിലും ഈ വർഷം തുക തിരിച്ചടക്കേണ്ട ആവശ്യമില്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും, തിരിച്ചടവിനായി ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ട് ഉപേക്ഷിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

17. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2020-21 സാമ്പത്തിക വർഷം അനുവദിച്ചതിൽ നിന്ന് ആ വർഷം ചെലവഴിക്കാൻ കഴിയാതിരുന്ന തുക 2021-22 ൽ പരാമർശം 2 പ്രകാരം പുനരനുവദിച്ചിട്ടുണ്ട്. ഈ തുക പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

18. 2020-21 സാമ്പത്തിക വർഷം രണ്ടാം ഗഡു റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും ഇലക്ട്രോണിക്സ് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത തുക ഇപ്പോൾ പരാമർശം 4 പ്രകാരം തിരികെ അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിക്കുന്നതിനുള്ള പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.

19. ഏതെങ്കിലും പ്രോജക്ടുകളിൽ വിവരങ്ങൾ കൂടുതൽ ഉൾപ്പെടുത്തി നിർവ്വഹണയോഗ്യമാക്കേണ്ടതുണ്ടെങ്കിൽ അത്തരം പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

5. വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി പുതുതായി ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തുന്നതിനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും, ഖണ്ഡിക 4(12) മുതൽ 4(16) വരെ പ്രതിപാദിക്കുന്ന കാരണങ്ങളാൽ ലഭ്യമാകുന്ന വിഹിതം ഉപയോഗിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ പാടുള്ളൂ.

6. അനിവാര്യമായ ഭേദഗതികൾക്ക് മാത്രമേ അംഗീകാരം നൽകുന്നുള്ളൂവെന്ന് ജില്ലാ ആസൂത്രണസമിതികൾ ഉറപ്പാക്കണം.

7. സ്രോതസ്സിൽ കുറവ് ചെയ്ത (deduction at source) തുക വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും ചെലവ് രേഖപ്പെടുത്തുന്നതിനുമുള്ള ക്രമീകരണം (ജി.ഒ പ്രോജക്ട് ക്രമീകരണം) സുലേഖ/സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ സൗകര്യം ഉപയോഗിച്ച് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല. അത്തരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അതിനുള്ള പ്രോജക്ടുകൾ ഇപ്പോൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതുമാണ്. ലഭ്യമായ തുകയ്ക്കുള്ളിൽ (വാലിഡേഷനുള്ളിൽ) നിന്നും തുക കണ്ടെത്തി പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാലിഡേഷന് പുറത്ത് പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതാണ്. വിവിധ ആവശ്യങ്ങൾക്ക് കുറവ് ചെയ്തിട്ടുള്ള തുക പ്രത്യേക പ്രോജക്ടുകളായി ഉൾപ്പെടുത്തണം. ഇപ്രകാരം ഉൾപ്പെടുത്തുന്ന ഒരു പ്രോജക്ടിന്റെ വിഹിതം ഒന്നുകിൽ പൂർണ്ണമായി വാലിഡേഷനുള്ളിൽ കൊണ്ടുവരണം; അല്ലെങ്കിൽ വാലിഡേഷന് പുറത്ത് നിർത്തണം. ഭാഗികമായി വാലിഡേഷനുള്ളിൽ കൊണ്ടുവരാൻ കഴിയുന്നതല്ല. (ഉദാ: ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിന് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 5.00 ലക്ഷം രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ അത് ഒറ്റ പ്രോജക്ടായി ഒന്നുകിൽ വാലിഡേഷന് ഉള്ളിലോ അല്ലെങ്കിൽ

വാലിഡേഷന് പുറത്തോ ഉൾപ്പെടുത്തണം). സ്രോതസ്സിൽ കുറവ് ചെയ്ത ആവശ്യങ്ങൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ട് നേരത്തെ തന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതും പുതിയ പ്രോജക്ട് (ജി.ഒ. പ്രോജക്ട്) ഉൾപ്പെടുത്തി ചെലവ് തുക രേഖപ്പെടുത്തേണ്ടതുമാണ്.

8. പരിഷ്കരിച്ച വാർഷിക പദ്ധതി 2022 **മാർച്ച്** 10-നകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിന് ഈ സാമ്പത്തിക വർഷം ഇനി വളരെ കുറച്ച് സമയമേ ലഭിക്കുകയുള്ളൂ എന്നതിനാൽ ആദ്യമാദ്യം സമർപ്പിക്കുന്നവർക്ക് വേഗത്തിൽ നിർവഹണം ആരംഭിക്കുന്നതിലേക്ക് ജില്ലാ ആസൂത്രണ സമിതികൾ ഇടയ്ക്കിടെ യോഗം ചേർന്ന് അംഗീകാര നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
21. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/55/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-03-2022

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിഷയങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഡിഎ1/629/2018-തസ്വഭവ നമ്പർ സർക്കുലർ; തീയതി 31.08.2018
2. ഡിഎ1/287/2019-തസ്വഭവ നമ്പർ സർക്കുലർ; തീയതി 25.09.2019
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ന് നടന്ന യോഗത്തിന്റെ തീരുമാനം - 3.2, 3.3, 3.4

****

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിഷയങ്ങൾ നൽകുന്നതിന് ഐ.കെ.എം. പ്രത്യേക പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ജില്ലാ ആസൂത്രണസമിതി മുഖേന വിഷയങ്ങൾ നൽകുന്ന രീതിയിലാണ് ഇത് ക്രമപ്പെടുത്തി സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷമായി ഈ രീതിയാണ് തുടരുന്നത്. ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റായ ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന വിഷയങ്ങൾ നൽകുന്നതിനാൽ ജില്ലാതലത്തിൽ (ഡി.പി.സി, ജില്ലാതല അപ്പലേറ്റ് കമ്മിറ്റി, നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി തുടങ്ങിയവ) തീരുമാനമെടുക്കേണ്ട വിഷയങ്ങളിന്മേൽ അവിടെ തന്നെ തീരുമാനമെടുക്കാൻ കഴിയുന്നുണ്ട്. ഒപ്പം പരിശോധനാ റിപ്പോർട്ടുകൾ, ജില്ലാ ആസൂത്രണസമിതിയുടെ ശിപാർശകൾ എന്നിവയും ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അനുബന്ധമായി ചേർക്കാൻ കഴിയും. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന വിഷയങ്ങൾ കൃത്യമായി track ചെയ്യാനും സൗകര്യമുണ്ട്. ഐ.കെ.എം. ഏർപ്പെടുത്തിയ ഈ സൗകര്യം കാലതാമസം ഒഴിവാക്കാനും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം ചിട്ടപ്പെടുത്താനും സഹായകരമായി. ഐ.കെ.എം. പോർട്ടൽവഴി നൽകുന്ന ഈ രീതി കുറ്റമറ്റതാക്കി തുടരാൻ സൂചിത യോഗം തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ചുവടെയുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു-

- ജില്ലാ ആസൂത്രണ സമിതി പരിഹരിക്കേണ്ട വിഷയങ്ങൾ, ജില്ലാതല അപ്പലേറ്റ് കമ്മിറ്റി പരിഹരിക്കേണ്ട വിഷയങ്ങൾ, നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി പരിഗണിക്കേണ്ട വിഷയങ്ങൾ തുടങ്ങിയവ ജില്ലാതലത്തിൽ തന്നെ പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കണമെന്ന് ജില്ലാ പ്ലാനിംഗ് ഓഫിസർമാർക്ക് നിർദ്ദേശം നൽകുന്നു.

- കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകുന്ന വിഷയങ്ങളിൽ ആവശ്യമായ വിവരങ്ങൾ എല്ലാം തന്നെ ഉണ്ട് എന്ന് ഉറപ്പുവരുത്തി ജില്ലാ പ്ലാനിംഗ് ഓഫീസർമാരുടെ പരിശോധന കുറിപ്പ് കൃത്യമായി രേഖപ്പെടുത്തി വേണം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് നൽകേണ്ടത്.
- എന്നാൽ വകുപ്പുമേധാവികൾ അതതു വകുപ്പുകളുടെ വിഷയങ്ങൾ അജണ്ട കുറിപ്പു തയ്യാറാക്കാനായി എസ്.ആർ.ജിയിലേക്ക് നേരിട്ടു നൽകേണ്ടതാണ്.
- തദ്ദേശസ്വയം ഭരണ വകുപ്പിൽ പരിശോധന നടത്തി വരുന്ന ഫയലുകളും കോഓർഡിനേഷൻ കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- കോഓർഡിനേഷൻ കമ്മിറ്റിയുടെ അജണ്ട കുറിപ്പ് രണ്ടു ദിവസം മുൻപ് അംഗങ്ങൾക്ക് ലഭ്യമാക്കുന്ന ഇപ്പോഴത്തെ രീതി തുടരണം. അജണ്ട അന്തിമമാക്കുന്നതിന് 2 ദിവസം മുൻപെങ്കിലും വിഷയങ്ങൾ വിശദാംശം സഹിതം നൽകണം.
- ഓഡിറ്റ് കുറിപ്പിന്മേലുള്ള വിഷയത്തിന്മേൽ സാധൂകരണം, അംഗീകാരം എന്നിവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതല്ല. ഇങ്ങനെയുള്ള വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതില്ല. അവ ബന്ധപ്പെട്ട വകുപ്പുമേധാവികൾ പരിശോധിച്ച് ആവശ്യമായ തുടർ നടപടിക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.